# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 5, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1207/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജന് |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..90

**II. അടിയന്തരപ്രമേയം**

ട്രഷറി നിയന്ത്രണം

(അവതരണാനുമതി നിഷേധിച്ചു.) ..514

**III. ശ്രദ്ധ ക്ഷണിക്കൽ**

1. ഇക്കോ സെൻസിറ്റീവ് ഏരിയ

- ശ്രീ. സി. കെ. ശശീന്ദ്രൻ
- ശ്രീ. സണ്ണി ജോസഫ് ..527

2. ഡോക്ടർമാരുടെ ഒഴിവുകൾ

- ശ്രീമതി ഷാനിമോൾ ഉസ്മാൻ ..531

**IV. സബ്മിഷൻ**

1. കൃഷിനാശം

- പ്രതിപക്ഷനേതാവ്

( ശ്രീ. രമേശ് ചെന്നിത്തല) ..537

2. ശറഫുദ്ദീനും നവാസിനും നേരെയുണ്ടായ ആക്രമണം

- ശ്രീ. പി. കെ. അബ്ദു റബ്ബ് ..539

3. ഹാൻവീവിലെ സാമ്പത്തിക പ്രതിസന്ധി

- ശ്രീ. ജെയിംസ് മാത്യു ..540

4. ഫുട്ബോൾ താരത്തിന്റെ ഭാര്യയ്ക്ക് ജോലി

- ശ്രീ. ഷാഫി പറമ്പിൽ ..544

പേജ്

5. ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

- ശ്രീ. വി. കെ. സി. മമ്മത്കോയ ..547

6. ഡയാലിസിസ് യൂണിറ്റ്

- ശ്രീ. കെ. ഡി. പ്രസേനൻ ..549

7. മുത്തൂറ്റ് ഫിനാൻസിലെ സമരം

- ശ്രീ. എം. സ്വരാജ് ..552

8. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

- ശ്രീ. കെ. എം. ഷാജി ..556

9. ഇ.എസ്.ഐ. ആശുപത്രി

- ശ്രീ. കെ. വി. വിജയദാസ് ..558

10. അദ്ധ്യാപക നിയമനങ്ങളിലെ സംവരണം

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ..559

**V. മേശപ്പുറത്തുവച്ച കടലാസുകൾ** ..562

**VI. റിപ്പോർട്ട് സമർപ്പണം** ..593

**VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ..593

**അനുബന്ധം** ..690

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 5, ബുധൻ*

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2020 ഫെബ്രുവരി മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ *61

### മദ്യ ഉല്പാദക യൂണിറ്റുകൾക്ക് ലൈസൻസ്

1(*61) ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അനിൽ അക്കര:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിന് എക്സൈസ് വകുപ്പ് ആലോചിക്കുന്നുണ്ടോ;

(ബി) കശുമാങ്ങയിൽനിന്നും മദ്യമുണ്ടാക്കി വിപണനം ചെയ്യുന്ന പദ്ധതിക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ എക്സൈസ് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; അതിന്മേൽ എക്സൈസ് വകുപ്പിന്റെ തീരുമാനം വ്യക്തമാക്കാമോ;

(സി) ഇതിനായി നിലവിലുള്ള ഏതൊക്കെ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ ശിപാർശ പരിഗണിച്ച് പഴവർഗ്ഗങ്ങളിൽനിന്നും ധാന്യങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉല്പാദിപ്പിക്കുന്നതിന് 26-10-2019-ലെ സ.ഉ.(എം.എസ്.)നമ്പർ 58/2019/നി.വ. നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) കശുമാങ്ങയിൽനിന്നും മദ്യമുണ്ടാക്കി വിപണനം ചെയ്യുന്ന പദ്ധതിക്ക് പ്ലാന്റേഷൻ കോർപ്പറേഷൻ എക്സൈസ് വകുപ്പിൽ നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) ഇതിനായി അബ്കാരി ആക്ടിനുകീഴിൽ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഈ ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. രണ്ടാമത്തെ ചോദ്യത്തിന് മറുപടി പറഞ്ഞിരിക്കുന്നത്, നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നാണ്. സർക്കാരിന്റെ പോളിസിയുടെ ഭാഗമായിത്തന്നെ വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കാനുള്ള യൂണിറ്റുകൾ ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കാനുള്ള പദ്ധതിയുണ്ടോ? എന്റെ നിയോജകമണ്ഡലത്തിലടക്കം പലയിടത്തും ഇത്തരത്തിൽ വീര്യം കുറഞ്ഞ മദ്യം, spurious alcohol എന്നിവ വരുന്നതുകൊണ്ട് ധാരാളം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് ഇത്തരമൊരു തീരുമാനവുമായി സർക്കാർ ഈ സാമ്പത്തികവർഷം മുന്നോട്ടുപോകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, എല്ലാ വർഷവും മദ്യ വ്യവസായത്തിൽ സ്വീകരിക്കുന്ന നയങ്ങൾ പ്രഖ്യാപിക്കാറുണ്ട്. 2019-20 വർഷത്തേയ്ക്ക് നിലവിലുള്ള നയത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. വർഷങ്ങൾക്കുമുമ്പേ ഇവിടെ പ്രോസെസ്സ് ചെയ്തുവരുന്ന ഒരു നടപടിക്രമത്തിലാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് വശങ്ങളെല്ലാം പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ അതിന്റെ മറ്റ് നടപടികളിലേയ്ക്കൊന്നും ഗവൺമെന്റ് പോയിട്ടില്ല. അടുത്ത വർഷത്തേയ്ക്ക് എന്ത് നിലപാട് എന്നുള്ള നയം പ്രഖ്യാപിക്കാനിരിക്കുന്നതേയുള്ളൂ.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങ് അങ്ങയുടെ പാർട്ടിയുടെയും ഡി.വൈ.എഫ്.ഐ.-യുടെയും ലഹരിവിരുദ്ധ പ്രോഗ്രാമുകളിൽ ലഹരിക്കെതിരെ

സംസാരിക്കുന്ന ഒരാളാണ്. അതേസമയംതന്നെ ഗോവ മോഡലിൽ കേരളത്തിന്റെ തീരങ്ങളിൽ, കപ്പലുകളിൽ 'കാസിനോ' തുടങ്ങാനുള്ള പദ്ധതി സർക്കാരിന്റെ ഭാഗമായിട്ടുണ്ടെന്ന് പറഞ്ഞ് കേൾക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരു പ്ലാൻ ഈ വർഷമോ അടുത്ത വർഷമോ സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം പരിശോധിച്ചതിനുശേഷംമാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇപ്പോൾ തികച്ചും നിയമവിധേയമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായ സമീപനം ഇപ്പോൾ സ്വീകരിച്ചിട്ടില്ല.

ശ്രീ. അനിൽ അക്കര: സർ, എൽ.ഡി.എഫ്.-ന്റെ മദ്യനയത്തിൽ (ഖണ്ഡിക 552) പറയുന്നത് "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുന്നത്" എന്നാണ്. അത് കണ്ട് വോട്ട് ചെയ്ത ആളുകളാണ് കേരളത്തിലുള്ളത്. ഞങ്ങളുടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എൽ.ഡി.എഫ്.-ന്റ പ്രകടനപത്രികയ്ക്ക് വിധേയമായിട്ടായിരിക്കുമെന്നാണ് എപ്പോഴും സർക്കാർ പറയുന്നത്. അങ്ങനെയാണെങ്കിൽ, കേരളത്തിൽ മദ്യലഭ്യത കുറയ്ക്കാൻ ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ അനുഭവങ്ങളാണ് പരിശോധിക്കേണ്ടത്. മദ്യ മേഖലയിൽ യു.ഡി.എഫ്. ഗവൺമെന്റ് മദ്യ നിരോധനം ലക്ഷ്യമാക്കി പ്രഖ്യാപിച്ച് നടപടികൾ സ്വീകരിച്ചിരുന്നു. അത്തരം നടപടികളൊന്നും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിന് സഹായകരമായിട്ടില്ല. അതാണ് ഇതിന്റെ കണക്കുകൾ പരിശോധിച്ച സമയത്ത് കാണാൻ കഴിഞ്ഞത്. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് നിരോധനമല്ല, മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ഉപയോഗം കുറയ്ക്കുന്നതുമൂലം ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട കെ. എസ്. ശബരീനാഥൻ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നമുണ്ട്. മുമ്പൊരു കാലത്തുമില്ലാത്ത നിലയിൽ മദ്യത്തിനും ലഹരി പദാർത്ഥങ്ങൾക്കുമെതിരായി വലിയ തോതിലുള്ള ക്യാമ്പയിൻ നടന്നുവരികയാണ്. ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടുകൂടിയാണ് ക്യാമ്പയിൻ നടക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഈ ക്യാമ്പയിനിൽ സഹകരിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്നുണ്ട്. അത്

ശക്തിപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ലഭ്യത എന്നുപറയുന്നത് നിരോധനവുമായി ബന്ധപ്പെട്ടതാണ്; അത് നയമായി അംഗീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നയമല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് വ്യക്തമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് പുതിയതായി ബ്രൂവറിയും ഡിസ്റ്റിലറികളും ആരംഭിക്കുവാനുള്ള സർക്കാർ തീരുമാനം പ്രതിപക്ഷത്തിന്റെ ഇടപെടലിനെത്തുടർന്ന് പിൻവലിക്കുന്ന ഒരു സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് സംസ്ഥാനത്ത് പുതിയൊരു ബ്രൂവറിയും ഡിസ്റ്റിലറിയും ആവശ്യമുണ്ടോയെന്ന് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ട് സഭയിൽ വയ്ക്കുമോ? അതോടൊപ്പംതന്നെ ഈ റിപ്പോർട്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്ന രീതിയിലുള്ളതല്ലാത്തതുകൊണ്ടാണ് അത് പ്രസിദ്ധീകരിക്കാത്തതെന്ന് അറിയാൻ സാധിച്ചു. അതിൽ വാസ്തവമുണ്ടോ?

മി. സ്പീക്കർ: ചോദ്യവും ഉത്തരവുംകൂടി അങ്ങ് പറയല്ലേ; ചോദ്യം ചോദിക്കൂ.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത്, ഇത്തരം കാര്യങ്ങളിലൊന്നും ഗവണ്മെന്റിന് വല്ലാത്ത ധൃതിയൊന്നുമില്ല. ഇപ്പോൾ ബ്രൂവറി അനുവദിക്കുന്നതിനുവേണ്ടി എടുത്ത നിലപാടിൽ തെറ്റുണ്ടായിരുന്നില്ല. നിലവിലുള്ള ഉപയോഗം കണക്കാക്കുമ്പോൾ മദ്യവും ബിയറും വൈനുമെല്ലാം കേരളത്തിനാവശ്യമാണ്. അതെല്ലാം പുറത്തുനിന്ന് കൊണ്ടുവരികയാണ്. അത് കേരളത്തിൽ ഉല്പാദിപ്പിച്ചുകഴിഞ്ഞാൽ കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയുമെന്ന ഒറ്റ ഉദ്ദേശ്യം മാത്രമാണുണ്ടായിരുന്നത്. എന്നാൽ അതിനെത്തുടർന്ന് വലിയ ആക്ഷേപങ്ങളും പ്രശ്നങ്ങളും വന്നപ്പോൾ വിവാദത്തിന് അടിസ്ഥാനമാക്കേണ്ടതില്ല, തുടരേണ്ടതില്ല എന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഗവൺമെന്റിന് വേണ്ടാത്ത നിർബന്ധമൊന്നും ഈ കാര്യത്തിലില്ല. അത്തരമൊരു സാഹചര്യത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, അത് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവെന്നുള്ളത് ശരിയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനുമുന്നിൽ വരികയും ചെയ്തിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്തിട്ടില്ല. ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനമെടുത്തശേഷം മാത്രമേ എന്തെങ്കിലും നടപടികൾ വേണോ വേണ്ടയോ എന്നത് സംബന്ധിച്ച് തീരുമാനിക്കുകയുള്ളൂ.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം അനധികൃത മയക്കുമരുന്ന് വിൽപ്പനയുമായി ബന്ധപ്പെട്ട് 79,942 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് അങ്ങ് രേഖാമൂലം നൽകിയിരിക്കുന്ന മറുപടി. ഇപ്പോൾ ഓൺലൈനിൽക്കൂടിയും മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വില്പന നടക്കുകയാണ്. കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വില്പന വർദ്ധിക്കാനുള്ള പ്രധാന കാരണം മദ്യത്തിന്റെ ലഭ്യത ഇല്ലാതായി എന്നുള്ളതാണെന്നാണ് അങ്ങയുടെ ഭാഷ്യം. അങ്ങ് പല പത്രസമ്മേളനങ്ങളിലും ഇത്തരത്തിൽ പറയുന്നത് കേട്ടിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുവരുന്നു; പബ്ബുകളടക്കം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; ഡ്രൈ ഡേ ഉൾപ്പെടെ മാറ്റുന്നു. അങ്ങനെ മദ്യത്തിന്റെ ലഭ്യത കൂടുതലായി നിങ്ങൾ ഉറപ്പാക്കുകയാണ്. മദ്യത്തിന്റെ ലഭ്യത ഉറപ്പാക്കുമ്പോഴും മയക്കുമരുന്നിന്റെ വ്യാപനം കൂടുതൽ തകൃതിയായി നടക്കുന്നു. ഓൺലൈനിലൂടെ വരെ മയക്കുമരുന്നു വില്പന നടക്കുന്നു. നിങ്ങളുടെ മദ്യനയം പരിപൂർണ്ണമായും പരാജയമായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ലക്ഷ്യം വച്ചത്, മയക്കുമരുന്നിന്റെ വ്യാപനം കുറയ്ക്കാൻ മദ്യത്തിന്റെ ലഭ്യത കൂട്ടുക എന്നതാണ്. ഇക്കാര്യം അങ്ങും ശ്രീ. ഋഷിരാജ് സിംഗും പലവട്ടം പറഞ്ഞ് കേട്ടിട്ടുള്ളതാണ്. നിങ്ങളുടെ മദ്യനയം പരിപൂർണ്ണമായും പരാജയമാണെന്നും ഇതൊരു മദ്യ മാഫിയയ്ക്ക് വേണ്ടിയുള്ള മദ്യനയമാണെന്നതുമാണ് യാഥാർത്ഥ്യം. അങ്ങ് ഇത് അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ അംഗീകരിക്കുന്നില്ല. അതുമാത്രമല്ല, ഇത് ഒരു വ്യക്തിയുടെ മാത്രം പ്രശ്നമല്ല; സമൂഹത്തിന്റെയാകെ പ്രശ്നമാണ്. സമൂഹത്തിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനെ വിലയിരുത്താം. ആരെങ്കിലും ലഹരിയുടെ ഉപയോഗം കുറയ്ക്കുന്നുണ്ടോ; മദ്യം ഉപയോഗിക്കുന്നവർ അതിൽനിന്നും പിന്തിരിയുന്നുണ്ടോ എന്നീ കാര്യങ്ങൾ അനുഭവങ്ങളിലൂടെ പരിശോധിക്കാം. ശ്രീ. പി. സി. ജോർജ് ഇതുസംബന്ധിച്ച് സ്വകാര്യമായി എന്നോട് ഒരു കാര്യം പറഞ്ഞു; അത് ഞാൻ ഇവിടെ പറയുന്നില്ല. ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിരവധി അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഒരു ഉദാഹരണം ഞാൻ പറയാം: 2014-15-ൽ ബാർ ഹോട്ടലുകളെല്ലാം ഒഴിവാക്കി. അതിന്റെ ഉദ്ദേശ്യത്തെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല; ആ സന്ദർഭത്തിൽ 220.58 ലക്ഷം കെയ്സ് മദ്യം കേരളത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ബാറുകളൊക്കെ അനുവദിച്ചതിനുശേഷം 2018-19-ൽ 216.34 ലക്ഷം കെയ്സ് മദ്യമാണ് ബിവറേജസ് കോർപ്പറേഷനിലൂടെ കേരളത്തിൽ വിതരണം ചെയ്തത്. ബിവറേജസ് കോർപ്പറേഷനിലൂടെ നടന്ന വിതരണമായതുകൊണ്ട് കൃത്യമായ കണക്കുകൾ മനസ്സിലാക്കാൻ സാധിക്കും. ബാർ അനുവദിച്ച സാഹചര്യത്തിലും മദ്യത്തിന്റെ ഉപയോഗം കുറഞ്ഞിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. മദ്യം എല്ലാവരും ഉപേക്ഷിച്ചുവെന്ന തെറ്റായ നിഗമനത്തിലേയ്ക്കൊന്നും ഞാൻ

പോകുന്നില്ല. ഒരു ഭാഗത്ത് മദ്യത്തിന്റെ ഉപയോഗം കുറയുന്നുണ്ടാകും. മറുഭാഗത്ത് മറ്റ് രീതിയിൽ മദ്യം ഉപയോഗിക്കുന്നതിനുള്ള ശ്രമവും നടക്കും. അതെല്ലാം വളരെ സൂക്ഷ്മമായി പരിശോധിച്ച് മദ്യത്തെക്കാൾ അപകടകരമായ മയക്കമരുന്നിന്റെയും മറ്റ് ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം ജനങ്ങളുടെ സഹകരണത്തോടെ തടയുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. എക്സൈസ് വകുപ്പിനുമാത്രം കൈകാര്യം ചെയ്യാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് പോലീസിന്റെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ കർശനമായ പരിശോധന നടപ്പിലാക്കിക്കഴിഞ്ഞു. പണ്ട് ധാരാളം ആളുകൾ കുടിച്ചുവഴിയിൽ കിടക്കുമായിരുന്നു. ഇപ്പോൾ അതെല്ലാം കുറഞ്ഞു. തീരെ ഇല്ലെന്നല്ല, കുറഞ്ഞിട്ടുണ്ട്. അതിന് യോജിച്ച പ്രവർത്തനമാണുണ്ടാകേണ്ടത്. ലഹരി വർജ്ജനത്തിന് ഊന്നൽ നൽകിയിട്ടുള്ള നിലപാടാണ് ഗവൺമെന്റ് ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങയുടെ നിലപാടിനും സർക്കാരിന്റെ നടപടികൾക്കും ജനങ്ങളുടേതായ സമ്മതവും ആദരവും കൂടിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. വിനോദസഞ്ചാരത്തിനായി വരുന്ന ആളുകൾ താമസിക്കുന്ന ഹോട്ടലുകളിലും ടൂറിസ്റ്റ് ഹോമുകളിലും ലഹരി ഉപയോഗം തടയുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നിലപാട്/നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇത്തരം കാര്യങ്ങൾ പുതിയ നയത്തിന്റെ ഭാഗമായി ആലോചിക്കേണ്ടതാണ്. എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ പരിഗണിച്ച് ഒരു നിലപാട് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ വിശദാംശം ഗവൺമെന്റിന്റെ ചർച്ചയ്ക്ക് വിധേയമായിട്ടില്ല, വിധേയമാകാൻ പോകുന്നതേയുള്ളൂ.

ശ്രീ. എം. വിൻസെന്റ്: സർ, മദ്യവർജ്ജനമാണ് എൽ.ഡി.എഫ്.-ന്റെ നയം എന്നാണ് പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത്. മദ്യവർജ്ജനത്തിന്റെ ഭാഗമായി മദ്യശാലകളുടെ ദൂരപരിധി 200 മീറ്ററിൽ നിന്നും 50 മീറ്ററാക്കി ഇപ്പോൾ കുറച്ചിരിക്കുകയാണ്. വിദ്യാലയങ്ങളുടെ മതിൽക്കെട്ടിനുതന്നെ 50 മീറ്ററിൽ കൂടുതൽ നീളമുണ്ടാകും. സ്കൂളിനോടനുബന്ധിച്ച് മദ്യശാല തുടങ്ങാൻ യാതൊരു തടസ്സവുമില്ലാത്ത നിലയിലേയ്ക്കാണ് ഇത് മാറിയിരിക്കുന്നത്. ആരാധനാലയങ്ങളുടെയും മതിൽക്കെട്ടിന് 50 മീറ്ററിലധികം നീളമുണ്ടാകും. ദൂരപരിധി എടുത്തുകളഞ്ഞതിലൂടെ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപത്തുതന്നെ മദ്യശാലകൾ സ്ഥാപിക്കാൻ കഴിയുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. അതിനാൽ ദൂരപരിധി 200 മീറ്ററിൽനിന്ന് 50 മീറ്ററായി കുറച്ച നടപടി സർക്കാർ പുനഃപരിശോധിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കള്ളുഷാപ്പുകൾക്ക് നിലവിലുള്ള ദൂരപരിധി 400 മീറ്ററാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ദൂരപരിധി തന്നെയാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. നേരത്തെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കള്ള് ഷാപ്പുകളെല്ലാം തുടർന്നും പ്രവർത്തിക്കുന്നതിന് അനുവാദമുണ്ട്. പുതിയ ഷാപ്പുകൾ തുടങ്ങാൻ ഈ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിട്ടില്ല. 400 മീറ്റർ എന്ന ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടില്ല. ബിവറേജസ് ഔട്ട്ലെറ്റുകളുടെ ദൂരപരിധി 200 മീറ്ററാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതുതന്നെയായിരുന്നു. അതിൽ മാറ്റം വരുത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടു സ്റ്റാർ, ത്രീ സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 200 മീറ്ററായിരുന്നത് അതേ നിലയിൽ തന്നെ തുടരുകയാണ്. ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമാണ് 50 മീറ്റർ ദൂരപരിധി ബാധകം. മുൻകാലങ്ങളിൽ ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നത് ഒരുഘട്ടത്തിൽ മാറ്റം വരുത്തിയത് നിലവിൽ പുനഃസ്ഥാപിക്കുകയാണ് ചെയ്തത്. അത് വന്നതുകൊണ്ട് ഏതെങ്കിലും സ്കൂളുകൾക്കോ ആരാധനാലയങ്ങൾക്കോ എന്തെങ്കിലും തടസ്സമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നുള്ളതാണ് വസ്തുത. അക്കാര്യം വസ്തുനിഷ്ഠമായി പരിശോധിക്കാം.

ശ്രീ. വി. ജോയി: സർ, എക്സൈസ് വകുപ്പ് വിമുക്തി പദ്ധതി വളരെ ഭംഗിയായി നടപ്പിലാക്കുന്നുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായ ലഹരിവിരുദ്ധ കേരളവുമായി ബന്ധപ്പെട്ട ലഹരി വിരുദ്ധജ്വാല എന്ന പരിപാടിയിൽ പങ്കെടുക്കാൻ അവസരം കിട്ടിയ ആളാണ് ഞാൻ. വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ കൂടുതൽ കിടക്കകളും സൗകര്യങ്ങളും ആവശ്യമാണ്. അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ കൗൺസിലിംഗ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം ലഹരിക്കെതിരായ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഒരു ഡി-അഡിക്ഷൻ സെന്ററിൽ പത്ത് ബെഡ് വീതമാണ് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ലഹരിവിരുദ്ധ ക്യാമ്പയിനിന്റെയും മറ്റ് പ്രവർത്തനങ്ങളുടെയും ഭാഗമായി അത് ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ആശുപത്രിയിൽ 20 ബെഡ് എന്ന നിലയിലേയ്ക്ക് മാറ്റം വരുത്താനാണുദ്ദേശിക്കുന്നത്. മാത്രമല്ല, ആരോഗ്യ വകുപ്പും ഇതിനുവേണ്ടി നല്ല രീതിയിൽ സഹകരിക്കുകയാണ്. ആരോഗ്യ

വകുപ്പുമായി സഹകരിച്ച് എല്ലാ താലൂക്കുകളിലും ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കോഴിക്കോട് കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ 40 ഏക്കർ സ്ഥലം ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. അവിടെ പുനരധിവാസം ഉൾപ്പെടെയുള്ള വലിയൊരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ മൂന്ന് യുവ എഞ്ചിനീയർമാരെ എക്സൈസ് ഉദ്യോഗസ്ഥർ വ്യാജ കഞ്ചാവ് കേസ്സിൽ കുടുക്കിയ സംഭവം സമീപകാലത്തുണ്ടായ പേടിപ്പെടുത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളിലൊന്നായി ഒരു പ്രമുഖ പത്രം എടുത്തുകാണിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് അഡീഷണൽ കമ്മീഷണറാണ് എഞ്ചിനീയർമാരെ വ്യാജ കഞ്ചാവ് കേസ്സിൽ കുടുക്കിയ സംഭവം കണ്ടെത്തിയത്. സമീപകാലം വരെ അവിദഗ്ദ്ധ കരാർ ജീവനക്കാരാണ് വിമാനത്തിൽ ഇന്ധനം നിറയ്ക്കുന്ന ജോലി നിർവ്വഹിച്ചിരുന്നത്. എയർപോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം സുരക്ഷയുൾപ്പെടെ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് എഞ്ചിനീയർമാരെ നിയമിച്ചത്. ഇതിനെ ചില തൊഴിലാളി യൂണിയൻ നേതാക്കൾ എതിർത്തിരുന്നു. അതിന്റെ അനന്തരഫലമായാണ് വ്യാജ കഞ്ചാവ് കേസ് വന്നത്. അതുമായി ബന്ധപ്പെട്ട അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നെടുമ്പാശ്ശേരി എയർപോർട്ടിൽ വിമാനത്തിൽ ഇന്ധനം നിറയ്ക്കുന്ന ജോലി നിർവ്വഹിച്ചിരുന്ന മൂന്ന് എഞ്ചിനീയർമാരുടെ പേരിൽ കഞ്ചാവ് കൈവശം വച്ച കേസും ആ കേസ് കെട്ടിച്ചമച്ചതാണെന്നുള്ള പരാതിയും വന്നിട്ടുണ്ട്. ഈ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുകയും ഗൗരവമായ അന്വേഷണം നടത്തുന്നതിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഫലപ്രദമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഒരു നിരപരാധിയുടെ പേരിലും കേസ്സെടുത്ത് ഏതെങ്കിലും തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുകയില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. വളരെ ഗൗരവത്തോടെയാണ് ഈ പരാതി പരിശോധിക്കുന്നത്. നിയമപരമായി ശരിയായ നിലപാട് സ്വീകരിക്കുക എന്നുള്ളതല്ലാതെ മറ്റാരുടെയെങ്കിലും താല്പര്യത്തിന്റെ പേരിൽ ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നതല്ല.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, സ്കൂളുകളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ലഹരി വസ്തു വിൽപ്പനക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ തന്നെയാണ്. എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ എക്സൈസ് വകുപ്പിലെ സി.ഐ.-യെ കണ്ട് വിവരങ്ങൾ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നടത്തിയ പരിശോധനയിൽ ആ കുട്ടികളെ തിരിച്ചറിഞ്ഞുവെങ്കിലും ആ വിവരം അദ്ധ്യാപകരോട് പറഞ്ഞപ്പോൾ അവർ വേണ്ട രീതിയിൽ സഹകരിച്ചില്ല. അതിന് കാരണം ചോദിച്ചപ്പോൾ, ഈ കുട്ടികളെക്കൊണ്ട് ലഹരി വസ്തുക്കൾ വിൽപ്പന നടത്തിക്കുന്നത് വലിയൊരു മാഫിയ സംഘമാണെന്നും ഇതിൽ അദ്ധ്യാപകർ ഇടപെട്ടാൽ ആ സംഘം കുട്ടികളെക്കൊണ്ടുതന്നെ അവരെ പോക്സോ കേസ്സിൽ കുടുക്കുകയാണെന്നും അങ്ങനെ ചില അദ്ധ്യാപകർ പോക്സോ കേസ്സിൽപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ട് അദ്ധ്യാപകരാരും ഇതിന് മുതിരുന്നില്ലെന്നും അവർ പറഞ്ഞു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നിലപാട് സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ പറഞ്ഞ പ്രത്യേക പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് പരാതിയായി ഉന്നയിച്ചുകഴിഞ്ഞാൽ അതിനാവശ്യമായ പരിശോധനകൾ നടത്തും. അതു മാത്രമല്ല, വിദ്യാഭ്യാസ വകുപ്പ് ലഹരിക്കെതിരായ ക്യാമ്പയിനിൽ വളരെ ശക്തമായി ഇടപെട്ടുവരികയാണ്. പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് സ്കൂളുകളിലും കോളേജുകളിലും ഇത്തരമൊരു അപകടം ഉണ്ടാകാതിരിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നുണ്ട്. ഏതെങ്കിലുമൊരു കുട്ടി ലഹരി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആ കുട്ടിയെ ശിക്ഷിക്കുകയല്ല, പകരം കറക്ട് ചെയ്ത് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കേണ്ടതെന്നാണ് എക്സൈസ് വകുപ്പ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടുകൂടി അത്തരമൊരു സമീപനം സ്വീകരിക്കണം. അപ്രകാരമുള്ള നിർദ്ദേശമാണ് വകുപ്പിന് പൊതുവെ കൊടുത്തിട്ടുള്ളത്. ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ഇത്തരത്തിലുള്ള അനധികൃത ലഹരി വിൽപ്പനയുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും സ്ഥാപനത്തിൽനിന്നും അങ്ങനെ ലഹരി പദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും കൂടി സഹായത്തോടുകൂടി, അവർക്കാണ് സ്റ്റോപ്പ് ചെയ്യുന്നതിനുള്ള അധികാരം; അത്തരം സ്ഥാപനങ്ങൾ ഒരിക്കലും പ്രവർത്തിക്കാത്ത നിലയിൽ സ്റ്റോപ്പ് ചെയ്യണമെന്നുള്ള നിർദ്ദേശവും ഡിപ്പാർട്ടുമെന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, മദ്യ വിപണനംമൂലം ഗവൺമെന്റിന് സാമ്പത്തിക നേട്ടമുണ്ടാകുകയാണെങ്കിലും ശരിക്കും പറഞ്ഞാൽ അത് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ കൃത്യമായി പഠിക്കുന്നതിനോ അവലോകനം ചെയ്യുന്നതിനോ സാധിച്ചിട്ടില്ല. എന്റെ ചോദ്യം, വിമുക്തിയുൾപ്പെടെയുള്ള ഒരുപാട് പദ്ധതികൾ, സംസ്ഥാനത്ത് മദ്യ ഉപയോഗത്തിന്റെ ബുദ്ധിമുട്ടുകൾ ആളുകളെ മനസ്സിലാക്കാൻ വേണ്ടി നടപ്പാക്കുന്നുണ്ട്. പക്ഷെ എക്സൈസ് ഡിപ്പാർട്ടുമെന്റ്, പോലീസ്, എസ്.പി.സി., യൂത്ത് കമ്മീഷൻ തുടങ്ങിയ വിവിധ ഏജൻസികളും സംവിധാനങ്ങളും പല തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ അതെല്ലാം വഴിപാടുപോലെ അവസാനിക്കുകയാണ് ചെയ്യുന്നത്. അതിനപ്പുറത്തേയ്ക്ക് ഇതിനെയെല്ലാംകൂടി ഒരു പൊതു പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് കൃത്യമായി ഒരു മൊഡ്യൂൾ തയ്യാറാക്കി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്കരണ പരിപാടിക്ക് ഗവൺമെന്റ് നേതൃത്വം നൽകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലഹരിവർജ്ജനത്തെ മുൻനിർത്തി ഒരു പദ്ധതി മാത്രമേ ഗവൺമെന്റിന്റെ മുന്നിലുള്ളൂ. അത് ലഹരി വർജ്ജന മിഷന്റെ കീഴിലുള്ള വിമുക്തിയാണ്. മറ്റാരെങ്കിലും ലഹരിക്കെതിരായി പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അതൊന്നും തെറ്റല്ല. ലഹരിക്കെതിരായി ഏത് സംഘടനകൾ ബോധവൽക്കരണ പരിപാടികൾ നടത്തിയാലും അതെല്ലാം സ്വാഗതാർഹമാണ്. പക്ഷെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ലഹരി വർജ്ജന മിഷൻ 'വിമുക്തി'യാണ്. എല്ലാ വകുപ്പുകളെയും സഹകരിപ്പിച്ചുകൊണ്ടാണ് 'വിമുക്തി' നടപ്പാക്കുന്നത്. അതിൽ ഒരു പുനർചിന്തനം ആവശ്യമില്ല. എല്ലാ ലഹരി വർജ്ജന പ്രവർത്തനങ്ങളെയും ഗവൺമെന്റ് സ്വാഗതം ചെയ്യും.

### ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

2(*62) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പ്രതിലോമനയങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിച്ചിട്ടുള്ളത് തൊഴിലാളികളെയാണ് എന്നതിനാൽ അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പിനുകീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനുമായി സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കാനും അംശദായം പുതുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയാക്കിയ ആനുകൂല്യങ്ങൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് പൂർണ്ണമായും നൽകിക്കഴിഞ്ഞുവോ; ബോർഡിനെ ശക്തിപ്പെടുത്താൻ ഈ സർക്കാർ കൈക്കൊണ്ട നടപടി വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):സർ,

(എ) തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ ക്ഷേമനിധി ബോർഡുകൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. അത് വിശദമായ പട്ടികയായതിനാൽ ഞാൻ വായിക്കുന്നില്ല. അത് മേശപ്പുറത്തുവയ്ക്കുന്നു*.

(ബി) ഉണ്ട്. സമാന സ്വഭാവമുള്ള ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മുൻ സാർക്കാരിന്റെ കാലത്തെ കുടിശ്ശിക തീർക്കുന്നതിനായി 2017-2018 സാമ്പത്തികവർഷത്തിൽ ആദ്യ ഗഡുവായി 30 കോടി രൂപയും 2018-2019 സാമ്പത്തികവർഷത്തിൽ രണ്ടാം ഗഡുവായി 100 കോടി രൂപയും ബോർഡിന് അനുവദിച്ചിട്ടുണ്ട്. ആദ്യ ഗഡുവായ 30 കോടി രൂപ ഉപയോഗിച്ച് 2011 മാർച്ചുവരെ കുടിശ്ശികയായിരുന്ന 31578 അപേക്ഷകളിൽ അതിവർഷാനുകൂല്യം വിതരണം ചെയ്തിരുന്നു. രണ്ടാം ഗഡുവായി അനുവദിച്ച 100 കോടി രൂപയുടെ വിതരണം ബോർഡ് മുഖേന നടന്നുവരികയാണ്. തൊഴിലാളികളിൽനിന്നുള്ള അംശദായം 5 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിക്കുകയും ഭൂവുടമാ വിഹിതം 20 ആർ-നു മുകളിലും 40 ആർ-നു ഇടയ്ക്കുള്ള ഓരോ ആർ-നും 50 പൈസ നിരക്കിലും 40 ആർ-നു മുകളിൽ ഓരോ ആർ-നും 1 രൂപ നിരക്കിലും ആക്കുകയും തൊഴിലാളി അടയ്ക്കുന്ന വിഹിതത്തിന്റെ 25% മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയും (പ്രതിശീർഷ പരമാവധി 5 രൂപ വരെ പരിമിതപ്പെടുത്തി) ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുവാനും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* അനുബന്ധമായി ചേർക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഇന്ത്യയിലെ തൊഴിലാളികൾക്ക് ഇതുവരെ ലഭിച്ചുവന്ന സംരക്ഷണവും ആനുകൂല്യങ്ങളും അവകാശങ്ങളും നഷ്ടപ്പെടുത്തുന്ന വിധത്തിൽ രാജ്യത്തെ തൊഴിൽ നിയമങ്ങൾ മാറ്റാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ തൊഴിലാളികളുടെ അവകാശങ്ങളിലും ജീവിതസുരക്ഷയിലും വലിയ പ്രത്യാഘാതങ്ങളാണുണ്ടാക്കുന്നത്. ഇതിനെതിരെ ദേശീയതലത്തിൽതന്നെ ഉജ്ജ്വലമായ പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും പ്രതികരണങ്ങളുമെല്ലാം വളർന്നുകഴിഞ്ഞിരിക്കുന്നു. ഇതിനെ പ്രതിരോധിക്കാൻ നമുക്ക് എത്രമാത്രം കഴിയും; സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളിലൂടെ അടിയന്തരമായി സ്വീകരിച്ച പ്രധാന നടപടികൾ വിശദീകരിക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അതുസംബന്ധിച്ച് വളരെ വിശദമായി ഉത്തരത്തിൽ വ്യക്തമാക്കിയതാണ്. എല്ലാ ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ലേബർ കോഡുകൾ പ്രാവർത്തികമാകുമ്പോൾ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തെ അത് ബാധിക്കാനിടയുണ്ട്. അത്തരത്തിൽ ബാധിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ കരുതലും ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കി അയച്ചുതന്നിട്ടുള്ള റൂൾസിൽ കേരളത്തിന്റെ താൽപ്പര്യംകൂടി പരിരക്ഷിക്കുന്ന തിനാവശ്യമായ മാറ്റങ്ങൾ വരുത്തി പ്രൊപ്പോസൽ കൊടുക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്ക് അനുകൂലമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഓരോ ക്ഷേമനിധി ബോർഡിലും ഗവൺമെന്റ് ഇപ്പോൾ പുതുതായി തീരുമാനിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം പട്ടിക രൂപത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. അത് ഈ ചോദ്യത്തിന്റെ ഉത്തരത്തോടൊപ്പം ചേർത്തിട്ടുണ്ട്. അത് പരിശോധിച്ചാൽ വിശദാംശങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. എം. രാജഗോപാലൻ: സർ, ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ അസംഘടിത തൊഴിലാളികളുൾപ്പെടെയുള്ളവരെ സാമൂഹ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ചികിത്സാ സഹായങ്ങൾ ഉൾപ്പെടെയുള്ള സാമൂഹ്യ സേവനങ്ങൾ ലഭ്യമാക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അസംഘടിത തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ ആ ബോർഡ് കേരളത്തിൽ ഫലപ്രദമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. അതിൽനിന്നുള്ള

വരുമാനംകൂടി പരിഗണിച്ചുകൊണ്ട് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ചികിത്സാ സഹായമുൾപ്പെടെയുള്ള കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ കഴിയും. അതിനുള്ള ശ്രമത്തിലാണ് ബോർഡ് ഏർപ്പെട്ടിട്ടുള്ളത്. ഗവൺമെന്റ് അതിൽ പ്രത്യേക താൽപ്പര്യമെടുത്തിട്ടുണ്ട്. ഏതെങ്കിലും ഒരു ക്ഷേമനിധിയുടെ രക്ഷാകവചമില്ലാത്ത ഒരു വിഭാഗവും കേരളത്തിലില്ലെന്നതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. ഒരു ക്ഷേമനിധി ബോർഡിലും അംഗത്വമെടുക്കാൻ കഴിയാതിരുന്ന തൊഴിലാളികൾക്കെല്ലാം ഈ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതിനുള്ള അവസരമുണ്ട്. തൊഴിലിൽ ഏർപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും സുരക്ഷിതത്വം നൽകുന്ന ക്ഷേമപദ്ധതിയാണ് ഇന്ന് കേരളത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, നമ്മുടെ നാട്ടിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾ ഈ ക്ഷേമനിധി ബോർഡുകളുടെ പരിധിയിൽ വരുന്നില്ലെന്നുള്ളതാണ് സത്യം. അവർക്കുവേണ്ടി പുതിയൊരു ബോർഡ് രൂപീകരിച്ചില്ലെങ്കിൽത്തന്നെയും നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ ചുമതലയ്ക്കുള്ളിൽ അവരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അതോടൊപ്പം ഈ ക്ഷേമനിധി ബോർഡുകളുടെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് ക്രമാതീതമായി വർദ്ധിക്കുന്നതായി പരാതിയുണ്ട്, അതിനെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന തൊഴിലാളികൾ യഥാർത്ഥത്തിൽ തൊഴിൽ വകുപ്പിന്റെ ഭാഗമായല്ല വരുന്നത്. തദ്ദേശസ്വയംഭരണം, ധനകാര്യം തുടങ്ങിയ വകുപ്പുകളാണ് പ്രസ്തുത തൊഴിലാളികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. കേരളത്തിന്റെ സാമൂഹിക ഘടനയിൽ നിരവധി വിഭാഗങ്ങളുണ്ട്. അങ്ങനെ നിരവധി വിഭാഗങ്ങളിൽപ്പെടുന്നവരാണ് ഈ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ എല്ലാവശവും പരിശോധിച്ച്, ഇവരുടെ സംരക്ഷണ നടപടി എങ്ങനെ രൂപപ്പെടുത്തണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം: ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതുമാത്രമല്ല, തൊഴിലാളികൾക്ക് കൂടുതൽ സഹായകരമായ നിലപാടുകൾ ഉണ്ടാകുകയും ചെയ്യണം. തൊഴിൽ വകുപ്പിന്റെ കീഴിൽ ഇപ്പോൾ കേരളത്തിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. ആ 16 ക്ഷേമനിധി ബോർഡുകൾ 11 ബോർഡുകളാക്കി ചുരുക്കുന്നതിനുവേണ്ടിയുള്ള ധാരണ കേരളത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച ചെയ്തുണ്ടാക്കിയ ധാരണയാണ്. അത് പ്രാവർത്തികമാക്കുന്നതിന് ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള നടപടിക്രമങ്ങൾ തുടരുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, കഴിഞ്ഞ ഗവൺമെന്റ് വരുത്തിയ കുടിശ്ശിക ഏറ്റെടുക്കേണ്ട ബാധ്യതകൂടി ഈ ഗവൺമെന്റിന് വന്നുചേർന്നുവെന്നുള്ളത് ശരിയാണ്. എന്നാൽ നമ്മുടെ പരമ്പരാഗത തൊഴിൽ മേഖല ഗുരുതരമായ പ്രതിസന്ധികൾ നേരിടുകയാണ്. അതിനെ പുനരുജ്ജീവിപ്പിക്കാൻ ഈ ഗവൺമന്റ് ഒട്ടേറെ സഹായങ്ങളും പദ്ധതികളും ആവിഷ്കരിച്ചത് ശ്ലാഘനീയമാണ്. ഈറ്റ, തയ്യൽ മേഖലകളിലെ തൊഴിലാളികൾക്ക് നൽകേണ്ട പ്രസവാനുകൂല്യങ്ങളുൾപ്പെടെയുള്ള കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനും ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈറ്റ വിഭാഗം തൊഴിലാളികളുടെ ക്ഷേമനിധി നല്ലനിലയിൽ പ്രവർത്തിച്ചുവരികയാണ്. തൊഴിലാളികൾക്ക് പരമാവധി സൗകര്യങ്ങൾ കൊടുക്കുന്നുണ്ട്; ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. തയ്യൽ തൊഴിലാളികളുടെ പെൻഷൻ പൂർണ്ണമായും ഗവൺമെന്റാണ് കൊടുക്കുന്നത്. തയ്യൽ തൊഴിലാളികളുടെ പ്രസവ ധനസഹായത്തിൽ ഈ പറഞ്ഞ പ്രശ്നം ശരിയാണ്. 15,000 രൂപയാണ് അവർക്ക് പ്രസവസഹായമായി കൊടുക്കേണ്ടത്. 2,000 രൂപ ബോർഡ് വിഹിതവും 13,000 രൂപ ഗവൺമെന്റുമാണ് കൊടുക്കേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷ കാലയളവിൽ പ്രസവകാലാനുകൂല്യ ഇനത്തിൽ അനുവദിച്ചത് 95,68,000 രൂപയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന്, ഈ മൂന്നര വർഷക്കലയളവിനിടയിൽ 3,26,43,000 രൂപ അവർക്ക് നൽകിയിട്ടുണ്ട്. പക്ഷെ ഇതുകൊണ്ടുമാത്രം അവരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുന്നതല്ല. കുടിശ്ശിക കൊടുക്കുന്നതിനുവേണ്ടിയുള്ള ധനസമാഹരണം ഉണ്ടാകേണ്ടതുണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ കാര്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് നിലവിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സമയക്രമം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രി 12 മണിക്ക് ശേഷവും ചില കേന്ദ്രങ്ങളിൽ ഷോപ്പുകളൊക്കെ പ്രവർത്തിക്കാം എന്നത് സംബന്ധിച്ച് പുതിയൊരു ആശയം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇത് തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; രാത്രി പന്ത്രണ്ട് മണിക്കുശേഷവും വ്യാപാരസ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെല്ലാം ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റ് നിയമത്തിൽ ഒരു ഭേദഗതികൊണ്ടുവന്ന് തീരുമാനിച്ചിരിക്കുന്നത് ആഴ്ചയിൽ ഒരു ദിവസം അവധി എന്നുള്ളതാണ്. ഉടമകൾക്ക് സമ്മതമാണെങ്കിൽ ആഴ്ചയിൽ ഏഴ് ദിവസവും കടകൾ പ്രവർത്തിക്കാം. എന്നാൽ തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം ലീവ് കൊടുക്കണമെന്ന നിയമഭേദഗതി നമ്മൾ കൊണ്ടുവന്നിട്ടുണ്ട്. ഷോപ്പുകൾ രാത്രി 12 മണിവരെ പ്രവർത്തിപ്പിക്കുക എന്നുള്ളത് ഇപ്പോൾ സർക്കാരിന്റെ ആലോചനയിൽ വന്ന വിഷയമല്ല. ഏതെങ്കിലും പ്രശ്നങ്ങൾ അങ്ങനെയുണ്ടെങ്കിൽ അത് പരിശോധിക്കാൻ തയ്യാറാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബിൽഡിംഗ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് സെസ്സുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. ഇപ്പോൾ ഒരു ശതമാനമാണ് സെസ്സ് ചുമത്തുന്നത്. 1995 നവംബർ 3-നുമുമ്പ് പ്രവൃത്തി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഇത് ബാധകമല്ല. പക്ഷേ, അതിനുശേഷം നിർമ്മിച്ച കെട്ടിടങ്ങളിൽ 10 ലക്ഷം രൂപ വരെ നിർമ്മാണച്ചെലവുള്ള വീടുകൾ ഒഴിവാക്കിയിട്ടുണ്ട്. 10 ലക്ഷം രൂപ കഴിഞ്ഞാൽ മുഴുവൻ തുകയ്ക്കും സെസ്സ് നൽകണമെന്നതാണ് ഇപ്പോഴത്തെ നിബന്ധന. അതായത്, 10 ലക്ഷം കഴിഞ്ഞ് 11 ലക്ഷം രൂപയാണ് നിർമ്മാണച്ചെലവെങ്കിൽ ഒരു ലക്ഷം രൂപയ്ക്ക് സെസ്സ് കൊടുത്താൽ പോരാ, 11 ലക്ഷത്തിനും സെസ്സ് നൽകണം. ഇത് ഒഴിവാക്കാനാകില്ലേ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിശോധിക്കാൻ തയ്യാറാണ്. സെസ്സ് നിർണ്ണയവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ, സെസ്സ് കളക്ഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രായോഗിക പ്രശ്നങ്ങളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും സർക്കാർ അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ക്ഷേമനിധികളിൽ പ്രവാസി ക്ഷേമനിധി അംശദായവും സർക്കാർ വിഹിതവും മാത്രമുള്ളവയുണ്ട്. അത്തരം ക്ഷേമനിധികളുടെ വരുമാന വർദ്ധനവിനുള്ള ഒരു പദ്ധതി സർക്കാർ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രവാസി ക്ഷേമനിധിയെ സംബന്ധിച്ച് കേന്ദ്ര സഹായം വേണമെന്നുള്ള ആവശ്യം സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. പക്ഷേ, അക്കാര്യത്തിൽ ഫലപ്രദമായ മറുപടി

കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ആ ക്ഷേമനിധി ഫലപ്രദമാക്കുന്നതിന് പ്രവാസി ലോട്ടറി പോലെയുള്ള സംവിധാനങ്ങൾ ആലോചിക്കാൻ സർക്കാർ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, പ്രവാസി ക്ഷേമനിധി ഇപ്പോൾ തൊഴിൽ വകുപ്പിന്റെ കീഴിലല്ല. ധനകാര്യവകുപ്പുമായി ബന്ധപ്പെട്ടാണ് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരം കാണുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്തെ അക്ഷയ സംരംഭകർ വലിയ സേവനമാണ് സമൂഹത്തിന് ചെയ്യുന്നത്. പക്ഷെ അവരുടെ വേതനവും അതിൽനിന്നുള്ള വരുമാനവുമൊക്കെ വളരെ കുറവാണ്. അക്ഷയ സംരംഭകർക്കായി ഇതുവരെ ഒരു ക്ഷേമനിധിയും ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് ആയിരക്കണക്കിന് ജീവനക്കാർ അക്ഷയയുമായി ബന്ധപ്പെട്ട് ജീവിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അക്ഷയ സംരംഭകർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറച്ചുകൊണ്ടുവരാനാണ് എല്ലാതലങ്ങളിൽ നിന്നും ആവശ്യപ്പെടുന്നത്. ഇതിന്റെ ഭരണച്ചെലവ് കൂടുതലാണ്. അത് തൊഴിലാളികളുടെ ആനുകൂല്യങ്ങളെയും ഇതിന്റെ നടത്തിപ്പിനെയുമെല്ലാം കാര്യമായി ബാധിക്കുന്നതാണ്. നിലവിലുള്ള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗമായി അക്ഷയ വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിന് ഒരു തടസ്സവുമില്ല. അവർ പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗമാകാൻ തയ്യാറാണെങ്കിൽ അവരെ അംഗങ്ങളായി ചേർക്കാനും അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗമായുള്ള ആനുകൂല്യങ്ങളെല്ലാം അവർക്ക് ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, കേരളത്തിലെ വളരെ പഴക്കംചെന്ന വ്യവസായമാണ് കള്ളുചെത്ത് വ്യവസായം. കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ഇപ്പോൾ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കള്ളിന്റെ ഉല്പാദനത്തിലും തൊഴിലാളികളുടെ എണ്ണത്തിലും വലിയ കുറവ് വന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിനാവശ്യമായ കള്ളിന്റെ മഹാ ഭൂരിപക്ഷവും സപ്ലൈ ചെയ്യുന്നത് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽനിന്നാണ്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഒരു ഷോപ്പ് ലേലം ചെയ്യണമെങ്കിൽ മിനിമം 5 തൊഴിലാളികൾ വേണം. നിലവിലുള്ള

ചെത്തുതൊഴിലാളികളുടെ മക്കൾ ആരുംതന്നെ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നില്ല; സ്വാഭാവികമായും ഷോപ്പ് ലേലം ചെയ്യുണമെങ്കിൽ ലൈസൻസികളില്ലാത്ത തൊഴിലാളികളുടെ പേര് കൊടുക്കുകയാണ്. ടാക്സ് അടയ്ക്കുന്നതോടുകൂടി കോൺട്രാക്ടറുടെ ബാധ്യത കഴിയുകയാണ്; യഥാർത്ഥത്തിൽ തൊഴിലാളികളില്ല. അതുകൊണ്ടുതന്നെ ഇല്ലാത്ത തൊഴിലാളികളുടെ പേരിൽ ഇവരാരുംതന്നെ ക്ഷേമനിധി അടയ്ക്കില്ല. ഇത് വ്യവസായത്തെയും ക്ഷേമനിധിയെയും ഗുരുതരമായി ബാധിക്കുന്നുണ്ട്. ഇതെങ്ങനെ കൈകാര്യം ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഒറ്റ വാചകത്തിൽ മറുപടി പറയുകയാണ്. കള്ളുചെത്ത് വ്യവസായം പൂർണ്ണമായും നിയമവിധേയമാക്കാനാണ് ശ്രമിക്കുന്നത്. അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകേണ്ടതാണ്. അപ്രകാരം നിയമവിധേയമല്ലാത്ത എന്തെങ്കിലും പ്രവണത ആ മേഖലയിലുണ്ടെങ്കിൽ സർക്കാർ ഇടപെട്ട് അതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതി ഒരു പരിശോധന നടത്തി. പ്രസ്തുത പരിശോധനയിൽ ഭൂരിപക്ഷം ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം കാര്യക്ഷമമായിട്ടല്ല നടക്കുന്നതെന്ന് ബോധ്യമായി. ഇത് ക്രമീകരിക്കാനും അതിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മതയോടെ വിലയിരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ? കേരളത്തിൽ തയ്യൽ മേഖലയിൽ ഇതര സംസ്ഥാന തൊഴിലാളികളാണ് ഇപ്പോൾ കൂടുതലായുള്ളത്. ഇത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ എങ്ങനെയാണ് ബാധിക്കുന്നത് എന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അക്കാര്യം വ്യക്തമാക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേരളത്തിൽ ഇപ്പോൾ ക്ഷേമനിധി ബോർഡുകൾ പൊതുവെ മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാർ ഓരോ ബോർഡിന്റെയും പ്രവർത്തനം ഓരോ സന്ദർഭത്തിലും റിവ്യൂ ചെയ്യുന്നുണ്ട്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം ഞാൻ ഗൗരവത്തിലാണെടുക്കുന്നത്. ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നുള്ള പരാതിയുണ്ടെങ്കിൽ തീർച്ചയായും ആ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

കേരളത്തിലെ തയ്യൽത്തൊഴിലാളികളിൽ ഭൂരിപക്ഷവും ഇതര സംസ്ഥാന തൊഴിലാളികളാണെന്നും പറഞ്ഞത് ശരിയല്ല. തയ്യൽ മേഖലയിൽ ഇതര സംസ്ഥാന തൊഴിലാളികൾ താരതമ്യേന കുറവാണ്. തയ്യൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. തയ്യൽത്തൊഴിലാളികളിൽ ഭൂരിപക്ഷം പേരും സ്വന്തമായി ജോലി ചെയ്യുന്നവരാണ്; അല്ലാത്തവർ വളരെ കുറച്ചുണ്ട്. അവരുടെയെല്ലാം പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഏർപ്പാടാണ് ചെയ്യുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ വരവ് ക്ഷേമപ്രവർത്തനങ്ങളെ ഒരുതരത്തിലും ബാധിക്കുന്നില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം കൊടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 10 ഏക്കർ ഭൂമി വിലയ്ക്കുവാങ്ങി ഒരു കൺസ്ട്രക്ഷൻ അക്കാദമി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. അതിനുശേഷം വന്ന സർക്കാർ ബോധപൂർവ്വമായി ആ പ്രോജക്ട് ഒഴിവാക്കിയതിനാൽ ആ സ്ഥലം വെറുതെകിടക്കുകയുമാണ്. ഇപ്പോൾ സർക്കാർ അത് വളരെ ഗൗരവമായെടുക്കുകയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന നിർമ്മാണ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും നിർമ്മാണ രംഗത്ത് പരിശീലനം ലഭിക്കുന്ന തരത്തിൽ അവിടെ അക്കാദമി വിഭാവനം ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. അത് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ കൈവശമുണ്ടായിരുന്ന 10 ഏക്കർ സ്ഥലം നിർമ്മാണ തൊഴിലാളി മേഖലയിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി വിലയ്ക്ക് വാങ്ങുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനുള്ള ശ്രമം തുടരുകയും ചെയ്തതാണ്. പക്ഷേ നിർഭാഗ്യവശാൽ കഴിഞ്ഞ സർക്കാർ അത് മുന്നോട്ട് കൊണ്ടുപോയില്ല. കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡിലെ അംഗങ്ങളുടെയും അവരുടെ മക്കളുടെയും താല്പര്യം മുൻനിർത്തി ഒരു പ്രത്യേക അക്കാദമി അവിടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; അതിനുവേണ്ടി പ്രത്യേക ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ അംഗീകരിക്കുന്നമുറയ്ക്ക് അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *63-ഉം ആയി ചോദ്യം നമ്പർ *71 ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ് നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

**വനാതിർത്തിയിലുള്ള ഭൂമിയുടെ ക്രയവിക്രയ നിയന്ത്രണം**

3(*63) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സ്വകാര്യഭൂമി കൈമാറ്റത്തിനായുള്ള ഭൂമി രജിസ്ട്രേഷന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. വേണമെന്ന നിബന്ധനയുണ്ടോ; എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യഭൂമിയുമായി വനാതിർത്തി പങ്കിടുന്ന വനമേഖലകളിൽ എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ബുദ്ധിമുട്ടുകളാണ് വനം വകുപ്പ് നേരിടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി രജിസ്ട്രേഷന് വനം വകുപ്പിന്റെ എൻ.ഒ.സി. വേണമെന്നതിനാൽ വിവിധ ജില്ലകളിലെ പതിനായിരക്കണക്കിന് കർഷകരുടെ ഭൂമി ക്രയവിക്രയം അസാധ്യമാകുന്ന സ്ഥിതി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനഭൂമിയുമായി ചേർന്നുകിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന നിബന്ധന നിലവിലുണ്ട്. സ്വകാര്യഭൂമി കൈമാറുന്നതിനോടൊപ്പം വനഭൂമികൂടി ഉൾപ്പെട്ടുവരാതിരിക്കാനാണ് ഇപ്രകാരം വനം വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽനിന്നും എൻ.ഒ.സി. നൽകിയതിനുശേഷം മാത്രമേ വില്ലേജ് ഓഫീസർമാർ കൈവശ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വനം-വന്യജീവി വകുപ്പ് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുള്ളതായി വനം-വന്യജീവി വകുപ്പിലെ 8-6-2010-ലെ 6143/എ 2/2009/വനം കത്ത് പ്രകാരം വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27-7-2010 തീയതിയായുള്ള വി.ഇ.4 2970/2009 സർക്കുലർ നമ്പർ 10/2010 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകാതിരിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഇതിനാവശ്യമായ മുൻകരുതലുകൾ ഡി.എഫ്.ഒ -മാർ എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കിളുകളുടെ ചാർജ് വഹിക്കുന്ന കൺസർവേറ്റർ/ചീഫ് കൺസർവേറ്റർ ഇതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതും പരാതി പരിഹാരത്തിനുവേണ്ട അടിയന്തര നടപടി കൈക്കൊള്ളാനും മേൽ പരാമർശിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 4-2-2017-ലെ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ടിനെത്തുടർന്ന് 17-2-2017-ലെ കത്ത് നമ്പർ 1167/ഇ 4/2017/വി.ഐ.ജി. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി വനം-വന്യജീവി വകുപ്പിന് നൽകിയിട്ടുള്ള കത്തിന്റെ വെളിച്ചത്തിൽ നിരാക്ഷേപപത്രം (എൻ.ഒ.സി.) അനുവദിക്കുന്നതിന് നിർബന്ധമായും പാലിച്ചിരിക്കേണ്ട നിർദ്ദേശങ്ങൾ 24-3-2017-ലെ സർക്കാർ കത്ത് നമ്പർ എഫ്.ഡബ്ല്യു.എൽ.ഡി./എ 1/17/2017/വനം പ്രകാരം അനുശാസിക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 21-10-2017-ൽ 9/2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം എൻ.ഒ.സി. അനുവദിക്കുമ്പോൾ ആവശ്യമായ രജിസ്റ്ററുകൾ ഓരോ ഫോറസ്റ്റ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടതാണെന്നും നിരാക്ഷേപപത്രം സംബന്ധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണെന്നും മുൻഗണനാക്രമം കൃത്യമായി പാലിക്കേണ്ടതാണെന്നും വനാതിർത്തി നിർണ്ണയിക്കാത്തപക്ഷം അത് നിർണ്ണയിച്ച് സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വനാതിർത്തികളുടെ സർവ്വേയും അതിർത്തി പുനർനിർണ്ണയവും പൂർത്തിയാക്കി സ്ഥിരം ജണ്ടകൾ അല്ലെങ്കിൽ സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളിടത്ത് എൻ.ഒ.സി. നൽകുന്നതിൽ ബുദ്ധിമുട്ടുകളില്ല. എന്നാൽ, ചില പ്രദേശങ്ങളിൽ വനാതിർത്തികളുടെ സർവ്വേയും അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും പരിസരവാസികൾ തടസ്സപ്പെടുത്തുന്നുണ്ട്. പല വനമേഖലകളിലും കയ്യേറ്റങ്ങളും ആൾതാമസങ്ങളും നിലവിലുണ്ട്. ഇപ്രകാരമുള്ള കയ്യേറ്റസ്ഥലത്ത് എൻ.ഒ.സി. നൽകാൻ നിർവ്വാഹമില്ല. 1-1-1977 -ന് മുമ്പുള്ള റിസർവ് വനത്തിലെ കയ്യേറ്റങ്ങൾ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി മാത്രമേ ക്രമപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇപ്രകാരമുള്ള സ്ഥലങ്ങളിൽ എൻ.ഒ.സി. നൽകാൻ കേന്ദ്ര സർക്കാരിന്റെ ടി അനുമതിക്കുശേഷം മാത്രമേ കഴിയുകയുള്ളൂ. ചില നിക്ഷിപ്ത വനങ്ങളിലും ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും ട്രിബ്യൂണലുകളിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ്സുകൾ നടന്നുവരുന്നുണ്ട്. പല കേസ്സുകളിലും തൽസ്ഥിതി തുടരണമെന്നുള്ള കോടതികളുടെ നിർദ്ദേശവും നിലവിലുണ്ട്. ഇപ്രകാരമുള്ള സ്ഥലങ്ങളിൽ സർവ്വേയും അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും കേസ്സുകളുടെ അന്തിമ വിധിക്കനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ. മാത്രമല്ല, നിക്ഷിപ്ത വനഭൂമികളിലും കയ്യേറ്റങ്ങൾ കാണപ്പെടുന്നുണ്ട്. അതും ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്. ടി കയ്യേറ്റ മേഖലകളിൽ എൻ.ഒ.സി. നൽകാൻ കഴിയുന്നതല്ല.

(ഡി) വനാതിർത്തി സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി 2016-17 മുതൽ 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ആധുനിക സർവ്വേയിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി കാലയളവിൽ 47500 സ്ഥിരം ജണ്ടകൾ ഉദ്ദേശം 2200 കി.മീ. വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുണ്ട്.

സർവ്വേ റെക്കോർഡുകളുടെ അപര്യാപ്തതമൂലം എൻ.ഒ.സി. നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ആയതിന് പരിഹാരമായി നൂതന രീതിയിലുള്ള (റെക്കോർഡ് റൂം) കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, ഭൂമിയിലെ ജീവന്റെ സംരക്ഷണ കവചമായ വനഭൂമി സംരക്ഷിക്കാനും സാമൂഹ്യവനവൽക്കരണത്തിനും അങ്ങയുടെ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. വനാതിർത്തിയിലുള്ള സ്വകാര്യഭൂമികൾ കൂടാതെ ജനവാസകേന്ദ്രമായ പല പ്രദേശത്തും റോഡ് കൊണ്ടുവരണമെങ്കിൽ ഫോറസ്റ്റ് വകുപ്പിന്റെ എൻ.ഒ.സി. വേണം. എന്നാൽ വനഭൂമിക്ക് പ്രശ്നമില്ലാത്ത രീതിയിൽ അതിർത്തിയിലൂടെ റോഡ് വെട്ടുന്നതിന് പലപ്പോഴും വലിയ കാലതാമസമുണ്ടാകുകയും പത്തും നാല്പതും അൻപതും കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യാറുണ്ട്. വനഭൂമിക്ക് പ്രശ്നമില്ലാത്ത രീതിയിൽ അവിടേയ്ക്ക് റോഡ് കൊണ്ടുവരാനുള്ള നടപടിക്രമങ്ങൾ വളരെ എളുപ്പത്തിലാക്കാൻ എന്തെങ്കിലും സാധ്യതയുണ്ടോ എന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. രാജു</u>: സർ, വനത്തിനുള്ളിലൂടെ വനംവകുപ്പുതന്നെ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വഴികളുണ്ട്. അതുകൂടാതെ ആദിവാസി സെറ്റിൽമെന്റുകളിലേയ്ക്കും അതുപോലെ ആളുകൾ താമസിക്കുന്ന വനത്തിനകത്തെ ചതുപ്പ് മേഖലകളിലേയ്ക്കും ഫോറസ്റ്റിനുള്ളിൽക്കൂടി വഴികളുണ്ട്. ആ വഴികൾ സംരക്ഷിക്കുന്നത് വനം വകുപ്പ് തന്നെയാണ്. വനത്തിന് പുറത്ത് വനാതിർത്തിയോട് ചേർന്ന് റോഡ് നിർമ്മിക്കുന്നതിന് വനം വകുപ്പിന് തടസ്സമുണ്ടാകേണ്ട കാര്യമില്ല. എന്നാൽ റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി വനാതിർത്തി എടുക്കുകയാണെങ്കിൽ അവിടെയാണ് തർക്കമുണ്ടാകുന്നത്. വനത്തിനുള്ളിലൂടെ പോകുന്ന ഒരു വഴി കുറേക്കൂടി മെച്ചപ്പെടുത്തേണ്ട ആവശ്യമുണ്ടെങ്കിൽ പ്രസ്തുത കാര്യം സംബന്ധിച്ച് ഒരു അപേക്ഷ സ്ഥലം ഡി.എഫ്.ഒ.-യ്ക്ക് നൽകിയാൽ അവർ അത് പരിശോധിച്ചശേഷം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നിലവിലുള്ള വഴിയാണെങ്കിൽ വീതികൂട്ടാതെ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ അതിനാവശ്യമായ അനുമതി നൽകുന്നതാണ്. നിയമപരമായി അനുമതി നൽകാവുന്ന കാര്യങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സം പറയുകയാണെങ്കിൽ മന്ത്രിതലത്തിൽ പരാതി തന്നാൽ സെറ്റിൽമെന്റുകളിലേയ്ക്കും മറ്റും പോകുന്ന വഴികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി ഇപ്രാവശ്യം 32 കോടിയോളം മരങ്ങൾ നട്ടുപിടിപ്പിക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ഈ മരങ്ങൾ നട്ടുപിടിപ്പിച്ചാൽ അത് സംരക്ഷിക്കാനുള്ള സാധ്യത പലപ്പോഴും കുറയാറുണ്ട്. വനം സംരക്ഷിക്കാനും വനവൽക്കരണത്തിനുംവേണ്ടി അങ്ങയുടെ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്, അത്തരത്തിൽ മരങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ, എങ്ങനെയാണ് അക്കാര്യം ഗവൺമെന്റ് ആലോചിക്കുന്നത്?

ശ്രീ. കെ. രാജു: സർ, സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ പരിസ്ഥിതി ദിനങ്ങളിലും 60 മുതൽ 75 ലക്ഷം വരെ വൃക്ഷത്തൈകൾ എല്ലാ വർഷവും ഉൽപ്പാദിപ്പിച്ച് സന്നദ്ധസംഘടനകൾ, യുവജന സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ, സ്കൂളുകൾ എന്നിവവഴി വിതരണം ചെയ്യുന്നുണ്ട്. അങ്ങനെ വിതരണം ചെയ്യുന്ന തൈകളിൽ എത്രയെണ്ണം സംരക്ഷിക്കപ്പെടുന്നു വെന്നുള്ളതിനെക്കുറിച്ച് കഴിഞ്ഞവർഷം ഒരു പരിശോധന നടത്തുകയുണ്ടായി. അപ്പോൾ തെളിഞ്ഞത് അൻപതിനും അറുപതിനുമിടയ്ക്കുള്ള ശതമാനം തൈകൾ സംരക്ഷിക്കപ്പെടുന്നുണ്ട് എന്നാണ്. അതൊരു നേട്ടമാണ്, നേരത്തെ അത്രത്തോളം ഉണ്ടായിരുന്നില്ല. ഇപ്പോൾ 60 ശതമാനത്തോളം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചത് സംരക്ഷിക്കപ്പെട്ട് വളർന്ന് വരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടൊക്കെയാകാം ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഏറ്റവും അവസാനം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ വനാവരണം സൃഷ്ടിക്കുന്ന കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ കേരളമാണെന്ന് പറയുന്നത്. വനത്തിനുപുറത്ത് വനാവരണം, വൃക്ഷത്തൈകൾ എന്നിവ വച്ചുപിടിപ്പിക്കുന്ന കാര്യത്തിലും പരമാവധി വൃക്ഷങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും ജനങ്ങൾക്കുള്ള അവബോധമാണ് യഥാർത്ഥത്തിൽ അത് ചൂണ്ടിക്കാണിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുപോലെ വയ്ക്കുന്ന തൈകൾ എല്ലാം സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളും ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളും സ്കൂളുകളിലെ ഹരിത ക്ലബ്ബുകളുമെല്ലാം ശ്രദ്ധിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധമുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് ഇത്ര കിലോമീറ്റർ എന്ന് കണക്കാക്കി ഉത്തരവാദിത്വം ഉണ്ടാകണമെന്നുള്ള നിലയിൽ നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വനങ്ങൾ പ്രകൃതി നമുക്ക് തന്ന ഒരു വരദാനമാണ്. കാലാവസ്ഥയെ ബാധിക്കുന്ന ഘടകമാണ്; കേരളത്തിലെ സമ്പദ്ഘടനയെ ബാധിക്കാൻ ഇടയുണ്ട്; അങ്ങനെയുള്ള വിലപ്പെട്ട വനം വനേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുവെന്നുള്ള പരാതി വ്യാപകമായി ഉയരുകയാണ്. വനം വകുപ്പിന്റെ സ്ഥലം വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്തിന്റെ നിലവിലെ സ്റ്റാറ്റസ് എന്താണെന്നും അറിയിക്കാമോ?

ശ്രീ. കെ. രാജു: സർ, രണ്ട് ഹെക്ടറിൽ താഴെ വരുന്ന വനഭൂമി ഒഴിവാക്കാനാകാത്ത വികസനാവശ്യങ്ങൾക്ക് ആവശ്യമാണെങ്കിൽ, ഏത് ആവശ്യത്തിനാണ്, പൊതു ആവശ്യത്തിനാണോ വേണ്ടതെന്ന് യൂസർ ഏജൻസി നിശ്ചിത ഫാറത്തിൽ അപേക്ഷ നൽകണം. അങ്ങനെ അപേക്ഷ നൽകിയാൽ ആവശ്യമായ പരിശോധനകൾ നടത്തി സംസ്ഥാന സർക്കാരിന് അനുവദിക്കാവുന്ന

പരിധിക്കുള്ളിലാണ് ഈ പറയുന്ന ഭൂവിസ്തൃതിയെങ്കിൽ അത് അപ്‌ലോഡ് ചെയ്യുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേന്ദ്ര വനം വകുപ്പിന്റെ അനുമതിക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്യും. അവർ പരിശോധിച്ച് അനുമതി തന്നാൽ വ്യവസ്ഥകൾക്കനുസരിച്ച്, അതായത് എത്ര ഭൂമിയാണോ അനുവദിക്കുന്നത് അതിനുപകരം ഭൂമി നൽകണം; അതോടൊപ്പം വനവൽക്കരണം ചെയ്തുകൊടുക്കുകയും വേണം; ചിലതിന് എൻ.പി.വി., തുക അടയ്ക്കണം; ചില നിർദ്ദേശങ്ങൾ അങ്ങനെയും ഉണ്ടാകും. ഈ വ്യവസ്ഥകളെല്ലാം പാലിക്കുന്ന മുറയ്ക്കാണ് നമുക്ക് അനുമതി കൊടുക്കാൻ കഴിയുന്നത്. കേന്ദ്രം അനുവദിച്ചാൽ മാത്രമാണ് വനഭൂമി കൊടുക്കാൻ കഴിയുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾക്കുവേണ്ടി <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, വനത്തിന് ഏറ്റവും ഹാനികരമായ ഒന്നാണ് കാട്ടുതീ. കാട്ടുതീമൂലം വനം കത്തിനശിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ പൊൻമുടിയിൽ പുൽമേട് പൂർണ്ണമായും കത്തിനശിച്ചു. വനസംരക്ഷണത്തിന് ഹാനികരമായ കാട്ടുതീ കെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? എന്റെ മണ്ഡലത്തിൽ കാട്ടുപന്നിയുടെ ശല്യം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. വനമില്ലെങ്കിലും ധാരാളം പന്നിയും മയിലും ആ പ്രദേശത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇവ കൃഷി നശിപ്പിക്കുന്നുണ്ട്. ഇതുമൂലം കർഷകർ വല്ലാത്ത പ്രതിസന്ധിയിലാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരമുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ രണ്ട് കാര്യങ്ങൾ ചോദിച്ചു. അതിലൊന്ന് വനസംരക്ഷണത്തിന് ഏറ്റവും ഹാനികരമായ കാട്ടുതീ തടയുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതാണ്. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാകുകയാണെങ്കിൽ ഉപഗ്രഹത്തിന്റെ സഹായത്തോടുകൂടി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ഫയർ അലെർട്ട് എസ്.എം.എസ്. ആയി സ്ഥലത്തിന്റെ അക്ഷാംശവും രേഖാംശവും ഉൾപ്പെടെ ലഭിക്കുന്ന സംവിധാനം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ മുഖാന്തരം ഇന്ന് ലഭ്യമാകുന്നുണ്ട്. 2017-18 മുതൽ ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അറിയിപ്പ് കിട്ടുന്നതിനുമുമ്പുതന്നെ ഡെറാഡൂണിൽ സാറ്റലൈറ്റ് വഴി വിവരം ലഭിക്കുകയും അവരത് എസ്.എം.എസ്. വഴി അപ്പോൾത്തന്നെ അറിയിക്കുന്നുമുണ്ട്. സംസ്ഥാനത്താകെയുള്ള ഉയർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ലഭ്യമാകത്തക്കവിധത്തിലുള്ള ഈ സംവിധാനങ്ങൾ 2017-18 മുതൽ സംസ്ഥാനത്ത്

നടപ്പിലാക്കിവരുന്നു. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ വനം വകുപ്പ് ആ സ്ഥലത്ത് അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ത്വരിതഗതിയിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കാട്ടുതീ സംബന്ധിച്ച ലൊക്കേഷൻ വിവരങ്ങൾ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഫോറസ്റ്റ് അലെർട്ട് സിസ്റ്റം വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ ലഭ്യമാകുന്നതാണ്. 1-7-2019-ലെ കണക്കനുസരിച്ച് കേരളത്തിൽ 2921 രജിസ്റ്റേർഡ് ഉപഭോക്താക്കളുണ്ട്. വനം വകുപ്പിലെ എല്ലാ ഡിവിഷനിലെയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയ്ഞ്ച് ഓഫീസർമാർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ തുടങ്ങിയ ഉദ്യോഗസ്ഥർ ഇതിലെ രജിസ്റ്റേർഡ് ഉപഭോക്താക്കളാണ്. കൂടാതെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ നൽകുന്ന മുൻകൂർ കാട്ടുതീ സാദ്ധ്യതാ അലർട്ടുകളും ലഭ്യമാക്കി ഉപയോഗിച്ചുവരുന്നുണ്ട്. ഈ രംഗത്തെ ഏറ്റവും ആധുനികമായ 'ഫയർ റെസ്പോണ്ടർ' എന്ന വാഹനം വനം വകുപ്പ് വാങ്ങിയിട്ടുണ്ട്. കുന്നിൻപുറവും പാറയുമൊക്കെയുണ്ടെങ്കിലും ചെറിയ വാഹനമായതിനാൽ അതിനുമുകളിൽക്കൂടി പോയി വെള്ളം തളിക്കത്തക്ക രീതിയിലുള്ള സംവിധാനമാണിത്. 25 ലക്ഷം രൂപ ചെലവഴിച്ച് ഇത്തരത്തിലുള്ള രണ്ട് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. പരമാവധി മനുഷ്യസാദ്ധ്യവും യന്ത്രസാദ്ധ്യവുമായ കാര്യങ്ങൾ ഉപയോഗിച്ച് തീ അണയ്ക്കുന്നതിനുള്ള എല്ലാ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരക്ഷിത വനമേഖലയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കാട്ടുതീ ഏറ്റവും കൂടുതൽ പടർന്നുപിടിക്കുന്നത് വയനാട് പോലുള്ള ജില്ലകളിലാണ്. ഉണങ്ങിയ പുൽമേടുകളുടെയും അടിക്കാടുകളുടെയും തീപിടിത്തം ഗൗരവമുള്ള പ്രശ്നമാണ്. നമ്മുടെ ഗവൺമെന്റ് വന്നശേഷം ഫയർലൈനുകൾ ധാരാളമായി സ്ഥാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചും ആദിവാസികൾ വനമേഖലയിലെ കാട്ടുതീ അണയ്ക്കുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന സേവനങ്ങളെക്കുറിച്ചും വിശദമാക്കാമോ?

ശ്രീ. കെ. രാജു: സർ, പരിചയ സമ്പന്നരായ ആദിവാസി വിഭാഗങ്ങളുടെയും വനസംരക്ഷണ സമിതിയിലെ ആളുകളുടെയും അറിവാണ് കാട്ടുതീ അണയ്ക്കുന്നതിനായി ഇപ്പോഴും ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത്. മനുഷ്യർക്ക് പോയി തീകെടുത്താൻ കഴിയുന്നിടത്തെല്ലാം ഇവരുടെ സേവനം

ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്. നേരത്തേ ശ്രീ. ചിറ്റയം ഗോപകുമാർ പന്നിയുടെ ഉപദ്രവം സംബന്ധിച്ച് ചോദിച്ചിരുന്നു, പന്നിയുടെ ഉപദ്രവം വളരെയധികം വർദ്ധിക്കുന്നുണ്ട്. കർഷകരുടെ പരാതികൾ എല്ലാ ഭാഗത്തുനിന്നും ലഭിക്കുന്നുണ്ട്. കൃഷി നശിപ്പിക്കുന്ന പന്നികളെ വകവരുത്തുന്നതുമായി ബന്ധപ്പെട്ട് ചില നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചുവനം വകുപ്പ് വളരെ കാര്യക്ഷമമായി ആലോചിച്ചുവരികയാണ്. കൃഷിയിടങ്ങളിലെത്തുന്ന ഉപദ്രവ കാരികളായ പന്നികളെ വെടിവയ്ക്കുന്നത് സംബന്ധിച്ച് ഒരു ഉത്തരവ് നിലവിലുണ്ട്. എന്നാൽ നിലവിലെ ഉത്തരവ് പ്രായോഗികമല്ലെന്ന് കണ്ടതുകൊണ്ട് ആ ഉത്തരവിലെ അപ്രായോഗിക വശങ്ങൾ മാറ്റി പുതിയ ഉത്തരവിറക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ ജനപ്രതിനിധികളും ബന്ധപ്പെട്ട കൃഷിക്കാരും മുൻകയ്യെടുത്താൽ ഇപ്പോൾ ലളിതമാക്കി ഇറക്കിയിരിക്കുന്ന ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് കാട്ടുപന്നികൾ കൃഷിയിടങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ ഒരു യോഗം ചേർന്നിരുന്നു. പന്നിയെ ഒരു നിശ്ചിത കാലയളവിലേയ്ക്ക് 'vermin' (ശല്യക്കാരി) ആയി പ്രഖ്യാപിക്കാൻ സാധിക്കും. അതിന്റെ നിയമസാധുത പരിശോധിക്കുന്നതിനും അതുസംബന്ധിച്ച ശിപാർശ നൽകുന്നതിനും സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ ഭാഗത്തുനിന്നും തീരുമാനമായിട്ടുണ്ട്. സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ ശിപാർശ നാഷണൽ വൈൽഡ് ലൈഫ് ബോർഡ് അംഗീകരിച്ചാൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് അത്തരമൊരു ശിപാർശ അയയ്ക്കുന്നതിനാവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. മൂന്ന് മാസം അല്ലെങ്കിൽ ആറ് മാസം എന്ന ഒരു നിശ്ചിത കാലയളവിൽ പന്നിയെ 'vermin' ആയി പ്രഖ്യാപിക്കാം.

<u>മി. സ്പീക്കർ</u>: 'Vermin' ആയി പ്രഖ്യാപിക്കുന്നതുകൊണ്ടുള്ള ഗുണം എന്താണ്?

<u>ശ്രീ. കെ. രാജു</u>: സർ, ശല്യക്കാരനായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ പന്നി കാർഷിക ഭൂമിയിലേയ്ക്കിറങ്ങിയാൽ കർഷകർക്കുതന്നെ കൈകാര്യം ചെയ്യാം. ആ മാർഗ്ഗത്തെക്കുറിച്ച് സജീവമായി ആലോചിക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ രണ്ട് ചോദ്യവും ക്ലബ്ബ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് രണ്ടും ഭൂമി സംബന്ധിച്ച കാര്യമായിരുന്നു. ഒന്നിൽ ആദിവാസികൾ എന്ന വ്യത്യാസമേയുള്ളൂ.

<u>മി. സ്പീക്കർ</u>: ഒരു ചോദ്യം ഭൂമി ക്രയവിക്രയം സംബന്ധിച്ചും മറ്റൊന്ന് ആദിവാസികളുടെ ഭൂമി കയ്യേറുന്നത് സംബന്ധിച്ചുമാണ്.

ശ്രീ. പി. സി. ജോർജ്: സർ, രണ്ടും ഭൂമിയാണ്. ബഹുമാനപ്പെട്ട മന്ത്രിയെപ്പറ്റി എനിക്ക് നല്ല അഭിപ്രായമാണ്. അദ്ദേഹം കാഴ്ചയ്ക്ക് ചെറിയവനാണെങ്കിലും വലിയ മനസ്സിന്റെ ഉടമയാണ്. അതുകൊണ്ടാണ് അങ്ങുമായി ചേർന്ന് 'കാടറിയാം' പ്രോഗ്രാം സംഘടിപ്പിച്ചത്. ആ പരിപാടി എത്രയോ മാന്യമായ സമീപനമായിരുന്നു. എന്നാൽ പത്ത് എം.എൽ.എ.-മാരാണ് അതിൽ പങ്കെടുത്തത്, അതിൽ എനിക്ക് ദുഃഖമുണ്ട്. ഇക്കാര്യത്തിൽ നമ്മുടെ എം.എൽ.എ.-മാർക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പരസ്യമായി ക്ഷമ പറയുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആ പരിപാടിയിൽ പങ്കെടുക്കാതിരുന്നത് വലിയ കഷ്ടമായിപ്പോയി. കാരണം കാടെന്താണെന്നും അതിന്റെ ഭാഗമെന്താണെന്നും മനസ്സിലാക്കാനുള്ള അവസരം നിങ്ങൾ നഷ്ടപ്പെടുത്തി. മന്ത്രി ഒരു നല്ലകാര്യം ചെയ്യാൻ ശ്രമിച്ചാൽ സഹകരിക്കണ്ടേ? വനമേഖലയിൽ വസിക്കുന്ന ആദിവാസികളെ സംബന്ധിച്ച് മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്: എരുമേലി പഞ്ചായത്തിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ ജനം കയ്യേറി താമസിച്ചുവനഭൂമിയല്ലാതായി മാറിയ ഭൂമിയാണത്. ഏഞ്ചൽവാലി ഇതിന് ഉദാഹരണമാണ്. വന നിയമമുണ്ട് എന്നതുകൊണ്ട് അവിടെയൊന്നും പട്ടയം കൊടുക്കാൻ കഴിയുന്നില്ല. കാഞ്ഞിരപ്പള്ളി തഹസിൽദാർ പട്ടയം എഴുതിയതായിരുന്നു. എന്നാൽ അത് തടയപ്പെട്ടിരിക്കുകയാണ്. 1945 കാലഘട്ടം മുതൽ ആളുകൾ അവിടെ താമസിക്കാൻ തുടങ്ങിയതാണ്. വനം എന്നൊരു സാധനം അവിടെയില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേകം ഇടപെട്ട് എരുമേലി പഞ്ചായത്തിലെ ഏഞ്ചൽവാലി, കടമല ഉൾപ്പെടെയുള്ള മേഖലകളിൽ പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് ശ്രമിക്കുമോ? നാട്ടിലിറങ്ങുന്ന പന്നിയെ നാട്ടുപന്നിയായി കണക്കാക്കി ഇഷ്ടംപോലെ വെടിവച്ചുകൊല്ലാനുള്ള അനുവാദം നൽകുമോ?

ശ്രീ. കെ. രാജു: സർ, ഇവിടെ ചൂണ്ടിക്കാണിച്ച പ്രദേശങ്ങളിലെ ഭൂമിയുടെ സ്ഥിതി (Status) അറിയണം. പ്രസ്തുത ഭൂമി വനഭൂമിയാണോ, റവന്യൂ ഭൂമിയാണോ എന്ന് മനസ്സിലാക്കിയാൽ മാത്രമേ വ്യക്തമായ മറുപടി പറയാൻ സാധിക്കുകയുള്ളൂ. വനഭൂമിയാണെങ്കിൽ പതിച്ചുകൊടുക്കാൻ കഴിയില്ല. അല്ലെങ്കിൽ 1977-ന് മുമ്പേ വനഭൂമിയിൽ കുടിയേറി കൃഷിചെയ്തുവരുന്ന സാഹചര്യമുണ്ടെങ്കിൽ, അതുസംബന്ധിച്ചുവനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സർവ്വേ നടത്തുകയും ആ സർവ്വേയിൽ നിന്നും 1977-ന് മുമ്പ് വനഭൂമി കൈവശം വച്ചവരുടെ ലിസ്റ്റ് തയ്യാറാക്കി, ആ ലിസ്റ്റ് ഇരുകൂട്ടരും ചേർന്ന് കേന്ദ്രത്തിലേയ്ക്ക് അപ്ലോഡ് ചെയ്ത് അനുമതി വാങ്ങിയശേഷം പട്ടയം കൊടുക്കാവുന്നതാണ്. എന്നാൽ 1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾക്ക് പട്ടയം കൊടുക്കുന്നതിനായി ശിപാർശ ചെയ്യാൻ കഴിയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നല്കിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ക്ഷീരകർഷക ക്ഷേമം

4 (*64) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ലക്ഷ്യബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം പ്രാപ്യമായിക്കൊണ്ടിരിക്കുന്ന വേളയിൽ മൂന്ന് ലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ സാമ്പത്തികസ്ഥിതി സുരക്ഷിതമാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മിൽമ സംഭരിക്കുന്ന പാലിന്റെ വില വർദ്ധിപ്പിച്ചത് കർഷകർക്ക് ഏറെ ആശ്വാസം പകർന്നെങ്കിലും അതോടൊപ്പംതന്നെ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചതും സബ്സിഡിയിൽ കുറവുവരുത്തിയതും കർഷകതാത്പര്യത്തിന് ഹാനികരമായിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഇടപെടാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പല കാരണങ്ങൾ പറഞ്ഞ് കർഷകർക്ക് പാലിന് അർഹമായ വില നൽകുന്നില്ലെന്ന പരാതികൾ പഠനവിധേയമാക്കാമോ;

(ഡി) ക്ഷീരസഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരകർഷകരുടെ സാമ്പത്തിക സ്ഥിതി സുരക്ഷിതമാക്കി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് 2019-20 സാമ്പത്തികവർഷത്തിൽ 116.27 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഏകദേശം 147 കോടി രൂപയുടെ പദ്ധതികളും പൂർത്തിയാക്കിവരികയാണ്.

ക്ഷീര വികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി
3. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
4. കാലിത്തീറ്റ സബ്സിഡി
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
6. ക്ഷീരഗ്രാമം പദ്ധതി
7. ഹീഫർ പാർക്ക്
8. അവശ്യാധിഷ്ഠിത സഹായം

കൂടാതെ സംസ്ഥാനത്തെ വനിതാ ക്ഷീരകർഷകരുടെ സാമ്പത്തിക സ്ഥിതി സുരക്ഷിതമാക്കുന്നത് ലക്ഷ്യമിട്ട് അവരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് കൂടുതൽ വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായകരമാക്കുന്നതിനായി വനിത ക്ഷീരകർഷക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

ക്ഷീരകർഷകരുടെ സാമ്പത്തിക സ്ഥിതി സുരക്ഷിതമാക്കുന്നതിനായി സംസ്ഥാന ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകർക്ക് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ അനുവദിക്കുന്നുണ്ട്. പ്രതിമാസം 1200 രൂപ നിരക്കിൽ പെൻഷൻ, അവശതാ പെൻഷൻ എന്നിവ അനുവദിച്ചുവരുന്നു. പെൻഷണർ മരണപ്പെടുന്ന വേളയിൽ അനന്തരാവകാശിക്ക് പ്രതിമാസം 550 രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകിവരുന്നു. ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിന് 3,000 രൂപ ധനസഹായമായും നൽകുന്നുണ്ട്. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, പ്രൊഫഷണൽ കോഴ്സ് എന്നീ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് യഥാക്രമം 1,000, 1,500, 2,000, 2,500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് അപകടമരണത്തിനും മറ്റ്

ചികിത്സകൾക്കുമായി ക്ഷീരസുരക്ഷ പദ്ധതി പ്രകാരം അപകട മരണ ധനസഹായമായി 50,000 രൂപയും അപകടം, സ്ട്രോക്ക് എന്നിവമൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് പരമാവധി 10,000 രൂപയും മാരക രോഗങ്ങൾക്കുള്ള ധനസഹായമായി പരമാവധി 15,000 രൂപയും പകർച്ചവ്യാധി, പശുപരിപാലനത്തിനിടെ ഉണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾ, പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്ക് ചികിത്സാ ധനസഹായമായി പരമാവധി 2,000 രൂപയും അനുവദിക്കുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും മികച്ച ക്ഷീരകർഷകന് 5,000 രൂപയും സംസ്ഥാനതലത്തിൽ മികച്ച ക്ഷീരകർഷകനായി തെരഞ്ഞെടുക്കപ്പെടുന്ന ക്ഷീരകർഷകന് 10,000 രൂപയും പുരസ്കാരവും നൽകുന്നുണ്ട്.

ക്ഷീരകർഷകർക്ക് വില്പന വിലയുടെ 81% മിൽമ തിരിച്ച് നൽകുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി ഫണ്ടുകളും സംഘങ്ങൾക്ക് നൽകുന്നതിനുള്ള 10% ലാഭവിഹിതവും വകമാറ്റിയതിനുശേഷമുള്ള അറ്റലാഭത്തിന്റെ 80% ആണ് ബോണസായി നൽകുന്നതിന് സഹകരണ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ബോണസും ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്.

മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല ഇൻസെന്റീവ്, ലോൺ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി ലോൺ പലിശ സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് നൽകുന്ന ധനസഹായം, 50 ലിറ്ററിൽ കൂടുതൽ പാൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് എന്നിവ വഴി ക്ഷീരകർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ നടപ്പിലാക്കിവരുന്ന കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവപശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻസ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി എന്നീ പദ്ധതികളും ക്ഷീരകർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന് സഹായകരമാണ്.

(ബി) കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയുന്നതിനുവേണ്ടി സർക്കാർ ഇടപെടുന്നുണ്ട്. കാലിത്തീറ്റയുടെ വില നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ കൃത്യമായ ഇടപെടലുകളുടെ ഭാഗമായി കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില വർദ്ധനവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീര വികസന വകുപ്പ് കാലിത്തീറ്റയ്ക്കുള്ള സബ്സിഡിയിൽ കുറവ് വരുത്തിയിട്ടില്ല.

ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നായ കാലിത്തീറ്റ വില വർദ്ധനവ് പരിഹരിക്കുന്നതിനായി ഗുണമേന്മയുള്ള മിൽമ കാലിത്തീറ്റയും ഗുണനിലവാരം ഉറപ്പുവരുത്തിയ മറ്റു തീറ്റ വസ്തുക്കളും മിൽമ വഴി സംഘങ്ങൾക്ക് നിർദ്ദിഷ്ട വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. കാലിത്തീറ്റ വില വർദ്ധിച്ചപ്പോൾ കർഷകർക്ക് സഹായകമേകാൻ കാലിത്തീറ്റ സബ്സിഡിയായി 8.1 കോടി രൂപ 2018 ആഗസ്റ്റ് 22 മുതൽ 2019 മേയ് 15 വരെ സംഘങ്ങൾക്ക് മലബാർ മേഖല യൂണിയൻ നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലിന് പുറമെ ചോള സൈലേജ്, ചോളത്തണ്ട്, ചോള വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് സബ്സിഡി നിരക്കിൽ എത്തിച്ചു നൽകുന്നു. കന്നുകാലികൾക്കാവശ്യമായ ഗുണമേന്മയുള്ള വിവിധതരം പിണ്ണാക്കുകൾ, ചോളപ്പൊടി, ബദൽത്തീറ്റ വസ്തുക്കൾ, തവിടുകൾ ഇവയെല്ലാം കുറഞ്ഞ നിരക്കിൽ ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(സി) ക്ഷീരകർഷകർക്ക് പാലിന്റെ ഗുണനിലവാരം അനുസരിച്ചാണ് വില നൽകുന്നത്. ഇതിൽ സുതാര്യത വരുത്തുന്നതിനായി ക്ഷീരസംഘങ്ങളിൽ പൂർണ്ണമായും യൂണിഫൈഡ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന പദ്ധതി പൂർത്തിയായിവരികയാണ്. കർഷകരുടെ പരാതികൾ പഠന വിധേയമാക്കുന്നുണ്ട്. കർഷകർക്ക് പാലിന് അർഹമായ വില ലഭിക്കുന്നില്ലെന്ന പരാതികൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുന്നുണ്ട്.

പാലിന്റെ രാസഗുണങ്ങളായ കൊഴുപ്പിന്റെയും കൊഴുപ്പിതര ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ഉയർന്ന ഗുണമുള്ള പാലിന് കൂടുതൽ വില ലഭിക്കുന്ന രീതിയിൽ തയ്യാർ ചെയ്ത ചാർട്ട് നിലവിലുണ്ട്.

കർഷകർ സംഘങ്ങളിലെത്തിക്കുന്ന പാലിന്റെ കൊഴുപ്പും കൊഴുപ്പിതര ഘടകങ്ങളും കൃത്യമായി മനസ്സിലാക്കി പാലിന്റെ വില നിർണ്ണയിക്കുന്നതിനായി മലബാറിലെ 414 ക്ഷീര സംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക ക്ഷീര സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

| ക്രമ നമ്പർ | ഇന വിവരം | ധനസഹായ തുക |
|---|---|---|
| 1. | പാൽ സംഭരണ മുറി/ ഗോഡൗൺ | 3,75,000 |
| 2. | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ | 5,25,000 |
| 3. | ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് | 1,10,000 |
| 4. | ട്രാൻസ്പോർട്ടേഷൻ-മിൽക്ക് റൂട്ടിനുള്ള ധനസഹായം | 35,000 |
| 5. | അവശ്യാധിഷ്ഠിത സഹായം | 1,20,000 |
| 6. | ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള സഹായം | 45,000 |
| 7. | പുതിയ ക്ഷീര സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം | 61,500 |
| 8. | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനഃജീവിപ്പിക്കുന്നതിനുള്ള സഹായം | 61,500 |
| 9. | മാനേജീരിയൽ സബ്സിഡി (ക്ഷീരസംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള സഹായം) | |
| 10. | പച്ചപ്പുല്ല്-വയ്ക്കോൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 1,00,000 |

മിൽമയുടെ മേഖലാ യൂണിയനുകൾ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനുമായി വിവിധ പദ്ധതികൾ പ്രാവർത്തികമാക്കി വരുന്നു. മലബാർ മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി, ദേശീയ ക്ഷീരപദ്ധതിക്കു കീഴിൽ ഡാറ്റാ പ്രോസസിംഗ് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, പാൽ പരിശോധന ഉപകരണങ്ങൾ, കെമിക്കലുകൾ എന്നിവ സബ്സിഡിയോടെ നൽകിയിട്ടുണ്ട്. ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. ആവശ്യമായ സംഘങ്ങളിൽ പാൽ തണുപ്പിച്ച് സൂക്ഷിക്കുവാനുള്ള ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചുവരുന്നു. ബൾക്ക് മിൽക്ക്

ക്ലറുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഇന്റർനെറ്റിലൂടെ തത്സമയം ബി.എം.സി.-യുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഫീസിൽ അറിയത്തക്ക വിധമുള്ള സാങ്കേതിക സംവിധാനം ഇത്തരം സംഘങ്ങളിൽ സ്ഥാപിച്ചുവരുന്നു. എറണാകുളം മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളിൽ തന്നെ പാൽ ശീതീകരിക്കുന്നതിനായി സംഘംതലത്തിൽ ബി.എം.സി.-കൾ സ്ഥാപിച്ചിട്ടുണ്ട്. 100 ക്ഷീരസംഘങ്ങൾക്ക് കമ്പ്യൂട്ടർവത്കരണത്തിന് ധനസഹായം നൽകുന്നു. 200 ക്ഷീരസംഘങ്ങളിൽ എ.എം.സി.യു.-കൾ സ്ഥാപിച്ചു. 400 ക്ഷീരസംഘങ്ങൾക്ക് മായം ചേർക്കൽ പരിശോധന കിറ്റുകൾ വിതരണം ചെയ്യുന്നു. ക്ഷീരസംഘങ്ങൾക്ക് കെട്ടിടനിർമ്മാണ ഗ്രാന്റായി 75,000 രൂപ നിരക്കിൽ അനുവദിക്കുന്നു. ക്ഷീര സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്നു. SMART, AMCU തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നു. ക്ഷീരസംഘങ്ങൾക്ക് കെട്ടിട നിർമ്മാണ ധനസഹായമായി മേഖല യൂണിയൻ ഫണ്ടിൽനിന്നും 75,000 രൂപ നൽകിവരുന്നു. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ 19 സംഘങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനും/ പുനരുദ്ധാരണത്തിനുമായി 4 ലക്ഷം രൂപ വീതവും 34 സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഗോഡൗൺ നിർമ്മാണത്തിനുമായി നൽകിയിട്ടുണ്ട്.

**മദ്യ വർജ്ജന നയം**

5(*65) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മദ്യവർജ്ജന നയം സംസ്ഥാനത്തെ മദ്യ ഉപയോഗത്തിൽ എത്രമാത്രം കുറവ് വരുത്തിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നയം വിജയിപ്പിക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ച ബിവറേജസ് ഔട്ട്ലെറ്റുകളുടെയും ബാറുകളുടെയും എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച മദ്യവർജ്ജന നയം പ്രാവർത്തികമായശേഷം മദ്യ ഉപയോഗത്തിൽ മറ്റ് കാലഘട്ടങ്ങളുമായി താരതമ്യം ചെയ്ത് കുറവ് വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2013 ജനവരി മുതൽ 2016 ജൂൺ മാസം വരെയുള്ള അവസാന 42 മാസത്തെ മദ്യ വിൽപ്പനയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള 2016 ജൂലൈ മുതൽ 2019 ഡിസംബർ വരെയുള്ള 42 മാസകാലയളയിലെ മദ്യ വിൽപ്പനയും തമ്മിൽ താരതമ്യം ചെയ്തതിൽ വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 29.62 ലക്ഷം കെയ്സിന്റെയും ബിയറിൽ 3.57 ലക്ഷം കെയ്സിന്റെയും കുറവ് വന്നിട്ടുള്ളതാണ്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ 7500 ഗ്രന്ഥശാലകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും ബോധവൽക്കരണ പ്രചരണ പരിപാടികളും ഭവനസന്ദർശനവും ലഹരിക്കെതിരെ ദീപം തെളിയിക്കൽപോലുള്ള ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികളും സംഘടിപ്പിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് ടി വകുപ്പുമായി ചേർന്ന് പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. താലൂക്കുതലത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ സർവ്വകലാശാല യൂണിയനുകളുമായും, യുവജന സംഘടനകളുമായും ട്രേഡ് യൂണിയനുകളുമായും സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ബിവറേജസ് ഔട്ട്ലെറ്റുകളൊന്നും അനുവദിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്രീ സ്റ്റാറും അതിനു മുകളിലും ക്ലാസിഫിക്കേഷനുള്ള 169 സ്ഥാപനങ്ങൾക്ക് പുതിയതായി ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

## ഗ്രാമ-നഗര ജലവിതരണ പദ്ധതികൾ

6 (*66) ശ്രീമതി യു. പ്രതിഭ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമ-നഗര ജലവിതരണ പദ്ധതികളുടെ വിപുലീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രധാന നഗരങ്ങളിൽ സദാസമയം കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; തലസ്ഥാന നഗരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പുതിയ ജലശുദ്ധീകരണശാലയുടെ പണി പൂർത്തിയായിട്ടുണ്ടോ;

(സി) പ്രതിവർഷം രണ്ട് ലക്ഷം കണക്ഷനുകൾ അധികമായി നൽകുകയെന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന് നടന്നുവരുന്ന പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ;

(ഡി) റിസർവോയറുകളുടെ ശേഷി നിലനിർത്തുന്നതിന് മണ്ണും ചെളിയും നീക്കം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഇ) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമ-നഗര ജലവിതരണ പദ്ധതികളുടെ വിപുലീകരണത്തിനായി ജലലഭ്യതയുള്ള പദ്ധതികളിൽ പൈപ്പ് ലൈനുകൾ നീട്ടിയും ജല ശുദ്ധീകരണശാലയുള്ള പദ്ധതികളിൽ ഡ്യുവൽ ഫിൽറ്റർ മീഡിയ സ്ഥാപിക്കുകയും ജല ശുദ്ധീകരണ ശാലകളുടെ പുനർനിർമ്മാണം നടത്തി ശേഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഗ്രാമീണ പദ്ധതികളിൽ ആളോഹരി ഉപഭോഗം 100 എൽ.പി.സി.ഡി. എന്ന കണക്കിലും നഗര പ്രദേശങ്ങളിൽ ആളോഹരി ഉപഭോഗം 150 എൽ.പി.സി.ഡി. എന്ന കണക്കിലും പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്ത് സ്രോതസ്സുകൾ, ശുദ്ധീകരണ ശാലകൾ, സംഭരണികൾ വിതരണ ശൃംഖലകൾ എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതിനായി KIIFB, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ. - എ.ഡി.എഫ്., എം.പി. - എൽ.എ.ഡി., കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നു. കൂടാതെ 2024 ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നുണ്ട്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. പ്രധാന നഗരങ്ങളിൽ സദാസമയവും ശുദ്ധജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒന്നിലധികം സ്രോതസ്സുകൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 75 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രസ്തുത ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ തിരുവനന്തപുരം നഗരത്തിനും സമീപ പ്രദേശങ്ങൾക്കുമായി 75 എം.എൽ.ഡി. ശുദ്ധജലംകൂടി ലഭ്യമാകും. ഇതുമൂലം തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കും. പ്രസ്തുത ശുദ്ധീകരണശാലയുടെ 75 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ ഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. നെയ്യാർ ഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെനിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിനും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകളിലേയ്ക്കും എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി 60 കോടി രൂപ സ്റ്റേറ്റ് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കലും അനുബന്ധ ഘടകങ്ങൾക്കുമായി കിഫ്ബിയിലൂടെ 206 കോടിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇവയാണ്:

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ.-കൾ (District Metering Area) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.

9. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്. (MIS) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

ADB-യുടെ സഹായമായി 1750 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 750 കോടി രൂപയുമാണ് മൊത്തമായി ഉദ്ദേശിച്ചിട്ടുള്ളത്. 2020-ൽ തുടങ്ങി 2029 വരെയാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കൊല്ലം കോർപ്പറേഷനിൽ 24 മണിക്കൂറും ശുദ്ധജലം എത്തിക്കുന്നതിനായി 100 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല ഉൾപ്പെടെയുള്ള പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. തിരുവല്ല, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കുള്ള വിപുലീകരണ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കിവരുന്നു. കോട്ടയം മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി കിഫ്ബി വഴി ഭരണാനുമതി ലഭിച്ചിരുന്നു. ഇത് 36 ശതമാനം പൂർത്തീകരിച്ചു. ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി കിഫ്ബി വഴി ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ നഗരത്തിൽ പൂർണ്ണ കുടിവെള്ള വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി യുഡിസ്മാറ്റിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ വിതരണ ശൃംഖലയുടെ നവീകരണവും വിപുലീകരണവും ഉന്നതതല ജലസംഭരണികളും ഉൾപ്പെടുന്ന അമൃത്-കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ സദാസമയവും കുടിവെള്ളം ലഭ്യമാവുന്നതാണ്.

ചേർത്തല കുടിവെള്ള പദ്ധതിയുടെ ഭാഗമായ മറവൻതുരുത്തിലുള്ള 400 മീറ്റർ ജി.ആർ.പി. റോവാട്ടർ പമ്പിംഗ് മെയിൻ മാറ്റി എം.എസ്. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി ചേർത്തല നഗരത്തിൽ സദാസമയവും കുടിവെള്ളം ലഭ്യമാവുന്നതാണ്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള ചെങ്ങന്നൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ചെങ്ങന്നൂർ നഗരത്തിൽ സദാസമയവും കുടിവെള്ളം ലഭ്യമാവുന്നതാണ്.

ഹരിപ്പാടിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായ 50 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.ബാക്കി ഘടകങ്ങൾ പൂർത്തിയാകുന്നതോടുകൂടി ഹരിപ്പാട് നഗരത്തിൽ സദാസമയവും കുടിവെള്ളം ലഭ്യമാവുന്നതാണ്.

തൊടുപുഴ മുനിസിപ്പാലിറ്റിക്കുവേണ്ടി കിഫ്ബി പദ്ധതി നടപ്പിലാക്കിവരുന്നു. കൊച്ചി നഗരത്തിൽ സദാസമയം ശുദ്ധജലം ലഭ്യമാക്കുന്നതിലേയ്ക്കായി 216.3 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ഇതിന്റെ ഒന്നാം ഘട്ടമായി സംസ്ഥാന പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി 50 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു ഇടക്കാല വിപുലീകരണ പദ്ധതിയുടെ ഭരണാനുമതി ഫണ്ടില്ലാത്തതിനാൽ നിർത്തലാക്കി.

തൃശ്ശൂർ നഗരസഭയ്ക്കുവേണ്ടി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 131.81 കോടി രൂപയുടെ പദ്ധതികൾ നടത്തിവരുകയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 185 കോടി രൂപയുടെ പദ്ധതികൾ പ്രാരംഭഘട്ടത്തിലുമാണ്.

പാലക്കാട് മുനിസിപ്പാലിറ്റിക്കായി അമൃത് പദ്ധതി വഴി ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ മഞ്ചേരി നഗരസഭയിൽ നിലവിൽ 11 MLD ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നുണ്ട്. മഞ്ചേരി നഗരത്തിൽ സദാസമയം കുടിവെള്ളം ലഭ്യമാക്കുന്നതിലേയ്ക്കായി 72.58 കോടിയുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി കിഫ്ബിവഴി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ

ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മഞ്ചേരി നഗരത്തിൽ സദാസമയം കുടിവെള്ളം ലഭ്യമാവുന്നതാണ്. മലപ്പുറം നഗരസഭയിൽ നിലവിൽ 12 MLD ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നുണ്ട്. നിലവിലെ ആവശ്യകത പരിഗണിച്ച് മലപ്പുറം നഗരത്തിൽ സദാസമയം കുടിവെള്ളം ലഭ്യമാക്കുന്നതിലേയ്ക്കായി 50 കോടിയുടെ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

കോഴിക്കോട് നഗരത്തിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി അമൃത് പദ്ധതിയിലും ജിക്ക പദ്ധതിയിലുമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രതിവർഷം രണ്ട് ലക്ഷം കണക്ഷനുകൾ അധികമായി നൽകുകയെന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനായി പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും നിലവിലുള്ള പദ്ധതികളിൽ നിന്നും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി കണക്ഷൻ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കുവാനുള്ള സംവിധാനവും നടപ്പിലാക്കിവരുന്നുണ്ട്. പ്ലംബർമാർ മുഖേനയല്ലാതെ വാട്ടർ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, എസ്.സി., എസ്.റ്റി., ബി.പി.എൽ. എന്നീ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പൈപ്പ്ലൈനുകൾ ദീർഘിപ്പിക്കുകയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ച് പുതുതായി വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. കൂടാതെ കണക്ഷൻ മേളകൾ നടത്തി കൂടുതൽ കണക്ഷനുകൾ നല്കാൻ ശ്രമിച്ചുവരുന്നുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ കീഴിൽ രണ്ട് ഡാമുകളാണുള്ളത് - പേപ്പാറ ഡാമും അരുവിക്കര ഡാമും. മേൽപ്പറഞ്ഞ ഡാമുകളിൽ അരുവിക്കര ഡാമിന്റെ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി 400 ലക്ഷം രൂപയുടെ ഒരു സോഴ്സ് ഇംപ്രൂവ്മെന്റ് പൈലറ്റ് പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡാമിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതോടൊപ്പം നീക്കം

ചെയ്ത സിൽറ്റിൽ നിന്നും മണൽ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്ന സാങ്കേതികവിദ്യകളുടെ അനുയോജ്യതയും കാര്യക്ഷമതയും പഠന വിധേയമാക്കിയായിരുന്നു പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ജലസേചന വകുപ്പിലെ മംഗലം, ചുള്ളിയാർ ഡാമുകളിൽ ഇതിനകംതന്നെ അംഗീകാരം വാങ്ങിയ SOP അനുസരിച്ച് അതേ മാതൃകയിൽ അരുവിക്കര ഡാമിലെയും ഡിസിൽറ്റേഷൻ നടത്താൻ നിർദ്ദേശം നൽകുകയും അതനുസരിച്ച് സർക്കാർ അപ്രൂവ് ചെയ്ത SOP അനുസരിച്ച് KWA അരുവിക്കര ഡാമിന്റെ ഡിസിൽറ്റേഷനുവേണ്ടി EOI വിളിക്കാനും EOI പ്രകാരം DPR ഉണ്ടാക്കാനും 3-1-2020-ന് കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനിക്കുകയും മുഴുവൻ പ്രദേശത്തേയ്ക്കും ഡിസിൽറ്റേഷനുള്ള അനുമതി സർക്കാർ നൽകിയതിന്റെ അടിസ്ഥാനത്തിൽ അരുവിക്കര ഡാം റിസർവോയറിന്റെ സംഭരണശേഷി വീണ്ടെടുക്കുന്നതിന് മണ്ണും ചെളിയും നീക്കം ചെയ്യാനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാക്കാനുള്ള നടപടികൾ ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഇ) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം IS 10500-2012 പ്രകാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് വേണ്ടിവരുന്ന നടപടികൾ അതത് ഫീൽഡ് ഓഫീസർമാർ സ്വീകരിക്കുന്നുണ്ട്.

## പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അക്കൗണ്ടിലൂടെ നൽകുവാൻ നടപടി

7 (*67) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾ പട്ടികവർഗ്ഗക്കാരിൽ എത്തുന്നില്ലായെന്നും

അവർക്കായി അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് ഇടപെടൽ വേണമെന്ന് കേന്ദ്ര സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ധനസഹായം പട്ടികവർഗ്ഗക്കാരുടെ അക്കൗണ്ടിൽ ലഭിക്കുന്ന വിധത്തിൽ ക്രമീകരണം നടത്തുവാനുള്ള നിർദ്ദേശം പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്ന് കരുതുന്നുണ്ടോ;

(ഡി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെയും ആനുകൂല്യം നേരിട്ട് പട്ടികവർഗ്ഗക്കാരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ചില സർക്കാർ പദ്ധതികളുടെ ആനുകൂല്യം പട്ടികവർഗ്ഗക്കാരിൽ എത്തുന്നില്ലായെന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയായ ജനനി ജന്മരക്ഷ പദ്ധതിയിൽ ഗർഭിണികൾക്ക് അനുവദിക്കുന്ന പ്രതിമാസ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാകാതെയിരുന്നത് ശ്രദ്ധയിൽപ്പെടുകയും ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എല്ലാ നടപടികളും സ്വീകരിക്കുകയുണ്ടായി.

പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ നേരിട്ട് അവരുടെ കൈകളിൽ എത്തിക്കുന്നതിനായി ബാങ്കുകളുമായി ചേർന്ന് ഒരു സ്പെഷ്യൽ ബാങ്ക് അക്കൗണ്ട് ഡ്രൈവ് നടത്തി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിന്റെ ഫലമായി, ബാങ്ക് അക്കൗണ്ട് ഇല്ലാതിരുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയും എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

(ബി) ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് ഇടപെടൽ വേണമെന്ന് നിർദ്ദേശങ്ങളൊന്നും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) ഗുണകരമാണെന്ന് കരുതുന്നുണ്ട്. ഇതിലൂടെ ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സർക്കാർ ഇതിനകം നടപടി സ്വീകരിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം പൂർണ്ണമായും സുതാര്യവും ഗുണപ്രദവുമാക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ബാങ്ക് അക്കൗണ്ട് ഡ്രൈവ് നടത്തി എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ടി അക്കൗണ്ടുകളിലേയ്ക്ക് 'ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ' വഴി ആനുകൂല്യങ്ങൾ നൽകി വരുന്നു.

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരത**

8 (*68) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ഉണ്ണി:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ചാർജിൽ നിന്നുള്ള വരുമാനം ആകെ നടത്തിപ്പുച്ചെലവിന്റെ 47 ശതമാനത്തിനടുത്തു മാത്രമാണെന്നത് വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയെയും പദ്ധതി നിർവ്വഹണത്തെയും ബാധിക്കുമെന്നതിനാൽ പ്രതിസന്ധി മറികടക്കുന്നതിന് ഉദ്ദേശിക്കുന്ന മാർഗ്ഗം അറിയിക്കാമോ;

(ബി) ജലചോർച്ച ഒഴിവാക്കിയാൽ നിലവിലുള്ള വരുമാനത്തിന്റെയത്രതന്നെ അധിക വരുമാനം നേടാനാകുമെന്നതിനാൽ അതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുടിവെള്ള ചാർജിനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള 1111 കോടിയിലധികം വരുന്ന തുകയിൽ ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നുള്ള 870 കോടിയോളം വരുന്ന കുടിശ്ശികയെങ്കിലും വസൂലാക്കുന്നത് ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വെള്ളക്കരം സ്വീകരിക്കുന്ന ഇ-അബാക്കസ് സോഫ്റ്റ്‌വെയർ നവീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ചെലവ് ചുരുക്കലിന്റെ ഭാഗമായി വെള്ളക്കരം അടയ്ക്കുവാൻ ഓൺലൈൻ സംവിധാനങ്ങളും (BBPS etc.) സംസ്ഥാനത്തൊട്ടാകെ POS മെഷീനുകൾ സ്ഥാപിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. ഓൺലൈൻ വഴിയുള്ള വെള്ളക്കരം പ്രോത്സാഹിപ്പിക്കുവാൻ പരിമിതമായ ഇൻസെന്റീവ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

പ്രതിവർഷം രണ്ട് ലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി കണക്ഷൻ എടുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി കണക്ഷൻ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കുവാനുള്ള സംവിധാനവും നടപ്പിലാക്കിവരുന്നുണ്ട്. പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എസ്.സി., എസ്.റ്റി., ബി.പി.എൽ. എന്നീ വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു.

വെള്ളക്കരം അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും തുക അടയ്ക്കാത്തപക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗാർഹികേതര, വ്യാവസായിക, ഗവൺമെന്റ് കണക്ഷനുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പിഴപ്പലിശ ഒഴിവാക്കി, കുടിശ്ശിക തീർപ്പാക്കിവരുന്നു. ഇതോടൊപ്പം തവണകൾ അനുവദിച്ചും വെള്ളക്കരം അടയ്ക്കുവാൻ അനുവാദം നൽകിവരുന്നു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ചമൂലമുണ്ടാകുന്ന നഷ്ടം കുറച്ചുവരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രധാന ലൈനുകളിലും ഉപ ലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അടിയന്തര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോ ഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ, പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി. പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ജലചോർച്ചയുടെ അളവ് ഘട്ടം ഘട്ടമായി കുറച്ച് അധികവരുമാനം നേടാനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്; ഇതിൽ ഭൂരിഭാഗവും പലിശയും പിഴ പലിശയും ഉൾപ്പെട്ടതാണ്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക വളരെ കുറവാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻതലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. വെള്ളക്കരം അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും തുക അടയ്ക്കാത്ത പക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക തീർപ്പാക്കിവരുന്നു. ഇതോടൊപ്പം തവണകൾ അനുവദിച്ചും വെള്ളക്കരം അടയ്ക്കുവാൻ അനുവാദം നൽകിവരുന്നു. ദീർഘനാളായി കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പരാതികൾ പരിഹരിച്ച് വെള്ളക്കരം അടപ്പിക്കുവാൻ സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളിലും റവന്യൂ അദാലത്ത് സംഘടിപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20 സാമ്പത്തികവർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും നാളിതുവരെ 359.03 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 125.69 കോടി രൂപയും 12/2019 വരെ പിരിച്ചെടുത്തിട്ടുണ്ട്.

## തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

9 (*69) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ നയം പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റായ അസെൻഡ് 2020-ൽ തോട്ടം മേഖലയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) അസെൻഡ് 2020-ൽ അവതരിപ്പിച്ച പദ്ധതികളിൽ തോട്ടം മേഖലയിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കടമ്പകൾ ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയത്തിന്റെ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും താഴെപ്പറയുന്നവയാണ്:

1. തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.

2. തോട്ടംമേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.

3. സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.

4. ചികിത്സാ സൗകര്യങ്ങൾ
5. തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.
6. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.
7. സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പു വരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി.
8. തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ.
9. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.
10. തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.
11. തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും.
12. തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കണം.
13. ജലസംരക്ഷണം.
14. സാമൂഹ്യ വനവൽക്കരണ പദ്ധതി
15. പുനർനിർമ്മിക്കാവുന്ന ഊർജ്ജം.
16. ടൂറിസം
17. തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കും.
18. കോ-ഓർഡിനേഷൻ സമിതി
19. പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനികവൽക്കരിക്കും.
20. തോട്ടംതൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും.

21. പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്കുകൂടി ലഭ്യമാക്കും.

22. കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും.

23. ഇൻഷ്വറൻസ് പരിരക്ഷ.

പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

(ബി&സി) അസെൻഡ് 2020-ൽ തോട്ടം മേഖലയ്ക്ക് മാത്രമായി കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന തരത്തിൽ പ്രഖ്യാപനങ്ങളോ പദ്ധതികളോ ഒന്നുതന്നെ നടത്തിയിട്ടില്ല.

(ഡി) ഉണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കടമ്പകൾ ഉണ്ടാകുന്ന സാഹചര്യം തരണം ചെയ്യുന്നത് സംബന്ധിച്ച കരട് പ്ലാന്റേഷൻ നയത്തിന്മേലുള്ള കൂടുതൽ ചർച്ചകളിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങൾക്കും ഈ മേഖലയിലെ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾക്കും അനുസരിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വാത്സല്യനിധി പദ്ധതി

10 (*70) <u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി എന്ന പേരിൽ സാമൂഹ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയവ ഉറപ്പാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ പദ്ധതിപ്രകാരം ഓരോ പെൺകുട്ടിക്കും എത്ര തുകയാണ് ലഭിക്കുന്നതെന്നും അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിലായി പട്ടികജാതി വികസന വകുപ്പ്, എൽ.ഐ.സി. ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് തിരിച്ച് നൽകുന്നു.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക | പ്രീമിയം |
|---|---|---|
| 1. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം.<br>2. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 39,000 | I |
| 1. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം.<br>2. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000 | II |
| അഞ്ചാം തരത്തിലേയ്ക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. | 33,000 | III |
| പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. | 30,000 | IV |

കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കുംഎൽ.ഐ.സി. വഴി ആനുകൂല്യങ്ങൾ ലഭിക്കുന്നു.

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000 രൂപ |
| | അപകട മരണം | 4,00,000 രൂപ |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000 രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 രൂപ |

| | | |
|---|---|---|
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 രൂപ |
| | അപകട മരണം | 30,000 രൂപ |
| കുട്ടി | സാധാരണ മരണം | 300000-ൽ നിന്നും കുട്ടിയുടെ പ്രീമിയമായി അടയ്ക്കുവാൻ ബാക്കിയുള്ള തുക കുറച്ചതിന്റെ ബാക്കിത്തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനുശേഷം മാത്രം ബാധകമായിരിക്കും) 8 വയസ്സിന് ശേഷമാണ് ഇൻഷ്വറൻസ് കവറേജ് |
| | അപകട മരണം | |

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9, 10, 11, 12 | 1200 രൂപ ഓരോ വർഷവും |
| സഹോദരനോ/ സഹോദരിക്കോ | 9, 10, 11, 12 | 1200 രൂപ ഓരോ വർഷവും |

## വനമേഖലയിലെ ആദിവാസികളെ കുടിയൊഴിപ്പിക്കുന്ന നടപടി

11 (*71) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ വസിക്കുന്ന ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വനമേഖലയിൽപ്പെട്ട വരെയാണ് ഇത്തരത്തിൽ കുടിയൊഴിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) വനഭൂമിയിൽ കൈവശാവകാശ രേഖ ലഭിച്ച ഇവരെ വനത്തിൽനിന്നും ഇറക്കിവിടാൻ നിയമമില്ലാത്ത സാഹചര്യത്തിൽ ഇവർക്കുള്ള വൈദ്യുതിയും ഗതാഗത സംവിധാനവും തടയുന്ന നടപടി അവസാനിപ്പിക്കുമോ; വിശദമാക്കുമോ;

(സി) വനവിഭവങ്ങൾ ശേഖരിച്ചും പ്രത്യേക ആചാരങ്ങളിലും സംസ്കാരത്തിലും ജീവിക്കുകയും ചെയ്യുന്ന ആദിവാസികളെ വനഭൂമിയിൽ നിന്നും പുറത്താക്കുന്ന നടപടി പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനമേഖലയിൽ വസിക്കുന്ന ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിന് വനം വകുപ്പ് തീരുമാനം ഒന്നും എടുത്തിട്ടില്ല. വനാവകാശം അനുവദിക്കുന്നതിന് സമർപ്പിച്ചതും എന്നാൽ നിരസിച്ചതുമായ അപേക്ഷകളിൽ ഉൾപ്പെട്ട ഭൂമികളിലെ ആദിവാസികളെ ഒഴിപ്പിക്കുന്നതിന് WP(C)No.109/2008 നമ്പർ കേസ്സിൽ 13-2-2019-ൽ ബഹു. സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തിഗത വനാവകാശം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 39999 അപേക്ഷകളിൽ നിയമപ്രകാരമുള്ള എല്ലാ പരിശോധനയും നടത്തിയതിനുശേഷമാണ് 894 അപേക്ഷകൾ നിരസിച്ചിട്ടുള്ളത്. മേൽ അപേക്ഷകൾ നിരസിക്കപ്പെട്ടത് അപേക്ഷകർ ആവശ്യമുന്നയിച്ച ഭൂമി 13-12-2005-ന് മുമ്പായി കൈവശം വയ്ക്കാത്ത സാഹചര്യത്തിലും, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി നിലവിലില്ലാത്തതിനാലും, ഒരേ സ്ഥലത്തിനുതന്നെ ഒന്നിലേറെ അപേക്ഷകൾ സമർപ്പിക്കപ്പെട്ടതിനാലും ആവശ്യമുന്നയിച്ച ഭൂമിയിൽ പിന്തുടർച്ചാവകാശ തർക്കം നിലനിൽക്കുന്നതുൾപ്പെടെയുള്ള കാരണങ്ങളാലാണ്. ആയതിനാൽ നിരസിക്കപ്പെട്ട അപേക്ഷകളിൽ ഉൾപ്പെട്ടത് കൈയ്യേറ്റ ഭൂമിയാണെന്ന് തീർത്തും പറയാനാവില്ല. ആയതിനാൽ, വനമേഖലയിലെ ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല.

(ബി) കൈവശാവകാശരേഖ ലഭിച്ച ആദിവാസി കുടുംബങ്ങളെ വനത്തിൽനിന്നും ഇറക്കി വിടുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. വനാവകാശ

നിയമവുമായി ബന്ധപ്പെട്ട് വൈദ്യുതി, ഗതാഗത സംവിധാനം മുതലായ സാമൂഹിക വികസനാവശ്യങ്ങളുമായി ബന്ധപ്പെട്ട് 639 ഓളം പദ്ധതികൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ, വൈദ്യുതിയും ഗതാഗത സംവിധാനവും തടയുന്ന സമീപനമല്ല വനം വകുപ്പ് ഈ കാര്യത്തിൽ കൈക്കൊണ്ടുവരുന്നത്.

(സി) ചോദ്യം (എ)-ലെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## സ്കൂൾ പരിസരങ്ങളിലെ ലഹരി വില്പന

12 (*72) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>ശ്രീ. കെ. എൻ. എ. ഖാദർ</u>:
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ വില്പന സർക്കാർ ഗൗരവപൂർവ്വം കാണുന്നുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള വില്പനക്കാർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി കേസെടുക്കാനുള്ള അനുമതി സംബന്ധിച്ച സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ;

(സി) എക്സൈസ് വകുപ്പ് ഇതുസംബന്ധിച്ച കത്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് സമർപ്പിച്ചുവെന്നും ആയതിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. റ്റി. പി. രാമകൃഷ്ണൻ)</u>:

(എ) ഗൗരവമായി കാണുന്നുണ്ട്. ഷാഡോ എക്സൈസ് ടീമുകളെയും എക്സൈസ് ഇന്റലിജൻസ് വിഭാഗത്തെയും ഉപയോഗപ്പെടുത്തി സ്കൂൾ കോളേജ് പരിസരങ്ങളിൽ കർശനമായ നിരീക്ഷണം നടത്തിവരുന്നു. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള ഓരോ എക്സൈസ് ഉദ്യോഗസ്ഥർക്കും ചുമതല നൽകിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്ന വില്പന കേന്ദ്രങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര നിയമമായ The Juvenile Justice (Care and Protection of Children)Act 2015-ലെ 77, 78 വകുപ്പുകൾ പ്രകാരം കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ നൽകുന്നവർക്കെതിരെ പോലീസ് വകുപ്പിന് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം എക്സൈസ് വകുപ്പിനുംകൂടി നൽകുന്നതിലേയ്ക്കായി The Juvenile Justice (Care and Protection of Children)Model Rules, 2016-ലെ Rule 56 Sub-rule 1, Rule 57 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) 3-10-2016-ലെ ഇ.എക്സ്.സി./4054/2016/എക്സ്.എ.1 നമ്പർ കത്ത് മുഖേന എക്സൈസ് വകുപ്പ് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

The Juvenile Justice (Care and Protection of Children)Act 2015 ഒരു കേന്ദ്ര നിയമമായതിനാൽ ടി വിഷയത്തിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനുമാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ അപ്രകാരം ഭേദഗതി വരുത്തുന്നതിന് 17-5-2018-ലെ 60/G2/2017/TD കത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

13 (*73) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ.വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബോർഡ് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അവ ക്ഷീരകർഷകർക്ക് ആശ്വാസദായകമാണോയെന്നും അറിയിക്കുമോ;

(സി) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനാ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ അംഗത്വ നടപടികൾ, പെൻഷൻ നടപടികൾ എന്നിവ ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പെൻഷനും മറ്റ് ധനസഹായങ്ങളും നൽകുന്നതിനുംവേണ്ടി കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് താഴെപ്പറയും പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(a) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണ സമിതിയിൽനിന്നും ക്ഷീരകർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേർ.

(b) പരമ്പരാഗത പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ.

(c) ക്ഷീരവികസന വകുപ്പ് ഡയറക്ടർ.

(d) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്നുപേർ.

(e) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ്- ഒഫീഷ്യോ)

(f) മിൽമ ചെയർമാൻ.

ബോർഡിലെ ഡയറക്ടർമാരിൽനിന്നും ഒരാളെ സർക്കാർ ചെയർമാനായി നിയമിക്കുന്നു. നിലവിലുള്ള ബോർഡിൽ 12 അംഗങ്ങളാണുള്ളത്. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ക്ഷേമനിധി ചട്ടം 21 പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിയാണ്. ക്ഷീരവികസന വകുപ്പിലെ 14 ജില്ലകളിലുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലുള്ള ഗുണനിയന്ത്രണ ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധിയുടെ ജില്ലാ നോഡൽ ഓഫീസർമാരായി പ്രവർത്തിച്ചുവരുന്നു. ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിലെ ക്ഷീരവികസന ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധിയുടെ ബ്ലോക്ക് നോഡൽ ഓഫീസർമാരായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെയും ക്ഷീരവികസന വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുടെയും സേവനവും ക്ഷേമനിധി പ്രയോജനപ്പെടുത്തിവരുന്നു. ക്ഷീരകർഷകരിൽനിന്നും ക്ഷീരസംഘങ്ങളിൽനിന്നും മിൽമയിൽ നിന്നുമുള്ള അംശദായമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാനം. അംശദായം താഴെപ്പറയും പ്രകാരമാണ് കണക്കാക്കുന്നത്.

പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20 രൂപ, ക്ഷീരസംഘങ്ങൾ സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന പാലിന്റെ വിപണനവിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന പാലിന്റെ വിപണന വിലയുടെ 0.3%, മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% എന്ന നിരക്കിൽ അംശദായമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക, എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഭാരതത്തിൽ മറ്റ് സംസ്ഥാനങ്ങൾക്കു മാതൃകയായി ക്ഷേമനിധി ആരംഭിച്ചത്. ക്ഷീരകർഷകർക്ക് ആശ്വാസദായകമായി പെൻഷൻ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡിൽനിന്നും നൽകിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്രതിമാസം 1200 രൂപ നിരക്കിൽ പെൻഷൻ, അവശതാ പെൻഷൻ എന്നിവ അനുവദിച്ചുവരുന്നു. പെൻഷണർ മരണപ്പെടുന്ന വേളയിൽ പെൻഷണറുടെ അനന്തരവകാശിക്ക് പ്രതിമാസം 550 രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകിവരുന്നു. ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിന് 3,000 രൂപ മരണാനന്തര സഹായമായും നൽകുന്നുണ്ട്. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, പ്രൊഫഷണൽ കോഴ്സ് എന്നീ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് യഥാക്രമം 1,000, 1,500, 2,000, 2,500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് അപകടമരണത്തിനും മറ്റ് ചികിത്സകൾക്കുമായി ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം അപകട മരണ ധനസഹായമായി 50,000 രൂപയും അപകടം, സ്ട്രോക്ക് എന്നിവമൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് പരമാവധി 10,000 രൂപയും മാരക രോഗങ്ങൾക്കുള്ള ധനസഹായമായി പരമാവധി 15,000 രൂപയും പകർച്ചവ്യാധി, പശുപരിപാലനത്തിനിടെ ഉണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾ, പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്ക് ചികിത്സാ ധനസഹായമായി പരമാവധി 2,000 രൂപയും അനുവദിക്കുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും മികച്ച ക്ഷീരകർഷകന് 5,000 രൂപയും സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകനായി തെരഞ്ഞെടുക്കപ്പെടുന്ന ക്ഷീരകർഷകന് 10,000 രൂപയും പുരസ്കാരവും നൽകുന്നുണ്ട്.

(സി) ഉണ്ട്. ക്ഷീരകർഷക ക്ഷേമനിധി നിയമപ്രകാരം 12 അംഗ ബോർഡാണ് ക്ഷേമനിധി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടത്. നിലവിൽ ബോർഡ് ഇപ്രകാരം പ്രവർത്തിച്ചുവരുന്നു.

(ഡി) ഉണ്ട്. ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നത് മുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും "ക്ഷീരജാലകം" എന്ന സോഫ്റ്റ്‌വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്.

## വന്യമൃഗശല്യം തടയാൻ പ്രതിരോധമാർഗ്ഗങ്ങൾ

14 (*74) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണം ഫലപ്രദമായി തടഞ്ഞതിനെത്തുടർന്ന് വനവിസ്തൃതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വന്യജീവികൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്കിറങ്ങുന്നത് വർദ്ധിച്ചുവരുന്നത് പഠനവിധേയമാക്കിയിരുന്നോ; വിശദമാക്കാമോ;

(ബി) മലയോരപ്രദേശങ്ങളിൽ ആന, കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ ശല്യം വർദ്ധിച്ചുവരുന്നതോടൊപ്പം കാട്ടുപോത്തുകൾ കൂടി നാട്ടിലേയ്ക്കിറങ്ങുന്ന ആശങ്കാജനകമായ സ്ഥിതി കണക്കിലെടുത്ത് വന്യജീവി സങ്കേതങ്ങളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിച്ചുവന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങേണ്ട സാഹചര്യം കുറയ്ക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതി ഫലവത്തായ രീതിയിൽ നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിവരുന്നു.

(ബി) വന്യജീവികൾക്ക് കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത കൂട്ടുന്നതിനായി ഗള്ളി പ്ലഗ്ഗിംഗ്, ചെക്ക് ഡാമുകൾ, കുളങ്ങൾ, തടയണകൾ,

നീർച്ചാലുകൾ തുടങ്ങിയവ വൃത്തിയാക്കുകയും വയൽ മെയിന്റനൻസ് നടത്തുകയും ചെയ്തുവരുന്നു. കൂടാതെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ വർഷംതോറും നടത്തിവരികയും ചെയ്യുന്നു. തന്മൂലം, ജലലഭ്യത, തീറ്റ ലഭ്യത എന്നിവ ഉറപ്പാക്കാൻ നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷങ്ങൾ ഉണങ്ങിപ്പോകാതെ സംരക്ഷിക്കുവാനും കഴിയുന്നു.

കാടിനുള്ളിൽ തടയണകൾ നിർമ്മിച്ച് മൃഗങ്ങൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി വിവിധ ഡിവിഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) വനാതിർത്തികളിൽ കിടങ്ങുകൾ, സൗരോർജ്ജ വേലികൾ, കയ്യാലകൾ, കരിങ്കൽ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച്, ജനപങ്കാളിത്തത്തോടെ, ഇ.ഡി.സി.-കൾ മുഖേന സംരക്ഷിച്ചുവരുന്നു. കൂടാതെ, ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.-കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നു. ടി പ്രദേശങ്ങളിൽ മുന്നറിയിപ്പ് നല്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനവും ആന വാച്ചർമാരുടെ സേവനവും നടപ്പിലാക്കിയിട്ടുണ്ട്.

## മദ്യ വിൽപ്പനശാലകൾ ഒന്നാംതീയതി തുറക്കുവാനുള്ള തീരുമാനം

15 (*75) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മാസവും ഒന്നാംതീയതിയിലും ബാറുകളും സർക്കാർ അംഗീകൃത മദ്യ വിൽപനശാലകളും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ തീരുമാനം എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ നടപടിയിലൂടെ എത്ര വരുമാനമാണ് പ്രതീക്ഷിക്കുന്നത്; പുതിയ തീരുമാനത്തിലൂടെ എത്ര അധിക അളവ് മദ്യമാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇല്ല.

(ബി&സി) ബാധകമല്ല

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിന് നടപടി

16(*76) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനും ആന്റി-നാർകോർട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തനംമൂലം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷനായുള്ള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും ആയത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വനമേഖലയിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിനായി ആർ.പി.എഫ്.-ന്റെയും ഏകോപനം KANSAF നടത്തിവരുന്നു. ടി പ്രവർത്തനങ്ങളുടെ ഫലമായി ലഹരിവസ്തുക്കൾ കണ്ടെത്തുന്നതിനും ആയതിൽ പങ്കാളികളായിട്ടുള്ളവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും കഴിയുന്നു.

## വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക പ്രതിസന്ധി

17 (*77) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കനത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; ഇതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വാട്ടർ അതോറിറ്റി ചെലവ് ചുരുക്കൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നിലവിലുള്ള ഏതെങ്കിലും തസ്തിക നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) തസ്തിക നിർത്തലാക്കുന്നതിനോടൊപ്പം വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും ഓഫീസുകൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് അടിയന്തിരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവകാലം മുതൽ തന്നെ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ സഹായകമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വെള്ളക്കരമാണ് ജലഅതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. അവസാനമായി താരീഫ് പുതുക്കിയത് 2014-ലാണ്. 1-10-2014 പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതും വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.

സംഭരണ ശുദ്ധീകരണ വിതരണവുമായി ബന്ധപ്പെട്ട ഒരു കിലോ ലിറ്റർ വെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 23.72 രൂപ ചെലവുവരുന്നു. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന ശരാശരി വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. മിനിമം ചാർജ്ജായി വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 4 രൂപയാണ് (ഏറ്റവും ചെറിയ സ്ലാബ്). ഇത്തരത്തിൽ ജലശുദ്ധീകരണത്തിലും വിതരണത്തിലും വരുന്ന ചെലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ള വിതരണം ചെയ്യുന്നതുവഴി കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് വന്നിട്ടുണ്ട്.

(ബി) ഉണ്ട്.

വാട്ടർ അതോറിറ്റിയിൽ ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥയിൽ കുടിശ്ശിക ഒടുക്കുവാനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ (2019-20) സാമ്പത്തികവർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും 364.36 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 123.55 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ റിങ്ങ്, ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. കൂടാതെ നേരിയ തോതിലുള്ള വെള്ളക്കര വർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിച്ച് നൽകണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ പ്രൊപ്പോസൽ, ഉപഭോക്താക്കൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.

## തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

18(*78) ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേജ് കോഡ് ഉൾപ്പെടെയുള്ള വിവിധ നിയമങ്ങളിലൂടെ കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ സാഹചര്യം സൃഷ്ടിച്ചുകൊണ്ടും വിവിധ തൊഴിൽമേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടും യഥാസമയം പുതുക്കി നിശ്ചയിക്കുകയും അവ പ്രാവർത്തികമാകുന്നെന്ന് ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ടും തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) മുത്തൂറ്റ് ഫിനാൻസ് നിക്ഷേപകരെന്ന ലേബലിൽ തൊഴിലാളികളെയും മറ്റു ഭരണ സംവിധാനങ്ങളെയും പരസ്യമായി വെല്ലുവിളിക്കുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് നടത്തുന്ന ശ്രമം അറിയിക്കാമോ;

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും ഐ.ടി. മേഖലയിലുൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളും തൊഴിലാളികളുടെ മൗലികാവകാശമായ സംഘടനാ സ്വാതന്ത്ര്യം അനുവദിക്കാത്ത സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളെപ്പോലെ ഇവയ്ക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 37 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 5 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. 11 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായും 1 മേഖലയിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുന്നതിനായും പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. മിനിമം വേതനം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

(ബി) മുത്തൂറ്റ് ഫിനാൻസിലെ തൊഴിൽ സമരം ഒത്തു തീർപ്പാക്കുന്നതിനുവേണ്ടി ഹൈക്കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ 10-10-2019-ന് ഉണ്ടാക്കിയ ത്രികക്ഷികരാർ ലംഘിച്ചുകൊണ്ട് ജീവനക്കാരെ പിരിച്ചുവിടാനും, ബ്രാഞ്ചുകൾ അടച്ചുപൂട്ടാനും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും

നീക്കമുണ്ടായി. ഇതിനെതിരെ 26-10-2019-ന് നോൺ ബാങ്കിംഗ് & പ്രൈവറ്റ് ഫിനാൻസ് അസോഷിയേഷൻ (സി.ഐ.റ്റി.യു.) നൽകിയ പരാതിയിൽ പ്രശ്നപരിഹാരത്തിന് ലേബർ കമ്മീഷണർ തലത്തിൽ മീറ്റിംഗ് ക്രമീകരിച്ചു. പ്രസ്തുത മീറ്റിംഗിൽ യൂണിയൻ പ്രതിനിധികൾ ഹാജരായെങ്കിലും മാനേജ്മെന്റ് ഹാജരാകാതെ അവധി അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് 11-12-2019, 19-12-2019, 21-12-2019 എന്നീ തീയതികളിൽ ചർച്ചകൾ ക്രമീകരിച്ചുവെങ്കിലും ബ്രാഞ്ചുകൾ പൂട്ടുന്ന കാര്യത്തിലും തൊഴിലാളികളെ പിരിച്ചു വിടുന്ന കാര്യത്തിലും എടുത്ത തീരുമാനത്തിൽനിന്ന് പിന്നോട്ടില്ലെന്ന് മാനേജ്മെന്റ് പ്രതിനിധി അറിയിച്ചതിനാൽ പ്രശ്നം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞില്ല. മുത്തൂറ്റ് ഫിനാൻസിന്റെ കേരളത്തിലെ 43 ശാഖകൾ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25-ഒ(1)ലെ വ്യവസ്ഥകൾ പാലിക്കാതെ അടച്ചുപൂട്ടിയത് ടി നിയമത്തിലെ വകുപ്പ് 25 ആർ(1) പ്രകാരം ശിക്ഷാർഹമാണെന്ന് കാണിച്ച് 30-12-2019-ന് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് മാനേജിംഗ് ഡയറക്ടർക്ക് നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് 31-12-2019-ന് ബഹു.തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലും ടി വിഷയം പുനഃപരിശോധിക്കാൻ തയ്യാറല്ലെന്ന് മാനേജ്മെന്റ് അറിയിച്ചതിനാൽ പ്രശ്നം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞില്ല.

മുത്തൂറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ സമരം തുടരുന്ന സാഹചര്യത്തിൽ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് മുത്തൂറ്റ് മാനേജ്മെന്റ് ഫയൽ ചെയ്ത WP(S) 602/2020 നമ്പർ കേസ്സിൽ ഹൈക്കോടതിയുടെ 10-1-2020-ലെ ഉത്തരവ് പ്രകാരം ഒരു അനുരഞ്ജന യോഗം എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 14-1-2020-ന് ക്രമീകരിച്ചുവെങ്കിലും പ്രസ്തുത യോഗത്തിലും മാനേജ്മെന്റ്-തൊഴിലാളി പ്രതിനിധികൾ നിലപാടുകളിൽ ഉറച്ചുനിന്നതിനാൽ പ്രശ്നത്തിന് പരിഹാരമുണ്ടായില്ല. തുടർന്ന് 20-1-2020-ൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ക്രമീകരിച്ച യോഗത്തിൽ തൊഴിലാളി യൂണിയന്റെ ആവശ്യം ബോർഡ് മീറ്റിംഗിൽ അവതരിപ്പിക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചതിനെത്തുടർന്ന് 30-1-2020-ന് അടുത്ത മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിൽ പിരിച്ചുവിട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.), അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ ഹൈക്കോടതി നിയോഗിച്ച നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ ശിപാർശ ചെയ്തു. ടി ശിപാർശ ടോപ്പ് മാനേജ്മെന്റിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കുമെന്നും തൊഴിലുടമ പ്രതിനിധി അറിയിച്ചു. ടി നിർദ്ദേശം യൂണിയൻ അംഗീകരിക്കുകയും 7-2-2020-ന്

ഹൈക്കോടതി ഈ വിഷയം സംബന്ധിച്ച കേസ്സ് പരിഗണിക്കുന്നതിനാൽ മാനേജ്മെന്റിന്റെ തീരുമാനം അറിയുന്നതിനായി 6-2-2020-ന് അടുത്ത യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കുന്നതിനായി കേരള ഷോപ്പ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്കുകീഴിൽ വരുന്ന തൊഴിൽ മേഖലകളിലെ സ്ഥാപനങ്ങൾക്ക് 2017 മുതൽ തൊഴിൽ വകുപ്പ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017, 2018 വർഷങ്ങളിലെ ഗ്രേഡിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 വർഷത്തിൽ ഐ.ടി. മേഖല ഉൾപ്പെട്ടിരുന്നുവെങ്കിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് 2018 വർഷത്തിൽ ഐ.റ്റി. സ്ഥാപനങ്ങളോടൊപ്പം കടകളും, വാണിജ്യ സ്ഥാപനങ്ങളും എന്ന നിർവ്വചനത്തിനു കീഴിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയാണ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വിതരണം

19(*79) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. സി. കമറുദ്ദീൻ :
ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ നിലവിൽ നർകോട്ടിക് ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുമ്പോൾ പ്രതികൾ ചെറിയ പിഴ നൽകി ഒഴിവായ ശേഷം വീണ്ടും ലഹരി കച്ചവടം നടത്തുന്നതായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സന്ദർഭങ്ങളിൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് പ്രകാരം കേസ്സെടുക്കുവാൻ അനുവദിക്കണമെന്ന് എക്സൈസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ ലഹരി വ്യാപാരം കർശനമായി തടയുന്നതിന് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുക്കുന്നതിന് അനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനാലാണ് കേന്ദ്ര നിയമമായ The Juvenile Justice (Care and Protection of Children)Act 2015-ലെ 77, 78 വകുപ്പുകൾ പ്രകാരം കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ നൽകുന്നവർക്കെതിരെ പോലീസ് വകുപ്പിന് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം, എക്സൈസ് വകുപ്പിനുംകൂടി നൽകുന്നതിലേയ്ക്കായി The Juvenile Justice (Care and Protection of Children)Model Rules, 2016-ലെ Rule 56 Sub-rule 1, Rule 57 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## പട്ടിക ഗോത്രവർഗക്കാരുടെ സമഗ്ര ആരോഗ്യ പരിരക്ഷ

20 (*80) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗക്കാർക്കിടയിലെ മാതൃ-ശിശു മരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും പോഷകാഹാരക്കുറവും പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(സി) പട്ടിക ഗോത്രവർഗ്ഗക്കാരുടെ, വിശേഷിച്ചുവനത്തിനുള്ളിൽ വസിക്കുന്ന പ്രാക്തന ഗോത്രവർഗക്കാരുടെ സമഗ്ര ആരോഗ്യ പരിരക്ഷക്കായി ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടിക ഗോത്രവർഗ്ഗക്കാർക്കിടയിലെ മാതൃ-ശിശു മരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി "ജനനീ - ജന്മരക്ഷാ" പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയുംവരെ പ്രതിമാസ ധനസഹായം നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിമാസ ധനസഹായം 1000 രൂപയിൽനിന്നും 2000 രൂപയായി വർദ്ധിപ്പിച്ചു. ഇതുവരെ 38140 പേർക്കായി 53.23 കോടി രൂപ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഓണക്കാലത്ത് ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. ഈ സാമ്പത്തികവർഷം 25 കോടി രൂപ ഇതിനായി വകയിരുത്തി. ഭക്ഷ്യ സഹായ പദ്ധതിയുടെ ആനുകൂല്യം 80606 പേർക്ക് ലഭിച്ചു. 160090 പേർക്ക് ഓണക്കിറ്റ് വിതരണം നടത്തി.

- സാമൂഹ്യനീതി വകുപ്പിനുകീഴിൽ അങ്കണവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സഫല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകാഹാര അപര്യാപ്തത ഉള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടത്തിവരുന്നു. കുട്ടികൾക്കായി "അമൃതം" ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.

- ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനത്തിലൂടെ 2019-ൽ ശിശുമരണം 7 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2013-ൽ 31 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ടായിരുന്നു. കൂടാതെ അബോർഷൻ കേസ്സുകൾ 77-ൽ നിന്ന് 21 ആയും ഗർഭസ്ഥ ശിശുമരണം 18-ൽ നിന്ന് 2 ആയും ഹോം ഡെലിവറി 64-ൽ നിന്ന് 3 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി)

- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പ്രകാരം 1,02,000 പേർക്കായി ആകെ 91.31

കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 17.46 കോടി രൂപ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 55981 പേർക്ക് ചികിത്സാ ധനസഹായമായാണ് അനുവദിച്ചിട്ടുള്ളത്.

- പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും, ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd) കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 812.71 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

- മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു.

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസഹായം 2,000 രൂപയിൽ നിന്നും 2,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2838 പേർക്ക് 7.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു.

- അട്ടപ്പാടി മേഖലയിൽ പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC-കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു.

- അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു.

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

- അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു.

(സി)

- സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്രപുരോഗതിക്കും വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി. പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കു മാത്രമായി 20,94,32,329 രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- കൂടാതെ വർഷാവർഷം അടിയ-പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വനപ്രദേശത്തുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ പ്രയോജനം യഥാസമയം ലഭ്യമാകുന്നുണ്ട്. വകുപ്പിന് കീഴിലുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ വനത്തിനുള്ളിലുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾക്ക് പ്രാമുഖ്യം നൽകുന്നു.

## അണക്കെട്ടുകളിലെയും പുഴകളിലെയും മണൽ വാരൽ

21 (*81) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയംമൂലം സംസ്ഥാനത്തെ അണക്കെട്ടുകളിലും പുഴകളിലും വൻതോതിൽ മണൽ അടിഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മണൽ വാരി വിൽക്കുന്നതുവഴിയുള്ള വരുമാനം നികുതിയേതര വരുമാനമായി മാറ്റണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) മണൽ വാരുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ആയതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡാമുകളിൽ നിന്നും മണൽ വാരുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കിയിരുന്നോ;

(ഇ) ഏതൊക്കെ ഡാമുകളിൽ നിന്നുമാണ് മണൽ വാരിയതെന്നും അതിലൂടെ എന്ത് തുക ലഭിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണോ; ഈ മണൽ വാരൽ ലാഭകരമായിരുന്നോ; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) പ്രസ്തുത വരുമാനം നികുതിയേതര വരുമാനമാണ്.

(സി) ഉണ്ട്. 26-9-2017-ലെ സ.ഉ.(കൈ)നമ്പർ79/2017/ജവിവ, 14-5-2019-ലെ സ.ഉ.(കൈ)നം.14/2019/ജവിവ, 7-1-2020-ലെ സ.ഉ.(കൈ) നമ്പർ2/2020/ ജവിവ, 16-10-2019-ലെ 3-ാമത് എംപവേർഡ് കമ്മിറ്റിയുടെ യോഗനടപടി കുറിപ്പ് എന്നിവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇല്ല. ജലസേചന വകുപ്പ് നാളിതുവരെ ഡാമുകളിൽ നിന്ന് മണൽ വാരൽ നടപ്പാക്കിയിട്ടില്ല.

## പട്ടികജാതി-പട്ടിക ഗോത്രങ്ങളിൽപ്പെട്ട ഭവനരഹിതർ

22 (*82) ശ്രീ. ബി. സത്യൻ:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടിക ഗോത്രങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും ആയി ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; ഈ സർക്കാരിന്റെ കാലത്തുതന്നെ ഭവനരഹിതർക്കെല്ലാം വീട് നൽകുന്നതിനായുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിൽപ്പെട്ടിട്ടില്ലാത്തതും എന്നാൽ ജീർണ്ണിച്ചതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിനും പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്ന വീടുകൾ ഉൾപ്പെടെ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ലൈഫ് മിഷൻ തയ്യാറാക്കിയ കണക്കുപ്രകാരം സംസ്ഥാനത്ത് വാസയോഗ്യമല്ലാത്ത വീടില്ലാത്തവർ ഉൾപ്പെടെ ഭവനരഹിതരായ 20948 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇതിനുപുറമേ ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെടാത്ത ഭവനനിർമ്മാണ ധനസഹായത്തിന് അർഹതയുള്ള ഭവനരഹിതരായ 40590 പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് കണക്കാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലൈഫ് മിഷന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 20948 പേരിൽ 9160 പേർ കരാർ വച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 5230 പേർ നിർമ്മാണം പൂർത്തീകരിച്ചു.

ലൈഫ് മിഷൻ തയ്യാറാക്കിയ കണക്കുപ്രകാരം ഭൂമിയുള്ള ഭവനരഹിതരായ 5631 പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിനുപുറമെ ഒരു റേഷൻ കാർഡിന് ഒരു വീടെന്ന മാനദണ്ഡത്തിലും 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാവരുതെന്ന മാനദണ്ഡത്തിലും ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മുഖേന നടത്തിയ സർവ്വേ പ്രകാരം സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള 14123 പട്ടികവർഗ്ഗക്കാരെയും കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ആകെ 19754 ഭൂമിയുള്ള ഭവനരഹിതരെ കണ്ടെത്തിയതിൽ 3006 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 1014 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുമുണ്ട്. ഭൂരഹിത ഭവനരഹിതരായി 7173 പേരെയും കണ്ടെത്തിയിട്ടുണ്ട്.

2016-17, 2017-18 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 18602 വീടുകൾ പൂർത്തിയായി.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തികവർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 555 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 19754 പട്ടികവർഗ്ഗക്കാരിൽ നാളിതുവരെ വീട് അനുവദിച്ച 3006 പേർ ഒഴികെയുള്ളവർക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 7173 പേർക്ക് സ്ഥലവും വീടും ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സ്പിൽ ഓവറായി വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായ നിരക്കിൽ തുക അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും സ്വന്തമായി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവർക്കും നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി പരിഗണനയിലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലൈഫ് മിഷൻ പദ്ധതി നാല് ഘട്ടങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. ടി പദ്ധതിയുടെ നാലാം ഘട്ടത്തിൽ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിന് പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടന്നുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 9539 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ 17605 വീടുകളിൽ 6792 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അത്തരത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ പൂർത്തിയാകാതെ കിടന്ന 17851 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

## മയക്കുമരുന്ന് മാഫിയക്കെതിരെ നടപടി

23 (*83) ശ്രീ. വി. കെ.പ്രശാന്ത്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് മാഫിയക്കെതിരെ എക്സൈസ് വകുപ്പ് നടപടി ശക്തമാക്കിയതിന്റെ ഫലമായി കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ;

(ബി) ലഹരി പദാർത്ഥങ്ങളായി വിവിധ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് വർദ്ധിച്ചുവരുന്നതിന്റെയും ഇവ സിനിമാ ലൊക്കേഷനുകളിൽ വ്യാപകമാണെന്നും ലഹരി വ്യാപാരം ഹൈടെക് ആണെന്നുമുള്ള വാർത്തയുടെയും അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ ഫീൽഡ് ടെസ്റ്റിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും സൈബർ സെൽ രൂപീകരിക്കുന്നതിനും നടപടിയെടുക്കുമോ;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലഹരിക്കെണിയിൽപ്പെടുത്തുന്നത് വ്യാപകമാണെന്നുള്ള ആശങ്ക ഉയർന്നിട്ടുള്ള സാഹചര്യത്തിൽ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ പ്രചരണവും നിരീക്ഷണവും ശക്തിപ്പെടുത്താൻ പരിപാടിയുണ്ടോ;

(ഡി) മയക്കുമരുന്നിനടിമപ്പെട്ടവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

(ബി) വ്യക്തികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നത് തിരിച്ചറിയുന്നതിനുള്ള ഡിസ്പോസിബിൾ കിറ്റുകൾ ലഭ്യമാക്കുന്നതിനും ഓൺലൈൻ വഴിയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനുമായി നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പൂർണ്ണ സജ്ജമായ ഒരു ഹൈടെക് സൈബർ സെൽ രൂപീകരിക്കുന്ന കാര്യം എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള വിദ്യാർത്ഥി പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) ഉണ്ട്. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് 14 ജില്ലകളിലും ഒരു ജില്ലയിൽ ഒന്ന് എന്ന കണക്കിൽ സർക്കാർ ആശുപത്രിയിൽ 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ കിടത്തി ചികിത്സാസൗകര്യത്തോടെ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

## തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

24 (*84) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ വേതന കരാർ പുതുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയവും കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യവും പ്രതികൂലമായി ബാധിച്ച തോട്ടം വ്യവസായത്തിന്റെ സംരക്ഷണത്തിന് പ്ലാന്റേഷൻ നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രതിസന്ധിയിലായ ഈ വ്യവസായത്തെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാരിനോട് പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയിലെ വേതന കരാറിന്റെ കാലാവധി അവസാനിച്ചതിനാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ മിനിമം വേതനം 1-1-2019 മുതൽ പ്രാബല്യം നൽകി പുതുക്കി നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്.

(ബി) ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് കരട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

(സി) പ്ലാന്റേഷൻ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം

1. കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദു ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനുവേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6. തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7. പാട്ടക്കാലാവധി അവസാനിക്കുന്നമുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

8. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജെൽ) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കി.

9. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10. തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

11. പ്ലാന്റേഷൻ മേഖലയുടെ പ്രശ്നപരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

**ജലചോർച്ച പരിഹരിക്കുന്നതിന് നടപടി**

25 (*85) ശ്രീ. കെ. ആൻസലൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിതരണ പൈപ്പുകൾ പൊട്ടുന്നതുമൂലം ധാരാളം ജലം പാഴായിപ്പോകുന്നതിനാൽ കേടായ പൈപ്പുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ആവശ്യമായവ മാറ്റി സ്ഥാപിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ചോർച്ചയിലൂടെ ഒരു വർഷം എത്ര കോടി രൂപയുടെ കുടിവെള്ളം നഷ്ടമാകുന്നുവെന്നാണ് വാട്ടർ അതോറിറ്റി കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരമുള്ള ജലചോർച്ച യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്ന റോഡുകളിൽ മറ്റു വകുപ്പുകളും കമ്പനികളും നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ ജലചോർച്ചയ്ക്ക് ഇടയാക്കുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് കൃത്യമായ ഒരു മേൽനോട്ട സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 2000-01 കാലഘട്ടത്തിന് മുമ്പുള്ള പദ്ധതികളിൽ എ.സി., പ്രെമോ, ജി.ഐ. പൈപ്പുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. ലോഹ നിർമ്മിത പൈപ്പുകളെ അപേക്ഷിച്ച് ഈട് കുറഞ്ഞ ഇത്തരം പൈപ്പുകൾ കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിച്ച് സ്ഥിരമായി പൊട്ടലുകൾക്കും ജലനഷ്ടത്തിനും കാരണമാകുന്നുണ്ട്. റോഡ് വികസനം വ്യാപകമായപ്പോൾ (പ്രത്യേകിച്ചും റോഡ് വീതി കൂട്ടുമ്പോൾ) പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിലാകുകയും പൊട്ടലുകൾക്ക് ഇടയാക്കുകയും ചെയ്യുന്നു. പൈപ്പ്‌ലൈനുകൾ തകരാറിലാകുന്ന വിവരം ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അവ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം തകരാറിലാകുന്ന പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജലവിതരണ ശൃംഖലയിൽ ചോർച്ച പരിഹരിക്കുന്നതിനായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തിവരുന്നു. ഇതിനായി കഴിയുന്നത്ര ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചില നഗരങ്ങളിൽ പൈപ്പ് പൊട്ടലുകൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നു.

കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 100 പ്രവൃത്തികൾക്ക് 73.04 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയ 1096.77 കോടി രൂപയുടെ (പുതുക്കിയ ഭരണാനുമതി പ്രകാരം) പ്രവൃത്തികളിൽ, 143.59 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 382.64 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. ഇവ നടപ്പിൽ വരുന്നതോടെ പൈപ്പ്ലൈനുകളുടെ ചോർച്ച ഗണ്യമായി കുറയുമെന്നും തന്മൂലമുള്ള റോഡ് തകർച്ചയും ഗണ്യമായി കുറയുമെന്നും കണക്കാക്കുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാന രഹിത ജലമായി കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം). ആകെയുള്ള വരുമാനരഹിത ജലത്തിൽ 20-25% മാത്രമാണ് ഭൗതികനഷ്ടം സംഭവിക്കുന്നത്.

ഭൗതികനഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്. പൈപ്പ്ലൈനിലെ ചോർച്ചമൂലം നഷ്ടപ്പെടുന്ന വെള്ളം കാരണമുണ്ടാകുന്ന വരുമാനനഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി പ്രതിദിനം

ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ പ്രതിദിനം ബില്ല് ചെയ്യുന്ന അളവ് 1800-ഓളം ദശലക്ഷം ലിറ്റർ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ വരുമാനരഹിത ജലത്തിന്റെ 25% പൈപ്പ് ചോർച്ചയിലൂടെ സംഭവിക്കുന്നുവെന്നും ഇത്തരത്തിൽ നഷ്ടപ്പെടുന്ന ജലം ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നുവെങ്കിൽ 1000 ലിറ്ററിന് ശരാശരി 10 രൂപ ലഭിക്കുമായിരുന്നുവെന്നും കണക്കാക്കിയാൽ പൈപ്പ് ചോർച്ചയിലൂടെ മാത്രം കേരള വാട്ടർ അതോറിറ്റിക്ക് വർഷത്തിൽ ഏകദേശം 109.5 കോടി രൂപ നഷ്ടമാകുന്നുവെന്ന് വിലയിരുത്താവുന്നതാണ്.

(സി) ഉണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്ന റോഡുകളിൽ മറ്റ് വകുപ്പുകളും കമ്പനികളും മുൻകൂറായി ആസൂത്രണം ചെയ്ത് നടത്തുന്ന നിർമ്മാണപ്രവൃത്തികൾ നടക്കുമ്പോൾ പ്രസ്തുത സ്ഥലത്ത് മേൽനോട്ടത്തിനായി അതോറിറ്റി ഉദ്യോഗസ്ഥർ ഉണ്ടായിരിക്കുകയും പ്രവൃത്തി സമയത്ത് ഏതെങ്കിലും കാരണവശാൽ ജലചോർച്ച ഉണ്ടാകുകയാണെങ്കിൽ അറ്റകുറ്റപണികൾ യഥാസമയം കാരണക്കാരുടെ ചെലവിൽ പരിഹരിക്കുകയും ചെയ്യുന്നുണ്ട്.

## സാംസ്കാരിക മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി

26 (*86) ശ്രീ. ജോൺ ഫെർണാണ്ടസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് അധികാരമുറപ്പിക്കാനായി വിഭാഗീയത സൃഷ്ടിക്കപ്പെടുന്ന അപായകരമായ സാഹചര്യത്തിൽ ഭരണഘടനയുടെ പരമപ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന വിധം സാംസ്കാരിക മേഖലയെ ശക്തിമത്താക്കാൻ ഈ സർക്കാർ രൂപം നൽകിയ പരിപാടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ സാംസ്കാരികരംഗത്ത് ഉണർവ് സൃഷ്ടിക്കുന്ന തരത്തിൽ സാംസ്കാരികനയം തയ്യാറാക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുന്നതിനും രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ;

(സി) സാംസ്കാരികരംഗത്ത് ഗുണപരമായ ഇടപെടൽ നടത്തുകയെന്ന ലക്ഷ്യത്തോടെ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭരണഘടനാമൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സഹായിക്കുന്ന തരത്തിലും ജനാധിപത്യത്തിലും മാനവികതയിലും ഊന്നിയിട്ടുള്ളതുമായ വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ഇവയിൽ സുപ്രധാനമായ ഒന്നാണ് കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ ഏകദേശം 50 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ. ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത ബഹുസ്വരതയും മാനവിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതാണ് ഈ സമുച്ചയങ്ങൾ. മനുഷ്യരെ വേർതിരിക്കാതെ, അവരിൽ വിഭാഗീയത സൃഷ്ടിക്കാതെ പരസ്പരം ഒന്നിപ്പിക്കുന്നതിന് ഇവ സഹായിക്കുന്നതുമാണ്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരം വാർഷികാചരണവും ഗാന്ധിയൻ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വവും, 150-ാം ജന്മവാർഷികം വിപുലമായി ആചരിച്ചതും, കൂടാതെ ഗാന്ധിയുടെ സന്ദർശനംകൊണ്ട് പ്രശസ്തമായ പാലക്കാട് ശബരി ആശ്രമത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുകയുണ്ടായി.

ഭരണഘടനയുടെ മൂല്യബോധങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയുള്ള സെമിനാറുകൾ, ചർച്ചകൾ, അവതരണങ്ങൾ എന്നിവ കേരള സാഹിത്യ അക്കാദമി മുഖേന സാധ്യമാക്കുന്നുണ്ട്. ദേശം, ദേശരാഷ്ട്രം, പൗരത്വം, മതേതരത്വം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യാൻ കേരളത്തിന്റെ മൂന്ന് മേഖലകളിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

വിഭാഗീയത, വർഗ്ഗീയത, മതവിരുദ്ധത എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനും മതനിരപേക്ഷത, മതസൗഹാർദം, മാനവികത എന്നീ മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനുംവേണ്ടി ഭരണഘടനാ തത്വങ്ങൾ മുൻനിർത്തിയുള്ള സംവാദ സദസ്സുകൾ അതിനുസഹായകരമാകുന്ന തരത്തിൽ ഭരണഘടനയെ സംബന്ധിച്ചുള്ള പുസ്തകങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജുകളും ഹയർസെക്കണ്ടറി സ്കൂളുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതരത്തിൽ മോഡൽ പാർലമെന്റുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു.

(ബി) സാംസ്കാരിക ഉന്നത സമിതി 11-7-2018-ൽ പ്രവർത്തനം ആരംഭിച്ചു. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും, അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുന്നതിനുമാണ് സാംസ്കാരിക ഉന്നതസമിതി രൂപീകരിച്ചിട്ടുള്ളത്. ഈ സമിതി സാംസ്കാരിക നയത്തിന്റെ കരട് തയ്യാറാക്കിവരുന്നു. അതോടൊപ്പം സാംസ്കാരിക സംഘടനകൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റുകൾ നൽകുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങളുടെ കരടും തയ്യാറാക്കുന്നുണ്ട്.

ഗാന്ധിജിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് സർക്കാർ വിഭാവനം ചെയ്ത 'രക്തസാക്ഷ്യം' പരിപാടിയുടെ ഏകോപനവും നേതൃത്വവും സമിതി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈക്കം, തവനൂർ എന്നിവിടങ്ങളിൽ വച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. " സത്യാനന്തര കാലത്തെ നവമാധ്യമവും ജനാധിപത്യവും" , " ഗാന്ധിജി സത്യാനന്തര യുഗത്തിൽ" എന്നിങ്ങനെ ദേശീയ പ്രാധാന്യമുള്ള രണ്ട് സെമിനാറുകൾ ശ്രദ്ധേമായ രീതിയിൽ സംഘടിപ്പിച്ചു. രക്തസാക്ഷ്യം പരിപാടിയോടനുബന്ധിച്ച് ഉന്നതനിലവാരത്തിലുള്ള സുവനീർ പ്രസിദ്ധീകരിക്കുകയുണ്ടായി.

(സി) നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. പാലക്കാട് ജില്ലയിൽ വി. ടി. ഭട്ടതിരിപ്പാടിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

3. കാസർഗോഡ് ജില്ലയിൽ സുബ്രമണ്യൻ തിരുമുമ്പിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. മലപ്പുറം ജില്ലയിൽ അബ്ദു റഹിമാൻ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

5. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ അക്കമ്മ ചെറിയാന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് കണ്ടെത്തിയ ഭൂമിയിൽ ടോപ്പോ ഗ്രാഫിക് സർവ്വേ പൂർത്തിയായിട്ടുണ്ട്. അടുത്തിടെ ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്ത പശ്ചാത്തലത്തിൽ പ്രസ്തുത ഭൂമി അനുയോജ്യമാണോ എന്ന് ജില്ലാ ജിയോളജിസ്റ്റ് പരിശോധിക്കുകയും സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പകരം ഒറ്റ നിലയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

6. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ പാട്യത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് പാട്യം ഗ്രാമപഞ്ചായത്ത് അനുവദിച്ച ഭൂമിയും സ്വകാര്യ ഭൂമിയും Negotiable Purchase പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കോഴിക്കോട് ജില്ലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് കോഴിക്കോട് ഒളവണ്ണയിലാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത്. ഇന്തോ-ഷാർജ കൾച്ചറൽ സെന്ററിനോടൊപ്പം സ്ഥാപിക്കുന്ന സമുച്ചയത്തിനായി 5.00 ഏക്കർ ഭൂമി നീക്കിവയ്ക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹ്യാഘാത പഠനത്തിനായി ഏജൻസിയെ നിയമിക്കുന്ന നടപടി പുരോഗമിക്കുന്നു. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്.

8. തൃശ്ശൂർ ജില്ലയിൽ വള്ളത്തോൾ നാരായണമേനോന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി തൃശ്ശൂർ നഗരസഭ ചിയ്യാരം പ്രദേശത്ത് 3.50 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടികളും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്ന പ്രവർത്തനവും പുരോഗമിക്കുന്നു.

9. കോട്ടയം ജില്ലയിൽ ലളിതാംബികാ അന്തർജനത്തിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി 5.00 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

10. ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി ആരോഗ്യ വകുപ്പ് 5.00 ഏക്കർ ഭൂമി മാവേലിക്കരയിൽ വിട്ടുനൽകിയിട്ടുണ്ട്. ഭൂമിയുടെ കൈവശാവകാശം ഔദ്യോഗികമായി വിട്ടുനൽകുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

11. വയനാട് ജില്ലയിൽ എടച്ചേന കുങ്കന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

12. എറണാകുളം ജില്ലയിൽ സഹോദരൻ അയ്യപ്പന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

13. പത്തനംതിട്ട ജില്ലയിൽ ചട്ടമ്പിസ്വാമികളുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

14. തിരുവനന്തപുരം ജില്ലയിൽ മഹാത്മ അയ്യൻകാളിയുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും

27 (*87) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത

തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന ഇടപെടലുകൾ വ്യക്തമാക്കാമോ;

(സി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടി സ്വീകരിക്കുമെന്ന തൊഴിൽ നയത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് തൊഴിൽ സാഹചര്യം മാറിയിട്ടുണ്ടോ; എങ്കിൽ അതിനനുസൃതമായി നിലവിലെ തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 21-12-2016-യിലെ സ.ഉ.(അച്ചടി)നമ്പർ 196/2016/തൊഴിൽ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്- 1961, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് - 1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട് - 1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് സബ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി. കേസ്സുകളും ഫയൽ ചെയ്തുവരുന്നു.

വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

(സി) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക, തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി കുറേയേറെ തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ നിയമലംഘനങ്ങൾക്ക് പിഴ ശിക്ഷ വർദ്ധിപ്പിക്കുന്നതിനും കടകളിലും വാണിജ്യസ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 21 ബി പ്രകാരം 2018-ൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെക്ഷൻ 22 പ്രകാരം പിഴ തുക 500 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തുകയും കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

1947-ലെ വ്യവസായ തർക്ക നിയമത്തിന് 2010-ൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതി പ്രകാരം വകുപ്പ് 2-ന്റെ clause(a)-യിൽ ഉചിത സർക്കാരിനെ സംബന്ധിച്ചും clause(s)-ൽ വേതനപരിധി 10,000 രൂപയായി ഉയർത്തിയുള്ള ഭേദഗതിയും വരുത്തിയിട്ടുണ്ട്. അതനുസരിച്ചുവകുപ്പ് 2(എ) പ്രകാരം ഫയൽ ചെയ്യുന്ന പരാതികളിൽ അനുരഞ്ജന ഉദ്യോഗസ്ഥർ 45 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കാത്തപക്ഷം അപേക്ഷകന് ലേബർ കോടതിയിൽ നേരിട്ട് കേസ് ഫയൽ ചെയ്യാമെന്നും ആയത് സർക്കാർ ഉത്തരവുപ്രകാരം ന്യായ വിചാരണയ്ക്ക് ലഭിച്ച അപേക്ഷ പോലെതന്നെ ലേബർ കോടതിയിൽ പരിഗണിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പ് 7, 7(എ) എന്നിവ പ്രകാരം പ്രിസൈഡിംഗ് ഓഫീസർമാരെ നിയമിക്കുന്നതും അവരുടെ വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ചുവ്യവസ്ഥകൾ കൂട്ടിച്ചേർത്തിരിക്കുന്നു.

വകുപ്പ് 9(സി)-യിലെ ഭേദഗതി : Chapter 2(b) പ്രകാരം ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളുള്ള ഓരോ വ്യവസായ സ്ഥാപനത്തിലും ഒന്നോ അതിൽ കൂടുതലോ Grievance Redressal Committee ഉണ്ടാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വകുപ്പ് 11, 11(9), 11(10)-ൽ ലേബർ കോടതി, വ്യവസായ ട്രൈബ്യൂണൽ എന്നിവ പുറപ്പെടുവിക്കാത്ത അവാർഡ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതിയാണുള്ളത്. വകുപ്പ് 38-ലെ ഭേദഗതിയിൽ ലേബർ കോടതി/വ്യവസായ ട്രൈബ്യൂണലുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരുടെ വേതനം സംബന്ധിച്ച നിയമ വ്യവസ്ഥകൾ സംബന്ധിച്ചും പരാമർശിക്കുന്നു. 1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2(s)ൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്നതരത്തിലും രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടുമുള്ള കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡെയ്സ്) ഭേദഗതി ബിൽ

2017, 14-ാം കേരള നിയമസഭ മുമ്പാകെ പരിഗണിക്കുന്നതിന് ബിൽ.നമ്പർ 52 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2017-ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമപ്രകാരം പ്രസവാവധി 12 ആഴ്ച എന്നത് 26 ആഴ്ച എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്വകാര്യ/അൺഎയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## പാലിന്റെ ഗുണനിലവാരം

28(*88) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ മായം ചേർന്നതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) ഏതെങ്കിലും ബ്രാന്റുകൾക്ക് 2019-ൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കാലിത്തീറ്റക്ക് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് പ്രതിബന്ധമായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ക്ഷീരകർഷകർക്ക് കൂടുതൽ സബ്സിഡിയോടെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ ക്ഷീരവികസന വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലകളിലുള്ള ജില്ലാതല ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോട് കൂടിയ സ്റ്റേറ്റ് ഡെയറി ലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ വാങ്ങുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം മാത്രമാണ് സ്വീകരിക്കുന്നത്. മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള ലബോറട്ടറികൾ സജ്ജമാണ്. മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രെഡിറ്റേഷനോടുകൂടിയ ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) 2019-ൽ പാലിന്റെ ബ്രാൻഡുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ക്ഷീരവികസന വകുപ്പിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരമില്ലാത്തതിനാൽ ഗുണനിലവാരം കുറവുള്ളതായോ മറ്റ് പദാർത്ഥങ്ങൾ കലർത്തിയതായോ ശ്രദ്ധയിൽപ്പെട്ട മിൽക്ക് സാമ്പിളുകളുടെ വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ രേഖാമൂലം അറിയിക്കുകയാണ് ചെയ്യുന്നത്.

(ഡി) കാലിത്തീറ്റയുടെ വില വർദ്ധനവ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് തടസ്സം സൃഷ്ടിച്ചതായി കണ്ടെത്തിയിട്ടില്ല.

(ഇ) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂരിഭാഗം ക്ഷീരസംഘ ങ്ങളിലെയും കർഷകർക്ക് ക്ഷീര വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉൾപ്പെടെ ലിറ്ററിന് 4 രൂപ വരെ കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

## വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ലഹരി ഉപയോഗം

29 (*89) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളും യുവാക്കളും ലഹരി മാഫിയയുടെ പിടിയിൽ അമരുന്നുവെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പല സ്കൂളുകൾക്ക് സമീപവും ലഹരി കച്ചവടം നടക്കുന്നുവെന്നും മറ്റ് വ്യാപാരങ്ങളുടെ മറവിൽ കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വില്പന വർദ്ധിച്ചുവരുന്നുവെന്നതും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ലഹരി വസ്തുക്കളുടെ പിടിയിൽനിന്നും വിദ്യാർത്ഥികളെയും യുവാക്കളെയും രക്ഷിക്കുന്നതിന് എക്സൈസ് വകുപ്പ് നടപ്പാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) യുവാക്കളും കുട്ടികളും ലഹരി ഉപയോഗിക്കുന്നത് തിരിച്ചറിയുകയെന്ന ലക്ഷ്യത്തോടെ ഇതിനായുള്ള കിറ്റ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ലഹരി മാഫിയക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലെ ചില വകുപ്പുകൾ പ്രതിബന്ധമായിട്ടുണ്ടോ; എങ്കിൽ അത് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്കൂൾ കുട്ടികളും യുവാക്കളും ലഹരി മാഫിയയുടെ പിടിയിൽ അമരുന്നുവെന്ന പ്രസ്താവം വസ്തുതാപരമല്ല. അതേ അവസരത്തിൽ യുവാക്കളെയും, വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽനിന്നും പിന്തിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു.

(ബി) ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തിവരികയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) തയ്യാറാക്കിയിട്ടില്ല. ആദ്യഘട്ടം എന്ന നിലവിൽ 150 അബോൺ കിറ്റ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലേഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം ഈ ആവശ്യത്തിലേയ്ക്ക് പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. മയക്കുമരുന്നുകൾ ചെറിയ അളവിൽ പോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം

30 (*90) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി 2008-ലെ സാമൂഹ്യ സാമ്പത്തിക റിപ്പോർട്ട് പുതുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് നടത്തിയ സർവ്വേയുടെ ഡാറ്റാ വാലിഡേഷൻ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഊരുകൂട്ടയോഗങ്ങളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുമുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ട യോഗങ്ങളിൽ ചർച്ചചെയ്താണോ എന്നറിയിക്കുമോ;

(ഇ) സോഷ്യൽ മാപ്പ് ഊരുകൂട്ട യോഗങ്ങളിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നുണ്ടോയെന്നും സോഷ്യൽ മാപ്പിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരം വ്യക്തമായി സൂചിപ്പിക്കുമോയെന്നും അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗക്കാരുടെ 2008-ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിന് ആൻഡ്രോയിഡ് മൊബൈൽ ആപ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

ഇതുവരെ ലഭ്യമായ കണക്കുപ്രകാരം 138769 കുടുംബങ്ങളിലായി 477351 പേരുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്.

(ബി) വിവരശേഖരണത്തിന്റെ വാലിഡേഷൻ രണ്ട് തലങ്ങളിലാണ് നടക്കുന്നത്. ആദ്യം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ തലത്തിലും പിന്നീട് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തലത്തിലുമാണ്.

വിവരശേഖരണം പൂർത്തിയായ കുടുംബങ്ങളുടെ വാലിഡേഷൻ പുരോഗമിക്കുന്നു. ഇതോടൊപ്പംതന്നെ സങ്കേതങ്ങളിൽനിന്ന് മാറി കഴിയുന്ന കുടുംബങ്ങളുടെയും കോളനികൾ വിട്ട് ജോലിക്കായി പോയവരുടെയും വിവരശേഖരണവും പൂർത്തിയാക്കേണ്ടതുണ്ട്. വിവര ശേഖരണം/ വാലിഡേഷൻ ഈ സാമ്പത്തികവർഷം പൂർത്തിയാക്കാനാണ് വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്.

(സി) ഊരുകൂട്ടങ്ങൾ വഴി ചേർക്കുന്നതിന് മുന്നോടിയായി പ്രൊമോട്ടർമാർ വഴി എല്ലാ കുടുംബങ്ങൾക്കും നേരിട്ട് അറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ ഊരുമൂപ്പൻമാർ വഴിയും ആവശ്യമായ പ്രചാരണം നടത്തുന്നുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ട തീരുമാനമനുസരിച്ചാണ്. തൊഴിൽ നൈപുണ്യ വികസന പരിപാടികൾക്ക് പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ക്യാമ്പയിൻ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ഇ) പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് സോഷ്യൽ മാപ്പുകൾ തയ്യാറാക്കുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണ്. പ്രസ്തുത മാപ്പിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണവും പട്ടികവർഗ്ഗ ഇതര കുടുംബങ്ങളുടെ എണ്ണവും കൃത്യമായി വ്യക്തമാക്കുന്നുണ്ട്. ഊരുകൂട്ടം അംഗീകരിക്കുന്ന പദ്ധതികൾക്കാണ് ഇപ്രകാരം സാമൂഹ്യ ഭൂപടം തയ്യാറാക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുംബാര സമുദായത്തിന് പട്ടികജാതി പദവി

1(716) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംബാര സമുദായത്തിന് പട്ടികജാതി പദവി നൽകണമെന്ന് കിർത്താഡ്സ് ശിപാർശ നൽകിയിരുന്നോ;

(ബി) ഏതൊക്കെ കാരണങ്ങളാലാണ് കിർത്താഡ്സ് പ്രസ്തുത ശിപാർശ നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ശിപാർശ പട്ടികജാതി കമ്മീഷൻ തള്ളിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. വിവിധ കുംഭാര സമുദായ സംഘടനകൾ തങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കിർത്താർഡ്സ് വിശദമായ പുനരന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ഇതേ വിഷയത്തിൽ അവർ 1990-ൽ നൽകിയ റിപ്പോർട്ടിനെ ശരിവയ്ക്കുകമാത്രമാണ് ചെയ്തത്. എന്നാൽ ഉത്തരേന്ത്യയിലെ ജാട്ട് സമുദായത്തെ കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 17-3-2015-ൽ Ram Singh and Others vs Union of India കേസ്സിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണം ഈ വിഷയത്തിൽ മാനദണ്ഡമാക്കുകയാണെങ്കിൽ "protective discrimination" ഇവർ അർഹിക്കുന്നുണ്ടെന്നും ഇതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനം ആവശ്യമാണെന്നും കിർത്താഡ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ ഈ വിഷയത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

'കുംഭാരൻ സമുദായം സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ഒരു കാലത്തും പട്ടികജാതി പട്ടികവർഗ്ഗക്കാർ അനുഭവിച്ചതുപോലുള്ള സാമൂഹ്യ അനീതിക്കും അക്രമത്തിനും അയിത്താചരണത്തിനും അടിമത്തത്തിനും വിധേയരായിരുന്നതായി ഒരു രേഖയും തെളിവും കിർത്താഡ്സ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ അവർക്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടാൻ അർഹതയില്ല. സാമ്പത്തികമായ അവശതയ്ക്ക് പരിഹാരമായി ഒരു സമുദായത്തേയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം ആർട്ടിക്കിൾ 341, 342 എന്നിവ പ്രകാരം പട്ടികജാതി ലിസ്റ്റും പട്ടികവർഗ്ഗ ലിസ്റ്റും നിലവിൽവന്ന് 70 വർഷത്തിനുശേഷം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പുതുതായി സമുദായങ്ങളെ ഉൾപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിക്കുന്നത് യുക്തിക്ക് നിരക്കാത്തതും പട്ടിക വിഭാഗക്കാരുടെ അവകാശത്തിലുള്ള കടന്നുകയറ്റ ശ്രമമായി പരിഗണിക്കേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിക്കുവാനാണ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്.

## പിലാത്തറ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം

2(717) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

60 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും 20 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും പഠിക്കുന്ന കണ്ണൂർ ജില്ലയിലെ പിലാത്തറ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് അക്കാദമിക്ക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് മുഖേന ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി (രണ്ടാം ഘട്ടം) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 371 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതു സംബന്ധിച്ച വിഷയം പ.ജ.പ.വ.വി.വ./ബി2/36/17 നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## പ്രീ-മെട്രിക് ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് നടപടി

3(718) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ്മെൻ സൊസൈറ്റി വിട്ടുനൽകിയ അൻപത് സെന്റ് സ്ഥലത്ത് പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ആയതിനായി പൊതുമരാമത്ത് വകുപ്പ് മുഖേന സമർപ്പിച്ച എസ്റ്റിമേറ്റിന് അടിയന്തിരമായി അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ്മെൻ സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

**ചേലക്കര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

4(719) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ പട്ടികജാതി വികസന ആഫീസിന്റെ പരിധിയിലും വടക്കാഞ്ചേരി പട്ടികജാതി വികസന ആഫീസിന്റെ പരിധിയിലുമായി എത്ര കോളനികളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു; അവയുടെ പേരു വിവരം വ്യക്തമാക്കാമോ ;

(ബി) ഈ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ പട്ടികജാതി വികസന ഓഫീസിന്റെ പരിധിയിലും വടക്കാഞ്ചേരി പട്ടികജാതി വികസന ഓഫീസിന്റെ പരിധിയിലുമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളുടെ വിവരവും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു*.

**കോങ്ങാട് മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി**

5(720) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ മേഖലയിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ;

(സി) എല്ലാ പദ്ധതികളും ഉടൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) അനുബന്ധം(1) പ്രകാരം ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(സി) ഏജൻസികളുടെ റിവ്യൂ മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ നടത്തുകയും പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ മാനവശേഷി വികസനം

6(721) ശ്രീ. എസ്. ശർമ്മ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗത്തിൽപ്പെട്ടവർക്ക് സ്വദേശത്തും വിദേശത്തും മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി പോളണ്ടിൽ നിന്നുള്ള പ്രതിനിധി സംഘവുമായി നടത്തിയ ചർച്ചയുടെ പുരോഗതി അറിയിക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവരുടെ മാനവശേഷി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിനു ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ഡി) ഇവരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി പ്രാവർത്തികമായിട്ടുണ്ടോ;വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രാരംഭ ചർച്ചകൾ മാത്രമാണ് നടന്നിട്ടുള്ളത്

(ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ മാനവശേഷി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

പട്ടികജാതി വികസന വകുപ്പ്

1) അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

2) പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഫുഡ് പ്രോസസ്സിംഗ് ബേക്കറി, ബാക്ക് ഓഫീസ് ട്രെയിനിംഗ്, ഓട്ടോഡയഗ്നോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷ്യൻ, സി.സി.ടി.വി. ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നു.

3) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS, ANEP OET പരിശീലനം എന്നിവയും നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കുന്നുണ്ട്.

4) പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവ്വേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവ്വേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geriatric Assistant, Airline Customer Service, Security Guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

5) നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000 രൂപ പ്രതിമാസം ഓണറേറിയവും 1500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6) വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലെയിസ്മെന്റ് ലഭ്യമാക്കിവരുന്നു.

7) വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ബാങ്കുകളുമായി ചേർന്ന് മൂന്ന് ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നു. വായ്പാ തുകയുടെ മൂന്നിലൊന്ന് വകുപ്പ് സബ്സിഡിയായി നൽകുന്നു.

8) വകുപ്പിന്റെകീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (പി.ഇ.റ്റി.സി.) പ്രവർത്തിച്ചുവരുന്നുണ്ട്.

9) തിരുവനന്തപുരം പ്രസ് ക്ലബ്ബുമായി സഹകരിച്ച് One year PG diploma in Journalism Course നടപ്പു വർഷം മുതൽ നടപ്പിലാക്കുന്നു.

10) സിവിൽ സർവ്വീസ് കോച്ചിംഗ്

വിവിധ നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ 11969 പേർക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചു. പ്ലേസ്മെന്റ് നടന്നുവരികയാണ്. ഇതുവരെ 2565 പേർക്ക് പ്ലേയ്സ്മെന്റ് ലഭിച്ചു. ഇതിൽ 360 പേർക്ക് വിദേശത്ത് തൊഴിൽ ലഭിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ്

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുകയെന്ന ലക്ഷ്യം വച്ച് 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവ്വീസ് പരീക്ഷ പരിശീലനം നടത്തുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ചേർന്ന് കാർഷിക കർമ്മസേന രൂപീകരിച്ച് പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക വഴി സുസ്ഥിരമായ വരുമാനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യംവച്ച് 15.00 കോടി രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതിയായ "ന്യൂട്രീഷ്യൻ സഫിഷ്യൻസി ഇൻ ഫുഡ് ത്രൂ ഇൻട്രൊഡക്ഷൻ ഓഫ് അഗ്രോ ഇക്കോളജി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ:</u> 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:</u> വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനികരീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ചുവസ്ത്രനിർമ്മാണ ഫാക്ടറി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

<u>ഗോത്രജീവിക</u>-: 2016-17 വർഷം മുതൽ ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും എഴ് ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി ഇതിനോടകം 53 സംഘങ്ങൾ രൂപീകരിച്ച് ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ 2019-20 വർഷം 1050 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.

(സി)പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ.-കൾ പ്രവർത്തിക്കുന്നു. പ്രസ്തുത ഐ.റ്റി.ഐ.-കളിൽ ആരംഭിച്ചിട്ടുള്ള ട്രേഡുകൾക്ക് മുഴുവൻ എൻ.സി.വി.റ്റി. അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആവശ്യമായിടത്തെല്ലാം പുതിയ കെട്ടിടനിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പഠനോപകരണ സംഭരണം തുടങ്ങിയവക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ വകുപ്പിന്റെ ഐ.ടി.ഐ.-കളുടെ നവീകരണം ലക്ഷ്യംവച്ചുകൊണ്ട് നിലവിൽ ഏകവത്സര കോഴ്സുകളായ കാർപ്പെന്റർ, പ്ലംബർ, എന്നീ ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ പ്രസ്തുത കോഴ്സുകളുടെ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നിവലിൽ കെട്ടിട അനുബന്ധ സൗകര്യങ്ങളുള്ള ഐ.ടി.ഐ.-കളിൽ വിവിധ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന്റെ ഭാഗമായി കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പുതിയ സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശീലനം സുഗമമാക്കുന്നതിലേയ്ക്ക് 3-Dimensional Visual teaching aid കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ എല്ലാ ഐ.ടി.ഐ.-കളിലും ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയും ന്യൂട്രീഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഐ.റ്റി.ഐ. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജോബ്ഫെയറിലൂടെ വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി ആരംഭിച്ച "സ്റ്റാർട്ടപ്പ് ഡ്രീംസ്" എന്ന പ്രോജക്ട് മണ്ണന്തല അംബേദ്കർ ഭവനിൽ നടപ്പിലാക്കിവരുന്നു. ഈ പ്രോജക്ട് നടപ്പാക്കുന്നതിലേയ്ക്കായി 133.10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാർട്ടപ് ഡ്രീംസിൽ എൻറോൾ ചെയ്തു പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി 2018-19 സാമ്പത്തികവർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം നാല് സ്റ്റാർട്ട്അപ്പുകൾക്ക് 10.00 ലക്ഷം രൂപ വീതം 40.00 ലക്ഷം രൂപ എന്ന പ്രകാരം 2.00 കോടി രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. ആദ്യഗഡുവായി 40.00 ലക്ഷം രൂപ സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നവർക്ക് വകുപ്പ് മുഖേനയും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും സബ്സിഡിയോടുകൂടിയ വായ്പയും അനുവദിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ധനസഹായം

7(722) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ട് പ്രളയങ്ങളിൽ ഭൂമിയും വീടും നഷ്ടപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളത്; പൂർണ്ണമായ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വച്ചുനല്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഏറനാട് മണ്ഡലത്തിൽ നിന്നും പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ആർക്കെല്ലാമാണ് ഇത്തരത്തിലുള്ള ധനസഹായം നല്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2018-ൽ ഭൂമിയും വീടും നഷ്ടപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമിയും വീടും ലഭ്യമാകുന്നതിന് ധനസഹായം അനുവദിച്ചിരുന്നു. മലപ്പുറം ജില്ലയിൽ ഒമ്പത് കുടുംബങ്ങൾക്ക് വകുപ്പിന്റെതന്നെ ഭൂമി പതിച്ചുനൽകി. വയനാട് ആറ് കുടുംബങ്ങൾക്കും പത്തനംതിട്ട ഒരു കുടുംബത്തിനും ധനസഹായം നൽകി.

2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന 2733 വീടുകളിൽ പട്ടികജാതി വികസന വകുപ്പുമുഖേന 245 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. അതിൽ 170 പേർ നിർമ്മാണം ആരംഭിക്കുകയും 103 പേർ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്ക് റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2018 കാലത്ത് പ്രളയബാധിതരായി ക്യാമ്പിലേയ്ക്ക് മാറിയ അർഹരായ 3430 ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന 10,000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 83872 പേർക്ക് 5000 രൂപ വീതം ആശ്വാസ ധനസഹായവും നൽകി.

2018 കാലത്തുണ്ടായ പ്രളയത്തിൽ പട്ടികവർഗ്ഗക്കാരായ 604 പേരുടെ വീടുകൾ വാസയോഗ്യമല്ലാതായിട്ടുണ്ട്. ആയതിൽ വകുപ്പുമുഖേന 298-ഉം, റവന്യൂ വകുപ്പുമുഖേന 222-ഉം മറ്റ് വകുപ്പുകൾ/എൻ.ജി.ഒ. മുഖേന 33-ഉം വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ഇതിനോടകം 25 വീടുകൾ പൂർത്തിയായിട്ടുണ്ട്.

2019 കാലഘട്ടത്തിൽ പൂർണ്ണമായും തകർന്ന 448 വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആറ് ലക്ഷം രൂപ നിരക്കിലാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

2018 കാലഘട്ടത്തിൽ 794 വീടുകൾ ഭാഗികമായി തകരുകയും ഇതിനോടകം 497 വീടുകൾ പുനർനിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നു.

2019-ൽ 361 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. ടി ഭവനങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1.5 ലക്ഷം രൂപ വരെയാണ് ഭവന പുനരുദ്ധാരണത്തിനായി ധനസഹായം അനുവദിക്കുന്നത്.

2018 കാലഘട്ടത്തിൽ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കേണ്ട 315 കുടുംബങ്ങളാണുണ്ടായിരുന്നത്. ആയതിൽ 63 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. 'റീ-ബിൽഡ് കേരള'യിൽ ഉൾപ്പെടുത്തി 100 കുടുംബങ്ങൾക്കും വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 100 ഗുണഭോക്താക്കൾക്കും വനം വകുപ്പ് മുഖേന 23 കുടുംബങ്ങൾക്കും ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2019 കാലഘട്ടത്തിൽ 610 കുടുംബങ്ങളെയാണ് പ്രാഥമിക കണക്കുപ്രകാരം പുനരധിവസിപ്പിക്കേണ്ടത്. ഇവർ താമസിക്കുന്ന ഭൂമി വാസയോഗ്യമാണോ എന്നത് സംബന്ധിച്ച് ജിയോളജി വകുപ്പ് പരിശോധന നടത്തിവരികയാണ്.

(സി) ഏറനാട് മണ്ഡലത്തിൽ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

8(723) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക്, എത്ര തുകയുള്ള ചികിത്സ ധനസഹായം നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഓരോരുത്തർക്കും എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പട്ടികജാതി വിഭാഗക്കാർക്ക് ആകെ 131,23,31,524 രൂപയും (നൂറ്റി മുപ്പത്തി ഒന്ന് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആകെ 17,46,00,274 രൂപയും (പതിനേഴ് കോടി നാല്പത്തിയാറ് ലക്ഷത്തി ഇരുനൂറ്റി എഴുപത്തിനാല് രൂപ മാത്രം) ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-I ആയും പട്ടികവർഗ്ഗ വിഭാഗത്തിന്റേത് അനുബന്ധം -2 ആയും ചേർക്കുന്നു*.

(ബി) ഏറനാട് നിയോജകമണ്ഡലത്തിലെ 715 പട്ടികജാതി വിഭാഗക്കാർക്കും 1846 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(സി)

| സാമ്പത്തിക വർഷം | അനുവദിച്ചിട്ടുള്ള തുക | | എണ്ണം | |
|---|---|---|---|---|
| | എസ്.സി. | എസ്.ടി. | എസ്.സി. | എസ്.ടി. |
| 2016-17 | 49,59,500 | 4,05,893, | 270 | 517 |
| 2017-18 | 37,94,000 | 6,47,095 | 189 | 850 |
| 2018-19 | 31,62,000 | 6,26,855 | 166 | 324 |
| 2019-20 | 19,05,000 | 4,32,870 | 90 | 155 |
| ആകെ | 138,20,500 | 21,12,713 | 715 | 1846 |

## ആശ്രിതർക്ക് ധനസഹായം

9(724) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട കുടുംബത്തിലെ കുടുംബനാഥൻ മരണപ്പെട്ടാൽ അർഹരായ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ; പരമാവധി എത്ര തുകയാണ് ഇത്തരത്തിൽ ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഈ സഹായം ലഭ്യമാക്കി; കോഴിക്കോട് ജില്ലയുടെ കണക്ക് പ്രത്യേകം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. 22-11-2018-ലെ സ.ഉ.(കൈ) നമ്പർ 85/18/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 50,000 രൂപയിൽനിന്ന് ധനസഹായം 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം) രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 624 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 100 പേർക്കായി 1,12,50,000 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം

10(725) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് തൃശ്ശൂർ ജില്ലയിൽ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽനിന്നും മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്കായി ആകെ 4,16,25,000 രൂപ (നാല് കോടി പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) തൃശ്ശൂർ ജില്ലയിൽ ധനസഹായമായി നൽകിയിട്ടുണ്ട്.

## പട്ടികവിഭാഗക്കാരുടെ ഉന്നമനം

11(726) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന ആകെ തുകയെത്ര;

(ബി) ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഈ വർഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെന്നും ഓരോന്നിനും എന്തു തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(ഡി) ഏതൊക്കെ പദ്ധതികളിൽ ഈ വർഷം തുകയൊന്നും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2019-20 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക നാളിതുവരെ ചെലവഴിച്ച തുക എന്നിവയുടെ പ്ലാൻ സ്പേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| | 2019-20 (31/01/2020 പ്രകാരം) | |
|---|---|---|
| | ബജറ്റ് വിഹിതം | പദ്ധതി ചെലവ് ട്രഷറി |
| സംസ്ഥാന വിഹിതം | 62488 | 24663.89 |
| 50 x 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | 4650 | 2478.07 |
| 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2800.03 | 775.703 |
| ആകെ | 69938.03 | 27917.66 |

<u>പട്ടികജാതി വികസന വകുപ്പ്</u>

പട്ടികജാതി വികസനത്തിനായി 2019-20 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികളിലായി സംസ്ഥാന പദ്ധതിയിൽ 164900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് 60884.215 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്ലാൻ സ്പെയ്സ് പ്രകാരം 2019-20 സാമ്പത്തികവാർഷത്തെ വകുപ്പിന്റെ പദ്ധതി പുരോഗതി റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

<u>പട്ടികജാതി വികസന വകുപ്പ്</u>

നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2019-20 സാമ്പത്തികവർഷം നാളിതുവരെ തുകയൊന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പരമ്പരാഗത വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

2. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം

<u>പട്ടികജാതി വികസന വകുപ്പ്</u>

ഈ വർഷം തുകയൊന്നും ചെലവഴിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്.

2. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

3. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

4. ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ)

(ഇ) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. <u>പരമ്പരാഗത വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം</u>

ടി പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കിർത്താഡ്സിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2017-18, 2018-19 വർഷങ്ങളിലെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നമുറയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിലെ തുക അനുവദിച്ചുനൽകുന്നതാണ്.

2. <u>വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം</u>

ടി പദ്ധതി നടപ്പിലാക്കുന്നതിനായി കിർത്താഡ്സിന് തുക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>പട്ടികജാതി വികസന വകുപ്പ്</u>

സാഹചര്യം പരിശോധിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്. | പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം | 1.85 കോടി രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. Ways & means clearance ആവശ്യമാണ്. |
| എല്ലാ ജില്ലകളിലും വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ | ബിൽ തുക മാറുന്നതിനായി PWD ചീഫ് എഞ്ചിനീയറിൽനിന്നും ലെറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കേണ്ടതുണ്ട്. |
| ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ) | 100 കോടി രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. Ways & means clearance ആവശ്യമാണ്. |

## പട്ടികജാതിക്കാർക്കായുള്ള ക്ഷേമപദ്ധതികൾ

12(727) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീടുവയ്ക്കാൻ ഭൂമി വാങ്ങുന്നതിനുള്ള സഹായപദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2019 വർഷത്തിൽ എത്രപേർക്ക് എത്ര രൂപ വീതം ഈ സഹായപദ്ധതിയിൽനിന്ന് നൽകിയെന്ന് ജില്ല തിരിച്ച് വിവരം നൽകാമോ;

(സി) പട്ടികജാതിക്കാർക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ പദ്ധതിയിൽ ഓരോരുത്തർക്കും നൽകുന്ന തുക, ഇതിൽ സംസ്ഥാനവിഹിതം, കേന്ദ്രവിഹിതം, തദ്ദേശസ്വയംഭരണ വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) വിവാഹ ധനസഹായ പദ്ധതിയിൽ 2019-ൽ നൽകിയ സഹായം എത്ര പേർക്ക് എത്ര വീതമെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് യഥാക്രമം 3.75 ലക്ഷം/4.5 ലക്ഷം/6 ലക്ഷം എന്നീ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താക്കളെ ലൈഫ് മിഷൻ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുന്നു.

(ബി)

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 447 | 1969.79 |
| കൊല്ലം | 268 | 1165.34 |
| പത്തനംതിട്ട | 229 | 887.17 |
| ആലപ്പുഴ | 211 | 819.4 |
| കോട്ടയം | 194 | 709.91 |
| ഇടുക്കി | 159 | 619.25 |
| എറണാകുളം | 437 | 1762.83 |
| തൃശ്ശൂർ | 257 | 1573.14 |
| പാലക്കാട് | 320 | 1248.6 |
| മലപ്പുറം | 219 | 867.93 |
| കോഴിക്കോട് | 210 | 864.69 |
| വയനാട് | 104 | 390.21 |
| കണ്ണൂർ | 188 | 767.29 |
| കാസർഗോഡ് | 162 | 610.5 |

(സി) വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വകുപ്പിൽനിന്നും വിവാഹ ധനസഹായം അനുവദിച്ചുവരുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ അല്ലെങ്കിൽ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ധനസഹായ അപേക്ഷ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഓഫീസുകളിൽ നൽകാവുന്നതാണ്.

(ഡി) വിവാഹധനസഹായ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും 75,000 രൂപ വീതം ധനസഹായം നൽകുന്നു. ടി പദ്ധതിയിൽ പൂർണ്ണമായും സംസ്ഥാന വിഹിതത്തിൽനിന്നുമാണ് തുക ചെലവഴിക്കുന്നത്.

(ഇ)

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 1167 | 8,71,50,000 |
| കൊല്ലം | 1093 | 8,42,75,000 |
| പത്തനംതിട്ട | 359 | 2,68,75,000 |
| ആലപ്പുഴ | 382 | 2,82,50,000 |
| കോട്ടയം | 417 | 3,12,75,000 |
| ഇടുക്കി | 431 | 3,21,50,000 |
| എറണാകുളം | 580 | 4,34,50,000 |
| തൃശ്ശൂർ | 536 | 4,20,50,000 |
| പാലക്കാട് | 1268 | 9,49,75,000 |
| മലപ്പുറം | 652 | 5,04,00,000 |
| കോഴിക്കോട് | 315 | 2,36,25,000 |
| വയനാട് | 239 | 1,79,25,000 |
| കണ്ണൂർ | 147 | 1,10,00,000 |
| കാസർഗോഡ് | 332 | 2,48,75,000 |

**അംബേദ്കർ ഗ്രാമം പദ്ധതി**

13(728) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പാക്കുന്ന കോളനികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | കോളനിയുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 2016-17 | നരുക്കനി കോളനി | ആളൂർ |
| | നന്തി IHDP കോളനി | കാറളം |
| 2019-20 | കടുപ്പശ്ശേരി പട്ടികജാതി കോളനി | വേളൂക്കര |

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

നമ്പിക്കുന്ന് കോളനി

| | പ്രവൃത്തികൾ | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കുടിവെള്ള വിതരണ പദ്ധതിയുടെ നവീകരണ പ്രവൃത്തികൾ | 50% പൂർത്തീകരിച്ചു. |
| 2. | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും ഡൈനിംഗ് ഹാളിന്റെ അഡീഷണൽ പ്രവൃത്തികൾ | പ്രവൃത്തികൾ ആരംഭിച്ചു. |
| 3. | പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ | |
| 4. | 34 വീടുകളുടെ അറ്റകുറ്റപ്പണികൾ | പണി പൂർത്തീകരിച്ചു |
| 5. | സ്ലാബിന്റെ അറ്റകുറ്റപ്പണികൾ | |
| 6. | കോൺക്രീറ്റ് റോഡ് നിർമ്മാണം | |
| 7. | സോളാർ ലൈറ്റ് സ്ഥാപിക്കൽ | |

ii. നന്തി IHDP കോളനി

കോളനിയിലെ പ്രധാന നിർമ്മാണ പ്രവൃത്തികളായ കമ്മ്യൂണിറ്റി ഹാളിനും ഹാളിലേയ്ക്കുള്ള വഴിയ്ക്കും സ്വകാര്യവ്യക്തികളിൽനിന്നും സ്ഥലംവിട്ട് ലഭിക്കാത്തതിനാൽ ടി കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

iii. കടുപ്പശ്ശേരി പട്ടികജാതി കോളനി

കോളനിയുടെ നിർമ്മാണപ്രവൃത്തികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 16-12-2019-ന് യോഗം ചേർന്നിട്ടുണ്ട്.

## പദ്ധതി വിഹിതത്തിൽ ഇളവ്

14(729) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ് കുറവുവരുത്തിയതെന്നും കുറവ് വരുത്തുവാനുണ്ടായ സാഹചര്യം എന്താണെന്നും വിശദീകരിക്കുമോ;

(ബി) 2019-20 സാമ്പത്തികവർഷത്തിൽ പ്രസ്തുത വകുപ്പുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി അർഹമായ തുക ലഭ്യമായിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) 2019-20 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അർഹമായ തുക ലഭ്യമായിട്ടില്ല. 2019-20 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 343.33 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 20.08 കോടി രൂപ മാത്രമാണ് കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുള്ളത്.

2019-20 സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതികൾ | കേന്ദ്ര സഹായം ലഭിച്ച തുക ലക്ഷത്തിൽ (നാളിതുവരെ) |
|---|---|---|
| 1 | ഗ്രാന്റ്-ഇൻ-എയ്ഡ് ആർട്ടിക്കിൾ 275(1) പ്രകാരം | 633.29 |
| 2 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (75% കേന്ദ്ര സഹായം) | 16415 |
| 3 | പ്രീമെട്രിക് സ്കോളർഷിപ്പ് | 287.31 |
| 4 | കൺസർവേഷൻ കം ഡെവലപ്മെന്റ് ഓഫ് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ് | 40.5 |
| | ആകെ | 2602.6 |

**കായംകുളം മണ്ഡലത്തിലെ പട്ടികജാതി വികസന പദ്ധതികൾ**

15(730) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇനം തിരിച്ചുവ്യക്തമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുവഴി 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | ചികിത്സാധന സഹായം | 1,89,27,500 |
| 2 | വിദേശ തൊഴിൽ | 49,50,000 |
| 3 | പഠനമുറി | 1,77,60,000 |
| 4 | ഏകവരുമാനദായകന്റെ മരണധനസഹായം | 15,00,000 |
| 5 | മിശ്രവിവാഹ ധനസഹായം | 36,50,000 |
| 6 | വിവാഹ ധനസഹായം | 1,17,85,000 |
| 7 | ഭൂരഹിത പുനരധിവാസം | 3,91,56,750 |
| 8 | ഭവനനിർമ്മാണം | 5,77,35,000 |
| 9 | ഭവന അറ്റകുറ്റപ്പണി | 21,75,000 |
| 10 | സ്വയംതൊഴിൽ സബ്സിഡി | 9,36,466 |
| 11 | സ്വയംസഹായ സംഘം പദ്ധതി | 1,88,094 |
| 12 | കോർപ്പസ് ഫണ്ട് | |
| (എ) | മൂലേച്ചിറ കോളനി റോഡ് റീടാറിംഗ് | 6,10,000 |
| (ബി) | പുത്തൻതറ കോളനി റോഡ് കോൺക്രീറ്റിംഗ് | 3,20,000 |
| (സി) | പൂവാടിത്തറ കോളനി റോഡ് കോൺക്രീറ്റിംഗ് | 19,93,534 |

| | | |
|---|---|---|
| (ഡി) | മീനക്കോട്ട്കുളത്തിന്റെ വശത്ത് പാർശ്വഭിത്തി ഡ്രയിൻ നിർമ്മാണം നടപ്പാത കോൺക്രീറ്റിംഗ് | 3,90,000 |
| (ഇ) | ചാങ്ങേത്തറ കോളനി വികസനം | 15,20,000 |
| (എഫ്) | ഐ.എച്ച്.ഡി.പി. കോളനി റോഡ് കോൺക്രീറ്റിംഗ് | 17,65,000 |
| 13 | അംബേദ്കർ ഗ്രാമവികസന പദ്ധതി | |
| (എ) | പുത്തൻപുരയിൽ കോളനി | 95,97,491 |
| (ബി) | ചാലയ്ക്കൽ കോളനി (പ്രവൃത്തി പുരോഗമിക്കുന്നു) | 89,11,234 |

**പീരുമേട് നിയോജകമണ്ഡലത്തിൽ**
**ഗോത്രസാരഥി - ഗോത്രബന്ധു പദ്ധതികൾ**

16(731) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഗോത്രസാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആയിരക്കണക്കിന് ആളുകൾ അധിവസിക്കുന്ന ഇടുക്കി ജില്ല ഗോത്രബന്ധു പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയിൽ ഇടുക്കി ജില്ലയെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നു.

1. സി.പി.എം.എച്ച്.എസ്.എസ്., പീരുമേട്
2. ജി.എൽ.പി.എസ്., അഴുത
3. എം.ജി.എൽ.സി., വഞ്ചിവയൽ

(ബി) വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതി ഇടുക്കി ഉൾപ്പെടെ മറ്റു ജില്ലകളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ കോളനി നവീകരണ പദ്ധതികൾ**

17(732) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന കോളനി നവീകരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | കോളനി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 2016-17 | കുട്ടാല കവറപ്പുര | എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. |
| 2 | | പറക്കുന്നം | |
| 3 | | നെടുങ്ങരൻ കാട് | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 4 | | പനമ്പഴക്കാട് | സ്കൂൾ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം, റോഡ് നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. |
| | 2019-20 | മലയ്ക്കാട്ടുകുന്ന് | എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

(ബി) പ്രവൃത്തികളുടെ പുരോഗതി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

18(733) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ ഏതെല്ലാം പദ്ധതികളാണ് ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കടപ്പാറ കോളനി (കുടിവെള്ള പദ്ധതി)
2. കണിച്ചിപ്പരുത (കുടിവെള്ള പദ്ധതി)
3. പൂച്ചാടി കോളനി (നടപ്പാത നിർമ്മാണം)

പട്ടികജാതി വകുപ്പിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കടപ്പാറ കോളനി (കുടിവെള്ള പദ്ധതി) | പൂർത്തീകരിച്ചു |
| 2 | കണിച്ചിപ്പരുത (കുടിവെള്ള പദ്ധതി) | |
| 3 | പൂച്ചാടി കോളനി (നടപ്പാത നിർമ്മാണം) | |

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

### അംബേദ്കർ ഗ്രാമ പദ്ധതി

19(734) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഗ്രാമ പദ്ധതിക്കായി ഈ വർഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഈ ഓരോ കോളനിയുടെയും നവീകരണത്തിനുള്ള നിർവ്വഹണ ഏജൻസി ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

അംബേദ്കർ ഗ്രാമ പദ്ധതിയ്ക്കായി ഈ വർഷം പാലക്കാട് ജില്ലയിൽനിന്നും തെരഞ്ഞെടുത്ത പതിനഞ്ച് കോളനികളുടെ നിർമ്മാണ ചുമതല പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതാണ്. കോളനികളുടെ പേര് ചുവടെ ചേർക്കുന്നു:

1. ചിന്നക്കൗണ്ടർ പട്ടികജാതി കോളനി
2. ഉള്ളിക്കഞ്ചേരി പട്ടികജാതി കോളനി
3. പുഞ്ചപ്പാടം പിഷാരത്ത്കുന്ന്
4. ചെട്ടിതൊടി കോളനി
5. തേറാപ്പുറം കോളനി
6. കണ്ടൻചിറ കോളനി
7. അരികിൻചിറ കോളനി
8. ചെക്കിണി പട്ടികജാതി കോളനി
9. കുന്നശ്ശേരി പറമ്പ് പട്ടികജാതി കോളനി
10. മുട്ടാളക്കൽ കല്ലപ്പറമ്പ് പട്ടികജാതി കോളനി
11. കീഴിപ്പാല പട്ടികജാതി കോളനി
12. മുന്നരിത്തിക്കാട് പട്ടികജാതി കോളനി
13. ചിരാത്ത് കുളമ്പ് പട്ടികജാതി കോളനി
14. മാട്ടായ പട്ടികജാതി കോളനി
15. മലയ്ക്കാട്ടുകുന്ന് കോളനി

## അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

20(735) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം കോളനികളുടെ പദ്ധതിയാണ് പൂർത്തീകരിച്ചതെന്നും, മറ്റുള്ളവ എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്ന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പടിക്കൽപ്പാടം, നെന്മാറപ്പാടം എന്നീ രണ്ടു കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) രണ്ട് കോളനികളുടെയും എൺപത് ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തോടെ രണ്ട് പദ്ധതികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ട കാരക്കുത്ത് കൈപ്പറമ്പ് കോളനി

21(736) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി</u>. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ അംബേദ്കർ കോളനിയായി തെരഞ്ഞെടുത്ത കാരക്കുത്ത് കൈപറമ്പ് കോളനിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) അംബേദ്കർ കോളനിയായി തെരഞ്ഞെടുത്ത പ്രസ്തുത കോളനിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പദ്ധതി ആരംഭിക്കുന്നതിനു കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാരക്കുത്ത് കൈപറമ്പ് കോളനിയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കോൺക്രീറ്റ് റോഡ് ഫുഡ്പാത്ത് എന്നിവയുടെ നിർമ്മാണം.

2. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

3. കിണർ പുനരുദ്ധാരണം

4. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

5. അങ്കണവാടിയുടെ പുനരുദ്ധാരണം

6. കുടിവെള്ള പദ്ധതി

7. കമ്മ്യൂണിറ്റി ഹാൾ, സ്വയം തൊഴിൽ കേന്ദ്രം എന്നിവയ്ക്കായുള്ള കെട്ടിടത്തിന്റെ നിർമ്മാണം

8. സാനിട്ടറി സൗകര്യം

(സി) കോട്ടയം ജില്ലയിൽനിന്നും തെരെഞ്ഞെടുത്ത പെരുമന പ്രകാട്ട് കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പ്രസ്തുത കോളനികൾക്ക് അനുവദിച്ച തുക കാരക്കുത്ത് കൈപറമ്പ് കോളനികളുടെ നിർമ്മാണത്തിനായി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനായി കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

പ്രവർത്തനം ആരംഭിക്കുന്നതിന് ഏജൻസി കാലതാമസം വരുത്തിയിട്ടുണ്ട്.

(ഇ) കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

22(737) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കുടികളിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതി ദേവികുളം നിയോജക മണ്ഡലത്തിൽ എവിടെയൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ടവയിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാകാത്തവ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും കോവിലൂർ-വട്ടവട, കടുക്കാസിറ്റി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) രണ്ട് കോളനികളിലും നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഇതുവരെയും രണ്ട് കോളനികളുടെയും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

## അംബേദ്കർ ഗ്രാമം പദ്ധതി

23(738) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കോട്ടയം ജില്ലയിൽ ആരംഭിച്ച അംബേദ്കർ ഗ്രാമങ്ങൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വടകുന്നപ്പുഴ ചതുപ്പ് കോളനിയെ 2018-19 കാലഘട്ടത്തിൽ പ്രൊപ്പോസ് ചെയ്തിരുന്നുവെങ്കിലും ആയതിന് അംഗീകാരം കിട്ടാത്ത സാഹചര്യത്തിൽ മണ്ഡലത്തിലെ മറ്റൊരു കോളനിയെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കാൻ അനുമതി നൽകുമോ; വിശദമാക്കുമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതിയ്ക്കായി കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡത്തിൽ പ്രാദേശിക സാഹചര്യം കൂടി കണക്കിലെടുത്തുള്ള മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികൾ

| വർഷം | കോളനികൾ |
|---|---|
| 2016-17 | 1. രണ്ടാം മൈൽ<br>2. എഴുമാന്തുരുത്ത് കൊല്ലങ്കര കോളനി<br>3. മുച്ചൂർക്കാവ് കട്ടമട കോളനി<br>4. കാവിമറ്റം കോളനി<br>5. കുഴിക്കാട്ട് കോളനി<br>6. അമര കോളനി<br>7. പുതുച്ചിറ കോളനി<br>8. പള്ളത്തുപാറ കോളനി |

2018-19 സാമ്പത്തികവർഷം പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയത്തുനിന്ന് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള താഴെപ്പറയുന്ന അഞ്ച് കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. ഈട്ടുംപുറം സൗത്ത് കോളനി
2. IHDP ചാലപ്പറമ്പ് കോളനി
3. IHDP കോളനി
4. അക്കരപ്പാടം ഒ.എൽ.എച്ച് കോളനി
5. 110 അംബേദ്കർ കോളനി

| | |
|---|---|
| 2019-20 | കുറ്റിക്കാല കോളനി<br>മുണ്ടുമല കോളനി<br>മുറക്കല്ലുപുറം 4 ലെന്റ് കോളനി |

(ബി) 2018-19 സാമ്പത്തികവർഷം കേരളത്തിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് നാശം സംഭവിച്ചിട്ടുള്ള കോളനികളെയാണ് പുനർനിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) അടിസ്ഥാനസൗകര്യ വികസനത്തിൽ പിന്നാക്കം നൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് 2016-17 സാമ്പത്തികവർഷം അംബേദ്കർ ഗ്രാമപദ്ധതി

പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. 2019-20 സാമ്പത്തികവർഷം മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ മോഡൽ കോളനികൾ

24(739) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി എത്ര മോഡൽ കോളനികൾ അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപയാണ് ജില്ലയിൽ ആകെ അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) ഒരു കോടി രൂപ അനുവദിച്ച പ്രസ്തുത കോളനികളിൽ ഇതുവരെ പണിപൂർത്തീകരിച്ച കോളനികൾ എത്ര; 50% പോലും പണി പൂർത്തിയാക്കാത്ത കോളനികൾ എത്ര; ഒരു പ്രവൃത്തിയും ആരംഭിക്കാത്ത കോളനികൾ എത്ര; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ജില്ലയിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം 2016-17-ൽ തെരഞ്ഞെടുത്ത പത്ത് പട്ടികജാതി കോളനികൾക്കായി 4,40,00,000 രൂപയും 2019-20-ൽ തെരഞ്ഞെടുത്ത ഒരു കോളനിക്ക് 10,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18-ൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എട്ട് പട്ടികവർഗ്ഗ കോളനികളുടെ പ്രവർത്തനങ്ങൾക്കായി 3,73,70,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അംബേദ്കർ ഗ്രാമ പദ്ധതി

| പ്രവൃത്തികൾ പൂർത്തീകരിച്ചത് | പ്രവൃത്തികളുടെ പുരോഗതി (%) | പ്രവൃത്തി ആരംഭിക്കാനുള്ളത് |
|---|---|---|
| ഇല്ല | 1. 4 കോളനികളിൽ 50%<br>2. 7 കോളനികളിലെയും എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. | പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

| പ്രവൃത്തികൾ പൂർത്തീകരിച്ചത് | പ്രവൃത്തികളുടെ പുരോഗതി (%) | പ്രവൃത്തി ആരംഭിക്കാനുള്ളത് |
|---|---|---|
| ഇല്ല | 1. 1 കോളനിയിൽ 50%<br>2. 7 കോളനികളിൽ ശരാശരി 25% | പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |

## പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ

25(740) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ.എൻ.എ ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ പരാതികളിന്മേൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിജിലൻസ് റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഊരുകൂട്ട തീരുമാനപ്രകാരം, തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

പട്ടികജാതി വികസന വകുപ്പ്

ഇത്തരം പരാതി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മുൻഗണനാക്രമം പാലുക്കുന്നില്ല എന്നത് സംബന്ധിച്ച് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

<u>പട്ടികജാതി വികസന വകുപ്പ്</u>

വിജിലൻസ് ജില്ലാ ആഫീസിലും ബ്ലോക്കുകളിലും പരിശോധന നടത്തിയതായി ചില ജില്ലാ പട്ടികജാതി വികസന ആഫീസർമാർ വിവരം അറിയിച്ചിട്ടുണ്ട്. എന്നാൽ ടി വിഷയത്തിൽ വിജിലൻസിന്റെ റിപ്പോർട്ട് ഈ ആഫീസിൽ ലഭിച്ചിട്ടില്ല.

(സി)<u>പട്ടികവർഗ്ഗ /പട്ടികജാതി വികസന വകുപ്പ്</u>

ബാധകമല്ല.

**പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ**

26(741) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരിച്ചാൽ നൽകുന്ന ധനസഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാർക്കായുള്ള ചികിത്സാ ധനസഹായ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ;

(ഡി) പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ കൂടുതൽ പട്ടികജാതി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>പഠനമുറി:-</u> പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന ബൃഹത്തായ പദ്ധതി.
2. <u>വാത്സല്യനിധി:-</u> പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായുള്ള ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയായ വാത്സല്യനിധി പദ്ധതി.
3. <u>ലാപ് ടോപ്പ്:-</u> M.Sc Electronics, B.Arch., M.Phil., Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.
4. <u>ഉച്ചഭക്ഷണം:-</u> പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും ഉച്ചഭക്ഷണവും നൽകുന്നതിനുള്ള പദ്ധതി.
5. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ:-</u> പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.
6. <u>നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്:-</u> നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി.
7. <u>അംബേദ്കർ ഗ്രാമം പദ്ധതി:-</u> 30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപവരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
8. <u>ഹെൽത്ത് കെയർ സ്കീം:-</u> പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
9. പട്ടികജാതി യുവതീയുവാക്കൾക്ക് പരിശീലനം നൽകി 100% പ്ലേയ്സ്മെന്റ് ഉറപ്പാക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ.

(ബി) വർദ്ധിപ്പിച്ചിട്ടുണ്ട്.

കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായത്തുക 22-11-2018-ലെ സ.ഉ.(കൈ) 85/2018/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 50,000 രൂപയിൽനിന്നും 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വിപുലീകരിച്ചിട്ടുണ്ട്.

ചികിത്സാ ധനസഹായം അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 19/07/2017-ലെ സ.ഉ.(കൈ) 48/2017 പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള അംബേദ്കർ ഗ്രാമം പദ്ധതിയിൽ കൂടുതൽ പട്ടികജാതി കോളനികളെ ഉൾപ്പെടുത്തുന്നതിനായി പദ്ധതി മാനദണ്ഡപ്രകാരം കോളനിയിൽ ഉണ്ടായിരിക്കേണ്ട കുടുംബങ്ങളുടെ എണ്ണം 2019 സാമ്പത്തിക വർഷം മുതൽ 40-ൽനിന്നും 30 ആയി കുറച്ചിട്ടുണ്ട്.

### പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളിലെ അഴിമതി

27(742) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും, സ്വന്തമായി ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് വച്ച് നൽകുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതികളിൽ വ്യാപകമായ അഴിമതി നടന്നതായി വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ആഭ്യന്തര അന്വേഷണ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ പദ്ധതികളിലെ അഴിമതി ആഭ്യന്തര അന്വേഷണ സംവിധാനത്തിന്റെ പരിശോധനയിൽ കണ്ടെത്തുവാൻ കഴിയാതിരുന്നത് പ്രസ്തുത സംവിധാനം നിഷ്ക്രിയമായത് കൊണ്ടാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) വകുപ്പിലെ ആഭ്യന്തര സംവിധാനം ശക്തിപ്പെടുത്തുന്നതിനും, വകുപ്പിന്റെ പ്രവർത്തനം എല്ലാ മാസവും റിവ്യൂ ചെയ്യുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അഴിമതി മുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരായ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും സ്വന്തമായി ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് വച്ച് നൽകുന്നതിനും പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിലെ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രസ്തുത പദ്ധതികളിൽ അഴിമതി നടന്നതായി ആക്ഷേപം ഉണ്ടായതിനെ തുടർന്ന് വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. വയനാട് ജില്ലയിൽ നടന്ന ഭൂമി വിതരണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ വിശദമായ അന്വേഷണത്തിൽ യാതൊരു ക്രമക്കേടുകളും നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും ആഭ്യന്തര അന്വേഷണ സംവിധാനം നിലവിലുണ്ട്.

പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര അന്വേഷണ വിഭാഗങ്ങളായ ഓഡിറ്റ് വിഭാഗവും വിജിലൻസ് വിഭാഗവും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ക്രമക്കേട് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ഉൾപ്പെടെ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ വകുപ്പുതല അന്വേഷണത്തിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ കീഴിൽ ഒരു ജൂനിയർ സൂപ്രണ്ടും രണ്ട് ക്ലാർക്കുമാരും അടങ്ങുന്ന പരിശോധനാ വിഭാഗമാണ് നിലവിലുള്ളത്.

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ഓരോ വർഷവും നടപ്പാക്കുന്നത്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ഏകദേശം 700 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര അന്വേഷണ സംവിധാനം ഉൾപ്പെടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ശാക്തീകരണം സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

28(743) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കാരന്താട്, മടക്കാംപൊയിൽ പട്ടികജാതി കോളനികളിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കാരന്താട് പട്ടികജാതി കോളനിയിൽ ശ്മശാനത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മടക്കാംപൊയിൽ പട്ടികജാതി കോളനിയിൽ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ, ഐ.ടി. സെന്ററിന്റെ റൂഫ് വർക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാത്സല്യനിധി പദ്ധതി

29(744) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന വാത്സല്യനിധി പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. അതിനുപുറമെ മാതാപിതാക്കളിൽ വരുമാനദായകനായ വ്യക്തിയുടെ അപകടമരണത്തിന് 4 ലക്ഷം, സാധാരണ മരണത്തിന് 2 ലക്ഷം, അംഗവൈകല്യം സംഭവിച്ചാൽ 2 ലക്ഷം, ഭാഗികമായ വൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം, 9, 10, 11, 12 ക്ലാസ്സുകളിൽ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും ലഭ്യമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്രവാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽനിന്ന് ഇവരുടെ കൊഴിഞ്ഞുപോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന 1,38,000 രൂപ സർക്കാർ വിഹിതമായി അടച്ചാണ് പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് രണ്ട് വയസ് പൂർത്തിയായി പ്രതിരോധ കുത്തിവയ്പ്പെടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2,000 രൂപയും അഞ്ച് വയസ് പൂർത്തിയായി സ്കൂളിൽ/അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000 രൂപയും പെൺകുട്ടിക്ക് പത്ത് വയസ്സ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000 രൂപയും 10-ാം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിക്ക് ലഭിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.

1. അപകട മരണം 4 ലക്ഷം രൂപ അനന്തരാവകാശിക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശിക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾ അപകടം സംഭവിച്ചാൽ ചുവടെ പറയുംപ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണ്ണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപയും ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരും ലക്ഷം രൂപയും ലഭിക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആകെ 107 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ | ലഭിച്ച അപേക്ഷകൾ |
|---|---|---|
| 1 | വാമനപുരം ബ്ലോക്ക് | 17 |
| 2 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 22 |
| 3 | നെടുമങ്ങാട് ബ്ലോക്ക് | 35 |
| 4 | പോത്തൻകോട് ബ്ലോക്ക് | 33 |
| | ആകെ | 107 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഒരാളുടെ അപേക്ഷ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

30(745) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ

വെൺപകൽ ഭാസ്കർ നഗർ കോളനിയിൽ 2019 ഡിസംബർ വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വർഷത്തിൽ ആണ് പ്രവൃത്തികൾ നടത്തുന്നതിനു നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതു എന്ന് വ്യക്തമാക്കാമോ;

(സി) ഭാസ്കർ നഗർ കോളനിയുടെ മുഴുവൻ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഭാസ്കർ നഗർ കോളനിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

1. റോഡ് കോൺക്രീറ്റിംഗ്

2. സംരക്ഷണഭിത്തി

3. ഭവന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 9 വീടുകളിൽ 2 എണ്ണം പൂർത്തീകരിച്ചു.

<u>പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>

അങ്കണവാടി, ലൈബ്രറി എന്നിവ ഉൾപ്പെടുന്ന കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് അധികൃതരിൽനിന്നും വിട്ടുലഭിക്കാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നു.

(ബി) 2017-ൽ ആണ് പ്രസ്തുത കോളനിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയത്.

(സി) നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട അങ്കണവാടി, ലൈബ്രറി എന്നിവ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ എർത്ത് വർക്ക് ജോലികൾ ആരംഭിച്ചിരുന്നു. എന്നാൽ വഴി സംബന്ധമായ തർക്കംമൂലം സമീപവാസികൾ പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിർമ്മാണം തുടങ്ങുന്നതിനായി സ്ഥലം കൃത്യമായി രേഖപ്പെടുത്തി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട ഏജൻസി അറിയിച്ചിട്ടുണ്ട്.

**അംബേദ്കർഗ്രാമം പദ്ധതി**

31(746) <u>ശ്രീ. പി. ഉണ്ണി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ട്; ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അംബേദ്കർഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി കോളനികൾ എതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുക വീതമാണ് ഓരോ കോളനിക്കും അനുവദിച്ചത്; എന്നാണ് അനുവദിച്ചത്; അതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഓരോ അംബേദ്കർ ഗ്രാമത്തിലും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 354 കോളനികൾ ഉണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| അമ്പലപ്പാറ | 65 | 977 |
| ലക്കിടിപേരൂർ | 55 | 924 |
| കടമ്പഴിപ്പുറം | 59 | 828 |
| കരിമ്പുഴ | 52 | 672 |
| ചൂക്കോട്ടുകാവ് | 48 | 766 |
| ശ്രീകൃഷ്ണപുരം | 41 | 634 |
| തച്ചനാട്ടുകര | 34 | 472 |
| ആകെ | 354 | 5273 |

(ബി)

1. അമരമംഗലം
2. കതിർപറമ്പ്

(സി)

| കോളനി | അനുവദിച്ച് തുക | അനുവദിച്ച തീയതി | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| അമരമംഗലം | 50,00,000 | 3-6-2019 | -- | പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| കതിർപറമ്പ് | 20,00,000 | 23-7-2019 | -- | എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല |

(ഡി) അമരമംഗലം കോളനിയിലും കതിർപറമ്പ് കോളനിയിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

32(747) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി പ്രകാരം എത്ര സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരകത്വ പരിശീലനം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ട് അപ് മിഷനും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. മണ്ണന്തല അംബേദ്കർ ഭവനിലാണ് സ്റ്റാർട്ടപ്പ് ഡ്രീംസ് പ്രവർത്തിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 133.10 ലക്ഷം രൂപ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റാർട്ട് അപ് ഡ്രീംസിൽ പേര് രേഖപ്പെടുത്തി പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് വായ്പ ലഭ്യമാക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി 2018-19 സാമ്പത്തിക വർഷം മുതൽ അഞ്ച് വർഷത്തേയ്ക്ക് പ്രതിവർഷം നാല് സ്റ്റാർട്ട് അപ്പുകൾക്ക് 10.00 ലക്ഷം രൂപ വീതം 40.00 ലക്ഷം രൂപ എന്ന പ്രകാരം 2.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യഗഡുവായി 40.00 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

(ബി) സ്റ്റാർട്ടപ്പ് ഡ്രീംസ് മുഖേന ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ബാച്ചുകളിലായി 159 പേർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ മൂന്ന് ബാച്ചുകളിലായി യഥാക്രമം 21, 15, 19 സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുകയും ഇവർക്ക് മൂന്ന് മാസത്തെ മെന്റർഷിപ്പ് സപ്പോർട്ട് നൽകുകയും അതിൽ യഥാക്രമം 14, 3, 9 എന്നീ സ്റ്റാർട്ട് അപ്പുകൾക്ക് അടിസ്ഥാന സൗകര്യവും ഇൻക്യുബേഷൻ സപ്പോർട്ടും നൽകിവരുന്നു.

## നെന്മാറ മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

33(748) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവരിൽ സ്വന്തമായി വീട് ഉള്ളത് എത്ര കുടുംബങ്ങൾക്കാണെന്ന് വിശദമാക്കുമോ;

(സി) വീട് ഇല്ലാത്തവർക്ക് വീട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ 2082 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) 1557 കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ട്.

(സി) 2016 കാലഘട്ടത്തിൽ ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 287 പേർക്ക് വീട് നൽകി. കൂടാതെ 2019-ൽ ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി അഞ്ച് പേരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ടി പദ്ധതിയിൽ റേഷൻ കാർഡില്ലെന്ന കാരണത്താൽ ഉൾപ്പെടാതെ പോയ ഭവനരഹിതരായ അർഹതയുള്ള 12 പേരെ ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 221 പേരെ ഭൂരഹിത ഭവനരഹിതരിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേന വീട് നൽകുന്നതിനുമായി ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

## ജനനി ജന്മരക്ഷ പദ്ധതി

34(749) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് വിവിധ വകുപ്പുകൾ വഴി സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) ട്രൈബൽ ഡയറക്ടറേറ്റ് നടപ്പിലാക്കിയ 'ജനനി ജന്മരക്ഷ' പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ആദിവാസികൾക്ക് ലഭ്യമാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി നടത്തിപ്പിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കുറ്റക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.

- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽനിന്നും ലഭ്യമാകുന്നു.

അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്. പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

കോട്ടത്തറയിലെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി., പുതൂർ, ആനക്കട്ടി പിഎച്ച്.സി.-കൾ, 28 സബ് സെന്ററുകൾ തുടങ്ങിയവയാണ് നിലവിൽ അട്ടപ്പാടിയിലെ ആരോഗ്യ കേന്ദ്രങ്ങൾ. ഇവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.റ്റി.ഡി.പി. ഓഫീസ് മുഖേനയും ചികിത്സാ ധനസഹായം നൽകിവരുന്നു. 2016-17 -ൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 1.81 കോടി രൂപ വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

2019-20-ൽ അട്ടപാടി മേഖലയിൽ നൽകിയ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു:

- ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (ജി.റ്റി.എസ്.എച്ച്.)-85 ലക്ഷം രൂപ

  ഐ.റ്റി.ഡി.പി.-ക്ക് - 40 ലക്ഷം രൂപ

- സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള ധനസഹായം

  2019-20 – 140 രോഗികൾക്ക് 29 ലക്ഷം രൂപ

- ജനനി ജന്മരക്ഷ പദ്ധതി

  2019-20 – 460 രോഗികൾക്ക് 1.30 കോടി രൂപ

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- അട്ടപ്പാടി മേഖലയിലെ ശിശുമരണനിരക്ക് 31 (2013) എന്നത് 7 (2019) എണ്ണമായി കുറഞ്ഞിട്ടുണ്ട്.

2013 മുതൽ ഇതുവരെ അട്ടപ്പാടിയിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണം

| 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|
| 31 | 15 | 14 | 8 | 14 | 13 | 7 | 1 |

- അബോർഷൻ കേസ്സുകൾ 77(2013) എന്നത് 21 (2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64(2013)-ൽനിന്ന് 3(2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18(2013)-ൽ നിന്ന് 2(2019) ആയി കുറഞ്ഞിട്ടുണ്ട്.

(ബി) എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശുമരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും ഇവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

ഗർഭസ്ഥ ശിശുവിന്റെ 3-ാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് ആകുന്നതുവരെയുള്ള കാലയളവ് (18 മാസം) പ്രതിമാസം 2000 രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ലഭ്യമാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച് രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നിതുലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം അവരുടെ ഇഷ്ടാനുസരണം വാങ്ങി ഭക്ഷിക്കുന്നതിനാണ് ടി തുക ചെലവഴിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലെ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിവരുന്നു.

(ഡി) 2013-14, 2014-15 എന്നീ വർഷങ്ങളിലെ ജനനി ജന്മരക്ഷാ പദ്ധതി നടത്തിപ്പിൽ ധനകാര്യ വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും ഉത്തരവാദിയായ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി. പ്രേമാനന്ദനെ സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാൻ വിരമിച്ചിട്ടുണ്ടെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

## ഗോത്ര സാരഥി പദ്ധതി

35(750) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2019-20-ൽ എത്ര തുക നീക്കിവച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) വിദൂര കോളനികളിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2019-20 സാമ്പത്തിക വർഷം 'പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ' എന്ന ശീർഷകത്തിൽ 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 12,28,80,354 രൂപ (പന്ത്രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) 2019-20 വർഷം 479 സ്കൂളുകളിലായി 18,524 കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

## വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങിനൽകുന്ന പദ്ധതി

36(751) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിലവിൽ എത്ര ഭൂരഹിതരായ ആദിവാസികൾ വയനാട് ജില്ലയിൽ ഉണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;വിശദാംശം നൽകാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വിൽക്കാൻ തയ്യാറായ 103 ഭൂവുടമകൾ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൻ പ്രകാരം ആകെ ലഭിച്ച 326 ഏക്കർ ഭൂമിയിൽ ജില്ലാതല സൂക്ഷ്മ പരിശോധന നടത്തി 36 ഭൂവുടമകളുടെ 72.84 ഏക്കർ ഭൂമി അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ വില നിർണ്ണയം പൂർത്തീകരിച്ച 12 ഭൂവുടമകളുടെ 19.18 ഏക്കർ ഭൂമിയുടെ വില 29-10-2019-ന് ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC യോഗം അംഗീകരിച്ച് നൽകിയിരുന്നു.

എന്നാൽ ഒരാൾ ഒഴികെ മറ്റുള്ളവർ ടി വിലയ്ക്ക് ഭൂമി വൽക്കുന്നതിന് തയ്യാറാകാത്തതിനാൽ വീണ്ടും നെഗോസിയേഷൻ നടത്തി ആറ് ഭൂവുടമകളുടെ 6.33 ഏക്കൽ ഭൂമിക്ക് ഉയർന്നവില നിശ്ചയിച്ച് SLEC-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) വയനാട് ജില്ലയിൽ 3051 പേർ തീർത്തും ഭൂമി ഇല്ലാത്തവരെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂമിയും വീടും അനുവദിക്കുന്നതിലേക്കായി ഭൂരഹിതരുടെ വിശദാംശങ്ങൾ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

## ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നത്

37(752) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ച് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 1126 പേർക്ക് 1551 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്.

478 പേർക്ക് 174.77 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങി നൽകിയിട്ടുണ്ട്.

നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ പട്ടയം, മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്തവർക്കുള്ള ഭൂമി വിതരണം തുടങ്ങിയ ഇനങ്ങളിലായി 2659 പേർക്കായി 1804.78 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി

38(753) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ എയ്യൻകല്ല്, പട്ടുത്തുവയൽ പട്ടികവർഗ്ഗ കോളനികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലെ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ എയ്യൻകല്ല്, പട്ടത്തുവയൽ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ഡി.പി.ആർ. അംഗീകാരത്തിനായി ജില്ലാതല പ്രവർത്തക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച ഡി.പി.ആർ. ജില്ലാതല സമിതിയിൽ പരിശോധിച്ചതിൽ പിഴവുകൾ കണ്ടെത്തുകയും ആയത് തിരുത്തി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. തെറ്റുകൾ പരിഹരിച്ച ഡി.പി.ആർ. ജില്ലാതല പ്രവർത്തക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതി**

39(754) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതി ഇതിനകം എത്ര കോളനികളിൽ നടപ്പിലാക്കിയെന്ന് അറിയിക്കാമോ;

(ബി) പദ്ധതി പ്രകാരം കോളനികളുടെ അടിസ്ഥാന നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കിയ കോളനികളിൽ പദ്ധതി പ്രകാരമുള്ള പണി പൂർത്തയാക്കിയോ എന്ന് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) 2018-19-ൽ പ്രസ്തുത പദ്ധതിയിൻകീഴിൽ കോളനികൾ തെരെഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം 101 കോളനികളെ തെരഞ്ഞെടുത്തുവെങ്കിലും ആറ് കോളനികൾ ഫീസിബിളല്ലാത്തതിനാൽ പദ്ധതിയിൽനിന്നും ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 95 കോളനികളിൽ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ച 84 കോളനികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

ഇവയിൽ 61 കോളനികളുടെ പ്രവൃത്തികൾ ആരംഭിക്കുകയും മൂന്ന് കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കിവരുന്ന 95 കോളനികളിൽ മൂന്ന് കോളനികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. തെരഞ്ഞെടുത്ത 95 കോളനികളിലെയും പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിൽ മെച്ചപ്പെട്ട നിലവാരം കൈവരിക്കുവാൻ സാധിക്കുന്നതാണ്.

(സി) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏജൻസിയുടെയും വകുപ്പിന്റെയും ഫീൽഡ്തല ഉദ്യോഗസ്ഥർ യഥാസമയം നിർമ്മാണ പുരോഗതി വിലയിരുത്തുകയും പൂർത്തീകരിക്കുന്ന പദ്ധതി ഘടകങ്ങളുടെ ബിൽ തുക അനുവദിക്കുന്നതിന് മുന്നോടിയായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്താറുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭൗതിക പുരോഗതി മേൽപ്പറഞ്ഞ പ്രകാരം വിലയിരുത്താറുണ്ട്.

(ഡി) 2018-19 അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികളിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി 2019-20-ൽ 50 കോളനികളിൽക്കൂടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

40(755) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വിശദമാക്കുമോ;

(സി) ഇവർക്കായി അനുവദിക്കുന്ന പദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്കു തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നിലിവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിലുള്ള രോഗങ്ങളുടെ പ്രധാന കാരണം മദ്യാസക്തി ആണെന്നതിനാൽ ഇതിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത മേഖലയിൽ നടത്തുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. സാമൂഹ്യ പഠനമുറി
2. ഗോത്രബന്ധു
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം
    എ) കോളനികളുടെ സമഗ്ര വികസനം
    ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി
    സി) പി. കെ. കാളൻ കുടുംബ പദ്ധതി
4. ഗോത്രവാത്സല്യനിധി
5. വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം
6. സമ്പൂർണ്ണ വൈദ്യുതീകരണം
7. കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ഓരോ പദ്ധതിക്കും കിഫ്ബിയിൽനിന്നും അംഗീകരിച്ച തുകയും തത്സ്ഥിതിയും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ | 5 കോടി |
| 2 | പോസ്റ്റ്മെട്രിക് ഹോസ്റ്റർ, കോടാലിപ്പാറ | 3.91 കോടി |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ, അരുവിളാംചാൽ | 3.63 കോടി |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ | 4.2 കോടി |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക | 4.7 കോടി |
| 6 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം | 5 കോടി |
| 7 | ഹോസ്റ്റൽ കെട്ടിടം - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി | 3.42 കോടി |
| 8 | അക്കാഡമിക്ക് ബ്ലോക്ക് കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ(നാട്ടുകാണി) | 4.03 കോടി |
| 9 | യൂത്ത് ഹോസ്റ്റൽ, പാലോട് | 3.14 കോടി |
| 10 | എം.ആർ.എസ്., ആറളം, കണ്ണൂർ | 18.60 കോടി |

8. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ
9. ഗോത്രജീവിക
10. സമഗ്ര – ആദിവാസി സാക്ഷരത പരിപാടി
11. ഗോത്ര രശ്മി - സാമൂഹിക ശാക്തീകരണ പരിപാടി
12. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി
13. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം
14. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതി
15. മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ
16. കരിയർ ഗൈഡൻസ് ജോബ് ഫെയർ
17. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്
18. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലേയ്സ്മെന്റും ഉറപ്പുവരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗയുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ എട്ട് പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലേയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാച്ചെലവിനും മറ്റനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുകയുണ്ടായി.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തുകയും അവരുടെ ആവശ്യത്തിനനുസരിച്ച് മുൻഗണനാ പ്രകാരം പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.. വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലാണ് വകുപ്പ് കൂടുതൽ തുക വകയിരുത്തുന്നത്, കൂടാതെ തൊഴിൽ, ഭവനനിർമ്മാണം, ഭൂമിവാങ്ങി നൽകൽ, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾക്കും പ്രാധാന്യം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ചുവടെ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായ പദ്ധതികൾ സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽനിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

(ഡി) പട്ടികവർഗ്ഗ കോളനികളിൽ പുറത്തുനിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കുമരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതും കോളനി നിവാസികളുടെ അമിത മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനുമായി ടി കോളനികളിലെ മദ്യപാനികളെ കണ്ടെത്തി അവർക്ക് ഇവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് സമിതിയും ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതല സമിതിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഇത് കൂടാതെ അമിത മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനും അപ്രകാരമുള്ള കുട്ടികൾക്ക് മെഡിക്കൽ കൗൺസിലിംഗ് നടപ്പിലാക്കുന്നതിനും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ചികിത്സ ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി ചികിത്സയും നൽകിവരുന്നു. കോളനികളിൽ ബോധവൽക്കരണത്തിന് വയനാട് ജില്ലയിൽ കമ്മിറ്റഡ് സോഷ്യൽവർക്കർമാരെയും നിയമിച്ചിട്ടുണ്ട്. കോളനികളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, വിമുക്തി-യുമായി ചേർന്ന് പട്ടികവർഗ്ഗ കോളനികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നഴ്സറി സ്കൂളുകൾ

41(756) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ എവിടെയൊക്കെയാണ് നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പുതിയതായി നഴ്സറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്താകെ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മണലി (തിരുവനന്തപുരം)
2. വ്ലാവെട്ടി (തിരുവനന്തപുരം)
3. കടമാൻകോട് (കൊല്ലം)
4. പൂച്ചപ്ര (ഇടുക്കി)
5. കുവക്കണ്ടം (ഇടുക്കി)
6. കുമിളി (ഇടുക്കി)
7. അഗളി (പാലക്കാട്)
8. തരിയോട് (വയനാട്)
9. കുഞ്ഞോം (വയനാട്)
10. തിരുനെല്ലി (വയനാട്)
11. മാതമൂല (വയനാട്)
12. പാക്കം (വയനാട്)
13. കണ്ണവം (കണ്ണൂർ)

(ബി) പുതിയ നഴ്സറി സ്കൂളുകൾ തുടങ്ങുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം

42(757) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് തയ്യൽ പരിശീലന കേന്ദ്രങ്ങൾ, മാതൃകാ ക്ഷേമ പരിശീലന കേന്ദ്രങ്ങൾ എന്നിവ എവിടെയൊക്കെയാണ് പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിലുള്ള പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) പരിശീലന കേന്ദ്രങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

- ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി സെന്റർ ഞാറനീലി, തിരുവനന്തപുരം ജില്ല
- പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ, ചേന്നൻപാറ, തിരുവനന്തപുരം ജില്ല
- ഗവൺമെന്റ് സ്കൂൾ ഓഫ് ഫാഷൻ ഡിസൈനിംഗ്, മൂലമറ്റം, ഇടുക്കി ജില്ല
- തയ്യൽ പരിശീനല കേന്ദ്രം, റാന്നി, പത്തനംതിട്ട
- തയ്യൽ പരിശീലന കേന്ദ്രം, മുരിക്കുംവയൽ, കോട്ടയം ജില്ല
- തയ്യൽ പരിശീലന കേന്ദ്രം, മേലുകാവ്, കോട്ടയം ജില്ല
- തയ്യൽ പരിശീലന കേന്ദ്രം, കമ്പാലത്തറ, പാലക്കാട് ജില്ല
- ടെയ്ലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ, നിലമ്പൂർ, മലപ്പുറം ജില്ല
- തയ്യൽ പരിശീലന കേന്ദ്രം, ചുങ്കത്തറ, നിലമ്പൂർ, മലപ്പുറം ജില്ല
- തയ്യൽ പലിശീലന കേന്ദ്രം, മീനങ്ങാടി, സുൽത്താൻ ബത്തേരി, വയനാട് ജില്ല

- മാതൃകാ ക്ഷേമ പരിശീലന കേന്ദ്രം, മുത്തങ്ങ, സുൽത്താൻ ബത്തേരി, വയനാട് ജില്ല
- ക്രാഫ്റ്റ് സെന്റർ, കുഞ്ഞോം, മാനന്തവാടി, വയനാട് ജില്ല

(ബി) നിലവിൽ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം**

43(758) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിനായി എന്തു ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതുവരെ ഈ പദ്ധതി പ്രകാരം എത്രപേർക്ക് ചികിത്സാ സഹായം നൽകിയെന്ന് അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചികിത്സാ ധനസഹായ വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി നിലവിൽ ഓൺലൈൻ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 124608 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 3570 പേർക്കായി 6,68,82,753 (ആറ് കോടി അറുപത്തിയെട്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി എഴുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

## അട്ടപ്പാടിയിൽ അമ്മമാരുടെയും ശിശുക്കളുടെയും ആരോഗ്യ സംരക്ഷണം

44(759) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ 2019-ൽ എത്ര നവജാത ശിശുക്കളാണ് മരണമടഞ്ഞത്;

(ബി) അട്ടപ്പാടിയിലെ അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടും അട്ടപ്പാടിയിൽ ശിശുമരണം തുടർക്കഥയാകുന്നത് ഏത് സാഹചര്യത്തിലാണ്;

(ഡി) ഇതുസംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി പരഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2019-ൽ അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏഴ് നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായി ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനുകീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽനിന്നും ലഭ്യമാകുന്നു.

(സി) ളുക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്. പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി., പുതൂർ, ആനക്കട്ടി പിഎച്ച്.സി.-കൾ, 28 സബ് സെന്ററുകൾ തുടങ്ങിയവയാണ് നിലവിൽ അട്ടപ്പാടിയിലെ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ. ഇവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.റ്റി.ഡി.പി. ഓഫീസ് മുഖേനയും ചികിത്സാ ധനസഹായം നൽകിവരുന്നു. 2016-17-ൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 1.81 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2019-20-ൽ അട്ടപാടി മേഖലയിൽ നൽകിയ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു:

- ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (ജി.റ്റി.എസ്.എച്ച്.)-85 ലക്ഷം രൂപ

  ഐ.റ്റി.ഡി.പി.-ക്ക് - 40 ലക്ഷം രൂപ

- സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള ധനസഹായം

  2019-20 – 140 രോഗികൾക്ക് 29 ലക്ഷം രൂപ

- ജനനി ജന്മരക്ഷ പദ്ധതി

  2019-20 – 460 വനിതകൾക്ക് 1.30 കോടി രൂപ

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- അട്ടപ്പാടി മേഖലയിലെ ശിശുമരണനിരക്ക് 31 (2013) എന്നത് 7 (2019) എണ്ണമായി കുറഞ്ഞിട്ടുണ്ട്.

<u>2013 മുതൽ ഇതുവരെ അട്ടപ്പാടിയിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണം</u>

| 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|
| 31 | 15 | 14 | 8 | 14 | 13 | 7 | 1 |

- അബോർഷൻ കേസ്സുകൾ 77(2013) എന്നത് 21 (2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64(2013)-ൽനിന്ന് 3(2019) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18(2013)-ൽ നിന്ന് 2(2019) ആയി കുറഞ്ഞിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനുള്ള നിർദ്ദേശം പാലക്കാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് നൽകിയിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്

45(760) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിർമ്മിച്ചിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഐ.ടി.ഐ./പോളിടെക്നിക് പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി വകുപ്പുമന്ത്രിക്ക് നൽകിയിട്ടുള്ള നിവേദനങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നിവേദനങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് കൈമാറി നൽകുന്നതിന് റവന്യൂ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഐ.ടി.ഐ./ പോളിടെക്നിക് പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പട്ടികവർഗ്ഗക്കാർക്ക് കച്ചവടവായ്പ

46(761) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് കച്ചവടം, വ്യവസായം എന്നിവ ആരംഭിക്കുന്നതിന് വായ്പ നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് കച്ചവടം, വ്യവസായം എന്നിവ ആരംഭിക്കുന്നതിന് ഐ.റ്റി.ഡി.പി. ഓഫീസർ വഴിയും/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ വഴിയും വിതരണംചെയ്ത ധനസഹായത്തിന്റെയും പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന അനുവദിച്ച വായ്പയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പട്ടികജാതി വിഭാഗക്കാരുടെ വായ്പകൾ**

47(762) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗക്കാർ എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ആയത് പ്രകാരം ഇതുവരെ എത്ര പേരുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ടെന്ന് തുകയടക്കം ജില്ല തിരിച്ചുവ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പ.ജ.പ.വ. വി.വ. നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് സഹകരണസംഘം രജിസ്ട്രാർ ആവശ്യപ്പെട്ട 88,53,64,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിനുപുറമെ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച 44,33,96,000 രൂപയും ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിനായി 46,524 പേർക്കായി 87,63,03,253 രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്ന് 3161 പേരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് 10,26,92,078.08 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്ന് വായ്പ എടുത്ത 3161 പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനായി 10,26,92,078.08 രൂപ ചെലവഴിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായ 46524 പേരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനായി 87,63,03,253 രൂപയും ചെലവഴിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾ**

48(763) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കണക്കുകൾ പ്രകാരം എത്ര പട്ടികജാതി ഭവനരഹിത കുടുംബങ്ങളാണ് ഉള്ളത്; ഇതിൽ ഭൂരഹിത ഭവന രഹിതരുടെയും ഭൂമിയുള്ള ഭവന രഹിതരുടെയും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) 2020 വർഷത്തിൽ നിലവിലെ പദ്ധതികൾ പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഭൂമി ലഭ്യമാക്കുക;

(സി) ഭൂമിയും ഭവനവും ലഭ്യമാക്കുന്ന കുടുംബങ്ങളുടെയും ഭവനം ലഭ്യമാക്കുന്ന കുടുംബങ്ങളുടെയും എണ്ണം വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 163404 ഭവനരഹിത കുടുംബങ്ങളാണുള്ളത്. ഇതിൽ 101866 ഭൂരഹിത ഭവനരഹിതരും 61538 ഭൂമിയുള്ള ഭവനരഹിതരും ആണുള്ളത്. ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2019-20 വർഷം നാളിതുവരെ 2614 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 20948 ഭവനരഹിതരിൽ 9160 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 5230 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2614 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന പദ്ധതി

49(764) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായി പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തി നാല് പട്ടികവർഗ്ഗക്കാർ ഉള്ളതായി വകുപ്പ് തന്നെ നടത്തിയ സർവ്വെയിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) ഭൂമിയില്ലാത്ത ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന സർക്കാർ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഈ ആവശ്യത്തിലേക്കായി എത്ര ഹെക്ടർ വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി ഭൂമിയുടെ വിതരണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ;

(ഡി) കോടതി ഉത്തരവുണ്ടായിട്ടും ഇക്കാര്യത്തിൽ തുടരുന്ന മെല്ലെപ്പോക്കിനെ സംബന്ധിച്ച ആരോപണം പരിശോധിക്കുക ഉണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായി 10944 പട്ടികവർഗ്ഗക്കാർ ഉള്ളതായി വകുപ്പ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയ ഭൂമി പഞ്ചായത്തുതല സമിതിയും ജില്ലാതല സമിതിയും പരിശോധിച്ച് അനുയോജ്യമെന്ന് ശിപാർശ ചെയ്തവയിൽ വില നിർണ്ണയ നടപടികൾ നടന്നുവരുന്നു. മലപ്പുറം (5.27 ഏക്കർ), പാലക്കാട് (8.025 ഏക്കർ), വയനാട് (19.18 ഏക്കർ) ജില്ലകളിലെ ഭൂമിക്ക് നിശ്ചയിച്ച വില 19-10-2019-ന് ചേർന്ന SLEC അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ മലപ്പുറം ജില്ലയിലെ ഭൂമി വാങ്ങി.

കാസർഗോഡ് (20.82 ഏക്കർ), വയനാട് (6.33 ഏക്കർ), കോഴിക്കോട് (3.79 ഏക്കർ), എറണാകുളം (6.24 ഏക്കർ), കോട്ടയം (2.15 ഏക്കർ) ജില്ലകളിൽ ഭൂമി വിലനിർണ്ണയം കഴിഞ്ഞ് 3-2-2020-ന് നടക്കുന്ന SLEC യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്കായി വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. എന്നാൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി ആകെ 7693 ഏക്കർ നിക്ഷിപ്ത വനഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരും ബഹു. സുപ്രീം കോടതിയും അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇതുവരെ 3513.91 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമിയുടെ സംയുക്ത പരിശോധന നടന്നുവരികയാണ്. മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലുള്ള വാസയോഗ്യമായ ഭൂമി ആറ് മാസത്തിനകം വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) 30-4-2010-ലാണ് ബഹു. സുപ്രീം കോടതി ടി ഭൂമി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. തേക്ക് പ്ലാന്റേഷനുകൾ നിലനിൽക്കുന്ന പ്രദേശങ്ങൾ വിട്ടുനൽകുന്നതിലുണ്ടായ ആശയക്കുഴപ്പത്തെ തുടർന്നാണ് വിതരണം തടസ്സപ്പെട്ടത്. എന്നാൽ ടി തടസ്സങ്ങൾ മാറ്റി സർവ്വേ പ്രവർത്തനം ദ്രുതഗതിയിൽ നടത്തിവരികയാണ്.

**മണലൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

50(765) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള മണലൂർ മണ്ഡലത്തിലെ മതുക്കര പട്ടികജാതി കോളനിയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) 2019-20 വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള 'ഇറിഗേഷൻ എസ്.സി. കോളനി' യിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ യാഥാർത്ഥ്യ മാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) മതുക്കര പട്ടികജാതി കോളനിയിലെ പൂർത്തീകരിച്ച പ്രവൃത്തികൾ

1. കിണർ റിപ്പയർ
2. ബസ് സ്റ്റോപ്പിന്റെ സംരക്ഷണ ഭിത്തി
3. വായനശാലയുടെ നവീകരണം
4. സബ്സെന്റർ കെട്ടിടം, വിജ്ഞാൻവാടി, വാട്ടർ ടാങ്ക് 18000 ലിറ്റർ കപ്പാസിറ്റി, കുടിവെള്ള വിതരണത്തിനുള്ള പൈപ്പ് വൈൻ 80% പൂർത്തീകരിച്ചു.
5. ഭവന പുനരുദ്ധാരണം (25 എണ്ണം) പൂർത്തീകരിച്ചു.
6. സോളാർ സ്ട്രീറ്റ് ലൈറ്റ് 3 എണ്ണം സ്ഥാപിച്ചു

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

1. 54 പട്ടികജാതി വീടുകൾക്ക് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഡസ്റ്റ്ബിൻ ( രണ്ട് എണ്ണം വിതം)
2. കിണറിന്റെ മുകൾഭാഗം മൂടുന്നതിനുള്ള ഗ്രിൽ വർക്ക്
3. സംരക്ഷണഭിത്തി - പാടശേഖരത്തിൽ വെള്ളം ഒഴിവാക്കിയതിനുശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.
4. ഓഫീസ് ഫർണിച്ചറുകൾ

(ബി) ഇറിഗേഷൻ കോളനിയിലെ പ്രവൃത്തികൾ ചെയ്യുന്നതിന്റെ ഭാഗമായി 23-12-2019-ൽ എം.എൽ.എ.-യുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോളനിയിൽ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി 29-1-2020-ന് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം കൂടിയിട്ടുണ്ട്.

## നെടുങ്കയം മുതൽ മുണ്ടക്കടവ് കോളനി വരെയുള്ള റോഡിന്റെ റിപ്പെയർ

51(766) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസിമേഖലയായ നെടുങ്കയം മുതൽ മുണ്ടക്കടവ് കോളനി വരെയുള്ള റോഡിന്റെ റിപ്പയർ സംബന്ധിച്ച എസ്റ്റിമേറ്റും, നിവേദനവും 1-2-2018-ൽ ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

ആദിവാസി മേഖലയായ നെടുങ്കയം മുതൽ മുണ്ടക്കടവ് കോളനി വരെയുള്ള റോഡിന്റെ റിപ്പെയർ സംബന്ധിച്ച എസ്റ്റിമേറ്റും നിവേദനവും 16-3-2018-ന് നിലമ്പൂർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ നിലമ്പൂർ സൗത്ത് വനം ഡിവിഷനിൽപ്പെട്ട വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന കോളനിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. പദ്ധതി നിർവ്വഹണം ഏറ്റെടുക്കാൻ സമ്മതം അറിയിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## എസ്.സി., എസ്.റ്റി. കോളനികൾ

52(767) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലുള്ള എസ്.സി., എസ്.റ്റി. കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും ഏതെല്ലാം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉള്ളതെന്നും ഓരോ കോളനിയിലും പ്രവൃത്തി ആരംഭിച്ചത് എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ കോളനികളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ പ്രവൃത്തി അനന്തമായി നീളുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) കോളനികളിൽ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എസ്.സി. കോളനികളുടെയും എസ്.റ്റി. കോളനികളുടെയും ലിസ്റ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി - ഇ) പട്ടികജാതി കോളനികളിലെ പദ്ധതി വിശദാംശങ്ങൾ അനുബന്ധം III, IV, V-ലും പട്ടികവർഗ്ഗ കോളനികളിലെ വിശദാംശങ്ങൾ അനുബന്ധം - VI-ലും ഉൾപ്പെടുത്തിയിരിക്കുന്നു* . പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തെന്മല ആദിവാസി സെറ്റിൽമെന്റ് കോളനി നവീകരണം**

53(768) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല ആദിവാസി സെറ്റിൽമെന്റ് കോളനി നവീകരണം സംബന്ധിച്ച പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചാലുടൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി ഗ്രാമ പഞ്ചായത്തിലെ തെന്മല ആദിവാസി സങ്കേതത്തിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് :

1. തെന്മല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
2. പുരവിമല തേക്കിൻമൂട് റോഡ്, രണ്ടാംഘട്ട കോൺക്രീറ്റ്
3. കൽവർട്ട്, പീയണിപ്പാറ കണ്ണമാംമൂട് റോഡ് രണ്ടാം ഘട്ട കോൺക്രീറ്റ്

പ്രവൃത്തികൾ ആരംഭിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെന്മാറ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനം

54(769) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 67 പട്ടികവർഗ്ഗ കോളനികളുണ്ട്.

(ബി)

| ക്രമ നമ്പർ | കോളനി | നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|
| 1 | പറമ്പിക്കുളം സുങ്കം 30 ഏക്കർ കോളനി | ജി.ടി.ഡബ്ല്യു.എൽ.പി. സ്കൂൾ മിനി പാർക്ക് നിർമ്മാണം |
| 2 | എർത്ത് ഡാം കോളനി | ടോയ്‌ലെറ്റ് നിർമ്മാണം |
| 3 | പറമ്പിക്കുളം സുങ്കം കോളനി | കുടിവെള്ള പദ്ധതി |
| 4 | എർത്ത് ഡാം കോളനി | വൈദ്യുതി ലൈൻ നീട്ടൽ |
| 5 | തേക്കടി അല്ലിമൂപ്പൻ കോളനി | സോളാർ പ്ലാന്റ് നിർമ്മാണം |
| 6 | ചപ്പക്കാട് കോളനി | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി |

## ആനക്കയം പട്ടികവർഗ്ഗ കോളനി നിവാസികളുടെ പുനരധിവാസം

55(770) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ഉരുൾപ്പൊട്ടലിനെ തുടർന്ന് ഊരുവിട്ട് മാറിത്താമസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനി നിവാസികളുടെ പുനരധിവാസ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇതിനായി പ്രത്യേക പാക്കേജ് അനുവദിക്കുമോ;

(ബി) മുൻപ് അംബേദ്കർ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആനക്കയം കോളനിക്ക് അനുവദിച്ച ഒരു കോടി രൂപയിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക അതേ പഞ്ചായത്തിലെ വാച്ചുമരം കോളനിക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ ഉരുൾപ്പൊട്ടലിനെ തുടർന്ന് ഊരുവിട്ട് മാറി താമസിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ ആനക്കയം പട്ടികവർഗ്ഗ കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ആനക്കയം കോളനിയിലുണ്ടായിരുന്ന ഇവരുടെ ഭൂമിക്ക് തുല്യമായ അളവിൽ വനംവകുപ്പിൽനിന്ന് ഭൂമി ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി ഓരോ വർഷവും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോളനികൾ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ ആനക്കയം കോളനിക്ക് അനുവദിച്ച ഒരു കോടി രൂപയിൽ ചെലവഴിച്ചത് കഴിച്ച് ബാക്കി തുക മറ്റൊരു കോളനിക്ക് മാറ്റി അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**കോങ്ങാട് മണ്ഡലത്തിലെ സ്വയം പര്യാപ്ത പട്ടികജാതി കോളനികൾ**

56(771) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ എത്ര സ്വയം പര്യാപ്ത പട്ടികജാതി കോളനികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത കോളനികളിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ - സി) മങ്കര ഗ്രാമപഞ്ചായത്തിലെ കാരാട്ട്പറമ്പ് കോളനി, കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ നൊച്ചുള്ളി കോളനി, തച്ചമ്പാറ പഞ്ചായത്തിലെ ഉള്ളിക്കഞ്ചേരി കോളനി എന്നിവ ആംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് കോളനികളിലെയും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

നൊച്ചുള്ളി കോളനിയിലെ അങ്കണവാടി വൈദ്യുതീകരണം,വായനശാല കെട്ടിടനിർമ്മാണം, റോഡ് ഫോർമേഷൻ എന്നിവ പൂർത്തിയായി.

കാരാട്ടുപറമ്പ് കോളനിയിലെ 20 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയായി.

**ആവണിപ്പാറ ആദിവാസി കോളനി വൈദ്യുതീകരണം**

57(772) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവണിപ്പാറ ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവിറക്കിയിട്ടും പ്രസ്തുത തുക ഇതുവരെ കെ.എസ്.ഇ.ബി.-ക്ക് കൈമാറാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) കോർപസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും വൈദ്യുതീകരണത്തിനായി അനുവദിച്ച 1 കോടി 57 ലക്ഷം രൂപ കെ.എസ്.ഇ.ബി.-ക്ക് അടിയന്തരമായി കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആവണിപ്പാറ ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിന് 1.57 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ആയത് ധനകാര്യ വകുപ്പിന്റെ ways & means clearance-ന് നൽകിയിരിക്കുകയാണ്. ക്ലിയറൻസ് ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.-ക്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ വടക്കുംതൊടിക എസ്.സി.കോളനിയുടെ സമഗ്ര വികസനം

58(773) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ എസ്.സി.ഡി.ഒ.യ്ക്ക് കീഴിൽ 30 കുടുംബങ്ങൾ താമസിക്കുന്ന എത്ര എസ്.സി. കോളനികളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) നിലമ്പൂർ എസ്.സി.ഡി.ഒ.യ്ക്ക് കീഴിൽ ആകെ എത്ര എസ്.സി. കോളനികൾ ഉണ്ടെന്നും ഓരോ കോളനിയിലും എത്ര കുടുംബങ്ങളുണ്ടെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ മണ്ഡലത്തിലെ എടക്കര പഞ്ചായത്തിലെ വടക്കും തൊടിക എസ്.സി. കോളനിയുടെ സമഗ്ര വികസനത്തിനായുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഒഴിവാക്കിയ ഉദ്യോഗസ്ഥന്റെ പേരും ആയത് ഒഴിവാക്കാനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥന്റെ പേരും നൽകാനുള്ള കാരണവും വ്യക്തമാക്കാമോ;

(ഇ) ഫീസിബിലിറ്റി റദ്ദ് ചെയ്ത് വികസനം തടഞ്ഞ ഉദ്യോഗസ്ഥനെതിരെ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ബ്ലോക്കിന് കീഴിൽ 30 കുടുംബങ്ങൾ താമസിക്കുന്ന നാല് കോളനികളാണുള്ളത്. കോളനികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. കോരൻകുന്ന് - വഴിക്കടവ് പഞ്ചായത്ത് - 30 കുടുംബങ്ങൾ
2. പാലേമാട് 4 സെന്റ് കോളനി - എടക്കര പഞ്ചായത്ത് - 36 കുടുംബങ്ങൾ
3. ജവഹർ കോളനി - നിലമ്പൂർ നഗരസഭ - 186 കുടുംബങ്ങൾ
4. കോടാലിപൊയിൽ കോളനി - പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 46 കുടുംബങ്ങൾ

(ബി) നിലമ്പൂർ ബ്ലോക്കിന് കീഴിലുള്ള 80 കോളനികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഒഴിവാക്കിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ ഭവന നിർമ്മാണം ഉൾപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്തതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(ഡി) ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറായ ശ്രീമതി മിനി ചിത്രമ്പള്ളി, പ്രസ്തുത എസ്റ്റിമേറ്റിൽ ഭവനനിർമ്മാണം ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെടാതെയാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയത്.

(ഇ) വികസനം തടഞ്ഞിട്ടില്ല. കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുവദനീയമല്ലാത്ത എഴ് വീടുകളുടെ നിർമ്മാണം ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകാൻ ബന്ധപ്പെട്ട അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

59(774) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി നേരിടുന്ന കോളനികളുടെ പുനർനിർമ്മാണത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതി (2018-19)യിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 90 കോളനികൾക്ക് ഭരണാനുമതി നൽകിയതിൽ 30 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമവികസന പദ്ധതി മാനദണ്ഡപ്രകാരമല്ലാതെ ഏജൻസികൾ സമർപ്പിച്ച എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നതാണ് കാലതാമസത്തിന് കാരണം.

എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിനനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

60(775) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റ, മോറക്കാല, പള്ളിമുകൾ കോളനികളിലെ കുടിവെള്ള പദ്ധതികൾ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമാണ് കുറ്റ, പള്ളിമുകൾ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളത്.

കുറ്റ കോളനി:- പ്രധാന പദ്ധതിയായ കുടിവെള്ള പദ്ധതിയിൽ, ടാങ്കും അനുബന്ധമായ പ്രവൃത്തികളും നിർവ്വഹണ ഏജൻസിയായ KEL (കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) മുഖാന്തിരവും കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ ജലവിഭവ വകുപ്പ് മുഖാന്തിരവുമാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലേയ്ക്ക് തുക കൈമാറുന്നതിനുള്ള ബില്ല് സമർപ്പിച്ചിട്ടുണ്ട്. തുക കൈമാറുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

പള്ളിമുകൾ കോളനി - ടി കോളനിയിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുകയും കുടിവെള്ള വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുറ്റ, പള്ളിമുകൾ കോളനികളിൽ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതാണ്.

## പട്ടികജാതി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ

61(776) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര കോളനികൾക്ക് ഇതിനായി തുക നൽകി; ഇതിൽ കോഴിക്കോട് ജില്ലയിൽ എത്ര കോളനികൾക്ക് തുക നൽകി; വർഷം തിരിച്ച് കണക്കുകൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2016-17 സാമ്പത്തികവർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്ത് പരമാവധി ഒരു കോടി രൂപവരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2019-20 സാമ്പത്തികവർഷം മുതൽ 30-ൽ അധിക പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ഒരു കോളനിയിൽ പരമാവധി 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പാക്കുന്നത്.

(ബി) സംസ്ഥാനത്ത് ഇതുവരെ 361 കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | കോളനികളുടെ എണ്ണം | തുക |
|---|---|---|
| 2016-17 | 21 | 10,50,00,000 |
| 2018-19 (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം) | 1 | 10,50,961 |
| 2019-20 | 9 | 90,00,000 |

### പറമ്പിക്കുളം ആദിവാസി മേഖലയിലെ വീട് നിർമ്മാണം

62(777) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആദിവാസി മേഖലയിലെ ഏതെല്ലാം കോളനികളിലുള്ളവർക്കാണ് പുതിയ വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ഫണ്ട് അനുവദിക്കപ്പെട്ട വീടുകളുടെ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) വീടുകളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം ആദിവാസി മേഖലയിലെ അല്ലിമൂപ്പൻ കോളനി, 30 ഏക്കർ കോളനി, സുങ്കം കോളനി, കച്ചിത്തോട് കോളനി, കുരിയാർകുറ്റി കോളനി, എർത്ത് ഡാം കോളനി, കടവ് കോളനി, പൂപ്പാറ കോളനി എന്നാ കോളനികളിലുള്ളവർക്ക് പുതിയ വീടിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി&സി) എർത്ത് ഡാം കോളനി ഒഴികെയുള്ള കോളനികളിലെ വീടുകളുടെ പ്രവർത്തി തുടങ്ങുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. എർത്ത് ഡാം കോളനിയിലെ 38 കുടുംബങ്ങൾക്ക് ഹഡ്കോ ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ടിയാളുകളുടെ നിലവിലെ വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ നിയന്ത്രണത്തിലുള്ള പി.എ.പി. ക്വാർട്ടേഴ്സ് താൽക്കാലികമായി അനുവദിച്ചു നൽകുന്നതിന് പറമ്പിക്കുളം ടൈഗർ റിസർവ് ഡി.എഫ്.ഒ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് അനുവദക്കുന്ന മുറയ്ക്ക് ടിയാളുകളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതാണ്. പി.എ.പി. ക്വാർട്ടേഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നെന്മാറ നിയോജകമണ്ഡലം എം.എൽ.എ., പാലക്കാട് ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം ടൈഗർ റിസർവ് എന്നിവരെ വിവരം അറിയിച്ചിട്ടുണ്ട്. പി.എ.പി. ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

63(778) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം കൽപ്പറ്റ മണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് സമഗ്രവികസനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കൽപ്പറ്റ മണ്ഡലത്തിലെ ഓരോ കോളനിയിലുമുള്ള പ്രസ്തുത പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ഡി) ഇനി ഏതെങ്കിലും കോളനികളിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കാനുണ്ടോ; എങ്കിൽ അത് ഇതുവരെ ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്:

1. മൈലാടി
2. കൈരളി
3. കുഴിമുക്ക്
4. ഇടിയംവയൽ
5. പഴശ്ശി
6. തുപ്പരിമൂല
7. കുറ്റ്യാംവയൽ
8. കൊട്ടങ്കയം
9. ശാന്തിനഗർ

(ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മൈലാടി, കൈരളി, ഇടയംവയൽ, പഴശ്ശി, കുറ്റ്യാംവയൽ എന്നീ കോളനികളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മൈലാടി കോളനിയിൽ ആകെ 19 കുടുംബങ്ങളുണ്ട്. ടി പദ്ധതി പ്രകാരം 11 കുടുംബങ്ങൽക്ക് വീട് വയ്ക്കാനുള്ള സ്ഥലമേ കോളനിയിൽ ലഭ്യമായിട്ടുള്ളൂ. ടി വീടുകളുടെ നിർമ്മാണ വേളയിൽ പ്രസ്തുത കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതുണ്ട്. ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടിയംവയൽ, പഴശ്ശി, കുറ്റ്യാംവയൽ, കൈരളി കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് വനാവകാശ നിയമ പ്രകാരം വികസനാവകാശം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

64(779) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്ന പട്ടികജാതി കോളനികളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി ഏതൊക്കെ പട്ടികജാതി കോളനികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര രൂപ പ്രസ്തുത കോളനികളിൽ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പുഞ്ചവയൽ പട്ടികജാതി കോളനിയിലെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

വെടിയപ്പൻചാൽ കോളനിയുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | സംരക്ഷണ ഭിത്തി നിർമ്മാണം | പൂർത്തീകരിച്ചു |
| 2 | വിജ്ഞാൻവാടി | 90% പൂർത്തീകരിച്ചു |
| 3 | അങ്കണവാടി റിപ്പയർ | |
| 4 | റോഡ് നിർമ്മാണം | ആരംഭിച്ചു |
| 5 | കളിസ്ഥലം നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു. |

(ബി) പുഞ്ചവയൽ കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

(സി) പുഞ്ചവയൽ കോളനിക്ക് അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ നിലവിൽ ഏജൻസി ചെലവഴിച്ചിട്ടുണ്ട്. വെടിയപ്പൻചാൽ കോളനിയിൽ 50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏജൻസി നിർവ്വഹിച്ചിട്ടുണ്ട്. ഏജൻസിക്ക് അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കാത്തതിനാൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

**പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം**

65 (780) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ ചുങ്കത്തറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളുടെ

സമഗ്രവികസനം സംബന്ധിച്ച് 2016-ൽ നൽകിയ നിവേദനത്തിന് മറുപടിയായി 1193/vip/M(SC/ST,BC,LA,W&C)2016 നമ്പർ കത്ത് നൽകിയതല്ലാതെ കഴിഞ്ഞ രണ്ട് വർഷം പിന്നിട്ടിട്ടും വകുപ്പ് ഒരു നടപടിയും എടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർനടപടി സ്വീകരിക്കുമോ;

(ബി) ഏത് ഓഫീസിലാണ് ഫയലുമായി ബന്ധപ്പെട്ട തടസ്സമുണ്ടായത്; കാരണം വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂരിലെ ചുങ്കത്തറ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം സംബന്ധിച്ച അപേക്ഷ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായിട്ടുള്ളതും, ആയതിന് വകുപ്പിൽനിന്നും നടപടി സ്വീകരിച്ചുവരികയുമാണ്.

(ബി) ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ നിന്നാണ് പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ കോളനികളിൽ ക്രമപ്രകാരവും സർക്കാർ മാനദണ്ഡവുമനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കേണ്ടതും പദ്ധതിക്ക് ജില്ല/സംസ്ഥാനതല ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ സമ്മതപത്രവും ലഭിക്കേണ്ടതുണ്ട്.

ചുങ്കത്തറ പഞ്ചായത്തിലെ പടിഞ്ഞാറ്റിയം പാടം കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനും, പള്ളിക്കുത്ത് പടിഞ്ഞാറ്റിയം പാടം, വളയനൊടി കോളനികളിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനും വീടുകൾ പുനരുദ്ധാരണം നടത്തുന്നതിനും ലഭ്യമായ അപേക്ഷയിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട എസ്റ്റിമേറ്റ്, പദ്ധതി നിർവ്വഹണം ഏറ്റെടുത്ത് നടത്താമെന്ന സമ്മതപത്രം എന്നിവ ലഭ്യമാക്കുന്നതിന് ചുങ്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ മറുപടി നാളിതുവരെ ലഭ്യമാകാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

66(781) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനി ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനിക്ക് എത്ര കോടി രൂപയുടെ അനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കോളനിയുടെ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 സാമ്പത്തികവർഷം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോളനി തെരഞ്ഞെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

## സംഗീതാദ്ധ്യാപകൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പീഡിപ്പിച്ച സംഭവം

67(782) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൂന്നാറിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സംഗീതാദ്ധ്യാപകൻ വിദ്യാർത്ഥികളെ ശാരീരികമായി പീഡിപ്പിച്ചുവെന്ന പരാതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത അദ്ധ്യാപകന്റെ പീഡനത്തെത്തുടർന്ന് പഠനം ഉപേക്ഷിച്ച് പതിനാല് വിദ്യാർത്ഥികൾ മറയൂർ, കാന്തല്ലൂർ പഞ്ചായത്തുകളിലെ ഊരുകളിൽ തിരികെ എത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിദ്യാർത്ഥികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനും അവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത അദ്ധ്യാപകനെതിരെ വകുപ്പ് തലത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കുമോ?

ഉത്തരം

(എ – ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണം**

68(783) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരുടെ പാരമ്പര്യവും തനിമയും നിലനിർത്തുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ വനാവകാശ നിയമപ്രകാരം ആദിവാസി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്;

(സി) ആദിവാസി വിഭാഗങ്ങളുടെ കൃഷിഭൂമിയും കാർഷികവിളകളും സംരക്ഷിക്കുവാൻ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗം പേരും പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗത്തിൽപ്പെട്ടവരാണ്. ടി ആളുകളുടെ പ്രധാന വരുമാന മാർഗ്ഗം വനവിഭവ ശേഖരണത്തിലൂടെയാണ്. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശം, സാമൂഹ്യ അവകാശം, വികസന അവകാശം എന്നിവയിലൂടെ അവരുടെ സംരക്ഷണം ഉറപ്പുവരുത്തി പാരമ്പര്യവും തനിമയും നിലനിർത്തുന്നതിന് സാധ്യമാകുന്നുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യംവച്ച് അടിയ-പണിയ, പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന

പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രൊമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ടിയാളുകളുടെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വിതരണം നടത്തിവരുന്നു. കാർഷികവൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു.

പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടിവരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഇടുക്കി ജില്ലയിൽ വനാവകാശ നിയമപ്രകാരം വികസന അവകാശമായി 8.23 ഹെക്ടർ ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. ആയതിനു പുറമേ സംസ്ഥാനത്തുള്ള ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം കൈവശ രേഖ, ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കി പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശ ഭൂമിയിലും കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യംവച്ചുവകുപ്പ് 2019-20-ൽ 'വരുമാന ദായക കാർഷിക ഉദ്യമം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിക്കും പ്രകാരമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം</u>

അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ തൊഴിലെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു.

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾവഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവ്ലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാനും കഴിഞ്ഞു.

കേരള ട്രൈബൽ പ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

മില്ലറ്റ് വില്ലേജ് പദ്ധതി

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തികവർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്നു.

## വിദേശ സർവ്വകലാശാല പഠനത്തിനുള്ള ധനസഹായം

69(784) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇതുവരെ എത്ര വിദ്യാർത്ഥികൾക്കാണ് ഈ തരത്തിൽ ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; കോഴിക്കോട് ജില്ലയിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഈ തരത്തിൽ ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സ.ഉ. (എം. എസ്) 81/2017/പ.ജ.പ.വ.വി.വ. തീയതി 4-10-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (എസ്.എസ്) 22/2019/പ.ജ.പ.വ.വി.വ. തീയതി 19-3-2019 പ്രകാരം വിദേശ പഠന സഹായ തുക പരമാവധി 25 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ടൈംസ് ഹയർ എഡ്യുക്കേഷൻ ലോക റാങ്കിംഗിൽ ആദ്യ 200 യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം അനുവദിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷം പ്രസ്തുത റാങ്ക് പട്ടികയിൽ ആദ്യ 600 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നവരെക്കൂടി ഈ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിന് പരിഗണിച്ചു. കൂടാതെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള പഠന വിഷയങ്ങളിൽ 2017-18 വർഷം മുതൽ നിയമം, സോഷ്യൽ സയൻസ് എന്നിവ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുകവഴി ഈ ഇനത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ 2017-18-ൽ 9 വിദ്യാർത്ഥികൾക്കും 2018-19-ൽ 7 വിദ്യാർത്ഥികൾക്കും 2019-20-ൽ (ഇതുവരെ)20 വിദ്യാർത്ഥികൾക്കും വിദേശ പഠനത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നിന്നും 2018-19 സാമ്പത്തികവർഷം 2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

2015-16 വർഷം ആരംഭിച്ച ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം നാളിതുവരെ പിന്നാക്ക വിഭാഗ വികസന വകുപ്പുവഴി ആകെ 62 പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ കോഴിക്കോട് ജില്ലയിൽ നിന്നും 8 പേർക്കാണ് ധനസഹായം ലഭ്യമായിട്ടുള്ളത്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ

70(785) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി ഏതെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ വ്യത്യസ്ത കോഴ്സുകൾക്കോരോന്നിനും എത്ര രൂപ വീതമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റിനത്തിൽ ലഭ്യമാക്കുന്നത്; ഇതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് വിതരണം മുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

- B.Tech Drop out വിദ്യാർത്ഥികൾക്ക് തോറ്റ പരീക്ഷകൾ വീണ്ടും എഴുതി വിജയിക്കുന്നതിനുള്ള റെമഡിയൽ കോച്ചിംഗ് IHRD-യുടെ നിയന്ത്രണത്തിലുള്ള Model Finishing School വഴി നടത്തിവരുന്നുണ്ട്.
- അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉന്നത പഠനത്തിന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.
- MBBS, BDS, BAMS, BHMS, BVSC&AH, M.Tech, B.Tech, MCA, M.Phil, P.hd, B.Arch തുടങ്ങിയ കോഴ്സുകൾക്ക് സംസ്ഥാനത്തിനകത്ത് 1-ാം വർഷം പഠനം നട<u>ത്തു</u>ന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി പരമാവധി 25,000 രൂപ ധനസഹായം.
- മെഡിക്കൽ-എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവിനായി മെഡിക്കൽ വിദ്യാർത്ഥികൾക്ക് 10,000 രൂപയും എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 5,000 രൂപയും നൽകുന്ന പദ്ധതി.
- MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് ധനസഹായമായി 5,800 രൂപ അനുവദിച്ച് നൽകുന്ന പദ്ധതി.
- സാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ചാർജ്ജ് (പരമാവധി 4,500 രൂപയും) നൽകുന്നു.
- പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, ഹോസ്റ്റൽ പ്രവേശനം ലഭിക്കാത്തവർക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നതിനും ധനസഹായം എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സർക്കാർ അംഗീകരിച്ച ഫീസ്, ലംപ്സംഗ്രാന്റ് സ്റ്റൈപ്പന്റ് ഉൾപ്പടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നു.

- ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നത് 2018-19 വർഷം മുതൽ 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതി.

- മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകുന്ന പദ്ധതി.

- എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ് 10 മാസത്തോളം നീണ്ടു നിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

- ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

- 2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്വെയർ & സോഫ്റ്റ്വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി പരിശീലനം നൽകിവരുന്നു.

- പട്ടികവർഗ്ഗ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പ്രത്യേക പരിശീലനം പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന നൽകിവരുന്നു.

- ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യംവച്ച് 2018-19 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നു.

- സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നുണ്ട്.

- പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപ വരെ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ.ഉ.(പി)നമ്പർ 04/2016/പ.ജ.പ.വ.വി.വ. തീയതി 23-7-2016 പ്രകാരമുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയാണ് നിലവിൽ അനുവദിച്ചുവരുന്നത്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*.

കൂടാതെ M.phil, Phd, M.Tech, M.Lit. തുടങ്ങിയ കോഴ്സുകളിൽ UGC/GATE പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ UGC അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിൻജന്റ് ഗ്രാന്റും അനുവദിക്കുന്നു.

(സി) സംസ്ഥാനം നേരിട്ടിരുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ട്രഷറി നിയന്ത്രണംമൂലം ഇ-ഗ്രാന്റ്സ് വിതരണത്തിൽ കാലതാമസം നേരിട്ടിരുന്നു. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യം വകയിരുത്തിയിട്ടുള്ള 2225-1-277-58, 2225-1-277-57 എന്നീ ശീർഷകങ്ങളിലെ എല്ലാ ബില്ലുകളും മാറുന്നതിന് 4-12-2019-ലെ SS-1/132/2019-FIN(1159923) നമ്പർ കത്ത് പ്രകാരം ട്രഷറി ഡയറക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഈ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊയിലാണ്ടി ഐ.ടി.ഐ. വികസനം

71(786) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി ഐ.ടി.ഐ.-യിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഭൗതിക വികസന രംഗത്ത് പുതിയ പ്രൊപ്പോസലുകൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ കുറുവങ്ങാട് ഐ.ടി.ഐ.യിൽ അക്കാഡമിക് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കി. പ്രസ്തുത ഐ.ടി.ഐ.യിൽ നടന്നുവരുന്ന പ്ലംബർ, സർവ്വേയർ ട്രേഡുകളിലേയ്ക്ക് ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. വകുപ്പിന്റെ മറ്റ് ഐ.ടി.ഐ.കൾക്കൊപ്പം കുറുവങ്ങാട് ഐ.ടി.ഐ.-യിലും വിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണവും പോഷകാഹാര പദ്ധതിയും ആരംഭിച്ചു നടപ്പിലാക്കിവരുന്നു.

(ബി) നിലവിലില്ല.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ

72(787) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന ഹോസ്റ്റലുകൾ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഹോസ്റ്റലുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകളും, 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു. ഇവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച ഹോസ്റ്റലുകൾ താഴെ പറയുന്നവയാണ്.

1. പ്രീമെട്രിക് ഹോസ്റ്റൽ, മീനാക്ഷിപുരം, പാലക്കാട്.
2. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), ശ്രീകാര്യം, തിരുവനന്തപുരം.
3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, മറയൂർ, ഇടുക്കി.
4. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ), പുതുപരിയാരം, പാലക്കാട്.
5. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), അഗളി, പാലക്കാട്.
6. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), മാനന്തവാടി, വയനാട്.
7. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, രാവണീശ്വരം, കാസർഗോഡ്.

കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കുന്ദമംഗലം പ്രീമെട്രിക് ഹോസ്റ്റൽ, കരിങ്കുറ്റി പ്രീമെട്രിക് ഹോസ്റ്റൽ എന്നീ ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് ആയതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പിണവൂർകുടിയിലെ ട്രൈബൽ ഹോസ്റ്റൽ

73(788) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ പിണവൂർകുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിലെ പിണവൂർകുടിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റിന് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ റെക്കമെന്റേഷനോടുകൂടി കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിട്ടുള്ള കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനം സ്വീകരിച്ചുവരുന്നു.

കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## വിദേശ തൊഴിൽ വായ്പാ പദ്ധതി

74(789) ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. വി. കെ.പ്രശാന്ത്:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇവർക്ക് വിദേശ രാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന വിദേശ തൊഴിൽ വായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) ഈ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് നൈപുണ്യ വികസനവും, തൊഴിലും ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

2. പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഫുഡ് പ്രോസെസ്സിംഗ്, ബേക്കറി, ബാക്ക് ഓഫീസ് ട്രെയിനിംഗ്, ഓട്ടോമൊബൈൽ എൻജിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗ്നോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പുവരുത്തി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. നൈപുണ്യവികസന പരിശീലനത്തിലൂടെ പട്ടികജാതിയിൽപ്പെട്ട 2565 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചു. അതിൽ 360 പേർക്ക് വിദേശരാജ്യങ്ങളിലാണ് പ്ലേസ്മെന്റ് ലഭിച്ചത്.

3. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrical കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേയ്സ്മെന്റ് ലഭ്യമാക്കി വരുന്നു.

4. പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geriatric Assistant, Airline Customer Service, Security guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

5. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15,000 രൂപ പ്രതിമാസം ഓണറേറിയവും, 1,500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽമേളകൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ലഭ്യമാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തൊഴിൽ & നൈപുണ്യ വികസനം

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

വിവിധ മേഖലയിൽ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ വിദേശ തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. ഇതിനോടകം 6781 പരിശീലനാർത്ഥികളിൽ 2331 പേർക്ക് നാളിതുവരെ പ്ലേയ്സ്മെന്റ് ഉറപ്പു വരുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 2019-20 വർഷം 3075 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലന പരിപാടികൾ ആരംഭിച്ചതിൽ 1725 പേർക്ക് ഒന്നാംഘട്ട പരിശീലനം പൂർത്തീകരണ ഘട്ടത്തിലാണ്.

2016-17 മുതൽ നാളിതുവരെ നൈപുണ്യവികസന പദ്ധതി മുഖേന പരിശീലനവും തൊഴിലും ലഭ്യമാക്കിയത് സംബന്ധിച്ച്:

| വർഷം | പരിശീല നാർത്ഥികൾ | തൊഴിൽ ലഭിച്ചവർ | അഭിപ്രായം |
|---|---|---|---|
| 2016-17 | 1573 | 1528 | 1170 പേർ ഗോത്രജീവികയിൽ സംഘങ്ങൾ രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| 2017-18 | 857 | 475 | പരിശീലനം പുരോഗമിക്കുന്നു. |
| 2018-19 | 1276 | 158 | പരിശീലനം പുരോഗമിക്കുന്നു. |
| 2019-20 | 3075 | 170 | 170 പേർ പരിശീലനം പൂർത്തീകരിച്ചതിൽ എല്ലാ പേർക്കും തൊഴിൽ ലഭിക്കുകയും ഇതിൽ 23 പേർക്ക് വിദേശത്ത് തൊഴിൽ ലഭിച്ചു. ശേഷിക്കുന്ന 2895 പേർക്ക് പരിശീലനം നൽകി വരുന്നു. |
| ആകെ | 6781 | 2331 | |

ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് പരിശീലന പരിപാടി സംഘടിപ്പിച്ചുവരുന്നു.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സ്പെഷ്യൽ ഡ്രൈവ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ

2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടി 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

(ബി) വിദേശ രാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കിവരുന്നു. 360 പേർക്ക് വിദേശത്ത് പ്ലേസ്മെന്റ് ലഭിച്ചു.

50 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ മേഖലകളിൽ വിദേശത്ത് തൊഴിൽ നേടുന്നതിനായി യാത്രാച്ചെലവുകൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കും സാമ്പത്തിക സഹായത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം നാളിതുവരെ 23 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് വകുപ്പ് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) പട്ടികജാതി ഗുണഭോക്താക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനോടനുബന്ധിച്ചുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വിദേശ തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് ഒരു ലക്ഷം രൂപ വായ്പയും, വകുപ്പിൽ നിന്ന് ഒരു ലക്ഷം രൂപ സബ്സിഡിയും സംയോജിപ്പിച്ച് ആകെ രണ്ട് ലക്ഷം രൂപ അനുവദിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1*-ആയി ചേർക്കുന്നു.

(ഡി) പട്ടികജാതി ജനവിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നു. വായ്പാ തുകയുടെ മൂന്നിലൊന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വകുപ്പ് സബ്സിഡിയായി നൽകുന്നു. ബാങ്കുകളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കിവരുന്നത്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വയംതൊഴിൽ/വരുമാനദായക പദ്ധതികൾക്ക് അനുവദിച്ച തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശം അനുബന്ധം-2*-ആയി ചേർക്കുന്നു.

## പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ ജോലി ഉറപ്പാക്കുന്ന പദ്ധതി

75(790) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർജോലി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇതിനകം ഈ പദ്ധതി നടപ്പിലാക്കിയത്; ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കുമോ;

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടി ഇതര വകുപ്പുകളിൽക്കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ ഒരംഗത്തിനെങ്കിലും തൊഴിൽ നൽകുമെന്ന നയപ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ;

(ഡി) ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും അവർക്ക് സ്ഥിരവരുമാനമുള്ള തൊഴിൽ നേടുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി വരുന്നുണ്ട്. പോലീസ്, എക്സൈസ് വകുപ്പുകളിലേക്ക് നിയമനം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 100 പേർക്ക് ഇതിലൂടെ സ്ഥിരനിയമനം ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 125 പേരെ കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5076 പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക" എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിൽ നേടികൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

വിവിധ മേഖലയിൽ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ വിദേശ തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. ഇതിനോടകം 6781 പരിശീലനവും പ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 2019-20 വർഷം 3075 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലന പരിപാടികൾ ആരംഭിച്ചതിൽ 1725 പേർക്ക് പരിശീലനം പൂർത്തീകരണ ഘട്ടത്തിലാണ്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ. ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി. പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

**കിർത്താഡ്സിലെ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയത്**

76(791) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിർത്താഡ്സിൽ താൽക്കാലികമായി നിയമിച്ച എത്ര ജീവനക്കാരെ പിന്നീട് സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ട്; ആരെയെല്ലാമാണ് ഇപ്രകാരം നിയമിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരെ പിരിച്ചു വിടണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർ എന്നുമുതലാണ് സർവ്വീസിൽ കയറിയതെന്നും അവർ ഏതെല്ലാം ആനുകൂല്യങ്ങൾ നാളിതുവരെ കൈപ്പറ്റിയിട്ടുണ്ടെന്നും ഇവർക്ക് മുൻകാല പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്നും അതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തിഗതാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കിർത്താഡ്സ് വകുപ്പിൽ വിവിധ കാലഘട്ടങ്ങളിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. ഡോ. എൻ. വിശ്വനാഥൻ നായർ, ഡയറക്ടർ
2. ശ്രീ. വി. കെ. മോഹൻ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രപ്പോളജി)
3. ശ്രീമതി ശ്യാമ സി. ജി., റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റിക്സ്)
4. ശ്രീ. ബാലൻ കെ. ടി., സ്വീപ്പർ കം വാച്ച്മാൻ
5. ശ്രീ. മനോഹര കുറുപ്പ് എം. ഇ., പ്യൂൺ
6. ശ്രീ. രവീന്ദ്രൻ എ., പ്യൂൺ
7. ശ്രീമതി ശ്രീദേവി കെ., പാർട്ട് ടൈം സ്വീപ്പർ
8. ശ്രീ. ഉമറുൽഫറൂഖ് എം. എം., സ്വീപ്പർ കം വാച്ച്മാൻ
9. ഡോ. എസ്. ബിന്ദു, ക്യൂറേറ്റർ
10. ശ്രീമതി മിനി പി. വി., റിസർച്ച് അസിസ്റ്റന്റ്
11. ശ്രീ. ടി. കെ. മുരളീധരൻ, റിസർച്ച് അസിസ്റ്റന്റ്
12. ശ്രീ. കെ. എസ്. പ്രദീപ് കുമാർ, റിസർച്ച് ഓഫീസർ
13. ശ്രീ. സുബാഷ് വി. എസ്., റിസർച്ച് അസിസ്റ്റന്റ്
14. ശ്രീമതി സീമ വി. പി., ഇൻവെസ്റ്റിഗേറ്റർ
15. ശ്രീ. സജിത് കുമാർ എസ്. വി., റിസർച്ച് ഓഫീസർ
16. ശ്രീ. സുരേഷ് കെ. പി., റിസർച്ച് അസിസ്റ്റന്റ്
17. ശ്രീമതി ഇന്ദു വി. മേനോൻ, ലക്ചറർ
18. ശ്രീ. മണിഭൂഷണൻ എ., ലക്ചറർ

(ബി) ജീവനക്കാരെ പിരിച്ചുവിടുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടില്ല.

(സി) സ്ഥിരപ്പെടുത്തിയ ജീവനക്കാർ സർവ്വീസിൽ കയറിയ തീയതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേരും തസ്തികയും | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ഡോ. എൻ. വിശ്വനാഥൻ നായർ, ഡയറക്ടർ | 27-11-1991 |
| 2 | ശ്രീ. വി. കെ. മോഹൻ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രപ്പോളജി) | 01-3-1982 |
| 3 | ശ്രീമതി ശ്യാമ സി. ജി., റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റിക്സ്) | 17-11-1982 |
| 4 | ശ്രീ. ബാലൻ കെ. ടി., സ്വീപ്പർ കം വാച്ച്മാൻ | 24-3-1997 |
| 5 | ശ്രീ. മനോഹര കുറുപ്പ് എം. ഇ., പ്യൂൺ | 22-1-1987 |
| 6 | ശ്രീ. രവീന്ദ്രൻ എ., പ്യൂൺ | 13-7-1999 |
| 7 | ശ്രീമതി ശ്രീദേവി കെ., പാർട്ട് ടൈം സ്വീപ്പർ | 03-7-1997 |
| 8 | ശ്രീ. ഉമറുൽഫറൂഖ് എം. എം., സ്വീപ്പർ കം വാച്ച്മാൻ | 01-3-2004 |
| 9 | ഡോ. എസ്. ബിന്ദു, ക്യൂറേറ്റർ | 03-2-1996 |
| 10 | ശ്രീമതി മിനി പി. വി., റിസർച്ച് അസിസ്റ്റന്റ് | 03-2-1996 |
| 11 | ശ്രീ. ടി. കെ. മുരളീധരൻ, റിസർച്ച് അസിസ്റ്റന്റ് | 15-2-1993 |
| 12 | ശ്രീ. കെ. എസ്. പ്രദീപ് കുമാർ, റിസർച്ച് ഓഫീസർ | 01-11-2004 |
| 13 | ശ്രീ. സുബാഷ് വി. എസ്., റിസർച്ച് അസിസ്റ്റന്റ് | 01-11-2004 |
| 14 | ശ്രീമതി സീമ വി. പി., ഇൻവെസ്റ്റിഗേറ്റർ | 02-11-2004 |
| 15 | ശ്രീ. സജിത് കുമാർ എസ്. വി., റിസർച്ച് ഓഫീസർ | 01-12-2004 |
| 16 | ശ്രീ. സുരേഷ് കെ. പി., റിസർച്ച് അസിസ്റ്റന്റ് | 01-12-2004 |
| 17 | ശ്രീമതി ഇന്ദു വി. മേനോൻ, ലക്ചറർ | 01-12-2004 |
| 18 | ശ്രീ. മണിഭൂഷണൻ എ., ലക്ചറർ | 15-2-1993 |

ഗസറ്റഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ പേ സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ ശമ്പളം ആനുകൂല്യങ്ങൾ, ഗ്രേഡ് പ്രൊമോഷൻ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ അനുവദിച്ചിട്ടുണ്ട്. ഗസറ്റഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്ക് സർവ്വീസിൽ സ്ഥിരപ്പെടുത്തിയ തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം ശമ്പളവും ആനുകൂല്യങ്ങളും തിട്ടപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിലാണ് ടി ജീവനക്കാർ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്.

നോൺ ഗസറ്റഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർക്കും മുൻകാല പ്രാബല്യത്തിൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. വ്യക്തിഗത അടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ചുവരുന്നു.

**താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കുള്ള ശമ്പളം**

77(792) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിതരായി ജോലി ചെയ്യുന്ന വാർഡൻ, വാച്ച്മാൻ, ആയ എന്നീ തസ്തികയിലുള്ളവർക്ക് 2019 ജൂൺ മാസം മുതൽ ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താല്ക്കാലികാടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്ക് സ്പാർക്ക് മുഖേന ടെമ്പററി എംപ്ലോയ്മെന്റ് നമ്പർ (TEN) ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണ് ശമ്പളം മാറി നൽകുവാൻ സാധിക്കാത്തത്. നിലവിൽ കുറച്ച് ഓഫീസുകൾ ഒഴിച്ച് ബാക്കിയുള്ള ഓഫീസുകളിലെ താല്ക്കാലിക ജീവനക്കാർക്ക് ടെമ്പററി എംപ്ലോയ്മെന്റ് നമ്പർ ലഭ്യമാക്കി ശമ്പളം മാറി നൽകിയിട്ടുണ്ട്. ശമ്പളം ലഭ്യമാകാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആറൻമുള മണ്ഡലത്തിലെ എസ്.സി. കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

78(793) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ആറൻമുള നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ സാമ്പത്തികവർഷം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

## പാലക്കാട് ജില്ലയിലെ കോർപ്പസ് ഫണ്ട് വിനിയോഗം

79(794) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് പാലക്കാട് ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ; അനുവദിച്ച തുക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു*.

## പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്

80(795) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനും പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃശ്ശൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ഈ ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്നു. ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതാണ്. ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്.

1. കുടിവെള്ള വിതരണം:- പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃലിസ്റ്റ്, സോഷ്യൽമാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. ഗതാഗത സൗകര്യ വികസനം:- കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം.

3. വൈദ്യുതി വിതരണം:- പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ മാത്രം.

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സാംസ്കാരികം/കായികം തുടങ്ങിയവ) ഉതകുന്ന പ്രോജക്ടുകൾ ഡയറ്റിന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തിലാക്കിയ പട്ടികജാതി ഉപപദ്ധതിയിൽ പൂർത്തികരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ

നടപടിക്രമങ്ങൾ:- നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. (ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ എഞ്ചിനീയർ/കോർപ്പറേഷൻ എഞ്ചിനീയർ)ഉം നിർമ്മാണേതര പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥർ/ വികസന വകുപ്പുതല ഉദ്യോഗസ്ഥനും ആയിരിക്കണം. കെ.എസ്.ഇ.ബി. കെ.ഡബ്ല്യൂ.എ. തുടങ്ങിയ ഏജൻസികളേയും പദ്ധതി നിർവ്വഹണത്തിനായി പരിഗണിക്കാവുന്നതാണ്. പദ്ധതി നിർവ്വഹണ യോഗ്യമാണെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസറും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്ത പരിശോധന നടത്തി ഉറപ്പുവരുത്തണം. ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ കോർഡിനേറ്ററും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറുമായ സമിതിയുടെ തീരുമാനപ്രകാരമാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. 25 ലക്ഷത്തിലധികം എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ പട്ടികജാതി വികസന ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിലേക്ക് സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | |
|---|---|---|
| | 1/3 കോർപ്പസ് ഫണ്ട് | സ്പിൽ ഓവർ |
| 2016-17 | 65090000 | 13221785 |
| 2017-18 | - | 35704159 |
| 2018-19 | 35200000 | |
| 2019-20 | 35200000 | 10448160 |

(സി) അനുബന്ധമായി* ചേർക്കുന്നു.

### കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

81(796) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലക്ക് എത്ര തുക ലഭ്യമാക്കിയിരുന്നു എന്ന വിവരം വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഈ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ആരുടെയെല്ലാം ശിപാർശ പ്രകാരമാണ് ഭരണാനുമതിക്കുള്ള തുടർനടപടികൾ സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് 356 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് 39,43,562 രൂപയാണ് അനുവദിച്ചത്.

(ബി)

1. നിരപ്പേൽ തെക്കേവിള റോഡ് കോൺക്രീറ്റിംഗ് അസി. എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. കൊട്ടാരക്കരയുടെ എസ്റ്റിമേറ്റ്. ഇത് ഏഴുകോൺ പഞ്ചായത്ത് മുഖേന അയച്ചുതന്ന പ്രൊപ്പോസലാണ്.
2. KIP ഇടതുകര മെയിൻ കനാൽ 37500 മീറ്റർ മുതൽ 38500 മീറ്റർ വരെയുള്ള കനാൽ ഇൻസ്പെക്ഷൻ റോഡ് എസ്റ്റിമേറ്റ് 25 ലക്ഷത്തിൽ അധികരിച്ചതിനാൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ശിപാർശ ചെയ്തതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. ആയതിനാൽ 2019-20 കാലയളവിൽ കൊട്ടാരക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) ജില്ലാതല സമിതി 29-1-2020-ൽ അംഗീകാരം നൽകി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

**കിഴക്കേ മഞ്ഞനക്കാട് പട്ടികജാതി കോളനിയിലെ പ്രവൃത്തികൾ**

82(797) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ കിഴക്കേ മഞ്ഞനക്കാട് പട്ടികജാതി കോളനിയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19-ലെ പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത മഞ്ഞനക്കാട് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ല. കോളനിയുടെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ എക്സൈസ് ചാർജ്ജ് അനുവദിക്കണമെന്ന് ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അംബേദ്കർ കോളനി മാനദണ്ഡപ്രകാരം അത് അനുവദനീയമല്ല. ഇതുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങൾ സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് സമർപ്പിച്ചതിലുണ്ടായ കാലതാമസവും ടെണ്ടർ എക്സസ് അനുവദിക്കണമെന്ന ആവശ്യവുമാണ് കാലതാമസത്തിന് കാരണം.

ടെണ്ടർ എക്സൈസ് സംബന്ധിച്ച് തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ഇളംബ്ലാശേരി, തേര കോളനികളുടെ നവീകരണം**

83(798) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.ടി. കോളനികളായ ഇളംബ്ലാശേരി, തേര എന്നിവിടങ്ങളിലെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തിരിക്കുന്നതെന്നും കരാർ കാലാവധി എന്ന് വരെയാണെന്നും അറിയിക്കാമോ;

(ഡി) പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) രണ്ട് കോളനികളുടെയും നവീകരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

(സി) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് നിർവ്വഹണ ഏജൻസി. കരാർ പ്രകാരമുള്ള കാലാവധി 2019 ജൂൺ 15 ആയിരുന്നെങ്കിലും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018, 2019 വർഷങ്ങളിലുണ്ടായ ശക്തമായ കാലവർഷക്കെടുതികളിൽ റോഡ്-ഗതാഗത മാർഗ്ഗങ്ങൾ തകർന്ന സാഹചര്യം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ആയത് പൂർത്തീകരണം വൈകുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്.

(ഇ) നടപ്പ് സാമ്പത്തികവർഷം തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആദിവാസികളുടെ പതിമൂന്നര ലക്ഷം രൂപ തട്ടിയെടുത്തുവെന്ന പരാതി**

84(799) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഭൂതി വാഴിയൂർ ഊരിലെ തായ്ക്കുല ആദിവാസി സംഘടനാ പ്രവർത്തകർക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ലഭിച്ച പതിമൂന്നര ലക്ഷം രൂപ ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ നേതാവ് തട്ടിയെടുത്തുവെന്ന പരാതി സംബന്ധിച്ചുവകുപ്പ് തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം നേരിട്ട് ഗുണഭോക്താക്കൾക്ക് Direct Beneficiary Transfer മുഖേന അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് അനുവദിക്കുന്നത്. തുക തട്ടിയെടുത്തുവെന്നത് സംബന്ധിച്ച് ഗുണഭോക്താക്കൾ പോലീസിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് കരാറുകാരെ ഏൽപ്പിക്കുന്നത്. ആയതിനാൽ വകുപ്പ് തലത്തിൽ ഇതു സംബന്ധിച്ച് അന്വേഷണം നടന്നിട്ടില്ല.

**കരിങ്കാളിമ്മൽ കോളനിയുടെ നവീകരണ പ്രവൃത്തി**

85(800) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരിങ്കാളിമ്മൽ കോളനിയുടെ പ്രവൃത്തി ഇപ്പോൾ എത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്താണ് നിലവിലുള്ള തടസ്സമെന്നത് അറിയിക്കാമോ;

(സി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | എസ്റ്റിമേറ്റിൽ അംഗീകരിച്ച പ്രവൃത്തികൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | ഭവന പുനരുദ്ധാരണം (40 എണ്ണം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | റോഡ് നിർമ്മാണം | |
| 3 | കിണർ പുനരുദ്ധാരണം | |
| 4 | ഫുട്പാത്ത് (5 എണ്ണം) | 4 എണ്ണം പൂർത്തീകരിച്ച 1 എണ്ണം ആരംഭിച്ചിട്ടില്ല. |
| 5 | വാട്ടർ ടാങ്ക് | സ്ഥലം ലഭിച്ചിട്ടില്ല. |
| 6 | അങ്കണവാടി കെട്ടിട നിർമ്മാണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 7 | പമ്പ് ഹൗസ് | |

(ബി) പൂർത്തീകരിക്കാൻ അവശേഷിക്കുന്ന കുടിവെള്ള ടാങ്ക് നിർമ്മാണത്തിനായി ഭൂമി നൽകാമെന്ന് അറിയിച്ചിരുന്ന വ്യക്തി മരണപ്പെടുകയും ടിയാന്റെ അനന്തരാവകാശികൾ ഭൂമി കൈമാറാൻ തയ്യാറാകാത്തതിനാൽ ടാങ്കിന് ആവശ്യമായ ഭൂമി വിലകൊടുത്ത് വാങ്ങാൻ തീരുമാനിക്കുകയും ആയതിന്റെ നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു.

പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഒരു ഫുട്പാത്തിന് അടിയിലൂടെയാണ് കുടിവെള്ള ടാങ്കിന്റെ പൈപ്പ് ലൈൻ കടന്നുപോകേണ്ടത്. ടാങ്കിന്റെ ഭൂമി ലഭ്യമായാൽ ഉടൻതന്നെ ടി പ്രവൃത്തിയും പമ്പ് ഹൗസിന്റെ പ്രവൃത്തിയും ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

അങ്കണവാടി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം പണിയേണ്ടതുണ്ട്. ആയതിലേയ്ക്കായി നിലവിലുള്ള അങ്കണവാടിയുടെ പ്രവർത്തനം അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസറെ അറിയിച്ചെങ്കിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയ്ക്ക് സാമൂഹ്യനീതി വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള അനുമതി ലഭിച്ച ശേഷമേ അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) കുടിവെള്ള ടാങ്കിനുള്ള ഭൂമി ലഭിച്ചാലുടൻതന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഏജൻസി പ്രതിനിധി അറിയിച്ചിട്ടുണ്ട്.

## ഒ.ഇ.സി. ആനുകൂല്യങ്ങൾ

86(801) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്ര നിർമാണം കുലത്തൊഴിൽ ആയിട്ടുള്ള സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ പഠന കോഴ്സുകൾ പൂർത്തിയാക്കുന്ന അവസരങ്ങളിൽ അവർക്ക് ഒ.ഇ.സി. ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് ഒ.ഇ.സി. ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഒ.ഇ.സി.-ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് 30 സമുദായങ്ങളെ ഒ.ബി.സി.-യിൽനിന്നും തെരഞ്ഞെടുത്തതും കെ.പി.സി.ആർ. ആനുകൂല്യത്തിനുള്ള വരുമാന പരിധി 42,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിയതും 2016-ൽ ഒ.ഇ.സി. ആനുകൂല്യം വർദ്ധിപ്പിച്ചതിനാലും സ്വാശ്രയ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലവും ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി കുടിശ്ശിക തീർക്കുന്നതിന് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതത്തിന് പുറമേ സർക്കാർ 300 കോടി രൂപ അധിക സഹായം അനുവദിക്കുകവഴി കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ പര്യാപ്തമായ ഫണ്ട് ഉള്ളതിനാൽ ഒ.ഇ.സി. ആനുകൂല്യങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്.

## പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ

87(802) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിവരവും ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഇതുവരെ കോർപ്പറേഷൻ വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ വായ്പയുടെ കണക്കും ലഭ്യമാക്കാമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളെ കുറിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം 1-ആയി* ചേർക്കുന്നു.

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയി* ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നാളിതുവരെ 164019 ഗുണഭോക്താക്കൾക്കായി 1600.83 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) പിന്നാക്ക വിഭാഗങ്ങളുടെ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

എ). <u>കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രീ ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ</u>

സ്വകാര്യ മേഖലയിൽ പിന്നോക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വാഹനരംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക് രംഗം, പോളിമർ ഇൻഡസ്ട്രീ എന്നീ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന പദ്ധതിയാണിത്. പരിശീലന കാലയളവ് പരമാവധി 10 മാസം. പരിശീലന കാലയളവിൽ ട്യൂഷൻ ഫീസ്/സ്റ്റൈപ്പന്റ് ഇനങ്ങളിലായി പ്രതിമാസം പരമാവധി 8,000 രൂപ വരെ അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ബി). എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

വിദ്യാസമ്പന്നരായ പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/NET/JRF/GATE/MAT തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ചുവടെ ചേർക്കുന്ന നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. അനുവദിക്കുന്ന ആനുകൂല്യ നിരക്കുകൾ ചുവടെ ചേർക്കുന്നു:

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് - 30,000

ബാങ്കിംഗ് - 20,000

സിവിൽ സർവ്വീസ് - 50,000

UGC/NET/JRF/GATE/MAT - 25,000

പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാധിഷ്ഠിത ഗ്രാന്റ് ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നോക്ക വിഭാഗ കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ഗ്രാന്റ് എന്ന ഘടകം ഈ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

**ഞാറയ്ക്കൽ സീഷോർ കോളനിയിലെ നിർമ്മാണപ്രവൃത്തികൾ**

88(803) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ സീഷോർ കോളനിയിൽ വിഭാവനം ചെയ്തിട്ടുള്ള നിർമ്മാണപ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഇപ്രകാരമാണ്.

1. ഭവന പുനരുദ്ധാരണം
2. കോളനിക്കുള്ളിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം
3. കോളനിക്കുള്ളിൽ കലുങ്കുകൾ നിർമ്മിക്കുന്നത്
4. കോളനിക്കുള്ളിലെ കാനകളുടെ നിർമ്മാണം
5. കോളനിക്കുള്ളിലെ റോഡുകളുടെ ടാറിംഗും അറ്റകുറ്റപ്പണിയും
6. സംരക്ഷണ ഭിത്തികളുടെ പുനരുദ്ധാരണം
7. വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

(ബി&സി) ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

89(804) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷനിൽ ഇപ്പോൾ എന്തൊക്കെ ക്ഷേമപ്രവർത്തനങ്ങളാണ് നടന്നു വരുന്നത്; വിശദമാക്കാമോ;

(ബി) മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) കോർപ്പറേഷന്റെ കീഴിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അംഗത്വം നൽകുന്ന നടപടി ഇപ്പോൾ നടന്നു വരുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് അംഗത്വം നൽകി; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കോർപ്പറേഷൻ വഴി/സർക്കാർ മുഖാന്തരം നൽകിയിട്ടുള്ളതെന്ന കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷേമ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ആനുകൂല്യങ്ങൾ നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) കോർപ്പറേഷന്റെ കീഴിൽ മൺപാത്ര തൊഴിലാളികൾക്ക് അംഗത്വം നൽകുന്ന രീതി നിലവിലില്ല. എന്നാൽ മൺപാത്ര ഉല്പന്ന നിർമ്മാണ വിപണന യൂണിറ്റുകളുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായിട്ടുണ്ട്. 2260 പേർ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തൃശ്ശൂർ | 344 |
| പാലക്കാട് | 861 |
| മലപ്പുറം | 527 |
| വയനാട് | 56 |
| കോഴിക്കോട് | 411 |
| കോട്ടയം | 43 |
| കാസർഗോഡ് | 1 |
| കണ്ണൂർ | 5 |
| എറണാകുളം | 6 |
| ആലപ്പുഴ | 5 |
| കൊല്ലം | 1 |
| പത്തനംതിട്ട | 0 |
| ഇടുക്കി | 0 |

(ഡി) പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നവീകരിക്കുന്നതിനും ആധുനിക യന്ത്രസജ്ജീകരണം നടത്തുന്നതിനുമായി 2012-13 വർഷം മുതൽ 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി രണ്ട് ഗഡുക്കളായി പരമാവധി 50,000 രൂപ വരെ ആനുകൂല്യം അനുവദിച്ചുവരുന്ന പദ്ധതി പിന്നോക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 711 | 180 ലക്ഷം |
| 2017-18 | 216 | 134 ലക്ഷം |
| 2018-19 | 19 | 4.75 ലക്ഷം |
| 2019-20 | 47 | 11.75 ലക്ഷം |

## കായംകുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ ഉള്ള കുടുംബാംഗങ്ങളുടെ എണ്ണം

90(805) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം, ഭരണിക്കാവ്, പത്തിയൂർ, ദേവികുളങ്ങര, കണ്ടല്ലൂർ, ചെട്ടിക്കുളങ്ങര തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും കായംകുളം നഗരസഭാ പ്രദേശത്തുമുള്ള പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയെന്നും, ഓരോ കോളനിയിലുമുള്ള കുടുംബാംഗങ്ങളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

### ഉത്തരം

പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം അനുബന്ധം 1*-ആയും, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശം അനുബന്ധം 2*-ആയും ചേർക്കുന്നു.

## ലാപ്സായ ഓർഡിനൻസുകൾ

91(806) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓർഡിനൻസുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓർഡിനൻസുകളിൽ എത്രയെണ്ണം ലാപ്സായിട്ടുണ്ടെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അഞ്ച് തവണയിൽ കൂടുതൽ പുനഃപ്രസിദ്ധീകരിച്ച ഓർഡിനൻസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) വഖഫ് ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട ഓർഡിനൻസിന് പകരം നിയമം കൊണ്ടുവരാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 154 ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | 2016 | - | 3 ഓർഡിനൻസുകൾ |
| | 2017 | - | 40 ഓർഡിനൻസുകൾ |
| | 2018 | - | 59 ഓർഡിനൻസുകൾ |
| | 2019 | - | 43 ഓർഡിനൻസുകൾ |
| | 2020 | - | 9 ഓർഡിനൻസുകൾ |

(സി) പ്രസ്തുത ഓർഡിനൻസുകളിൽ ഒരു ഓർഡിനൻസ് അതായത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് ലാപ്സായിട്ടുണ്ട്.

കൂടാതെ The Kerala Professional Colleges (Regularisation of Admission in Medical Colleges) Ordinance, 2018 (1 of 2018)-ന് പകരമുള്ള ബിൽ നിയമസഭ പാസ്സാക്കിയിരുന്നുവെങ്കിലും ആയതിന് ഗവർണറുടെ അനുമതി ലഭിക്കാത്തതിനാൽ നിയമമായിട്ടില്ല.

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് എന്നീ ഓർഡിനൻസുകൾ അഞ്ച് തവണയിൽ കൂടുതൽ പുനർവിളംബരം ചെയ്തിട്ടുണ്ട്.

(ഇ) വഖഫ് ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട ഓർഡിനൻസിന് പകരം നിയമം കൊണ്ടുവരാൻ കഴിയാഞ്ഞത് ഭരണപരമായ ചില കാരണങ്ങളാലാണ്.

## അംഗീകാരം നൽകിയിട്ടില്ലാത്ത ഓർഡിനൻസുകൾ/നിയമങ്ങൾ

92(807) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ഓർഡിനൻസുകൾ/നിയമങ്ങൾ ബഹു. ഗവർണർ ഒപ്പുവയ്ക്കാതെ തിരിച്ചയയ്ക്കുകയോ വ്യക്തതവരുത്തുന്നതിന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; ഇനിയും അംഗീകാരം നൽകിയിട്ടില്ലാത്ത ഓർഡിനൻസുകൾ/നിയമങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഓർഡിനൻസുകളെ/നിയമങ്ങളെ സംബന്ധിച്ചാണ് സർക്കാർ ഇപ്രകാരമുള്ള വ്യക്തത വരുത്തി നൽകിയിട്ടുള്ളത്; ഇനി ഏതെങ്കിലും വിഷയത്തിൽ ബഹു. ഗവർണർ ആവശ്യപ്പെട്ട മറുപടി നൽകാൻ ബാക്കിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്, The Kerala Veterinary and Animal Sciences University (Amendment) Ordinance, 2018 എന്നീ ഓർഡിനൻസുകൾ ബഹു. ഗവർണർ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. നിയമസഭ പാസ്സാക്കിയ The Kerala Professional Colleges (Regularisation of Admission in Medical Colleges) Bill, 2018 എന്ന ബില്ല് ബഹു. ഗവർണർ ഒപ്പ് വയ്ക്കാതെ തിരിച്ചയച്ചിട്ടുള്ളതാണ്.

2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020-ലെ മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നീ ഓർഡിനൻസുകൾ വ്യക്തത വരുത്തി നൽകിയിരുന്നുവെങ്കിലും 29-1-2020-ന് നിയമസഭാ സമ്മേളനം ആരംഭിക്കുവാൻ തീരുമാനിക്കുകയും ഈ ഓർഡിനൻസുകളിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് ബില്ലുകൾ മന്ത്രിസഭായോഗം അംഗീകരിക്കുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓർഡിനൻസ് ഫയലുകൾ ഗവർണർ തിരികെ നൽകിയിട്ടുണ്ട്.

(ബി) 2017-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ്, The Kerala Veterinary and Animal Sciences University (Amendment) Ordinance, 2018 എന്നീ ഓർഡിനൻസുകൾ സംബന്ധിച്ച് ഗവർണർ ആവശ്യപ്പെട്ട പ്രകാരം സർക്കാർ വ്യക്തത വരുത്തി നൽകിയിട്ടുണ്ട്. 13-ാം കേരള നിയമസഭ 15-ാം സമ്മേളനത്തിൽ 2015 ഡിസംബർ 17-ാം തീയതി പാസ്സാക്കി രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ച 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിനെ സംബന്ധിച്ച സ്പഷ്ടീകരണം കേന്ദ്ര സർക്കാരിൽനിന്നും ഗവർണർ സെക്രട്ടേറിയറ്റ് വഴി നിയമ വകുപ്പിലേയ്ക്ക് അയയ്ക്കുകയും പ്രസ്തുത സ്പഷ്ടീകരണത്തിനുള്ള മറുപടി കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിലേയ്ക്കായി ഗവർണർ സെക്രട്ടേറിയറ്റിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. യാതൊരു വിഷയത്തിലും ഗവർണർ ആവശ്യപ്പെട്ട മറുപടി നൽകാൻ ബാക്കിയില്ല.

**സിനിമാ മേഖലയിലെ പ്രശ്നങ്ങൾ**

93(808) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റിയെയോ കമ്മീഷനെയോ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇവരുടെ ശിപാർശകളോ റിപ്പോർട്ടുകളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) സിനിമാ മേഖലയുടെ വളർച്ചയ്ക്കായി സമഗ്ര നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 31-12-2019-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്. സിനിമാ മേഖലയിലെ സമഗ്ര പരിഷ്കരണത്തിനായി സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## എടച്ചേന കുങ്കൻ സാംസ്കാരിക നിലയം

94(809) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എടച്ചേന കുങ്കൻ സാംസ്കാരിക നിലയത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉത്തരം

വയനാട് ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ റവന്യൂ ഭൂമി ലഭ്യമല്ല. ആയതിനാൽ ഇവിടെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്വകാര്യ ഭൂമി കണ്ടെത്തി ആയത് ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## അക്കമ്മ ചെറിയാൻ സാംസ്കാരിക കേന്ദ്രം

95(810) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സംസ്ഥാന ബജറ്റിൽ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച അക്കമ്മ ചെറിയാൻ സാംസ്കാരിക കേന്ദ്രം ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/85 pt, 186 pt, മുതലായവയിൽ ഉൾപ്പെട്ട 4 ഏക്കർ 31 സെന്റ് റവന്യൂ ഭൂമിയുടെ ഉപയോഗാനുമതി സാംസ്കാരിക വകുപ്പിന് 5-3-2018-ലെ സ.ഉ. (കൈ) നമ്പർ.81/2018/റവ. ഉത്തരവിൻ പ്രകാരം കൈമാറി ലഭിച്ചിരുന്നു. സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ച പ്രസ്തുത ഭൂമിയിൽ പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ നടത്തുകയുണ്ടായി. എന്നാൽ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പ്രസ്തുത ഭൂമി അനുയോജ്യമാണോ എന്ന് ജില്ലാ ജിയോളജിസ്റ്റ് പരിശോധിക്കുകയും സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പകരം ഒറ്റ നിലയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

96(811) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വ്യവസായത്തിലെ സ്ത്രീകളുമായും അവരുടെ തൊഴിൽ സാഹചര്യങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ഹേമ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലുമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചലച്ചിത്ര നിർമ്മാണ പ്രദർശന രംഗത്തെ നിയമനിർമ്മാണം

97(812) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ രംഗത്ത് അനഭിലഷണീയമായ പല കാര്യങ്ങളും നടക്കുന്നുവെന്നും അവിടെ ലഹരി മരുന്നിന്റെ ഉപയോഗം ഉണ്ടെന്നുമുള്ള വെളിപ്പെടുത്തൽ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ചലച്ചിത്ര നിർമ്മാണ പ്രദർശന രംഗത്ത് സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത നിയമം നിലവിൽ വരുന്നതോടെ സിനിമാരംഗത്ത് ഉണ്ടാക്കുവാൻ സാധിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത രംഗത്തെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് റെഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ഗൗരവമായി പരിഗണിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) സിനിമാ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും അനഭിലഷണീയ പ്രവർത്തനങ്ങൾ തടയുന്നതിനും തർക്ക പരിഹാരങ്ങൾക്കും മറ്റുമായി ഒരു സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിവരുന്നു.

## സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി

98(813) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 2016-17-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) സർക്കാരിന്റെ ഏത് പദ്ധതി പ്രകാരമാണ് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്; ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്; എത്ര തുക ചെലവഴിച്ചു ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; പദ്ധതി പൂർത്തീകരിക്കാത്ത ജില്ലകളിലെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് 2016-17 സാമ്പത്തികവർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി, ടി പദ്ധതിയുടെ കോൺട്രാക്ടർമാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലുമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 40 കോടി രൂപവീതം ചെലവഴിച്ച് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കൊടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ.ഉ. (സാധാ) നമ്പർ.318/2017/ സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി.

ഈ പദ്ധതിയിൻപ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നാളിതുവരെ ഒന്നും ചെലവഴിച്ചിട്ടില്ല.

| **ജില്ല** | **തുക** |
|---|---|
| കൊല്ലം | 44,40,70,000 രൂപ |
| പാലക്കാട് | 56,48,00,000 രൂപ |
| കാസർഗോഡ് | 36,20,00,000 രൂപ |

എന്നാൽ പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി സെന്റേജ് ചാർജിനത്തിൽ പദ്ധതിയുടെ എസ്.പി.വി. ആയ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തുക വിനിയോഗിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തുകയും തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.യായ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, എം.ഡി. ടി ജില്ലകളിലുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് കോൺട്രാക്ടറെ (ബിഡ്) തെരഞ്ഞെടുത്ത്, ടി കോൺട്രാക്ടർമാർക്ക് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ടെങ്കിലും പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പ്രസ്തുത ഭൂമി അനുയോജ്യമല്ലായെന്ന് ഡി.പി.ആർ. ഏജൻസിയും/ജില്ലാ ജിയോളജിസ്റ്റും സംശയം ഉന്നയിച്ച സാഹചര്യത്തിൽ വിശദമായ പരിശോധന നടന്നുവരുന്നു.

സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിച്ചുവരുന്നു.

## സിനിമാ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നിയമനിർമ്മാണം

99(814) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതിനായി നിലവിൽ ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സിനിമാ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും അനഭിലഷണീയ പ്രവർത്തനങ്ങൾ തടയുന്നതിനും തർക്ക പരിഹാരങ്ങൾക്കും മറ്റുമായി സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കിവരുന്നു. പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതിനായി നിലവിൽ ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോഴിക്കോട് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ**

100(815) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജില്ലയിൽ പുതിയ പദ്ധതികൾക്കായി വകുപ്പുതലത്തിലും കിഫ്ബി മുഖാന്തിരവും അനുവദിച്ച പദ്ധതികളുടെയും തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഇന്തോ-ഷാർജ കൾച്ചറൽ സെന്റർ, അന്തർദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക നവോത്ഥാന സാംസ്കാരിക സമുച്ചയം എന്നിവ സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ 68 കലാകാരന്മാർക്ക് 10,000 രൂപ വീതം പ്രതിമാസം ഫെലോഷിപ്പ് നൽകിവരുന്നുണ്ട്. വകുപ്പ് നടപ്പിലാക്കിവരുന്ന കരകൗശല കലാകാരന്മാരുടെ ഉപജീവന പദ്ധതിയിൻ കീഴിൽ വടകരയിലെ സർഗ്ഗാലയ മുഖേന 152 കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഒരു തിയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്കായി 11.35 കോടി രൂപയാണ് കിഫ്ബി വകയിരുത്തിയിരിക്കുന്നത്.

2019-20-ലെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായി 5 കോടി രൂപ വിനിയോഗിച്ച് കോഴിക്കോട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കൈരളി/ശ്രീ തിയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം**

101(816) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന 24-1-2017-ലെ മീറ്റിംഗിലെ 5-ാം നമ്പർ തീരുമാനപ്രകാരം ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ പുതുവൈപ്പ് വില്ലേജിൽ ഭൂമി ഉള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടും പ്രസ്തുത ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സാംസ്കാരിക വകുപ്പിന് കീഴിലാണോ, പിന്നോക്ക വിഭാഗ വികസന വകുപ്പിലാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തുന്ന വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ 26-6-2019-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കൊച്ചി താലൂക്ക് പുതുവൈപ്പ് വില്ലേജിൽ സർവ്വേ നമ്പർ. 300/1-ൽ 50 സെന്റ് വസ്തുവും സർവ്വേ 335/4-ൽ 10.50 ആർ. ഭൂമിയും ഉള്ളതായി കൊച്ചി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു.

മേൽപ്പറഞ്ഞവയിൽ റീസർവ്വേ 335/4-ൽ പ്പെട്ട 10.50 ആർ പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ചതിനെതിരെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപ്പീൽ നടപടി നിലവിലുള്ളതാണെന്നും ഭൂമി കൈമാറുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി അർത്ഥന സമർപ്പിക്കേണ്ടതും അപ്പീൽ തീരുമാനമാകുന്ന മുറയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.K2 27511/17 നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ, പിന്നോക്ക വികസന വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്.

(സി) എറണാകുളത്ത് ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം സ്ഥാപിക്കുന്ന പദ്ധതി ആംഗ്ലോ ഇന്ത്യൻ സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പുതന്നെ കൈകാര്യം ചെയ്യുന്നതാണ് കൂടുതൽ ഉചിതവും അനുയോജ്യവുമെന്നതിനാൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**നവോത്ഥാന നായകരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം**

102(817) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട്, കാസർഗോഡ്, കൊല്ലം എന്നീ ജില്ലകളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി പ്രസ്തുത ജില്ലയിലെ പാലക്കാട് താലൂക്കിലെ യാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 181-ൽ റീസർവ്വേ നമ്പർ.4-ൽപ്പെട്ട 5.00 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നിർമ്മാണ കരാർ നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## നാട്ടരങ്ങ് പദ്ധതി

103(818) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അത്താണിക്കൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥല സന്ദർശനം നടത്തിയിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സന്ദർശന റിപ്പോർട്ട് ഉടനടി ലഭ്യമാക്കി പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 13-1-2020-ന് സ്ഥലം സന്ദർശിച്ചിരുന്നു.

(ബി&സി) നിർദ്ദിഷ്ട സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പദ്ധതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ നന്ദികേശ ശില്പ പൈതൃക ഗ്രാമം

104(819) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് അനുവദിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതിക്ക് ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ

നടപടികൾ സ്വീകരിക്കുന്നതിന് ലളിതകലാ അക്കാദമിയുടെ 30-10-2018-ൽ കൂടിയ നിർവ്വാഹക സമിതി യോഗം ചർച്ച ചെയ്തു. നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകുംവിധം കെട്ടിടം നിർമ്മിച്ച് ലഭിക്കുകയും കൂടാതെ പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾകൂടി ഒരുക്കി അക്കാദമിയെ ഏൽപ്പിക്കുകയാണെങ്കിൽ നടത്തിപ്പ് ലളിതകലാ അക്കാദമി ഏറ്റെടുക്കാം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ തീരുമാനം അക്കാദമിയെ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-1-2019-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് ലളിതകലാ അക്കാദമി എക്സിബിഷൻ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭാരവാഹികളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അക്കാദമിയെ സമീപിക്കുന്നതാണെന്നാണ് ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ലളിതകലാ അക്കാദമിക്ക് തുക ഒന്നും അനുവദിച്ചിട്ടില്ല.

## ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം

105(820) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതി മൊത്തം 5,38,70,118 രൂപ (അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 7-9-2019-ലെ സ.ഉ.(സാധാ) നമ്പർ 408/2019/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ വർക്ക് ബജറ്റ് അനുബന്ധം-2-ൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് ക്രിയേഷന്റെ (Asset Creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ നിലവിലെ സാമ്പത്തിക

സ്ഥിതിയിൽ അധിക ധനസമാഹരണം കണ്ടെത്തുവാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ അറിയിപ്പ് പ്രകാരം, ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് 31-1-2020-ലെ സ.ഉ.(സാധാ) നമ്പർ 55/2020/സാം.കാ.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

## പട്ടിക്കാംതൊടി രാവുണ്ണി മേനോൻ സ്മാരകം

106(821) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിൽ പ്രശസ്ത കഥകളി ആചാര്യൻ പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ ഒരു സ്മാരകം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വെള്ളിനേഴിയിൽ പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ സ്മരണാർത്ഥം ഒരു സ്മൃതി മണ്ഡപവും, കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായമായി പത്ത് ലക്ഷം രൂപ (10,00,000 രൂപ) 14-3-2018-ലെ സ.ഉ.(സാധാ) നമ്പർ 149/2018 സാം.കാ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

## ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്

107(822) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്ത് വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയോഗിച്ചിരുന്ന ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായിട്ടുള്ള കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയായിരുന്നു; ഇത് നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സിനിമാരംഗത്ത് വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയോഗിച്ചിരുന്ന ജസ്റ്റിസ് ഹേമ കമ്മിറ്റി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിനായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന 46,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ**

108(823) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടക -ചലച്ചിത്ര പിന്നണി ഗാനരംഗത്ത് 60 വർഷത്തിലേറെയായി പ്രവർത്തിക്കുന്നതും ഓൾഡ് ഈസ് ഗോൾഡ് എന്ന സംഗീത പരിപാടിയുടെ സംഘാടകനും ആയ എറണാകുളം ജില്ലയിലെ കളമശ്ശേരി, ഇടപ്പള്ളി p .o , നേതാജി നഗറിൽ രാഗമന്ദിരത്തിൽ താമസിക്കും ജോസഫ് കുഞ്ഞാപ്പു മകൻ തോപ്പിൽ ആന്റോ ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ C3/367/2019 നമ്പർ ഫയലിൽ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ടിയാൾക്ക് ചികിത്സാസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നാടക-ചലച്ചിത്ര പിന്നണി ഗായകനായി പ്രവർത്തിച്ചിരുന്ന ശ്രീ. തോപ്പിൽ ആന്റോയ്ക്ക് (ടി.കെ. ആന്റോ, രാഗമന്ദിർ, വി.പി. മരയ്ക്കാർ റോഡ്, ഇടപ്പള്ളി ടോൾ, കൊച്ചി) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് സാംസ്കാരിക വകുപ്പിന്റെ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ സഹായം നൽകുന്ന പദ്ധതി പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രത്യേക കേസ്സായി 50,000 (അൻപതിനായിരം രൂപ മാത്രം) ചികിത്സാ സഹായമായി 24-1-2020-ലെ സ.ഉ.(സാധാ) നമ്പർ. 48/2020/സാം.കാ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(സി) അപേക്ഷകൻ ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണ്.

## കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയ നിർമ്മാണം

109(824) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര തിയേറ്ററുകളാണ് കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ ഡി.പി.ആർ. പൂർത്തിയായവ എത്ര; വിശദമാക്കുമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. ഡി.പി.ആർ. പൂർത്തിയായാൽ മാത്രമേ എസ്റ്റിമേറ്റ് തുക സംബന്ധിച്ച് വിവരം ലഭ്യമാകുകയുള്ളു.

(ബി) കിഫ്ബിയിൽ നിന്നും തുക കണ്ടെത്തി കേരളത്തിലുടനീളം 100 സിനിമാ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പേരാമ്പ്രയിൽ തിയേറ്റർ നിർമ്മാണ പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താനൂരിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കാക്കനാട്, പായം, നെയ്യാറ്റിൻകര, വൈക്കം എന്നിവിടങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സിനിമാ മേഖലയിലെ മയക്കുമരുന്ന് ഉപയോഗം

110(825) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ വിശേഷിച്ചും പുതുതലമുറ സിനിമാ താരങ്ങൾക്കിടയിൽ മയക്കുമരുന്നു ഉപയോഗം കൂടി വരുന്നെന്നും അതിന് കൃത്യമായ തെളിവുണ്ടെന്നുമുള്ള സിനിമാ നിർമ്മാതാക്കളുടെ സംഘടനയുടെ വെളിപ്പെടുത്തൽ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മയക്കുമരുന്നു ഉപയോഗം തടയുന്നതിനായി സിനിമാ ലൊക്കേഷനിലും നടീനടന്മാർ ഉപയോഗിക്കുന്ന കാരവനിലും പരിശോധന നടത്തുമോ; വ്യക്തമാക്കുമോ;

(സി) സിനിമാ മേഖലയിൽ എൽ.എസ്.ഡി. ഉൾപ്പെടെയുള്ള എല്ലാവിധ മയക്കുമരുന്നുകളുടെയും ഉപയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സിനിമാ മേഖലയെ മയക്കുമരുന്നു വിമുക്തമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ബി&സി) കൃത്യമായി വിവരം ലഭിക്കുകയാണെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ നിയമാനുസരണം കർശന പരിശോധന നടത്തുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ കർശന നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) ലഹരി വിമുക്ത കേരളം എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സിനിമാ താരങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് പോലീസ് വകുപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗിക്കുകയോ, കടത്തുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകൾ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## പഴയകാല സിനിമകളുടെ ഡിജിറ്റൈസേഷൻ

111(826) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകാല സിനിമകൾ ദൃശ്യവ്യക്തതയും ശബ്ദ വ്യക്തതയും നിലനിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ചൈനീസ് റെസ്റ്ററേഷൻ കമ്മിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായുള്ള ഏതെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പഴയകാല സിനിമകൾ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തിവരുന്നു. ഒരു സിനിമയ്ക്ക് ഉദ്ദേശം രണ്ടു ലക്ഷം രൂപയോളമാണ് ഡിജിറ്റൈസേഷന് ആവശ്യമായിവരുന്നത്. വമ്പിച്ച സാമ്പത്തിക ബാധ്യത വരുന്നതിനാൽ എല്ലാ പഴയ സിനിമകളും ഡിജിറ്റൈസ് ചെയ്യുക പ്രായോഗികമല്ല. എന്നാൽ ക്ലാസിക് ചിത്രങ്ങളും ചലച്ചിത്ര ചരിത്രത്തിലെ നാഴികക്കല്ലായ ചിത്രങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി&സി) 24-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ എത്തിയ ചൈനീസ് പ്രതിനിധി സംഘവുമായി റെസ്റ്ററേഷൻ സംബന്ധിച്ച് ബന്ധപ്പെട്ടവർ ചർച്ച നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടില്ല.

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

112(827) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വ്യവസായ രംഗത്തെ സ്ത്രീകളുമായും അവരുടെ തൊഴിൽ സാഹചര്യങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി 31-12-2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. റിപ്പോർട്ടിന്റെ പകർപ്പ് എത്രയും വേഗം ലഭ്യമാക്കുന്നതാണ്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**പരിയാരത്ത് തിയേറ്റർ സമുച്ചയം**

113(828) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിനടുത്ത് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അൻപത് സെന്റ് ഭൂമി അനുവദിച്ച സ്ഥലത്ത് തീയേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ കേരളത്തിലുടനീളം സിനിമാ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 10 സ്ഥലങ്ങൾ തെരഞ്ഞെടുക്കുകയും പ്രസ്തുത സ്ഥലങ്ങളിൽ തിയേറ്റർ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത തിയേറ്റർ നിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 100 കോടി രൂപ കിഫ്ബിയിൽ നിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുകയാണെങ്കിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് തിയേറ്റർ നിർമ്മാണ സാധ്യത വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി

114(829) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള ദോഷഫലങ്ങളെ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കുന്നതിന് 'ഗ്രീൻ ഇന്ത്യാ മിഷൻ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ ആവിഷ്കരിച്ചിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണ്; ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വനവിസ്തൃതിയിൽ കഴിഞ്ഞ പത്ത് വർഷം കൊണ്ട് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് അറിയിക്കാമോ;

(ഡി) വനവിസ്തൃതിയിലുണ്ടായ മാറ്റം സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ പരിമിതപ്പെടുത്തുവാൻ എത്രമാത്രം സഹായകമായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനങ്ങളെക്കൊണ്ടുള്ള ദോഷഫലങ്ങളെ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കുന്നതിന് 'ഗ്രീൻ ഇന്ത്യാ മിഷൻ' പദ്ധതി 2016-2017-, 2017-18 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യയുടെ ഭാഗമായുള്ള ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാര വർദ്ധനവ്, കാവുസംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യമായ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോൽസാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിധ്യം, ജലം, ജൈവപിണ്ഡം തുടങ്ങിയ പാരസ്ഥിതിക സേവനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള സമഗ്രമായ ഹരിതവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇന്ത്യാ മിഷൻ

പദ്ധതി രാജ്യത്ത് നടപ്പാക്കിവരുന്നത്. ഗ്രീൻ ഇന്ത്യാ മിഷൻ പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ടി ഉപദൗത്യങ്ങളും ആയതിലേക്കായി സംസ്ഥാനത്ത് നടപ്പാക്കിയ പ്രവൃത്തികളും താഴെ വിവരിക്കുന്നു:

1. ഒന്നാം ഉപദൗത്യത്തിലൂടെ (Sub Mission-1) പ്രക്ഷീണ വനങ്ങളുടെ ഗുണമേന്മ ഉയർത്തി ജല സമൃദ്ധി, അന്തരീക്ഷ താപനില നിയന്ത്രിക്കൽ തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിനായി ശോഷണ വിധേയമായ ഇടതൂർന്ന വനം (Moderately dense forests)നാമമാത്രമായ വനാവരണമുള്ള പ്രക്ഷീണ വനം (degraded open forests) പുൽമേടുകൾ (grass lands) എന്നിവിടങ്ങളിൽ മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ നടത്തുന്നു. ഈ ഉപദൗത്യത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതി കാലയളവിൽ 54500 ഹെക്ടർ പ്രദേശം വിശാല ഭൂപ്രദേശാടിസ്ഥാനത്തിൽ (landscape level) തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

2. രണ്ടാം ഉപദൗത്യത്തിലൂടെ (Sub Mission-2) തുറസ്സായ സ്ഥലങ്ങളിൽ വനാവരണം വർദ്ധിപ്പിച്ച് ജൈവവ്യവസ്ഥയുടെ പുനർസൃഷ്ടിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വനവും വനേതരമേഖലയും ഈ ദൗത്യത്തിൽ ഉൾപ്പെടുന്നു. മാറ്റകൃഷി പ്രദേശങ്ങൾ (Shifting cultivation), കുറ്റിക്കാടുകൾ (scrublands), കണ്ടൽവനങ്ങൾ (mangroves) എന്നിവ ഈ ദൗത്യത്തിന്റെ പരിധിയിൽവരുന്നു. സംസ്ഥാനത്ത് ഈ ഉപദൗത്യത്തിൻ കീഴിൽ 4655 ഹെക്ടർ പ്രദേശങ്ങൾ മേൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

3. മൂന്നാം ഉപദൗത്യം (Sub Mission-3) ലക്ഷ്യം വയ്ക്കുന്നത് നഗര-ഉപനഗര (urban, peri-urban)പ്രദേശങ്ങളിൽ ഹരിതാവരണം (green cover) വർദ്ധിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് 1845 ഹെക്ടർ പ്രദേശം ഈ ഉപദൗത്യത്തിൻ കീഴിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

4. നാലാം ഉപദൗത്യത്തിൽ (Sub Mission-4-increasing biomass and creating carbon sink) കാർഷിക മേഖലയിലെ വനവൽക്കരണവും സാമൂഹ്യവനവത്കരണവും ഉൾപ്പെടുന്നു. കാർഷിക വനവത്കരണം ത്വരിതപ്പെടുത്തുക, മരങ്ങൾ നട്ട് കാറ്റിനെയും തിരമാലകളെയും

ചെറുക്കാൻ ശേഷിയുള്ള സംരക്ഷണ കവചം തീർക്കുക, കനാലുകൾ, റോഡുകൾ എന്നിവയുടെ ഓരത്ത് ലഭ്യമായ പ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് 5881 ഹെക്ടർ പ്രദേശം ഇതിനായി തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

5. അഞ്ചാമത് ഉപദൗത്യത്തിലൂടെ (Sub Mission-6-Restoration of Wetlands) നടപ്പാക്കുന്നത് ശോഷിത തണ്ണീർതടങ്ങളുടെ പുനരുജ്ജീവനമാണ്. അന്താരാഷ്ട്ര രാംസാർ കൺവൻഷൻ അംഗീകൃത തണ്ണീർത്തടങ്ങൾ, കായലുകൾ വനമേഖലയുൾപ്പെടുന്ന ജലാശയങ്ങൾ, ചതുപ്പുകൾ എന്നിവ ഈ ദൗത്യത്തിന്റെ പരിധിയിൽപ്പെടുന്നു. 4915 ഹെക്ടർ ആണ് ഈ ഉപദൗത്യത്തിനായി തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. മേൽ ഉപദൗത്യങ്ങളോടൊപ്പം വനശോഷണ കാരണമായ വിറകുശേഖരണം പടിപടിയായി കുറച്ചുകൊണ്ടു വരുന്നതിനായി വനാനുബന്ധ മേഖലകളിൽ ഇന്ധനക്ഷമത കൂടുതലുള്ള അടുപ്പുകൾ, എൽ.പി.ജി. തുടങ്ങിയവ പ്രചരിപ്പിക്കുന്നതിനും പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.

പദ്ധതി നടത്തിപ്പിനായി ഒന്നാം വർഷമായ 2016-17-ൽ 15.2470 കോടി രൂപയുടെ ധനസഹായം ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 914.82 ലക്ഷം രൂപയും, സംസ്ഥാന വിഹിതമായ 609.88 ലക്ഷം രൂപയും ഉൾപ്പെടുന്നു. മേൽ തുക ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയുടെ 5 ഉപദൗത്യങ്ങൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ വിഹിതമായി 1631.814 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ 873 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഗ്രീൻ ഇന്ത്യാ മിഷൻ രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കുക എന്നത് മാത്രം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയല്ല. ആയതിനാൽ ടി പദ്ധതിയിലൂടെ സംസ്ഥാനത്ത് വനവിസ്തൃതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ 2008-09 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ വനവിസ്തൃതി 11309.4754 KM sq. എന്നായിരുന്നു ഔദ്യോഗിക കണക്ക്. ആയത് 2016-17 വർഷത്തേ ഔദ്യോഗിക കണക്ക് പ്രകാരം 11521.813 KM sq. ആയിട്ടുണ്ട്. (ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2018) മേൽ കണക്ക് പ്രകാരം 1.88% വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാം. സംസ്ഥാനത്തിന് വൃക്ഷാവരണത്തിൽ മികച്ചവർദ്ധനവ് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ രാജ്യത്ത് മൂന്നാം സ്ഥാനം കേരളത്തിനാണ്.

(ഡി) വനങ്ങളുടെ വിസ്തൃതി കൂടുന്നത് കാർബൺ ആഗീരണ തോത് (Carbon sequestration) ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും തന്മൂലം അന്തരീക്ഷ താപവും അനുബന്ധമായുണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും കാരണമാവുകയും ചെയ്യുന്നു. വനവിസ്തൃതിയിൽ മാറ്റം വരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് സഹായകമാവുന്നതാണ്.

**കേന്ദ്ര വനനയത്തിന്റെ തുടർനടപടികൾ**

115(830) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം വകുപ്പ് പുറത്തിറക്കിയ വന നയപ്രകാരം നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടം/കോട്ടം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര വനനയത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ നാഷണൽ സ്കിൽ ഡെവല്മെന്റ് കോർപ്പറേഷൻ, സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് ഏജൻസി എന്നിവയുടെ സഹായത്തോടെ വനാശ്രിത സമൂഹത്തിന് വനമേഖലയിൽ ജോലി സാധ്യത ലഭ്യമാക്കുവാൻ ഫോറസ്റ്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) വനസംരക്ഷണ വനപരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്ത ത്തിലൂടെ നടപ്പിലാക്കുക എന്ന 1988-ലെ കേന്ദ്ര വനനയത്തിന്റെ ഭാഗമായി കേരളത്തിൽ 2002 മുതൽ പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കി വരുന്നു. നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ കേന്ദ്ര വനം വകുപ്പ് പുറത്തിറക്കിയ 2018-ലെ കരട് വന നയത്തിലാണ് പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത വനനയം പ്രാബല്യത്തിൽ വരുത്തിയിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ സംസ്ഥാന വനം വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി&സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വനമേഖലയെ അടുത്തറിയാനുള്ള അവസരം നൽകാൻ നടപടി**

116(831) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുഭൂരിപക്ഷം ജനങ്ങൾക്കും വനമേഖലയെ അടുത്തറിയാനുള്ള അവസരമില്ലായ്മ വനസംരക്ഷണം സംബന്ധിച്ച് ജനപിന്തുണ ആർജ്ജിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജനങ്ങളുടെ അറിവില്ലായ്മ മാറ്റി കാടിനേയും അതിന്റെ സത്തയെയും ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) വനമേഖലകളിലെ സന്ദർശനം ജനങ്ങൾക്ക്, പ്രത്യേകിച്ച് നഗരവാസികൾക്ക് ശുദ്ധവായു ശ്വസിക്കുന്നതിനും അതുവഴി ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു റീചാർജിംഗ് അനുഭവമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിനായി പ്രത്യേക ബുക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനം നടപ്പിൽ വരുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് വനമേഖലയെ അടുത്തറിയുന്നതിന് വനം വകുപ്പ് അവസരം ഒരുക്കുന്നുണ്ട്. വനപ്രദേശത്ത് പ്രകൃതി സൗന്ദര്യം കൂടുതലുള്ള പ്രദേശങ്ങളിൽ അവിടെയുള്ള പരിസ്ഥിതിക്കും വന്യമൃഗങ്ങൾക്കും കോട്ടം തട്ടാത്തവിധം സന്ദർശനം നടത്തുന്നതിനും വനം വന്യജീവികളെക്കുറിച്ചും അവയുടെ സംരക്ഷണത്തെക്കുറിച്ചും അറിയുന്നതിനും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവസരം നൽകുന്നുണ്ട്. ഇത് പൊതു ജനങ്ങൾക്ക് വനസംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും സഹായകരമായിട്ടുണ്ട്. ഇതിന് ജനങ്ങളുടെ പൂർണ്ണ പിന്തുണ ലഭിക്കുന്നുണ്ട്. ഇത്തരം അവസരങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾ വളർന്നുവരുമ്പോൾ കാടിനെ സ്നേഹിക്കുന്നവരായും മികച്ച പ്രകൃതി സ്നേഹികളായും മാറുന്നുണ്ട്.

(ബി) വനത്തേയും അതിന്റെ സത്തയേയും ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാക്കുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം പൊതുജനങ്ങളുടെ സാന്നിദ്ധ്യം

ഉറപ്പാക്കിയിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം, പ്രകൃതി പഠന ക്യാമ്പ് മുതലായ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(സി) ഇക്കോ ടൂറിസം, പ്രകൃതി പഠന ക്യാമ്പ് പോലുള്ളവ ഇതിനോടകം നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പ്രവേശനത്തിന് ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.

**ഡിപ്പോകളിൽ തടി എത്തിക്കുന്നതിന് ടോറസിന്റെ ഉപയോഗം**

117(832) <u>ശ്രീ. രാജു എബ്രഹാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്ലാന്റേഷനുകളിൽ നിന്നും വെട്ടുന്ന ക്ലപ്പ് തടികൾ നിർദ്ദിഷ്ട തടി സംഭരണ ഡിപ്പോകളിൽ എത്തിക്കുന്നതിന് ടോറസുകൾ പോലുള്ള ഹെവിഡ്യൂട്ടി വാഹനങ്ങൾ ഉപയോഗിക്കണമെന്ന് മോട്ടോർ വാഹന വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഏതു സാഹചര്യത്തിലാണ് ഇത്തരമൊരു നിർദ്ദേശം നൽകാനിടയായതെന്ന് വ്യക്തമാക്കുമോ;

(ബി) വനത്തിലൂടെയുള്ള പരിമിതമായ യാത്രാസൗകര്യം ഉപയോഗപ്പെടുത്തി സാധാരണ ലോറികൾക്ക് എത്തിപ്പെടാനുള്ള സാഹചര്യം മാത്രം നിലവിലുള്ളപ്പോൾ ഇത്തരമൊരു നിർദ്ദേശം പാലിക്കാൻ കഴിയാത്ത അവസ്ഥ വനം വകുപ്പ്, മോട്ടോർ വാഹന വകുപ്പ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**കുളത്തുപ്പുഴ വനശ്രീ കലവറ**

118(833) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള കുളത്തുപ്പുഴ വനശ്രീ കലവറയിൽ നിന്നും മണൽ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കലവറയിൽ മണലിന് ഈടാക്കുന്ന വില സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഉപഭോക്താക്കൾക്ക് കലവറയിൽ നിന്നും നൽകുന്ന മണലിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുളത്തൂപ്പുഴ വനശ്രീ കലവറയിൽനിന്നും മണൽ ലഭിക്കുന്നതിന് ഓൺലൈൻ മുഖാന്തരമാണ് അപേക്ഷ സ്വീകരിക്കുന്നത്. കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുന്ന തിരുവനന്തപുരം, കൊല്ലം ജില്ലകളിൽപ്പെട്ട അപേക്ഷകർക്കാണ് മണൽ അനുവദിക്കുന്നത്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച കെട്ടിട നിർമ്മാണ അനുമതി, അംഗീകൃത പ്ലാൻ, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകത സർട്ടിഫിക്കറ്റ് എന്നിവയാണ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടത്. സർക്കാർ സാമ്പത്തിക സഹായം ലഭിച്ചവർ ബന്ധപ്പെട്ട രേഖകളുടെ പകർപ്പും സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(ബി) പൊതു വിഭാഗത്തിന് (APL)M3-ന് ലോഡിംഗ് ചാർജ്ജ് ഉൾപ്പെടെ 4,445 രൂപയും (ഒരു ലോഡ് 5M3-ന് 22,225 രൂപയും) സർക്കാർ സാമ്പത്തിക സഹായം ലഭിച്ചവർക്ക് (BPL)M3-ന് ലോഡിംഗ് ചാർജ്ജുൾപ്പെടെ 2,485 രൂപയും (ഒരു ലോഡ് 5M3-ന് 12,425 രൂപയും) ആണ് വില.

(സി) ഒരു ഉപഭോക്താവിന് പരമാവധി 10M3 (രണ്ട് ലോഡ്) മണലാണ് അനുവദിക്കുന്നത്.

**പട്ടയഭൂമിയിലെ മരം മുറിക്കാൻ പട്ടാദാർക്ക് അവകാശം**

119(834) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-9-2019-ൽ വനം വകുപ്പ്, റവന്യൂ വകുപ്പുമന്ത്രിമാർ, എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത യോഗത്തിൽ പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ പട്ടാദാർക്ക് അവകാശം നൽകുവാൻ ധാരണയായിരുന്നോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(ബി) പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ നാളിതുവരെയായും പട്ടാദാർക്ക് അവകാശം ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പട്ടയഭൂമിയിൽ നട്ടുവളർത്തിയതും അല്ലാത്തതുമായ മരങ്ങളുടെ ഉടമസ്ഥാവകാശം പട്ടാദാർക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനം-റവന്യൂ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സാന്നിദ്ധ്യത്തിൽ 3-9-2019-ൽ ചർച്ച നടത്തുകയും പട്ടയ സ്ഥലങ്ങളിൽ പട്ടയം ലഭ്യമായതിനുശേഷം പട്ടാദാർമാർ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി തുടർ നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുവാൻ ധാരണയാകുകയുമുണ്ടായി.

തുടർന്ന് 5-12-2019-ന് റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ വിഷയം കുറച്ചു കൂടി വിശദമായി ചർച്ച ചെയ്യേണ്ടതാണെന്നും വനം വകുപ്പിന്റെ സൗകര്യം കൂടി ആരാഞ്ഞ് ഒരു തീയതി നിശ്ചയിക്കാമെന്നും റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1960-ലെ The Kerala Land Assignment Act-ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിന് വനം വകുപ്പിന് അനുകൂലമായ നിലപാടാണുള്ളത്. റവന്യൂ വകുപ്പ് ഇത് സംബന്ധിച്ച തുടർ ചർച്ചകൾ നടത്തിവരുന്നു.

(സി) 1960-ലെ The Kerala Land Assignment Act-ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിന് വനം വകുപ്പിന് അനുകൂലമായ നിലപാടാണുള്ളത്. ഇത് സംബന്ധിച്ച തുടർ ചർച്ചകൾ റവന്യൂ വകുപ്പ് നടത്തി വരുന്നു.

## ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1927-ന്റെ ഭേദഗതി

120(835) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ ഫോറസ്റ്റ് ആക്ട്, 1927 ഭേദഗതി ചെയ്യുന്നതിനായുള്ള കരട് നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാർ അഭിപ്രായങ്ങൾ സമാഹരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ഇതിലേയ്ക്കായി പൊതുജനങ്ങളിൽ നിന്നും അഭിപ്രായരൂപീകരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1927 ഭേദഗതി ചെയ്യുന്നതിനായുള്ള കരട് നിർദ്ദേശത്തിന്മേൽ എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരോടും അഭിപ്രായങ്ങൾ ആവശ്യപ്പെട്ടിരുന്നതും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുമായി ചർച്ച ചെയ്ത് ടിയാന്മാർ അഭിപ്രായങ്ങൾ ലഭ്യമാക്കിയിരുന്നതുമാണ്. കേന്ദ്രസർക്കാരിന്റെ കരട് ഭേദഗതി വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.എഫ്.ഒ. മാരും സർക്കിൾ സി.സി.എഫ്.-മാരും ലഭ്യമാക്കിയ അഭിപ്രായങ്ങൾ സി.സി.എഫ്. കൗൺസിൽ യോഗങ്ങളിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് സംസ്ഥാന സർക്കാർ ഇക്കാര്യത്തിനായി 19-9-2019-ൽ യോഗം വിളിക്കുകയും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് തുടങ്ങിയവരുമായി സർക്കാർ കരട് ഭേദഗതികൾ വിശദമായി ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങളും ഭേദഗതികളും ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. ടി ചർച്ചകളിലും തീരുമാനങ്ങളിലും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ഭേദഗതികളും ഉൾപ്പെടുത്തി കരട് ഭേദഗതികൾ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 17-10-2019-ൽ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം 4-11-2019-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ശബരിമലയിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് വനഭൂമി

121(836) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് ദേവസ്വം ബോർഡിനുമേൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ശബരിമലയിൽ എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കുന്നതിനായിട്ടാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് വനഭൂമി വിട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഹെക്ടർ വനഭൂമിയാണ് ഇതിനായി ആവശ്യപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ചവനം വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് ദേവസ്വം ബോർഡിനുമേൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(ബി&സി) മുൻകാലങ്ങളിലെ സർക്കാർ ഉത്തരവുകൾപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് വനഭൂമി നൽകിയിട്ടുള്ളതാണ്. 2005-ന് ശേഷം പുതുതായി വനഭൂമിയൊന്നുംതന്നെ ഔപചാരികമായി ആവശ്യപ്പെട്ടിട്ടില്ല.

## വനഭൂമി സംബന്ധിച്ച കേസ്സുകൾക്ക് പ്രഗത്ഭരായ അഭിഭാഷകർ

122(837) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോടതി വിധികളിലൂടെ എസ്റ്റേറ്റ് ഉടമസ്ഥർക്കോ സ്വകാര്യ വ്യക്തികൾക്കോ വനഭൂമി വിട്ടുകൊടുക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഡിവിഷനുകളിൽ എത്ര ഹെക്ടർ വനഭൂമിയാണ് വിട്ടുകൊടുത്തത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) വനഭൂമി സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കാത്തത് ഇത്തരം കേസ്സുകളിൽ വകുപ്പിന് പരാജയം ഉണ്ടാകുന്നതിനുള്ള കാരണമായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രഗത്ഭരായ അഭിഭാഷകരുടെ സേവനം ഇക്കാര്യത്തിൽ തേടുന്നതിനും കീഴ് കോടതി വിധികൾക്കെതിരെ സമയബന്ധിതമായി അപ്പീൽ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കോളജിക്കൽ ഫ്രജൈൽ ലാന്റ് ആയി (ഇ.എഫ്.എൽ.) വിജ്ഞാപനം ചെയ്തിരുന്ന 49.11177 ഹെക്ടർ ഭൂമി കോടതി വിധി പ്രകാരം വിട്ടുകൊടുക്കേണ്ടതായിവന്നിട്ടുണ്ട്.

(ബി) ഇപ്രകാരം വിട്ടുകൊടുത്ത ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിരുന്ന വനഭൂമിയുടെ വിശദാംശം ചുവടെ നൽകുന്നു.

| ക്രമ നമ്പർ | ഡിവിഷൻ | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നിലമ്പൂർ നോർത്ത് | 0.10117 |
| 2 | പാലക്കാട് | 19.9375 |
| 3 | നെന്മാറ | 28.4946 |
| 4 | പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ | 0.5785 |
| | ആകെ | 49.11177 |

(സി) കണ്ടെത്തിയിട്ടില്ല. അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർ ഉൾപ്പെടെയുള്ള പ്രഗത്ഭരായ അഭിഭാഷകരാണ് വനം കേസ്സുകൾ കൈകാര്യം ചെയ്യുന്നത്.

(ഡി) ഉത്തരം (സി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

**വിട്ടുനൽകിയ വനഭൂമി**

123(838) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവർക്ക് ഏതെങ്കിലും ആവശ്യത്തിലേക്കായി വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് എത്ര ഹെക്ടർ വന ഭൂമി വീതം വിട്ടുനൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) റിലയൻസ് ജിയോ ഇൻഫോകോം എന്ന കമ്പനിക്ക് വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ആവശ്യത്തിനായി എവിടെയാണ് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടുണ്ട്.

(ബി) വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയ വനഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| PWD | 1.2282 ha |
| KSEBL | 6.9411 ha |
| NHAI | 0.082 ha |
| District police, Idukki | 0.95 ha |
| District police, Thrissur | 0.07285 ha |
| District police, Thiruvananthapuram | 0.2023 ha |
| Reliance Jio Info Com | 0.02 ha |
| Anakkampoil HEP | 0.25 ha |
| PGCIL | 0.244 ha |
| Total | 9.99045 ha |

(സി) നൽകിയിട്ടുണ്ട്. മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ നേര്യമംഗലം റേയ്ഞ്ചിലെ ഇഞ്ചത്തൊട്ടി-നേര്യമംഗലം റോഡിന്റെ സൈഡുകളിൽ കൂടി 200 മീറ്റർ നീളവും 50 സെന്റീമീറ്റർ വീതിയുമുള്ള ട്രെഞ്ച് ഉണ്ടാക്കി അതിലൂടെ അണ്ടർ ഗ്രൗണ്ട് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിലേക്കായി 0.02 ഹെക്ടർ (4.97 സെന്റ്) വനഭൂമി 11-7-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 388/2017/വനം പ്രകാരം വിട്ടുനൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 13-2-2014-ലെ കത്ത് നമ്പർ F.No.11-9/98-FC പ്രകാരമുള്ള ജനറൽ അപ്രൂവൽ ഗൈഡ് ലൈസൻസ് പ്രകാരമുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. ടി ട്രഞ്ച് നികത്തിയിട്ടുള്ളതും സ്ഥലത്തിന്റെ ലീഗൽ സ്റ്റാറ്റസ് വനമായി തന്നെ നിലനിർത്തിയിട്ടുള്ളതുമാണ്.

## വനംവകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ വിസ്തൃതി

124(839) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വനംവകുപ്പിന്റെ കീഴിലുള്ള ആകെ ഭൂമിയുടെ വിസ്തൃതി എത്രയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ വനംവകുപ്പിന്റെ കീഴിലുള്ള സ്ഥലം ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഭൂമി ആർക്കെല്ലാം പാട്ടത്തിനു നൽകിയെന്നും പാട്ടവ്യവസ്ഥകൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ വിസ്തൃതി അറിയിക്കാമോ;

(ഡി) കൊണ്ടോട്ടിയിൽ വനംവകുപ്പിന്റെ കീഴിലുള്ള ഭൂമി ഏതെല്ലാം സർവ്വേ നമ്പറിൽ എത്രയെന്നും ഇപ്പോൾ ആ ഭൂമി എന്താവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ വനം വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ ആകെ വിസ്തൃതി 767.9199 ച.കി.മീ. ആണ്.

(ബി) മലപ്പുറം ജില്ലയിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലം വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടില്ല. എന്നാൽ പി.സി.കെ., കെ.എഫ്.ആർ.ഐ., ചുങ്കത്തറ അഗ്രികൾച്ചറൽ ഫാം, കെ.എസ്.ഇ.ബി. എന്നീ കേരള സർക്കാർ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ വനം വകുപ്പിന്റെ കീഴിൽ പാട്ടത്തിന് നൽകിയിട്ടുള്ള കേരള സർക്കാർ സ്ഥാപനങ്ങളെ സംബന്ധിച്ചും സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉൾപ്പെടുന്ന വിവരങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിലുള്ള ഭൂമിയുടെ വിസ്തൃതി 3.6050 ഹെക്ടറാണ്. ടി ഭൂമി ചാലിയപ്പുറം റിസർവ്വാണ്.

(ഡി) വാഴക്കാട് വില്ലേജിൽ വനം വകുപ്പിന്റെ കീഴിൽ സർവ്വേ നമ്പർ 169 (പഴയത്) സർവ്വേ നമ്പർ 439 (പുതിയത്) എന്നതിൽ ചാലിയപ്പുറം റിസർവ്വായി 3.6050 ഹെക്ടറിൽ മഹാഗണി തോട്ടമാണുള്ളത്.

**കൈവശകർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിൽ വനം വകുപ്പിന്റെ നിലപാട്**

125(840) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ, പെരുമ്പെട്ടി പ്രദേശങ്ങളിലെ കൈവശകർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നിലപാട് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സവാദം ഈ വകുപ്പിനുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് പരിഹരിച്ച് പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ പൊന്തൻപുഴ ഉൾപ്പെട്ടുവരുന്ന ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വിലും പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി പ്രദേശം ഉൾപ്പെട്ടുവരുന്ന വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലും 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന കർഷകരുള്ളതാണ്. ഈ മേഖലയിലെ റവന്യൂ, വനം വകുപ്പ് സംയുക്ത പരിശോധന 1989-91 കാലയളവിൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വിൽ 95.32 ഹെക്ടർ വനഭൂമിയിൽ 1-1-1977-ന് മുമ്പുള്ള കൈവശം കണ്ടെത്തിയിട്ടുണ്ട്. വലിയകാവ് റിസർവ്വിനുള്ളിൽ 1-1-1977-ന് മുമ്പുള്ളതായി 414 കുടുംബങ്ങളുള്ളതായും ടി കയ്യേറ്റഭൂമിക്ക് 104.73 ഹെക്ടർ വിസ്തീർണ്ണമുള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. ഇതു കൂടാതെ 59 കുടുംബങ്ങൾ വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിനുള്ളിൽ 1-1-1977- ശേഷമുള്ള കൈവശക്കാരായി കണ്ടെത്തിയിട്ടുണ്ട്. 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിൻ കീഴിലുള്ള അനുമതിക്ക് വിധേയമായി 1993-ലെ The Kerala Land Assignment (Regularisation of Occupations of Forest Lands prior to 1-1-1977) Special Rules, 1993 പ്രകാരമുള്ള പട്ടയങ്ങൾക്ക് അർഹതയുള്ളതാണ്. ശ്രീ. ഡി. വി. സനൽകുമാർ, കൺവീനർ പൗരസമിതി പെരുമ്പെട്ടി, ശ്രീ. രാജേഷ് ഡി. നായർ, പ്രസിഡന്റ്, പൗരസമിതി പെരുമ്പെട്ടി എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നമ്പർ 2080/2001-V-ലെയും ഒ.പി. നമ്പർ 19921/1999-V-ലെയും 12-3-2001-ലെ സംയുക്ത വിധിയിൽ വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലെ സർവ്വേ നമ്പർ 283/1A യിൽപ്പെട്ട 1-1-1977-ന് മുമ്പുള്ള 414 പേർക്ക് പട്ടയങ്ങൾ നൽകുന്നത് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയ്ക്ക് ശേഷം മാത്രമേ പാടുള്ളൂവെന്ന് ഉത്തരവായിട്ടുള്ളതാണ്. സ.ഉ. (എം.എസ്) നമ്പർ 347/2009/റവന്യൂ തീയതി 31-8-2009 പ്രകാരം പത്തനംതിട്ട ജില്ലയിൽ കേന്ദ്ര അനുമതി ലഭിക്കാനുള്ള 1994 ഹെക്ടർ പത്തനംതിട്ട ജില്ലയ്ക്കായുള്ള 1994 ഹെക്ടറിന്റെ പരിഹാരം വനവൽക്കരണത്തിനുള്ള ഭൂമിക്കായി പത്തനംതിട്ട ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സംയുക്തമായി അപേക്ഷ തയ്യാറാക്കി ഫോറസ്റ്റ് കൺസർവേറ്റർ വഴി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പക്കല്ലിൽ നീലക്കുറിഞ്ഞി സാങ്ച്വറിക്കായി മാറ്റി വച്ചിട്ടുള്ള ഭൂമിയിൽ നിന്നും 1994 ഹെക്ടർ പത്തനംതിട്ട ജില്ലയ്ക്കായുള്ള 1994 ഹെക്ടറിന്റെ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമിയായി

കണക്കാക്കി കേന്ദ്രാനുമതി വാങ്ങാമെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പെരുമ്പെട്ടി വില്ലേജിലെ 414 കുടുംബങ്ങളുടെ 104.73 ഹെക്ടർ ഭൂമി ഉൾപ്പെടെയുള്ള പത്തനംതിട്ട ജില്ലയിലെ 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പത്തനംതിട്ട ജില്ലാ കളക്ടർ 2012-ൽ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ  അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. (പ്രൊപ്പോസൽ നമ്പർ എഫ്.പി/കെ.എൽ./ഇ.എൻ.സി.ആർ. എച്ച്/8556/2012). ടി പ്രൊപ്പോസലിൽ അത്യാവശ്യം വേണ്ടുന്ന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ആയത് 2016 വർഷത്തിൽ പുനഃസമർപ്പണത്തിനായി തിരിച്ച് നൽകിയതാണ്. ടി ഓൺലൈൻ അപേക്ഷയിൽ തുടർ വിവരങ്ങൾ 7-6-2019-ൽ ജില്ലാ കളക്ടർ അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. ടി അപേക്ഷയിൽ പൂർണ്ണമല്ലാതിരുന്ന എല്ലാ വിവരങ്ങളും ലഭ്യമായത് 2019 ഒക്ടോബർ മാസത്തിനാണ്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കേന്ദ്രാനുമതിക്കായി ഈ പ്രൊപ്പോസൽ ഡി.എഫ്.ഒ., സി.സി.എഫ്., നോഡൽ ഓഫീസർ എന്നിവരുടെ ശിപാർശയോടുകൂടി 28-10-2019-ലെ എഫ്.സി.2/12455/2016 കത്ത് പ്രകാരം ലഭിച്ചത് പരിശോധിച്ചുവരുന്നു. ടി പ്രൊപ്പോസലിൽ 6362 കുടുംബങ്ങൾ സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരം ഉൾപ്പെടുന്നതും മൊത്തമായി 1970.04 ഹെക്ടർ വനഭൂമി ഉൾപ്പെട്ടുവരുന്നതുമാണ്. പത്തനംതിട്ട ജില്ലയിലെ സംയുക്ത പരിശോധന എല്ലാം പൂർത്തിയായതായി ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ, കോട്ടയം ജില്ലയിലെ പൊന്തൻപുഴ ഉൾപ്പെടുന്ന ആലപ്ര റിസർവ്വിലെ 1-1-1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായുള്ള കേന്ദ്രാനുമതിക്കുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടറിൽനിന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി 1-1-1977-ന് മുമ്പുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സവാദങ്ങൾ ഇല്ലാത്തതാകുന്നു. എന്നാൽ, ഈ വിഷയത്തിൽ നിയമ പ്രശ്നങ്ങൾ/കോടതി ഉത്തരവുകൾ ഉള്ളതാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലെ 414 കൈവശക്കാർക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഉത്തരം(എ)-യിൽ വിശദമാക്കിയിട്ടുണ്ട്. നിലവിലെ സ്ഥിതിയിൽ, കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക്,  സുപ്രീം കോടതിയിലെ എസ്.എൽ.പി. (സിവിൽ)നമ്പർ (എസ്)2291/2019-ലെ അന്തിമ തീരുമാനമനുസരിച്ച് മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും എടുക്കേണ്ടതായി വരാം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വനഭൂമി കയ്യേറ്റം

126(841) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നിലവിൽ എത്ര ഏക്കർ വനഭൂമി വീണ്ടെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) വനഭൂമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായിയുണ്ടാകുന്ന കയ്യേറ്റശ്രമങ്ങൾ അപ്പപ്പോൾ തടയുകയും പുതിയ കയ്യേറ്റങ്ങൾ ഉടനടി ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഒ.പി.18467/2002, 1947/2003 എന്നീ നമ്പർ കേസ്സുകളിൽ 04-9-2015-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ 1-1-1977-നുശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സമയപരിധിവച്ച് ഒഴിഞ്ഞ് പോകാൻ കയ്യേറ്റക്കാർക്ക് നോട്ടീസുകൾ നൽകിവരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ. (എം.എസ്.) നമ്പർ 69/2002/വനം തീയതി 8-11-2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാന്മാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ. (എം.എസ്.) 15/03/വനം തീയതി 6-3-2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി യോഗംകൂടി കയ്യേറ്റം ഒഴിപ്പിച്ചുവനഭൂമി തിരിച്ചുപിടിക്കുവാനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്യേറിയ വനഭൂമി തിരിച്ചിപിടിച്ചിട്ടുള്ളതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ പരിഹാരം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 31-3-2019 വരെ, പ്രകൃത്യാലുള്ളതുൾപ്പെടെ 15533 കിലോമീറ്ററോളം വനാതിർത്തി ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 1-4-2019-ൽ ജണ്ടകെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ. അവശേഷിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 12,500 ജണ്ടകൾ (ഉദ്ദേശം 550 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന ഉദ്ദേശം 763 കി.മീ. വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2-3 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേക്കായി 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. ഇതുവരെ 8 ബാച്ചിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

4-4-2016-ലെ G.O.(P) No. 290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ് 1964, റൂൾ 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയെല്ലാം പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റ് രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്തംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാംതന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

## വനഭൂമിയിലെ അനധികൃത കയ്യേറ്റം

127(842) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി അനധികൃതമായി കയ്യേറി വച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ഏതൊക്കെ വ്യക്തികൾ എത്ര ഹെക്ടർ വനഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(സി) കോടതിയുടെ സ്റ്റേ ഉണ്ടെങ്കിൽ അത് ഒഴിവാക്കി ഇത്തരം കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വനഭൂമി അനധികൃതമായി കൈവശംവച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ വനം വകുപ്പിന്റെ കൈവശമുണ്ട്. 1-1-1977-നുശേഷം വനഭൂമി അനധികൃതമായി കയ്യേറ്റി വച്ചിരിക്കുന്ന സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെയുള്ളവരുടെ എണ്ണം 8390 (7289.3377 ഹെക്ടർ) എന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാർ കണക്കുകൾ പ്രകാരം 1977 ജനുവരി ഒന്നിനുശേഷം 31-3-2017 വരെ കയ്യേറിയ 11917.8952 ഹെക്ടർ വനഭൂമിയിൽ 4628.5575 ഹെക്ടർ ഒഴിപ്പിച്ചിട്ടുള്ളതും ഒഴിപ്പിക്കുവാനുള്ളതായി 7289.3377 ഹെക്ടർ ഉള്ളതും ആയതിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പുതിയ വനം കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 1-1-1977-നുശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസ്സുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റസ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ. (എം.എസ്.) നമ്പർ 69/2002/വനം തീയതി 08-11-2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാന്മാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ. (എം.എസ്.) 15/03/വനം തീയതി 6-3-2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി യോഗംകൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രക്ഷോഭ പരിപാടികളും പ്രാദേശിക രാഷ്ട്രീയവും മതപരമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളുമൊക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

(സി) കോടതികളുടെ 'സ്റ്റേ' ഉള്ള കേസ്സുകളിൽ 'സ്റ്റേ' ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സാമൂഹ്യ വനവൽക്കരണ പരിപാടി**

128(843) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; ഇനിയും എന്തെല്ലാം പരിപാടികളാണ് വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആഗോളതാപനം മനുഷ്യരാശിക്ക് ഭീഷണിയായ സാഹചര്യത്തിൽ ഇതിനെ ചെറുക്കുന്നതിനായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിത കേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വഴിയോരത്തണൽ പദ്ധതി പ്രകാരം പാതയോരങ്ങളിലും വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങളിലും വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു. സ്വകാര്യ ഭൂമികളിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/ സംഘടനകൾക്കുള്ള പ്രോത്സാഹന ധനസഹായം, വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/സംഘടനകൾക്കും ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതിപഠന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗര വനവത്കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ചും ആഗോളതാപനത്തിനെതിരെയും അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികളാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവത്കരണ പ്രവർത്തനത്തിനായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| തിരുവനന്തപുരം | 108.48 | 122.14 | 84.99 |
| കൊല്ലം | 120.95 | 120.93 | 74.97 |
| പത്തനംതിട്ട | 104.97 | 113.59 | 75.00 |
| ആലപ്പുഴ | 126.37 | 125.00 | 79.97 |
| കോട്ടയം | 108.00 | 113.00 | 128.61 |
| എറണാകുളം | 132.50 | 119.12 | 104.10 |
| തൃശ്ശൂർ | 89.93 | 95.00 | 75.00 |
| പാലക്കാട് | 87.50 | 55.06 | 97.00 |
| ഇടുക്കി | 90.00 | 80.00 | 75.00 |
| മലപ്പുറം | 41.62 | 50.94 | 71.41 |
| കോഴിക്കോട് | 47.27 | 68.22 | 60.53 |
| വയനാട് | 18.50 | 21.50 | 22.50 |
| കണ്ണൂർ | 49.45 | 27.03 | 64.06 |
| കാസർഗോഡ് | 85.25 | 81.17 | 86.89 |
| ആകെ | 1210.79 | 1192.61 | 1100.03 |

**വനവിസ്തൃതി**

129(844) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ആകെയുള്ള വനസമ്പത്തിൽ സംസ്ഥാനത്തെ വനസമ്പത്തിന്റെ അളവെത്ര എന്നും വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും വനവിസ്തൃതിയിൽ വർദ്ധന വരുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ആയതു മുഖേന വനവിസ്തൃതി എത്രകണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ബി) വനവിസ്തൃതി കൂട്ടുന്ന പ്രവർത്തനത്തിൽ കേരള സർക്കാർ നല്കിയ സംഭാവന സംബന്ധിച്ച് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ പുതിയ റിപ്പോർട്ടു പ്രകാരമുള്ള വിശദാംശവും റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ വനവിസ്തൃതി വർദ്ധിച്ചു /എവിടെയെല്ലാം കുറഞ്ഞു എന്നറിയിക്കാമോ;

(ഡി) വനവിസ്തൃതി കുറവു വന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലകളിൽ ആയത് പരിഹരിക്കാനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും കുറവു വന്നതിനു കാരണം കണ്ടെത്തിയെങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11521.813 ചതുരശ്ര കി.മീ. ആണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 23.24 ശതമാനത്തേക്കാൾ കൂടുതലാണ്. വനസംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of forest Report 2019-ലെ കേരളത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത റിപ്പോർട്ടിലെ വനവിസ്തൃതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ നിർണ്ണയിച്ചിട്ടുള്ള സംരക്ഷിത വനമേഖലക്കുള്ളിലും പുറത്തുമായുള്ള വൃക്ഷാവരണത്തെയാണ്. ഈ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ വനവിസ്തൃതി കുറഞ്ഞുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽ വനവിസ്തൃതി വർദ്ധിച്ചതായാണ് ടി റിപ്പോർട്ട് പ്രകാരം വ്യക്തമാകുന്നത്.

(ഡി) 25-10-1980-ൽ കേന്ദ്ര വന (സംരക്ഷണ) നിയമം നിലവിൽ വന്നു. ആയതിനെത്തുടർന്ന് വനവിസ്തൃതിയിൽ ക്രമാനുഗതമായ കുറവ് വന്നിട്ടില്ല. 2016-2019 കാലയളവിൽ കേരളത്തിൽ വനവിസ്തൃതിയിൽ കാര്യമായ വ്യത്യാസം വന്നിട്ടില്ല. വനവിസ്തൃതി എന്നത് റിസർവ് വനം/വന്യജീവി സങ്കേതങ്ങൾ, പ്രൊപ്പോസ്ഡ് റിസർവുകൾ, നിക്ഷിപ്ത വനങ്ങൾ, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, സംരക്ഷിത മേഖലകൾ എന്നിവയുടെ ആകെ തുകയാണ്. ഇതിൽ 2016-19 കാലയളവിൽ വർദ്ധനവോ, കുറവോ ഉണ്ടായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലാണ് വനവിസ്തൃതി കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ ചേറ്റുവയിൽ 3.3853 ഹെക്ടർ പ്രദേശം റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം 2019 വർഷത്തിൽ 6.50 ലക്ഷം വൃക്ഷത്തൈകൾ തിരുവനന്തപുരം ജില്ലയിലും 5.5022 ലക്ഷം എണ്ണം കൊല്ലം ജില്ലയിലും 3.66 ലക്ഷം എണ്ണം കോഴിക്കോട് ജില്ലയിലും വനവൽക്കരണത്തിനായി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം ഉദ്ദേശം 3.10 ലക്ഷം, 3.05 ലക്ഷം, 3.05 ലക്ഷം എണ്ണം വൃക്ഷത്തൈകൾ യഥാക്രമം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ വിതരണം ചെയ്യുന്നതിനായി നഴ്സറികളിൽ തയ്യാറാക്കിവരുന്നുണ്ട്.

**വനവൽക്കരണ പരിപാടി**

130(845) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിലവിലെ വനവിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവൽക്കരണ പരിപാടി എന്ന നിലയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(സി) ഇപ്രകാരമുള്ള വനപ്രദേശത്ത് താമസിക്കുന്നവരുടെ ഭൂമിയിൽ ജണ്ടയിട്ടിട്ടുള്ള എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ഡി) ഏതെല്ലാം സന്ദർഭങ്ങളിലാണ് ജണ്ടയിടുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ 2017-18-ലെ വാർഷിക ഭരണ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11521.831 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 23.24 ശതമാനത്തേക്കാൾ കൂടുതലാണ്.

(ബി) സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം, കോളേജ് കുട്ടികൾക്കായുള്ള നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, institutional plantations തുടങ്ങിയവയാണ് വനം വകുപ്പിന്റെ പ്രധാന വനവൽക്കരണ പ്രവർത്തനങ്ങൾ. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് ഹരിത കേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. 2019-ൽ സംസ്ഥാനത്തുടനീളം ഇപ്രകാരം 63.18 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു. 2020-ൽ വിതരണം നടത്തുന്നതിനായി 50.69 ലക്ഷം വൃക്ഷത്തൈകൾ തയ്യാറാക്കുന്നുമുണ്ട്. കൂടാതെ പാതയോരങ്ങളിലും വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിലും വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനായി വനനിയമം സെക്ഷൻ (4) പ്രകാരം അനുയോജ്യമായ സ്ഥലങ്ങൾ പ്രൊപ്പോസ്ഡ് റിസർവ് ആയി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 81.86 ഹെക്ടർ കണ്ടൽ വനങ്ങൾ പ്രൊപ്പോസ്ഡ് റിസർവ്വായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷണത്തിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2016-17-ൽ 56 പേർക്കും 2017-18-ൽ 4 പേർക്കും ഇപ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ 2016-17, 2017-18 വർഷങ്ങളിലായി 17697.563 ഹെക്ടർ സ്ഥലത്ത് വനവൽക്കരണ പരിപാലന പ്രവർത്തനങ്ങൾ നടത്തി.

(സി) വനപ്രദേശത്തെ സ്വകാര്യ ഭൂമിയോട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവനമേഖലയുടെ അതിർത്തി സംരക്ഷിച്ച് പോരുന്നുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി വനാതിർത്തി പുനർനിർണ്ണയം നടത്തിയതിനുശേഷം മാത്രം ജണ്ടകൾ സ്ഥാപിക്കുന്നതിനാൽ സ്വകാര്യ ഭൂമികളിൽ ജണ്ടകൾ നിർമ്മിക്കുന്നില്ല.

(ഡി) വനം കയ്യേറ്റം തടയുന്നതിനും വനാതിർത്തി വ്യക്തമായി വേർതിരിക്കുന്നതിനും വേണ്ടിയാണ് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവരുന്നത്. വനാതിർത്തിയോട് ചേർന്നുള്ള സ്വകാര്യ ഭൂമികളുടെ ക്രയവിക്രയത്തിനായി നിരാക്ഷേപപത്രം (എൻ.ഒ.സി.) നൽകേണ്ട വിഷയത്തിൽ കാലതാമസം കുറയ്ക്കുന്നതിനും വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നത് സഹായകരമാവും.

## ഇക്കോ ടൂറിസം പദ്ധതികൾ

131(846) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനും വനങ്ങളുടെ സൗന്ദര്യവും പ്രത്യേകതകളും അവർക്ക് അനുഭവവേദ്യമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പ്രധാന ഇക്കോ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്;

(ബി) വനത്തെ ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇക്കോ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾ 60 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) വനത്തെ ആശ്രയിച്ച് കഴിയുന്ന സമൂഹത്തിന്റെ ഉന്നമനത്തിനായാണ് VSS/EDC-കൾ രൂപീകരിച്ചിട്ടുള്ളത്. ഇതിലെ അംഗങ്ങൾക്ക് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വിവിധ ജോലികൾ റൊട്ടേഷൻ വ്യവസ്ഥയിൽ ചെയ്യുന്നതിന് അവസരം നൽകുന്നുണ്ട്. കൂടാതെ, ടി കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം ടി വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവരുന്നുണ്ട്.

(സി) പരിസ്ഥിതിക്ക് കോട്ടം വരുത്താതെ പ്രവർത്തിച്ചുവരുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത് വനവികസന ഏജൻസികളാണ്. ആയതിനായി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും വനാശ്രിത സമൂഹത്തിന്റെ ജിവനോപാധി വർദ്ധിപ്പിക്കാനും അവരുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നാനോന്മുഖമായ സാമൂഹ്യ വികസനത്തിനും അനുയോജ്യമായ പങ്കാളിത്ത വനപരിപാലന മാർഗ്ഗങ്ങളിലധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിച്ച് മേലധികാരികളുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നത് ഓരോ വനവികസന ഏജൻസികളുടെയും ചുമതലയാണ്. വനവികസന ഏജൻസികളുടെ കീഴിൽ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതും ഫണ്ട് അനുവദിക്കുന്നതും വനവികസന ഏജൻസികളാണ്.

## വനമേഖലകളിൽ 'ഫയർ അലെർട്ട് സിസ്റ്റം'

132(847) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലകളിലെ തീപിടിത്തം തടയുന്നതിന് വനം വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തീപിടിത്തം ബാധിച്ചവനമേഖലയുടെ വിസ്തൃതി എത്രയെന്ന് അറിയിക്കാമോ ;

(സി) കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയായ ഫയർ അലെർട്ട് സിസ്റ്റം എന്താണെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) വനമേഖലയിലെ തീപിടിത്തം തടയുന്നതിനായി വനം വകുപ്പിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിൾ/ഡിവിഷൻതലത്തിലും പ്രവർത്തിക്കുന്നുണ്ട്. ഇവയെ ഏകോപിച്ചു കൊണ്ട് വനം വകുപ്പാസ്ഥാനത്തും കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്റ്റേഷൻതലം മുതൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഉൾപ്പെടുത്തി Fire Action Plan തയ്യാറാക്കിയിട്ടുണ്ട്. പങ്കാളിത്ത കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും ബൈക്ക് റാലികൾ മുതലായ പരിപാടികളും പൊതുജനങ്ങളുടെയും വനാശ്രിത സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.

ഓരോ വനമേഖലയിലും തീ ഉണ്ടാകാനുള്ള സാധ്യത വിലയിരുത്തി High/medium/Low Fire Prone Area എന്നിങ്ങനെ വിവിധ കാറ്റഗറിയായി തരംതിരിച്ച് ടി മേഖലകൾക്ക് ആവശ്യാനുസരണം പ്രത്യേക പരിഗണന നൽകി ആവശ്യമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ നടത്തിവരുന്നു.

ഫയർലൈൻ തെളിക്കൽ, ഫയർ വാച്ചർ/ഗ്യാംഗുകളെ വിന്യസിക്കൽ, മുൻകൂർ/നിയന്ത്രിത കത്തിക്കൽ തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി നടത്തിവരുന്നു.

വാഹനങ്ങൾ/വയർലെസ്സ്, ഫോൺ തുടങ്ങിയ വാർത്താ വിനിമയ സൗകര്യങ്ങൾ, വാച്ച് ടവ്വറുകൾ എന്നിങ്ങനെ വിവിധ അടിസ്ഥാന സൗകര്യങ്ങൾ ഫയർ സീസണിനുമുമ്പായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, ഈ വർഷം ഫയർ സീസണിനുമുമ്പായി ഓരോ മിനി ഫയർ റെസ്പോണ്ടർ വാഹനം വീതം ഈസ്റ്റേൺ സർക്കിൾ പാലക്കാടിനും സെൻട്രൽ സർക്കിൾ തൃശ്ശൂരിനും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീപിടിത്തം ബാധിച്ചവനമേഖലയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതികവിദ്യയായ ഫയർ അലെർട്ട് സിസ്റ്റത്തിൽ വനം വകുപ്പിലെ ഭൂരിഭാഗം സംരക്ഷണ വിഭാഗം ജീവനക്കാരും രജിസ്റ്റർ ചെയ്ത് ടി സേവനങ്ങൾക്കും ടി സംവിധാനത്തിൽ മൊബൈൽ നമ്പർ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ (FSI) ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന തീയുടെ വിവരം, കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിന്റെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്. ആയതിന് ആസ്പദമായി ക്രിയാത്മകമായ പ്രതിരോധ പ്രവൃത്തികൾ സ്വീകരിക്കാൻ കഴിയും. ഇപ്രകാരം ലഭിക്കുന്ന വിവരത്തിന് ഫീഡ് ബാക്ക് നൽകുന്നതിനുള്ള ഒരു ലിങ്ക് കൂടി എസ്.എം.എസ്. സന്ദേശത്തിൽ ലഭ്യമാണ്. ഈ ലിങ്ക് ഉപയോഗിച്ച് ലഭിച്ച വിവരം കൃത്യമാണോയെന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യക്ക് ഫീഡ് ബാക്ക് നൽകുന്നു. ഇത് ടി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയെ സഹായിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒല്ലൂർ നിയോജകമണ്ഡലത്തിലെ വനവത്കരണ പ്രവർത്തനങ്ങൾ

133(848) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ മാത്രമായി പ്രത്യേക സാമൂഹ്യ വനവൽക്കരണ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ടി നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. ടി വകയിൽ 10,47,200 രൂപ ചെലവഴിച്ചിട്ടുണ്ട്.

## വാഴപ്പാറയിൽ സോഷ്യൽ ഫോറസ്ട്രി നഴ്സറി

134(849) ശ്രീ. കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ വാഴപ്പാറയിൽ ഒരു പെർമനന്റ് സോഷ്യൽ ഫോറസ്ട്രി നഴ്സറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നഴ്സറി ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര തുകയാണ് ഇതിന് വേണ്ടി അനുവദിച്ചിരുന്നത്;

(സി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നഴ്സറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ വാഴപ്പാറയിൽ പെർമനന്റ് നഴ്സറി ആരംഭിക്കാനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

## നിലമ്പൂർ-മുണ്ടേരി-മേപ്പാടി-ഹിൽ ഹൈവേ

135(850) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ- മുണ്ടേരി -മേപ്പാടി ഹിൽ ഹൈവേയുമായി ബന്ധപ്പെട്ട് നിലമ്പൂർ - മുണ്ടേരി-മേപ്പാടി ഹിൽ ഹൈവേ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തീകരിച്ചില്ലെങ്കിൽ കാരണം വിശദമാക്കാമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലമ്പൂർ-മുണ്ടേരി-മേപ്പാടി ഹിൽ ഹൈവേയുടെ സർവ്വേ പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽനിന്നും സർവ്വേ നടത്തുന്നതിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## വംശനാശ ഭീഷണി നേരിടുന്ന ഔഷധ ചെടികളുടെ സംരക്ഷണം

136(851) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനം വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം നല്കുമോ;

(ബി) കാട്ടിലെ ഔഷധ ചെടികളുടെ പ്രാധാന്യവും ഔഷധ മൂല്യവും പൊതു സമൂഹത്തിന് ബോധ്യപ്പെടുത്തും വിധത്തിലുള്ള പദ്ധതികൾ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് വനം വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി ആദിവാസി വിഭാഗങ്ങളുടെയും പരമ്പരാഗത വൈദ്യന്മാരുടെയും പ്രശസ്ത ആയുർവേദ ഡോക്ടർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കുമോ;

(ഡി) നമ്മുടെ കാടുകളിൽ വംശനാശഭീഷണി നേരിടുന്ന ഔഷധ ചെടികൾ സംബന്ധിച്ച ഡാറ്റ ബാങ്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു വിവരശേഖരണം നടത്തുവാനും വംശനാശ ഭീഷണി നേരിടുന്ന ഔഷധ ചെടികൾ സംരക്ഷിക്കുന്നതിനും വനം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദവിവരം നല്കുമോ?

<u>ഉത്തരം</u>

(എ) നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ ധനസഹായത്തോടെയും National Afforestation Plan ഫണ്ട് ഉപയോഗിച്ചും സംസ്ഥാനത്തെ വിവിധ വനമേഖലകളിൽ ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനം വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി&സി) ആരോഗ്യ വകുപ്പിന്റെ കീഴിൽ ഔഷധസസ്യ കൃഷി വിപണനം, സംരക്ഷണം തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടപ്പിലാക്കുമ്പോൾ ആദിവാസി വിഭാഗങ്ങളെയും പരമ്പരാഗത വൈദ്യന്മാരെയും ആയുർവേദ ഡോക്ടർമാരെയും ആയതിലേക്ക് ക്ഷണിക്കുകയും അവരുടെ അനുഭവങ്ങൾ പ്രസ്തുത സെമിനാറുകളിലും മറ്റ് പദ്ധതികളിലും പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു.

(ഡി) മേൽപ്രകാരമുള്ള ഡാറ്റാബാങ്കുകൾ വനം വകുപ്പ് തയ്യാറാക്കിയിട്ടില്ല. അതിന്റെ സാധ്യത സർക്കാർ ആലോചിക്കുന്നതാണ്.

**പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി**

137(852) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഡിവിഷനിലെ പമ്പ-ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്ന് അടിഞ്ഞ് കൂടി നദികളുടെ ഒഴുക്ക് തടസ്സപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്യൂബിക് മീറ്റർ മണലാണ് നീക്കം ചെയ്തത്;

(സി) ഇത് സംബന്ധിച്ച് ദേവസ്വം ബോർഡും വനം വകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായിരുന്നോ; എങ്കിൽ തർക്കം എപ്രകാരമാണ് പരിഹരിച്ചതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി ഡിവിഷനിലെ പമ്പ-ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്ന് അടിഞ്ഞുകൂടി നദികളുടെ ഒഴുക്ക് തടസ്സപ്പെട്ടിരുന്നു.

(ബി) മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ പമ്പ നദിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും അവശിഷ്ടങ്ങളിൽനിന്നും 90000 $M^3$ ഓളം അളവ് നീക്കം ചെയ്ത് സുരക്ഷിതമായി പമ്പ-ഹിൽടോപ്പ്, ചക്കുപാലം 1 എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുള്ള

അളവിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് 2287.10 $M^3$ മണലും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ 2432 $M^3$ മണലും നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ 1000 $M^3$ മണൽ ഇ-ലേലത്തിലൂടെ റീട്ടെയിൽ വിൽപ്പനക്കായി അരീക്കക്കാവ് ഡിപ്പോയിലേക്ക് മാറ്റിയിട്ടുള്ളതാണ്.

(സി) തർക്കം ഉണ്ടായിരുന്നതും പിന്നീട് പരിഹരിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകൾ (6-2-2019-ലെ G.O.(Rt) No. 48/2019/F&WLD, 13-5-2019-ലെ G.O.(Rt) No. 169/2019/F&WLD & 22-5-2019-ലെ G.O.(Rt) No. 12/2019/ F&WLD)പ്രകാരം പമ്പ നദിയിൽ അടിഞ്ഞുകൂടിയ മണലിൽനിന്നും വാരിക്കൂട്ടി ശേഖരിച്ച 90000 $M^3$ -ൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 20000 $M^3$ മണൽ സൗജന്യമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

18-5-2019-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാർ എന്ന നിലയിലുള്ള ഉത്തരവിൽ പമ്പ-ത്രിവേണിയിലെ ആറാട്ടുകടവ് ഭാഗത്തുനിന്നും പ്രളയാനന്തരം അടിഞ്ഞുകൂടിയ 20000 $M^3$ മണൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിക്കാനും വനപരിധിക്ക് പുറത്തേക്ക് കൊണ്ടുപോകാൻ പാടില്ലെന്നും ടി മണൽ നീക്കം ചെയ്യുന്നതിന് വനം, റവന്യൂ, ഇറിഗേഷൻ വകുപ്പുകളുടെ മേൽനോട്ടത്തിൽ ആയിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പകരം 22-5-2019 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പമ്പ-ത്രിവേണിയിലെ ആറാട്ടുകടവ് ഭാഗത്തുനന്നും 86 $M^3$ മണൽ ശേഖരിച്ച് നേരിട്ട് നിർമ്മാണ സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുകയുണ്ടായി. ആറാട്ടുകടവ് ഭാഗം പെരിയാർ ടൈഗർ റിസർവിന്റെ പരിധിയിലാണ്. ഇവിടെ അടിഞ്ഞുകൂടിയതിൽ നിന്നും വാരിക്കൂട്ടിയ മണൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം സൗജന്യമായി കൊടുക്കുവാൻ അനുമതി നൽകിയിട്ടുള്ളതായ മണലിൽ ഉൾപ്പെടുന്നതല്ല. ടൈഗർ റിസർവിൽനിന്നും മണൽ നീക്കം ചെയ്യുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെട്ട സ്ഥലത്തുനിന്നും ശേഖരിച്ച മണൽ ദുരന്തനിവാരണ അതോറിറ്റിയുടെ 18-5-2019-ലെ ഉത്തരവ് പ്രകാരം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പകരം നിർമ്മാണ സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയ ദേവസ്വം ബോർഡിന്റെ ടി പ്രവൃത്തിയാണ് വനം വകുപ്പ് അനുവദിക്കാതിരുന്നത്. പ്രളയാനന്തരം അടിഞ്ഞുകൂടി ശേഖരിച്ച 90000 $M^3$ മണലിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 6-2-2019, 13-5-2019, 22-5-2019 തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സൗജന്യമായി അനുവദിച്ചിട്ടുള്ള 20000 M3 മണൽ നീക്കം ചെയ്യാൻ ദേവസ്വം ബോർഡ് തുടങ്ങിയിട്ടുള്ളതും വനം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും തമ്മിലുള്ള തർക്കം മാറിയിട്ടുള്ളതുമാണ്.

## വനം വകുപ്പിന്റെ പുതിയ പദ്ധതികൾ

138(853) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യകണ്ടൽക്കാടുകളും എസ്റ്റേറ്റുകളും വനം വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പരിസ്ഥിതിപുനഃസ്ഥാപനവും വനവിസ്തൃതിയും വർദ്ധിപ്പിക്കുന്നതിന് വനം വകുപ്പ് ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(സി) കേരള പുനർനിർമ്മാണ-വികസനപദ്ധതിയുടെ ഭാഗമായി പരിസ്ഥിതിസൗഹൃദവും അതിജീവനക്ഷമവുമായ എന്തെല്ലാം പദ്ധതികളാണ് വനം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് 2018-ലുണ്ടായ കടുത്ത വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനം പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വനമേഖലയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 800 കോടി അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രൈവറ്റ് എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, കണ്ടൽക്കാടുകളുടെ ഏകീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ടി പ്രവർത്തനങ്ങൾക്കായി യഥാക്രമം 880.2315 ലക്ഷം രൂപയും 514.13 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കണ്ടൽക്കാടുകളുടെ ഏകീകരണത്തിനായി നാളിതുവരെ 52.615 ഹെക്ടർ സ്വകാര്യ കണ്ടൽക്കാടുകളുടെ ഉടമസ്ഥർ സമ്മതം നൽകിയിട്ടുണ്ട്.

(ബി) റീ ബിൾഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനത്തിനുള്ളിലും വനാതിർത്തികളിലും സ്ഥിതി ചെയ്യുന്ന പ്രൈവറ്റ് സെറ്റിൽമെന്റുകളിലെ ആളുകളുടെ മാറ്റിപാർപ്പിക്കൽ, പ്രൈവറ്റ് എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, കണ്ടൽക്കാടുകളുടെ ഏകീകരണം എന്നിവ ലക്ഷ്യം വയ്ക്കുന്നുണ്ട്. വിദേശീയ സസ്യങ്ങളായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വ്യാവസായിക തോട്ടങ്ങളെ വെട്ടിമാറ്റി സ്വാഭാവിക ഇനമരത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സംസ്ഥാനത്ത് 'ഗ്രീൻ ഇന്ത്യ മിഷൻ' പദ്ധതി നടപ്പിലാക്കി വരുന്നു. കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്രകൃതിജന്യ ഇന്ധനങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുകവഴി വിറകിനായി വനത്തിനോടുള്ള ആശ്രിതത്വം കുറയ്ക്കൽ, പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾവഴി വനാശ്രിതരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവ ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുകൂടാതെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വനേതര പ്രദേശങ്ങളിൽ വൃക്ഷവത്കരണം നടത്തിവരുന്നുണ്ട്. ഇതിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്.

(സി) കേരള പുനർനിർമ്മാണ വികസന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.

1. <u>അർഹമായ നഷ്ടപരിഹാരം നൽകി പ്രൈവറ്റ് സെറ്റിൽമെന്റുകളെ സ്വച്ഛാനുസരണം മാറ്റിപ്പാർപ്പിക്കൽ</u>

ഈ പദ്ധതി പ്രകാരം ശെന്തുരുണി വന്യജീവി ഡിവിഷനിലെ രണ്ട് കോളനികളും മറയൂർ, നോർത്ത് വയനാട് വനം ഡിവിഷനുകളിൽനിന്നും 6 വീതം കോളനികളും കാസർഗോഡ് വനം ഡിവിഷനിലെ 8 കോളനികളും 10591.76 ലക്ഷം രൂപ ചെലവഴിച്ച് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

2. <u>പ്രൈവറ്റ് എസ്റ്റേറ്റുകളെ ഏറ്റെടുക്കൽ</u>

മണ്ണാർക്കാട് ഡിവിഷനിലെ 2 എസ്റ്റേറ്റുകൾ, നോർത്ത് വയനാട് ഡിവിഷനിലെ 4 എസ്റ്റേറ്റുകൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 1880.2315 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3. <u>കണ്ടൽക്കാടുകളുടെ ഏകീകരണവും സംരക്ഷണവും</u>

കേരളത്തിലെ മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി വിവിധ താലൂക്കുകളിൽ ഉൾപ്പെട്ട 37 കണ്ടൽ പ്രദേശങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതാണ് പദ്ധതി ലക്ഷ്യം. ഇതിനായി 514.13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. സാദ്ധ്യതാ പഠനം

1. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും വനത്തിനകത്ത് താമസിക്കുന്ന വനാശ്രിത സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി അവരുടെ നിലവിലുള്ള ഭൂമി ഏറ്റെടുത്ത് പകരം ഭൂമി നൽകുന്നതിനും ആയതുവഴി ടി സമൂഹത്തിന്മേൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നത് സംബന്ധിച്ചുമുള്ള സാദ്ധ്യതാ പഠനം.

2. കേരളത്തിലെ കണ്ടൽ വനങ്ങളുടെ ദീർഘകാല സംരക്ഷണത്തിനായി ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉപജീവനാധിഷ്ഠിത പരിപാലന തന്ത്രം വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം.

3. കേരളത്തിലെ വനങ്ങളും അതുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥയും സംസ്ഥാനത്തിന്റെ മഴലഭ്യതയുമായി ബന്ധപ്പെട്ട് നൽകുന്ന സേവനങ്ങൾ വിലയിരുത്തുന്നതിനായുള്ള പഠനം.

മേൽ സാദ്ധ്യതാ പഠനങ്ങൾക്കായി 54.60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വനം വകുപ്പിന്റെ നവീകരണത്തിന് ഫയർ റെസ്പോണ്ടറുകൾ**

139(854) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(ബി) വനം വകുപ്പ് ഫയർ റെസ്പോണ്ടറുകൾ സ്വന്തമാക്കിയിട്ടുണ്ടോ;

(സി) ഫയർ റെസ്പോണ്ടറുകൾ വനസേനയ്ക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി :

- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി അത്യാധുനിക സംവിധാനങ്ങളുള്ള രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങി തൃശ്ശൂർ, പാലക്കാട് മേഖലയിൽ ഉപയോഗിച്ചുവരുന്നു.
- സംസ്ഥാനത്ത് പുതിയതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുകയും വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി 99 പുതിയ തസ്തികകളും സൃഷ്ടിച്ചു.

- വന്യജീവി സംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായും 13 വെറ്ററിനറി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചു.
- കാട്ടുതീ മുൻകൂട്ടി അറിയുവാൻ ഫയർ വാണിംഗ് സിസ്റ്റം, ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുമായി ചേർന്ന് ഫയർ അലെർട്ട്, എസ്.എം.എസ്. സംവിധാനം എന്നിവ ഏർപ്പെടുത്തി.
- അത്യാധുനിക പമ്പ് ആക്ഷൻ ഗൺ ഉൾപ്പെടെയുള്ള ആംസ്/ആമ്യൂണിഷൻ സംവിധാനങ്ങൾ ലഭ്യമാക്കി.
- നാട്ടാന സംരക്ഷണ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് നടത്തി ഡാറ്റാബേസ് തയ്യാറാക്കി. ഇത് ഇന്ത്യയിൽതന്നെ ആദ്യമായി ഒരു സംസ്ഥാനം നടപ്പിലാക്കുന്ന പദ്ധതിയാണ്.
- 19 ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സുകൾ സ്ഥാപിക്കുകയും 18 എണ്ണത്തിന്റെ പണികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.
- ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിലെ സർക്കിൾ ഓഫീസുകളും വനം വകുപ്പ് ആസ്ഥാനവുമായി ബന്ധപ്പെടുത്തി വീഡിയോ കോൺഫറൻസിംഗ് സംവിധാനം, തടിയധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ് നൽകുന്നതിന് ഓൺലൈൻ സംവിധാനം, വനം കേസുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ, ഹൈക്കോടതി കേസ്സ് മോണിറ്ററിംഗ് എന്നിവയ്ക്കായി ഓൺലൈൻ സംവിധാനം, വനം-വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി ക്യാമറ ട്രാപ്പ് സംവിധാനം, ഫീൽഡ് പരാമ്പുലേഷൻ സമയത്ത് തന്നെ ഓൺലൈനായി വിവരങ്ങൾ ശേഖരിക്കുന്നതിനായി ആൻഡ്രോയ്ഡ് സ്മാർട്ട് ഫോണുകളുടെ സഹായത്തോടെയുള്ള എം-സ്ട്രൈപ്സ് സംവിധാനം, തേക്കടിയിൽ റിയൽ ടൈം മോണിറ്ററിംഗിനായി ഉൾവനത്തിൽ ക്യാമറ സംവിധാനം എന്നിവ ഏർപ്പെടുത്തി.
- അന്തർദ്ദേശീയ നിലവാരത്തിലുള്ള ആന പരിപാലന കേന്ദ്രം കോട്ടൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. രണ്ട് ഫയർ റെസ്പോണ്ടറുകൾ നടപ്പുസാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്.

(സി) വനം മേഖലയിലെ കൂപ്പ് റോഡുകളിലൂടെ വനത്തിനുള്ളിൽ എത്തി കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിലുള്ള വാഹനങ്ങളിലാണ് ഫയർ ടെന്റർ ക്രമീകരിച്ചിട്ടുള്ളത്. ജർമ്മനിയിൽ നിന്ന് ഇറക്കുമതി ചെയ്ത പ്രത്യേക സംവിധാനമുള്ള പമ്പ് ഉപയോഗിച്ച് ടാങ്കിലെ ജലം വളരെ ചെറിയ ജലകണികകളായി സ്പ്രേ ചെയ്ത് കാട്ടുതീ ഫലവത്തായി പ്രതിരോധിക്കാൻ സാധിക്കുന്ന സംവിധാനമാണ് ഇതിലുള്ളത്. കൂടാതെ, വന്യജീവികളുടെ രക്ഷാപ്രവർത്തനം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ തുടങ്ങി മറ്റിതര ആവശ്യങ്ങൾക്കും ഉതകും തരത്തിലുള്ള ക്രമീകരണങ്ങളുമുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളിൽ കാട്ടുമൃഗങ്ങളെ വനമേഖലയിലേയ്ക്ക് തുരത്തുന്നതിന് ഉപയോഗപ്രദമായ സൈറൺ, തദ്ദേശവാസികൾക്ക് വന്യമൃഗ സാമീപ്യവും മുന്നറിയിപ്പും നൽകുന്നതിനുള്ള അനൗൺസ്മെന്റ് സൗകര്യങ്ങൾ, റോഡുകളിൽ മരങ്ങൾ വീണുണ്ടാകുന്ന ഗതാഗത തടസ്സം മാറ്റുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ, ദുരന്തമേഖലയിൽ അടിയന്തര പ്രവൃത്തികൾ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങി പ്രയോജനകരമായ സംവിധാനങ്ങൾ ഫയർ റെസ്പോണ്ടർ വാഹനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

**കോന്നി ആനത്താവളം**

140(855) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനത്താവളത്തിൽ നിലവിലുള്ള ചിൽഡ്രൻസ് പാർക്ക് വിപുലീകരിക്കുന്നതിനും അതുവഴി കൂടുതൽ പേരെ ആകർഷിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) പ്രസ്തുത ആനത്താവളത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന വനം വകുപ്പ് വെറ്ററിനറി ആശുപത്രിയിൽ ആനകൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി ആനത്താവളത്തിൽ നിലവിലുള്ള ചിൽഡ്രൻസ് പാർക്ക് വിപുലീകരിക്കുന്നതിനും അതുവഴി കൂടുതൽ പേരെ ആകർഷിക്കുന്നതിനുമുള്ള പദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

(ബി) കോന്നി ആനത്താവളത്തിൽ നിലവിൽ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ, നൈറ്റ് വാച്ചർ എന്നിവരടങ്ങിയ ഒരു ഓഫീസാണ് പ്രവർത്തിച്ചുവരുന്നത്. ചില മരുന്നുകളും ഉപകരണങ്ങളും സൂക്ഷിക്കുന്നുണ്ടെങ്കിലും ഇവിടെ വെറ്ററിനറി ആശുപത്രിയില്ല.

## അനങ്ങന്മല ഇക്കോ ടൂറിസം പദ്ധതി

141(856) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന് വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

21-11-2019-ൽ വനം വകുപ്പാസ്ഥാനത്ത് കൂടിയ ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റി ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങന്മല ഇക്കോ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടിക്കറ്റ് കൗണ്ടർ പുതുക്കി പണിയൽ | 10 ലക്ഷം |
| 2 | പാർക്കിംഗ് ഏരിയ വികസനം | 5 ലക്ഷം |
| 3 | വിശ്രമ സ്ഥല നവീകരണം | 5 ലക്ഷം |
| 4 | അമിനിറ്റി സെന്റർ/കാന്റീൻ നവീകരണം | 1 ലക്ഷം |
| 5 | ശുചീകരണവും മാലിന്യനിർമ്മാർജ്ജനവും | 3 ലക്ഷം |
| 6 | കുട്ടികളുടെ കളിസ്ഥലം നിർമ്മിക്കൽ | 2 ലക്ഷം |
| 7 | പബ്ലിസിറ്റി, ലഘുലേഖ, ബ്രോഷർ മുതലായവ | 1 ലക്ഷം |
| 8 | ലാന്റ് സ്കേപ്പിംഗ് ഗാർഡനിംഗ്, സൈൻ ബോർഡ് മുതലായവ | 3 ലക്ഷം |
| ആകെ | | 30 ലക്ഷം |

## വനംവകുപ്പിനുകീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ

142(857) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിലെ വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിലെ വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ അതിരപ്പിള്ളി, വാഴച്ചാൽ എന്നിവയാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിലുള്ള പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടില്ല.

## വനം വകുപ്പിലെ ഡ്രൈവർ തസ്തിക

143(858) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആവശ്യത്തിനായി 2019-ൽ പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനനുസരിച്ച് ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിക്കാറുണ്ടോ; ഇല്ലെങ്കിൽ നിലവിൽ വനം വകുപ്പിൽ എത്ര ദിവസവേതന/കരാർ ഡ്രൈവർമാർ ജോലി ചെയ്യുന്നുവെന്നറിയിക്കാമോ?

ഉത്തരം

(എ) വനം വകുപ്പിലെ ആവശ്യത്തിനായി 2019-ൽ ക്യാമ്പ (CAMPA) ഫണ്ടിൽ 26 വാഹനങ്ങൾ (19 താർ + 7 ക്യാമ്പർ) വാങ്ങിയിട്ടുണ്ട്. ടി വാഹനങ്ങൾ വാങ്ങിയ വില 1,62,21,691 രൂപയാണ്.

(താർ-രൂപ 6,05,327x19 എണ്ണം+ക്യാമ്പർ-674354x7 എണ്ണം)

ഇതുകൂടാതെ പ്രസ്തുത ഫണ്ടിൽനിന്നും 2 ഫയർ റെസ്പോണ്ടർ വാഹനങ്ങളും വാങ്ങിയിട്ടുണ്ട്. ഇതിനായി നാളിതുവരെ ചെലവഴിച്ചത് 58,82,228 രൂപയാണ്.

(ബി) ഇല്ല. ദിവസവേതനത്തിൽ 150 ഡ്രൈവർമാർ ജോലി ചെയ്യുന്നു.

## പുരവിമല കോളനിയിലേക്കുള്ള റോഡ് നവീകരണ അനുമതി

144(859) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ പുരവിമല സെറ്റിൽമെന്റ് കോളനിയിലേക്കുള്ള റോഡ് നവീകരണത്തിനായി പി.എം.ജി.എസ്.വൈ.

പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചുവെങ്കിലും, വനം വകുപ്പ് അനുമതി നൽകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണോ;

(ബി) രണ്ടായിരത്തിലേറെ വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകൾ പുറംലോകവുമായി ബന്ധപ്പെടാൻ ഉപയോഗിക്കുന്ന ഈ റോഡിന്റെ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാർ വന്യജീവി സങ്കേതത്തിലെ ക്ലാമല-1 സെക്ഷൻ പരിധിയിൽ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല വാർഡിൽ ചാക്കപ്പാറ-പൂരവിമല വഴി തെന്മല വരെയുള്ള 9 കി.മീ. ദൂരം പ്രധാനമന്ത്രിയുടെ സടക് യോജന പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിനായി വനാവകാശ നിയമപ്രകാരം അനുമതി നൽകണമെന്ന് കാണിച്ച് അമ്പൂരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 07-9-2018-ന് നെയ്യാർ അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിച്ച അപേക്ഷ, സൈറ്റ് പരിശോധനാ റിപ്പോർട്ട്, ഫോറം ബി റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം അനന്തര നടപടികൾക്കായി തിരുവനന്തപുരം, വൈൽഡ് ലൈഫ് വാർഡന് ലഭ്യമാക്കി. തിരുവനന്തപുരം, വൈൽഡ് ലൈഫ് വാർഡന്റെ പരിശോധനയിൽ ടി റോഡ് നിർമ്മാണത്തിനായി 5.4 ഹെക്ടർ വനഭൂമി വേണ്ടിവരുമെന്ന് കണ്ടെത്തുകയും ചെയ്തു. വനാവകാശ നിയമം 2006 പ്രകാരം 1 ഹെക്ടർ വരെയുള്ള വനഭൂമി മാത്രമേ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ടി ആവശ്യത്തിലേക്കായി അനുമതി നൽകുന്നതിന് വ്യവസ്ഥയുള്ളൂ. പ്രസ്തുത റോഡ് നെയ്യാർ വന്യജീവി സങ്കേതത്തിലെ വിവിധ സെറ്റിൽമെന്റുകളിൽ കൂടിയാണ് കടന്നുപോകുന്നത്.

ഭൂമി അനുവദിക്കുന്നതിനായി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം പുതുക്കിയ ശിപാർശ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതാണെന്ന് യൂസർ ഏജൻസിയായ ഡിസ്ട്രിക്ട് പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. 10-12-2018-ന് യൂസർ ഏജൻസി ടി റോഡ് പ്രവൃത്തി പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ എഫ്.സി. ആക്ട് 1980 പ്രകാരമുള്ള ക്ലിയറൻസ് ഒഴിവാക്കിയിട്ടുണ്ടെന്ന് കാണിച്ച് അപേക്ഷ പുനഃസമർപ്പിച്ചു. ഇക്കാര്യം പരിശോധിച്ചതിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ സടക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് എഫ്.സി. ആക്ട് 1980 പ്രകാരമുള്ള

ക്ലിയറൻസ് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ടി റോഡുകൾ ഉൾപ്പെടുന്ന സ്ഥലം വന്യജീവി സങ്കേതത്തിന് ഉള്ളിലാണെങ്കിൽ വൈൽഡ് ലൈഫ് ക്ലിയറൻസ് നിർബന്ധമാണ്. 2-4-2019-ൽ ടി വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ടും forest clearance.nic.in എന്ന വെബ്സൈറ്റിലൂടെ വൈൽഡ് ലൈഫ് ക്ലിയറൻസിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ യൂസർ ഏജൻസിക്ക് നിർദ്ദേശം നൽകി. യൂസർ ഏജൻസി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത അപേക്ഷ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പരാമർശ റോഡ് വന്യജീവി സങ്കേതത്തിനുള്ളിലായതിനാൽ നിലവിലുള്ള വീതി കൂട്ടാതെയും ടാർ ചെയ്യാതെയുമുള്ള നിർമ്മാണ പ്രവർത്തനം മാത്രമേ സാധ്യമാകുകയുള്ളൂ.

## കോതമംഗലം മുനിസിപ്പാലിറ്റിയുടെ സ്ഥലം തിരികെ നൽകാൻ നടപടികൾ

145(T*860) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-9-2013-ലെ GO(Rt)4927/2013/RD ഉത്തരവ് പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ കൈവശം പാർക്കിംഗ് ഏരിയയ്ക്കും മറ്റുമായി ഉണ്ടായിരുന്ന എഴുപത്തിയഞ്ച് സെന്റ് സ്ഥലം വനം വകുപ്പിന് കൈമാറിയിട്ടുള്ളത് തിരിച്ച് മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിട്ടുള്ള നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) കോതമംഗലം ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത എഴുപത്തിയഞ്ച് സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ അധീനതയിലെ 75 സെന്റ് സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകിയ ഉത്തരവ് പിൻവലിച്ചുകൊണ്ട് 9-9-2016-ൽ പുറപ്പെടുവിച്ച സർക്കാർ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരവും പ്രസ്തുത ഉത്തരവ് ശരിവച്ചുകൊണ്ട് 23-8-2017-ൽ ചേർന്ന മന്ത്രി സഭായോഗ തീരുമാനവും പുനഃപരിശോധിച്ച് പ്രസ്തുത സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടി സ്ഥലം 1917-ൽ രാജഭരണകാലത്ത് തിരുവിതാംകൂർ മഹാറാണി ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്ലാന്റേഷനിൽനിന്ന് വെട്ടി ശേഖരിക്കുന്ന തടി വിൽപ്പന നടത്തുന്നതിനുവേണ്ടിയുള്ള Sale depot ആയി പ്രവർത്തിക്കുന്നതിന് വനം വകുപ്പിന് നൽകിയിട്ടുള്ളതാണ്. ടി സ്ഥലം 1917 മുതൽ വനം വകുപ്പിന്റെ ഡിപ്പോ സ്ഥലമായി ഉപയോഗിച്ചുവരുന്നതാണ്.

ആകെ 17.97 ഏക്കർ സ്ഥലം ടി കാലയളവ് മുതൽ വനം വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതിൽ 12.27 ഏക്കർ സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങളായ ആശുപത്രി, പി.ഡബ്ല്യു.ഡി., റെസ്റ്റ് ഹൗസ്, ട്രഷറി, സ്കൂൾ, മാർക്കറ്റ്, വണ്ടിപ്പേട്ട, റവന്യൂ ഭവൻ, മുനിസിപ്പാലിറ്റിയുടെ കെട്ടിടം, വില്ലേജ് ഓഫീസ്, കെ.എസ്.ഇ.ബി. ഓഫീസ്, ബി.എസ്.എൻ.എൽ. ഓഫീസ്, മുനിസിപ്പാലിറ്റിയുടെ മുന്നിലൂടെ കടന്നുപോകുന്നതും ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന ലിങ്ക്റോഡിന്റെ വീതികൂട്ടൽ തുടങ്ങിയ പൊതു ആവശ്യങ്ങൾക്കായി വിവിധ കാലയളവിൽ 1980-നുമുമ്പ് വിട്ടുനൽകിയിട്ടുള്ളതാണ്.

ഡിപ്പോ ഇവിടെ നിന്ന് മാറ്റിക്കഴിഞ്ഞാൽ അനേകം പേരുടെ തൊഴിൽ സാധ്യതകൾ നഷ്ടമാകുമെന്ന് ഭയന്നാണ് 7-9-2013-ലെ സർക്കാർ ഉത്തരവിനെതിരെ ഹെഡ് ലോഡ് വർക്കേഴ്സ് ഹൈക്കോടതിയിൽ WP(C) 3930/14 ഫയൽ ചെയ്തത്. 28-5-2014-ൽ ടി ഹർജിയിലുണ്ടായിട്ടുള്ള വിധിക്കെതിരെ ഇതേ വിഷയവുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ്സ് ഫയൽ ചെയ്തു. ടി കേസ്സിൽ 2-8-2016-ൽ ഉണ്ടായിട്ടുള്ള വിധിയിൽ നഗരസഭയുടെ ആവശ്യം സാധാരണ ആവശ്യമാണെന്നും പ്രത്യേക വികസന പദ്ധതികളൊന്നുംതന്നെ ഇല്ലായെന്നും ആയതുകൊണ്ട് 7-9-2013-ലെ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്നും ഹരിത ട്രൈബ്യൂണൽ പരാമർശിച്ചിരുന്നു. തുടർന്ന് 7-9-2013-ൽ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചുകൊണ്ടും ടി വനഭൂമി വനംവകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ടും 09-9-2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ നഗരസഭ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32752/2016 നമ്പർ കേസ്സിൽ 23-1-2017-ൽ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ മുനിസിപ്പാലിറ്റിയുടെ ഭാഗം കേട്ടിരുന്നില്ലെന്നൊരു പോരായ്മ ചൂണ്ടിക്കാണിച്ചുകൊണ്ട് കോടതി

സർക്കാരിനോട് ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ ഫയൽ ചെയ്ത മേൽ കേസ്സിന്മേലുള്ള 23-1-2017-ലെ കോടതിവിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുനൽകിക്കൊണ്ട് 7-9-2013-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി.) 4927/13/റവന്യൂ റദ്ദ് ചെയ്തുകൊണ്ട് 7-9-2017-ൽ സർക്കാർ ഉത്തരവ് G.O.(Rt) 38641/17/RD നമ്പർ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ടി സ്ഥലം 4-11-2017-ലെ G.O.(P) 9/17/F&WLD നമ്പർ വിജ്ഞാപനത്തിലൂടെ കേരള വനനിയമത്തിലെ സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 7-9-2017-ലെ G.O.(Rt) 3864/17/RD ഉത്തരവിനെതിരെ മുനിസിപ്പാലിറ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 38342/2017 നമ്പർ കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്.

(സി) ടി സ്ഥലം 4-11-2017-ലെ ജി.ഒ. (പി) 9/17/വനം വിജ്ഞാപനത്തിലൂടെ കേരള വനനിയമത്തിലെ സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. മാത്രമല്ല വനം വകുപ്പിന്റെ അധീനതയിലായിരുന്ന ടി സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടുനൽകിക്കൊണ്ട്7-9-2013-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി.) 4927/13/റവന്യൂ റദ്ദ് ചെയ്ത് 7-9-2017-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി.) 3864/17 ആർ.ഡി. നമ്പർ ഉത്തരവിനെതിരെ കോതമംഗലം മുനിസിപ്പാലിറ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ. പി(സി) 383421/17 നമ്പറായി കേസ്സ് ഫയൽ ചെയ്തിട്ടുള്ളതാണ്. ടി കേസ്സിൽ കോടതി തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാണ്. ടി സ്ഥലത്തിന് 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമം ബാധകമാകുന്നതുമാണ്. ആകയാൽ ടി 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റി വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയില്ല.

## കൽപ്പറ്റ മണ്ഡലത്തിലെ കുരങ്ങുകളുടെ പുനരധിവാസം

146(861) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ കുരങ്ങുകളുടെ പുനരധിവാസത്തിന് 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പദ്ധതി എന്ന് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കുരങ്ങുശല്യ നിവാരണത്തിനും കുരങ്ങുകളുടെ പുനരധിവാസത്തിനുമായി പദ്ധതികൾ തയ്യാറാക്കാൻ 28-7-2017, 25-8-2017, 14-1-2019 തീയതികളിൽ ബഹുമാനപ്പെട്ട കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിൽ കുരങ്ങുകളുടെ പുനരധിവാസത്തിന് സ്ഥലം കണ്ടെത്തുന്നതിനും കുരങ്ങുകളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിനായി കൽപ്പറ്റ നഗരസഭ പരിധിയിലെ കുരങ്ങുകളുടെ എണ്ണം കണക്കാക്കുന്നതിന് സെൻസസ് നടത്താൻ തീരുമാനിക്കുകയും 21-1-2019-ൽ ആരംഭിച്ച് 8-2-2019-ൽ ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ കുരങ്ങുകളുടെ വർദ്ധനവ് ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിന് വന്ധ്യംകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ലക്കിടി മണ്ടമലയിൽ കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വനം വന്യജീവി വകുപ്പ് നൽകുന്ന നഷ്ടപരിഹാരം

147(862) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപോത്ത്, പന്നി, ആന എന്നിവയുടെ കുത്തേറ്റ് മനുഷ്യർ മരണപ്പെട്ടാൽ ആശ്രിതർക്ക് വനം വന്യജീവി വകുപ്പ് നഷ്ടപരിഹാരമായി പത്ത് ലക്ഷം രൂപ നൽകണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) നാട്ടിലെ വീട്ടിൽ വച്ചായാലും പാമ്പുകടിയേറ്റ് മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ ;

(സി) എന്നാൽ മരിക്കുന്നത് തേനീച്ചയോ കടന്നലോ കുത്തിയാണെങ്കിൽ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) നാട്ടിലും കാട്ടിലും കാണുന്ന ഒട്ടുമിക്ക ജീവികളും വന്യജീവി പട്ടികയിൽ വരുമ്പോൾ ഏറെ മരണങ്ങൾക്ക് കാരണമാകുന്ന കടന്നലും തേനീച്ചയും അതിൽ ഇല്ലാത്തതാണോ മരണപ്പെടുന്നവർക്ക് ആനുകൂല്യം ലഭിക്കാൻ തടസ്സമാകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് 1980-ലെ നിയമത്തിലെ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/ വനം പ്രകാരം വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി പത്ത് ലക്ഷം രൂപ നൽകി വരുന്നുണ്ട്.

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3 (എ) 1 പ്രകാരം വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി&ഡി) 1980-ലെ 'The Kerala Rules for payment of Compensation to Victims of Attack by Wild Animals, 1980'-ൽ വന്യജീവി എന്ന് നിർവ്വചിച്ചിരിക്കുന്നത് വന്യജീവി (സംരക്ഷണ) നിയമം 1972 ഷെഡ്യൂൾ I, ഷെഡ്യൂൾ II-ൽ ഉൾപ്പെട്ടിട്ടുള്ള വന്യജീവികളെയാണ്. ഈ നിർവ്വചനത്തിൽപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ നിലവിലെ നിയമപ്രകാരം നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുള്ളൂ. കടന്നൽ/തേനീച്ച എന്നിവ ഷെഡ്യൂൾ ഇനം വന്യജീവിയിൽ ഉൾപ്പെടുത്താത്തതിനാൽ കടന്നൽ/തേനീച്ച കുത്തി മരണപ്പെടുന്നതിന് നഷ്ടപരിഹാരം അനുവദിക്കാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

(ഇ) കടന്നൽ, തേനീച്ച കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന അതേ തുക നഷ്ടപരിഹാരമായി നൽകുന്നതിന് ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യമൃഗങ്ങൾമൂലമുള്ള നാശനഷ്ടങ്ങൾ**

148(863) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ;

(ബി) മഞ്ചേരി മണ്ഡലത്തിൽ ഈ നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ വന്യജീവി ആക്രമണംമൂലം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന വിവരം നൽകാമോ;

(ഇ) പരിക്ക് പറ്റിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് സോളാർ ഫെൻസിംഗും എലിഫന്റ് പ്രൂഫ് ട്രഞ്ചും ആനപ്രതിരോധമതിലും നിർമ്മിക്കുകയും ആവശ്യത്തിന് വാച്ചർമാരെ നിയമിക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്ന മേഖലകളിൽ എസ്.എം.എസ്. അലെർട്ട് സിസ്റ്റംവഴി മുന്നറിയിപ്പും നൽകുന്നുണ്ട്. കൃഷിനാശം സംഭവിച്ചവരുടെ അപേക്ഷയിൽ കണക്കാക്കുന്ന നഷ്ടപരിഹാരവും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ജനജാഗ്രതാ സമിതി, വി.എസ്.എസ്. എന്നിവയുടെ സേവനവും പ്രയോഗത്തിലുണ്ട്.

(ബി) മഞ്ചേരി മണ്ഡലത്തിൽ ആവശ്യമെങ്കിൽ കൂടുതൽ പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതാണ്. അവിടെ നിന്ന് കൃഷിനാശവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) 2010-11 മുതൽ 2019-20 കാലയളവ് വരെ 2,45,88,652 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഈ സർക്കാരിന്റെ കാലയളവിൽ 128 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ഇ) പരിക്ക് പറ്റിയവർക്ക് നഷ്ടപരിഹാരമായി 83,11,865 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കോന്നി മണ്ഡലത്തിലെ വന്യമൃഗശല്യം

149(864) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ വന്യമൃഗശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും അവയുടെ ആക്രമണത്തിൽ ആളുകൾക്ക് പരിക്കേൽക്കുന്നതും വ്യാപകമാകുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജീവനും സ്വത്തിനും സംരക്ഷണം നല്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്നവർക്കും കൃഷിനശിച്ചവർക്കും എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം കോന്നി നിയോജകമണ്ഡലത്തിൽ നല്കിയിട്ടുള്ളത്; വിശദവിവരം നല്കുമോ;

(ഇ) ഇതുവരെ കോന്നി നിയോജകമണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രപേർക്ക് നഷ്ടപരിഹാരം നല്കി; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നി മണ്ഡലത്തിൽ വന്യമൃഗശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതിന്റെയും അവയുടെ ആക്രമണത്തിൽ ആളുകൾക്ക് പരിക്കേൽക്കുന്നതിന്റെയും അളവ് കൂടിയിട്ടുണ്ട്. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരുന്നുമുണ്ട്.

(സി) വനാതിർത്തിയോട് ചേർന്ന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സൗരോർജ്ജ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വനം വകുപ്പും സംയുക്തമായി ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിലും അല്ലെങ്കിൽ മൂന്നുമാസത്തിലൊരിക്കൽ ജനജാഗ്രതാ സമിതി കൂടി സമിതിയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്. നാട്ടിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ നിയമാനുസൃതം ഒഴിവാക്കുന്നതിന് ജനജാഗ്രതാ സമിതികളുടെ ശിപാർശ പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൃഷിനാശം സംഭവിച്ചതിനുമാത്രം നഷ്ടപരിഹാരം ലഭിക്കുന്നതിനായി 197 അപേക്ഷകൾ ലഭിച്ചതിൽ 157 എണ്ണത്തിന് നഷ്ടപരിഹാരമായി 15,98,524 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ള 40 അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വന്യജീവി ആക്രമണംമൂലം പരിക്ക് പറ്റിയതിനുമാത്രം നഷ്ടപരിഹാരം ലഭിക്കുന്നതിനായി 165 അപേക്ഷകൾ ലഭിക്കുകയും അതിൽ 147 അപേക്ഷകർക്ക് നഷ്ടപരിഹാരമായി 36,97,035 രൂപ അനുവദിച്ചുനൽകിയിട്ടുള്ളതാണ്.

(ഇ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൃഷിനാശം, വന്യജീവി ആക്രമണം, കന്നുകാലി നഷ്ടം, വീടിനും സ്വത്തിനുമുള്ള നാശനഷ്ടം, വന്യജീവി ആക്രമണം കാരണമുള്ള മരണം എന്നീ ഇനങ്ങളിൽ നഷ്ടപരിഹാരത്തിനായി ആകെ 458 അപേക്ഷകൾ ലഭിച്ചു. അതിൽ 376 എണ്ണത്തിന് നഷ്ടപരിഹാരം നൽകി. ബാക്കി 82 എണ്ണത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

**വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം**

150(865) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള കാടുകളുടെ അതിർത്തിയിൽ ജൈവരീതിയിലുള്ള വേലികൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ജനവാസ മേഖലകളിൽ വന്യജീവികൾ എത്തിയാൽ എസ്.എം.എസ്.-ലൂടെ മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇപ്രകാരമുള്ള നഷ്ടപരിഹാര വിതരണത്തിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിൽ സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. ഗള്ളി പ്ലഗ്ഗിംഗ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും ചതുപ്പുകൾ വൃത്തിയാക്കിയും ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുകയും ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ജനവാസമേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് ബോധവൽക്കരണം നടത്തുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലെർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സംവിധാനങ്ങൾക്ക് പുറമെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

(ബി) ജനവാസ കേന്ദ്രങ്ങൾക്ക് സമീപത്തുള്ള കാടുകളെ അതിർത്തിയിൽ ജൈവരീതിയിലുള്ള വേലികൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ട്.

ഇതോടനുബന്ധിച്ചുള്ള പഠനത്തിന്റെ ഭാഗമായി ശെന്തുരുണി വന്യജീവി ഡിവിഷനിൽ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള കാടുകളുടെ അതിർത്തിയിൽ 2019-20 സാമ്പത്തികവർഷം 100 മീറ്റർ ജൈവ വേലി നിർമ്മിച്ചിട്ടുണ്ട്.

വയനാട് വന്യജീവി ഡിവിഷനിൽ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള വനാതിർത്തിയിൽ ചിലയിടങ്ങളിൽ അഗൈവ പോലുള്ള ജൈവവേലി നിർമ്മിച്ചിട്ടുണ്ട്. ആറളം ഡിവിഷനിലെ കൊട്ടിയൂർ വന്യജീവി സങ്കേതത്തിൽ ഒരു കി.മീ. നീളത്തിൽ പാൽമിറ ഫെൻസിംഗ്, കെൽപാമുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പീച്ചി ഡിവിഷനിൽ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള കാടുകളുടെ അതിർത്തിയിൽ ജൈവരീതിയിലുള്ള വേലികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു കി.മീ. പന കൊണ്ടുള്ള വേലി 2020-21-ൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ/പേപ്പാറ വന്യജീവി സങ്കേതങ്ങളിലും കോട്ടൂർ, അഗസ്ത്യവനം റെയ്ഞ്ചിലും പരീക്ഷണാടിസ്ഥാനത്തിൽ ജൈവവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജനവാസ മേഖലയിൽ വന്യജീവികൾ എത്തിയാൽ എസ്.എം.എസ്.-ലൂടെ മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം തീയതി 5-4-2018 പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണം സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകുന്നുണ്ട്.

(ഇ) വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി കേരള ഐ.ടി. മിഷന്റെ സഹായത്തോടെ ഇ-ഡിസ്ട്രിക്ട് എന്ന വെബ് പോർട്ടൽ വഴി ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാഘവൻ എന്ന വ്യക്തിയുടെ ആശ്രിതർക്ക് ജോലി

151(866) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 12-ന് വയനാട് ജില്ലയിലെ ചെറുകാട്ടൂർ വില്ലേജ് പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാഘവൻ എന്ന വ്യക്തിയുടെ ആശ്രിതർക്ക് ജോലി നൽകാനുള്ള കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഈ കാര്യത്തിന്റെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ചട്ടപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**വന്യമൃഗശല്യം**

152(867) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളടക്കമുള്ള വന്യമൃഗശല്യം രൂക്ഷമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കാട്ടാനകളടക്കമുള്ള വന്യമൃഗശല്യം പരിഹരിക്കുന്നതിനായി റെയിൽ ഫെൻസിംഗ്, ട്രഞ്ചുമടക്കമുള്ള ആധുനിക പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിന്റെ പരിധിയിൽവരുന്ന കോതമംഗലം ഡിവിഷനിലെ തട്ടേക്കാട് സെക്ഷനിൽ ചേലമലഭാഗത്തും പുന്നേക്കാട് ഭാഗത്തും അടുത്തകാലത്തായി കാട്ടാന ശല്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ചേലമല ഭാഗത്ത് ഒരു കിലോമീറ്റർ ദൂരം സോളാർ പവർ ഫെൻസിംഗ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വന്യജീവി ശല്യം**

153(868) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങി കൃഷിക്കും, കർഷകർക്കും നാശം വിതയ്ക്കുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങളെ വെടിവച്ച് കൊല്ലുന്നതിന് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഇത്തരം മൃഗങ്ങളെ കൊല്ലുന്നതിന് എന്തൊക്കെ നിബന്ധനകളാണ് ഉത്തരവിലുള്ളത്;

(സി) ഈ ഉത്തരവ് നടപ്പാക്കുന്നതിന് വനം വകുപ്പ് താഴെത്തട്ടിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) കൃഷിക്കും കർഷകരുടെ ജീവനുതന്നെയും ഭീഷണിയായ ഇത്തരം ജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (കൈ) നമ്പർ. 7/2019/വനം തീയതി 16-2-2019-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ ഒരു തവണയെങ്കിലും മനുഷ്യനുനേരെ വന്യജീവി ആക്രമണമുണ്ടായിട്ടുള്ള പഞ്ചായത്ത് വാർഡുകളിൽ കടന്നുവരുന്നവയെ മാത്രമേ കൊല്ലുന്നതിന് പരിഗണിക്കാവൂ.

കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ കൃഷിനാശത്തിന് നഷ്ടപരിഹാരമായി 10 ലക്ഷം രൂപയെങ്കിലും നൽകിയിട്ടുള്ള പഞ്ചായത്തിലെ വാർഡുകളിലും ഇതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. തീവ്രമായ മൃഗശല്യമുള്ളതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അദ്ധ്യക്ഷനായതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു സർക്കാരിതര ഏജൻസിയുടെ പ്രതിനിധി എന്നിവർ ചേർന്ന കമ്മിറ്റി വിലയിരുത്തിയതുമായ പഞ്ചായത്ത് വാർഡിലും അതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

പ്രദേശത്തെ ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച് ശിപാർശ ചെയ്യുന്ന പ്രകാരമുള്ള ഭാഗത്തെ കാട്ടുപന്നികളെയും ഒഴിവാക്കുന്നതിന് പരിഗണിക്കേണ്ടതാണ്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കർഷകർക്ക് പരിക്കും ജീവഹാനിയും കൃഷിനാശവുമുണ്ടാക്കുന്ന കാട്ടുപന്നികളിൽനിന്ന് ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച് 11-12-2018-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വിശദമായ ചർച്ച ചെയ്യുകയുണ്ടായി. കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളൽ അവയെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നതിന് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുന്നതുവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗപ്പെടുത്തി ഉപദ്രവകാരികളായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചില ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇവയെ പ്രതിരോധിക്കുന്നതിലേക്കായി സൗരോർജ്ജ വേലികൾ, കമ്പിവേലികൾ തുടങ്ങിയവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വന്യജീവിശല്യം

154(869) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ വന്യജീവിശല്യം നേരിടുന്നതിന് വനം വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവോ; എങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ദൂരവും അനുവദിച്ച തുകയും വിശദമാക്കാമോ;

(സി) വന്യജീവിശല്യം നേരിടുന്നതിന് കൽപ്പറ്റ മണ്ഡലത്തിൽ ഇതുവരെ എന്തെല്ലാം പ്രവൃത്തികളും പദ്ധതികളും നടപ്പിൽ വരുത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ 2/2020/വനം തീയതി 23-1-2020 പ്രകാരം കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. കൽപ്പറ്റ മണ്ഡലത്തിൽ ക്രഷ് ഗാർഡ് ഫെൻസിംഗ് പ്രവൃത്തി നടത്തുന്നതിന് 4.2349 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി)

| റെയ്ഞ്ച് | സ്റ്റേഷൻ/ സെക്ഷൻ | നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശം | എസ്റ്റിമേറ്റ് നമ്പർ | കിലോമീറ്റർ | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|---|---|---|
| കൽപ്പറ്റ | സുഗന്ധഗിരി സെക്ഷൻ | കരുന്നംപുറം മുതൽ 10-ാം മൈൽ വരെ | CCE-65/2019-20/Orgl | 3 കി.മീ. | 1.5824 |
| മേപ്പാടി | വൈത്തിരി സ്റ്റേഷൻ | വേങ്ങക്കോട് മുതൽ ചെമ്പ്ര വരെ | CCE-67/2019-20/Orgl | 5 കി.മീ. | 2.6525 |

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഈ ഡിവിഷനുകീഴിലെ മേപ്പാടി റെയിഞ്ചിൽപ്പെട്ട ഈട്ടികുന്ന് വാകാ പ്ലാന്റേഷൻ, വേങ്ങാക്കോട്, ആനപ്പാറ, ചെമ്പ്ര, ചന്ദ്രഗിരി, ചോലാടി, കൽപ്പറ്റ റെയ്ഞ്ചിലെ വാരാമ്പറ്റ, കാപ്പിക്കളം, തരിയോട്, കറുകൻതോട് എന്നീ പ്രദേശങ്ങളിൽ വന്യജീവി ശല്യം കൂടുതലായിട്ടുണ്ട്. വന്യജീവി ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ സ്റ്റാഫ് സ്ഥിരം പെട്രോളിംഗ് നടത്തുന്നുണ്ട്. വന്യജീവി ശല്യം തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന നടപടികൾ ഈ ഡിവിഷനിൽ സ്വീകരിച്ചിട്ടുണ്ട്.

1. വൈദ്യുത കമ്പിവേലി സ്ഥാപിക്കൽ

| മേപ്പാടി റെയ്ഞ്ച് | കൽപ്പറ്റ റെയ്ഞ്ച് |
|---|---|
| 1. പുളക്കുന്ന് മുതൽ എളമ്പിലേരി വരെ | 1. അമ്പത് ഏക്കർ മുതൽ ആനപ്പന്തി ഭാഗം വരെ |
| 2. കനേഡിയൻ കുന്ന് മുതൽ വട്ടകുണ്ട് വരെ | 2. ആനപ്പാടി മുതൽ അംബസി ബ്ലോക്ക് ഭാഗം വരെ |
| 3. ചോലമല മുതൽ ചുളുക്ക വരെ | 3. അംബ സി ബ്ലോക്ക് ഭാഗം മുതൽ 6-ാം യൂണിറ്റ് വരെ |
| 4. ചുളുക്ക മുതൽ അരണമല വരെ | |
| 5. നീലിമല മുതൽ മീൻമുട്ടി വരെ | |
| 6. ലക്കിടി മുതൽ അരുണഗിരി വരെ | |
| 7. കുടച്ചിക്കുന്ന് മുതൽ കൊടശ്ശേരി വരെ | |
| 8. വടവെട്ടിക്കുന്ന് മുതൽ പുഞ്ചക്കാട് വരെ | |
| 9. എളമ്പലേരി മുതൽ ചോലമല വരെ | |
| 10. കടച്ചുകുന്ന് മുതൽ പാൽച്ചുരം വരെ | |
| 11. പുഞ്ചിരിമറ്റം മുതൽ മുണ്ടകൈ വരെ | |
| 12. ഏലമല മുതൽ പുഞ്ചരിമറ്റം വരെ | |
| 13. ചെമ്പ്ര മുതൽ പാലോട് വരെ | |
| 14.മേലെ ഇരുമ്പുപാലം മീൻമുട്ടി വെള്ളച്ചാട്ടം | |
| 15. മീൻമുട്ടി-ചോലാടി | |

2. വൈദ്യുത കമ്പിവേലി അറ്റകുറ്റപ്പണി പ്രവൃത്തികൾ

| മേപ്പാടി റെയ്ഞ്ച് | കൽപ്പറ്റ റെയ്ഞ്ച് |
|---|---|
| (1) | (2) |
| 1. ഏറാട്ടുകണ്ട് കോളനി ഭാഗം | 1. പാറത്തോട് ഇതിരഞ്ചേരി ഭാഗം |
| 2. പരപ്പൻപാറ കോളനി ഭാഗം | 2. തരിയോട് എട്ടാം മൈൽ ഭാഗം |
| 3. സൺറൈസ്വാലി ശേഖരൻ കണ്ട് ഭാഗം | 3. കുന്നമ്പുറം കാപ്പിക്കാട് പള്ളിയാറ പ്പൊയിൽ ഭാഗം |

| (1) | (2) |
|---|---|
| 4. ചേലാടി മീൻമുട്ടി ഭാഗം | 4. കാപ്പിക്കളം കുറ്റ്യാം വയൽ ഭാഗം |
| 5. പടവെട്ടി മുതൽ ഏലമല | 5. കുറിച്യാർമല റാട്ടപ്പറ കറുകൻതോട് 30 ഏക്കർ ഭാഗം |
| 6.അറമല മുതൽ ഒലിവുമല എളമ്പിലേരി | 6. തരിയോട് പത്താം മൈൽ കുന്നമ്പുറം ഭാഗം |
| 7. നീലിമല മുതൽ മീൻമുട്ടി വരെ | 7. പാറത്തോട് സേട്ട്കുന്ന് ഭാഗം |
| 8. പുല്ലുമല മുതൽ കടച്ചിക്കുന്ന് പാലച്ചുരം കോളനി ഭാഗം | 8. പാറത്തോട് മുതൽ 10-ാം മൈൽ വരെ |
| 9. കടച്ചിക്കുന്ന് മുതൽ കാടാശ്ശേരി വരെ | 9. കാപ്പിക്കളം മുതൽ അത്താണി വരെ |
| 10. ഏലമല മുതൽ പുഞ്ചിരിമറ്റം വരെ | 10. 10-ാം മൈൽ കുന്നംപുറം വരെ |
| | 11. അമ്പ 6-ാം യൂണിറ്റ് മുതൽ ആനപ്പാടി വരെ |
| | 12. 30 ഏക്കർ മുതൽ വണ്ണാത്തി വരെ |
| | 13. ആനപ്പാടി മുതൽ 50 ഏക്കർ വരെ |
| | 14. പാറത്തോട് മുതൽ ചെമ്പൻകുന്ന് വരെ |
| | 15. ചെമ്പൻകുന്ന് മുതൽ മേൽമുറി വരെ |
| | 16. പാറത്തോട് മുതൽ 10-ാം മൈൽ വരെ |
| | 17. വണ്ണാത്തി മുതൽ അമ്പ വരെ |

3. <u>ആന പ്രതിരോധ കിടങ്ങ് നിർമ്മാണം</u>

<u>കൽപ്പറ്റ റെയ്ഞ്ച്</u>

1. കരിങ്കണ്ണി ആന്റി പോച്ചിംഗ് ഷെഡ്ഡിന് ചുറ്റം

4. <u>ആന പ്രതിരോധ കിടങ്ങ് അറ്റകുറ്റപ്പണി</u>

<u>മേപ്പാടി റെയ്ഞ്ച്</u>

വേങ്ങാക്കോട് ഭാഗം

5. വനത്തിനകത്തെ കുളങ്ങളും ചെക്ക് ഡാമുകളും ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തി.

മേപ്പാടി റെയ്ഞ്ച്

1. വട്ടകണ്ട്

2. ഏലമല

3. കരിമറ്റം

4. റമ്പാനിയ

5. അരുണഗിരി

കൽപ്പറ്റ റെയ്ഞ്ച്

1. കുറിച്യാർമല

6. പുതിയ കുളം നിർമ്മിക്കൽ

1. നല്ലന്നൂർ വനഭാഗം

കൂടാതെ വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കാട്ടാനകളെ കാട്ടിലേക്കുതന്നെ തുരത്തി ഓടിക്കുന്നതിന് ദിവസവേതന വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം

155(870) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റംമൂലമുണ്ടായ കൃഷിനാശത്തിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഈയിനത്തിൽ വനം വകുപ്പ് നൽകിയ നഷ്ടപരിഹാരത്തുക എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റംമൂലമുണ്ടായ കൃഷി നാശത്തിന്റെ കണക്കും നഷ്ടപരിഹാരം നൽകിയ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു:

| | | നഷ്ടപരിഹാരം | | | |
|---|---|---|---|---|---|
| പഞ്ചായത്തിന്റെ പേര് | അപേക്ഷകരുടെ എണ്ണം | നൽകിയവരുടെ എണ്ണം | നൽകിയ തുക | നൽകുവാനുള്ളവരുടെ എണ്ണം | റിമാർക്സ് |
| പാണഞ്ചേരി | 45 | 37 | 259262 | 8 | ബാക്കി അപേക്ഷകളിൽ അന്വേഷണം പൂർത്തീകരിച്ച് നഷ്ടപരിഹാരം നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| പുത്തൂർ | 10 | 7 | 22471 | 3 | |
| മാടക്കത്തറ | 1 | 1 | 18205 | - | |
| നടത്തറ | 1 | 1 | 6960 | - | |

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

156(871) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കും ഇതുമൂലം കൃഷി നശിക്കുന്നവർക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) 2018-19-ൽ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് എന്ത് തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങൾ വിളകൾ നശിപ്പിച്ചവകയിൽ 2018-19 ൽ വകുപ്പ് കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നഷ്ടപരിഹാരം നൽകുന്നുണ്ട്.

വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ തുകയും ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി നൽകിവരുന്നു. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

(ബി) 2018-19-ൽ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് 442.54 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(സി) വന്യമൃഗങ്ങൾ വിളകൾ നശിപ്പിച്ചവകയിൽ 2018-19-ൽ വകുപ്പ് കർഷകർക്ക് നഷ്ടപരിഹാരമായി 460.77 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം

157(872) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുവ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ചുവ്യക്തമാക്കാമോ; കാലവിളംബത്തിനുള്ള കാരണം ട്രഷറി നിരോധനമാണോ എന്നും ട്രഷറി ചെക്കുകൾ മാറി കിട്ടാത്ത അവസ്ഥയുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 5-4-2018-ലെ സ.ഉ.(കൈ) നം. 17/2018/ വനം പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിവരുന്നു. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ കുടുംബങ്ങൾക്ക് ധനസഹായം നൽകിയ വിവരം മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ദേവികുളം | 2 |
| 2 | വൈപ്പിൻ | 3 |
| 3 | പറവൂർ | 4 |
| 4 | കുന്നത്തുനാട് | 1 |
| 5 | ആലുവ | 1 |
| 6 | കൊച്ചി | 1 |
| 7 | തൃപ്പൂണിത്തുറ | 1 |
| 8 | കൊടുങ്ങല്ലൂർ | 24 |
| 9 | ചാലക്കുടി | 13 |
| 10 | തൃശ്ശൂർ | 1 |
| 11 | മണലൂർ | 7 |
| 12 | ചേലക്കര | 1 |
| 13 | നാട്ടിക | 1 |
| 14 | വടക്കാഞ്ചേരി | 1 |
| 15 | ഒല്ലൂർ | 1 |
| 16 | കോതമംഗലം | 2 |
| 17 | തൊടുപുഴ | 2 |
| 18 | ഉടുമ്പൻചോല | 2 |

| (1) | (2) | (3) |
|---|---|---|
| 19 | റാന്നി | 1 |
| 20 | ഏറ്റുമാനൂർ | 1 |
| 21 | പാലാ | 1 |
| 22 | പീരുമേട് | 1 |
| 23 | പൂഞ്ഞാർ | 2 |
| 24 | കടുത്തുരുത്തി | 2 |
| 25 | കൊച്ചി | 2 |
| 26 | വൈക്കം | 6 |
| 27 | ദേവികുളം | 1 |
| 28 | നെടുമങ്ങാട് | 3 |
| 29 | വാമനപുരം | 2 |
| 30 | വർക്കല | 1 |
| 31 | നേമം | 1 |
| 32 | ആറ്റിങ്ങൽ | 3 |
| 33 | കാട്ടാക്കട | 1 |
| 34 | നെയ്യാറ്റിൻകര | 1 |
| 35 | പാറശ്ശാല | 1 |
| 36 | ചിറയിൻകീഴ് | 1 |
| 37 | അരുവിക്കര | 1 |
| 38 | കരുനാഗപ്പള്ളി | 5 |
| 39 | അടൂർ | 1 |
| 40 | ചവറ | 2 |
| 41 | ആറന്മുള | 2 |
| 42 | റാന്നി | 4 |
| 43 | ആലപ്പുഴ | 10 |
| 44 | പത്തനംതിട്ട | 3 |

| (1) | (2) | (3) |
|---|---|---|
| 45 | മാവേലിക്കര | 1 |
| 46 | അരൂർ | 1 |
| 47 | കോന്നി | 1 |
| 48 | പുനലൂർ | 1 |
| 49 | പേരാവൂർ | 1 |
| 50 | സുൽത്താൻബത്തേരി | 1 |
| 51 | ദേവികുളം | 1 |
| 52 | കൊയിലാണ്ടി | 1 |
| 53 | എലത്തൂർ | 2 |
| 54 | വടകര | 1 |
| 55 | ബേപ്പൂർ | 1 |
| 56 | കുന്ദമംഗലം | 1 |
| 57 | തളിപ്പറമ്പ് | 2 |
| 58 | കല്ല്യാശ്ശേരി | 2 |
| 59 | അഴീക്കോട് | 1 |
| 60 | കണ്ണൂർ | 3 |
| 61 | തലശ്ശേരി | 1 |
| 62 | കൂത്തുപറമ്പ് | 2 |
| 63 | പേരാവൂർ | 1 |
| 64 | മട്ടന്നൂർ | 2 |
| 65 | കൽപ്പറ്റ | 1 |
| 66 | ബത്തേരി | 2 |
| 67 | തൃക്കരിപ്പൂർ | 3 |
| 68 | കാഞ്ഞങ്ങാട് | 3 |
| 69 | ഉദുമ | 2 |
| 70 | കാസർഗോഡ് | 2 |
| 71 | മഞ്ചേശ്വരം | 1 |

(സി) പട്ടിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മരമടി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

158(873) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിന്റെ ഭാഗമായി മരമടി പോലുള്ള കാർഷികോൽസവങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ട സ്വകാര്യ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്/കന്നുപൂട്ട്/മരമടി/ഉഴവ് മത്സരങ്ങൾ തുടർന്നും നടത്തുന്നതിന് കേന്ദ്ര നിയമമായ 1960-ലെ The Prevention of Cruelty to Animals Act ഭേദഗതി ചെയ്യുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## നാട്ടാനകളുടെ ഉടമസ്ഥാവകാശം

159(874) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിൽ സുപ്രീംകോടതി അംഗീകരിച്ച കേന്ദ്ര വനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പ്രസ്തുത മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഗുരുവായൂർ, കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾ നാട്ടാനകളെ പാർപ്പിക്കുവാൻ കൂടുതൽ സ്ഥലം കണ്ടെത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) അതിൻപ്രകാരമുള്ള നിർദ്ദേശം ദേവസ്വം ബോർഡുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നാട്ടാനകളുടെ ക്ഷേമവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര വനമന്ത്രാലയത്തിനുകീഴിൽ വരുന്ന കേന്ദ്ര സൂ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനമന്ത്രാലയം പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന 8-1-2008-ലെ നമ്പർ 9-5-2003 പി.ഇ. നമ്പർ മെമ്മോറാണ്ടവും 29-9-2017-ലെ എഫ്. നമ്പർ 2-5-2006 പി.ഇ. (വാല്ല്യം II) നമ്പർ മെമ്മോറാണ്ടവും ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വനമന്ത്രാലയത്തിന്റെ 29-9-2017-ലെ എഫ്. നമ്പർ 2-5-2006 പി.ഇ. (വാല്ല്യം II) നമ്പർ മെമ്മോറാണ്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഒരു ആനയ്ക്ക് കുറഞ്ഞത് 0.2 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ 8-1-2008-ലെ നമ്പർ 9-5/2003 പി.ഇ. നമ്പർ മെമ്മോറാണ്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങളിലും 2003-ലെ കേരള നാട്ടാന പരിപാലന നിയമത്തിലും 2012-ലെ ഭേദഗതി നിയമത്തിലും ഒരു മുതിർന്ന ആനയെ പാർപ്പിക്കുന്നതിനായി കുറഞ്ഞത് 54 ച.മീ. വരുന്ന തറ വിസ്താരമുള്ള ആനക്കൊട്ടിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദേവസ്വം ബോർഡുകളും ആനയുടമസ്ഥരും പാർപ്പിട സൗകര്യമൊരുക്കുവാൻ ബാദ്ധ്യസ്ഥരാണ്.

(സി) 2003-ലെ കേരള നാട്ടാന പരിപാലന നിയമവും 2012-ലെ ഭേദഗതി നിയമവും സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ബന്ധപ്പെട്ടവർക്ക് പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഗുരുവായൂർ ദേവസ്വം പുന്നത്തൂർ കോട്ടയും കേരള സംസ്ഥാന വന്യജീവി ബോർഡ് ഉപസമിതി 20-6-2013-ൽ പരിശോധന നടത്തി നൽകിയ റിപ്പോർട്ടിൽ ആനകളെ പാർപ്പിക്കുന്നതിനായി കൂടുതൽ സ്ഥലം ദേവസ്വം ബോർഡ് കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണം**

160(875) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം മൃഗസംരക്ഷണത്തിനായുള്ള ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ശതമാനം തുക ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കന്നുകാലി രോഗനിർണ്ണയ പദ്ധതി**

161(876) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കന്നുകാലി രോഗനിയന്ത്രണ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പു രോഗത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ക്ഷീരകർഷക ഭവനങ്ങളിലും ഈ രോഗപ്രതിരോധ പരിപാടിയുടെ സന്ദേശവും പ്രവർത്തനവും എത്തിക്കുന്നുണ്ടോ;

(ഡി) കന്നുകാലികളെ ബാധിക്കുന്ന മറ്റേതൊക്കെ രോഗങ്ങളാണ് കന്നുകാലി രോഗനിയന്ത്രണ പദ്ധതി മുഖേന ഫലപ്രദമായി പരിഹരിക്കുന്നതെന്നും ആയതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന കന്നുകാലികളിൽ കണ്ടുവരുന്ന സാംക്രമിക രോഗങ്ങൾക്കും പകർച്ചവ്യാധികൾക്കും ഫലപ്രദമായ പ്രതിരോധ കുത്തിവയ്പുകൾ സമയബന്ധിതമായി നൽകി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും രോഗബാധയിൽനിന്നും സംരക്ഷിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ് കന്നുകാലി രോഗനിയന്ത്രണ പദ്ധതി. ഇതോടൊപ്പം സംസ്ഥാനത്തെ കർഷകർക്ക് ഏത് അടിയന്തര സാഹചര്യത്തിലും ബന്ധപ്പെടുവാനും സംശയ നിവാരണം നടത്തുന്നതിനും ഒരു സ്റ്റേറ്റ് ലെവൽ അനിമൽ ഡിസീസ് എമർജൻസി കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. 2004-ൽ രൂപീകൃതമായ പ്രോജക്ട് പ്രധാനമായും കുളമ്പുരോഗബാധ, ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആട്ടവസന്ത നിയന്ത്രണ പദ്ധതി, ജന്തുരോഗ നിയന്ത്രണ സംസ്ഥാന സഹായ പദ്ധതി എന്നിവ നടപ്പിലാക്കി കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാനും പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കുത്തിവെയ്പ്പ് കാലയളവിൽ മറ്റേതെങ്കിലും അസുഖം ബാധിച്ച് അവശനിലയിലായ ഉരുക്കൾ, 8 മാസത്തിനുമേൽ ഗർഭം ധരിച്ച് നിൽക്കുന്ന ഉരുക്കൾ എന്നിവയെ അപ്പോൾ കുത്തിവെയ്പ്പിനു വിധേയമാക്കാറില്ല. എന്നാൽ രോഗം മാറിയതിനുശേഷമോ പ്രസവശേഷമോ കുത്തിവയ്പ്പ് നൽകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രധാനമായും കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതുകൂടാതെ നായ്ക്കൾക്കുള്ള പേവിഷ പ്രതിരോധ വാക്സിനുകൾ വാങ്ങി പഞ്ചായത്തുകളിൽ വിതരണം നടത്തുന്നു. ആട്ടവസന്ത ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അതിനുള്ള പ്രതിരോധ വാക്സിനുകൾ ലഭ്യമാക്കുന്നു. കന്നുകാലികളിൽനിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യ രോഗങ്ങളായ പക്ഷിപ്പനി, കുരങ്ങുപനി, കരലടപ്പൻ, ബ്രൂസല്ലോസിസ്, നിപ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ നിരീക്ഷണവും കരുതൽ നടപടികളും സ്വീകരിക്കുന്നു. അതുപോലെതന്നെ പാലോട് പ്രവർത്തിക്കുന്ന ഐ.എ.എച്ച് & വി.ബി.-യിൽ ഉൽപ്പാദിപ്പിക്കുന്ന അടപ്പൻ, കരലടപ്പൻ തുടങ്ങിയവയ്ക്കുള്ള വാക്സിനുകളും കോഴി, താറാവ് എന്നിവക്കുള്ള വാക്സിനുകളും ഈ സ്ഥാപനം മുഖേന സംസ്ഥാനത്തുള്ള മൃഗാശുപത്രികൾവഴി പ്രതിരോധ കുത്തിവയ്പ്പുകൾക്കായി വിതരണം ചെയ്തുവരുന്നു.

**പ്രളയത്തിൽ കന്നുകാലി സമ്പത്തിലുണ്ടായ നഷ്ടം**

162(877) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് കന്നുകാലി സമ്പത്തിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കന്നുകാലി കർഷകർക്കുണ്ടായ നഷ്ടം നികത്തുവാൻ ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്;

(സി) ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമകൾ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു. 87 കോഴി ഷെഡ്ഡുകളും 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് 2019-ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, ടി.എം.ആർ. എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ലഭ്യമായിട്ടില്ല.

**കന്നുകാലികളുടെ ലംപി സ്കിൻ രോഗബാധ**

163(878) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം.ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലികളിൽ ലംപി സ്കിൻ എന്ന വൈറസ് രോഗം വ്യാപിക്കുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രോഗബാധ തടയുന്നതിനും ക്ഷീരകർഷകരുടെ ആശങ്കയകറ്റുന്നതിനുമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 7 ജില്ലകളിൽ 29-1-2020 വരെ 2813 കന്നുകാലികളിൽ രോഗബാധ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 20 കേസ്സുകൾ ലബോറട്ടറി പരിശോധനയിൽ സ്ഥിരീകരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 17344 ഉരുക്കുകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും വാക്സിനേഷനുകൾ ഇപ്പോഴും നടത്തിവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത രോഗബാധയുടെ വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രതിരോധ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് ഗോട്ട് പോക്സ് വാക്സിൻ (ഉത്തർകാശി സ്ട്രെയിൻ) 37500 ഡോസുകൾ വാങ്ങി 7 ജില്ലകളിലായി വിതരണം നടത്തുകയും പ്രതിരോധ കുത്തിവയ്പ്പ് 5 കി.മീ. ചുറ്റളവിൽ തുടങ്ങുകയും ചെയ്തിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനായി രോഗബാധയുണ്ടായ ഓരോ പഞ്ചായത്തിലും 5000 രൂപ വീതം അടിയന്തരമായി അനുവദിക്കുകയും ടി തുക വിനിയോഗിച്ച് ചികിത്സയ്ക്കുള്ള മരുന്നുകൾ, അണുനാശിനികൾ, ആന്റിസെപ്റ്റിക് ലേപനങ്ങൾ എന്നിവ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ആശങ്കയകറ്റാൻ പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി

164(879) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് എന്ന പദ്ധതി എത്ര വിദ്യാലയങ്ങളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് എന്ന പദ്ധതി 110 വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. SNDP HSS ഒക്കൽ, SNDP HSS ഉദയംപേരൂർ എന്നീ വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

165(880) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ എത്ര ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 36 ഒഴിവുകൾ നിലവിലുണ്ട്.

<u>ജില്ല തിരിച്ചുള്ള കണക്ക്</u>

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | കൊല്ലം | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 9 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 3 |

(ബി) പ്രസ്തുത ഒഴിവുകളിൽ 29 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ജില്ല തിരിച്ചുള്ള കണക്ക്</u>

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല |
| 2 | കൊല്ലം | - |
| 3 | പത്തനംതിട്ട | - |

| | | |
|---|---|---|
| 4 | ആലപ്പുഴ | - |
| 5 | കോട്ടയം | ഇല്ല |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 1 |
| 10 | മലപ്പുറം | 8 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | - |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |

(സി) തിരുവനന്തപുരം ജില്ലയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ 12 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ പേര് | മാതൃസ്ഥാപനം | നിലവിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. ജോണി പി. ജോർജ്ജ് | വെറ്ററിനറി ഹോസ്പിറ്റൽ, നാലാഞ്ചിറ, തിരുവനന്തപുരം | മൃഗസംരക്ഷണ വകുപ്പ്, ഡയറക്ടറേറ്റ് |
| 2 | ശ്രീ. സത്യപാലൻ കെ. | വെറ്ററിനറി ഡിസ്പെൻസറി, ഒതുക്കുങ്ങൽ, മലപ്പുറം | മൃഗസംരക്ഷണ വകുപ്പ്, ഡയറക്ടറേറ്റ് |
| 3 | ശ്രീ. ബാലചന്ദ്രൻ കാണി | വെറ്ററിനറി ഉപകേന്ദ്രം, വടശ്ശേരിക്കോണം, (under V4 Kallambalam), തിരുവനന്തപുരം | ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ |
| 4 | ശ്രീ. അനി ചന്ദ്രൻ | വെറ്ററിനറി ഡിസ്പെൻസറി, താനല്ലൂർ, മലപ്പുറം | ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല |

| | | | |
|---|---|---|---|
| 5 | ശ്രീമതി വിജി. ബി | വെറ്ററിനറി ഉപകേന്ദ്രം, കല്ലൂർ, കോഴിക്കോട് | വെറ്ററിനറി ഉപകേന്ദ്രം, മാങ്കോട്ടുകോണം (under VD കൊല്ലയിൽ) |
| 6 | ശ്രീ. അരുൺരാജ് വി. ലോറൻസ് | വെറ്ററിനറി സബ്സെന്റർ, ക്കുവേരി, വെറ്ററിനറി ഡിസ്പെൻസറി, പെരുമ്പടവ്, കണ്ണൂർ | ആർ. പി. ചെക്ക്പോസ്റ്റ്, പാറശ്ശാല |
| 7 | ശ്രീമതി സ്മിത വി.വി. | വെറ്ററിനറി ഡിസ്പെൻസറി, പെരുമ്പടവ്, കണ്ണൂർ | ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല |
| 8 | ശ്രീമതി വിദ്യ പി.ആർ. | വെറ്ററിനറി ഉപകേന്ദ്രം, കാഞ്ഞിരംകൊല്ലി, (under വെറ്ററിനറി ഡിസ്പെൻസറി പൈസക്കരി), കണ്ണൂർ | ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് |
| 9 | ശ്രീ. വരുൺലാൽ എസ്. | മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, ജില്ലാ വെറ്ററിനറി കേന്ദ്രം, കണ്ണൂർ | ജേഴ്സി ഫാം, വിതുര |
| 10 | ശ്രീ. അനിലാഷ് | വെറ്ററിനറി ഉപകേന്ദ്രം, കരിപ്പോൾ (under VD, Athavanad), മലപ്പുറം | SIAD, പാലോട് |
| 11 | ശ്രീ. ബി. ജയറാം | വെറ്ററിനറി ഉപകേന്ദ്രം, വെള്ളിമുറ്റം, മലപ്പുറം | ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ |
| 12 | ശ്രീ. സുഭാഷ്. ആർ | വെറ്ററിനറി ഉപകേന്ദ്രം, പെരിന്തിലേരി (under VD ചെങ്ങളായി), കണ്ണൂർ | ADCP (HQ) തിരുവനന്തപുരം |

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ

166(881) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഫസ്റ്റ് ഗ്രേഡ്, അസ്സിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ സംസ്ഥാനതല സ്ഥലംമാറ്റ ഉത്തരവിന്റെ പേരിൽ ഉണ്ടായിരിക്കുന്ന ആശങ്കകൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്ഥലംമാറ്റങ്ങൾ ഓൺലൈൻ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ദേശീയ കന്നുകാലി സെൻസസ് പൂർത്തീകരിച്ചിട്ടും സെൻസസ് ഉദ്യോഗസ്ഥർക്ക് അർഹമായ വേതനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് എന്നേക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ;

(സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ഭരണ നിയന്ത്രണം റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്ററുകളുടെ പരിധിയിലാക്കുന്നതും ഉപകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് വീക്ക്‌ലി ഓഫ് അനുവദിക്കുന്നതുമായ ആവശ്യങ്ങളിന്മേൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നതിനും ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് ഉത്തരവ് ഇറക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ക്ഷീരകർഷകർക്ക് ആവശ്യമായ മരുന്നുകളും പ്രഥമ ശുശ്രൂഷയും ഉപകേന്ദ്രങ്ങൾ വഴി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ, സംസ്ഥാനതല പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിരിക്കുന്ന കേസ്സുകളിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചതിന്റെയും നിലവിൽ കേരള അഡ്മിനിട്രേറ്റീവ് ട്രിബ്യൂണലിന്റെ 4-2-2019-ലെ CP(EKM)153/2019 in OA (EKM) 1227/19 നമ്പർ കോടതി അലക്ഷ്യ കേസ്സിന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതു സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നത്. സ്ഥലംമാറ്റ നടപടിയുടെ ഓരോ ഘട്ടത്തിലും താൽക്കാലിക പട്ടികകൾ പുറപ്പെടുവിക്കുകയും അപേക്ഷകർക്ക് പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കുന്നതിന് അവസരം നൽകുന്നതും നിയമപരമായ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. സ്ഥലംമാറ്റ നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല പൊതു സ്ഥലംമാറ്റങ്ങൾ വകുപ്പിൽ ആദ്യമായാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം സംസ്ഥാനതല പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ച് ആയതിൽ നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം ഓൺലൈൻ വഴി നടത്തുന്നതിന് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്.

(ബി) 20-ാം കന്നുകാലി സെൻസസിന്റെ നിയന്ത്രണ ചുമതല കേന്ദ്ര സർക്കാരിനാണ്. ആയതിന്റെ ഓണറേറിയം അനുവദിക്കുന്നതും കേന്ദ്ര സർക്കാരാണ്. 20-ാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം ആദ്യം ആരംഭിച്ച് (2018 ഒക്ടോബർ 1) പൂർത്തീകരിച്ച 18 സംസ്ഥാനങ്ങൾക്ക് മാത്രമേ നിലവിൽ കേന്ദ്ര സർക്കാർ ഓണറേറിയം അനുവദിച്ചിട്ടുള്ളൂ. 2018, 2019 വർഷങ്ങളിൽ കേരളത്തിലുണ്ടായ മഹാപ്രളയം കാരണം 20-ാം കന്നുകാലി സെൻസസ് സംസ്ഥാനത്ത് 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ആരംഭിച്ച് 2019 സെപ്തംബർ മാസത്തിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. രണ്ടാം ഘട്ടം സെൻസസ് ആരംഭിച്ച സംസ്ഥാനങ്ങൾക്ക് നിലവിൽ കേന്ദ്ര സർക്കാർ ഓണറേറിയം അനുവദിച്ചിട്ടില്ല. 20-ാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തിയായ സാഹചര്യത്തിൽ ഓണറേറിയം അടിയന്തരമായി അനുവദിക്കുവാൻ വകുപ്പ് നിരവധി കത്തുകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. 20-ാം കന്നുകാലി സെൻസസിന്റെ ഓണറേറിയം കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് തുക വിതരണം ചെയ്യുന്നതാണ്.

(സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ഭരണ നിയന്ത്രണം റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്ററുകളുടെ പരിധിയിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഒന്നും ലഭിച്ചിട്ടില്ല

27-09-2008-ലെ സ.ഉ.(കൈ) നമ്പർ 161/08/എ.ഡി പ്രകാരം വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക്.ടി ആഫീസുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിൽ വീക്ക്‌ലി ഓഫ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയ പുനഃസംഘടന സംബന്ധിച്ച നടപടികൾ നടന്നുവരികയാണ്.

പാരാ വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

(ഇ) ബജറ്റ് വിഹിതം ലഭ്യമായതനുസരിച്ച് വാങ്ങുന്ന മരുന്നുകളുടെ പ്രഥമ ശുശ്രൂഷക്കാവശ്യമായ മരുന്നുകൾ ഉപകേന്ദ്രങ്ങൾക്ക് നൽകി വരുന്നുണ്ട്.

**ക്ഷീരോൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തത**

167(882) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അത് ഒരു തൊഴിൽ സംസ്കാരമായി വളർത്തിയെടുക്കുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഗോസമൃദ്ധി 2019-20 പദ്ധതി പ്രകാരം നടപ്പിലാക്കിയ ഇൻഷ്വറൻസ് പരിരക്ഷ വിജയപ്രദമാണോ; ഇതിലൂടെ എത്ര ക്ഷീരകർഷകർക്കും അവരുടെ ഉരുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകിയെന്ന് അറിയിക്കാമോ;

(ഇ) ക്ഷീരകർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് കർഷകരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണമേഖലയിലൂടെയുള്ള പാൽ സംഭരണത്തിലും വിപണനത്തിലും ഏതാണ്ട് സ്വയംപര്യാപ്തതയിലെത്തിയിട്ടുണ്ട്. പ്രതിദിനം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളപ്പോൾ ഏകദേശം 82 ലക്ഷം ലിറ്ററോളം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയവും പ്രകൃതിക്ഷോഭവും കാരണമാണ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയാതെ പോയത്. എന്നാൽ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ക്രിയാത്മകമായ ഇടപെടലിലൂടെ പാലുല്പാദനത്തിൽ വന്ന കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ തുടർന്നുവരുന്നു.

(ബി) ക്ഷീരമേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും തൊഴിൽ സംസ്കാരമായി വളർത്തിയെടുക്കുന്നതിനും പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

1. മിൽക്ക് ഷെഡ്ഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. കാലിത്തീറ്റ സബ്സിഡി
4. കിടാരി പാർക്ക്
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
6. അവശ്യാധിഷ്ഠിത സഹായം
7. ക്ഷീരസംഘങ്ങൾക്കുള്ള സഹായം
8. ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം മരണാനന്തര സഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതോടൊപ്പം ഇതിനായി സഹായവും നൽകുന്നുണ്ട്.

ക്ഷീര സംഘങ്ങളിൽനിന്നും കർഷകർക്ക് പാലിന് വില ലഭിക്കുന്നത് പാലിൽ അടങ്ങിയിരിക്കുന്ന ഖര പദാർത്ഥങ്ങളുടെ അളവനുസരിച്ചാണ്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി ഗുണനിലവാരം വർദ്ധിപ്പിക്കുന്ന തിനാവശ്യമായ പരിശീലന പരിപാടികളും കാലിത്തൊഴുത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സഹായമായ നടപടികൾ സ്വീകരിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണവും വിതരണവും കൂടുതൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡ പ്രകാരമാക്കുന്നതിനും ധനസഹായം നൽകുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകളും ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റുകളും ക്ഷീരസംഘങ്ങൾവഴി സംഭരിക്കുന്ന പാലിന്റെയും പ്രാദേശിക വിപണനം നടത്തുന്ന പാലിന്റെയും ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പ്രാദേശികമായി സംഭരിക്കുന്ന പാലിന്റെയും വിപണനം നടത്തുന്ന പാലിന്റെയും ഗുണനിലവാരവും അണുഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായി 'ത്രൈമാസ ഗുണനിലവാര യജ്ഞം' കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഫലമായി പാലിലെ മൊത്ത ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും പാലിൽ അടങ്ങിയിരിക്കുന്ന അണുക്കളുടെ എണ്ണം കുറച്ച് സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ഗോസമൃദ്ധി 2019-2020 പദ്ധതി പ്രകാരം നടപ്പിലാക്കിയ ഇൻഷ്വറൻസ് പരിരക്ഷ വിജയപ്രദമാണ്.

നടപ്പ് സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 5 കോടി രൂപ ചെലവഴിച്ച് 50000 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിന്റെ ആദ്യഘട്ടമായി ലഭ്യമായ 2 കോടി രൂപ വിനിയോഗിച്ചുള്ള പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. നിലവിൽ 7427 ക്ഷീരകർഷകരുടെ 10600 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ട 39400 ഉരുക്കൾക്കുംകൂടി ഇൻഷ്വറൻസ് പരിരക്ഷ ഉടൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) ക്ഷീരകർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

## മാനന്തവാടി ബ്ലോക്കിൽ ക്ഷീരവികസന വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

168(883) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീരവികസന വകുപ്പ് മാനന്തവാടി ബ്ലോക്ക് പരിധിയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഗുണഭോക്താക്കളായവരുടെ പേര് വിവരങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കാമോ;

(സി) നിലവിൽ മാനന്തവാടി ബ്ലോക്കിൽ ക്ഷീരവികസന വകുപ്പ് നടത്തി കൊണ്ടിരിക്കുന്ന കർഷക ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി ബ്ലോക്കിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കാലിത്തീറ്റ സബ്സിഡി, സമഗ്ര ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിയത്.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതികളിലൂടെ കറവപശുക്കൾ, കിടാരികൾ, കറവയന്ത്രം എന്നിവ വാങ്ങുന്നതിനുള്ള ധനസഹായവും ക്ഷീകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായവും നൽകുന്നുണ്ട്.

തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള സഹായവും വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ് കണക്കിലെടുത്ത് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഭൂരിഭാഗം ക്ഷീരസംഘങ്ങളിലും വകുപ്പിന്റെ പദ്ധതി വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ വരെ ധനസഹായവും നൽകുന്നുണ്ട്.

ഉരുക്കളെയും അവരുടെ ഉടമസ്ഥരെയും ഉൾപ്പെടുത്തി ചികിത്സാചെലവ്, ലൈഫ് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള പദ്ധതിയായ സമഗ്ര ഇൻഷ്വറൻസ് പദ്ധതി, കറവപശുക്കളെ വാങ്ങുന്നതിനായി ബാങ്ക് വായ്പകളെടുത്ത് കുടിശ്ശിക വരുത്തിയ കർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷക കടാശ്വാസ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) ഈ സാമ്പത്തിക വർഷം മാനന്തവാടി ബ്ലോക്കിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കാലിത്തീറ്റ സബ്സിഡി, സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷകർക്ക് ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ.

## നെടുമങ്ങാട് മണ്ഡലത്തിലെ ക്ഷീര വികസന പദ്ധതികൾ

169(884) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീര വികസന വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

## ക്ഷീരഗ്രാമം പദ്ധതിയിൽ മെഴുവേലി പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

170(885) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി ആറന്മുള നിയോജകമണ്ഡലത്തിലെ മെഴുവേലി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

ആറന്മുള നിയോജകമണ്ഡലത്തിലെ മെഴുവേലി ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ ഭാഗമായി കറവ പശുക്കളെ വാങ്ങൽ, കിടാരികളെ വാങ്ങൽ, ആവശ്യാധിഷ്ഠിത പദ്ധതി, കറവ മെഷീൻ വാങ്ങൽ, ശാസ്ത്രീയ കാലിത്തൊഴുത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർമ്മാണം, തൊഴുത്തിലെ പരിസ്ഥിതി ആഘാതം ലഘൂകരിക്കൽ, ധാതുലവണ മിശ്രിതം വാങ്ങൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് ധനസഹായം | ആകെ |
|---|---|---|---|---|
| 1 | 2 പശു | 30 | 69000 | 2070000 |
| 2 | 5 പശു | 4 | 184000 | 736000 |
| 3 | 1 പശു+കിടാരി | 10 | 53000 | 530000 |
| 4 | 3 പശു+2 കിടാരി | 3 | 150000 | 450000 |
| 5 | ആവശ്യാധിഷ്ഠിത പദ്ധതി | 18 | 50000 | 900000 |
| 6 | കറവമെഷീൻ | 5 | 25000 | 125000 |
| 7 | ശാസ്ത്രീയകാലിത്തൊഴുത്ത് | 2 | 50000 | 100000 |
| 8 | തൊഴുത്തിലെ പാരിസ്ഥിതിആഘാത ലഘൂകരണം | 1 | 25000 | 25000 |
| 9 | ധാതുലവണ മിശ്രിതം | 154 | 100 | 15400 |
| 10 | ഡോക്യുമെന്റേഷൻ | - | 6000 | - |
| 11 | ട്രെയിനിംഗ് | - | 36600 | - |

**ആറന്മുള മണ്ഡലത്തിലെ പാലുൽപ്പാദനം**

171(886) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിലെ പാലിന്റെ ആവശ്യകത സംബന്ധിച്ചും പാലുൽപ്പാദനം സംബന്ധിച്ചുമുള്ള സ്ഥിതി വിവര കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രതിദിനം ആവശ്യമുള്ള പാലിന്റെ ഏകദേശ അളവ് (ലിറ്ററിൽ) | പ്രതിദിനം ആവശ്യമുള്ള പാലിന്റെ ശരാശരി അളവ് (ലിറ്ററിൽ) |
|---|---|---|---|
| 1 | ആറന്മുള | 4855 | 2770 |
| 2 | മെഴുവേലി | 4215.75 | 3835 |
| 3 | കുളനട | 5770 | 4505 |
| 4 | ഇലന്തൂർ | 3836 | 1320 |
| 5 | ഓമല്ലൂർ | 4404 | 2915 |
| 6 | ചെന്നീർക്കര | 4781 | 2750 |
| 7 | നാരങ്ങാനം | 4113 | 3900 |
| 8 | മല്ലപ്പുഴശ്ശേരി | 2946 | 1215 |
| 9 | തോട്ടപ്പുഴശ്ശേരി | 3667 | 1550 |
| 10 | കോയിപ്രം | 6606 | 3125 |
| 11 | ഇരവിപേരൂർ | 6293 | 3790 |
| 12 | കോഴഞ്ചേരി | 3005 | 875 |
| 13 | പത്തനംതിട്ട മുനിസിപ്പാലിറ്റി | 9385 | 1465 |

## ഗുണനിലവാരമുള്ള പാലുൽപ്പന്നങ്ങളുടെ വിതരണം

172(887) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ദിവസവുമുള്ള പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ആവശ്യകത എത്ര എന്നും സംസ്ഥാനത്തിലെ ഉല്പാദനം എത്ര എന്നും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അളവ് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെത്തുന്ന പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന സംസ്ഥാന സർക്കാർ ഫലപ്രദമായി നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും ഇതര സംസ്ഥാന ലോബികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ അതു തടയുവാനായും ഗുണനിലവാരമുള്ള പാലും പാലുല്പന്നങ്ങളും സംസ്ഥാനത്ത് ലഭ്യമാക്കുവാനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിൽ ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും വിപണനം നടത്തിയ എത്ര പേരെ വകുപ്പ് കണ്ടെത്തിയെന്നും എന്തു നടപടികൾ ഇത്തരക്കാർക്കെതിരെ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഏകദേശം 82 ലക്ഷം വരെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നു.

മിൽമ മുഖാന്തരമാണ് പാൽ അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നത്. മിൽമ പ്രതിദിനം ഏകദേശം 1 ലക്ഷം ലിറ്റർ പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ ക്ഷീരവികസന വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലകളിലുള്ള ജില്ലാതല ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

തമിഴ്നാട്, കർണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ വാങ്ങുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയശേഷം മാത്രമാണ് സ്വീകരിക്കുന്നത്. മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള ലബോറട്ടറികൾ സജ്ജമാണ്. മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റേഷനോടുകൂടിയ ലാബുകൾവഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി)പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് പ്രവർത്തിച്ചുവരുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ തിരുവനന്തപുരത്ത് NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിൽ റീജിയണൽ ലാബും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഗുണനിലവാരമില്ലാത്ത പാലും പാലുല്പന്നങ്ങളും ക്ഷീരവികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയാൽ വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്. നിയമനടപടികൾ സ്വീകരിക്കുന്നതിന് ക്ഷിരവികസന വകുപ്പിന് അധികാരമില്ല.

## ആൺ-പെൺമാനുകളെ വേർതിരിച്ച് പാർപ്പിക്കുന്ന രീതി

173(888) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളിൽ ഉൾപ്പെടെ മാനുകളുടെ വംശ വർദ്ധനവ് തടയുന്നതിന് ആൺ മാനുകളെയും പെൺമാനുകളെയും വേലി കെട്ടി വേർതിരിച്ചു പാർപ്പിക്കുന്ന രീതി സ്വീകരിച്ചുവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം നടപടികൾ മാനുകളുടെ ജൈവികമായ ആവശ്യങ്ങൾക്ക് വിഘാതമായതിനാൽ ഇവയ്ക്ക് ബദലായി ശാസ്ത്രീയമായ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ;

(സി) മാനുകളെ വേട്ടയാടുന്നത് നിരോധിച്ചിട്ടുള്ളത് വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണെന്നിരിക്കെ, എണ്ണക്കൂടുതൽ എന്ന കാരണത്താൽ വംശവർദ്ധനവ് തടയുന്നതും ജീവികളുടെ ജൈവികമായ ആവശ്യങ്ങൾക്ക് വിലങ്ങുനിൽക്കുന്ന നടപടികൾ സ്വീകരിക്കുന്നതും വന്യമൃഗസംരക്ഷണ നിയമങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വിരുദ്ധമായ നടപടിയാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളിൽ ഉൾപ്പെടെ മാനുകളുടെ വംശവർദ്ധനവ് തടയുന്നതിന് ആൺമാനുകളെയും പെൺമാനുകളെയും വേലികെട്ടി വേർതിരിച്ച് പാർപ്പിക്കുന്ന രീതി സ്വീകരിച്ചുവരുന്നില്ല.

(ബി) ബാധകമല്ല.

(സി) നിലവിലുള്ള നിയമങ്ങളനുസരിച്ചാണ് നടപടികൾ കൈക്കൊള്ളുന്നത്. വന്യജീവി സംരക്ഷണങ്ങൾക്കെതിരായ നടപടികളൊന്നുംതന്നെ കൈക്കൊണ്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിവരികയാണ്.

## പമ്പ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

174(889) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ പമ്പ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ളതും ഇറിഗേഷന്റെ ഓഫീസുകൾ നിലനിന്നിരുന്ന സ്ഥലത്തിനു സമീപമുള്ളതുമായ സ്ഥലം രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൽകുന്നതിന് എം.എൽ.എ. നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത കത്ത് റിപ്പോർട്ടിനായി പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് അയയ്ക്കുകയും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് 3-2-2020-ൽ സെക്ഷനിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## പ്രളയ പ്രതിരോധ നയരൂപീകരണം

175(890) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പ്രതിരോധ നയരൂപീകരണത്തിന്റെ ഭാഗമായി ജലവിഭവ വകുപ്പ് തിരുവനന്തപുരത്ത് ദേശീയ സമ്മേളനം സംഘടിപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ വെളിച്ചത്തിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങളെ എങ്ങനെ ഫലവത്തായി അഭിമുഖീകരിക്കാമെന്ന വിഷയത്തെ അടിസ്ഥാനമാക്കി ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2020 ജനവരി 23, 24 തീയതികളിൽ തിരുവനന്തപുരത്ത് ഒരു ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.

(ബി) പ്രസ്തുത ശിൽപ്പശാലയിൽ ഈ വിഷയത്തിലെ വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. പ്രധാനമായും ചുവടെ ചേർക്കുന്ന വിഷയങ്ങൾ വിശദമായി അവലോകനം ചെയ്യുകയുണ്ടായി:

(i) നെതർലാൻഡ്സ് മാതൃകയിലുള്ള 'നദിക്ക് വഴിയൊരുക്കുന്ന പദ്ധതി' (Room for River) എങ്ങനെ കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുന്നതിന് നടപ്പാക്കാം;

(ii) ചൈനീസ് മാതൃകയിലുള്ള 'സ്പോഞ്ച് സിറ്റി' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ വെള്ളപ്പൊക്കം എങ്ങനെ നിയന്ത്രിക്കാം;

(iii) പമ്പ, അച്ചൻകോവിൽ, മണിമല, പെരിയാർ, മീനച്ചൽ, ചാലിയാർ എന്നീ നദികളിൽ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകളുടെ സാധ്യത;

(iv) നദീതട മാനേജ്മെന്റ് സംയോജിത വെള്ളപ്പൊക്ക പരിപാലനം എന്നീ ആശയങ്ങളുടെ ആവിഷ്കാരം

(v) വെള്ളപ്പൊക്ക സാധ്യത കൂടിയ നദികളിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങളുടെ സ്ഥാപിക്കൽ, മേൽവിഷയങ്ങളിന്മേൽ നടത്തിയ ചർച്ചകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ട് വിശദമായൊരു റിപ്പോർട്ട് തുടർ നടപടിക്കായി തയ്യാറാക്കിവരുന്നുണ്ട്.

### ജലസേചന വകുപ്പ് വർക്ക്സ് ഡിവിഷനിലെ ഫയൽ കാണാതായത്

176(891) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് വർക്ക്സ് ഡിവിഷനിലെ സുപ്രധാനമായ പല ഫയലുകളും കാണാതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകളാണ് കാണാതായിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 665 ഫയലുകളാണ് കാണാതായിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച് 26-9-2018-ൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

### മാവേലിക്കര മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ

177(892) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും ആരംഭിക്കാനുള്ളതുമായ പ്രവൃത്തികൾ തരംതിരിച്ച് വിശദമാക്കുമോ;

(സി) എല്ലാ പ്രവൃത്തികളും ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു:

| Sl. No. | Name of Work | Amount | Status |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Construction of Arattukadavu north of Kunnam railway cross in ward no 5 of Thazhakkara Panchayat | 11,58,000 | Completed |
| 2 | Construction of a concrete bed bar at the mouth of Kottathodu portion to prevent the entry of liquid and solid waste to the intake portion of Kerala Water Authority pump house and protecting the left bank of Achenkovil river in that portion | 84,00,000 | Work started |
| 3 | Construction of a kadavu with protection work at the left bank of Achenkovil River to the down stream of Pulakkadavu in Thazhakkara Panchayat | 14,50,000 | Work in progress |
| 4 | SDRF-Flood Damages 2018-Restoring the L/B of Achenkovil river D/S of Kuruvikkadu kadavu in ward no. 2 of Mavelikkara Municipality in Mavelikkara Constituency. | 10,00,000 | -do- |
| 5 | SDRF- Repairs to various kadavu along Achenkovil river in Mavelikkara Municipality | 10,00,000 | Work started |
| 6 | SDRF-Flood Damages 2018-Repairs to various kadavu along Achenkovil in Thazhakkara Panchayat | 10,50,000 | -do- |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | SDRF-Flood Damages 2018-Repairs to various kadavu along Achenkovil River in Nooranad Panchayat | 8,00,000 | -do- |
| 8 | Urgent Flood Protection Work-Construction of a kadavu with protection work at the left bank of Achenkovil river at Munduchalil in ward no. 5 of Thazhakkara Panchayat | 12,60,000 | -do- |
| 9 | SDRF-Flood Damages 2018-Restoring the left bank Achenkovil river at Srampikkal Chira in ward no. 6 of Mavelikkara Municipality of Mavelikkara Constituency | 27,00,000 | Tender sanctioned |
| 10 | Construction of a Public kadavu at Konathukadavu in ward no. 7 of Thazhakara Panchayat in Mavelikkara Constituency | 24,00,000 | To be tendered |

(സി) എല്ലാ പ്രവൃത്തികളും ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കരയിലെ വാട്ടർ അതോറിറ്റി പദ്ധതികൾ**

178 (893) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ 2016 മെയ് 31 വരെയുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ 2019 ഡിസംബർ 31 വരെയുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രണ്ട് കാലയളവിലെയും വിവരങ്ങൾ പഞ്ചായത്ത് തിരിച്ചുവ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 10616 ഗാർഹിക കണക്ഷനുകൾ

(സി) 17224 ഗാർഹിക കണക്ഷനുകൾ

(ഡി) ഈ രണ്ട് കാലയളവിലെയും വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | പഞ്ചായത്ത് | 05/16 | 12/19 |
|---|---|---|---|
| 1 | മാവേലിക്കര | 3407 | 4286 |
| 2 | താമരക്കുളം | 855 | 1913 |
| 3 | ചുനക്കര | 754 | 1507 |
| 4 | തെക്കേക്കര | 164 | 400 |
| 5 | നൂറനാട് | 1296 | 2269 |
| 6 | ചെട്ടികുളങ്ങര | 605 | 899 |
| 7 | തഴക്കര | 2946 | 3909 |
| 8 | വള്ളികുന്നം | 325 | 766 |
| 9 | ഭരണിക്കാവ് | 264 | 509 |
| 10 | ചെന്നിത്തല | - | 766 |
| | ആകെ | 10616 | 17224 |

## ഹരിത കേരളം മിഷന്റെ നീർത്തട മാസ്റ്റർ പ്ലാൻ

179 (894) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ഹരിത കേരളം മിഷനുമായി സഹകരിച്ച് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കി അംഗീകരിച്ച നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വർക്കല ബ്ലോക്കിൽ 85.05 ലക്ഷം രൂപയുടെ പ്രവൃത്തികളും കിളിമാനൂർ ബ്ലോക്കിൽ 69.51 ലക്ഷം രൂപയുടെ പ്രവൃത്തികളും നടത്തിവരുന്നു. വർക്കല, കിളിമാനൂർ ബ്ലോക്കിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ**

180 (895) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കല്ലട ജലസേചന പദ്ധതിയുടെ കൊട്ടാരക്കര സർക്കിൾ ഓഫീസിന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണിക്കായി ഈ സാമ്പത്തിക വർഷം എന്ത് തുക അനുവദിച്ചിരുന്നു എന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;

(ഡി) കല്ലട ജലസേചന പദ്ധതിയുടെ കൊട്ടാരക്കര സർക്കിൾ ഓഫീസ് നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായിട്ടാണ് കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശൃംഖല വ്യാപിച്ചുകിടക്കുന്നത്. ഫീൽഡ് ചാനലുകൾ കൂടാതെ 911.5 കി.മീ. നീളത്തിലുള്ള കനാലുകളിൽ പൂർത്തീകരിച്ച 877 കീ.മീ. നീളത്തിൽ ഓരോ കനാലുകളുടെയും വാലറ്റം വരെ ജലവിതരണം ജനുവരി മാസം മുതൽ ജൂൺ ആദ്യവാരം വരെ നടത്തി വരികയും 220 കി. മീ. ഓളം നീളത്തിൽ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളുടെ മേൽനോട്ടവും നിർവ്വഹിച്ചുവരുന്നു. ഇവയിൽ ചില ഭാഗങ്ങളിൽ റോഡുകൾ കനാലിന്റെ അക്വഡക്റ്റിന്റെ മുകളിൽ കൂടെയാണ് കടന്നുപോകുന്നത്. ഇക്കാരണത്താൽ തന്നെ ചുരുങ്ങിയ ദൈർഘ്യത്തിൽ ഗതാഗത സൗകര്യവും ലഭിക്കുന്നു. മേപ്പടി കനാൽ ശൃംഖലയിൽ ധാരാളം അക്വഡക്റ്റുകളും 7 തുരങ്കങ്ങളും പാലങ്ങളും കട്ട് ആന്റ് കവർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ സംരക്ഷണവും നടത്തുന്നത് കൂടാതെ വളരെ സുരക്ഷിതത്വം ആവശ്യമായ തെന്മല ഡാം, സ്പിൽവേ, ഒറ്റക്കൽ തടയണ മുതലായവയുടെ ഉപയോഗവും സുരക്ഷിതത്വവും നിയന്ത്രിച്ചുവരുന്നു. കല്ലടയാറ്റിൽ 1992 വരെ പല വർഷങ്ങളിലും ഉണ്ടാകുമായിരുന്ന വെള്ളപ്പൊക്കം ഡാമിൽ വെള്ള ശേഖരിച്ച് നിയന്ത്രണവിധേയമായി തുറന്നുവിടുന്നത് കാരണം ഒഴിവാക്കാൻ സാധിക്കുന്നു. ഇക്കാരണത്താലാണ് 2017-18 കാലയളവിൽ കല്ലടയാറ്റിൽ നിന്നുള്ള വെള്ളപ്പൊക്കം ഒഴിവാക്കാൻ സാധിച്ചത്. ഈ ജലസേചന പദ്ധതി വഴി

ജലവിതരണം ആരംഭിക്കുന്നതിനുമുമ്പ് കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മിക്ക ഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ ടാങ്കർവഴി കുടിവെള്ളം വിതരണം നടത്തിയിരുന്നു. എന്നാൽ 1994-ൽ ഈ പദ്ധതി വഴി ജലവിതരണം ആരംഭിച്ചതിനുശേഷം കനാൽ കടന്നുപോകുന്ന ഭാഗങ്ങളിലുള്ള എല്ലാ കിണറുകളും കുളങ്ങളും റീചാർജ്ജ് ചെയ്യുന്നു. അങ്ങനെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടുന്നു. കൊട്ടിയം, തഴുത്തല, ഉമയനല്ലൂർ തുടങ്ങിയ സ്ഥലങ്ങൾ ഇതിൽ പ്രധാനപ്പെട്ടവയാണ്.

തെന്മലയിൽ പ്രവർത്തിക്കുന്ന ജലവൈദ്യുത പദ്ധതിക്ക് കനാൽവഴി ജലവിതരണം നടത്തുമ്പോഴും ഡാമിൽ ആവശ്യത്തലധികം വെള്ളം ഉള്ളപ്പോഴും ദിനംപ്രതി 15 മെഗാവാട്ട് കറന്റ് ഉല്പാദിപ്പിക്കുന്നുണ്ട്. 53514 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നതിന് വേണ്ടിയുള്ള സംവിധാനങ്ങളും കനാൽ ശൃഖലയുള്ളതിൽ ചില കനാൽ ഭാഗങ്ങൾ പൂർത്തീകരിക്കാത്തത് കാരണവും നെൽ കൃഷി ചെയ്യുന്നതിലുള്ള വൈമുഖ്യം കാരണവും 75 ശതമാനം ആയക്കെട്ട് സ്ഥലത്ത് മാത്രമേ കൃഷിക്കുവേണ്ടി വെള്ളം നൽകിവരുന്നുള്ളൂ. കൊല്ലം ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളും കെ.ഐ.പി.യുടെ ജലത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതികൾക്കെല്ലാം ക്രമാനുഗതമായി വെള്ളം നൽകിവരുന്നു. കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും വേനൽക്കാലത്തെ ഉപഭോഗത്തിനുവേണ്ടി ശാസ്താംകോട്ട കായലിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ശാസ്താംകോട്ടയിലുള്ള ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലയിലേയ്ക്ക് 2016 മേയ് മാസം മുതൽ ആവശ്യമായ വെള്ളം നൽകിവരുന്നു. കനാലും കനാൽ നിർമ്മിതികളും 1967 കാലം മുതൽ നിർമ്മിച്ചവയായതുകൊണ്ടും കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണവും അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ട സാഹചര്യമുണ്ട്. കാലാകാലങ്ങളായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ ആയത് ചെയ്തുവരുന്നു.

ഓരോ വർഷവും കൃഷി ഉദ്യോഗസ്ഥന്മാരുമായും മറ്റും ആലോചിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് വാട്ടർ കലണ്ടർ ഉണ്ടാക്കി ജലവിതരണം നടത്തിവരുന്നു.

2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രകൃതിക്ഷോഭം കാരണം അടിയന്തരമായി ചെയ്യേണ്ടുന്ന 221 അറ്റകുറ്റപ്പണികൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 14.21 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ആയവയുടെ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. 1970 കാലം മുതൽ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ടും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടും ധാരാളം കേസുകൾ വിവിധ കോടതികളിലായി നടന്നുവരുന്നു. ഈ കേസുകളിലെല്ലാംതന്നെ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായ സത്യവാങ്മൂലങ്ങൾ നൽകി കേസ്സ് നടത്തിവരുന്നു.

(ബി) 1967-ൽ ചുരുങ്ങിയ ആയക്കെട്ടും കനാൽ ദൈർഘ്യവുമായി ആരംഭിച്ച പദ്ധതി മതിയായ ജലലഭ്യതയുടെയും കാർഷിക ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് തോട്ടവിളകൾക്കുംകൂടി ജലസേചനം നൽകുന്നതിനും 15 മെഗാവാട്ട് കറണ്ട് ദിനംപ്രതി ഉല്പാദിപ്പിക്കുന്നതിനും തക്കരീതിയിൽ മാറ്റം വരുത്തുകയും ആയതിലേയ്ക്ക് വേൾഡ് ബാങ്കിൽ നിന്ന് ലോൺ ലഭ്യമാക്കി കനാലുകളുടെയും ഡാമുകളുടെയും പ്രവൃത്തികൾ പൂർണ്ണതോതിൽ നടന്നുവന്ന കാലയളവിൽ കല്ലട പദ്ധതിക്കുവേണ്ടി മാത്രമായി ഒരു ചീഫ് എഞ്ചിനീയർ ഓഫീസും 4 സർക്കിൾ ഓഫീസുകളും 22 ഡിവിഷൻ ഓഫീസുകളും അതിനനുബന്ധമായ സബ് ഡിവിഷനും സെക്ഷൻ ഓഫീസുകളും ഉണ്ടായിരുന്നു. എന്നാൽ കനാലുകൾ പൂർത്തീകരിച്ചതോടുകൂടി പല ഘട്ടങ്ങളിലായി ഓഫീസുകൾ നിർത്തലാക്കി. നിലവിൽ കൊട്ടാരക്കരയിലുള്ള ഒരു സർക്കിൾ ഓഫീസും 2 ഡിവിഷൻ ഓഫീസുകളും 7 സബ് ഡിവിഷൻ ഓഫീസുകളും അതിന് അനുബന്ധമായ സെക്ഷൻ ഓഫീസുകളും മാത്രമാണുള്ളത്. മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കനാലുകളിലൂടെ ജലവിതരണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും ഏകീകരണവും സെൻട്രൽ വാട്ടർ കമ്മീഷൻ, കേരള സർക്കാർ എന്നിവിടങ്ങളിലേയ്ക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഡോക്യുമെന്റേഷനുകളും നിർദ്ദേശങ്ങൾ കൈമാറലും നടന്നുവരുന്നു. 1970 മുതൽ നാല് സർക്കിളുകളിലായി കോടി കണക്കിന് രൂപയുടെ പ്രവൃത്തികളുടെ എഗ്രിമെന്റുകളുടെ എല്ലാം തന്നെ നടപടികൾ ഇപ്പോൾ ഈ ഒറ്റ ഓഫീസിലാണ് കൈകാര്യം ചെയ്തുവരുന്നത്. പല കോടതികളിലായി വർക്ക് സംബന്ധമായി നിലനിൽക്കുന്ന 200 കോടിയിൽപ്പരം രൂപയുടെ കേസുകൾ ഈ ഓഫീസ് മുഖാന്തരം സർക്കാരിനുവേണ്ടി നടത്തിവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ 74 എസ്.എൽ.പി.(സി) കേസുകൾ നടന്നുവരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതികാനുമതി വേണ്ടുന്ന എല്ലാ പ്രവൃത്തികളുടെയും സാങ്കേതികാനുമതി സൂക്ഷ്മപരിശോധന നടത്തി നൽകിവരുന്നു. വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം കനാലിന് കുറുകേയുള്ള കലുങ്കുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും കനാലിന്റെ വശങ്ങളിലൂടെ പഞ്ചായത്തിനും മറ്റും റോഡുകളും വഴികളും നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് സർക്കിൾ ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ്. സർക്കിൾ ഓഫീസ് കല്ലട റിവർ ബേസിന്റെ കോക്കസ് ഗ്രൂപ്പിന്റെ തലവനായി പ്രവർത്തിച്ച് ഹരിത കേരളവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. വേൾഡ് ബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ (ഡ്രിപ്പ്) എഗ്രിമെന്റ് വച്ച് ഏകോപിപ്പിച്ച് സർക്കാർ ഓഫീസ് മുഖാന്തരം നടത്തിവരുന്നു. കർഷകരുടെയും കൃഷി ഉദ്യോഗസ്ഥരുടെയും മറ്റും ആവശ്യാനുസരണം ഫീൽഡ്

ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കനാൽ വഴിയുള്ള ജല വിതരണത്തിന്റെ വാട്ടർ കലണ്ടർ തയ്യാറാക്കി ജലവിതരണം ഏകോപിപ്പിക്കുന്നതും കൊട്ടാരക്കരയിലുള്ള സർക്കിൾ ഓഫീസാണ്.

(സി) എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി കനാലുകളിലെ 221 അറ്റകുറ്റപ്പണികൾ 14.21 കോടി തുകയ്ക്ക് അനുവദിച്ച് നടത്തിവരുന്നു. കൂടാതെ നോൺപ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ അനുവദിച്ചതിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാമെന്നേറ്റിരുന്ന പ്രവൃത്തികൾ പഞ്ചായത്തിൽ നിന്ന് വിസമ്മതം അറിയിച്ചതിനെ തുടർന്ന് കനാലുകളുടെ കാട് വെട്ടൽ, ചെളി നീക്കൽ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടെ 2.4 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) ഇല്ല.

**മൈനർ ഇറിഗേഷൻ പ്രവൃത്തി**

181 (896) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇറിഗേഷൻ വകുപ്പ് മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്കായി പ്ലാൻ, ,നോൺ പ്ലാൻ, വെള്ളപ്പൊക്ക നിവാരണം തുടങ്ങി വിവിധ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും, ഭരണാനുമതി തുകയും ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായെന്നതുമടക്കമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽ പ്രവൃത്തികളിൽ നാളിതുവരെ ടെണ്ടർ ചെയ്യാത്തവ ഏതെല്ലാമെന്നും ടെണ്ടർ ചെയ്തിട്ടും പ്രവൃത്തികൾ ഏറ്റെടുക്കാത്തവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പ് മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്കായി പ്ലാൻ, നോൺ പ്ലാൻ, വെള്ളപ്പൊക്ക നിവാരണം തുടങ്ങി വിവിധ ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേന്ദ്ര ജല കമ്മീഷൻ മാനദണ്ഡങ്ങൾ**

182 (897) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജല കമ്മീഷൻ ജലസേചന പ്രവൃത്തികൾക്കായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതുമൂലം പല കേന്ദ്ര പദ്ധതികളും നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് ലഭിക്കുവാൻ മുൻകയ്യെടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ജല കമ്മീഷൻ പദ്ധതിയിൽ കേരളത്തെ Non Special Category State ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പ്രകാരം 20 ഹെക്ടർ Culturable Command Area ഉള്ള ഒറ്റ സ്കീമിനും ആദിവാസി മേഖലകളിലും വരൾച്ചാ മേഖലകളിലും മരുഭൂമിയാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും തീവ്ര ഇടതു ബാധിത പ്രദേശങ്ങളിലും (Left wing extremist affected areas) 5 കിലോമീറ്റർ radius പരിധിയിൽ 50 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കാൻ സാധ്യതയുള്ള ഒരു കൂട്ടം മൈനർ ഇറിഗേഷൻ സ്കീമുകൾക്ക് മാത്രമേ PMKSY-സർഫസ് മൈനർ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. RRR (Repair, Renovation & Restoration of water bodies) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ കേന്ദ്ര ജലകമ്മീഷൻ ജലാശയങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം, ഗ്രാമപ്രദേശങ്ങളിൽ മിനിമം 5 ഹെക്ടറും നഗരപ്രദേശങ്ങളിൽ 2 മുതൽ 10 ഹെക്ടറും Water spread area ഉണ്ടായിരിക്കണമെന്നതാണ്.

കാഡ വർക്കുകളുടെ വിവിധ component-ന് മാനദണ്ഡമനുസരിച്ചിട്ടുള്ള നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ഹെക്ടറിന് 35,000 രൂപ വച്ചും നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാത്തവയ്ക്ക് 5,000 രൂപ വച്ചും ഒരു ഹെക്ടറിന് വരും. ഇത് Actual cost-നേക്കാൾ വളരെ കുറവാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) RRR Guide line-ൽ നഗരങ്ങളിലെ ജലാശയങ്ങളുടെ ജലവിസ്തൃതി 2ha to 10ha-ന് ഇടയ്ക്കും ഗ്രാമപ്രദേശങ്ങളിലേത് 5ha-ഉം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ മേൽപ്രകാരമുള്ള ജലവിസ്തൃതിയുള്ള കുളങ്ങൾ കണ്ടെത്തുക പ്രയാസമാണ്.

കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ താഴെപ്പറയുന്ന ഇളവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

സർഫസ് മൈനർ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 10 ഹെക്ടർ Culturable Command Area ഉള്ള ഒറ്റ സ്കീമിനും ആദിവാസി മേഖലകളിലും വരൾച്ചാ മേഖലകളിലും മരുഭൂമിയാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും തീവ്ര ഇടതു ബാധിത പ്രദേശങ്ങളിലും 5 കിലോമീറ്റർ radius പരിധിയിൽ 20 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കാൻ സാധ്യതയുള്ള ഒരു കൂട്ടം മൈനർ ഇറിഗേഷൻ സ്കീമുകൾക്കും അനുമതി നൽകുക.

RRR (Repair, Renovation & Restoration) of water bodies scheme-ൽ ഗ്രാമപ്രദേശങ്ങളിൽ 0.2 ഹെക്ടറും നഗരപ്രദേശങ്ങളിൽ 0.1 ഹെക്ടറും ഉള്ള ജലാശയങ്ങൾ ഏറ്റെടുക്കുവാനുള്ള അനുമതി നൽകുക. കേരളത്തെ പ്രത്യേക മേഖലയിൽ ഉൾപ്പെടുത്തുക.

## ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

183 (898) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദീകരിക്കാമോ;

(ബി) മൈനർ ഇറിഗേഷൻ വഴി ഏതൊക്കെ പദ്ധതികളാണ് ചടയമംഗലം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്നത്; വിശദവിവരം നല്കുമോ?

ഉത്തരം

(എ&ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയവുമായി ബന്ധപ്പെട്ട് ചടയമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചടയമംഗലം നിയോജകമണ്ഡലത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസ് മുഖേന ചടയമംഗലം നിയോജകമണ്ഡലത്തിലെ നിലമേൽ ഗ്രാമപഞ്ചായത്തിലെ കൊപ്പം, മാറാൻകുഴി പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II കാര്യാലയത്തിനു കീഴിൽ ചടയമംഗലം നിയോജകമണ്ഡലത്തിലെ വെളിനെല്ലൂർ പഞ്ചായത്തിൽ കല്ലട ജലസേചന പദ്ധതിയുടെ ഓയൂർ ഡിസ്ട്രിബ്യൂട്ടറി ചെയിനേജ് 3900 മീറ്ററിനും 4300 മീറ്ററിനുമിടയിൽ നടപ്പ് സാമ്പത്തികവർഷം SDRF പദ്ധതിയിൽ ഉൾപ്പെടുത്തി 4.9 ലക്ഷം രൂപയുടെ കനാൽ ലൈനിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ കുടിവെള്ള പദ്ധതികൾ

184 (899) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കിഫ്ബി മുഖാന്തരം മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെ ടെണ്ടർ നടപടികൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയവ ഏതെല്ലാമെന്ന് കാരണസഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് പുതിയ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ ടെണ്ടർ നടപടികൾ അംഗീകരിച്ചിട്ടുള്ളതും ഇനിയും അംഗീകരിക്കാനുള്ളതുമായവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമഞ്ചാടി-അലിഗഡ് കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെട്ട എടയൂർ, എടവണ്ണ,, രാമഞ്ചാടി-അലിഗഡ്, മഞ്ചേരി സബർബൻ എന്നീ നാല് കുടിവെള്ള പദ്ധതികളുടെയും പാക്കേജ് ഒന്നിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടെണ്ടറുകളാണ് റദ്ദ് ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ നാല് പ്രവൃത്തികളിൽ എടയൂരിന് മൂന്നും എടവണ്ണക്ക് രണ്ടും രാമഞ്ചാടിക്ക് മൂന്നും മഞ്ചേരിക്ക് മൂന്നും പ്രീ-ക്വാളിഫൈ ചെയ്ത ദർഘാസുകളാണ് ലഭിച്ചത്. ഹെഡ് ഓഫീസിൽ നടത്തിയ ദർഘാസുകളുടെ സൂക്ഷ്മ പരിശോധനയിൽ ശുദ്ധീകരണ പ്രക്രിയയിൽ ഉപയോഗിച്ചിരുന്ന സ്ലഡ്ജ് ബ്ലാങ്കറ്റ് സാങ്കേതികവിദ്യയുടെ പ്രായോഗിക ക്ഷമത വിലയിരുത്തിയതിൽ തൃപ്തികരമല്ലെന്നും കാണുകയുണ്ടായി. മാത്രവുമല്ല, എടയൂരിലെ രണ്ടും എടവണ്ണയിലെ ഒന്നും രാമഞ്ചാടിയിലെ രണ്ടും മഞ്ചേരിയിലെ രണ്ടും ദർഘാസുകൾ ടെണ്ടർ കണ്ടീഷൻ അനുസരിച്ച് പ്രി-ക്വാളിഫൈ ചെയ്യുന്നില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇതിനെത്തുടർന്ന് എല്ലാ ദർഘാസുകളും ഒറ്റ ദർഘാസ് (Single Tender) ആക്കുകയും നിലവിലുള്ള നിയമപ്രകാരം ആദ്യത്തെ ദർഘാസ് നടപടികളിൽ ലഭിക്കുന്നത് ഒറ്റ ദർഘാസ് ആണെങ്കിൽ ആയത് റദ്ദ് ചെയ്യണമെന്നതിനാൽ ടി നാല് ദർഘാസുകളും റദ്ദ് ചെയ്യുകയുണ്ടായി.

(ബി) മേൽപ്പറഞ്ഞ കിഫ്ബിയിലെ നാല് പദ്ധതികളുടെയും പാക്കേജ് ഒന്നിന്റെ റീ-ടെണ്ടർ നടപടികൾ പൂർത്തിയായി. അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമഞ്ചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ പാക്കേജ് രണ്ടിന്റെ വിതരണ ശൃംഖല മാറ്റുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. ബാക്കിവരുന്ന ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെയും വിയർ നിർമ്മാണത്തിന്റെയും ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ ജലസേചന ജലവിതരണ പദ്ധതികൾ

185 (900) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ജലസേചന ജലവിതരണ പദ്ധതികൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ജലസേചന ജല വിതരണ പദ്ധതികൾ താഴെക്കൊടുക്കുന്നു.:

ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും

1. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്
2. പൂവത്തിക്കടവ് എൽ.ഐ.എസ്.
3. കൊത്തുപാറ എൽ.ഐ.എസ്.
4. ഗ്രാമംകടവ് എൽ.ഐ.എസ്.
5. കട്ടുവാക്കുഴി I എൽ.ഐ.എസ്.
6. കട്ടുവാക്കുഴി II എ.എൽ.ഐ.എസ്.
7. മണലി എൽ.ഐ.എസ്.
8. മൂച്ചിപ്പരത എൽ.ഐ.എസ്.
9. മുപ്പിനി എൽ.ഐ.എസ്.
10. കുരുന്തോട്ടിമണ്ണ എൽ.ഐ.എസ്.
11. തെക്കേപ്പാലാട് എൽ.ഐ.എസ്
12. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്.
13. പാലങ്കര എൽ.ഐ.എസ്
14. എടക്കര എൽ.ഐ.എസ്.
15. അതിരുവീട്ടി വി.സി.ബി. കം ബ്രിഡ്ജ്

കേരള വാട്ടർ അതോറിറ്റി

1. നിലമ്പൂർ കുടിവെള്ള പദ്ധതി
2. അമരമ്പലം കുടിവെള്ള പദ്ധതി
3. എടക്കര കുടിവെള്ള പദ്ധതി
4. പടിഞ്ഞാറ്റു പാടം കുടിവെള്ള പദ്ധതി
5. ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് കുടിവെള്ള പദ്ധതി

ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ

1. ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, മമ്പാട്
2. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്, ചുങ്കത്തറ

ജലനിധി

1. ഹൈസ്കൂൾ കുന്ന കുടിവെള്ള പദ്ധതി- ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
2. കുട്ടംകുളം-പോത്തുകൽ ഗ്രാപഞ്ചായത്ത്
3. മാക് സമഗ്ര കുടിവെള്ള പദ്ധതി-പോത്തുകൽ ഗ്രാമപഞ്ചായത്ത്
4. കോട്ടമല കുടിവെള്ള പദ്ധതി-മുത്തേടം ഗ്രാമപഞ്ചായത്ത്

(ബി) പൂക്കോട്ടുമണ്ണ റെഗുലേറ്ററിന്റെ ജനറേറ്റർ റൂം, കൈവരികൾ എന്നിവയുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായി 36.6 ലക്ഷം രൂപയും മെക്കാനിക്കൽ ഷട്ടറുകളുടെ കേടുപാടുകൾ തീർക്കുന്നതിനായി 25.00 ലക്ഷം രൂപയും ജനറേറ്റർ ഇലക്ട്രിക്കൽ വയറിംഗ് മുതലായവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി 19.70 ലക്ഷം രൂപയും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ജനറേറ്റർ റൂം, കൈവരികൾ എന്നിവയുടെ പുനർ നിർമ്മാണം, മെക്കാനിക്കൽ ഷട്ടറുകളുടെ കേടുപാടുകൾ തീർക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് (19.70 ലക്ഷം) കട്ടവാക്കുഴി II എൽ.ഐ.എസ്. (17.34 ലക്ഷം) എന്നീ പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 17-1-2020-യിലെ സ.ഉ.(സാധാ) നമ്പർ 55/2020/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച 13 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി ആകെ 60.06 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ പ്രവൃത്തികൾ ടെണ്ടർ നടപടികളിലാണ്. അതിരുവീട്ടി വി.സി.ബി. കം ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. കൂടാതെ താഴെ പറയുന്ന എൽ.ഐ. പദ്ധതികളുടെ സിവിൽ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കേന്ദ്ര സഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്നതിന് സർക്കാർ പരിശോധിച്ചുവരുന്നു.

1. പൂവത്തിക്കടവ് എൽ.ഐ.എസ്.

2. കൊത്തുപാറ എൽ.ഐ.എസ്.

3. ഗ്രാമംകടവ് എൽ.ഐ.എസ്.

4. കടുവാക്കുഴി എൽ.ഐ.എസ്.

5. മണലി എൽ.ഐ.എസ്.

6. മുച്ചിപ്പരത എൽ.ഐ.എസ്.

7. മുപ്പിനി എൽ.ഐ.എസ്.

8. കുരുന്തോട്ടിമണ്ണ എൽ.ഐ.എസ്.

9. തെക്കേപ്പാലാട് എൽ.ഐ.എസ്.

10. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്.

11. പാലങ്കര എൽ.ഐ.എസ്.

12. എടക്കര എൽ.ഐ.എസ്.

കൂടാതെ ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് 6,31,253 രൂപ (ആറ് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) ചെലവാക്കി കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനായി 25,00,000 രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മെക്കാനിക്കൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ പദ്ധതികൾ**

186 (901) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിലുള്ള അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ എന്നീ പദ്ധതികളുടെ വിശദമായ കോണ്ടൂർ സർവ്വേ പ്രവൃത്തി, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ലോവർചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പരിശോധന പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു. അപ്പർചട്ട മൂന്നാർ ഡാമിന്റെ മണ്ണ് പരിശോധന പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽ ലോവർചട്ട മൂന്നാറിന്റെ മണ്ണ് പരിശോധന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതിന്റെ ഡിസൈൻ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അപ്പർചട്ട മൂന്നാറിന്റെ മണ്ണ് പരിശോധന പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

187 (902) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പിന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1-നുശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പള്ളിക്കലാറിൽ തടയണ നിർമ്മിച്ചതിനെത്തുടർന്ന് പ്രദേശത്ത് രൂപപ്പെട്ട വെള്ളക്കെട്ടും കൃഷിനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016-നുശേഷം ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 2019-ലെ പ്രളയത്തെത്തുടർന്ന് പള്ളിക്കലാറിൽ വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നു. ഭാവിയിൽ ഇത്തരത്തിൽ വെള്ളക്കെട്ടുണ്ടാകുന്നത് തടയുന്നതിന് വേണ്ട മേൽനടപടികൾ സ്വീകരിക്കാൻ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

188 (903) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ ഉൾപ്പെട്ട മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ദീർഘനാളായിട്ടും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിലും ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) എങ്കിൽ അടിയന്തരമായി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 5.00 കോടി രൂപ വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിലും ഇൻവെസ്റ്റിഗേഷൻ നടത്തി ജലലഭ്യതയും സ്ഥലലഭ്യതയും ഉറപ്പാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളും മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകളോടുകൂടി പുനഃസമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് മടക്കിയയച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ഫീൽഡ് ഓഫീസിൽ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി, ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിലവിലുള്ള പദ്ധതികൾ**

189 (904) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 2019-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ ജില്ലാതല സമിതി അംഗീകരിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികൾ സംസ്ഥാനതല സമിതിക്ക് അയച്ചിട്ടുണ്ട്; ഈ സാമ്പത്തിക വർഷം സംസ്ഥാനതല സമിതിക്ക് ലഭിച്ചതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് 2019-20 ൽ- ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഡി) ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഭരണാനുമതിക്കായി നിലവിലുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19, 2019-20 വർഷങ്ങളിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും RMF-ൽ ഉൾപ്പെടുത്തി താഴെ പറയുന്ന 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

i. RMF- മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾ ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം-റീച്ച്-2.25 ലക്ഷം രൂപ- പ്രവൃത്തി തുടങ്ങി

ii. RMF- പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) RMF-ൽ ഉൾപ്പെടുത്തിയ 2 പദ്ധതികൾ സംസ്ഥാനതല സമിതിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

i) " RMF-പൊന്മള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം" എന്ന പ്രവൃത്തിയുടെ 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 6-8-2019- ലെ ജില്ലാ വിദഗ്ധ സമിതിയുടെ 87-ാം നമ്പർ യോഗത്തിൽ ഭരണാനുമതിക്കായി സമർപ്പിക്കാൻ തീരുമാനമായിട്ടുള്ളതാണ്. തുടർന്ന് SLEC-ക്ക് സമർപ്പിച്ചിട്ടുണ്ട്.

ii) " RMF-മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾ ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം- റീച്ച്-2" എന്ന പ്രവൃത്തിക്ക് അംഗീകാരം കിട്ടി പ്രവൃത്തി തുടങ്ങി.

(സി) 2019-20-ൽ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ SDRF-ൽ ഉൾപ്പെടുത്തി 2019-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുറ്റിപ്പുറം പഞ്ചായത്തിലെ വാർഡ് 23-ൽ ക്ലനം പടം SC കോളനിക്ക് സമീപം തൊട്ടായി തോട്ടിൽ തിരൂർ പൊന്നാനി പുഴയുടെ ഇരു കരകളുടെയും സംരക്ഷണം | 14.3 ലക്ഷം | പ്രവൃത്തി തുടങ്ങി. |
| 2 | കുറ്റിപ്പുറം പഞ്ചായത്തിലെ വാർഡ് 21-ൽ അയ്യാമാക്കാഷോപ്പ് പാലത്തിന് താഴ് ഭാഗത്ത് തൊട്ടായി തോട്ടിൽ തിരൂർ പൊന്നാനി പുഴയുടെ ഇരു കരകളുടെയും സംരക്ഷണം | 28.28 ലക്ഷം | പ്രവൃത്തി തുടങ്ങി. |

(ഡി) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഭരണാനുമതിക്കായി നിലവിലുള്ള പ്രൊപ്പോസൽ താഴെപ്പറയുന്നു.

കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കകടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ആർ.സി.ബി.-യുടെ നിർമ്മാണത്തിനാവശ്യമായ ബെഡ് സർവ്വേ (3 ലക്ഷം).

## പമ്പ ആക്ഷൻ പ്ലാൻ

190 (905) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ആക്ഷൻ പ്ലാൻ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) പമ്പ ആക്ഷൻ പ്ലാൻ ഒന്നാംഘട്ടപ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചത്; വിശദമാക്കാമോ?

### ഉത്തരം

(എ) പമ്പ ആക്ഷൻ പ്ലാൻ രണ്ടാംഘട്ട പ്രവൃത്തികളുടെ 1607 കോടി രൂപയുടെ കരട് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) പമ്പ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 12 പ്രവൃത്തികളിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ടി പദ്ധതികൾക്കായി ഏകദേശം 39.78 കോടി രൂപ ചെലവുവന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*.

## മണൽ ഓഡിറ്റിംഗ്

191 (906) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ സംസ്ഥാനത്തെ പുഴകളിലും നദികളിലും അടിഞ്ഞുകൂടിയ മണൽ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഡിറ്റിംഗിൽ വെളിവായ വിശദാംശം വ്യക്തമാക്കാമോ;

(സി) മണൽ ഓഡിറ്റിംഗ് നടത്തുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് നിയോഗിച്ചതെന്നും ഓരോരുത്തർക്കും നൽകിയ ഫീസ് എത്രയായിരുന്നുവെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) പ്രളയം ബാധിച്ച പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര, ഭാരതപ്പുഴ എന്നീ നദികളുടെ സാന്റ് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(ബി) അന്തിമ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ട് ലഭ്യമായതിൽ പെരിയാറിൽ 9.78 ലക്ഷം ക്യൂബിക് മീറ്റർ, ചാലിയാറിൽ 5.40 ലക്ഷം ക്യൂബിക് മീറ്റർ, മൂവാറ്റുപുഴയിൽ 1.76 ലക്ഷം ക്യൂബിക് മീറ്ററും മണൽ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രളയത്തിന് ശേഷം നദികളിൽ മണൽ ഓഡിറ്റിംഗ് നടത്തുന്നതിനായി താഴെ പറയുന്ന ഏജൻസികളെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്:

1. പമ്പ നദി: Cgraf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, കേരള സർവ്വകലാശാല, തിരുവനന്തപുരം

2. പെരിയാർ, മൂവാറ്റുപുഴ: ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ചാലിയാർ: സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്മെന്റ്, തൃശ്ശൂർ

4. കടലുണ്ടി: ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് ആന്റ് കൺസൾട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി

5. ഇത്തിക്കര: ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡെവലപ്മെന്റ്, തിരുവനന്തപുരം

6. ഭാരതപ്പുഴ & ഉൗതപ്പുഴ:

   1. ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോളജി ആൻഡ് എൺവയോൺമെന്റൽ സയൻസ്, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട

   2. അഗ്രികൾച്ചർ ആൻഡ് ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ്, തിരുവനന്തപുരം

   3. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര, കോഴിക്കോട്

   4. ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്മെന്റ്, തിരുവനന്തപുരം

പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി എന്നീ നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 14,000 രൂപയും ഇത്തിക്കരയുടെ സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 10,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. അതോടൊപ്പം ഡിജിറ്റൈസേഷൻ നടത്തുന്നതിന് നദി ഒന്നിന് 50,000 രൂപയും നിശ്ചയിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 20,000 രൂപയും ഡിജിറ്റൈസേഷൻ നടത്തുന്നതിന് ഓരോ നദീഭാഗത്തിനും 50,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഉൗതപ്പുഴയുടെ സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിന് കിലോമീറ്ററിന് 11,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിന്റെ മൊബിലൈസേഷൻ അഡ്വാൻസും രണ്ടാം ഗഡുവും ചേർത്ത് ആകെ 9.32 ലക്ഷം രൂപയാണ് ഇതുവരെ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്.

**നദികളുടെ ആവാഹശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

192 (907) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം സംസ്ഥാനത്ത് നദികളുടെ ഒഴുക്കിലും ജല ആവാഹശേഷിയിലും ഉണ്ടായ കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം ആവാഹശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സാന്റ് ഓഡിറ്റിംഗ് നടത്തി ആവാഹശേഷി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) നടത്തിയ പഠന റിപ്പോർട്ടിൽ പ്രളയത്തിന്റെ അനന്തരഫലമായി മഴയുടെ ലഭ്യത കുറവും മണ്ണൊലിപ്പും ഭൂഗർഭ ജലത്തിന്റെ അതിശക്തമായ ഒഴുക്കും കാരണം പുഴകളുടെ അടിത്തട്ടുകളിൽ താഴ്ച സംഭവിച്ചതും റിവർ ബെഡ്ഡുകളിൽ ഇംപെർമിയബിൾ ലെയർ ഉണ്ടാകുന്നതും നദീമുഖത്തേയ്ക്ക് വേഗത്തിൽ ജലം ഒഴുകുന്നതും റെഗുലേറ്ററുകളുടെ അപര്യാപ്തതമൂലം ജലനിരപ്പ് സംരക്ഷിക്കുവാൻ പറ്റാത്തതും ഭൂഗർഭത്തിലേയ്ക്ക് ഒഴുകിപ്പോകുന്ന ജലത്തിന്റെ അളവ് കുറഞ്ഞതും കാരണം നേരിയ തോതിൽ പുഴകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലനിരപ്പ് വറ്റുന്ന സാഹചര്യത്തിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്.

(ബി) പ്രളയാനന്തരം നദികളുടെ ഒഴുക്കിലും ജല ആവാഹശേഷിയിലുമുണ്ടായ കുറവ് നികത്തി ആവാഹശേഷി വർദ്ധിപ്പിക്കുന്നതിന്റെ പ്രാഥമികഘട്ടമായി പ്രധാന നദികളിൽ സ്ഥിതി ചെയ്യുന്ന ജലസേചന നിർമ്മിതികളായ തടയണ, റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ പരിസരത്ത് ജലത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുംവിധം സ്ഥിതി ചെയ്യുന്ന മണൽ/ചെളി നീക്കം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സാന്റ് ഓഡിറ്റിംഗ് നടത്തുന്ന കാര്യം പരിഗണനയിലില്ല.

## നദികളുടെ പരിപാലനത്തിന് മാസ്റ്റർ പ്ലാൻ

193 (908) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പ്രധാന കാരണം നദികളുടെ പരിപാലനത്തിലുണ്ടായ ഉപേക്ഷയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) നദികളുടെ പരിപാലനത്തിനായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നതെന്നും ഇതിനായി വിദേശ സഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) നദികളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെ നദികളുടെ പരിപാലനത്തിനായുള്ള സമഗ്രമായ നദീതട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ആദ്യപടിയായി റിവർ ബേയ്സിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിച്ച്, RBCMA ആക്ടിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ നദികളിലെ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങളും റിസർവോയർ ഓപ്പറേഷനും ആധുനീകരിച്ച് കൂടുതൽ ഫലവത്തായ രീതിയിൽ ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കരമനയാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം**

194 (909) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമനയാർ, കിള്ളിയാർ എന്നിവ മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കരമനയാർ, കിള്ളിയാർ നദികൾ ഇപ്പോഴും മാലിന്യ വാഹിനികളാണെന്ന വസ്തുത പരിഗണിച്ച് ഇവയുടെ ശുചീകരണത്തിനായി സമഗ്രമായ ബോധവൽക്കരണവും നടപടികളും കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർപേഴ്സണും മലിനീകരണ നിയന്ത്രണ

ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറുമായ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. കരമന കിള്ളിയാർ നദികൾക്ക് കുറുകെയുള്ള പാലങ്ങളുടെ ഇരുവശവും ഫെൻസിംഗുകൾ സ്ഥാപിച്ച് നദിയിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നദീതീരങ്ങളിൽ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനായി തീരങ്ങൾ ജൈവ വൈവിദ്ധ്യ ഉദ്യാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കോർപ്പറേഷൻ, കേരള ജല അതോറിറ്റി, ജലസേചന വകുപ്പ് തുടങ്ങിയവരുടെ സംയുക്ത പദ്ധതിയുടെ ഭാഗമായി വരുന്ന പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണം, ആമയിഴഞ്ചാൻ തോടിന്റെ ശുചീകരണം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. നദികളുടെ മാലിന്യ മുക്തമാക്കൽ പ്രവർത്തനത്തിന്റെ ഭാഗമായി പ്രത്യേകിച്ച് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ, കേരള ജല അതോറിറ്റി എന്നീ ഏജൻസികളും വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

(സി) കരമന, കിള്ളി നദികളുടെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെ സംയുക്തവും സമഗ്രവുമായ ഇടപെടൽ ആവശ്യമാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 'പരിസര മലിനീകരണ നിർമ്മാർജ്ജന കമ്മിറ്റി' രൂപീകരിച്ചുവകുപ്പുകളുടേയും മറ്റ് ഏജൻസികളുടേയും ഏകോപനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ രണ്ട് നദികളുടെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നഗര കേന്ദ്രീകൃതമായ ഇടപെടലിന് പുറമേ നദീതടത്തിലാകെയുള്ള പ്രവർത്തനവും ആവശ്യമാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി കിള്ളിയാറിന്റെ നെടുമങ്ങാട് ഭാഗം മുതൽ കോർപ്പറേഷൻ പരിധിവരെയുള്ള ഭാഗങ്ങൾ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചീകരണ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ കിള്ളിയാറിന്റെ നഗരഭാഗം ജനപങ്കാളിത്തത്തോടെ ശുചിയാക്കുന്നതിനുള്ള പ്രവർത്തനവും നടന്നിട്ടുണ്ട്.

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No. 673/2018-ൽ 20-9-2018-ലെ ഉത്തരവിനെ തുടർന്ന് Priority-1-ൽ ഉൾപ്പെട്ട കരമന, കിള്ളിയാർ എന്നിവ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നഗര പ്രദേശത്തുകൂടി ഒഴുകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ സോഷ്യോ എക്കണോമിക് യൂണിറ്റ് വഴി സാനിറ്റേഷൻ സർവ്വേ നടത്തുകയും സർവ്വേ ഫലങ്ങൾകൂടി

ഉൾക്കൊള്ളിച്ച് കരട് കർമ്മ പദ്ധതി ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റി തയ്യാറാക്കുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തു. ടി കർമ്മ പദ്ധതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ, OA No. 673/2018-ൽ 8-4-2019-ലെ ഉത്തരവിൽ അംഗീകരിച്ചതിനെത്തുടർന്ന് ആയത് വിവിധ വകുപ്പുകൾ നടപ്പിലാക്കുകയും അവയുടെ പുരോഗതി വിലയിരുത്തി വരുകയും ചെയ്യുന്നു.

**കായലുകളുടേയും നദികളുടേയും സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി**

195 (T*910) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിലും നദികളിലും അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളും എക്കലും മണലുമെല്ലാം പ്രളയത്തിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയുണ്ടെന്നതിനാൽ ആയത് നീക്കം ചെയ്യുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ റിപ്പോർട്ടുകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ കൊച്ചിയിലെ ഏതെല്ലാം കായലുകളുടെയും നദികളുടെയും സംഭരണശേഷിയാണ് നാളിതുവരെ വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എക്കൽ നീക്കം ചെയ്യാൻ സ്ഥലം ലഭ്യമല്ലാത്തതിനാലും പുറംകടലിൽ തള്ളാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുമതി നൽകാത്തതിനാലും ദേശീയപാതയുടെ ഭാഗമായ കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള ഭാഗത്തെ എക്കൽ നീക്കം ചെയ്യുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജലസേചന നിർമ്മിതികളായ പൂക്കോട്ടുമന റെഗുലേറ്റർ കം ബ്രിഡ്ജ്, ചെറുതുരുത്തി തടയണ, ചങ്ങനാംകുന്ന് റെഗുലേറ്റർ, മഞ്ഞുമ്മൽ റെഗുലേറ്റർ, വെള്ളിയാങ്കൽ റെഗുലേറ്റർ, പുറപ്പള്ളിക്കാവ് റെഗുലേറ്റർ എന്നിവയുടെ സമീപത്തുനിന്നും മണൽ/ചെളി നീക്കുന്നതിന് 8-11-2019-ലെ സ.ഉ.(കൈ) നം.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

50/2019/ജ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) Institute of Land and Disaster Management (ILDM)-ന്റെ പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി 24/12/2019-ലെ സ.ഉ.(ആർ.ടി.) നം. 3880/2019/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നദികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള അനുവാദം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) ദേശീയപാതയുടെ ഭാഗമായ കണ്ണങ്ങാട് വെല്ലിങ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടുന്നതിനുള്ള 2 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്തു. അവയ്ക്ക് ഭരണാനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

196 (911) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ വൃത്തിയാക്കുന്നതിനും, കയ്യേറ്റങ്ങൾ ഒഴിവാക്കി പുഴയെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) തൃപ്പൂണിത്തുറ, പിറവം നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 17 കിലോമീറ്റർ നീളമുള്ള കോണോത്തുപുഴ ചെളി നീക്കി വൃത്തിയാക്കി അതിർത്തി നിർണ്ണയംനടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സാദ്ധ്യമായ

ഇടങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് കരകൾ സംരക്ഷിക്കുന്നതിനായി 17 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 16-8-2019-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും വെട്ടുവേലിക്കടവ് മുതൽ പുത്തൻകാവ് വരെ കോണോത്തുപുഴയുടെ പുനരുജ്ജീവനത്തിനായുള്ള 17 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി പുനഃസമർപ്പിക്കുവാൻ 9-12-2019-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് കരാറുകാരുമായി ഉടമ്പടി വച്ച് സ്ഥലം കൈമാറിയതിനുശേഷം ഒന്നരവർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

## ആമയിഴഞ്ചാൻ തോട് നവീകരണം

197 (912) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നതിനാൽ തോട് നവീകരിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും യാതൊരുവിധ തുടർനടപടിയും ഉണ്ടാകാത്തതിലെ കാരണങ്ങൾ വിശദമാക്കുമോ; എത്രയുംവേഗം തോട് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിലേയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ആമയിഴഞ്ചാൻതോട് നവീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടി തോടിലും തെക്കനക്കര കനാലിലും പ്രളയത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ വീതമുള്ള 5 പ്രവൃത്തികളുടെ

(ആകെ 15 ലക്ഷം രൂപ) ടെണ്ടർ നടത്തിയിരുന്നു. എന്നാൽ തോട്ടിൽനിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ സ്ഥലം ലഭ്യമല്ലാത്തുകാരണം കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ട് വന്നിട്ടില്ല.

(ബി-ഡി) ആമയിഴഞ്ചാൻ തോടിന്റെ (കണ്ണമ്മൂല മുതൽ ആക്കുളം വരെ) പുനരുദ്ധാരണത്തിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയിരുന്നു. എന്നാൽ ഭരണാനുമതിക്കായുള്ള പ്രൊപ്പോസലിൽനിന്നും വ്യത്യസ്തമായി കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികളും Multi Functional Amphibious Machine വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തേണ്ടി യിരുന്നതിനാൽ പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസിലേഷണൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കുകയും ആയത് വർക്കിംഗ് ഗ്രൂപ്പിൽവച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## കരിപ്പുഴ കനാലിന്റെ പാർശ്വഭിത്തി നിർമ്മാണം

198 (913) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിച്ച് പാർശ്വഭിത്തികൾ കെട്ടുന്നതിന് ആകെ അനുവദിച്ചിരുന്ന തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ കരാർ എടുത്തത് ഏത് ഏജൻസിയാണ്; ഇതിന്റെ ഭരണാനുമതി, സാങ്കേതികാനുമതി, കരാർ ഏറ്റെടുത്ത തീയതി എന്നിവ വിശദമാക്കാമോ;

(സി) പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നതെന്നും ഓരോ പ്രവൃത്തിക്കായും നീക്കിവച്ചിരുന്ന തുക എത്രയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കരിപ്പുഴ കനാലിന്റെ ആഴം വർദ്ധിപ്പിച്ച് പാർശ്വഭിത്തികൾ കെട്ടുന്നതിനായി പ്രോജക്ട് മെയിന്റനൻസ് ഹെഡ്ഡിൽ 29,49,799.74 രൂപയും ഓണാട്ടുകര വികസനത്തിൽ ഉൾപ്പെടുത്തി 14.73 കോടി രൂപയും അനുവദിച്ചിരുന്നു.

(ബി &സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടമലയാർ ലിങ്ക് കനാൽ

199 (914) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ജലസേചന പദ്ധതിയുടെ ലിങ്ക് കനാൽ പൂർത്തീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; അറിയിക്കാമോ;

(ബി) വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരമുള്ള തുടർ നടപടികൾ ഉറപ്പുവരുത്തുകയും ലിങ്ക് കനാൽ യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 15-11-2019-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം ലിങ്ക് കനാലിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി, അധികമായി കൃഷി ചെയ്യാവുന്ന സ്ഥലം എന്നിവയും കൃഷി ഉദ്യോഗസ്ഥരുമായി ചേർന്ന് കണ്ടെത്തിയ വിവരങ്ങളുൾപ്പെടെ ടെക്നിക്കൽ കമ്മിറ്റിയിൽ വീണ്ടും ചർച്ച ചെയ്ത് പ്ലാനിംഗ് ബോർഡിൽ സമർപ്പിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ ഈ പ്രോജക്ടിനുവേണ്ടി ഇനി ചെലവഴിക്കുന്ന തുക എത്രയാണെന്ന് കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 3-1-2020-ലെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ പ്രോജക്ട് കോസ്റ്റ് കുറച്ചുകൊണ്ടുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

200 (915) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തുവെങ്കിലും കനാൽ എക്സ്റ്റൻഷൻ പൂർത്തിയാക്കാത്തതിനാൽ ആയതിന്റെ ശേഷി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ 165 മീറ്റർ നീളത്തിൽ ആണ് നിർമ്മിച്ചിട്ടുള്ളത്. കൃഷിയിടങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിന് അത്യാവശ്യമായ നീളത്തിൽ താൽക്കാലികമായി മൺകനാലുകളും വീടുകളിലേയ്ക്ക് കനാൽ ക്രോസ്സ് ചെയ്ത് വെള്ളം പോകുന്നതിലേയ്ക്ക് കോൺക്രീറ്റ് പൈപ്പുകളും ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് നിർമ്മിച്ചതിന് ശേഷമാണ് പദ്ധതി ഉദ്ഘാടനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച മൺകനാൽ കോൺക്രീറ്റ് ലൈൻ കനാൽ ആക്കിയാൽ മാത്രമേ ഈ വിഷയത്തിന് ശാശ്വത പരിഹാരമാകുകയുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ 135 മീറ്റർ കോൺക്രീറ്റ് കനാൽ നിർമ്മിക്കുന്നതിന് ഉദ്ദേശം 14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ സ്ഥലത്തേയ്ക്ക് കൂടി ജലസേചനം വ്യാപിപ്പിക്കണമെങ്കിൽ കനാലുകളുടെ നീളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. സാധ്യതാ പഠനം പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**കുട്ടനാടൻ ജലാശയങ്ങളുടെ സംഭരണശേഷി**

201 (916) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ ജലാശയങ്ങളുടെ സംഭരണശേഷി കുറഞ്ഞുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കഴിഞ്ഞ പ്രളയ കാലങ്ങളിൽ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിന് ഇതുവരെ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കുട്ടനാട്ടിലെ തോടുകളിലും മറ്റ് ജലാശയങ്ങളിലും പോളയും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നീരൊഴുക്ക് കുറയുകയും ജലസംഭരണശേഷി കുറയുകയും ചെയ്തു. വർഷങ്ങളായി കായലിൽ കട്ട കുത്തൽ നടക്കാത്തതിനാൽ മണ്ണ് അടിഞ്ഞുകൂടി കായലിന്റെ ആവാഹ ശേഷി കുറഞ്ഞിട്ടുണ്ട്.

(ബി) കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിൽ വളരെ അത്യാവശ്യമായി നവീകരിക്കേണ്ട തോടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SDRF മുഖേന കുട്ടനാട് താലൂക്കിലെ ഏറ്റവും അത്യാവശ്യമായി നവീകരിക്കേണ്ട ചില തോടുകൾ നവീകരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ തോട്ടപ്പള്ളി മുതൽ വീയപുരം വരെയുള്ള 11 കി.മീ. തോടിന്റെ ചെളി നീക്കം ചെയ്യാനുള്ള വർക്ക് ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## ഡാം ഡീസിൽറ്റേഷൻ പ്രോജക്ട്

202 (917) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളിൽ നിന്നും മണ്ണും ചെളിയും നീക്കുന്നതിനുള്ള ഡാം ഡീസിൽറ്റേഷൻ പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഡാമുകളിലാണ് ഡീസിൽറ്റേഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഓരോ ഡാമിൽ നിന്നും എത്ര ദശലക്ഷം ഘനമീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) വെള്ളത്തിന്റെ ഗുണനിലവാരം, പരിസ്ഥിതി എന്നിവയെ ഡാം ഡീസിൽറ്റേഷൻ ദോഷകരമായി ബാധിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഡാമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഡീസിൽറ്റേഷൻ നടത്തുവാൻ വേണ്ടിയുള്ള സാങ്കേതികവിദ്യ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഡീസിൽറ്റിംഗ് നടത്തുന്നതിന് മുമ്പായി ജല അതോറിറ്റിയെ അറിയിക്കുവാനും ജലത്തിന്റെ Turbidity നിശ്ചിത അളവിൽ നിയന്ത്രിക്കുവാനും കൂടാതെ ജലത്തിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാന രേഖകളായ (Physical, Chemical. Microbial) ഘടനകൾ ഡീസിൽറ്റിംഗിന് മുമ്പായി പരിശോധിക്കുവാനും നിഷ്കർഷിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിച്ച നിലവാരങ്ങളും സ്വീകരിക്കുന്നതാണ്. ഡാം ഡീസിൽറ്റേഷൻ ദോഷകരമായി ബാധിക്കാതിരിക്കുന്നതിനായി Environment Management Plan തയ്യാറാക്കിയിട്ടുണ്ട്.

## ഡാമുകളിലെ മണൽ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള നടപടി

203 (918) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ഡാമുകളിൽ നിന്ന് മണൽ വാരുന്നതിന് ആഗോള ടെൻഡർ വിളിക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ടെൻഡറിൽ പങ്കെടുക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(സി) ഡാമുകളിൽ നിന്ന് നീക്കം ചെയ്യുന്ന മണൽ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും നിലവിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിന്റെ ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മറ്റും നീക്കം ചെയ്യുന്ന ഡീസിൽറ്റേഷൻ പ്രവൃത്തി നടത്തുന്നതിന് 26-9-2017-ലെ സ.ഉ.(കൈ) നം. 79/2017/ജ.വി.വ., 8-11-2019-ലെ സ.ഉ.(കൈ) നമ്പർ 49/2019/ ജ.വി.വ., സ.ഉ.(സാധാ) നമ്പർ 919/2019/ജ.വി.വ. തീയതി 7-12-2019 എന്നിവ മുഖാന്തരമാണ് അനുമതി നൽകിയിട്ടുള്ളത്. ഇപ്രകാരം നീക്കം ചെയ്യുന്ന ചെളിയുടെയും എക്കലിന്റെയും ഒരു ഭാഗം മാത്രമേ മണൽ ആകാൻ സാധ്യതയുള്ളൂ. ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) നിലവിൽ മംഗലം ഡാം ഡീസിൽറ്റേഷൻ ചെയ്യുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ടെണ്ടറിൽ പങ്കെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്.

1. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരുടെ അഞ്ച് വർഷത്തെ ഫിനാൻഷ്യൽ ടേൺ ഓവറിൽ മൂന്ന് വർഷത്തെ ശരാശരി ടേൺഓവർ 75 കോടി രൂപ ആയിരിക്കണം

2. കരാറുകാർ സമാനസ്വഭാവമുള്ള 40 കോടി രൂപയുടെ ഒരു പ്രവൃത്തിയെങ്കിലും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൂർത്തീകരിച്ചിരിക്കണം.

3. ഡ്രഡ്ജിംഗിനുവേണ്ടി ഏകദേശം 100 കോടി രൂപയുടെ ആസ്തി കരാറുകാരന് ഉണ്ടായിരിക്കണം.

4. കരാറുകാരന് 200 കോടി രൂപയുടെ മൊത്തം ആസ്തി ഉണ്ടായിരിക്കണം.

മറ്റ് ഡാമുകളുടെ കാര്യത്തിൽ ടെണ്ടർ മാനദണ്ഡങ്ങൾ ഇപ്പോൾ തീരുമാനമായിട്ടില്ല.

(സി) നിലവിൽ മംഗലം ഡാം ഡീസിൽറ്റേഷൻ ചെയ്യുന്നത് ടേൺ കീ അടിസ്ഥാനത്തിലാണ്. കണക്കാക്കപ്പെടുന്ന ചെളിയുടെയും എക്കലിന്റെയും അടിസ്ഥാനത്തിലാണ് കരാർ തുക തീരുമാനിക്കുന്നത്. നിലവിൽ ഡാമുകളിൽ നിന്നും നീക്കം ചെയ്യുന്ന ചെളിയിൽ നിന്ന് സർക്കാർ നേരിട്ട് മണൽ ഇനം തിരിച്ച് വിപണനം നടത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

**നെയ്യാർ ഡാമിന്റെ വികസന പ്രവർത്തനങ്ങൾ**

204 (919) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പുമായി സഹകരിച്ച് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) ഇതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കോടി രൂപ ചെലവഴിച്ചു;

(സി) കോടികൾ ചെലവഴിച്ചിട്ടും നെയ്യാർ ഡാം വികസന പദ്ധതികൾ ശോച്യാവസ്ഥയിലാണെന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശോച്യാവസ്ഥ പരിഹരിക്കുവാനും വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടാക്കുന്നതിനും അടിയന്തരമായ ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ടൂറിസം വകുപ്പ് മുഖേന നെയ്യാർ ഡാമിൽ "Development of Neyyar Dam as a Tourist Destination" എന്ന പേരിൽ 4.65 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ (സ.ഉ.(സാധാ) നമ്പർ 19/2018/ടി.എസ്.എം. തീയതി 6-1-2018) ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിവരുന്നു. വൈദ്യുതീകരണ പ്രവൃത്തികൾക്കും മറ്റ് സിവിൽ പ്രവൃത്തികൾക്കുമായി ആകെ 3,03,28,690 (മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എണ്ണായിരത്തി അറുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) ടൂറിസം വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ശോചനീയാവസ്ഥ നിലവിലില്ല.

(ഡി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിപ്പുഴയിലെ സ്റ്റോറേജ് ഡാമുകളുടെ നിർമ്മാണം

205 (920) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിക്ക് മുകളിലായി രണ്ട് സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ അനുമതിയും, ഫണ്ടും അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടിപ്പുഴയിലെ തുമ്പൂർമൂഴിക്ക് മുകളിലായി കണ്ണൻകുഴി, വെറ്റിലപ്പാറ എന്നീ സ്ഥലങ്ങളിൽ 0.81 $Mm^3$, 1.631 $Mm^3$ കപ്പാസിറ്റിയുള്ള 2 തടയണകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കണ്ണൻകുഴിയിലെ തടയണ ആ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് റെഗുലേറ്റർ ആയിട്ടാണ് ഡിസൈൻ ചെയ്യുന്നത്. രണ്ട് സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ പര്യവേക്ഷണ പ്രവൃത്തികൾക്കായി 22,75,000 രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) 2020-21 ആന്വൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വെറ്റിലപ്പാറയ്ക്ക് 25 കോടി രൂപയുടെയും കണ്ണൻകുഴിക്ക് 20 കോടി രൂപയുടെയും പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## അമ്പലപ്പാറ അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മാണം

206 (921) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ അമ്പലപ്പാറ അകവണ്ടതോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായി ഈ സർക്കാർ എന്നാണ് ഭരണാനുമതി നല്കിയത്; എത്ര രൂപയുടെ ഭരണാനുമതിയാണ് നല്കിയത്; വിശദമാക്കാമോ;

(ബി) അകവണ്ടതോട്ടിൽ ചെക്ക്ഡാം നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ അമ്പലപ്പാറ അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായി ഈ സർക്കാർ 1-8-2019-ലാണ് 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്.

(ബി) അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ 24-1-2020-ൽ പൂർത്തിയായി പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വാടാനപ്പള്ളി ഐ.വി. കെട്ടിൽ തടയണ നിർമ്മാണം

207 (922) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ള വാടാനപ്പള്ളി ഐ.വി. കെട്ടിൽ തടയണ നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഐ.വി. കെട്ടിൽ തടയണ നിർമ്മാണം എന്ന പ്രവൃത്തിയുടെ പര്യവേക്ഷണ പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു. പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലുവ മണ്ഡലത്തിലെ പുറയാർ കരയിൽ ഉുമ്പാതോടിന് സംരക്ഷണഭിത്തി

208 (923) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ ചെങ്ങമനാട് പഞ്ചായത്തിൽ പുറയാർ കരയിൽ ഉുമ്പാതോടിന്റെ സംരക്ഷണഭിത്തി കെട്ടുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ആഫീസിലെ 12224/19/W2 നമ്പർ ഫയലിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ആലുവ നിയോജകമണ്ഡലത്തിൽ ചെങ്ങമനാട് പഞ്ചായത്തിൽ പുറയാർ കരയിൽ ഉുമ്പാതോടിന്റെ സംരക്ഷണഭിത്തി കെട്ടുന്നതിനായി സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പുഴയോര സംരക്ഷണ പ്രവൃത്തികൾ

209 (924) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കിയ പുഴയോര സംരക്ഷണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോന്നും ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മുന്നിയൂർ, വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകളിലെ പുഴയോര സംരക്ഷണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട നടപടികളുടെ (2019/9165/IA, 2019/9842/IA ) പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് പഞ്ചായത്തിൽ പൊറാഞ്ചേരി ഒലിപ്രം കടവ് റോഡിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം എന്ന പ്രവൃത്തി എഗ്രിമെന്റ് വച്ച് പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഭാരതപ്പുഴയുടെ ഭിത്തി പുനർനിർമ്മാണം

210 (925) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിൽ ചെറുകാട് പ്രദേശത്ത് ഭാരതപ്പുഴയുടെ ഭിത്തി തകർന്ന് കൃഷി ഇടങ്ങളിലേക്ക് ചെളിയും വെള്ളവും കയറി കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടായത് അഡീഷണൽ ഇറിഗേഷൻ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ചെറുകാട് പ്രദേശത്ത് തകർന്ന ഭാരതപ്പുഴയുടെ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2019-ലെ കാലവർഷത്തോടനുബന്ധിച്ച് ദേശമംഗലം പഞ്ചായത്തിലെ ചെറുകാട് പ്രദേശത്തെ ഭാരതപ്പുഴയുടെ ഇടിഞ്ഞുപോയ തീരങ്ങൾ സംരക്ഷിക്കുന്നതിന് 100 ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ സാമ്പത്തിക വർഷം പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

211 (926) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂർ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി-മാട്ടൂൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന നീരൊഴുക്കുംചാലിൽ ആകെ 192 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്ന പ്രവൃത്തി 2019-20 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ സൗത്തിൽ കടലാക്രമണം രൂക്ഷമായ സി.പി. സ്റ്റോൺ 2359-ന് സമീപം റബ്ബിൾ മൗണ്ട് സ്ട്രക്ചറിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം തടയുന്നതിന് 16 കോടി രൂപയുടെ പ്രവൃത്തിക്ക് 31-12-2019-ലെ G.O.(Rt)992/2019/WRD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താഴെ പറയുന്ന റീച്ചുകളിലുള്ള കടൽഭിത്തി പുനരുദ്ധാരണമാണ് ഉദ്ദേശിക്കുന്നത്.

1. മാട്ടൂൽ സൗത്തിൽ സി.പി. സ്റ്റോൺ 2359-ന്റെ തെക്കുഭാഗം
2. മാട്ടൂൽ സെൻട്രൽ സി.പി. സ്റ്റോൺ 2374-നും 2377-നും ഇടയ്ക്ക്
3. മാട്ടൂൽ സെൻട്രലിൽ സി.പി. സ്റ്റോൺ 2376-നും 2378-നും ഇടയ്ക്ക്
4. വാവുവളപ്പിൽ തോട്-സി.പി. സ്റ്റോൺ 2386-നും 2389-നും ഇടയ്ക്ക്
5. കക്കാടൻചാൽ-സി.പി. സ്റ്റോൺ 2389-നും 2392-നും ഇടയ്ക്ക്
6. നീരൊഴുക്കുംചാൽ-1-സി.പി. സ്റ്റോൺ 2392-നും 2395-നും ഇടയ്ക്ക്
7. നീരൊഴുക്കുംചാൽ-2-സി.പി. സ്റ്റോൺ 2396-നും 2398-നും ഇടയ്ക്ക്
8. പുതിയങ്ങാടി- സി. പി. സ്റ്റോൺ 2397-നും 2402-നും ഇടയ്ക്ക്.

**കുറ്റ്യാടി പുഴയുടെ കോട്ടയ്ക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മാണം**

212 (927) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പുഴയുടെ കോട്ടയ്ക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിനായി ലഭിച്ച ഭരണാനുമതിക്ക് ശേഷം പ്രസ്തുത കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പുലിമുട്ട് നിർമ്മാണത്തിന് പഠനം നടത്തുന്നതിനായി കേന്ദ്ര സ്ഥാപനത്തിന് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പണം കൈമാറിയിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പുഴയുടെ കോട്ടയ്ക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ CWPRS-ന് ആവശ്യപ്പെട്ട ഫീൽഡ് ഡാറ്റകൾ കൈമാറിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സ്ഥാപനമായ CWPRS -ന് മുൻകൂറായി തുക നൽകിയാൽ മാത്രമേ പഠനം നടത്തുകയുള്ളുവെന്ന് അറിയിക്കുകയും അത് പ്രകാരം തുക കൈമാറുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**തിരുവനന്തപുരം മണ്ഡലത്തിലെ കടൽഭിത്തി നവീകരണം**

213 (928) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മട്ടവം മുതൽ ചർച്ചുവരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കുരിശ്ശടി, വേളാങ്കണ്ണി കടപ്പുറം, ബീമാപള്ളി മാമൂട്ടുവിളാകം തൈയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിലെ കാലപ്പഴക്കംമൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കടൽക്ഷോഭം രൂക്ഷമാകുന്ന ആശങ്കാജനകമായ സാഹചര്യം കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വലിയതുറ കടൽപ്പാലത്തിന് തെക്ക് ഭാഗത്തായി 47 മീറ്റർ നീളത്തിൽ 37 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ബീമാ പള്ളി ഭാഗത്ത് 1245 മീറ്റർ നീളത്തിൽ 15 പുലിമുട്ടുകളുടെ 1670 ലക്ഷം രൂപയുടെ പ്രവൃത്തിയും വലിയതുറ ഗ്രൗണ്ടിന്റെ വടക്കുഭാഗത്തായി 100 മീറ്റർ നീളത്തിൽ 77 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. പൂന്തുറ ഗ്രോയിൻസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള 946 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. കൂടാതെ എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുവേണ്ടി 15-6-2019-ലെ സ.ഉ.(കൈ) നം. 21/2019/ജവിവ പ്രകാരം തിരുവനന്തപുരം ജില്ലയ്ക്ക് 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി 265.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

214 (929) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

1. അമൃത് പദ്ധതിയിൽപ്പെടുത്തി 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും ഇടക്കൊച്ചി പാലം വടക്കേയറ്റം മുതൽ പാമ്പായിമൂലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധജല സംഭരണി വരെ 450 മി.മീ. കെ 9 പൈപ്പ് 1050 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.

   13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2. എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ 1268 മീറ്റർ 450 മി.മീ. DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

   15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണത്തിനായി 27-5-2019-ൽ കരാർ ഉടമ്പടി വച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

   പാമ്പായിമൂല പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. സ്റ്റേറ്റ് പ്ലാൻ 2015-16-ൽപ്പെടുത്തി അരൂർ ഇടക്കൊച്ചി പാലത്തിനടിയിൽ 778 മീറ്റർ 500MM HDPE പൈപ്പും അരൂർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെ 636 മീറ്റർ 450MM DI പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിവരുന്നു.

(ബി-ഡി) 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ പ്രവൃത്തി 31/10/2020-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 10-6-2019-ൽ കരാറുകാരന് നിർമ്മാണം നടത്തേണ്ട സ്ഥലം കൈമാറിയിട്ടുള്ളതും നിർമ്മാണ സാമഗ്രികൾ പരിശോധനയ്ക്കായി കൊച്ചിൻ യൂണിവേഴ്സിറ്റി ലാബിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 27-5-2019-ൽ കരാർ ഉടമ്പടിവച്ച മേൽ പറഞ്ഞ പ്രവൃത്തിയുടെ കാലാവധി 26-11-2019-ൽ അവസാനിച്ചു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി പല തവണ കരാറുകാരനെ കത്ത് മുഖേനയും ഫോൺ മുഖേനയും നിരന്തരമായി ബന്ധപ്പെട്ടെങ്കിലും ടിയാൻ പ്രവൃത്തി തുടങ്ങാൻ തയ്യാറായിട്ടില്ല. കരാറുകാരന് 30-1-2020-ൽ 5 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതിന് അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത തീയതിയിൽ പ്രവൃത്തി ആരംഭിക്കാത്തപക്ഷം പുനഃക്രമീകരിക്കുന്നതാണ്. ഈ പ്രവൃത്തിയുടെ നിർമ്മാണം തുടങ്ങിയാൽ പത്ത് മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ്

215 (930) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ഭരണാനുമതി എന്നത്തേക്ക് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഈ പ്രവൃത്തി നിർദ്ദിഷ്ട ഉൾനാടൻ ജലഗതാഗത പാത നിശ്ചയിച്ച റൂട്ടിൽ ഉൾപ്പെട്ടതാണോ എന്നതിനെ സംബന്ധിച്ചുള്ള തീരുമാനം അന്തിമമായി ലഭിച്ചതിന് ശേഷമാണ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഐ.ഡി.ആർ.ബി.-യിൽ രൂപരേഖയ്ക്ക് സമർപ്പിച്ചത്. ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭിച്ച രൂപരേഖ പ്രകാരം 900 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിശദമായ പദ്ധതി രേഖ ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖയിൽ കോസ്റ്റ് ബെനഫിറ്റ്-റേഷ്യോ കൂടി ഉൾപ്പെടുത്തേണ്ടതിനാൽ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷിയിടങ്ങളുടെ ആയക്കെട്ട് ലഭ്യമാക്കേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട റവന്യൂ അധികൃതർ തയ്യാറാക്കി വരുന്നു. ആയക്കെട്ട് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി പ്രസ്തുത പദ്ധതിക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

216 (931) ശ്രീ. എൻ.എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ഇടയ്ക്ക് മുടങ്ങിയിട്ടുണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര റെഗുലേറ്ററിന്റെ (ബാലൻസ് പ്രവൃത്തി) 85% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജനറേറ്റർ റൂമിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പിയറിന്റെ ഉയരം കൂട്ടുന്ന പ്രവൃത്തിയും കരസംരക്ഷണ പ്രവൃത്തിയുടെ പൈലിംഗിനുവേണ്ടിയുള്ള പ്രാരംഭ പ്രവൃത്തികളും പുരോഗമിക്കുന്നു.

(ബി) 2019-ൽ തുടർച്ചയായി പെയ്ത മഴകാരണം പുഴയിലെ ഒഴുക്ക് കുറയാതെ നീണ്ടുനിന്നതിനാലാണ് ഇടയ്ക്ക് നിർമ്മാണം/പ്രവർത്തനം മുടങ്ങിയത്.

(സി) തടസ്സങ്ങളൊന്നുമില്ല.

## നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

217 (932) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പപുഴക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പുതിയ ഡിസൈൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പെരുമ്പ പുഴയ്ക്ക് കുറുകെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പര്യവേഷണ പ്രവൃത്തി പൂർത്തീകരിക്കുകയും ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമായിരുന്നു. എന്നാൽ 2018-19 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ഈ മേഖലയിലും വലതുകരയിൽ ഉൾപ്പെടുന്ന പയ്യന്നൂർ മുനിസിപ്പാലിറ്റി മേഖലകളിലും ജലനിരപ്പ് ഉയരുകയും വെള്ളപ്പൊക്കം അനുഭവപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ആർ.സി.ബി.-ക്കായിട്ടുള്ള നിർദ്ദിഷ്ട സ്ഥലത്ത് പുഴയുടെ ഇരുവശങ്ങളിലുമുള്ള തറനിരപ്പ് ആർ.സി.ബി. നിർമ്മാണത്തിന് താരതമ്യേന അപര്യാപ്തമാണെന്നതിനാലും ഈ മേഖല ഉൾനാടൻ ജലഗതാഗത പാതയുടെ ഫീഡർ റൂട്ടായതിനാൽ നാവിഗേഷൻ ലോക്കിന് അനുയോജ്യമായ രീതിയിൽ സമീപ റോഡിന് സ്ഥലം ലഭ്യമല്ലാത്തതിനാലും ടി പദ്ധതിയുടെ ഉപയുക്തതക്കുറവ് പരിഗണിച്ച് പ്രസ്തുത പദ്ധതി നിലവിൽ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്തുനിന്ന് ഉദ്ദേശം 2 കി.മീ. താഴെയായി പുറച്ചേരി വട്ടമേഖലയിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡപ്രകാരം സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ ക്രോസ്സ് ബാർ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ

218 (933) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിൽപ്പെടുത്തി ആറൻമുള നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിഭാഗങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) ആരംഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ മേജർ ഇറിഗേഷൻ വിഭാഗത്തിൽ 38 പ്രവൃത്തികൾക്കും മൈനർ ഇറിഗേഷൻ വിഭാഗത്തിൽ 189 പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ലിസ്റ്റും നിലവിലുള്ള സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

## അണിയൽ കടപ്പുറത്ത് പുലിമുട്ട് നിർമ്മാണം

219 (934) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എടവനക്കാട്, അണിയൽ കടപ്പുറത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പ്രവൃത്തികൾക്കായി എന്തു തുക നൽകി; എത്ര പ്രവൃത്തികളുടെ ഭരണാനുമതിയാണ് നല്കിയത്; വിശദമാക്കാമോ?

ഉത്തരം

എടവനക്കാട്, അണിയൽ കടപ്പുറത്ത് 2 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം "ASE-construction of 1 No.(30m) bulb groyene between CP stone 1128 & 1124 at Edavanakkad Aniyil beach in Vypin Island" എന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തിക്ക് 82.50 ലക്ഷം രൂപയ്ക്ക് പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും "ASE-construction of 1 No.(15m) bulb groyene between CP stone 1128 & 1124 at Edavanakkad Aniyil beach in Vypin Island" എന്ന പ്രവൃത്തിക്ക് 48 ലക്ഷം രൂപയ്ക്ക് "4711-2-103-99-1-00 വി" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 29-1-2020-ലെ ഉത്തരവ് നമ്പർ ഐ.ഡി.ഇ.കെ.എം/2019/3013/ഐ.എ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## വൻകിട കുടിവെള്ള പദ്ധതികൾ

220 (935) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വരൾച്ചയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ചതും പൂർത്തീകരിച്ചതുമായ വൻകിട കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര വൻകിട പദ്ധതികൾ കൂടിയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ജലസംഭരണി ഉൾപ്പെടെ ഒന്നാംഘട്ടം പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ അതിവേഗം പൂർത്തിയാക്കി ഉപയോഗപ്രദമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നല്കുമോ?

### ഉത്തരം

(എ) ജലനിധി പദ്ധതിയിൽ ഭൂഗർഭ പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ജലനിധിയുടെ ഒന്നാം ഘട്ടമായി നടപ്പിലാക്കിയ പദ്ധതികളിൽ കേടുപാടുകൾ സംഭവിച്ചവ പുനരുദ്ധരിച്ച് സുസ്ഥിരത ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.ആർ.ഡബ്ല്യ.എസ്.എ.-യുടെ ഭാഗമായി മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം -ഭൂജല പരിപോഷണം' പരിപാടിയിൽ ഉൾപ്പെടുത്തി കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമാകുന്ന മഴവെള്ള സംഭരണി പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച നൽകുന്നുണ്ട്.

മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇതിനോടകം 34 ഗ്രാമപഞ്ചായത്തുകളിലെ 7100 കുടുംബങ്ങൾക്ക് പദ്ധതിയിലൂടെ കുടിവെള്ളം ഉറപ്പാക്കിയിട്ടുണ്ട്. ജലസൗഹൃദ വിദ്യാലയം പരിപാടിയുടെ ഭാഗമായി 840 സർക്കാർ വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 10 ഗ്രാമപഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകളിൽ മഴവെള്ളം കടത്തിവിട്ട് റീ ചാർജ്ജ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മഴവെള്ള സംഭരണത്തിലൂടെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് വരൾച്ചയെ പ്രതിരോധിക്കുന്നതിന് സഹായകരമാകും.

ലഭ്യമായ ജലം വേണ്ട രീതിയിൽ സംഭരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് ജല അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനു വേണ്ട ബോധവൽക്കരണം നൽകൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സാധ്യമായ സ്ഥലങ്ങളിൽ, നദികളിൽ തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ജലസേചന വകുപ്പിന്റെ സഹായത്തോടെ ജല അതോറിറ്റി നടപ്പാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചവൻകിട കുടിവെള്ള പദ്ധതികൾ അനുബന്ധം I(a) ആയും പൂർത്തീകരിച്ചവൻകിട കുടിവെള്ള പദ്ധതികൾ അനുബന്ധം I(b) ആയും ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാരിന്റ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വൻകിട പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*. എന്നാൽ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി റോഡ് കട്ടിംഗും റെയിൽവേ ക്രോസിംഗും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആയതിനുള്ള അനുമതി യഥാസമയം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് യഥാസമയം ലഭിക്കേണ്ടതായുണ്ട്. മേൽപ്പറഞ്ഞ പ്രകാരം ആവശ്യമായ അനുമതികളും ഫണ്ടും യഥാസമയം ലഭ്യമായാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു. ഇതിൻപ്രകാരം ഫീൽഡ് ഓഫീസർ തലത്തിലും കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ തലത്തിലും ടെക്നിക്കൽ മെമ്പർ ചീഫ് എഞ്ചിനീയർ എന്നീ തലത്തിലും വിവിധ പദ്ധതികളുടെ വിശദമായ മോണിറ്ററിംഗ് നടത്തിവരുന്നു.

ഇപ്പോൾ നടന്നുവരുന്ന പദ്ധതികളിൽ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും അതിന്റെ എസ്റ്റിമേറ്റിലുള്ള വർദ്ധനവും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി പദ്ധതികളുടെ പ്രത്യേക മീറ്റിംഗും ഡിപ്പാർട്ട്മെന്റ് തലത്തിലും സർക്കാർ തലത്തിലും നടത്തി പദ്ധതിയുടെ പുരോഗതി ഉറപ്പാക്കാറുണ്ട്. PWD-യിൽ നിന്നും അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി റോഡ് കട്ടിംഗ് വിഷയത്തിൽ ജില്ലാ തലത്തിൽ തീരുമാനമുണ്ടാകാത്ത പ്രവൃത്തികൾ സെക്രട്ടറിതല കമ്മിറ്റിയിൽ ഉന്നയിക്കുവാനും ഉചിതമായ തീരുമാനം കൈക്കൊള്ളാനും 11-4-2019-ൽ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി, ACS (LSGD) യും Principal Secretary (PWD)-യും ചേരുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

കുടിവെള്ള വിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും മറ്റും പലപ്പോഴും NH, PWD, Forest, Railway, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KSEB എന്നിവിടങ്ങളിൽ നിന്നുള്ള അനുവാദം ലഭിക്കുന്നതിനായി കാലതാമസം നേരിടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി വകുപ്പുമേധാവികളുമായും ബഹുമാനപ്പെട്ട മന്ത്രിമാരുടെ തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥ തലത്തിലും ചർച്ചകൾ/യോഗങ്ങൾ നടത്തി പ്രസ്തുത വിഷയങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രശ്നം പരിഹരിക്കാറുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ അനുമതി ലഭിക്കാൻ വൈകിയാൽ ജില്ലാ ഭരണകൂടത്തിന്റെ ഇടപെടലിലൂടെയും അനുമതി ലഭ്യമാക്കാറുണ്ട്. കൂടാതെ അതത് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുമായി ജില്ലാ കളക്ടർ തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗങ്ങൾ നടത്തി വേണ്ട നടപടികൾ കൈക്കൊള്ളാറുണ്ട്.

## കക്കാടം പൊയ്കയിൽ ചീങ്കണ്ണിപ്പാലയിലെ തടയണ

221 (936) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്കയിൽ ചീങ്കണ്ണിപാലയിൽ അബ്ദുൽ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിച്ചത് അനുമതി തേടാതെയാണോയെന്നറിയിക്കുമോ;

(ബി) എങ്കിൽ അനധികൃതമായി തടയണ നിർമ്മിച്ച പ്രസ്തുത വ്യക്തിക്കെതിരെ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കക്കാടം പൊയ്കയിൽ ചീങ്കണ്ണിപാലയിൽ അബ്ദുൽ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മാണത്തിനായി ഇറിഗേഷൻ വകുപ്പ് അനുമതികളൊന്നും നൽകിയിട്ടില്ല.

(ബി) ഏറനാട് താലൂക്കിൽ വെറ്റിലപ്പാറ വില്ലേജിലെ ചീങ്കണ്ണിപാലയിലെ അനധികൃത തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടറുടെ 8-12-2017-ലെ ബി2/37277/2015 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തടയണയുടെ പ്രവൃത്തി മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് 1957, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 എന്നിവയ്ക്ക് വിരുദ്ധമായതിനാൽ സിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിലെ വകുപ്പ് 34(കെ) പ്രകാരം നടപടി സ്വീകരിക്കാനും ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിലെ 30(i), 30(iii), 33, 34(h), (k), (m) പ്രകാരം തടയണ 14 ദിവസത്തിനുള്ളിൽ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൊളിച്ചുമാറ്റാൻ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ പരാതിക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരാതി സമർപ്പിക്കുകയും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അനധികൃത തടയണ പൊളിക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തു. തുടർന്ന് അനധികൃത തടയണയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ജില്ലയിലെ വകുപ്പ് മേധാവികൾ ഉൾപ്പെട്ട ഒരു ജില്ലാ വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-8-2019-ലെ ഡബ്ല്യു.പി.സി. നമ്പർ 41156/2017, ഡബ്ല്യു.പി.(സി) നമ്പർ 9553/2018 എന്നീ

കേസുകളിലെ ഉത്തരവ് പ്രകാരം മൺസൂൺ സീസണിൽ തന്നെ തടയണ പൊളിച്ചുമാറ്റുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇറിഗേഷൻ വകുപ്പിലേയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പരിശോധന നടത്തി നടപടി സ്വീകരിക്കുവാനും അനധികൃത തടയണ പൊളിക്കുന്നതിനുള്ള ചെലവ് ശ്രീ. അബ്ദുൾ ലത്തീഫ് സി.കെ. എന്നവരിൽ നിന്ന് വസൂലാക്കാനും ഉത്തരവായിട്ടുണ്ട്. തുടർന്ന് ഏറനാട് തഹസിൽദാരുടെയും മറ്റും നേതൃത്വത്തിൽ പരിസ്ഥിതിക്ക് കോട്ടം വരാതെയും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്താത്ത വിധത്തിലും തടയണ പൊളിച്ചുമാറ്റിയിട്ടുണ്ട്.

## കരിപ്പുഴ തോടിന്റെ സംരക്ഷണജോലി

222 (937) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തിയൂർ, കരിപ്പുഴ, ഉള്ളിട്ട പുഞ്ചയിലൂടെയുള്ള കരിപ്പുഴ തോടിന്റെ സംരക്ഷണജോലികൾക്ക് തുക അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് അറിയിക്കാമോ;

(ബി) പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന സംരക്ഷണ ജോലികൾ എന്തെല്ലാമാണെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്തിരുന്നത് ആരൊക്കെയെന്നും വിശദമാക്കാമോ;

(സി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവശേഷിക്കുന്ന ജോലികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; ബന്ധപ്പെട്ട വകുപ്പുകൾ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട പരിശോധനയും അവലോകനയോഗവും നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) കരിപ്പുഴ തോട് മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ സുനാമി ഫണ്ട് വിനിയോഗിച്ച് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതിപ്രകാരം കരാറുകാരന് എത്ര കോടി രൂപ നൽകിയെന്നും പദ്ധതിയുടെ കാലാവധി എന്നുവരെ ആയിരുന്നു എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കരിപ്പുഴ തോടിന്റെ നവീകരണത്തിനായി ആകെ 14.73 കോടി രൂപ അനുവദിച്ചിരുന്നു.

(ബി) കരിപ്പുഴ തോടിന്റെ ആഴം കൂട്ടലും സംരക്ഷണഭിത്തി നിർമ്മാണവുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. സംരക്ഷണഭിത്തി 440 മീറ്റർ ചെയ്യുവാനുണ്ട്. പ്രവൃത്തി ഫോർക്ലോസ് ചെയ്തു. റീച്ച്-2, റീച്ച്-3 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട പരിശോധനയും അവലോകന യോഗവും നടത്തിയിട്ടുണ്ട്.

(ഡി) സുനാമി ഫണ്ട് ലഭ്യമായിട്ടില്ല. കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പദ്ധതിപ്രകാരം കരാറുകാരന് 13,00,94,028 രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി 2019 ഡിസംബർ 31 വരെ ആയിരുന്നു.

## വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം

223 (938) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ചൂണ്ടി ജല ശുദ്ധീകരണ ശാലയിൽ നിന്നുള്ള 900 എം.എം. പൈപ്പിൽ നിന്നും കുടിവെള്ളം നൽകി ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൃപ്പൂണിത്തുറ നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായി നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള 46MLD ശേഷിയുള്ള ചൂണ്ടി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും വടവുകോട്-പുത്തൻകുരിശ് തിരുവാണിയിൽ പഞ്ചായത്തുകൾക്ക് 2 MLD ശുദ്ധജലം ആസൂത്രണം ചെയ്തത് പ്രകാരം വിതരണം ചെയ്യുന്നുണ്ട്. ചൂണ്ടി ജലശുദ്ധീകരണശാലയിൽ നിന്നും തൃപ്പൂണിത്തുറയ്ക്ക് 800 എം.എം. വ്യാസമുള്ള ക്ലിയൽ വാട്ടർ പമ്പിംഗ് മെയിനാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതിൽനിന്നും പന്നിക്കുഴിയിലുള്ള ഭൂതല ജലസംഭരണിയിൽ ജലം ശേഖരിച്ച് 40 എച്ച്.പി., 50 എച്ച്.പി. പമ്പ് സെറ്റുകൾ വഴി പമ്പ് ചെയ്താണ് മേൽപ്പറഞ്ഞ പഞ്ചായത്തുകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. പദ്ധതി ആസൂത്രണം ചെയ്തതിൽ കൂടുതൽ അളവിൽ ജലം എടുക്കുന്നത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലേയ്ക്കും മറ്റ് സമീപ പഞ്ചായത്തുകളായ ചോറ്റാനിക്കര, ഉദയംപേരൂരിലേയ്ക്കുമുള്ള ജലവിതരണത്തെ സാരമായി ബാധിക്കുന്നതിനാൽ പ്രായോഗികമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരിമ്പുഴ-മുണ്ടോർശ്ശിക്കടവിലെ തടയണ നിർമ്മാണം

224 (939) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലുള്ള കരിമ്പുഴയിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനായി സർക്കാരിൽ എപ്പോഴാണ് പ്രൊപ്പോസൽ ലഭ്യമായത്;

(ബി) പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം നൽകാമോ;

(സി) കരിമ്പുഴയിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി അടിയന്തിരമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 13-7-2019-ന് നടന്ന അവലോകന യോഗത്തിൽ മുണ്ടോർശ്ശി കടവിൽ ളുതപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശമുണ്ടായി. നിലവിൽ പ്രവൃത്തിയുടെ വിശദമായ പര്യവേക്ഷണം നടത്തുന്നതിനായി പീച്ചി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കാര്യാലയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പുരോഗമിച്ചുവരുന്നു. പര്യവേക്ഷണത്തിനുശേഷം തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പഴയന്നൂർ-ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ പുനർനിർമ്മാണം

225 (940) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ തകർന്ന ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ-ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ പുനർനിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്ത് മാത്രമേ പ്രവൃത്തി ചെയ്യുവാൻ കഴിയുകയുള്ളൂ എന്നത് കണക്കിലെടുത്ത് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പദ്ധതിയുടെ അടിയന്തര അറ്റകുറ്റപ്പണികൾ 2018-19-ലെ വാർഷിക പദ്ധതിയിൽനിന്നും 52 ലക്ഷം രൂപയ്ക്ക് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SDRF-ൽ ഉൾപ്പെടുത്തി 443.25 ലക്ഷം രൂപയുടെ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചീരക്കുഴി റെഗുലേറ്ററിന്റെ പുനർനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി 10 സിവിൽ പ്രവൃത്തികൾക്ക് 160.5 ലക്ഷം രൂപയുടെയും മെക്കാനിക്കൽ പ്രവൃത്തിക്കായി 353 ലക്ഷം രൂപയുടെയും പ്രൊപ്പോസലുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അഞ്ചുതെങ്ങ് മുതൽ കാപ്പിൽ വരെ കടൽത്തീര സംരക്ഷണം**

226 (941) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് മുതൽ കാപ്പിൽവരെ പത്ത് മീറ്റർ ഉള്ളിലേയ്ക്ക് കടൽത്തീരം ഇടിഞ്ഞുകൊണ്ടിരിക്കുന്നത് തടയുന്നതിനും വർക്കല വെറ്റക്കട ഭാഗത്തുള്ള വീടുകൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ തീരം സംരക്ഷിക്കുന്നതിന് പാറയുടെ ദൗർലഭ്യമാണ് കാരണമെങ്കിൽ മറ്റ് നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തീരം സംരക്ഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വർക്കല വെറ്റക്കട ഭാഗത്തെ വീടുകൾ സംരക്ഷിക്കുന്നതിന് വേണ്ടി 2018-ൽ വെറ്റക്കട ഭാഗത്ത് 110 മീറ്റർ ദൂരത്തിലും 2019-ൽ 2-ാം റീച്ചായി 155 മീറ്ററിലും ജിയോ ബാഗ് അടുക്കി തീരം സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം 40 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 26 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. അഞ്ചുതെങ്ങ് പ്രദേശത്ത് കോട്ടയ്ക്ക് ഇരുവശത്തുമായും വർക്കല പ്രദേശത്ത് ഒന്നാം പാലം മുതൽ കാപ്പിൽ വരെയും തീരം സംരക്ഷണത്തിന് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത മേഖലയിലെ പാറ ദൗർലഭ്യം കണക്കിലെടുത്ത് ജിയോ ബാഗ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണമാണ് നടത്തിയിട്ടുള്ളത്.

## നെടുമങ്ങാട് മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

227 (942) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയവുമായി ബന്ധപ്പെട്ട് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ പദ്ധതിവിഭാഗം-2 കാര്യാലയവുമായി ബന്ധപ്പെട്ട് മൂന്ന് പ്രവൃത്തികളാണ് അനുവദിച്ച് നടപ്പിലാക്കിവരുന്നത്.

നെടുമങ്ങാട് വി.ഐ.പി. കോമ്പൗണ്ടിലെ ക്യാമ്പസ് റോഡിന്റെ ഉപരിതലം പുതുക്കലും എ ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും കോമ്പൗണ്ട് വാളിന്റെ നിർമ്മാണവും- തുക 10,70,000 രൂപ

നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 6 ഡി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ- തുക 8,99,925 രൂപ

നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 8 ബി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ - തുക 14,82,699 രൂപ

## പയ്യന്നൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഭരണാനുമതി

228 (943) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിലെ ക്ലാസ് വൺ വിഭാഗത്തിൽ വരുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് 2019-20 വർഷം ഭരണാനുമതി ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

2019-20 വർഷത്തിൽ മൈനർ ഇറിഗേഷൻ ക്ലാസ്-1 വിഭാഗത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും അനുമതി നൽകിയിട്ടില്ല. എന്നിരുന്നാലും താഴെപ്പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | എം.ഐ.ക്ലാസ് II-ഹരിത കേരളം | പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ വാർഡ് നം. 22-ൽ റെയിൽപ്പാലത്തിന് മുകൾ ഭാഗത്ത് വട്ടംകുളം തോടിന് കുറുകെ ഒരു SWECB നിർമ്മാണം | 30.00 ലക്ഷം |
| 2 | റെനൊവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട് അണ്ടർ ഹരിത കേരളം | കരിവള്ളൂർ പെരളം പഞ്ചായത്തിലെ ഏലോത്തും കുണ്ടുകുളം നവീകരണം | 60.00 ലക്ഷം |

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജലവിതരണം**

229 (945) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് കനാലിൽ കൂടിയുള്ള ജലവിതരണം സുഗമമായി നടത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

എസ്.ഡി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പി.വി.ഐ.പി. കനാലുകളിലെ അടിയന്തര പ്രധാന്യമുള്ള പുനരുദ്ധാരണ ജോലികൾ പൂർത്തീകരിച്ചുവരുന്നു. കനാലുകളിലെ ചെളിയും മാലിന്യങ്ങളും നീക്കംചെയ്തും കാടുവെട്ടിയും വൃത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെയും കാർഷികാവശ്യങ്ങളുടെയും മുൻഗണന പരിഗണിച്ച് ജനുവരി 8, 9, 24, 25 എന്നീ ദിവസങ്ങളിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പി.വി.ഐ.പി. കനാലുകളിൽകൂടി ഭൂരിഭാഗം പ്രദേശങ്ങളിൽ ജലവിതരണം എത്തിക്കുകയും ചെയ്തു. 31-1-2020 തീയതിയിൽ പഞ്ചായത്ത് പ്രതിനിധികളും കർഷക സമിതികളും കൃഷി ഓഫീസർമാരും ഉൾപ്പെട്ട അവലോകന യോഗത്തിൽ സുഗമമായി ജലവിതരണം നടത്തുന്നതിന് ഒരു രൂപരേഖ തയ്യാറാക്കി അടുത്ത ടേണിലെ ജലവിതരണത്തിന് മുമ്പായി പ്രാവർത്തികമാക്കുന്നതിനും തീരുമാനമെടുത്തു.

## മാവുള്ളപൊയിൽ വി.സി.ബി. നിർമ്മാണം

230 (946) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ളപൊയിൽ വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ള പൊയിൽ വി.സി.ബി. നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഓച്ചിറ കുടിവെള്ള പദ്ധതി

231 (947) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ അഴീക്കൽ പ്രദേശത്ത് നിരന്തരമുണ്ടാകുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഓച്ചിറ കുടിവെള്ള പദ്ധതി വഴി കുടിവെള്ളം ലഭിക്കുന്ന അഴീക്കൽ പ്രദേശത്ത് മുടക്കം കൂടാതെ കുടിവെള്ളം ലഭിക്കുന്നതിന് ഓച്ചിറയിൽ നിന്ന് ആയിരംതെങ്ങ് പാലം വഴി ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ഓച്ചിറ കുടിവെള്ള പദ്ധതി പ്രകാരം ജലവിതരണം നടത്തുന്ന പ്രദേശങ്ങളിൽ മുടക്കം കൂടാതെ കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴീക്കൽ ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിൽ പ്രധാനമായും കുടിവെള്ള സ്രോതസ്സിനായി ആശ്രയിക്കുന്നത്, അഴീക്കൽ (വടക്ക്) കുഴൽ കിണറിനെയും ക്ലാപ്പന എരമത്ത്കാവ് സംഭരണിയിൽനിന്നും ആയിരം തെങ്ങ് പാലം വഴിയുള്ള 140mm pvc പൈപ്പ് ലൈനിനേയുമാണ്. ക്ലാപ്പന പഞ്ചായത്തിനുവേണ്ടി മാത്രം സ്ഥാപിച്ചിട്ടുള്ള എരാമത്ത് ടാങ്കിൽ നിന്നുമാണ് ആലപ്പാട് പഞ്ചായത്തിലെ പ്രസ്തുത ഭാഗങ്ങളിലേയ്ക്ക്

കൂടി കുടിവെള്ളം എത്തിക്കുന്നത്. ഇതിൽനിന്നും എടുക്കുന്ന വെള്ളം ഉപയോഗിച്ച് ആലപ്പാട് 1, 2, 3, 4 വാർഡുകളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നില്ല. കൂടാതെ ടി പദ്ധതിയുടെ മാവേലിക്കര കണിയൂർക്കടവിലെ റാ വാട്ടർ പമ്പിംഗ് സ്റ്റേഷനിലെ തുടർച്ചയായി അനുഭവപ്പെടുന്ന വൈദ്യുത തടസ്സവും ജലക്ഷാമം ഉണ്ടാക്കുന്നുണ്ട്.

(ബി) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഓച്ചിറ ജലശുദ്ധീകരണ ശാലയിൽ നിന്നും 6750 m 200 MM DI പൈപ്പ്ലൈൻ സ്ഥാപിച്ച് ജലം എത്തിക്കുവാൻ നിർദ്ദേശിക്കുകയും ടി പദ്ധതി ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനും വേണ്ടി തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, കൊല്ലം 724 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുക്കുകയും ആയതിന്റെ അനുമതി നൽകുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിന് കൈമാറുകയുമുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകുകയും ആയതിൻപ്രകാരം മാനേജിംഗ് ഡയറക്ടർ ആലപ്പാട് സമഗ്ര കുടിവെള്ള പദ്ധതിയിൽ പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ സാങ്കേതിക സാദ്ധ്യതയെക്കുറിച്ചുള്ള വിശദമായ പരിശോധന നടത്തിവരുന്നു. പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാകുന്നതിനായുള്ള തുടർനടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ മാവേലിക്കര കണിയൂർകടവ് പമ്പിംഗ് സ്റ്റേഷനിലെ വൈദ്യുത തടസ്സം ഒഴിവാക്കിയാൽ ഇതുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ യാതൊരു തടസ്സവും കൂടാതെ കുടിവെള്ളം എത്തിക്കുവാൻ കഴിയും. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ "എക്സിക്യൂട്ടീവ് ഫീഡർ" സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ KSEB, ഹരിപ്പാട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

232 (948) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവൂർ-പള്ളിയോൾ പാടശേഖരം**

233 (949) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വിഭാഗം മുഖേന നടപ്പിലാക്കാൻ പദ്ധതി തയ്യാറാക്കിയ മാവൂർ-പള്ളിയോൾ പാടശേഖരം കൃഷിയോഗ്യമാക്കൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് എത്ര രൂപ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മാവൂർ-പള്ളിയോൾ പാടശേഖരം കൃഷി യോഗ്യമാക്കൽ പ്രവൃത്തിക്ക് ഏകദേശം 250 ലക്ഷം രൂപ തുക വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടി**

234 (950) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉയർന്ന പ്രദേശങ്ങളിലെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ കുഴൽക്കിണർ റീചാർജ് ചെയ്യുന്നതിനുള്ള സാധ്യതയുടെ പ്രായോഗികത പരിശോധിച്ച് ആയത് പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന്റെ പ്ലാൻ പദ്ധതിയായ 'ഭൂജല സംരക്ഷണവും സംപോഷണവും' പദ്ധതിയിൻ കീഴിൽ ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതി, ചെറിയ തടയണകൾ, അടിയണകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) വകുപ്പ് 2019-20 സാമ്പത്തികവർഷം നടപ്പിലാക്കാൻ അനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ പുരോഗതി ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം I). *

(സി) ഭൂജല വകുപ്പ്, പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കുഴൽക്കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിനുശേഷമുള്ള കുഴൽക്കിണറുകളിലെ ജലഗുണനിലവാര പരിശോധനയുടെയും ജലവിതാന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുഴൽക്കിണർ റീചാർജ്ജിംഗ് പദ്ധതി ഉയർന്ന പ്രദേശങ്ങളിൽ ഉൾപ്പെടെ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പ്രളയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ

235 (951) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലം സർക്കാർ വിലയിരുത്തിയോ; ഉണ്ടെങ്കിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനും, വെള്ളപ്പൊക്കദുരിതമൊഴിവാക്കാനുമായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു; നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര തുക വകയിരുത്തി; വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര തുക ലഭ്യമായി; എത്ര ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) വെള്ളപ്പൊക്കവും പ്രളയവുംമൂലം 2018, 2019 വർഷങ്ങളിൽ ജലസേചന വകുപ്പിൻ കീഴിലെ അണക്കെട്ടുകൾക്കും മറ്റു ജലസ്രോതസ്സുകൾക്കും കുടിവെള്ള വിതരണ മേഖലയ്ക്കുമുണ്ടായ നാശനഷ്ടങ്ങൾ, അവയിൽ പരിഹരിക്കാൻ സാധിച്ചവ , ഇനിയും പരിഹരിക്കേണ്ടവ എന്നിവ സംബന്ധിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെയും 2019-ലെയും വെള്ളപ്പൊക്കം ഉണ്ടായ സാഹചര്യങ്ങൾ, ജലസേചന വകുപ്പിലെ വിവിധ ആഫീസുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും കേന്ദ്ര ജലകമ്മീഷന്റെയും Kerala Flood-Post Disaster Need Assessment റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 14 ഡാമുകളിൽ Emergency Action Plan-കളും 10 ഡാമുകളിൽ Rule curve-കളും 18 ഡാം/ബാരേജുകളിൽ Operation and maintenance manual-കളും തയ്യാറാക്കിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ പ്രളയംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച ജലസേചന നിർമ്മിതികളുടെ അറ്റകുറ്റ/ പുനരുദ്ധാരണ പ്രവൃത്തികൾ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. വെള്ളപ്പൊക്കംമൂലം ഡാമുകളിലെ റിസർവോയർ പ്രദേശത്തും പുഴകളിൽ സ്ഥിതി ചെയ്യുന്ന ജലസേചന നിർമ്മിതികളുടെ സമീപത്തും അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ കുറയ്ക്കുന്നതിനും നേരിടുന്നതിനും വേണ്ടി വകുപ്പിനായി ഒരു ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

2018-2019-ലെ പ്രളയത്തിൽ ഏറ്റവുമധികം ബാധിക്കപ്പെട്ട റിവർ ബേസിനുകളായ ചാലിയാർ, പെരിയാർ, ചാലക്കുടി, മീനച്ചിൽ, അച്ചൻകോവിൽ, മണിമല എന്നിവയിൽ പ്രളയ നിയന്ത്രിത അണക്കെട്ടുകളുടെ പ്രാഥമിക സാധ്യതാ പഠനം നടത്തി വരുന്നു. കൂടാതെ നെതർലാന്റ് സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശമായ റൂം ഫോർ റിവർ എന്ന ആശയം കേരളത്തിൽ കുട്ടനാട് പ്രദേശത്ത് പ്രായോഗികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ നദികൾക്ക് ഒഴുകുവാൻ കൂടുതൽ വിസ്താരവും കൂടുതൽ ജല ആവാഹ ശേഷിയും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ എല്ലാ നദീതടങ്ങളിലും വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുവാനുള്ള ആശയം

പരിഗണനയിലുണ്ട്. ഇപ്പോൾ പെരിയാർ, ചാലക്കുടി, ചാലിയാർ കൂടാതെ കുട്ടനാട് ഭാഗത്തേയ്ക്ക് ഒഴുകുന്ന മീനച്ചിൽ, മണിമല, അച്ചൻകോവിൽ, പമ്പ, മൂവാറ്റുപുഴ എന്നീ നദികളിൽ ഈ ആശയം വികസിപ്പിക്കുവാനുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ഡാമുകളിൽ മുൻകൂട്ടിക്കണ്ട് ജലം നിയന്ത്രിത അളവിൽ തുറന്ന് വിടുന്നതിനായുള്ള റൂൾ കർവ്, വെള്ളപ്പൊക്കമുണ്ടാകുമ്പോൾ സ്വീകരിക്കേണ്ടതായുള്ള എമർജൻസി ആക്ഷൻപ്ലാൻ, ഡാമുകളിലെ ഓപ്പറേഷൻ &മെയിന്റനൻസ് മാന്വൽ എന്നിവ കേന്ദ്ര ജലവിഭവ കമ്മീഷന്റെ ഗൈഡ്‌ലൈൻസ് പ്രകാരം പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക നിയന്ത്രണത്തിനും വെള്ളപ്പൊക്ക ദുരിതമൊഴിവാക്കുന്നതിനുമായി പ്രളയ പ്രതിരോധ ഡാമുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഡാമുകളുടെ Desiltation നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജലസംഭരണികളുടെ Desiltation-നായുള്ള sedimentation പഠനങ്ങൾ നടന്നുവരുന്നു. ജലസംഭരണികളുടെ പ്രവർത്തനത്തിന് ഓപ്പറേഷൻ & മെയിന്റനൻസ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. മീനച്ചിൽ റിവർ വാലി പ്രോജക്ട് പദ്ധതിയിൽ അരുണാപുരം, ചെമ്പിലാവ്, പള്ളിക്കുന്ന്, പാറപ്പുഴ, ചില്ലച്ചി, കുറ്റിനാൽക്കടവ്, ചേരിപ്പാട് എന്നിവിടങ്ങളിൽ റെഗുലേറ്റർ കം ബ്രിഡ്ജും പഴക്കത്താനം, അടുക്കം എന്നീ ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി മീനച്ചിൽ, മണിമല എന്നീ പുഴകളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും പാലാ, കോട്ടയം ടൗണുകളിലെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും സാധിക്കും. ഈ പദ്ധതികൾ 2018 പ്രളയത്തിന് മുമ്പ് വിഭാവനം ചെയ്തവയാണ്. കൂടാതെ മലങ്കര ഡാമിന്റെ റിസർവോയറിൽ അടിഞ്ഞു കൂടിയ എക്കലും മണ്ണും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ ശേഷി കൂട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് Bathymetric survey നടത്തുവാൻ KERI, Peechi-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കനാലിലെ ജലവിതരണത്തിന് മുമ്പ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കാറുണ്ട്.

2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചാലക്കുടി പദ്ധതിയുടെ കീഴിലുള്ള കനാൽ സിസ്റ്റത്തിലേയ്ക്ക് Natural Drainage കടക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുവഴി ജനവാസ പ്രദേശങ്ങളിലേയ്ക്ക് പ്രളയജലം എത്താതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കനാലിലേയ്ക്ക് ഉരുൾപ്പൊട്ടൽ മുഖേന വരുന്ന ജലം ഒഴിവാക്കാനായി സർപ്ലസ് ഷട്ടറുകളുടെ മെയിന്റനൻസ് നടത്തി തോടുകളിലേയ്ക്കും അതുവഴി പുഴയിലേയ്ക്കും തിരിച്ചുവിടാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2018, 2019 വെള്ളപ്പൊക്കങ്ങളിലായി 551 ജലനിധി പദ്ധതികൾക്കാണ് കേടുപാടുകൾ സംഭവിച്ചത്. കേടുപാടുകൾ സംഭവിച്ച ജലനിധി പദ്ധതികൾ പുനരുദ്ധരിച്ച് ജലവിതരണം സാധാരണ നിലയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നും ജലവിതാന ഡേറ്റാ ശേഖരിച്ച് ഒക്ടോബർ 2018-ൽ ഭൂജല സ്ഥിതിയെക്കുറിച്ചുള്ള ഇടക്കാല റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. കൂടാതെ 2019-ലെ പ്രളയത്തോടനുബന്ധിച്ചുണ്ടായ ഉരുൾപ്പൊട്ടൽ സ്ഥലങ്ങളിൽ ഭൂജല വകുപ്പിലെ ഹൈഡ്രോജിയോളജിസ്റ്റുമാർ സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥല സന്ദർശനം നടത്തി പരിഹാരമാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠന റിപ്പോർട്ട് അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് തയ്യാറാക്കി നൽകിയിട്ടുണ്ട്.

അതിരൂക്ഷമായ വെള്ളപ്പൊക്കം കുട്ടനാട് പ്രദേശത്തെ ജനജീവിതത്തെയും സമ്പത് വ്യവസ്ഥയെയും കാർഷിക മേഖലയെയും വലിയരീതിയിൽ ബാധിക്കുകയുണ്ടായി. തുടർച്ചയായുണ്ടായ വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക കെടുതിയെക്കുറിച്ച് വിശദമായ അവലോകനം ചെയ്യുകയുണ്ടായി. കുട്ടനാട്ടിലുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ മുഖ്യകാരണം എസി കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണ് അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നും പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം പൂർത്തീകരിക്കാത്തതുമാണെന്നുള്ള വസ്തുതയുടെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജ് രണ്ടാംഘട്ടം നടപ്പിലാക്കുവാൻ തീരുമാനമായി.

2019-20 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി 32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 11 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം ഉൾപ്പെടെ 13 പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തികളെല്ലാം നടപ്പിലാക്കിവരുന്നു. 2018-19 വർഷങ്ങളിലെ വെള്ളപ്പൊക്ക കെടുതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ആസൂത്രണ കമ്മീഷൻ കുട്ടനാടിനുവേണ്ടി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സംരക്ഷണത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്.

റൂം ഫോർ റിവർ പദ്ധതിയുടെ ഒന്നാംഘട്ടം കുട്ടനാട്ടിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ പ്രാരംഭ ഘട്ടമായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനമായിട്ടുണ്ട്.

1. ലീഡിംഗ് ചാനലിന്റെ വളവ് നികത്തൽ
2. പമ്പ, അച്ചൻകോവിൽ എന്നീ നദികളുടെ വീതിയും ആഴവും വർദ്ധിപ്പിക്കൽ
3. ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം
4. തോട്ടപ്പള്ളി പൊഴിയിൽ പുലിമുട്ട് നിർമ്മാണം
5. പദ്ധതിക്കാവശ്യമായ ഹൈഡ്രോ ഡൈനാമിക് പഠനം
6. ലീഡിംഗ് ചാനൽ പ്രദേശത്തെ ബണ്ടുകൾ ബലപ്പെടുത്തൽ
7. ബൈപാസ് ചാനലുകളുടെ നിർമ്മാണം
8. എ.സി. കനാലിന്റെ പൂർത്തീകരണം

ഈ പദ്ധതികൾക്ക് 500 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പാടശേഖരങ്ങളുടെ കംപാർട്ട്മെന്റലൈസേഷനും പുറംബണ്ട് ബലപ്പെടുത്തലും, 420 കിലോമീറ്റർ നീളത്തിൽ തോടുകളുടെ നവീകരണം, വേമ്പനാട് കായലിന് വേണ്ടിയുള്ള പ്രാരംഭ പഠനം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 കാര്യാലയത്തിന്റെ മെയിന്റനൻസ് മാന്വൽ ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. കുറ്റ്യാടി പദ്ധതിയുടെ പെരുവണ്ണാമൂഴി അണക്കെട്ടിലും വാളയാർ അണക്കെട്ടിലും കെ.ഇ.ആർ.ഐ. പീച്ചി പഠനം നടത്തുകയും രണ്ട് റിസർവോയറുകളിലും മണലും ചെളിയും അടിഞ്ഞിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മലമ്പുഴ ഡാമിൽ കെ.ഇ.ആർ.ഐ. പീച്ചിയുടെ നേതൃത്വത്തിൽ സെഡിമെന്റേഷൻ പഠനം നടന്നുവരികയാണ്. കാഞ്ഞിരപ്പുഴ ഡാമിലും കെ.ഇ.ആർ.ഐ. പീച്ചിയുടെ നേതൃത്വത്തിൽ പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി, കേരളത്തിലെ റിസർവോയറുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനും മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെ പൈലറ്റ് പ്രോജക്ടുകളാക്കി ഡീസിൽറ്റേഷൻ നടത്തുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്യർ അംഗീകരിച്ചിട്ടുണ്ട്.

മലമ്പുഴ, മീങ്കര, കാരാപ്പുഴ, വാളയാർ എന്നീ ഡാമുകളിലും പഴശ്ശി ബാരേജിലും കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏര്യകളിലും "സ്വിസ് ചലഞ്ച്" മാതൃകയിൽ ഡീസിൽറ്റേഷൻ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മംഗലം റിസർവോയറിൽ Turn Key രീതിയിൽ ഡീസിൽറ്റേഷൻ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രോജക്ട് 1-ന് കീഴിലുള്ള വെള്ളിയാങ്കല്ല് ആർ.സി.ബി.യുടെ പരിധിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി SDRF-ൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് 536.27 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. 2019-ൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 575.32 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 2018-ലെ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി SDRF പ്രകാരം റവന്യൂ വകുപ്പിന് തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന 50 കോടി രൂപ കൈമാറിയിട്ടുണ്ട്. ടി തുകയിൽ നിന്നും 25.74 കോടി രൂപ വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂജല വകുപ്പ് 2018-ലെ പ്രളയബാധിത പ്രദേശങ്ങളിൽ 187 ചെറുകിട കുടിവെള്ള പുനരുദ്ധാരണം, 83 കുഴൽക്കിണർ പൂർത്തിയാക്കൽ, 14 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. 15900 കുടുംബങ്ങൾക്കും 4 സ്ഥാപനങ്ങൾക്കും ഇതിലൂടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. ഭൂജല വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയായ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ നിന്നുമാണ് 2018-ലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള രൂപ ചെലവഴിക്കുന്നത്. ഇതിനായി 84.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയവുമായി ബന്ധപ്പെട്ട് ഫ്ലഡ് കൺട്രോൾ ഡാം, റൂം ഫോർ റിവർ, ഫ്ലഡ് ഏർലി വാണിംഗ് സിസ്റ്റം എന്നിവയുടെ സാധ്യതാ പഠനങ്ങൾ നടന്നുവരുന്നു. റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി തോട്ടപ്പള്ളി സ്പിൽവേ നവീകരണം, എസി കനാൽ നിർമ്മാണം എന്നിവയുടെ ഹൈഡ്രോ ഡൈനാമിക് പഠനത്തിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതത്തിന്റെ ഫലമായി കേടുപാടുകൾ സംഭവിച്ച സ്കീമുകൾ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന്

SDRF-ൽ നിന്നും 1014.22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനകം 430.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയത്തെ തുടർന്നുണ്ടായ ദുരിതങ്ങൾ ഒഴിവാക്കുന്നതിനായി SDRF, Rebuild Kerala Initiative എന്നീ സ്കീമുകളിലായി തുക വകയിരുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ടിന് കീഴിലുള്ള പഴശ്ശി, ബാണാസുര സാഗർ, കാരാപ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം, ചിറ്റൂർപ്പുഴ, വാളയാർ, മീങ്കര, ചുള്ളിയാർ എന്നീ പദ്ധതികളിൽ പ്രളയത്തെ തുടർന്നുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി SDRF സ്കീമിൽ 97.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1267.21 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 313.582 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ പഴശ്ശി, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം, ചിറ്റൂർപ്പുഴ, വാളയാർ, മീങ്കര, ചുള്ളിയാർ എന്നീ പദ്ധതികൾക്കായി Rebuild Kerala Initiative സ്കീമിൽ 3270 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ജലസംഭരണികളുടെ ഷട്ടറുകൾ, കനാലുകൾ, അനുബന്ധ നിർമ്മിതികൾ, കുട്ടനാടൻ മേഖലയിലെ പാടശേഖര ബണ്ടുകൾ, ഹൈഡ്രോളജി സ്റ്റേഷനുകൾ എന്നിവയും ജലസേചന പ്രവൃത്തികൾക്കായി നിർമ്മിച്ചിരുന്ന ചെക്ക് ഡാം, വി.സി.ബി, എൽ.ഐ. സ്കീം എന്നിവയുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കേണ്ടതും പ്രളയംമൂലം വിവിധ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യേണ്ടതുമാണ്. 2018-19-ലെ വെള്ളപ്പൊക്കംമൂലം വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി SDRF, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് മുഖാന്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

2018-19-ലെ പ്രളയത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 483 ശുദ്ധജല പദ്ധതികൾക്ക് നാശനഷ്ടമുണ്ടായി. 20000-ത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നശിച്ചു. ശുദ്ധീകരണ ശാലകളുടെ പ്രവർത്തനം തകരാറിലായത് കാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉല്പാദനം തടസ്സപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവഗുരുതര സ്ഥിതിയുണ്ടാക്കി. ഇതിനുപുറമെ 39 മുനിസിപ്പാലിറ്റികളിലും 346 പഞ്ചായത്തുകളിലും ബാധിക്കപ്പെട്ടു. മേൽവിവരിച്ച നാശനഷ്ടങ്ങൾ നികത്തി ജലവിതരണം പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി, സംസ്ഥാന പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നായി 1640 വിവിധ പ്രവൃത്തികൾക്കായി 77.88 കോടി രൂപയുടെ അനുമതി നൽകുകയുണ്ടായി. 2019 വർഷത്തെ മഴക്കെടുതിയിൽ വൈദ്യുതി തകരാർ ഉണ്ടായതുകാരണം പല കുടിവെള്ള സ്കീമുകളും പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞില്ല. വാട്ടർ അതോറിറ്റിക്ക്

23 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 2018-19-ലെ പ്രളയം മുഖേന കുട്ടനാട്ടിലെ ഒട്ടുമിക്ക ജലാശയങ്ങളും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് ആഴം കുറയുകയും വൃത്തിഹീനമാകുകയും ചെയ്തിട്ടുണ്ട്. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി 420 കിലോമീറ്ററോളംവരുന്ന തോടുകൾ ആഴം കൂട്ടുകയും ശുചീകരിക്കേണ്ടതായുമുണ്ട്. തോടുകൾ ആഴം കൂട്ടുമ്പോൾ കിട്ടുന്ന ചെളിയും കയർ ഭൂവസ്ത്രവും ഉപയോഗിച്ച് പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്താവുന്നതാണ്. സംസ്ഥാന ബജറ്റിൽ തുക വകയിരുത്തുന്നതനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്. ജലനിധി ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ 9 പദ്ധതികൾക്ക് പൂർണ്ണമായും 509 പദ്ധതികൾക്ക് ഭാഗികമായും 2018-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. ആകെ 76177 കുടുംബങ്ങൾക്കുള്ള ജലവിതരണം തടസ്സപ്പെട്ടു. 356 പദ്ധതികൾ പുനരുദ്ധരിച്ച് 60138 കുടുംബങ്ങൾക്ക് ജലവിതരണം ഇതുവരെ പുനരാരംഭിച്ചു. 162 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2020 മാർച്ച് മാസത്തിനുള്ളിൽ ഇവയും പൂർത്തീകരിക്കും. 2019-ലെ പ്രളയത്തിൽ 103 പദ്ധതികൾക്ക് നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചതിൽ 2018-ലെ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച 70 പദ്ധതികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ഇതുമൂലം 25280 കുടുംബങ്ങൾക്ക് ജലവിതരണം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 40 സ്കീമുകളുടെ കേടുപാടുകൾ തീർത്ത് ജലവിതരണം പുനരാരംഭിച്ചു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രോജക്ട് 2-ന്റെ കാര്യാലയത്തിനുകീഴിലുള്ള പദ്ധതികളായ പമ്പ, ചീരക്കുഴി, ചാലക്കുടി എന്നിവയിൽ അതിഭീമമായ നാശങ്ങളുണ്ടായി.

1. ചീരക്കുഴി ജലസേചന പദ്ധതി

അതിരൂക്ഷമായ കാലവർഷക്കെടുതിയിൽ ചീരക്കുഴി വിയർ റെഗുലേറ്ററിന്റെ രണ്ട് ഷട്ടറുകൾ ഒലിച്ചുപോവുകയും ആറ് ഷട്ടറുകൾ പൂർണ്ണമായും രണ്ടെണ്ണം ഭാഗികമായും നാശമാവുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിയറിന്റെ ജല നിയന്ത്രണ സംവിധാനം ആകെ തകരാറിലായിരിക്കുകയാണ്. വിയറിന്റെ തൂണുകൾക്കും കേടുപാടുകൾ സംഭവിച്ചിരുന്നു. കനാൽ ശൃംഖലയിൽ പല ഭാഗങ്ങളിലും സംരക്ഷണ ഭിത്തികൾക്കും കനാലുകൾക്കും ബണ്ടുകൾക്കും റോഡുകൾക്കും മണ്ണൊലിപ്പുമൂലം കേടുപാടുകൾ സംഭവിച്ചിരുന്നു.

2. ചിമ്മിനി ജലസേചന പദ്ധതി

ഈ ജലസേചന പദ്ധതിയുടെ സ്റ്റില്ലിംഗ് ബേസിന്റെ താഴ് ഭാഗത്തുള്ള ഏപ്രൺ പൂർണ്ണമായി തകർന്ന അവസ്ഥയിലാണ്. കാരുകുളം, വാസുപുരം ചിറകളുടെ വശങ്ങൾ തകർന്നിരുന്നു. ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ ഷട്ടറുകൾക്ക് സമീപം മുളകൾ, മരങ്ങൾ മറ്റ് വസ്തുക്കളെല്ലാംതന്നെ അടിഞ്ഞുകൂടിയിരുന്നു.

3. വാഴാനി ജലസേചന പദ്ധതി

വാഴാനി ജലസേചന പദ്ധതിയുടെ കനാലുകളുടെ പല ഭാഗങ്ങളും പൊട്ടിപ്പോവുകയും മണ്ണും ക്വാറി വേസ്റ്റും കടപുഴകിയ മരങ്ങളും വെള്ളത്തോടൊപ്പം കനാലുകളിൽ അടിഞ്ഞു കൂടുകയും ചെയ്തിരുന്നു. കനാൽ ലൈനിംഗുകളും സംരക്ഷണ ഭിത്തികളും തകരാറിലായിരുന്നു. കൂടാതെ വടക്കാഞ്ചേരി പുഴയിൽ ജലസംഭരണം നടത്തിവരുന്ന വിവിധ ചിറകളുടെ ഷട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. ചിറകളുടെ മരപ്പലകകൾ ഒഴുക്കിൽ നഷ്ടപ്പെട്ടിരുന്നു.

4. തൃശ്ശൂർ കോൾ നിലങ്ങൾ

കോൾ നിലങ്ങളിലേയ്ക്ക് ജലസേചനം നിയന്ത്രിക്കുന്ന റെഗുലേറ്ററുകൾക്ക് വലിയ കേടുപാടുകളുണ്ട്. റെഗുലേറ്ററുകളുടെ ഷട്ടറുകൾക്ക് അടിയന്തര മെക്കാനിക്കൽ പ്രവൃത്തികൾ ആവശ്യമുണ്ട്. ഇവ അടിയന്തരമായി പുനഃസ്ഥാപിക്കുകയും റെഗുലേറ്ററുകളിലെ തടസ്സങ്ങൾ നീക്കം ചെയ്തിട്ടുമുണ്ട്. കോൾ നിലങ്ങളുടെ ജല ക്രമീകരണം തടസ്സം കൂടാതെ നടത്തുന്നതിന് എല്ലാ റെഗുലേറ്ററുകളും നവീകരണം നടത്തി സജ്ജമാക്കേണ്ടതുണ്ട്.

5. മൂവാറ്റുപുഴ ജലസേചന പദ്ധതി

മലങ്കര ഡാമിന്റെ ഡൗൺ സ്ട്രീം ഭാഗത്തെ പുഴയുടെ വലതുകരയിലെ തകർന്ന ഭാഗത്തെ പുനർനിർമ്മാണം ഒഴിച്ച് ഒട്ടുമിക്ക പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

6. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം

ഇടതുകര കനാലിന്റെ ചെയിനേജ് 0/200 കി. മീ. മുതൽ ചെയിനേജ് 0/500 കി. മീ. വരെയുള്ള ഭാഗത്തിനുണ്ടായ കേടുപാടുകളാണ് ഇനിയും പരിഹരിക്കേണ്ടതിൽ ഏറ്റവും അത്യാവശ്യമായത്. ആയതിലേയ്ക്കായി 564 ലക്ഷം രൂപയുടെ അഡീഷണൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

236 (952) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഈ മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ കുളങ്ങളൊന്നും നവീകരിച്ചിട്ടില്ല.

(ബി) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നിരുന്നാലും 2018-19 സാമ്പത്തികവർഷത്തിൽ മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിച്ചവണ്ടാഴി പഞ്ചായത്തിലെ പൈതല കുളത്തിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തി (30 ലക്ഷം) പുരോഗമിച്ചുവരുന്നു.

കൂടാതെ 2019-20 സാമ്പത്തികവർഷത്തിൽ റിനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് അണ്ടർ ഹരിത കേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി എരമയൂർ പഞ്ചായത്തിലെ ചാത്തം കുളം (12 ലക്ഷം) എന്ന പ്രവൃത്തിക്കും മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വണ്ടാഴി പഞ്ചായത്തിലെ പടുതല കുളം (23 ലക്ഷം) എന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ആലുവ മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതികൾ**

237 (953) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ആലുവ മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള ഏതെല്ലാം പ്രവൃത്തികൾ ആണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) റീ ബിൽഡ് കേരളയുടെ അടുത്ത ഘട്ടത്തിൽ ആലുവ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ആലുവ മണ്ഡലത്തിലെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) റീ-ബിൽഡ് കേരള പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികളുടെ ലിസ്റ്റിന് അന്തിമ രൂപമായിട്ടില്ല.

## മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

238 (954) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന മലപ്പുറം മണ്ഡലത്തിലെ പുൽപ്പറ്റ-മൊറയൂർ-പൂക്കോട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി, മലപ്പുറം-മേൽമുറി കുടിവെള്ള പദ്ധതി എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) രണ്ടു പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം-മേൽമുറി കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പുൽപ്പറ്റ, മൊറയൂർ, പൂക്കോട്ടൂർ സമഗ്ര കുടിവെള്ള പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) മേൽമുറി സമഗ്ര കുടിവെള്ള പദ്ധതിക്കുള്ള ഡി.പി.ആർ സർക്കാരിൽ സമർപ്പിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പുൽപ്പറ്റ, മൊറയൂർ, പൂക്കോട്ടൂർ സമഗ്രകുടിവെള്ള പദ്ധതിക്കുള്ള ഡി.പി.ആർ തയ്യാറാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമവുമനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വികസന പ്രവർത്തനങ്ങൾ

239 (955) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ചുവ്യക്തമാക്കുമോ;

(സി) ഇവയുടെ വിനിയോഗം സംബന്ധിച്ച പുരോഗതിയുടെ കണക്കുകൾ വിശദമാക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തികവർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

2019-20 സാമ്പത്തികവർഷത്തിൽ മലപ്പുറം മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**സ്റ്റേറ്റ് പ്ലാൻ**

എ) ചാമക്കയം പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ- 2.42 ലക്ഷം

ബി) മണ്ണാർകുണ്ട് പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.43 ലക്ഷം

സി) നാമ്പ്രാണി പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.02 ലക്ഷം

ഡി) മേൽമുറി പമ്പ് ഹൗസിൽ പാനൽ ബോർഡ് സ്ഥാപിക്കൽ - 2.28 ലക്ഷം

ഇ) ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കോണിക്കല്ല് റോഡ് പുനരുദ്ധാരണം- 102.00 ലക്ഷം

2019-20 സാമ്പത്തിക വർഷം മലപ്പുറം മണ്ഡലത്തിൽ ഭൂജലവകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 4 കുഴൽക്കിണർ, 2 കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 14,63,300 രൂപ അനുവദിച്ചിട്ടുണ്ട്. 6 പദ്ധതികളും സംസ്ഥാന പദ്ധതികളാണ്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

2019-20 സാമ്പത്തിക വർഷം ജലനിധി പദ്ധതിക്കായി 116.89 കോടി രൂപയും ജലനിധി സുസ്ഥിര പരിപാടിക്കായി 55 കോടി രൂപയും മഴവെള്ള സംഭരണ ഭൂജല പരിപോഷണം പദ്ധതിയിലേയ്ക്കായി 20.31 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ സംസ്ഥാനാടിസ്ഥാനത്തിലാണ് ഫണ്ടനുവദിക്കുന്നത്.

കിഫ്ബി മുഖാന്തരം മലപ്പുറം മണ്ഡലത്തിൽ KIIDC-ക്ക് ബജറ്റ് മുഖാന്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മലപ്പുറവും മഞ്ചേരി മണ്ഡലത്തിലും ഉൾപ്പെടുന്ന പുഴങ്കാവിൽ ആർ.സി.ബി. നിർമ്മാണത്തിനായി 12.065 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിച്ചു.

(ബി) സംസ്ഥാന വിഹിതത്തിലാണ് എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചത്.

(സി) ജലനിധി സുസ്ഥിരതാ പരിപാടിയിൽ ഉൾപ്പെടുത്തി മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജലനിധി സുസ്ഥിരതാ പരിപാടിയുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തികവർഷം താഴെപ്പറയും പ്രകാരം പ്രസ്തുത പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

1. മൊറയൂർ- 8,03,575

2. പൂക്കോട്ടൂർ - 9,42,573

3. പുൽപ്പറ്റ - 4,93,350

കേരള ജലഅതോറിറ്റിയിൽ പ്രവൃത്തികൾ നടന്നുവരുന്നു. ബിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുരോഗതിയുടെ കണക്കുകൾ വ്യക്തമാകുകയുള്ളൂ. ജലസേചന വിഭാഗത്തിന്റെ പദ്ധതികളുടെ പുരോഗതി അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്*.

## താഴേക്കാട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതി

240 (956) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന താഴേക്കോട് - ആലിപ്പറമ്പ കുടിവെള്ള പദ്ധതിക്ക് 28.75 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിന് പുതുക്കിയ നിർദ്ദേശം സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ആയത് സമർപ്പിക്കാത്തതെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടും സമയബന്ധിതമായി ശിപാർശ സമർപ്പിക്കാത്തത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതിയെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയെങ്കിലും അതിനുമുമ്പുതന്നെ പ്ലാൻ ഹെഡിലുള്ള പദ്ധതികളെല്ലാംതന്നെ കേരള വാട്ടർ അതോറിറ്റി സർക്കാരിൽ സമർപ്പിക്കുകയും അവയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച 155.77 കോടി രൂപയുടെ പദ്ധതികൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി ഭരണാനുമതിക്കായി സമർപ്പിച്ചില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാവുന്നതാണ്.

**പള്ളിക്കൽ, മടവൂർ കുടിവെള്ള പദ്ധതി**

241 (957) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൽ മടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിതരണ ശൃഖലയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പള്ളിക്കൽ, മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണശാലയും കിണറും പമ്പ് ഹൗസും പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലുൾപ്പെടെ ശുദ്ധജലം ലഭ്യമാക്കുവാനുള്ള ജലസംഭരണികളും ജലവിതരണ ശൃംഖലയുൾപ്പെടെയുള്ള ഘടകങ്ങൾക്കുള്ള സർവ്വേ നടപടികൾ പി.പി.ഡി. വിഭാഗം പൂർത്തീകരിക്കുകയും പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

ജലശുദ്ധീകരണശാലയുടെയും കിണർ, പൗമ്പ് ഹൗസ് എന്നിവയുടെയും നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങൾ ഏറ്റെടുത്ത് ജല അതോറിറ്റിക്ക് കൈമാറ്റം ചെയ്ത് കിട്ടേണ്ടതുണ്ട്.

(ബി) ടി പദ്ധതിയുടെ ഒന്നാംഘട്ടമായി 28 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് വേണ്ടിയുള്ള സർവ്വേ നടപടികൾ പി.പി.ഡി. വിഭാഗം പൂർത്തീകരിക്കുകയും അതനുസരിച്ച് 138 കോടി രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് കുടവൂർ വില്ലേജിലെ സ്വാമിയാർ കുന്നിൽ 20 സെന്റ് സ്ഥലവും പലവക്കോട് 15 സെന്റ് സ്ഥലവും നാവായിക്കുളം വില്ലേജിൽ മരുതിക്കുന്നിൽ 20 സെന്റ് സ്ഥലവും കരവാരം വില്ലേജിലെ എതുക്കാടിനടുത്ത് കോട്ടമലയിൽ 40 സെന്റ് സ്ഥലവും ചെറുന്നിയൂർ വില്ലേജിലെ കുന്നംപുറത്ത് 25 സെന്റ് സ്ഥലവും കിണറും പമ്പ്ഹൗസും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടവും നിർമ്മിക്കുന്നതിനായി നഗരൂർ വില്ലേജിലെ കോട്ടക്കലിൽ 25 സെന്റ് സ്ഥലവും ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി രണ്ടേക്കർ സ്ഥലവും ഏറ്റെടുത്ത് ജല അതോറിറ്റിക്ക് കൈമാറ്റം ചെയ്തുകിട്ടേണ്ടതുണ്ട്.

## തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സമഗ്ര പദ്ധതി

242 (958) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോട്ടം അനുബന്ധ തോടുകളും കരമന, കിള്ളിയാർ എന്നീ നദികളും ചേർത്ത് സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോട്ടം അനുബന്ധ തോടുകളിലും കരമന, കിള്ളി എന്നീ നദികളിലും "റൈറ്റ്സ്" എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത ഏജൻസിയുടെ പഠന റിപ്പോർട്ടനുസരിച്ച് ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും ആവിഷ്കരിച്ച് വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

ആമയിഴഞ്ചാൻ തോടിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനും (കണ്ണമ്മൂല മുതൽ ആക്കുളം വരെ) മാലിന്യമുക്തമാക്കുന്നതിനും പുനരുദ്ധാരണത്തിനും വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനുമായി 25 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി അനുമതിക്കായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആമയിഴഞ്ചാൻ തോടിൽ വന്നുചേരുന്ന ഉള്ളൂർ തോടിന്റെ സംരക്ഷണത്തിനും മാലിന്യമുക്തമാക്കുന്നതിനും 2019-20-ലെ ബജറ്റിൽ 9 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു.

(ബി) ആമയിഴഞ്ചാൻ തോടിന്റെ നവീകരണത്തിനായി കണ്ണമ്മൂല മുതൽ ആക്കുളം വരെ 25 കോടി രൂപയുടെ പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഉള്ളൂർ തോടിൽ ഉള്ളൂർ മുതൽ പുത്തൻപാലം വരെ സംരക്ഷണവും അനുബന്ധ പ്രവൃത്തികൾക്കുമായി 9 കോടി രൂപ ചെലവഴിച്ച് പ്രവൃത്തി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ**

243 (959) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മുഖേന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) തിരുവനന്തപുരം സിറ്റിയിൽ മുൻപ് വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള പലഭാഗങ്ങളിലും ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതുമൂലം പഴയ പൈപ്പ് ലൈനുകളിൽ കുടിവെള്ളം തീരെ ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തന്മൂലം തിരുവനന്തപുരം സിറ്റിയുടെ പലഭാഗങ്ങളിലും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കളിൽ നിന്നും പ്ലംബർമാർ വൻതുക വസൂലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്ലംബർമാരുടെയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാരുടെയും ചൂഷണം ഒഴിവാക്കുന്നതിനും വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ഏതൊരു കുടിവെള്ള പദ്ധതിയിൽനിന്നും കണക്ഷൻ നൽകുന്ന മാനദണ്ഡങ്ങൾ (KWS &S Act, KWA (WS) Regulations എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നത്) തന്നെയാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും കണക്ഷൻ നൽകുന്നതിനും അനുവർത്തിക്കുന്നത്. വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ആധാർ/റേഷൻ കാർഡ് തുടങ്ങിയ മറ്റ് തിരിച്ചറിയൽ രേഖകളും അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ശേഷം അപേക്ഷകൻ ആവശ്യപ്പെടുന്ന സ്ഥലത്ത് കണക്ഷൻ 'feasible' ആണെങ്കിൽ ആവശ്യമായ ഫീസ് അപേക്ഷകൻ ഒടുക്കുന്നപക്ഷം കണക്ഷൻ നൽകുന്നതാണ്.

(ബി) ഇല്ല.

(സി) പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചു കൊണ്ട് KWA/HO/RMC/RI/1088/2013 എന്ന നമ്പരായി 16-7-2013-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡർ പ്രകാരം അപേക്ഷകന് ആവശ്യമെങ്കിൽ പ്ലംബർ മുഖാന്തിരമല്ലാതെ നേരിട്ട് ഡിപ്പാർട്ടുമെന്റിൽ വാട്ടർ കണക്ഷനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതുകൂടാതെ KWA/JB/DBA/ 14707/2017 എന്ന 20-2-2019-ലെ ഉത്തരവ് പ്രകാരം ഗാർഹിക കണക്ഷൻ എടുക്കുന്നതിനായി മുദ്രപത്രത്തിൽ തയ്യാറാക്കേണ്ട എഗ്രിമെന്റിന് പകരം ഒരു സാക്ഷ്യപത്രം (undertaking) സമർപ്പിച്ചാൽ കണക്ഷൻ നൽകുന്നതിന് വാട്ടർ കണക്ഷന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുവാനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വാട്ടർ കണക്ഷൻ നൽകുന്നവിധം ഏകീകരിക്കുന്നതിനും പ്ലംബർമാർ ഈടാക്കുന്ന നിരക്ക് ഏകീകരിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പഴകിയ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടി

244 (960) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇന്ത്യനൂർ റോഡിൽ പൈപ്പ്പൊട്ടി ശുദ്ധജലം പാഴാകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പഴകിയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നത് സംബന്ധിച്ചുവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കോട്ടപ്പടി മുതൽ കാവതിക്കുളം വരെയുള്ള ഭാഗത്ത് പൈപ്പ് പൊട്ടുന്നതിന് പരിഹാരമായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 35 വർഷത്തോളം പഴക്കമുള്ള പൈപ്പുകളാണ് ഈ പ്രദേശത്തുള്ളത്. കാലപ്പഴക്കംമൂലമാണ് ഈ സ്ഥലത്ത് പൈപ്പ് ലൈൻ പൊട്ടൽ ഉണ്ടാകുന്നത്.

(ബി) പൈപ്പ് ലൈനുകൾ തകരാറിലാകുന്ന വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം തകലാറിലാകുന്ന പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 100 പ്രവൃത്തികൾക്ക് 73.04 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയ 1096.77 കോടി രൂപയുടെ പ്രവൃത്തികളിൽ 143.59 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അത് വഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 382.64 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) കോട്ടപ്പടി മുതൽ കാവതിക്കുളം വരെയുള്ള ഭാഗത്ത് പൈപ്പുകൾ പൊട്ടുന്നതിന് പരിഹാരമായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി പരമാവധി വേഗത്തിൽ കുടിവെള്ള വിതരണം പുന:സ്ഥാപിക്കുന്നുണ്ട്.

## മുതല-പരുതൂർ-തിരുവേഗപ്പുറ കുടിവെള്ള പദ്ധതി

245 (961) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതല -പരുതൂർ -തിരുവേഗപ്പുറ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതി എന്നാരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര സമയം വേണ്ടി വരുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതല, പരുതൂർ, തിരുവേഗപ്പുറ പഞ്ചായത്തുകൾക്കുവേണ്ടി 16 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാലയും കിണർ, സമ്പ്, വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, മൂന്ന് പഞ്ചായത്തുകളിലേയ്ക്കുള്ള 360 കിലോമീറ്റർ വിതരണ ശൃംഖല തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് ഇതുവരെ തയ്യാറാക്കിയിട്ടില്ല.ജല ശുദ്ധീകരണശാലയ്ക്കും മൂന്ന് പഞ്ചായത്തുകൾക്കുമായി ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 1.25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് ഏറ്റെടുത്ത് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 1.25 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇത് ഏറ്റെടുത്ത് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(സി) ഭരണാനുമതി ലഭ്യമായാൽ ഈ പദ്ധതി ആരംഭിച്ച് മൂന്ന് വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും. എന്നാൽ കേരള വാട്ടർ അതോറിറ്റി ഇപ്പോൾ ഉല്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളിൽ വിതരണ ശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ പൂർത്തീകരണത്തിനു ശേഷമേ പുതിയ പദ്ധതികൾ പരിഗണിക്കുകയുള്ളൂ.

## ഗ്രാമീണ കുടിവെള്ള വിതരണം

246 (962) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കുടിവെള്ള വിതരണത്തിൽ മുന്നിലുള്ള ജില്ലകൾ ഏതെല്ലാമാണ്; ജലവിതരണ നഷ്ടത്തിൽ മുന്നിലുള്ള ജില്ലകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ എത്ര ശതമാനം പാഴായി പോകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇങ്ങനെ ജലനഷ്ടം ഉണ്ടാകാനുള്ള പ്രധാന കാരണങ്ങളും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിലകൊള്ളുന്നു. ജല വിതരണ നഷ്ടം ജില്ലാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല.

(ബി&സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാന രഹിത ജലമായാണ് കണക്കാക്കുന്നത്.

ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തത് കാരണമുള്ള നഷ്ടവും (വാണിജ്യ നഷ്ടം).

ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്.

ജല വിതരണ ശൃംഖലയിലെ ചോർച്ചവഴിയുള്ള ജല നഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു. ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനുകളിലെ സർവ്വീസ് ലൈനിൽ ഉണ്ടാകുന്ന ചോർച്ച പരിഹരിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ജല ചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേക്കായി ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. അടിക്കടി പൊട്ടൽ ഉണ്ടാകുന്ന പൈപ്പ് ലൈനുകളിൽ ജലത്തിന്റെ മർദ്ദം നിയന്ത്രിച്ച് പൊട്ടൽ പരമാവധി ഒഴിവാക്കാനായി ക്വിക്ക് റിലീഫ് വാൽവുകളും പമ്പിംഗ് മെയിനുകളിൽ വായു മർദ്ദത്തിന്റെ പരിണിത ഫലമായുണ്ടാകുന്ന ലീക്കുകൾ ഒഴിവാക്കുവാൻ എയർ റിലീസ് വാൽവുകളും ഘടിപ്പിക്കുന്നുണ്ട്.

കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കകണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും ഉപയോഗപ്പെടുത്താറുണ്ട്. പ്രധാന ലൈനുകളിലും ഉപലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാണിജ്യ നഷ്ടം പ്രധാനമായും സംഭവിക്കുന്നത് മീറ്റർ തകരാർ, മോഷണം എന്നിവ കാരണമായതിനാൽ വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമമാക്കി വയ്ക്കുക, ജല മോഷണം കണ്ടുപിടിക്കുക എന്നിവയാണ് പ്രധാന പരിഹാര മാർഗ്ഗങ്ങൾ. വാട്ടർ മീറ്റർ കേടായാൽ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും നിശ്ചിത കാലാവധിക്കുള്ളിൽ പ്രവർത്തനക്ഷമമായ മീറ്റർ ഘടിപ്പിച്ചില്ലെങ്കിൽ അധിക തുക ഈടാക്കുകയും തുടർന്നും മാറ്റി സ്ഥാപിക്കുവാൻ വിസമ്മതിച്ചാൽ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യാറുണ്ട്. ജല ദുരുപയോഗം, ജല മോഷണം എന്നിവ കണ്ടുപിടിക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

## കുടിവെള്ള നിരക്ക് വർദ്ധനവ്

247 (963) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) നിരക്ക് വർദ്ധനവിന് ജല അതോറിറ്റി നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പ്രസ്തുത നിരക്ക് വർദ്ധനവിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടിവെള്ള നിരക്ക് വർദ്ധിപ്പിക്കുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി നൽകിയ ശിപാർശ പരിശോധിച്ചുവരുന്നു. 30-9-2014-ലെ സർക്കാർ ഉത്തരവ് GO(MS) No. 92/2014/WRD പ്രകാരം 1-10-2014 മുതലാണ് അവസാനമായി വർദ്ധനവ് പ്രാബല്യത്തിൽ വന്നത്.

(ബി) ഒരു കിലോ ലിറ്റർ വെള്ളത്തിന്റെ സംഭരണ ശുദ്ധീകരണ വിതരണ ചെലവ് ഏകദേശം 23.72 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. ഏറ്റവും കുറഞ്ഞ നിരക്കായി കേരള വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് 4 രൂപയാണ്. (ഏറ്റവും ചെറിയ സ്ലാബ്).

കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് 1986 സെക്ഷൻ 23 പ്രകാരം വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ചെലവുകളും സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകളും പരിഗണിച്ച് പ്രവർത്തന നഷ്ടം വരാത്ത രീതിയിൽ വെള്ളക്കരം നിശ്ചയിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒരു പരിധിവരെ ചെലവും വരവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ വേണ്ടിയാണ് നിരക്ക് വർദ്ധനവിന് കേരള വാട്ടർ അതോറിറ്റി ശിപാർശ ചെയ്തത്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

248 (964) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച കുടിവെള്ള വിതരണ പ്രോജക്ടുകൾ ഏതെല്ലാം; അതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്പാൻ - ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
2. NRDWP - കരിമ്പുഴ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
3. കിഫ്ബി -2016-17- അമ്പലപ്പാറ പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
4. ഒറ്റപ്പാലം കുടിവെള്ള പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച കുടിവെള്ള വിതരണ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ - 2019-20-ൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ 300 mm AC പൈപ്പ് മാറ്റി 300 mm DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 6.05 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം SDF-MLA-ൽ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ 9-ാം വാർഡ് - കോലോത്തുകുന്നിലെ ചെറുകിട കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിന് 2.72 ലക്ഷം രൂപയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്.

കൂടാതെ അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല ഉൾപ്പെത്തിയ മൂന്നാം ഘട്ടത്തിനുവേണ്ടി 37.77 കോടി രൂപയുടെ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

കൂടാതെ തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ഉൾപ്പെടുത്തിയ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 142 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കേരളത്തിലെ ജല ഉപഭോഗം**

249 (965) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജലഉപഭോഗം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് പഠനവിധേയ മാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഗാർഹികാവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ജലത്തിന്റെ കണക്കുകൾ എപ്രകാരമാണ്; എത്ര വീടുകൾക്ക് പൈപ്പ് ലൈൻ വഴി ജലം ലഭ്യമാക്കുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്തെ ജല ഉപയോഗം നിയന്ത്രിക്കുന്നതിന് പ്രിസിഷൻ ഫാമിംഗ് പോലുള്ള പുതിയതരം കാർഷിക സമ്പ്രദായങ്ങൾ ഉപയോഗിക്കുന്നതിനും മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജലസേചന വകുപ്പ് കൃഷിവകുപ്പുമായി യോജിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പഠന വിധേയമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കിവരുന്നു. 2017 മാർച്ചുവരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത 5.21 BCM ആണ്.

(ബി) ജലസേചന വകുപ്പിനുകീഴിൽ കാർഷിക ആവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾവഴി 42850 ഹെക്ടർ സ്ഥലത്തേയ്ക്ക് ജലവിതരണം നടത്താൻ സാധിച്ചിട്ടുണ്ട്. 2017 മാർച്ചുവരെയുള്ള ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് എസ്റ്റിമേഷൻ റിപ്പോർട്ട് പ്രകാരം കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂജലത്തിന്റെ അളവ് 1.22 BCM-ഉം ഗാർഹിക ആവശ്യങ്ങൾക്കുള്ള ഭൂജല ഉപയോഗം 1.44 BCM-ഉം ആണ്. ഭൂജല വകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 25 മുതൽ 100 കുടുംബങ്ങൾക്ക് ഒരു പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ട് പദ്ധതി, ഡെപ്പോസിറ്റ് പദ്ധതി എന്നിവ മുഖേന 950 ചെറുകിട കുടിവെള്ള പദ്ധതികൾ, 345 കുഴൽക്കിണർ കൈപമ്പ് പദ്ധതി, 601 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 8570 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ എന്നിവ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ 148786 കുടുംബങ്ങൾക്കും 149 സ്ഥാപനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽനിന്ന് സംസ്ഥാനത്ത് ഗാർഹികാവശ്യങ്ങൾക്ക് പ്രതിമാസം ഏകദേശം 2.58 കോടി കിലോലിറ്റർ ജലം ഉപയോഗിക്കുന്നു. സംസ്ഥാനത്ത് പൈപ്പ്ലൈൻവഴി 22.71 ലക്ഷം വീടുകൾക്ക് ജലം ലഭ്യമാക്കുന്നുണ്ട്. ഐ.ഡി.ആർ.ബി.-യിൻകീഴിലുള്ള പീച്ചി ജലസേചന പദ്ധതിയിൽനിന്നും കാർഷികാവശ്യത്തിനായി ഒരു വർഷം 68.759 എം.എം. ക്യൂബും കുടിവെള്ളാവശ്യത്തിനായി 20.075 എം.എം. ക്യൂബ് വെള്ളവും ലഭ്യമാക്കുന്നുണ്ട്. ജലനിധി പദ്ധതിയിൽ ആളോഹരി ഉപഭോഗം പ്രതിദിനം 70 ലിറ്റർ ആയാണ് കണക്കാക്കിയിരിക്കുന്നത്. ജലനിധി ഒന്നും രണ്ടും പദ്ധതികളിലായി 451335 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കാർഷികാവശ്യങ്ങൾക്കായി പ്രോജക്ട് 1-ന്റെ കാര്യാലയത്തിനു കീഴിലുള്ള ഡാമുകളിൽ എല്ലാ വർഷവും പരമാവധി താഴെപ്പറയും പ്രകാരം ജലം വിട്ടുനൽകാറുണ്ട്.

| ക്രമ നമ്പർ | ഡാമിന്റെ പേര് | കൃഷി ആവശ്യത്തിനായി വർഷം വിട്ടുനൽകുന്ന ജലത്തിന്റെ ശരാശരി അളവ് |
|---|---|---|
| (1) | (2) | (3) |
| 1 | മലമ്പുഴ | 135 എംഎം3 |
| 2 | മംഗലം | 23 എംഎം3 |
| 3 | പോത്തുണ്ടി | 40 എംഎം3 |
| 4 | കാഞ്ഞിരപ്പുഴ | 59.5 എംഎം3 |

| (1) | (2) | (3) |
|---|---|---|
| 5 | വാളയാർ | 13.09 എംഎം3 |
| 6 | ഗായത്രി (മീങ്കര) | 8.0 എംഎം3 |
| 7 | ഗായത്രി (ചുള്ളിയാർ) | 12.32 എംഎം3 |
| 8 | കുറ്റ്യാടി | 133 എംഎം3 |
| 9 | കാരാപ്പുഴ | 8.72 എംഎം3 |

ചിറ്റൂർ പദ്ധതിക്ക് പി.എ.പി കരാർ പ്രകാരം അർഹതപ്പെട്ട 7.25 ടിഎംസി ജലത്തിൽ വർഷാവസാനം ലഭ്യമാകുന്ന ജലം മുഴവൻ കാർഷികാവശ്യങ്ങൾക്കു വേണ്ടി വിതരണം ചെയ്യാറുണ്ട്.

പ്രോജക്ട് 2-ന്റെ കാര്യാലയത്തിനുകീഴിലുള്ള പദ്ധതികളിൽ കാർഷികാവശ്യങ്ങൾക്ക് വിഭാവന ചെയ്തിരിക്കുന്ന ജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു:

| പദ്ധതി | ജലം (വാർഷികം) എംഎം3 |
|---|---|
| കല്ലട ജലസേചന പദ്ധതി | 360 |
| മൂവാറ്റുപുഴ പദ്ധതി | 134 |
| ചിമ്മിനി പദ്ധതി | 128.34 |
| വാഴാനി പദ്ധതി | 8.83 |
| ചീരക്കുഴി പദ്ധതി | 28 |
| നെയ്യാർ പദ്ധതി | 170.64 |
| പമ്പ പദ്ധതി | 367.5 |
| ഇടമലയാർ പദ്ധതി | 275.07 |
| ചാലക്കുടി പദ്ധതി | 270 |
| പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് | 878 |

(സി) ജലസേചന വകുപ്പിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ചെറുകിട ജലസേചന വിഭാഗത്തിലെ എക്സിക്യൂട്ടീവ്

എഞ്ചിനീയറും കൃഷി വകുപ്പിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറും ചേർന്ന് കൃഷിഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 40 ഹെക്ടറിന് ഒന്ന് എന്ന രീതിയിൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ രൂപീകരിച്ചുവരുന്നു. 2019-20 സാമ്പത്തികവർഷത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ 3.1 കോടി രൂപയുടെ പൈലറ്റ് പ്രോജക്ടിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി വിവിധ മൈക്രോ ഇറിഗേഷൻ പദ്ധതികൾക്കായി 20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 2020-21 വാർഷിക പദ്ധതിയിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് 1-ന് കീഴിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഫീൽഡ് സന്ദർശനം നടത്തുകയും കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി, കാഞ്ഞിരപ്പുഴ, ചിറ്റൂർപുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പ്രോജക്ടുകളിൽ ആകെ 53 മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1294.55 ഹെക്ടർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൈക്രോ ഇറിഗേഷൻ പദ്ധതി പ്രകാരം ഐ.ആർ.ഡി.ബി.-ക്ക് കീഴിലുള്ള പീച്ചി ജലസേചന പദ്ധതിയുടെ 71 ഹെക്ടർ ഭൂമി കൃഷി ആവശ്യത്തിനായി ജലസേചനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് 2019-20-ൽ പ്ലാൻ ഫണ്ട് ഇനത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടത്തിവരുന്നില്ല. എന്നാൽ പ്രസ്തുത പദ്ധതി 2020-21-ൽ നടത്തുന്നതിനായി പ്ലാനിംഗ് ബോർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്ട് 2-ന് കീഴിലുള്ള പദ്ധതികളിൽ മൈക്രോ ഇറിഗേഷൻ നടത്തുന്നതിനായി 3191.87 ഹെക്ടർ സ്ഥലം നിർദ്ദേശിച്ചിട്ടുണ്ട്. അനുയോജ്യകത കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ 4.2 കോടി രൂപയ്ക്കുള്ള കുറ്റത്തിനാൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

ഭൂജല വകുപ്പ് 2019-20 പ്ലാൻ ഫണ്ട് ഇനത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടത്തിവരുന്നില്ല. എന്നാൽ പ്രസ്തുത പദ്ധതി 2020-21-ൽ നടത്തുന്നതിനായി പ്ലാനിംഗ് ബോർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. ഐ.ആർ.ഡി.ബി.-യിൽ മൈക്രോ ഇറിഗേഷൻ പദ്ധതി പ്രകാരം പീച്ചി ജലസേചന പദ്ധതിയുടെ 71 ഹെക്ടർ ഭൂമി കൃഷി ആവശ്യത്തിനായി ജലസേചനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ചീഫ് എൻജിനീയർ പ്രോജക്ട് 1-ന്റെ കാര്യാലയത്തിൻകീഴിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഫീൽഡ്

സന്ദർശനം നടത്തുകയും കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി, കാഞ്ഞിരപ്പുഴ, ചിറ്റൂർപുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പ്രോജക്ടുകളിൽ ആകെ 53 മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1294.55 ഹെക്ടർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

250 (966) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഭൂതല ജലസംഭരണിയുടെയും ഉപരിതല ജലസംഭരണിയുടെയും നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്കായി അമൃത് പദ്ധതിയിൽപ്പെടുത്തി 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണത്തിനായി 27-5-2019-ൽ കരാർ ഉടമ്പടി വച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ പ്രവൃത്തി 30-12-2019-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ 31-10-2020-ൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 10-6-2019-ൽ കരാറുകാരന് നിർമ്മാണം നടത്തേണ്ട സ്ഥലം കൈമാറിയിട്ടുള്ളതും നിർമ്മാണ സാമഗ്രികൾ പരിശോധിക്കാനായി കൊച്ചിൻ യൂണിവേഴ്സിറ്റി ലാബിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 27-5-2019-ൽ കരാർ ഉടമ്പടിവച്ച മേൽപ്പറഞ്ഞ പ്രവൃത്തിയുടെ കാലാവധി 26-11-2019-ൽ അവസാനിച്ചു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി പലതവണ കരാറുകാരനെ കത്ത് മുഖേനയും ഫോൺ മുഖേനയും നിരന്തരമായി

ബന്ധപ്പെട്ടെങ്കിലും ടിയാൻ പ്രവൃത്തി തുടങ്ങാൻ തയ്യാറായിട്ടില്ല. ടി പ്രവൃത്തി ഈ കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ച് 10 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഭൂതല ജലസംഭരണി: പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 26-11-2019-ൽ അവസാനിച്ചു.

ഉപരിതല സംഭരണി: പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 30-12-2019-ൽ അവസാനിച്ചു.

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

251 (967) ശ്രീ. പി. ടി. തോമസ്
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം അളക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കുറവാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS 10500-2012 പ്രകാരം ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ അവ പരിശോധിക്കുകയും ആവശ്യമായ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. പ്രതിമാസം പരിശോധിക്കേണ്ട സ്കീമുകളുടെ പട്ടിക ഗുണനിലവാര പരിശോധന വിഭാഗത്തിന്റെ വാർഷിക പ്രവർത്തന രൂപരേഖ പ്രകാരം നിർവ്വചിച്ച് നൽകി അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ബി.ഐ.എസ്. നടത്തിയ പരിശോധനയിൽ തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന വെള്ളത്തിൽ അലൂമിനിയത്തിന്റെ അംശം കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശുദ്ധീകരണ പ്രക്രിയയിൽ അമിതമായ കലക്കൽ നിയന്ത്രിക്കുന്നതിനായി ആലം കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നതുമൂലമാണ് ഇത്തരത്തിൽ അലൂമിനിയത്തിന്റെ അംശം കൂടുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ ലാബുകളിലും അലൂമിനിയത്തിന്റെ അംശംകൂടി നിലവിൽ പരിശോധിച്ചുവരുന്നു. കൂടാതെ ജലശുദ്ധീകരണ ശാലകളിൽ ഫലപ്രദമായി രാസപ്രവർത്തനം നടക്കത്തക്ക രീതിയിൽ ശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന ആലം, കുമ്മായം എന്നിവയുടെ അളവുകൾ ക്രമീകരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

ആലത്തിന് പകരമായി അലൂമിനിയത്തിന്റെ അളവ് താരതമ്യേന കുറഞ്ഞ പോളി അലൂമിനിയം ക്ലോറൈഡ് ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

## തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം

252 (968) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിലെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ചൂണ്ടിയിൽ നിർമ്മിക്കുന്ന സ്ഥിരം തടയണയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ബി) ഈ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ;

(സി) ഈ നിർമ്മാണത്തിനായി എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ചൂണ്ടിയിൽ നിർമ്മിക്കുന്ന രാമമംഗലം ചെക്ക് ഡാമിന്റെ 96 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം 31-3-2020-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവൃത്തിക്ക് 7.84 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

253 (969) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കുപ്പിവെള്ളം ഉൾപ്പെടെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജലദൗർലഭ്യം രൂക്ഷമായ സാഹചര്യത്തിലും, ജലചൂഷണവും അനധികൃത കുടിവെള്ള വിതരണം വർദ്ധിക്കുകയും ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ശുദ്ധജലം എന്ന പേരിൽ ആവശ്യമായ ശുദ്ധീകരണം പോലും നടത്താതെ മലിനജലം ഉൾപ്പെടെ വിതരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ജല അതോറിറ്റി വിവിധ കുടിവെള്ള പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ജല അതോറിറ്റിക്ക് പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ സംഭരിക്കുന്ന സാമ്പിളുകൾ ജല അതോറിറ്റിയുടെതന്നെ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും തുടർ നടപടികൾ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ആയത് സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ കുപ്പിവെള്ളമുൾപ്പെടെ മറ്റ് ഏജൻസികൾ വിൽക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല.

(ബി) ജല മോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല മോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലുൾപ്പെടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ പോകുന്ന അനധികൃത കണക്ഷനുകൾ കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) എറണാകുളം ജില്ലയിൽ പാറമടകളിലെ മലിനജലം ആവശ്യമായ ശുദ്ധീകരണംപോലും നടത്താതെ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ. സമർപ്പിച്ച ഹർജിയിൽ, ഹർജികൾ സംബന്ധിച്ച സമിതി തെളിവെടുപ്പ് യോഗംചേർന്ന് എറണാകുളം ജില്ലയിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ആഭ്യന്തരം, തദ്ദേശസ്വയംഭരണം, റവന്യൂ, ഗതാഗതം, ജലവിഭവം, ആരോഗ്യം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് "ഓപ്പറേഷൻ പ്യൂവർ വാട്ടർ" എന്ന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിവഴി വിതരണം ചെയ്യണമെന്നും ജല അതോറിറ്റിയുടെ ഹൈഡ്രന്റുകളിൽനിന്ന് മാത്രമേ കുടിവെള്ള വിതരണത്തിനുള്ള ജലം ശേഖരിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കർമ്മ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ വാട്ടർ ഫില്ലിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികളും ക്യാമറ, വാട്ടർ മീറ്റർ എന്നിവ ഘടിപ്പിക്കുന്നതിനും 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു.

## ഹരിത കേരളം ജലവർഷം 2020

254 (970) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. കെ. ശശി :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കൂടുതൽ ഗാർഹിക ശുദ്ധജല കണക്ഷൻ നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 'ഹരിത കേരളം ജലവർഷം 2020' എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും പദ്ധതി ചെലവിന്റെ എത്ര ശതമാനമാണ് കേന്ദ്രസർക്കാർ വഹിക്കുന്നതെന്നും അറിയിക്കാമോ;

(സി) പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലെ ശുദ്ധജല ലഭ്യത എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രാമീണ മേഖലയിലെ ജലവിതരണത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജൽ ജീവൻ മിഷൻ എന്ന പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ശരാശരി 2 ലക്ഷം ഗാർഹിക കണക്ഷനുകൾ പ്രതിവർഷം നൽകിക്കൊണ്ടിരിക്കുന്ന സ്ഥിതിയിൽനിന്നും അടുത്ത ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ (മാർച്ച് 2021) 9.68 ലക്ഷം ഗാർഹിക കണക്ഷനുകൾ പ്രധാനമായും ഗ്രാമീണ മേഖലയിൽ നൽകാനുള്ള ത്വരിത പദ്ധതിയായിട്ടാണ് ഇതിനോടനുബന്ധമായി ഹരിത ജലവർഷം ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കാൻ ഏകദേശം 36000 കോടി രൂപ വേണമെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ജൽ ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന-കേന്ദ്ര സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ ചെലവ് വഹിക്കേണ്ടതുണ്ട്.

(സി) രാജ്യത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും 55 പ്രതിശീർഷം പ്രതിദിന ജലവിതരണം സാധ്യമാക്കാൻ ഉദ്ദേശിച്ച് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ ഏകദേശം അമ്പത് ലക്ഷത്തോളം (50,00,000) കുടുംബങ്ങൾക്ക് ജലവിതരണം പുതുതായി എത്തിക്കേണ്ടതുണ്ട്. നിലവിൽ ഏകദേശം 33% ഗ്രാമീണ കുടുംബങ്ങൾക്കാണ് പൈപ്പ് കണക്ഷൻവഴി ശുദ്ധജല ലഭ്യതയുള്ളത്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുകയാണെങ്കിൽ ബാക്കിയുള്ള 67% കുടുംബങ്ങൾക്കുകൂടി കുടിവെള്ള ലഭ്യതയുണ്ടാകും.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളുടെ വിപുലീകരണത്തിനായി ജലലഭ്യതയുള്ള പദ്ധതികളിൽനിന്നും പൈപ്പ് ലൈനുകൾ നീട്ടിയും ജലശുദ്ധീകരണ ശാലയുടെ പുനർനിർമ്മാണം നടത്തി ശേഷി വർദ്ധിപ്പിച്ചു. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഗ്രാമീണ പദ്ധതികളിൽ ആളോഹരി ഉപഭോഗം 100 എൽ.പി.സി.ഡി. എന്ന കണക്കിൽ പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്ത് സ്രോതസ്സുകൾ, ശുദ്ധീകരണ ശാലകൾ, സംഭരണികൾ, വിതരണ ശൃംഖലകൾ എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതിനായി KIIFB, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ.-എ.ഡി.എഫ്, എം.പി. എൽ.എ.ഡി., കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കി

സമയബന്ധിതമായി പൂർത്തീകരിക്കുന്നു. കൂടാതെ 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫംഗ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ലോക ബാങ്ക് സഹായത്തോടെ 2012-19 കാലയളവിൽ നടപ്പിലാക്കിവരുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിപ്രകാരം സംസ്ഥാനത്തെ 115 പഞ്ചായത്തുകളിലായി 2167 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. അതുവഴി 2.6 ലക്ഷം കുടുംബങ്ങളിലുള്ള 11.57 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

ജലനിധി പദ്ധതിയിൽ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ജലനിധിയുടെ ഒന്നാംഘട്ടമായി നടപ്പിലാക്കിയ പദ്ധതികളിൽ കേടുപാടുകൾ സംഭവിച്ചവ പുനരുദ്ധരിച്ച് സുസ്ഥിരത ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലനിധിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മഴകേന്ദ്രംവഴി 34 പഞ്ചായത്തുകളിലായി 7100 മഴവെള്ള സംഭരണികളും 840 സർക്കാർ വിദ്യാലയങ്ങളിൽ (10000 ലിറ്റർ) മഴവെള്ള സംഭരണികളും നിർമ്മിച്ച് നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി നഗരസഭയിലെ കുടിവെള്ള ക്ഷാമം**

255 (971) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിലെയും പരിസര ഗ്രാമപഞ്ചായത്തുകളുടെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള 85 കോടി രൂപ അടങ്കൽ വരുന്ന കിഫ്ബി കുടിവെള്ള പദ്ധതികളുടെ തുടർച്ചയായ ഡിസ്ട്രിബ്യൂഷൻ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡിസ്ട്രിബ്യൂഷനു വേണ്ടി സമർപ്പിച്ച ഡി പി ആർ ഇപ്പോൾ എവിടെയാണുള്ളതെന്നും പ്രസ്തുത ഡി പി ആർ.-ന്മേൽ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊയിലാണ്ടി നഗരസഭയിലെയും പരിസര ഗ്രാമപഞ്ചായത്തുകളുടെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള 85 കോടി രൂപ അടങ്കൽ വരുന്ന കിഫ്ബി കുടിവെള്ള പദ്ധതിയുടെ തുടർച്ചയായി ചെയ്യാനുള്ള വിതരണ ശൃംഖലയുടെ അടങ്കലിന് അംഗീകാരം ലഭ്യമായിട്ടില്ല.

കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി നിലവിൽ നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഉൾപ്പെടുന്ന രണ്ടാംഘട്ടത്തിനുവേണ്ടി 89 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ നടപടി**

256 (972) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മാലിന്യ വാഹിനിയായ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിന് 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് എസ്റ്റിമേറ്റ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ കളക്ടർ പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) ഗൗരീശപട്ടം കുഴിവയൽ ഭാഗത്ത് രൂക്ഷമായ വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യം വർഷം തോറും നീക്കം ചെയ്യേണ്ടതുള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനായി 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 11-5-2018-ലെ ഡി6/എബി1/1328/2018-ാം നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) ആമയിഴഞ്ചാൻ തോടിൽ വന്നുചേരുന്ന ഉള്ളൂർ തോട്, കുഴിവയൽഭാഗം വഴിയാണ് കടന്നുപോകുന്നത്. ഈ ഭാഗത്ത് ധാരാളമായി മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടി ഒഴുക്കിന് തടസ്സം സൃഷ്ടിച്ചിരുന്നു. ഇത് നീക്കം ചെയ്യുന്നതിനായി ഈ ഭാഗത്ത് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ വീതമുള്ള 2 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉള്ളൂർ തോടിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു.

**ജല ഗുണനിലവാര പരിശോധനാ സംവിധാനം**

257 (973) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങളും സൗകര്യങ്ങളുമാണ് പൊതുജനങ്ങൾക്ക് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ജല ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെതന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോടുകൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറിയും പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാംതന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ

പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും ഈ ലാബുകളിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP-യുടെ ഭാഗമായി ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണർ, കുഴൽക്കിണർ തുടങ്ങിയ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം വാർഡ് സർവ്വേയുടെ ഭാഗമായി ഈ ലാബുകളിൽ പരിശോധിച്ചുവരുന്നു. ഇതിനെല്ലാം പുറമെ പ്രളയം വരൾച്ച പകർച്ചവ്യാധി വ്യാപനം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച് കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം നിലവിൽ പരിഗണനയിലില്ല.

(സി) ഇത്തരമൊരു ആശയത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ

258 (974) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ 56 തസ്തികകൾ നിർത്തലാക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ ഈ 56 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു തയ്യാറാകുമോ?

ഉത്തരം

(എ) എടുത്തിട്ടില്ല.

(ബി) വാട്ടർ അതോറിറ്റിയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. തുടർ നടപടികൾക്ക് അനുസൃതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടികളെടുക്കുന്നതാണ്.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ച വരുത്തിയിട്ടില്ല.

**വെള്ളക്കരം വർദ്ധന**

259 (975) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ച് പ്രതിസന്ധി രൂക്ഷമായതിനാൽ എല്ലാ സ്ലാബുകളിലും വെള്ളക്കരം വർദ്ധന ആവശ്യപ്പെട്ട് ജല അതോറിറ്റി സർക്കാരിനെ സമീപിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ വെള്ളക്കരം കൂട്ടിയത് എന്നാണ്; ജല അതോറിറ്റിയുടെ വരവും ചെലവും തമ്മിലുള്ള പ്രതിവർഷ അന്തരം എത്ര കോടി രൂപയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ബി.പി.എൽ. ഉപഭോക്താക്കളുടെ സൗജന്യ അളവ് പതിനയ്യായിരം ലിറ്ററിൽ നിന്ന് പതിനായിരമായി കുറയ്ക്കാൻ ജല അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ;

(ഡി) പുതിയ നിരക്കുകൾ സർക്കാർ അംഗീകരിച്ചാൽ പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനമാണ് ജല അതോറിറ്റി പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സമീപിക്കുകയുണ്ടായി.

(ബി) ഏറ്റവും ഒടുവിൽ വെള്ളക്കരം കൂട്ടിയത് 1-10-2014-ൽ ആണ്. 2019-20 സാമ്പത്തികവർഷം കേരള വാട്ടർ അതോറിറ്റിയുടെ വരവും ചെലവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വരവ് (പ്രതീക്ഷിക്കുന്നത്) | ചെലവ് (പ്രതീക്ഷിക്കുന്നത്) | അന്തരം (പ്രതീക്ഷിക്കുന്നത്) |
|---|---|---|---|
| 2019-20 | 1172.94 | 1536.43 | 363.49 |

(സി&ഡി) ജല അതോറിറ്റി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**വെള്ളക്കരം വർദ്ധനയ്ക്കായി ജല അതോറിറ്റി ശിപാർശ**

260 (976) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ച് അതോറിറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി മറികടക്കുവാനായി എല്ലാ സ്ലാബുകളിലുമുള്ള വെള്ളക്കരത്തിന്റെ വർദ്ധനയ്ക്ക് ജല അതോറിറ്റി ശിപാർശ നൽകിയിട്ടുണ്ടോ;

(സി) വെള്ളക്കരം വർദ്ധനവിലൂടെ ജല അതോറിറ്റിക്ക് എത്ര കോടി രൂപയുടെ വരുമാന വർദ്ധനവാണ് പ്രതിവർഷം പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ജല അതോറിറ്റിയുടെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി&ഡി) ജല അതോറിറ്റി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കുപ്പിവെള്ള ഫാക്ടറി കമ്മീഷൻ ചെയ്യാൻ നടപടി**

261 (977) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള ഫാക്ടറി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ-വിതരണ ചുമതല വേറെ ഏതെങ്കിലും ഏജൻസിക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കെന്ന് വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ളത്തിന് ആവശ്യമായ ബി.ഐ.എസ്., ഫുഡ് ആന്റ് സേഫ്റ്റി ഓർഗനൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇതിനകം നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കുന്നതിനാണ് പ്രസ്തുത ഫാക്ടറി കമ്മീഷൻ ചെയ്യുവാൻ താമസിക്കുന്നതെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഇ) ഫാക്ടറി അടിയന്തരമായി കമ്മീഷൻ ചെയ്ത് കുറഞ്ഞ വിലയിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്.-ൽനിന്ന് അംഗീകാരം കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെത്തുടർന്ന് 2019 മേയ് മാസം ബി.ഐ.എസ്. ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ച് വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിരുന്നു. ബി.ഐ.എസ്. പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ KIIDC-യെ ഏൽപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നേടിയിട്ടില്ല.

(ഡി) വസ്തുതാപരമല്ല.

(ഇ) ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ട്രാൻസ്ഫോർമറുകൾ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്തേയ്ക്ക് മാറ്റുന്നത്

262 (978) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന രണ്ട് ട്രാൻസ്ഫോർമറുകൾ വരുത്തുന്ന അപകടങ്ങളും ഗതാഗത പ്രശ്നങ്ങളും കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്തേക്ക് ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ പ്രസ്തുത സ്ഥലം വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എറണാകുളം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 19-8-2019 ന് നൽകിയ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ മാറ്റുന്നതിന് തുക അനുവദിക്കാനുള്ള നടപടി

263 (979) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിൽ പള്ളിക്കടവ് L1 സ്കീമിന്റെ പുതിയ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ ആഫീസിലെ 38586/19/W2 നമ്പർ ഫയലിൽ തുക അനുവദിക്കുവാനുള്ള നടപടികൾ ഏതു ഘട്ടം വരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുക എത്രയും വേഗം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശിപാർശ ചെയ്തിരിക്കുന്ന ശീർഷകത്തിൽ നിലവിൽ ഫണ്ട് അപര്യാപ്തമായതുകൊണ്ട് അടുത്ത സാമ്പത്തിക വർഷം ഉചിതമായ ശീർഷകത്തിൽ മുന്നവകാശം നൽകി ഉൾപ്പെടുത്താൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിലെ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

264 (980) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കേരള സർവ്വീസ് റൂളും, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂളും (കെ.എസ്.&എസ്.എസ്.ആർ.) ബാധകമാണോ; കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം പാലിച്ചാണോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ യു.ഡി. ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും, യു.ഡി. ക്ലാർക്ക് തസ്തികയിലെ റീ-അസൈൻമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം പാലിച്ചിട്ടുണ്ടോ;

(സി) 2005 മുതൽ 2019 വരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) മാനദണ്ഡം പാലിച്ച് യു.ഡി. ക്ലാർക്ക് തസ്തികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (റീ-അസൈൻമെന്റ് ലിസ്റ്റ് ഉൾപ്പെടെ) ലിസ്റ്റുകളുടെ എണ്ണവും നമ്പറും തീയതിയും വ്യക്തമാക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം യു.ഡി. ക്ലാർക്ക് തസ്തികയിൽ പാലിച്ചിട്ടില്ലായെങ്കിൽ പാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത റൂളിലെ കെ.എസ്.& എസ്.എസ്.ആർ. ലെ 28 (ബി.ബി.ബി.) മാനദണ്ഡം യു.ഡി. ക്ലാർക്ക് സീനിയോറിറ്റി ലിസ്റ്റിൽ പാലിക്കുന്നില്ല എന്നു കാണിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർ നിവേദനങ്ങളോ പരാതികളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്മേൽ ബന്ധപ്പെട്ട അധികാരികൾ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ഇ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (ബി.ബി.ബി.) എന്ന മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ പാലിക്കുന്നില്ലായെങ്കിൽ പ്രസ്തുത നിയമത്തിലെ മാനദണ്ഡം നടപ്പിലാക്കുവാനുള്ള കർശനനിർദ്ദേശം സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നൽകുമോ; കൂടാതെ, പ്രസ്തുത നിയമം പാലിക്കാതെ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റുകൾ നിയമാനുസൃതം തിരുത്തുവാനുള്ള നിർദ്ദേശം സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ബാധകമാണ്. കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് KS&SSR റൂൾസിലെ 28(bbb) എന്ന മാനദണ്ഡം പാലിച്ചാണ്. എന്നാൽ ചില അവസരങ്ങളിൽ എൽ.ഡി. ക്ലാർക്കിൽനിന്നും യു.ഡി. ക്ലാർക്കിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ യു.ഡി. ക്ലാർക്ക് തസ്തികയിലെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും യു.ഡി. ക്ലാർക്ക് തസ്തികയിലെ റീ അസൈൻമെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (bbb) എന്ന മാനദണ്ഡം പാലിച്ചിട്ടുണ്ട്.

(സി) 2005 മുതൽ 2010 വരെ KS&SSR-ലെ റൂൾ 28(bbb) അനുസരിച്ച് ഒരു ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്പർ: KWA/JB/E9/3947/2013 തീയതി 1-1-2014.

(ഡി) ചില അവസരങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തിയപ്പോൾ പ്രസ്തുത ചട്ടം പാലിച്ചതായി കാണുന്നില്ല. അതിന്റെ കാരണം പരിശോധിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ റൂൾ 28 (bbb) പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നിവേദനങ്ങളും പരാതികളും നൽകിയിട്ടുണ്ട്. നിലവിൽ യു.ഡി. ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട കേസുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസ്സുകളുടെ അന്തിമ വിധിക്കനുസൃതമായി പരാതികളിന്മേൽ ഉചിതമായ തീർപ്പ് കൽപ്പിക്കുന്നതാണ്.

(ഇ) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് ചട്ടങ്ങൾക്കനുസൃതമായി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

265 (981) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഗസറ്റഡ് ആണോ എന്നും അക്വ എന്ന സംഘടന അംഗീകാരത്തിനായി സമർപ്പിച്ച ബൈലോയിൽ 6(എ) പ്രകാരം സൂചിപ്പിച്ചിട്ടുള്ള തസ്തികകൾ എല്ലാം സമാന കാറ്റഗറിയിൽ ഉള്ളതാണോ എന്നും കേഡർ ബലം എത്രയാണെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ റഫറണ്ടം വഴി അംഗീകാരം ലഭിച്ച സംഘടനകൾ ഏതൊക്കെയാണ്; ഇവ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾക്കൊള്ളുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഒരു തസ്തികയും ഗസറ്റഡ് തസ്തികയിൽപ്പെടുന്നതല്ല. അക്വ എന്ന സംഘടന സമർപ്പിച്ച ബൈലോയിലെ 6(എ)-യിൽ പറഞ്ഞിരിക്കുന്ന എല്ലാ തസ്തികകളും ആഫീസർ കാറ്റഗറിയിലുള്ളതാണ്. കേഡർ ബലം താഴെ സൂചിപ്പിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ / സെക്രട്ടറി | 28 |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 73 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 232 |

| (1) | (2) | (3) |
|---|---|---|
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 404 |
| 5 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 |
| 6 | ഇന്റേണൽ ആഡിറ്റർ | 2 |
| 7 | അക്കൗണ്ട്സ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 25 |
| 8 | സീനിയർ സൂപ്രണ്ട് / റവന്യൂ ആഫീസർ | 31 |
| 9 | ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ | 54 |
| | **ആകെ** | **850 പേർ** |

(ബി) കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (CITU)-ഉം വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ (INTUC)-ഉം ആണ് റഫറണ്ടംവഴി അംഗീകാരം ലഭിച്ച സംഘടനകൾ. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് & സൂപ്പർവൈസിംഗ് കപ്പാസിറ്റിയുള്ള ഉദ്യോഗസ്ഥർ ഒഴികെ മറ്റെല്ലാ ജീവനക്കാരും ഉൾക്കൊള്ളുന്നു.

### വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സംഘടന

266 (982) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ റഫറണ്ടത്തിൽ പങ്കെടുക്കാൻ കഴിയാത്ത സൂപ്പർവൈസറി തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് സംഘടനാ സ്വാതന്ത്ര്യം നിഷേധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട സുതാര്യവും കൃത്യതയാർന്നതുമായ നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം ഒരു ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അംഗീകാരം നൽകേണ്ടത് സർക്കാർ ആണോ ബോർഡാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റിയിലെ എത്ര സംഘടനകൾ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം അന്വേഷിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേരള സർക്കാർ ജീവനക്കാരുടെ കോൺഡക്ട് റൂൾസ് 1960-ലെ റൂൾ 77-ൽ സർവ്വീസ് സംഘടനകളെ അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുന്നു.

(സി) സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് ഗവൺമെന്റ് സർവ്വന്റ്സ് കോൺഡക്ട് റൂൾ 1960-ലെ ചട്ടം 77(a)(1)-(2) പ്രകാരം സർക്കാരാണ്.

(ഡി) നിലവിൽ ഒരു സംഘടന അപേക്ഷയും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടുണ്ട്.

(ഇ) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട നിവേദനം ജല അതോറിറ്റി സർക്കാരിൽ ലഭ്യമാക്കുകയും തുടർന്ന് ഇതുസംബന്ധിച്ച ചില വിഷയങ്ങളിൽ വാട്ടർ അതോറിറ്റിയുടെ സ്പഷ്ടീകരണം ആവശ്യപ്പെടുകയും തുടർന്ന് 17-4-2019-ൽ ശ്രീ. അജിത് കുമാർ ബി., അക്വ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനെതിരെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നൽകിയ പരാതിയിൽ ഉന്നയിച്ച ആരോപണങ്ങളിന്മേൽ വ്യക്തമായ റിപ്പോർട്ടും വാട്ടർ അതോറിറ്റിയിൽനിന്ന് ആവശ്യപ്പെട്ടിരുന്നു.

കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ പ്രവർത്തന അംഗീകാരം

267 (983) <u>ശ്രീ. വി. കെ. പ്രശാന്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) എന്ന സംഘടന പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി കേരള ജല അതോറിറ്റി ബോർഡ് സമർപ്പിച്ച ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചതും ബോർഡ് ശിപാർശ നൽകിയതും എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടനയുടെ അംഗീകാരവുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ വീഴ്ചയും കാലതാമസവും വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ സംഘടനയ്ക്ക് അംഗീകാരം നൽകരുതെന്നാവശ്യപ്പെട്ട് ഏതെങ്കിലും വ്യക്തിയുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും പരാതി നൽകിയ വ്യക്തിയിൽ നിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്.

(ബി) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ആവശ്യത്തിന്മേൽ തുടർ നടപടികൾക്കായി ജല അതോറിറ്റി സമർപ്പിച്ച ശിപാർശയിൽ ചില അധിക വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചത് 16-1-2016-നും ബോർഡ് ശിപാർശ നൽകിയത് 07-4-2017-നുമാണ്.

(ഡി&ഇ) 1-4-2017-ൽ അഡ്വ. ജോസഫ് സക്കറിയ കനയിലും 28-2-2019-ൽ ശ്രീ. അജിത് കുമാർ ബി.-യും ' അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 28-2-2019-ലെ പരാതിയിന്മേൽ തെളിവെടുപ്പ് നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

## മുല്ലശ്ശേരി - പാവറട്ടി കുടിവെള്ള പദ്ധതി

268 (984) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി - പാവറട്ടി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; ഏതെല്ലാം പ്രവൃത്തികൾ ഇനിയും അവശേഷിക്കുന്നുണ്ട്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പാവറട്ടി റീജിയണൽ ശുദ്ധജല വിതരണ പദ്ധതിക്ക് 1725 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ മണലൂർ നിയമസഭാ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നില്ല. ഈ പദ്ധതിയിൽ ഉൾപ്പെട്ട 29 MLD ശുദ്ധീകരണശാലയുടെ കപ്പാസിറ്റി 33 MLD ആക്കി ഉയർത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭ്യമാക്കണമെന്ന ആവശ്യമുയർന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തുകൾക്ക് ശുദ്ധജല ലഭ്യതയ്ക്കായി 1360 ലക്ഷം രൂപയ്ക്ക് പുതിയ ഒരു പദ്ധതിക്ക് 1-3-2016-ൽ NRDWP സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയുണ്ടായി.

ഈ പദ്ധതി പ്രകാരം പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 33 MLD പ്ലാന്റിൽനിന്ന് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ 4 MLD ശുദ്ധജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ ശേഖരിക്കാനാണ് വിഭാവനം ചെയ്തത്. താഴെ പറയുന്ന ഘടകങ്ങളാണ് ഈ ഭരണാനുമതിയിൽ ഉണ്ടായിരുന്നത്.

1. ശുദ്ധീകരിച്ച ജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ എത്തിക്കുന്നതിനായി ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ.

2. പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉന്നതതല സംഭരണികളുടെ നിർമ്മാണം.

3. പാവറട്ടി-മുല്ലശ്ശേരി പദ്ധതിക്കുവേണ്ടി പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുഘടകങ്ങളായ ശുദ്ധീകരണശാല (29 MLD-യിൽനിന്ന് 33 MLD ആയി ഉയർത്തുന്നതിനും), ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ (അപ്പോർഷന്റ് കോസ്റ്റ്).

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുകയും 50 ശതമാനം പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ബാക്കി പൈപ്പിടുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി റോഡ് പുനഃസ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതായിട്ടുണ്ട്.

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി 350 ലക്ഷം രൂപയ്ക്ക് ഇതിനായി ഭരണാനുമതി ലഭ്യമാക്കി. നിലവിൽ 6.7 LL ഉന്നതതല സംഭരണിയുടെ സെക്കന്റ് സ്റ്റേജ് കോളം കോൺക്രീറ്റിംഗ് കഴിഞ്ഞിട്ടുണ്ട്. 5.5 LL ഉന്നതതല സംഭരണിയുടെ നിർമ്മാണം 98 ശതമാനം പൂർത്തീകരിച്ചു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 33 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജല വിതരണം നടത്താനായി വിതരണ ശൃംഖല (ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള 54.8 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ഒന്നാം ഗഡുവിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) ഉൾപ്പെടുത്തി തത്വത്തിൽ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് പാവറട്ടി, മുല്ലശ്ശേരി ഏരിയയിലേയ്ക്ക് പൂർണ്ണമായും കുടിവെള്ള വിതരണം നടത്താൻ സാധിക്കും.

## മരട് നഗരസഭാ മേഖലയിലെ കുടിവെള്ള വിതരണം

269 (985) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭാമേഖലയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടത്തിവരുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിക്കായി എന്ത് തുകയാണ് ചെലവാകുന്നത് എന്ന് അറിയിക്കുമോ;

(ഡി) പദ്ധതിക്കായുള്ള തുക കേരള ജല അതോറിറ്റിക്ക് ലഭ്യമായത് എന്നാണെന്ന് അറിയിക്കുമോ;

(ഇ) ഈ പദ്ധതിയുടെ ഭാഗമായി മുറിക്കേണ്ട റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിലേയ്ക്കായി പി.ഡബ്ള്യൂ.ഡി. ദേശീയപാതാ വിഭാഗത്തിനും, മരട് നഗരസഭയ്ക്കും മറ്റുള്ളവർക്കും എന്ത് തുകയാണ് നൽകേണ്ടതെന്നും ഇവയിൽ എന്ത് തുക നൽകിയെന്നും വ്യക്തമാക്കുമോ;

(എഫ്) ബാക്കി തുക നൽകാത്തതിനെ തുടർന്ന് പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം അറിയിക്കുമോ;

(ജി) പ്രസ്തുത തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് എന്ന് അറിയിക്കുമോ; ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിക്കായി 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 23.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജനറം പദ്ധതിയുടെ കമ്മീഷനിംഗോടെ ആവശ്യമായ കുടിവെള്ളം ലഭ്യമാണെങ്കിലും കാലഹരണപ്പെട്ടതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മർദ്ദം താങ്ങാനാവാതെ പൊട്ടി ജലം പാഴാകുന്ന അവസ്ഥയിലാണ്. ഇതിന് പരിഹാരമായി പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്.

(ബി) ഈ പദ്ധതി 6 ഘടകങ്ങളാക്കി വിഭജിച്ച് പ്രാവർത്തികമാക്കി വരുന്നു. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ഒന്നാമത്തെ ഘടകം പൂർത്തീകരിച്ചു (മരട് ഗ്രിഗോറിയൻ സ്കൂൾ റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി).
2. രണ്ടാമത്തെ ഘടകത്തിലെ കൊച്ചി-മധുര റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി പി.ഡബ്ല്യു.ഡി., എൻ.എച്ച്, മൂവാറ്റുപുഴയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടങ്ങുവാൻ സാധിക്കും.
3. മൂന്നാമത്തെ ഘടകത്തിലെ പൈപ്പ് സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. (മരട് മുൻസിപ്പൽ റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി സോൺ-1).

4. നാലാമത്തെ ഘടകം രണ്ടായി വിഭജിച്ചിരിക്കുന്നു.

a) കുണ്ടന്നൂർ മുതൽ ക്രൗൺ പ്ലാസ ഹോട്ടൽ വരെ പൈപ്പ് സ്ഥാപിക്കുന്ന ജോലി കുണ്ടന്നൂർ മേൽപ്പാല നിർമ്മാണ കമ്പനിവഴി പി.ഡബ്ല്യു.ഡി. പൂർത്തീകരിച്ചു. അതിന്റെ ബാക്കി ജോലികൾ മറ്റൊരു ഘടകമായി ആരംഭിച്ചിട്ടുണ്ട്.

b) ഈ പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കിവരുന്നു. (എൻ.എച്ച്. 66 എ 1-ന്റെ ഇരുവശങ്ങളിലുമായി കുണ്ടന്നൂർ അണ്ടർപാസ് മുതൽ ചമ്പക്കര കനാലിന്റെ സൈഡുവരെ).

5. പാക്കേജ് I മുതൽ പാക്കേജ് 4 വരെയും 6-ന്റെയും പ്രവൃത്തിയുടെ പൂർത്തീകരിച്ച തുകയുടെ വ്യക്തത വരുത്തിയതിന് ശേഷമേ പാക്കേജ് 5-ന്റെ അടങ്കൽ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. (മരട് മുൻസിപ്പൽ റോഡ് സോൺ-2).

6. ആറാമത്തെ പാക്കേജിന്റെ അടങ്കൽ തയ്യാറാക്കിവരുന്നു. (എൻ.എച്ച്. 66-ന്റെ ഇരുവശങ്ങളിലുമായി കുണ്ടന്നൂർ കായൽ മുതൽ നെട്ടൂർ കായൽ വരെ). ഇത് പൂർത്തീകരിക്കാൻ നാഷണൽ ഹൈവേയുടെ അനുമതി ആവശ്യമാണ്. ആയത് ലഭിക്കുന്നതിനനുസരിച്ചുമാത്രമേ ഈ ഘടകം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) 23.16 കോടി രൂപ

(ഡി) 25-6-2019-ലെ ധനകാര്യ വകുപ്പിന്റെ 1229908/W&MII-I/1150/2019/Fin നമ്പർ കത്ത് പ്രകാരം തുക ലഭ്യമാക്കിയിട്ടുണ്ട്.

(ഇ-ജി) പി.ഡബ്ല്യു.ഡി. ദേശീയപാത വിഭാഗം പാക്കേജ് 2-ൽ 36,08,601 രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി 3-2-2020-ൽ തുടങ്ങാൻ പി.ഡബ്ല്യു.ഡി. എൻ.എച്ച്., മൂവാറ്റുപുഴ വാക്കാൽ അനുവാദം നൽകിയിട്ടുണ്ട്. പാക്കേജ് 3-ൽ മരട് നഗരസഭ 5,38,58,660 രൂപ ആവശ്യപ്പെട്ടതിൽ 2,05,89,026 രൂപ നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം തുക ഒടുക്കാത്തതിനാൽ 2, 3, 4 എ പാക്കേജുകൾ തടസ്സപ്പെട്ടുകിടക്കുകയാണ്. റോഡ് കട്ടിംഗ് അനുമതി ലഭ്യമല്ലാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും 4 ബി, 5, 6 തുടങ്ങിയ ഘടകങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

NHAI, PWD (NH) എന്നിവരുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ പര്യാപ്തതകൂടി പരിഗണിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സമഗ്ര കുടിവെള്ള പദ്ധതി

270 (986) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. ഇപ്പോൾ ഏതു ഘട്ടത്തിലാണെ ന്നറിയിക്കാമോ?

### ഉത്തരം

(എ) പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കേന്ദ്രീകരിച്ച് രണ്ട് കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

തൃക്കരിപ്പൂർ അനുബന്ധ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം - 160 കോടി രൂപ.

നിലേശ്വരം, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം - 160 കോടി രൂപ.

മേൽ പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്.

(ബി) മേൽ പറഞ്ഞ രണ്ട് പദ്ധതികളുടെയും ഒന്നാം ഘട്ട സർവ്വേ പൂർത്തിയാക്കി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## കരവാരം- പുളിമാത്ത് - നഗരൂർ കുടിവെള്ള പദ്ധതി

271 (987) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം - പുളിമാത്ത് - നഗരൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

കരവാരം-പുളിമാത്ത്-നഗരൂർ കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും 81.81 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾക്കായി അഞ്ചിടങ്ങളിലായി റവന്യൂ ഭൂമിയും ഒരിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. റവന്യൂ ഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

കൂടാതെ സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിന് 2-9-2019 ലെ സ.ഉ.(സാധാ)നമ്പർ 625/2019/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും അതേത്തുടർന്ന് സാമൂഹികാഘാത പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. 29-1-2020-ലെ ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ഭൂമിയുടെ ന്യായവിലയായി 9 ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ 2,70,000 രൂപയും കണ്ടിജൻസി ചാർജ്ജിനത്തിൽ രണ്ട് ലക്ഷം രൂപയും സാമൂഹികാഘാത പഠനം നടത്തുന്ന ഏജൻസിക്ക് 28,600 രൂപയും അടിയന്തരമായി അടയ്ക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഫണ്ട് കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**വലിയോറ - പാണ്ടികശാല ചെറുകരമലയിൽ കുടിവെള്ള പദ്ധതി**

272 (988) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വലിയോറ പാണ്ടികശാല ചെറു കരമലയിൽ കുടിവെള്ള പദ്ധതി അനുവദിക്കുന്നതു സംബന്ധിച്ചുവകുപ്പിന്റെ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) 1995-ൽ വേങ്ങര ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ മിനി കുടിവെള്ള പദ്ധതി അപര്യാപ്തമായതും കടലുണ്ടിപ്പുഴയിൽ ബാക്കിക്കയം റഗുലേറ്റർ സ്ഥാപിച്ചതുമൂലം ജനങ്ങൾക്ക് പുഴയെ ആശ്രയിക്കാൻ നിർവ്വാഹമില്ലാത്തതിനാലും നിലവിൽ ഇരുനൂറോളം കുടുംബങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തരമായി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വലിയോറ പാണ്ടികശാല ചെറുകരമലയിൽ കുടിവെള്ള പദ്ധതി ഒന്നുംതന്നെ സർക്കാർ വിഭാവനം ചെയ്തിട്ടില്ല.

(ബി) വേങ്ങര പഞ്ചായത്തിൽ കേരള ജല അതോറിറ്റി ജലനിധി സംയുക്ത സംരംഭമായ മൾട്ടി GP നിലവിലുണ്ട്. മേൽ കുടുംബങ്ങൾക്ക് കണക്ഷനുവേണ്ടി പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പ് പരിപാലന ചുമതല വഹിക്കുന്ന സ്കീം ലെവൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. പുതിയ പദ്ധതികളൊന്നുംതന്നെ ഇവിടേയ്ക്കായി സർക്കാർ വിഭാവനം ചെയ്തിട്ടില്ല.

**റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

273 (989) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളായ പെരുനാട്-അത്തിക്കയം, അയിരൂർ-കാഞ്ഞീറ്റുകര, നിലയ്ക്കൽ-കൊല്ലമുള, അങ്ങാടി-കൊറ്റനാട് എന്നിവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 1. പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി(NRDWP)യിൽ ഉൾപ്പെടുത്തി 1400 ലക്ഷം രൂപയുടെ അംഗീകാരം നൽകി. ഇതിൽ ഉൾപ്പെട്ട റാ-വാട്ടർ പമ്പിംഗ് മെയിൻ, 8 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, കോട്ടുപാറ ജലസംഭരണിയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (150 എംഎം ഡി.ഐ.-കെ പൈപ്പ്), ഇടപ്ര മലയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (100 എം.എം. ഡി.ഐ. -കെ9 പൈപ്പ്), മുക്കം ജംഗ്ഷൻ വരെയുള്ള ഗ്രാവിറ്റി മെയ്ൻ (500 എം.എം. ഡി.ഐ.-കെ-9 പൈപ്പ്) എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അവശേഷിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി 331 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഇൻടേക്ക് പമ്പ്ഹൗസിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇൻടേക്ക് കിണറിന്റെ നവീകരണം, പഞ്ചാരമുക്ക്, ചെമ്പൻമുടി ജലസംഭരണികളുടെ നിർമ്മാണം, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, മുക്കം, ഇടപ്രമല പമ്പ്ഹൗസുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കൽ, 400 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള കരാർ ഒപ്പിട്ടിട്ടുണ്ട്.

പെരുനാട്-അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവൃത്തികൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 4140 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് പാക്കേജുകളായി തിരിച്ചാണ് രണ്ടാംഘട്ടം പദ്ധതി നിർവ്വഹണം നടത്തുന്നത്. രണ്ടാം ഘട്ടം പദ്ധതിയിൽ പെരുനാട്, അത്തിക്കയം പഞ്ചായത്തുകളിലേയ്ക്കാവശ്യമായ വിതരണ ശൃംഖല പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഒന്നിൽ ഉൾപ്പെട്ട ഏഴ് സോണുകളിലെ

പ്രവൃത്തികൾ പൂർത്തികരിച്ചുകഴിഞ്ഞു. ഇതിൽ ഏഴ് സോണുകളിലേക്കുള്ള വിതരണ ശൃംഖല, ജല ശുദ്ധീകരണശാല മുതൽ മണംപുഴ സമ്പ്, ഉന്നതതല ജലസംഭരണി എന്നിവ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. പാക്കേജ് രണ്ടിൽ ഉൾപ്പെടുത്തിയ സോൺ 8 മുതൽ 11 വരെയുള്ള വിതരണ ശൃംഖല, മാമ്പാറ ജലസംഭരണി, പഞ്ചാരമുക്ക് സംഭരണി, മുണ്ടൻമല ലോ ലെവൽ ഹൈലെവൽ സംഭരണികൾ, ചെമ്പൻമുടി സംഭരണി എന്നിവയിലേക്കുള്ള പമ്പിംഗ് മെയിനുകൾ, മുണ്ടൻമല ലോ ലെവൽ പമ്പ്ഹൗസ്, മുണ്ടൻമല ഹൈ ലെവൽ സംഭരണി നിർമ്മാണം എന്നീ പ്രവൃത്തികൾ 18-9-2019-ൽ ആരംഭിച്ചു. ഇത് പൂർത്തിയാകുന്നതോടെ രണ്ട് പഞ്ചായത്തുകളിലെയും വിതരണ ശൃംഖല ഉൾപ്പെടെയുള്ള ഘടകങ്ങൾ (പമ്പുസെറ്റുകൾ ഒഴികെ) പൂർണ്ണമാകും;

പാക്കേജ് മൂന്നിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പമ്പ്ഹൗസുകളിലേക്കുള്ള പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. <u>അയിരൂർ -കാഞ്ഞീറ്റുകര</u>

NRDWP-യിൽ 1400 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഇൻടേക്ക് വെൽ പമ്പിംഗ് മെയിൻ, തേക്കുമുകൾ ടാങ്കിലേക്കുള്ള ഗ്രാവിറ്റി മെയിൻ, റോ വാട്ടർ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് നിലവിലുള്ള വിതരണ ശൃംഖലവഴി ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നു. ഗ്രീൻ ബുക്കിൽ 2800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ വിതരണ ശൃംഖലയുടെയും ജലസംഭരണികളുടെയും പമ്പ്ഹൗസിന്റെയും നവീകരണ പ്രവൃത്തികളും പൂർത്തീകരണ ഘട്ടത്തിലാണ്.

3. <u>നിലയ്ക്കൽ-കൊല്ലമുള</u>

സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിക്കായി 909 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡിൽ ലഭിച്ച ഒന്നാം ഘട്ടത്തിലുൾപ്പെട്ട പ്രവൃത്തികളായ ശുദ്ധീകരണശാല, ഇൻടേക്ക് കിണറും പമ്പ്ഹൗസും എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. 120 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽ നൽകിയ രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾ 4 പാക്കേജുകളായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഒന്നാം പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്.

4. കൊല്ലമുള -അരയാഞ്ഞിലിമൺ

NRDWP-യിൽ 800 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കൊല്ലമുള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ വെൺകുറിഞ്ഞി സമ്പിലേക്കുള്ള ഗ്രാവിറ്റി മെയിൻ, പാമ്പിരിക്കുംപാറ ജലസംഭരണി വരെയുള്ള ഗ്രാവിറ്റി മെയിൻ, വെൺകുറിഞ്ഞി സമ്പിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം എന്നിവ പൂർത്തീകരിച്ചു.

ഒന്നാംഘട്ടത്തിൽ അവശേഷിക്കുന്ന പ്രവൃത്തികൾക്ക് 320 ലക്ഷം രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ നൽകിയിട്ടുണ്ട്. ഇതിലുൾപ്പെട്ട പ്രവൃത്തികളായ തലുമുട്ടിയാനി പമ്പിംഗ് മെയിൻ, ഓലിക്കലിൽ സമ്പും പമ്പ്ഹൗസും തലമുട്ടിയാനി സംഭരണി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ഇവയുടെ എസ്റ്റിമേറ്റ് പുതുക്കി പുനർ ദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായുള്ള DER തയ്യാറാക്കിവരുന്നു.

പ്രളയദുരിതാശ്വാസ പദ്ധതി 2018-ൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയ അരയാഞ്ഞിലിമൺ പദ്ധതിയുടെ ദർഘാസ് നടപടികൾ നടന്നുവരുന്നു.

5. അങ്ങാടി -കൊറ്റനാട്

അങ്ങാടി -കൊറ്റനാട് പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 2475 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശുദ്ധീകരണശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധനയും കോണ്ടൂർ മാപ്പും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും ജല ജീവൻ മിഷന്റെ സംസ്ഥാന വിഹിതം വകയിരുത്തുന്നതിന്റെ ഭാഗമായി മേൽ ഭരണാനുമതി റദ്ദാക്കേണ്ടിവന്നു.

(ബി) പെരുനാട് - അത്തിക്കയം - 12/2020

അയിരൂർ - കാഞ്ഞീറ്റുകര – 03/2020

നിലയ്ക്കൽ - 09/2021

കൊല്ലമുള - 12/2020

**ആരക്കുഴ - പാലക്കുഴ കുടിവെള്ള പദ്ധതി**

274 (990) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിയുടെയും ആരക്കുഴ- പാലക്കുഴ കുടിവെള്ള പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പൊതകുളം എന്ന സ്ഥലത്താണ് കണ്ടെത്തിയിരിക്കുന്നത്. ടി സ്ഥലം ഫോറസ്റ്റ് വകുപ്പിന്റെ അധീനതയിലുള്ളതാണ്. ടി സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടുനൽകുന്നതിലേക്കായുള്ള അപേക്ഷ നൽകുകയും ആയതിന്റെ നടപടിക്രമങ്ങൾ ഫോറസ്റ്റ് വകുപ്പിൽ നടന്നുവരികയുമാണ്. സ്ഥലം വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെയും പമ്പിംഗ് മെയിനിന്റെയും വിതരണ ടാങ്കുകളുടേയും നിർമ്മാണത്തിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പമ്പിംഗ് മെയിനുകളുടെയും വിതരണ ടാങ്കുകളുടെയും നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുകയാണ്. ജലശുദ്ധീകരണ ശാലയിലെ ട്രാൻസ്ഫോർമർ, മോട്ടോറുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖലയ്ക്കുവേണ്ടി ഭാഗികമായ പൂർത്തീകരണത്തിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 189 ലക്ഷം രൂപയുടെയും MLA SDF ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ ഭാഗം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ. എസ്.ഡി.എഫ്.-ൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് ഭരണാനുമതി 30-1-2020-ൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടനെ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും 2882 ലക്ഷം രൂപയുടെ അനുമതിയും ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകത്തിനായി നബാർഡിൽനിന്ന് 1350 ലക്ഷം രൂപയുടെയും വിതരണശൃംഖലയ്ക്കായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്ന് 186.8 ലക്ഷം രൂപയുടെയും എം.എൽ.എ.-എസ്.ഡി.എഫ്-ൽ നിന്ന് ആരക്കുഴ-പാലക്കുഴ റോഡിൽ വിതരണ പൈപ്പ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്.

വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ 2 വർഷത്തിനകം പൈങ്ങോട്ടൂർ പദ്ധതി പൂർത്തീകരിക്കുവാനും ആരക്കുഴ-പാലക്കുഴ പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ പൂർത്തീകരിച്ച് 2020 സെപ്റ്റംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കുട്ടനാട് കുടിവെള്ള പദ്ധതി

275 (991) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലം രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് 2017-18 ബജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടനാട് കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കി ജനങ്ങൾ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തിയ കുട്ടനാട് കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും 289.54 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. നീരേറ്റുപുറത്ത് പ്രതിദിനം 30 ദശലക്ഷം ലിറ്റർ ഉൽപ്പാദനശേഷിയുള്ള ശുദ്ധീകരണശാലയും പമ്പാ നീരേറ്റുപുറത്ത് 120 HP മോട്ടോർ ഘടിപ്പിച്ച പമ്പ്ഹൗസും കുട്ടനാട് താലൂക്കിൽവരുന്ന 13 പഞ്ചായത്തുകൾക്ക് ഓരോ ഉന്നതതല ജലസംഭരണിയും 894 കി.മീ. ദൈർഘ്യം വരുന്ന ജലവിതരണ ശൃംഖലയും 45 കി.മീ. ശുദ്ധജല പമ്പിംഗ് മെയിനുകളുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള പ്രതിദിന വിഹിതമായ 14 ദശലക്ഷം ലിറ്ററിന് പുറമേയാണ് 30 ദശലക്ഷം ലിറ്റർ ലഭ്യമാവുക.

മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഘടകങ്ങളുടെ നിർമ്മാണത്തിനുവേണ്ടി നിലം നികത്തി (wet land) കരഭൂമിയാക്കി മാറ്റുവാനുള്ള നടപടികൾക്കുവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ മൂന്ന് നിലങ്ങളിൽ 2 നിലങ്ങൾക്ക് സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭിച്ചിട്ടുണ്ട്. ഇത് കരഭൂമിയാക്കുന്നതിനുവേണ്ടി 6-12-2019-ൽ അഗ്രിക്കൾച്ചർ ഓഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ 6 എണ്ണം (തകഴി, എടത്വ, മുട്ടാർ, രാമങ്കരി, കാവാലം, തലവടി)

കേരള ജല അതോറിറ്റിയുടെ കീഴിലുള്ളതാണ്. നീലംപേരൂർ പഞ്ചായത്തിലെ വാലടി കുട്ടമ്മൽ ദേവസ്വത്തിന്റെ സ്ഥലം വിട്ടുതരുവാൻ ദേവസ്വത്തിന്റെ അനുവാദം ലഭിക്കുകയും ആയത് പുറമ്പോക്കിൽപ്പെടുത്തി സർക്കാരിൽനിന്നും ഉത്തരവ് നൽകിയിട്ടുള്ളതാണ്. വെളിയനാട് പഞ്ചായത്തിലും പുളിങ്കുന്ന് പഞ്ചായത്തിലും സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭിക്കുന്നതിനുവേണ്ട നടപടിക്കായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. കൈനകരി പഞ്ചായത്തിന്റെയും ചമ്പക്കുളം പഞ്ചായത്തിന്റെയും പേരിലുള്ള സ്ഥലം കൈമാറാൻവേണ്ടിയുള്ള കത്ത് നൽകിയിട്ടുണ്ട്. നെടുമുടി പഞ്ചായത്തിന്റെയും വീയപുരം പഞ്ചായത്തിന്റെയും കീഴിലുള്ള പുറംപോക്ക് ഭൂമി സംഭരണി നിർമ്മിക്കുന്നതിനുവേണ്ടി കൈമാറാനുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനു മുമ്പായി ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തും (6 ഉന്നതതല സംഭരണികളുടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലത്തും) ശുദ്ധീകരണശാല നിർമ്മിക്കുന്ന സ്ഥലത്തും നീരേറ്റുപുറത്ത് പമ്പാനദിയിൽ raw water എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തും മണ്ണ് പരിശോധിക്കുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ കൺസൾട്ടൻസിയെ ഏൽപ്പിച്ചതനുസരിച്ച് ലഭ്യമായ സ്ഥലങ്ങളിൽ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ്-1-ൽ ഉൾപ്പെട്ട ശുദ്ധീകരണശാലയ്ക്കും പമ്പാ നദിയിലുള്ള പമ്പ്ഹൗസ് സ്ഥാപിക്കുന്നതിനുമാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മറ്റ് പാക്കേജുകളിൽ ഉൾപ്പെടുന്ന പി.ഡബ്ല്യു.ഡി. റോഡ് റെസ്റ്റൊറേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭ്യമായിട്ടില്ല.

(ഡി) കുട്ടനാട് കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാനും സ്ഥലലഭ്യത, റോഡ് മുറിക്കൽ അനുമതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കിളിമാനൂർ കുടിവെള്ള പദ്ധതിക്കായി തടയണ നിർമ്മാണം

276 (992) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ കുടിവെള്ള പദ്ധതിക്കായി വാമനപുരം ആറ്റിലെ കാരേറ്റ് തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ട നടപടി വിശദമാക്കുമോ;

(ബി) തടയണ നിർമ്മാണം എന്ന് മുതൽ ആരംഭിക്കാനാകും; വ്യക്തമാക്കുമോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി 3100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരികയും ചെയ്യുന്നു. ഈ പദ്ധതിയുടെ സ്രോതസ്സിലെ ജലലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കാരേറ്റ് പാലത്തിനടുത്ത് വാമനപുരം നദിയിൽ ഒരു തടയണ നിർമ്മിക്കുന്നതിനുവേണ്ടി 440 ലക്ഷം രൂപയുടെ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി 2016 എസ്.എൽ.എസ്.എസ്.സി.-യിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുക യുണ്ടായില്ല. അതിനുശേഷം വാമനപുരം ആറ്റിൽ തടയണ നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേന കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ചെയ്യുവാനുള്ള ഗവൺമെന്റ് തീരുമാനത്തെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട നടപടികൾ ജലസേചന വകുപ്പ് കൈക്കൊണ്ടുവരുന്നു.

(ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ കുടിവെള്ള പദ്ധതിക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ ജലസേചന വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി കാരേറ്റ് പാലത്തിന് ഏകദേശം 50 മീറ്റർ മുകൾ ഭാഗത്തായി വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി 4.78 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി തുടർ നടപടി സ്വീകരിച്ചുവരുന്നു.

പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി തടയണ രൂപകൽപ്പന ലഭ്യമാക്കിയാൽ മാത്രമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## ബാലുശ്ശേരി മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പദ്ധതികൾ

277 (993) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന വാട്ടർ അതോറിറ്റി പദ്ധതികൾ ഏതൊക്കെയാണ്; അവ ഓരോന്നിന്റെയും നിർമ്മാണപുരോഗതിയും പൂർത്തീകരണസമയവും അറിയിക്കാമോ?

ഉത്തരം

1. ഡെപ്പോസിറ്റ് പ്രവൃത്തി - ഉള്ള്യേരി പഞ്ചായത്തിലെ എരഞ്ഞോളിക്കണ്ടി കുടിവെള്ള പദ്ധതി - കിണർ, ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തി. വൈദ്യുതി കണക്ഷൻ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതാണ്.

2. ഡെപ്പോസിറ്റ് പ്രവൃത്തി - ബാലുശ്ശേരി ഗവ. കോളേജിലേക്കുള്ള കുടിവെള്ള പദ്ധതി - പനങ്ങാട് ഗ്രാമപഞ്ചായത്ത് - കിണർ, പമ്പ്ഹൗസ് എന്നിവ പൂർത്തീകരിച്ചു. ടാങ്കിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി 2020 മാർച്ച് മാസത്തോടെ കമ്മീഷൻ ചെയ്യുന്നതാണ്.

3. ഡെപ്പോസിറ്റ് പ്രവൃത്തി - അത്തോളി പഞ്ചായത്തിലെ പുല്ലില്ലാമല കുടിവെള്ള പദ്ധതി - കുറുക്കൻകുന്ന് റോഡിലൂടെ പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - പ്രവൃത്തി 28-1-2020-ന് പൂർത്തീകരിച്ചു.

4. സ്റ്റേറ്റ് പ്ലാൻ - 2019-20 - ബാലുശ്ശേരി ടൗൺ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി, കൊയിലാണ്ടി ബാലുശ്ശേരി റോഡിൽ ജിക്ക കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. മാർച്ച് മാസം 15-ാം തീയതിയോടെ പൂർത്തീകരിക്കുന്നതാണ്.

5. ഉണ്ണികുളം -ശിവപുരം വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി - പ്രസ്തുത പദ്ധതിയിൽ 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഏകരൂൽ വള്ളിയോത്ത് പി.ഡബ്ല്യൂ.ഡി. റോഡിൽ 1.5 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 2020 മേയ് മാസം 31-ാം തീയതിയോടെ പൂർത്തീകരിക്കുന്നതാണ്.

## കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതി

278 (994) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിരുന്നതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) കാളിപ്പാറ പദ്ധതി കൊല്ലയിൽ ഗ്രാമപഞ്ചായത്തിലേക്ക് നീട്ടുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ടി തുക ഉപയോഗപ്പെടുത്തേണ്ടത്. ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിന് വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട്

തയ്യാറാക്കുന്നതിന് സർവ്വേ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. ടി സർവ്വേ പ്രവൃത്തികൾ നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള ജലം കൊല്ലയിലെത്തിക്കുന്നതിന് പൊൻവിളയിൽ സ്ഥലം ഏറ്റെടുത്ത് ജലസംഭരണി നിർമ്മിച്ച് അവിടെനിന്നും ധനുവച്ചപുരംവരെ പൈപ്പ്ലൈൻ സ്ഥാപിച്ച് എത്തിക്കാനാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ നെയ്യാറ്റിൻകരയിൽ റെയിൽവേപാത ക്രോസ് ചെയ്തു പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകാത്തതിനാലും പൊൻവിളയിൽ സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതിനാലും പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. അതേസമയം കാളിപ്പാറ പദ്ധതിയിൽനിന്നുള്ള ശുദ്ധജലം കൊല്ലയിൽ പഞ്ചായത്തിൽ എത്തിക്കുവാൻ, നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗിന് മുൻപായി കാളിപ്പാറയിൽനിന്നുള്ള പൈപ്പ്ലൈനിൽ കൂട്ടിയോജിപ്പിക്കൽ പ്രവൃത്തി നടത്തി ധനുവച്ചപുരം സംഭരണിയിലേയ്ക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ഡീവിയേഷൻ പ്രൊപ്പോസലിനുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

279 (995) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ അവലോകനം സംബന്ധിച്ച് 13-6-2019 ൽ ജലവിഭവ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിരുന്ന കാര്യങ്ങളിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ;

(ബി) തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്നതിനുള്ള സാങ്കേതിക പരിശോധന നടത്തി സാധ്യത കണ്ടെത്തണമെന്ന കാര്യത്തിൽ എടുത്ത നടപടികൾ വെളിപ്പെടുത്താമോ;

(സി) കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടി ഒരു സമ്പൂർണ്ണ കുടിവെള്ള വിതരണ ശൃംഖല ഉൾപ്പെടുത്തി പൂർണ്ണമായും നടപ്പിലാക്കുന്ന തരത്തിൽ വിഭാവനം ചെയ്തുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കണമെന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലെ പാണ്ടമംഗലം കുടിവെള്ള പദ്ധതി, കോട്ടയ്ക്കൽ-പറപ്പൂർ കുടിവെള്ള പദ്ധതി എന്നിവയിലെ മോട്ടോർ അടിക്കടി കേടാകുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) തോക്കാൻപാറ പ്രദേശത്ത് റോഡിന്റെ വശങ്ങളിലെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ അവലോകനം സംബന്ധിച്ച് 13-6-2019-ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) തിരുനാവായ പദ്ധതിയിൽനിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സാങ്കേതിക പരിശോധന ഡിസംബർ മാസത്തിൽ മലപ്പുറം ജലഅതോറിറ്റിയിലെ ഉദ്യോഗസ്ഥർ നടത്തിയിരുന്നു. ടി ജലവിതരണം സാങ്കേതികമായി സാധ്യമാണെങ്കിലും അത് നിലവിലെ തിരുനാവായ പദ്ധതിയെ സാരമായി ബാധിക്കുമെന്നതിനാൽ ടി വിപുലീകരണം പ്രായോഗികമല്ല. എന്നാൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് വിഭാവനം ചെയ്ത ഇരിമ്പിളിയം, എടയൂർ പഞ്ചായത്തുകൾക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ ടെണ്ടർ നടപടികൾ മലപ്പുറം പ്രോജക്ട് ഡിവിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉയർന്ന പ്രദേശത്തെ ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.

(സി) ഭൂതപ്പുഴ സ്രോതസ്സായി കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) കോട്ടയ്ക്കൽ-പറപ്പൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ട് പുതിയ പമ്പുസെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് നടത്തിവരുന്നു.

(ഇ) തോക്കാൻപാറ പ്രദേശത്ത് റോഡിന്റെ വശങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് റോഡ് പുനരുദ്ധാരണ ചാർജായി 25,37,604 രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

280 (996) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി രൂപകൽപ്പന ചെയ്ത ഉദയംപേരൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുമോ; എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി 40 കോടി അടങ്കൽ തുക വരുന്ന ഉദയംപേരൂർ കുടിവെള്ള പദ്ധതി തയ്യാറാക്കി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നൽകിയില്ല. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**ഇരുമ്പിളിയം- എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി**

281 (997) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ളപദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പദ്ധതി പൂർണ്ണമായും ടെൻഡർ നടപടിയിലേയ്ക്ക് കടന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള വിതരണ പദ്ധതിക്ക് സർക്കാരിൽനിന്നും 75 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരവും കിഫ്ബിയിൽനിന്നും 72.17 കോടി രൂപയുടെ ധനസഹായ അനുമതിയും ലഭിച്ചിട്ടുണ്ട്.

ഭൂത നദി സ്രോതസ്സ് ആയിട്ടുള്ള ടി പദ്ധതിയിൽ ഉൽപ്പാദക ഘടകങ്ങളായ 26 ദശലക്ഷം ലിറ്റർ (MLD) ശേഷിയുള്ള ജലശുദ്ധീകരണശാല 10.8 ലക്ഷം ലിറ്റർ (LL) സമ്പ്, ഇപ്പോൾ നിലവിലുള്ള കിണറിന്റെ വിപുലീകരണം, 23 ലക്ഷം ലിറ്റർ (LL) ഉപരിതല ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, സബ് സ്റ്റേഷൻ, അപ്രോച്ച്റോഡ്, വിതരണശൃംഖല, electro mechanical (പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ) എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി മൂന്ന് പാക്കേജുകളിലായിട്ടാണ് നടപ്പിലാക്കുന്നത്. ഒന്നാം പാക്കേജ് ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) മേൽ പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് ഒന്നിൽ നിലവിലുള്ള well cum pumphouse-ന്റെ പുനരുദ്ധാരണം ഉത്പാദക ഘടകങ്ങളായ 26 ദശലക്ഷം ലിറ്റർ (MLD), ജലശുദ്ധീകരണശാല, 10.8 ലക്ഷം ലിറ്റർ (LL) സമ്പ്, 23 ലക്ഷം ലിറ്റർ (LL) ഉപരിതല ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ സബ് സ്റ്റേഷൻ കെട്ടിടം, അപ്രോച്ച്റോഡ് എന്നിവ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ് രണ്ടിൽ വിതരണ ശൃംഖലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സർവ്വേ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാക്കേജ് മൂന്നിൽ electro mechanical (പമ്പ്സെറ്റ് ട്രാൻസ്ഫോർമർ) എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അംഗീകരിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം പദ്ധതി പൂർത്തീകരണത്തിനുള്ള കാലാവധി 24 മാസമാണ്.

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ പൂമംഗലം കുടിവെള്ള പദ്ധതി

282 (998) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട മണ്ഡലത്തിലെ പൂമംഗലം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

കാട്ടൂർ പടിയൂർ പൂമംഗലം പദ്ധതിക്ക് നബാർഡിൽനിന്ന് 2789 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ കാട്ടൂർ പടിയൂർ സോണുകളുടെ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ചെലവ് ഭരണാനുമതിയേക്കാൾ കൂടുതലായതിനാൽ സംസ്ഥാന പദ്ധതിയിൽ 300 ലക്ഷം രൂപയുടെ ഭരണാനുമതി പൂമംഗലത്തിനുവേണ്ടി അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ട്രയൽ റൺ നടന്നുകൊണ്ടിരിക്കുന്നു.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

283 (999) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖേന എത്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും ഈ പദ്ധതികളിലൂടെ പ്രതിവർഷം എത്ര ലക്ഷം രൂപയുടെ വരുമാനമുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വിപുലീകരിച്ച് കൂടുതൽ കണക്ഷനുകൾ നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>വലിയപറമ്പ പഞ്ചായത്ത്</u>

1. തൃക്കരിപ്പൂർ കടപ്പുറം കുടിവെള്ള പദ്ധതി
2. ഒരിയര കുടിവെള്ള പദ്ധതി

<u>തൃക്കരിപ്പൂർ പഞ്ചായത്ത്</u>

1. ഒളവറ കുടിവെള്ള പദ്ധതി
2. കണ്ണങ്കൈ ഇടക്കൈ കുടിവെള്ള പദ്ധതി
3. ബർമ്മ കുടിവെള്ള പദ്ധതി
4. മീലിയാട്ട് കുടിവെള്ള പദ്ധതി
5. വയലോടി കുടിവെള്ള പദ്ധതി
6. തൃക്കരിപ്പൂർ കുടിവെള്ള പദ്ധതി
7. മധുരങ്കൈ കുടിവെള്ള പദ്ധതി

<u>പീലിക്കോട് ഗ്രാമപഞ്ചായത്ത്</u>

1. മട്ടലായി കുടിവെള്ള പദ്ധതി

2. കനത്തൂർ കുടിവെള്ള പദ്ധതി

<u>കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്</u>

1. കയ്യൂർ കുടിവെള്ള പദ്ധതി

<u>കാനാന്തൂർ കരിന്തളം ഗ്രാമപഞ്ചായത്ത്</u>

1. പന്നിയെറിഞ്ഞകൊല്ലി കുടിവെള്ള പദ്ധതി

<u>വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്</u>

1. വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി

2. മൗവ്വേനി കുടിവെള്ള പദ്ധതി

<u>ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്</u>

1. മുക്കം കുടിവെള്ള പദ്ധതി

2. അച്ചാം തുരുത്തി കുടിവെള്ള പദ്ധതി

3. മയ്യിച്ച കുടിവെള്ള പദ്ധതി

4. മടിക്കുന്ന കുടിവെള്ള പദ്ധതി

5. കാടങ്കോട് കുടിവെള്ള പദ്ധതി

6. കൈതക്കാട് കുടിവെള്ള പദ്ധതി

<u>നീലേശ്വരം മുനിസിപ്പാലിറ്റി</u>

1. കാരിയങ്കോട് തോട്ടുംപുറം കുടിവെള്ള പദ്ധതി

2. കരുവാച്ചേരി കുടിവെള്ള പദ്ധതി

3. പുറത്തേക്കൈ കുടിവെള്ള പദ്ധതി

4. നീലേശ്വരം കുടിവെള്ള പദ്ധതി

5. നീലേശ്വരം ഹരിജൻ കോളനി കുടിവെള്ള പദ്ധതി

6. ചാത്തമത്ത് കുടിവെള്ള പദ്ധതി

മേൽ സൂചിപ്പിച്ച പദ്ധതികളിൽ വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി ഒഴിച്ച് മറ്റുള്ളവയെല്ലാം ചെറുകിട കുടിവെള്ള പദ്ധതികളാണ്. പ്രസ്തുത പദ്ധതികളിലെ പ്രതിശീർഷ വരുമാനം 1,37,60,610 രൂപയാണ്.

(ബി) ഉണ്ട്. ജലലഭ്യതയ്ക്കനുസരിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈൻ ദീർഘിപ്പിച്ചും കണക്ഷൻ മേളകൾ സംഘടിപ്പിച്ചും പുതിയവ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി കയ്യൂർ-ചീമേനി, ഈസ്റ്റ് എളേരി കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എന്നിരുന്നാലും മണ്ഡലങ്ങളിലെ മുഴുവൻ പ്രദേശങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നപക്ഷം കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകും.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി 313.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>പ്ലാൻ ഫണ്ട്</u>

1. തൃക്കരിപ്പൂർ കടപ്പുറം കുടിവെള്ള പദ്ധതി : 7 ലക്ഷം
2. ഒളവറ കുടിവെള്ള പദ്ധതി : 8 ലക്ഷം
3. മീലിയാട് കുടിവെള്ള പദ്ധതി : 5 ലക്ഷം
4. ചീമേനി തുറന്ന ജയിൽ കുടിവെള്ള പദ്ധതി : 17 ലക്ഷം

<u>റീപ്ലേസ്മെന്റ്</u>

1. അച്ചാംതുരുത്തി കുടിവെള്ള പദ്ധതി : 42 ലക്ഷം
2. മയ്യിച്ച കുടിവെള്ള പദ്ധതി : 50 ലക്ഷം
3. കാടങ്കോട് കുടിവെള്ള പദ്ധതി : 32 ലക്ഷം
4. കൈതക്കാട് കുടിവെള്ള പദ്ധതി : 28 ലക്ഷം
5. കരുവാച്ചേരി കുടിവെള്ള പദ്ധതി : 16 ലക്ഷം
6. പുറത്തേക്കൈ കുടിവെള്ള പദ്ധതി : 25 ലക്ഷം
7. നീലേശ്വരം കുടിവെള്ള പദ്ധതി : 30 ലക്ഷം

എം.എൽ.എ. -എ.ഡി.എസ് .

1. അച്ചാം തുരുത്തി കുടിവെള്ള പദ്ധതി : 32 ലക്ഷം

ഡി.ആർ.ഡബ്ല്യൂ

1. കാരിയങ്കോട് തോട്ടുംപുറം കുടിവെള്ള പദ്ധതി : 8 ലക്ഷം

2. അച്ചാം തുരുത്തി കുടിവെള്ള പദ്ധതി : 4 ലക്ഷം

3. വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി : 8 ലക്ഷം

എഫ്.ആർ.ഡബ്ല്യൂ

1. വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി : 1.70 ലക്ഷം

## പാതിവഴിയിലെത്തി നിൽക്കുന്ന ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

284 (1000) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ പാതിവഴിയിലെത്തി നിൽക്കുന്ന ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ട് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എന്നത്തേക്ക് പുനരാരംഭിക്കുവാനാകുമെന്നും നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം പുനരാരംഭിക്കുന്നതിനായി ഇക്കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പ്രസ്തുത ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഞാറയ്ക്കൽ മുരിക്കുംപാടം ഉന്നതതല ജലസംഭരണികളുടെ ബാക്കി പ്രവൃത്തികൾ (Risk and cost of original contractor) പൂർത്തീകരിക്കുന്നതിനായി 2-9-2019-ൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിക്കുകയും ലഭിച്ച ദർഘാസുകൾ അംഗീകരിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയുമാണ്. കേരള വാട്ടർ അതോറിറ്റിയിലെ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറെയാണ് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) നിർമ്മാണം പുനരാരംഭിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ കൊച്ചി 13-11-2018-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത ശ്രീ. കെ. കെ. മുഹമ്മദ് ക്വാട്ട് ചെയ്ത തുക നിലവിലുള്ള അനുവദനീയ തുകയായ DSR 2016+10%-ത്തെക്കാൾ കൂടുതലായതിനാൽ ദർഘാസ് പി.എ.സി.-യുടെ 10% അധിക തുകയ്ക്ക് അനുമതി നൽകിയെങ്കിലും അദ്ദേഹം പ്രസ്തുത തുകയ്ക്ക് പ്രവൃത്തി നടത്താൻ തയ്യാറല്ലെന്ന് അറിയിച്ചതിനാൽ 11-7-2019-ലെ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം ദർഘാസ് റദ്ദ് ചെയ്യുകയും തുടർന്ന് 27-7-2019-ൽ ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതിയായി കണക്കാക്കി വീണ്ടും ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് പുനർദർഘാസ് 02-9-2019-ൽ ക്ഷണിക്കുകയും (01-10-2019-ൽ തുറക്കുകയും) ആയത് പ്രകാരം ലഭിച്ചിട്ടുള്ള ദർഘാസ് രേഖകൾ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ 2017-ൽ അംഗീകാരം ലഭിച്ച ജിഡ ഡെപ്പോസിറ്റ് വർക്കിൽ ആയതിനാൽ ബാക്കി പ്രവൃത്തികൾക്കായുള്ള നിലവിലുള്ള ടെണ്ടറുകൾക്ക് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ആവശ്യമായ തുക GIDA-യിൽ നിന്നും ലഭ്യമാകുമോയെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ ടെണ്ടർ കമ്മിറ്റി തീരുമാനപ്രകാരം ഫണ്ട് ഉറപ്പുവരുത്തുന്നതിനായി GIDA-യുമായി ബന്ധപ്പെട്ടിട്ടുണ്ട്.

**മനക്കകടവ് - പത്താംമൈൽ റോഡിലെ കുടിവെള്ള പൈപ്പുകൾ**

285 (1001) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത മനക്കകടവ്-കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡിലുള്ള കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റുന്ന പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതുമൂലം റോഡ് പണി നിലച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് ചെയ്ത ഫണ്ടിൽ മനക്കകടവ്-പള്ളിക്കര റോഡ്, പട്ടിമറ്റം പത്താംമൈൽ റോഡ്,

കിഴക്കമ്പലം-പട്ടിമറ്റം റോഡ്, പട്ടിമറ്റം-നെല്ലാട് റോഡ് എന്നീ റോഡുകളിൽ പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ മനക്കകടവ്-പള്ളിക്കര റോഡ് ആകെ സ്ഥാപിക്കേണ്ട 4800 മീറ്റർ പൈപ്പിൽ 4560 മീറ്റർ പൈപ്പിട്ട് ചാർജ്ജ് ചെയ്തു. പട്ടിമറ്റം പത്താംമൈൽ റോഡ് - ആകെ സ്ഥാപിക്കേണ്ട 3498 മീറ്റർ പൈപ്പ്‌ലൈനിൽ 2460 മീറ്റർ പൈപ്പിട്ട് ചാർജ്ജ് ചെയ്തു. കിഴക്കമ്പലം-പട്ടിമറ്റം റോഡ് - ആകെ സ്ഥാപിക്കാനുള്ളത് 11700 മീറ്റർ - സ്ഥാപിച്ചിട്ടില്ല. പട്ടിമറ്റം - നെല്ലാട് റോഡ് - ആകെ സ്ഥാപിക്കാനുള്ളത് 14350 മീറ്റർ - സ്ഥാപിച്ചിട്ടില്ല.

പട്ടിമറ്റം-നെല്ലാട്, കിഴക്കമ്പലം-പട്ടിമറ്റം റോഡിലെ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നത് നിർത്തിവയ്ക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. രേഖാമൂലം അറിയിപ്പ് നൽകിയതിനുശേഷം വർക്ക് നിർത്തിവച്ചു.

17-1-2020-ൽ കിഫ്ബി TRC Wing-ൽ നിന്ന് carriage way-യുടെ അലൈൻമെന്റ് ലഭിച്ചുവെന്നും അതനുസരിച്ച് പൈപ്പ് സ്ഥാപിക്കൽ ജോലി തുടരാനും പി.ഡബ്ല്യു.ഡി.-യിൽനിന്നും കത്ത് ലഭിച്ചു. 21-1-2020-ൽ പൈപ്പ് സ്ഥാപിക്കേണ്ട അലൈൻമെന്റ് ലഭിക്കുന്നതിനും സംയുക്ത പരിശോധനയ്ക്കുമായി ജല അതോറിറ്റി പെരുമ്പാവൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി.-ക്ക് കത്ത് നൽകിയതിൻപ്രകാരം അലൈൻമെന്റ് സൈറ്റിൽ സ്ഥാപിക്കുന്നതിനുള്ള സർവ്വേ നടന്നുവരുന്നു.

(ബി) ഉണ്ട്. റോഡ് പണി നിലച്ച വിവരം എഗ്രിമെന്റ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി

286 (1002) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തിലെ സംസ്ഥാന പൊതുബജറ്റിൽ ടോക്കൺ തുക നൽകിയ നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തുള്ള പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് പൈപ്പ് മാറ്റി സ്ഥാപിക്കാൻ വേണ്ടതെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തുള്ള പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാനായി 2019-20 വർഷത്തിലെ സംസ്ഥാന പൊതു ബജറ്റിൽ 140 ലക്ഷം രൂപയ്ക്ക് ടോക്കൺ തുക അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 675 ലക്ഷം രൂപയുള്ള ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

287 (1003) <u>ശ്രീ. ഡി. കെ. മുരളി</u> :

<u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. റ്റി. വി. രാജേഷ്</u> :

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ മികച്ച പരിശീലനം നൽകുന്നതിന് ഈ സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഐ.ടി.ഐ.-കളിൽ നിലവിലുള്ള സിലബസും പഠന രീതിയും കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് ക്യാമ്പസ് പ്ലേസ്മെന്റ് സെല്ലുകൾ വഴി ജോലി ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വകുപ്പിന് കീഴിലുള്ള 12 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചും 2 ഐ.ടി.ഐ.-കളെ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതം ഉപയോഗിച്ചുമാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.

ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിന് 82.48 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം ധനുവച്ചപുരം ഐ.ടി.ഐ.-യിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒമ്പതിടത്ത് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ ചാക്ക, കോഴിക്കോട് എന്നീ സർക്കാർ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് 7.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ഇന്ത്യാ സ്കിൽസ് കേരള 2020 മത്സരങ്ങളിൽ വിജയം കരസ്ഥമാക്കുന്നതും ഐ.ടി.ഐ.-കളിൽ പരിശീലനം നേടിവരുന്നവരുമായ 80 പരിശീലനാർത്ഥികളെ സിംഗപ്പൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2018-ൽ 57 ട്രെയിനികൾക്ക് മേൽ സ്ഥാപനത്തിൽ പരിശീലനം നൽകിയിരുന്നു.

(സി) ഐ.ടി.ഐ.-കളിലെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ്. ആയതുപ്രകാരം സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള ട്രേഡുകളും പഠനരീതിയും നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NFQF) അടിസ്ഥാനത്തിൽ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ പ്ലേസ്മെന്റ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഐ.ടി.ഐ.-കളിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്നവർക്കും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കും ക്യാമ്പസ് ഇന്റർവ്യൂ മുഖേനയും പ്ലേസ്മെന്റ് സെൽ മുഖാന്തിരവും തൊഴിലുകൾ ലഭ്യമാക്കുന്നതിനുള്ള അവസരങ്ങളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8528 ട്രെയിനികൾക്ക് പ്ലേസ്മെന്റ് സെൽ മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്.

## വിശ്വകർമ്മ സമുദായത്തെ അംഗീകരിക്കാൻ നടപടി

288 (1004) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ വിഭാഗമായി അംഗീകരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ വിഭാഗമായി അംഗീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 27-11-2003-ലെ സ.ഉ.(പി)നം. 76/03/എസ്.സി.എസ്.ടി. ഡി.ഡി. പ്രകാരം വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ വിഭാഗമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന പദ്ധതികൾ**

289 (1005) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ശാസ്ത്ര, സാങ്കേതിക ശാസ്ത്ര മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയുടെ അടിസ്ഥാനത്തിൽ ആഗോള തൊഴിൽ കമ്പോളത്തിലും പുതിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യശേഷി യുവജനങ്ങൾ ആർജ്ജിക്കുന്നതിന് സഹായകമായ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ രംഗത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്നതരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. അക്രഡിറ്റേഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ
5. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെ മനസ്സിലാക്കി ടി തൊഴിലുകളിൽ യുവജനങ്ങളെ പ്രാപ്തരാക്കുംവിധത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാന യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ വ്യാവസായിക മേഖലയുടെ ആനുകാലിക ആവശ്യകതയ്ക്കനുസൃതമായി രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശീലന പരിപാടികളാണ് സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ), അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നത്.

ഇതോടൊപ്പം മത്സര പരീക്ഷകളും അഭിമുഖങ്ങളും നേരിടാൻ യുവജനങ്ങളെ പ്രാപ്തരാക്കുംവിധമുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേനയും നടപ്പിലാക്കിവരുന്നു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ അതിവിദഗ്ധ തൊഴിൽ

പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്ന മികവിന്റെ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിച്ചുവരുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്.

കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) സെൻട്രലി സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് (CSSM) ഘടകം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് KASE മുഖേനയാണ്. വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റ് സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിലാളി എന്നിങ്ങനെ വിവിധങ്ങളായ തൊഴിൽ ചെയ്യുന്ന വിദഗ്ധരുടെ സേവനങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും നേരിട്ട് ലഭിക്കാനുതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ KASE വികസിപ്പിച്ചിട്ടുണ്ട്.

**പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് നടപടി**

290 (1006) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര തോട്ടങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത്; അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ടോ; അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) വ്യവസായങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്കും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തോട്ടം വിളകൾക്ക് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് വിവിധതലത്തിൽ ചർച്ചകൾ നടത്തിവരുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് 13 തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. തോട്ടവിളകളുടെ വിലയിടിവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ തോട്ടം ഉടമകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുവരുന്നു. വേതനം, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിൽ ഭീമമായ തുക തൊഴിലാളികൾക്ക് കുടിശ്ശികയായി നൽകുവാനുമുണ്ട്. നികുതി കുടിശ്ശിക, കറണ്ട് ചാർജ്ജ് എന്നീ ഇനങ്ങളിലും തുക നൽകാനുണ്ട്. തൊഴിലുടമകൾക്ക് ബാങ്കുകളിൽനിന്ന് വായ്പ ലഭ്യമാകുന്നില്ല എന്ന പ്രതിസന്ധിയും നിലവിലുണ്ട്.

(സി) തോട്ടം മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികൾ തോട്ടം മേഖലയിൽ വ്യാപിപ്പിക്കുന്നതിനും കുടിവെള്ള പദ്ധതി, ശൗചാലയ പദ്ധതി, മാതൃശിശുസംരക്ഷണ പദ്ധതി തുടങ്ങിയവ തോട്ടം ഉടമകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഇവ കരട് തോട്ടം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഉണ്ട്. കരട് പ്ലാന്റേഷൻ നയത്തിൽ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) തോട്ടം വിളകൾക്ക് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുന്നത് കരട് പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ പദ്ധതികൾ തോട്ടംവിളകൾക്കുംകൂടി നടപ്പാക്കുന്നതും സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മലബാർ കോഫി ബ്രാൻഡഡ് കോഫിയുടെ ചുവടുപിടിച്ച് തേയില ഉൽപ്പാദന സംഭരണ വിതരണ മേഖലകളിൽ ഇടപെടുന്ന കാര്യവും കരട് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണം**

291 (1007) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് വച്ച് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം വീട് നൽകിയെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) തോട്ടം തൊഴിലാളികളുടെ ജീവിതസാഹചര്യം ഏറ്റവും പ്രയാസം നിറഞ്ഞതും അവർക്ക് താമസിക്കുവാൻ നൽകിയിട്ടുള്ള എസ്റ്റേറ്റ് ലയങ്ങൾ പരിതാപകരമായ സ്ഥിതിയിലുള്ളതുമായതിനാൽ ഇവർക്കായി പ്രത്യേക ഭവനപദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ സ്ഥലം ഏറ്റെടുത്ത് ഭൂരഹിതരായ തോട്ടം തൊഴിലാളികളുടെ ഭവനപദ്ധതിക്കായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവനം നിർമ്മിച്ചുനൽകുന്ന പ്രത്യേക ഭവന പദ്ധതി ഇടുക്കി ജില്ലയിലെ മൂന്നാറിൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച 10 വീടുകളിൽ 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരി 12-ന് ഉപഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

## വ്യാപാരി പെൻഷൻ പദ്ധതി

292 (1008) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരി പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വ്യാപാരികൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി എപ്രകാരമാണ് സംസ്ഥാനത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് ഏത് രീതിയിലാണെന്ന് അറിയിക്കാമോ; ജി.എസ്.ടി.-യിൽ ഉള്ളവർക്കും ഇല്ലാത്തവർക്കും പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഗുണം ലഭിക്കുമോ; വിശദവിവരം അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയിട്ടുള്ള ദേശീയ വ്യാപാരി പെൻഷൻ പദ്ധതിയിൽ സംസ്ഥാനത്ത് എൻറോൾമെന്റ് ആരംഭിച്ചിട്ടുണ്ട്. വാർഷിക വിറ്റുവരവ് ഒന്നര കോടിയിൽ കവിയാത്ത ചെറുകിട വ്യാപാരികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കുമായിട്ടുള്ള പ്രസ്തുത പദ്ധതി National Pension Scheme for Traders and Self Employed Persons (NPS Traders)-2019 സെപ്റ്റംബർ 12-ന് ഔപചാരികമായി ആരംഭിച്ചു. ഈ പദ്ധതിയിൽ 18-നും 40-നുമിടയിൽ പ്രായമുള്ളവർക്ക് അംഗമാകാവുന്നതും അംശദായ അടവ് പ്രായപരിധിക്ക് അനുസരിച്ച് 55 മുതൽ 200 രൂപ വരെയുമാണ്.

(ബി) വ്യാപാരി പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി വർക്ക് പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിലേയ്ക്കുള്ള എൻറോൾമെന്റ് ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഇംപ്ലിമെന്റിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസുകൾ മുഖേനയും അസിസ്റ്റന്റ് ലേബർ ഓഫീസുകൾ മുഖേനയും പദ്ധതിയെക്കുറിച്ച് പ്രചരണം നടത്തിവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത് കോമൺ സർവ്വീസ് സെന്ററുകൾ മുഖേനയാണ്. വാർഷിക വിറ്റുവരവ് ഒന്നര കോടിയിൽ കവിയാത്ത ചെറുകിട വ്യാപാരികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

## ഭിന്നശേഷിക്കാർക്കായി പുതുസംരംഭങ്ങൾ

293 (1009) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ഭിന്നശേഷിക്കാർക്ക് പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി തൊഴിൽ വകുപ്പ് കൈവല്യ വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും; എത്ര പേർക്ക് വായ്പ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) 2017-ന് ശേഷം അപേക്ഷിച്ചവർക്ക് വായ്പ അനുവദിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി 2019-20-ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി 'കൈവല്യ' എന്ന പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി (4) സ്വയംതൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികളുണ്ട്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള, 21-നും 55-നും മധ്യേ പ്രായമുള്ളതും കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതുമായ ആളുകൾക്ക് സ്വയംതൊഴിൽ വായ്പ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പയ്ക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപവരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. പ്രോജക്ടിന് ആവശ്യമെങ്കിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തി അയ്യായിരം) രൂപവരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര

അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ് / ഭർത്താവ് ഭാര്യ/മകൻ/ മകൾ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗിക മാകുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

(ബി) ഈ പദ്ധതി പ്രകാരം നാളിതുവരെ 8182 അപേക്ഷകൾ ലഭിച്ചു. അതിൽ 1117 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) കൈവല്യ സ്വയംതൊഴിൽ വായ്പ പദ്ധതിക്കായുള്ള അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവും 2017-ന് ശേഷം അപേക്ഷിച്ചിട്ടുള്ള നിരവധി അപേക്ഷകർക്ക് വായ്പ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 2019-20 സാമ്പത്തിക വർഷം കൈവല്യ പദ്ധതിയുടെ നാല് ഘടക പദ്ധതികൾക്കുംകൂടി 2,10,00,000 (രണ്ട് കോടി പത്തുലക്ഷം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**തോട്ടം മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ**

294 (1010) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പ്രതിസന്ധികൾ നേരിടുന്ന തോട്ടം മേഖലയ്ക്ക് കരുത്ത് നൽകാനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പാക്കുവാനുള്ള സാധ്യതകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. തോട്ടങ്ങളുടെ അടിസ്ഥാന ഘടനയിൽ ഒരു മാറ്റവും വരാത്തവിധം ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം കരട് പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്. ലഭിക്കുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

## തൊഴിൽ നയം

295 (1011) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യ വികസനത്തിന് ഈ നയം ഏത് രീതിയിലാണ് സഹായകരമാകുന്നതെന്ന് വിശദമാക്കാമോ;

(സി) തൊഴിൽ നയത്തിന്റെ പ്രയോജനം ഗ്രാമീണ തൊഴിൽ മേഖലയ്ക്കു കൂടി ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമ ഐശ്വര്യങ്ങളും സാമൂഹിക സുരക്ഷയും ഈ നയം ഉറപ്പാക്കുന്നു. തൊഴിലുടമ തൊഴിലാളി ബന്ധം ഊട്ടിഉറപ്പിച്ച് കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്താനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് അടിസ്ഥാന സൗകര്യ വിപുലീകരണവും ഈ നയത്തിലൂടെ ഉദ്ദേശിക്കുന്നു.

(ബി) ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള തൊഴിൽ നൈപുണ്യ വികസനത്തിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് വഴിയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പുവഴിയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തൊഴിൽ നയം വിഭാവനം ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിനെ (KASE) സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷനായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ തൊഴിൽ മേഖലയ്ക്കുകൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് തൊഴിൽ നയം വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ഉൽപ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ

അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവനകാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നിവയാണ് നയത്തിന്റെ ലക്ഷ്യങ്ങൾ.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളം**

296 (1012) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളാനുകൂല്യങ്ങൾ തുടർച്ചയായി നൽകാതിരിക്കുന്നതിനെതിരെ തൊഴിൽ വകുപ്പ് ഇടപെടൽ നടത്താറുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ ആരോഗ്യപ്രശ്നങ്ങളുള്ള കണ്ടക്ടർമാരുടെ ശമ്പളം ഒന്നരകൊല്ലത്തിലധികമായി നൽകാതിരിക്കുന്നത് തൊഴിൽ നിയമത്തിന്റെ ലംഘനമാണെന്ന് നിയമത്തിലോ/ചട്ടത്തിലോ വ്യവസ്ഥയുണ്ടോ; അല്ലെങ്കിൽ ഈ നടപടി ഏതെങ്കിലും അർത്ഥത്തിൽ നീതിയാണെന്ന് ഈ സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പൂർണ്ണാരോഗ്യവസ്ഥയിലല്ലാത്ത ഇത്തരക്കാർ ജോലി നോക്കിയ പ്രതിമാസ ശമ്പളം, പൂർണ്ണദിവസവും തൊഴിൽ നോക്കുന്നവരുടെ ശമ്പളത്തിനൊപ്പം നൽകുന്നതിന് നിർദ്ദേശം നൽകുന്നതിന് തയ്യാറാകുമോ; എങ്കിൽ എന്നേക്ക് നൽകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് മാനേജ്മെന്റും യൂണിയനുകളും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്ന സമയത്ത് തൊഴിൽ വകുപ്പ് ഇടപെടുകയും മാനേജ്മെന്റ്-യൂണിയനുകൾ എന്നിവരുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം കാണുകയും ചെയ്യാറുണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത തുകകൾ വിതരണം ചെയ്യുന്നതാണ്.

## മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്

297 (1013) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റേണിറ്റി ബെനിഫിറ്റ് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കുന്നതിന് സർക്കാരിന് ഇതിനകം സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിലെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) 51 സ്ത്രീകളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ആറു മാസം മുതൽ ആറ് വയസ്സുവരെ ഉള്ള കുട്ടികളുടെ സംരക്ഷണത്തിനായി ക്രഷ് സംവിധാനം ഒരുക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രാബല്യത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-ലെ പ്രസവാനുകൂല്യ ഭേദഗതി നിയമപ്രകാരം പ്രസവകാല അവധി 12 ആഴ്ച എന്നത് 26 ആഴ്ചയാക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്വകാര്യ/ അൺഎയ്ഡഡ് സ്കൂളുകളിലെ സ്ത്രീ ജീവനക്കാരെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനിൽനിന്നും തൊഴിൽ വകുപ്പിന് നാളിതുവരെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(സി) 2015-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി റൂൾസ് 6(ഡി) പ്രകാരം 20 സ്ത്രീ തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങളിൽ തൊഴിലുടമ ക്രഷ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിൽ 2017-ൽ കേന്ദ്രം കൊണ്ടുവന്ന ഭേദഗതിക്ക് അനുസൃതമായി 1964-ലെ കേരള മെറ്റേണിറ്റി ബെനിഫിറ്റ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

## പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം

298 (1014) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയുടെയും, തൊഴിലാളികളുടെയും ഉന്നമനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡയറക്ടറേറ്റ് രൂപീകരണം കൊണ്ട് തോട്ടം മേഖലയ്ക്ക് ഉണ്ടാകുന്ന പ്രയോജനങ്ങൾ വ്യക്തമാക്കുമോ;

(സി) ഡയറക്ടറേറ്റ് രൂപീകരണം എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൂതന സാങ്കേതികവിദ്യകളിലൂടെയും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടും പ്ലാന്റേഷൻ മേഖലയുടെ ഉൽപ്പാദനക്ഷമതയും ലാഭവും വ്യാപ്തിയും വർദ്ധിപ്പിച്ചാൽ മാത്രമേ പ്ലാന്റേഷൻ മേഖലയ്ക്കും പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കും നിലനിൽപ്പ് സാധ്യമാവുകയുള്ളൂ. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ മേഖലയുടെ പരിപാലനത്തിനായി പ്രത്യേകം പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്. റവന്യൂ, വനം, തൊഴിൽ, വ്യവസായം, തദ്ദേശസ്വയംഭരണം, ധനകാര്യം, നികുതി, വൈദ്യുതി, കൃഷി എന്നീ വകുപ്പുകളുമായുള്ള നിരന്തരമായ ആശയവിനിമയത്തിലൂടെ തോട്ടം മേഖലയുടെ ദൈനംദിന പ്രവർത്തനങ്ങളും ഭാവി പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണംവഴി സാധിക്കും. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതോടുകൂടി ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നതാണ്.

(സി) ഈ സാമ്പത്തിക വർഷംതന്നെ രൂപീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്.

## തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിന് നടപടികൾ

299 (1015) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകുന്നുണ്ടോ;

(സി) പ്രവർത്തനരഹിതമായതോ ഉപേക്ഷിക്കപ്പെട്ടതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്ന വിഷയത്തിൽ സർക്കാർ നടപടികളോട് സഹകരിക്കാത്ത മാനേജ്മെന്റുകൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം

(1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനുവേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(2) കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

(3) തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(4) റീപ്ലാന്റേഷനുവേണ്ടി റബ്ബർമരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(5) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(6) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

(8) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചു.

(9) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

(10) തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(11) പ്ലാന്റേഷൻ മേഖലയുടെ പ്രശ്നപരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപംനൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) പ്ലാന്റേഷൻ കരട് നയത്തിൽ ഇതുസംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. പൂട്ടിയ തോട്ടം ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയ്ക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന മെഡിക്കൽ ക്യാമ്പ് നടത്തിവരുന്നു. കൂടാതെ ചികിത്സാ ധനസഹായവും നൽകിവരുന്നു. വർഷന്തോറും ഓണത്തോടനുബന്ധിച്ച് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിവരുന്നു. 2018-ലെ പ്രളയത്തോടനുബന്ധിച്ച് നൽകിയ 15 കി.ഗ്രാം. സൗജന്യ റേഷൻ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ തൊഴിൽ വകുപ്പ് നടത്തിയ ഗ്രാറ്റുവിറ്റി ക്യാമ്പുകളിൽ പീരുമേട് ടീ കമ്പനിയിൽ 798 തൊഴിലാളികളും ബൊണാമി എസ്റ്റേറ്റിൽ 72 തൊഴിലാളികളും കോട്ടമല എസ്റ്റേറ്റിൽ 312 തൊഴിലാളികളും ഗ്രാറ്റുവിറ്റി ലഭിക്കുവാനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആകെ 1182 ക്ലെയിം അപേക്ഷകളിലായി 11,48,32,032 (പതിനൊന്ന് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മുപ്പത്തിരണ്ട് രൂപ മാത്രം) രൂപയുടെ ക്ലെയിമാണ് സമർപ്പിക്കപ്പെട്ടത്. കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഹിയറിംഗ് നടത്തിവരുന്ന ക്ലെയിം അപേക്ഷകൾ വിചാരണയുടെ അന്തിമ ഘട്ടത്തിലാണ്. ഗ്രാറ്റുവിറ്റി ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിലെ തൊഴിൽ തർക്കങ്ങൾ**

300 (1016) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ തർക്കങ്ങളിൽ പരിഹാരം കാണുന്നതിന് തൊഴിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മുത്തൂറ്റ് ഫൈനാൻസിൽ നിരന്തരമായി നടക്കുന്ന സമരംമൂലം പ്രസ്തുത സ്ഥാപനത്തിന്റെ പല ബ്രാഞ്ചുകളും പൂട്ടുകയും തൊഴിലാളികൾ തൊഴിൽരഹിതരാകുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുത്തൂറ്റ് ഫൈനാൻസിൽ നടക്കുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനും അവിടെ തുടർച്ചയായ സമരങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും അടിയന്തര ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ തർക്കങ്ങളിൽ യൂണിയനുകളുടെ ഡിമാന്റ് സ്വീകരിച്ച് അനുരഞ്ജന ചർച്ചകൾ ക്രമീകരിച്ച് തർക്കം പരിഹരിക്കാൻ ശ്രമം നടത്തിവരുന്നു. സമരം നിലനിൽക്കുന്ന സ്ഥാപനങ്ങളിൽ അടിയന്തര ഇടപെടൽ നടത്തി പ്രശ്നപരിഹാരം കാണുന്നതിന് ശ്രമിക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ ലംഘിച്ച് മാനേജ്മെന്റുകൾ തൊഴിലാളി വിരുദ്ധ നടപടി സ്വീകരിക്കുമ്പോൾ നിയമപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മാനേജ്മെന്റ് നൽകാറുണ്ട്. അനുരഞ്ജന ചർച്ചകളിലൂടെ പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ ലേബർ കോടതി, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ എന്നീ നീതിന്യായ കാര്യാലയങ്ങളിലേയ്ക്ക് അഡ്ജ്യൂഡിക്കേഷന് ശിപാർശ ചെയ്യാറുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം 2020 ജനുവരി 16-ാം തീയതിയിലെ GO(P)No.8/2020/LBR നമ്പരായി (SRO No.44/2020) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മുത്തൂറ്റ് ഫിനാൻസുമായി ബന്ധപ്പെട്ട് നിലവിലുള്ള തൊഴിൽ തർക്കം ഹൈക്കോടതിയുടെ പരിഗണനയിൽ വരികയും ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഹൈക്കോടതിയുടെ മദ്ധ്യസ്ഥന്റെകൂടി സാന്നിധ്യത്തിൽ മാനേജ്മെന്റ് തൊഴിലാളി യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ തർക്ക പരിഹാരത്തിന് ഊർജ്ജിതമായ ശ്രമം നടന്നുവരുന്നു. ഹൈക്കോടതിയുടെ മദ്ധ്യസ്ഥന്റെകൂടി സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനങ്ങളും കരാറും മാനേജ്മെന്റ് ലംഘിക്കുന്ന സാഹചര്യത്തിലാണ് സമരം നീണ്ടുപോകുന്നതിനിടയായിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾക്ക് ഹൈക്കോടതിയുടെ അഭിനന്ദനവും ലഭിക്കുകയുണ്ടായി എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

301 (1017) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തു ജോലിക്കായി കാത്തു നിൽക്കുന്നവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ ദിവസവേതന അടിസ്ഥാനത്തിലും, കരാർ വ്യവസ്ഥയിലും സർക്കാർ-പൊതു മേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് അവസാനിപ്പിക്കാൻ വകുപ്പ് കർശന നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2019 ഡിസംബർ 31 വരെ 1509 (ആയിരത്തി അഞ്ഞൂറ്റി ഒൻപത്) ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) 2019 ഡിസംബറിലെ കണക്കു പ്രകാരം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നവരുടെ എണ്ണം 94020 (തൊണ്ണൂറ്റിനാലായിരത്തി ഇരുപത്) ആണ്.

(സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ളപക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലൊയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/ അർദ്ധസർക്കാർ/ ബോർഡ്/ കമ്പനി/ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

302(1018) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ സൗഹൃദമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും നല്ല തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ മേഖലകളിലെ അനാരോഗ്യപ്രവണതകൾ നിർത്തലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തൊഴിലാളികൾക്ക് സേവന കാലയളവിലും തുടർന്നും ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന്റെ കീഴിൽ കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി)

1. തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ മേഖലകളിലെ അനാരോഗ്യ പ്രവണതകൾ നിർത്തലാക്കുന്നതും ലക്ഷ്യമിട്ട് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചകൾ നടത്തുകയും അതിന് തുടർച്ചയായി വിശദമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

2. Ease of Doing Business-ന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച Kerala Investment Promotion & Facilitaion നിയമം, 2018 പ്രകാരം 1960-ലെ കേരള

ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ സെക്ഷൻ 5 എ-യിൽ ഭേദഗതി വരുത്തി ഷോപ്പ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന അന്ന് തന്നെ രജിസ്ട്രേഷൻ ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ വകുപ്പ് 9-ന് ശേഷം 9 എ എന്ന വ്യവസ്ഥ പുതുതായി ഉൾപ്പെടുത്തുകയും ഇതുപ്രകാരം തൊഴിലുടമയ്ക്ക് തന്റെ സ്ഥാപനത്തിലെ കയറ്റിറക്ക് ജോലികൾ നിർവ്വഹിക്കുന്നതിനായി ടി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ ഉപയോഗിക്കാവുന്നതും എന്നാൽ സ്കിൽ, യന്ത്രസഹായം ആവശ്യമുള്ള ജോലിയാണെങ്കിൽ ആയതിലേക്ക് പ്രാവീണ്യമുള്ള തൊഴിലാളികളെ ഉപയോഗിക്കാവുന്നതുമാണെന്ന വ്യവസ്ഥ കൊണ്ടുവരികയും ചെയ്തു.

3. സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ലൈസൻസ്, രജിസ്ട്രേഷൻ, റിന്യൂവൽ, അമെന്റ്മെന്റ് തുടങ്ങിയ സേവനങ്ങൾ കൂടുതൽ എളുപ്പത്തിലാക്കുന്നതിനുവേണ്ടി, പോർട്ടലിൽ ഓൺലൈൻ പേമെന്റ് സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

4. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

6. തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന-വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ സ്ഥാപന ഉടമകൾക്ക് പ്രോത്സാഹനം നൽകി അംഗീകരിക്കുന്നതിനായി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങൾക്ക് 2017 മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

7. അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

8. കേരളത്തിലാകമാനം നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്നതിനായി സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി പ്രഖ്യാപിച്ചു.

9. കേരളത്തിൽ തൊഴിലിനായി എത്തുന്ന അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളിൽ അധികംപേർക്കും തൊഴിൽ ദാതാവ് താമസസൗകര്യം നൽകാത്തതിനാൽ ഇവർ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കുവാൻ നിർബന്ധിതരാകുന്നത് പകർച്ചവ്യാധികളിലേയ്ക്കും മറ്റ് സാമൂഹിക പ്രശ്നങ്ങളിലേയ്ക്കും നയിക്കുന്നു. തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി വാടകയ്ക്ക് ചെലവ് കുറഞ്ഞ താമസസൗകര്യം ഏർപ്പെടുത്തുന്ന അപ്നാഘർ പദ്ധതി നടപ്പിലാക്കി.

10. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് ആരംഭിച്ച 'ആവാസ്' ഇൻഷ്വറൻസ് പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ഇവർക്കായി ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.

11. തോട്ടം മേഖലകളിലെ തൊഴിൽ സാഹചര്യം, വേതന വ്യവസ്ഥ, നഗര സൗകര്യങ്ങളുടെ കുറവ്, മോശമായ അടിസ്ഥാന സൗകര്യങ്ങൾ മുതലായവ കണക്കിലെടുത്ത് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഭവനസൗകര്യം "ഓൺ യുവർ ഓൺ ഹൗസിംഗ്" ഭവന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

12. തോട്ടം മേഖലയിലെ മിനിമം വേതനം സമയബന്ധിതമായി പുതുക്കുന്നതിന് നടപടി സ്വീകരിച്ചു.

13. വിവിധ മേഖലയിലെ തൊഴിലാളികളുടെ സേവന മികവ് പരിഗണിച്ച് "തൊഴിലാളി ശ്രേഷ്ഠ" അവാർഡ് പ്രഖ്യാപിച്ചു.

14. തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കി.

(സി) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ

ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് - 1961, പേമെന്റ് ഓഫ് ബോണസ് ആക്ട് - 1965, പേമെന്റ് ഓഫ് വേജസ് ആക്ട് - 1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി. കേസ്സുകളും ഫയൽ ചെയ്തുവരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽതലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാനതലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ച് നടപ്പിലാക്കിവരുന്നു. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ഇരിപ്പിടാവകാശം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

(ഡി) ഉണ്ട്. കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**'പന്തൽ-ലൈറ്റ് & സൗണ്ട് തൊഴിലാളികൾക്ക് പെൻഷൻ'**

303(1019) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പന്തൽ-അലങ്കാരം-ലൈറ്റ് & സൗണ്ട് ഉടമസ്ഥർക്ക് നൽകുന്ന പെൻഷൻ പദ്ധതി ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കൂടി നൽകുവാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഈ വിഭാഗം ഉടമകൾക്ക് എത്ര രൂപയാണ് പ്രതിമാസ പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പന്തൽ-അലങ്കാരം-ലൈറ്റ്&സൗണ്ട് മേഖലകളിലെ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി വ്യവസ്ഥകൾ പൂർത്തീകരിക്കുന്ന അംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) ഈ ക്ഷേമനിധി ബോർഡിൽനിന്നും അർഹതയുള്ളവർക്ക് 1200 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകിവരുന്നത്.

**വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം**

304(1020) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ.സജി ചെറിയാൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി വ്യാപാര-വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള സ്ഥാപനങ്ങളിലാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) എന്തെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിലെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളി തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തി തൊഴിലാളികളുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനുമായി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് പുറമേ താഴെ പറയുന്ന പദ്ധതികൾകൂടി നടപ്പാക്കിവരുന്നു. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം

തൊഴിലുടമകൾക്ക് തൊഴിൽ വകുപ്പിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. (രജിസ്ട്രേഷൻ, ലൈസൻസ്, റിന്യൂവൽ, അമെന്റ്മെന്റ് തുടങ്ങിയവ ഉൾപ്പെടെ) സർട്ടിഫിക്കറ്റുകൾ തൊഴിലുടമകൾക്ക് ഓൺലൈനായി പ്രിന്റ് ചെയ്തെടുക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിലുടമകൾക്ക് വേതനവിതരണം നടത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ഇരുപതോ അതിലേറെയോ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങളുടെ പരിപാലനമുൾപ്പെടെയുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തി സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജത എന്നിങ്ങനെ എക്സലൻസ് അവാർഡുകൾ 2017 മുതൽ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഹോസ്പിറ്റലുകൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഐ.ടി.സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, നിർമ്മാണ മേഖല, കടകളും വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിലാണ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) മികച്ച തൊഴിൽദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തുന്നത്.

## ഇതര സംസ്ഥാനത്തൊഴിലാളി ക്ഷേമപദ്ധതികൾ

305(1021) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനത്തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരത്തും എറണാകുളത്തും മറ്റും അവർക്കായി അപ്നാ ഘർ എന്ന പേരിൽ ഹോസ്റ്റൽ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) അവരുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ച ആവാസ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകാമോ;

(ഡി) ഈ പദ്ധതിയിൽ ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് മുപ്പത് ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നിരിക്കേ, വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതരസംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ ശുചിത്വനിലവാരം പരിതാപകരമായത് സാംക്രമികരോഗങ്ങൾ പടരുന്നതിന് സാഹചര്യമൊരുക്കുമെന്നതിനാൽ ഇത്തരം സ്ഥലങ്ങളിൽ നിരന്തരപരിശോധന നടത്തുന്നതിനും ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ്, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ." പ്രസ്തുത പദ്ധതിയിലൂടെ ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് "അപ്നാഘർ." നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി 620 ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നു. ഈ പദ്ധതി എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്ത് സ്കീം നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

(സി&ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ചികിത്സയും ജോലിക്കിടെ സംഭവിക്കുന്ന അപകടത്തെത്തുടർന്ന് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപയുടെ ധനസഹായവും ലഭിക്കുന്നു. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടംമൂലം ഉണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ 31-1-2020 വരെ 505663 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻറോൾമെന്റ് നടപടികൾ എല്ലാ ജില്ലകളിലും തുടർന്നുവരികയാണ്.

(ഇ) സംസ്ഥാനത്ത് മുപ്പത് ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്ന കണക്ക് വസ്തുതാപരമല്ല. ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്ന് ജോലി ചെയ്യുകയും തിരികെ പോകുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ തൊഴിലാളികളിൽ എല്ലാവരുംതന്നെ സ്ഥിരമായി കേരളത്തിൽ താമസിച്ച് ജോലി ചെയ്യുന്നതായി കാണുന്നില്ല. ഒരു ഇതര സംസ്ഥാന തൊഴിലാളിയെയും നിർബന്ധപൂർവ്വം ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് കഴിയുകയില്ല. പദ്ധതി പ്രചരണം നൽകുകയും പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള സൗകര്യം ഈ വകുപ്പിൽ നിന്നും ഒരുക്കിക്കൊടുക്കുകയും മുഴുവൻ തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുമുള്ള നടപടികളാണ് തൊഴിൽ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നത്. ആവാസ് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള എൻറോൾമെന്റ് ക്യാമ്പുകൾ നടന്നുവരുന്നുണ്ട്. കൂടാതെ 'ശ്രമിക് ബന്ധു' എന്ന പേരിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകളിലും ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

(എഫ്) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തുകയും സാംക്രമിക രോഗങ്ങൾ പടരുന്നത് തടയുന്നതിനും വ്യക്തി ശുചിത്വം പാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് നിരന്തരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

306(1022) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ മേഖലയിൽ അഞ്ച് ലക്ഷത്തിലധികം വരുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ തൊഴിൽ ചെയ്യുന്നവർ/ മാഫിയാപ്രവർത്തനമുള്ളവർ/ലഹരി കച്ചവടമുൾപ്പെടെ അനാശാസ്യ പ്രവർത്തന പങ്കാളികളായവർ തുടങ്ങിയവരുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളിൽ തൊഴിൽ സംസ്കാരം വളർത്തിയെടുത്ത് കുറ്റവാസനയും അനാശാസ്യ പ്രവർത്തനങ്ങളും തടയുവാനും കുറ്റക്കാരായി കണ്ടെത്തുന്നവരെ സംസ്ഥാനത്തു നിന്നും ഒഴിവാക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ആനുകൂല്യങ്ങൾ ലഭിക്കാനായി അവർ സ്വീകരിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ സർക്കാർ കാലയളവിൽ എത്രപേർ പ്രസ്തുത പദ്ധതികളുടെ ഭാഗമായി; ഇവരിൽ 60 വയസ്സിനുമുകളിലുള്ള എത്ര പേരുണ്ട്; അവർക്ക് എന്തു സഹായം നൽകിവരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഇവരിൽ നിന്ന് എത്ര കുറ്റവാളികളെ കണ്ടെത്തിയെന്നറിയിക്കാമോ; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരിലെ കുറ്റക്കാരെ നിരീക്ഷിക്കാനും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നവരെ ഒഴിവാക്കാനും വേണ്ടി സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും ഐഡന്റിറ്റി കാർഡ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(എഫ്) എറണാകുളം ജില്ലയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്നും ഇവരിൽ എത്രപേർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആയത് സർക്കാർ നിരീക്ഷിക്കുന്നുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടത്തിവരുന്ന ബോധവത്കരണ പരിപാടികളിൽ ലഹരി ഉല്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നു. കുറ്റക്കാർക്കെതിരെ നിയമപ്രകാരം നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ്, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും ആശ്രിതർക്ക് 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടംമൂലംഉണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും വ്യവസ്ഥ ചെയ്യുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് "അപ്നാഘർ" പദ്ധതി. ടി പദ്ധതി വഴി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. പാലക്കാട് അപ്നാഘർ പദ്ധതിയിൽ നിലവിൽ 620 പേർ താമസിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ അപ്നാഘർ ഹോസ്റ്റലിന്റെ സൗകര്യങ്ങൾ 1372 ഇതര സംസ്ഥാന തൊഴിലാളികൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്രാ സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച്

ബോധവൽക്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

കേരള അന്തർ സംസ്ഥാന കുടിയേറ്റ ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. പദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ആകെ 2516 അംഗങ്ങളാണ് അംഗത്വമെടുത്തിരിക്കുന്നത്. ടി പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് അംഗത്വം അവസാനിപ്പിച്ച് ടെർമിനൽ ബെനിഫിറ്റ് അനുവദിക്കുന്നതാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള അംഗങ്ങളുടെ വിവരം സൂക്ഷിക്കുന്നില്ല.

(ഡി) കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായും അവരുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ "ആവാസ്" ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 31-1-2020 വരെ പ്രസ്തുത പദ്ധതിയിൻകീഴിൽ 505663 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് തിരിച്ചറിയൽ കാർഡ് നല്കിവരുന്നു. നിർബന്ധിത രജിസ്ട്രേഷൻ നടത്തുവാൻ നിയമാനുസൃതം സാധിക്കില്ല.

(എഫ്) എറണാകുളം ജില്ലയിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 31-1-2020 തീയതി വരെ 110509 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ എത്രപേർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ലഭ്യമല്ല.

## ഇതരസംസ്ഥാനത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

307(1023) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിചെയ്തുവരുന്ന ഇതരസംസ്ഥാന ത്തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ/സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്തുവച്ച് മരണപ്പെടുന്ന ഇതരസംസ്ഥാന ത്തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തികസഹായമോ വാഹനസൗകര്യമോ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതരസംസ്ഥാനത്തൊഴിലാളികൾ പ്രതികളാകുന്ന കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവർക്കിടയിൽ സർക്കാർ നടത്തിവരുന്ന ബോധവത്കരണപരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജോലിചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ് പദ്ധതി, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും ആശ്രിതർക്ക് 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടംമൂലം ഉണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും വ്യവസ്ഥ ചെയ്യുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ." ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള

ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്രാ സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തുവച്ച് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം കേരള സംസ്ഥാനത്തിനകത്ത് വച്ച് മരണം സംഭവിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ് അത് നൽകിവരുന്നുണ്ട്. ഈ തുകയുടെ സത്വര വിതരണത്തിനായി എല്ലാ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയ്ക്ക് അഞ്ച് ലക്ഷം രൂപയും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾക്ക് നാല് ലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾക്ക് മൂന്ന് ലക്ഷം രൂപ വീതവും ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾക്ക് രണ്ട് ലക്ഷം രൂപയുമാണ് നിലവിൽ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുള്ളത്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടത്തിവരുന്ന ബോധവത്കരണ പരിപാടികളിൽ ആരോഗ്യം, ശുചിത്വം എന്നിവ പാലിക്കുന്നത് സംബന്ധിച്ചും ലഹരി ഉത്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

## വേജ് കോഡ് ആക്ട്

308(1024) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വേജ് കോഡ് ബിൽ സംസ്ഥാനത്തെ തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിലെ ചില വകുപ്പുകൾമൂലം തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നേരിടുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത നിയമപ്രകാരമുള്ള കരടുചട്ടങ്ങൾ പരിശോധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. പുതിയ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ ചില വ്യവസ്ഥകളിൽ കാതലായ മാറ്റം/വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട്, ബാധകത്വം ഇരുപതിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് മാത്രമായി ചുരുങ്ങും എന്നതാണ്. നിലവിൽ ഉണ്ടായിരുന്ന നിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ആയതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. സംസ്ഥാനത്ത് ഈ അധികാരം ഉപയോഗിച്ച് ടി നിയമം നിലവിൽ 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സംസ്ഥാനങ്ങൾക്ക് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് അധികാരം നൽകിയിട്ടില്ല.

പുതിയ നിയമത്തിന്റെ രൂപീകരണം സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ ഘടനയിലും പ്രവർത്തനത്തിലും കാര്യമായ വ്യത്യാസം അനിവാര്യമാക്കി തീർത്തിട്ടുണ്ട്. പുതിയ നിയമ പ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ചുമതലകൂടി ടി നിയമപ്രകാരം രൂപീകരിക്കുന്ന ഉപദേശക സമിതിയുടെ ചുമതലയാണ്. ഉപദേശക സമിതിയിലും കമ്മിറ്റികളിലും മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ടി നിയമം നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ തൊഴിൽ നിയമ ലംഘനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴ ശിക്ഷ

പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ച് ഇളവുകൾ നൽകി തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് അധികാരം സംബന്ധിച്ചും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഇൻസ്പെക്ടർമാർക്ക് ഫെസിലിറ്റേറ്റർ എന്ന രീതിയിലുള്ള ചുമതല കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശിക്ഷകളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കൂടുതൽ എണ്ണം ഇല്ലാത്ത തൊഴിലാളികളെ സംബന്ധിക്കുന്ന രേഖകൾ തൊഴിലുടമ സൂക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള ക്ലെയിം കേസ്സുകളിൽ തുക തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട് എന്ന് തെളിയിക്കാനുള്ള ബാദ്ധ്യത തൊഴിലുടമയ്ക്കാണ്.

(ബി) 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസ്സാക്കുകയും പ്രസ്തുത നിയമത്തിന്റെ കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2019-ലെ വേജ് കോഡ് (കരട്) ചട്ടങ്ങളിന്മേലുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ വേതന വർദ്ധനവ്

309(1025) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതന വർദ്ധനവ് വരുത്തണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) എന്നുമുതലാണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നത്; കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർദ്ധനവിന്റെ ഗുണം എത്ര തൊഴിലാളികൾക്ക് ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 13-12-2019-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 2020 ജനുവരി 23-ലെ ഇ 1/5/2020/ തൊഴിൽ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 52 രൂപയുടെ വർദ്ധനവാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) തോട്ടം മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനമാണ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഉത്തരവ് പ്രാബല്യത്തിൽ വരികയുള്ളൂ. പ്രാഥമിക വിജ്ഞാപനപ്രകാരം വേതന വർദ്ധനവിന് 1-1-2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും കുടിശ്ശിക തുക 31-3-2020-ാം തീയതിക്ക് മുമ്പായി തോട്ടം ഉടമകൾ തൊഴിലാളികൾക്ക് വിതരണം ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് തോട്ടം മേഖലയിൽ ആകെ 57562 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ വർദ്ധനവിന്റെ ഗുണം പ്രസ്തുത തൊഴിലാളികൾക്കെല്ലാം ലഭിക്കുന്നതാണ്.

## സ്വകാര്യ തൊഴിൽ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാൻ നടപടി

310(1026) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായും അവ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായും ഇപ്രകാരമുള്ള വേതന വിവരങ്ങൾ തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഇപ്രകാരം അപ്‌ലോഡ് ചെയ്ത വിവരങ്ങൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിലവിൽ വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അറിയിക്കുമോ; നിലവിൽ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഇപ്രകാരം വിവരങ്ങൾ നൽകിയിട്ടുണ്ട്?

## ഉത്തരം

(എ) സ്വകാര്യ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായും അവ കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായും തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സ്ഥാപന ഉടമകൾ തങ്ങളുടെ തൊഴിലാളികളുടെ വേതന വിവരങ്ങൾ മിനിമം വേതന (ഭേദഗതി)ചട്ടപ്രകാരമുള്ള ഫോറം-14 മുഖേന ടി പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്ത് ബാങ്കുകൾ മുഖേന തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. തൊഴിലുടമകളുടെ സൗകര്യാർത്ഥം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 23 പ്രമുഖ ബാങ്കുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പോർട്ടലിലൂടെ വേതന വിതരണം നടത്തുന്നതിനുവേണ്ട പരിശീലനങ്ങൾ ലേബർ കമ്മീഷണറേറ്റിലെ ഐ.റ്റി. സെൽ മുഖേനയും സംസ്ഥാനത്തെ സബ് ഓഫീസുകൾ മുഖേനയും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും തൊഴിലുടമകൾക്കും നൽകിവരുന്നുണ്ട്. ടി പദ്ധതി സംബന്ധിച്ച സംശയങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ട പരിശീലനം ലേബർ കമ്മീഷണറേറ്റിലെ കോൾസെന്റർ ഏജന്റുമാർക്ക് നൽകുകയും സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്ത കെൽട്രോണിൽ നിന്നും ഒരു ജീവനക്കാരന്റെ സേവനം ലേബർ കമ്മീഷണറേറ്റിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) തൊഴിലുടമകൾ അപ്‌ലോഡ് ചെയ്യുന്ന വേതനം സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം അതാത് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും സ്ഥാപനം മിനിമം വേതനത്തിൽ കുറവ് വേതനം ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച നോട്ടിഫിക്കേഷൻ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്‌മെന്റ്), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്‌മെന്റ്) തുടങ്ങിയ മേലധികാരികൾക്കും ലഭ്യമാകുന്നതിനുള്ള സംവിധാനവും പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി, നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ വേതന സുരക്ഷാ പദ്ധതിയിലൂടെ 9379 സ്ഥാപനങ്ങൾ വേതനവിതരണം നടത്തിവരുന്നുണ്ട്.

## ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ മിനിമം വേതനം

311(1027) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തിക്കൊണ്ട് വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചത്;

(ബി) പ്രസ്തുത വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപ്പാക്കാത്തതിന്റെ സാഹചര്യം പരിശോധിച്ച് ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 16-1-2020-ലെ സ.ഉ.(അച്ചടി) നമ്പർ.8/2020/തൊഴിൽ നമ്പരായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന് 20-1-2020 മുതൽ പ്രാബല്യമുള്ളതാകുന്നു. സ്ഥാപന പരിശോധന വേളകളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ടി വിജ്ഞാപനപ്രകാരമുള്ള മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് പ്രസ്തുത വേതനം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതും, തുടർന്നും വേതനം നൽകുന്നില്ലെങ്കിൽ കുടിശ്ശിക ഈടാക്കി നൽകുന്നതിന് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

**സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനം**

312(1028) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യപണമിടപാടുസ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഈ വർഷം പരിശോധന നടത്തിയിരുന്നോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ നിയമലംഘനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വേതനസുരക്ഷാപദ്ധതി പ്രകാരമാണ് ജീവനക്കാർക്ക് വേതനം വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2020-ൽ നാളിതുവരെ 382 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് -1960, മിനിമം വേജസ് ആക്ട്-1948, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്-1958, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് - 1961, പേമെന്റ് ഓഫ് വേജസ് ആക്ട് - 1936 കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് തുടങ്ങിയ നിയമങ്ങളുടെ വിവിധ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധനാ വേളകളിൽ വേതന സുരക്ഷാപദ്ധതി പ്രകാരം ജീവനക്കാർക്ക് വേതനം നൽകുന്നതിന് പരിശോധന കുറിപ്പ് നൽകാറുണ്ട്. കൂടാതെ വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിൽ ഓരോ മാസവും ഏതൊക്കെ സ്ഥാപനങ്ങൾ പുതിയതായി രജിസ്ട്രേഷൻ എടുത്തുവെന്ന് പരിശോധിക്കാറുണ്ട്. പരിശോധനാ വേളയിലും അല്ലാതെയും തൊഴിലുടമകൾക്ക് വേതന സുരക്ഷാ പദ്ധതിയിൽ ചേരുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്.

## കോന്നി മണ്ഡലത്തിലെ പ്ലാന്റേഷൻ തൊഴിലാളികളുടെ താമസസൗകര്യം

313(1029) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ വിവിധ പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി പാർപ്പിട സമുച്ചയം നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തൊഴിലാളികളെ പ്രത്യേകമായി പരിഗണിച്ച് പാർപ്പിട സമുച്ചയം നിർമ്മിച്ച് നൽകാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തോട്ടം തൊഴിലാളികൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്നതിന് തോട്ടം ഉടമകൾ സ്ഥലം വിട്ട് നൽകണമെന്ന പൊതുവായ നിർദ്ദേശം സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ട്. ഭവനം ഫൗണ്ടേഷൻ കേരള മുഖേനയാണ് നിലവിൽ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പദ്ധതി നടപ്പിലാക്കിവരുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് കോന്നി മണ്ഡലത്തിലെ വിവിധ പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ

314(1030) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2020-21 അധ്യയന വർഷം ഏതെല്ലാം ഐ.ടി.ഐ. കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഏതെല്ലാം കോഴ്സുകളാണ് പുതിയ അധ്യയന വർഷം ആരംഭിക്കാൻ പോകുന്നതെന്നും പഴയ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കുന്നുവെന്നും വിശദമാക്കാമോ;

(ഡി) ഐ.ടി.ഐ.-കളിൽ നിന്നും തൊഴിൽ പരിശീലനത്തിനായി ഏതെല്ലാം വിദേശരാജ്യങ്ങളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യാവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐ.ടി.ഐ.-കളിലെ കോഴ്സ് റീ-വാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പു തലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ Skill Strengthening for Industrial Value Enhancement (STRIVE) മുഖേന തെരഞ്ഞെടുക്കപ്പെട്ട 17 സർക്കാർ ഐ.ടി.ഐ.-കളിലും 2 പ്രൈവറ്റ് ഐ.ടി.ഐ.-കളിലും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മലയിൻകീഴ്, മടിക്കൈ, ചാലക്കുടി എന്നീ സർക്കാർ ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(സി) തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐ.ടി.ഐ.-കളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇന്ത്യാ സ്കിൽസ് കേരള 2020 മത്സരങ്ങളിൽ വിജയം കരസ്ഥമാക്കുന്നതും ഐ.ടി.ഐ.-കളിൽ പരിശീലനം നേടി വരുന്നതുമായ 80 വിദ്യാർത്ഥികളെ സിംഗപ്പൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ പരിശീലനത്തിനയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി.ഐ.-കളിലെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി**

315(1031) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എം. വിൻസെന്റ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഐ.ടി.ഐ.-കളുടെ പ്രവർത്തന മികവ്, വിജയ ശതമാനം, ശുചിത്വം, അടിസ്ഥാന സൗകര്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവയ്ക്ക് ഗ്രേഡിംഗ് നൽകിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ കീഴിലുള്ള എത്ര ഐ.ടി.ഐ.-കൾക്ക് ഉയർന്ന ഗ്രേഡിംഗ് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രത്യേക പരിശീലനത്തിനായി വിദേശത്ത് അയയ്ക്കുന്ന പദ്ധതി പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2019-ൽ എത്ര വിദ്യാർത്ഥികളെ പരിശീലനത്തിനായി അയച്ചുവെന്നും ഏതൊക്കെ രാജ്യങ്ങളിലെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ സാധ്യതയും വ്യാവസായിക ആവശ്യകതയും കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും വ്യാവസായിക ആവശ്യകത ഏറിയതുമായ ട്രേഡുകൾ ഐ.ടി.ഐ.-കളിലെ കോഴ്സ് റീ-വാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പു തലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ Skill Strengthening for Industrial Value Enhancement (STRIVE) മുഖേന തെരഞ്ഞെടുക്കപ്പെട്ട 17 സർക്കാർ ഐ.ടി.ഐ.-കളിലും 2 പ്രൈവറ്റ് ഐ.ടി.ഐ.-കളിലും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നടത്തിയ ഗ്രേഡിംഗിൽ 26 സർക്കാർ ഐ.ടി.ഐ.-കൾ ഉയർന്ന ഗ്രേഡിംഗ് നേടിയിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പ് നടത്തിയ ഗ്രേഡിംഗിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് അവാർഡ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇന്ത്യ സ്കിൽസ് കേരള 2018 മത്സരങ്ങളിൽ വിജയം കരസ്ഥമാക്കിയ 57 ഐ.ടി.ഐ. പരിശീലനാർത്ഥികളെ സിംഗപ്പൂരിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിൽ പരിശീലനത്തിനയച്ചിട്ടുണ്ട്.

### കായംകുളം ഗവൺമെന്റ് ഐ.ടി.ഐ.

316(1032) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് പ്രവർത്തിക്കുന്ന ഗവണ്മെന്റ് ഐ.റ്റി.ഐ.-യ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

കായംകുളം നഗരസഭ പരിധിയിൽ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുവേണ്ടി കായംകുളം വില്ലേജിൽ റീ സർവ്വേ നമ്പർ 113/26, 26-2, 139/48, 49 ഉൾപ്പെട്ട സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുക്കുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ പരിഷ്കരിച്ച ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി റിക്വിസിഷൻ ഫോം, അലൈൻമെന്റ് സ്കെച്ച് എന്നിവ തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ട മാതൃകയിൽ കായംകുളം മുനിസിപ്പാലിറ്റിയിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്.

### ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് അന്താരാഷ്ട്ര നിലവാരം

317(1033) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി തെരെഞ്ഞെടുത്തുവെങ്കിലും ഇതിനായുള്ള നിർമ്മാണ നടപടികൾ നാളിതുവരെ ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി ഗവ. ഐ.ടി.ഐ-യെ കിഫ്ബിയുടെ സഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക്ചറൽ ഡ്രോയിംഗിന്റെ സൂക്ഷ്മ പരിശോധന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കൊയിലാണ്ടി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ

318(1034) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ ട്രേഡുകൾ അനുവദിക്കുന്നത് സംബന്ധിച്ച കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ഐ.ടി.ഐ.-യിലെ ക്ലറിക്കൽ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ രണ്ട് ക്ലാർക്ക് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഈ രണ്ട് തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇത് കൂടാതെ രണ്ട് ജീവനക്കാരെ കൂടി പ്രസ്തുത ഐ.ടി.ഐ.-യിൽ സൂപ്പർന്യൂമററി തസ്തികയിലും ക്ലാർക്കുമാരായി നിയമിച്ചിട്ടുണ്ട്.

## മൂവാറ്റുപുഴ ആരക്കുഴ ഗവൺമെന്റ് ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

319(1035) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആരക്കുഴ ഗവൺമെന്റ് ഐ.റ്റി.ഐ.-ൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം എന്താണെന്നും, ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആരക്കുഴ ഐ.റ്റി.ഐ.-യുടെ ഒന്നാം ഘട്ട കെട്ടിട നിർമ്മാണത്തിന് 316 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അധിക തുക ആവശ്യമായതിനാൽ പുതുക്കിയ ഭരണാനുമതി നല്കുന്നതിന് സമർപ്പിച്ച ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുകയാണ്. ഇക്കാര്യത്തിൽ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. രണ്ടാം ഘട്ടമായ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിവരുന്നു. മൂന്നാം ഘട്ട കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നല്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ടി നിർമ്മാണം മാർച്ച് മാസത്തോടെ ആരംഭിക്കുവാൻ സാധിക്കും എന്ന് പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചിട്ടുണ്ട്.

**സർക്കാർ വന്നതിനുശേഷം ആരംഭിച്ച ഐ.ടി.ഐ.-കൾ**

320(1036) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം ആരംഭിച്ച ഐ.ടി.ഐ.കൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തത്വത്തിൽ അംഗീകാരം നൽകിയ മലപ്പുറം ജില്ലയിലെ വാഴക്കാട് ഐ.ടി.ഐ. ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വാഴക്കാട് ഐ.ടി.ഐ.-ക്ക് വേണ്ടി വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭൂമി വിട്ടുനൽകാൻ സമ്മതം അറിയിച്ചിട്ടും ഇവിടെ ഐ.ടി.ഐ. ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ വന്നതിനുശേഷം വാമനപുരം, പെരുമാട്ടി, പേരാമ്പ്ര, പടിയൂർ, പിണറായി, കൊട്ടാരക്കര, കോടോംബേളൂർ, ചാത്തമംഗലം, ചടയമംഗലം, വർക്കല, മയ്യനാട്, കുറ്റിക്കോൽ, ചിത്തിരപുരം, പീലിക്കോട്, പന്ന്യന്നൂർ, വെള്ളമുണ്ട, ഉറവൂർ എന്നീ 17 ഐ.ടി.ഐ.-കൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നുവെങ്കിലും ട്രേഡ്, തസ്തിക എന്നിവ അനുവദിച്ചിരുന്നില്ല. വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലാണ്.

## ചെങ്ങന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-യിൽ സ്ഥാപിക്കുന്ന നവോത്ഥാന നായകന്മാരുടെ പേരിലുള്ള സമുച്ചയം

321(1037) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-യിൽ സ്ഥാപിക്കുന്നതിന് പ്രാഥമികമായ അനുവാദം ലഭിച്ച നവോത്ഥാന നായകന്മാരുടെ പേരിലുള്ള സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും ഇത് സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ ട്രെയിനിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധം I ആയും സാംസ്കാരിക വകുപ്പിന് നൽകിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധം II ആയും ചേർത്തിട്ടുണ്ട്*.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ.

322(1038) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ പ്രവൃത്തിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഏത് ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ ഐ.ടി.ഐ സ്ഥാപിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതകൾ പരിശോധിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവിടെ എത്രയും വേഗം ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയത്തിൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## പട്ടാമ്പി താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് നടപടി

323(1039) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിലെ ഏഴോളം പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും അതോടൊപ്പം തൃത്താല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുമുള്ള തൊഴിൽ അന്വേഷകർക്ക് ദൂരെയുള്ള ഷൊർണ്ണൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ആശ്രയിക്കേണ്ടിവരുന്ന എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ അന്വേഷകരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

324(1040) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് ജില്ലതിരിച്ചുവ്യക്തമാക്കാമോ;

(സി) ഏതുവർഷം വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ഇപ്രകാരം തൊഴിൽ നൽകിയതെന്ന് ജില്ലതിരിച്ചുവ്യക്തമാക്കാമോ;

(ഡി) സർക്കാർ വകുപ്പുകളിലും സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും കരാറടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം (12/2019) വരെ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | തൊഴിൽ രഹിതർ |
|---|---|
| തിരുവനന്തപുരം | 542037 |
| കൊല്ലം | 380685 |
| ആലപ്പുഴ | 297607 |
| പത്തനംതിട്ട | 127592 |
| കോട്ടയം | 210819 |
| ഇടുക്കി | 105375 |
| എറണാകുളം | 335218 |
| തൃശ്ശൂർ | 270177 |
| പാലക്കാട് | 242716 |
| മലപ്പുറം | 263485 |
| കോഴിക്കോട് | 361650 |
| വയനാട് | 94020 |
| കണ്ണൂർ | 199077 |
| കാസർഗോഡ് | 91327 |
| ആകെ | 3521785 (മുപ്പത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എഴുന്നൂറ്റി എൺപത്തിയഞ്ച്) |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ (5/2016 മുതൽ 12/2019 വരെ)വഴി 42685 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇത് ജില്ല തിരിച്ച് ചുവടെ കൊടുക്കുന്നു:

| ജില്ല | നിയമന വിവരം |
|---|---|
| തിരുവനന്തപുരം | 5652 |
| കൊല്ലം | 2728 |
| ആലപ്പുഴ | 3889 |
| പത്തനംതിട്ട | 1602 |
| കോട്ടയം | 2564 |
| ഇടുക്കി | 1346 |
| എറണാകുളം | 6570 |
| തൃശ്ശൂർ | 3124 |
| പാലക്കാട് | 2654 |
| മലപ്പുറം | 2693 |
| കോഴിക്കോട് | 4408 |
| വയനാട് | 1509 |
| കണ്ണൂർ | 2246 |
| കാസർഗോഡ് | 1700 |
| ആകെ | 42685 (നാല്പത്തി രണ്ടായിരത്തി അറുന്നൂറ്റി എൺപത്തിഅഞ്ച്) |

(സി) സംസ്ഥാനത്തെ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും വിവിധ തസ്തികകളിലായി വിവിധ സംവരണ വിഭാഗങ്ങൾക്ക് വ്യത്യസ്ത സീനിയോറിറ്റിയുള്ളവർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) സർക്കാർ വകുപ്പുകളിലും സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് എന്ന് വിവിധ ഉത്തരവുകളിലൂടെ എല്ലാ വകുപ്പുകൾക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും, ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ള പക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രജോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി 10-7-2019-ലെ കേരള ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിലെ No.PLGEA-BPE3/2/2017/PLGEA നമ്പർ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന Kerala Regulation of Recruitment in State Government Establishment Through Employment Exchanges Act 2016 ഡ്രാഫ്റ്റ് ബില്ലിൽ ഇത് സംബന്ധിച്ച് കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമമാകുമ്പോൾ ഇതിനുള്ള ശാശ്വത പരിഹാരമുണ്ടാകും.

**ക്ഷേമനിധി ബോർഡുകളിലെ പി.എസ്.സി. നിയമനം**

325(1041) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ പലതിലും നിലവിൽ പി.എസ്.സി. വഴിയല്ല നിയമനം നടത്തുന്നത് എന്നത് വസ്തുതയാണോ;

(ബി) നിലവിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളിലെ നിയമനമാണ് പി.എസ്.സി.-ക്ക് വിടാത്തത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി. വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ 4 എണ്ണം ഒഴികെയുള്ള 12 ക്ഷേമനിധി ബോർഡുകളിലും നിലവിൽ പി.എസ്.സി. മുഖേനയല്ല നിയമനം നടത്തുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി&ഡി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകൾ ഒഴികെ മറ്റെല്ലാ ബോർഡുകളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ച് സ്ഥിരം നിയമനം നടത്തിയാൽ ഭരണച്ചെലവ് അധികരിക്കുകയും ബോർഡിനു നിലനിൽക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യും. അത്തരം ബോർഡുകളിൽ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾ രൂപീകരിച്ച് നിയമനം പി.എസ്.സി. വഴിയാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാദമി**

326(1042) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത അക്കാദമിയുടെ തുടർ പ്രവർത്തനങ്ങൾ വേഗത്തിലാക്കി അക്കാദമിയുടെ നിർമ്മാണോദ്ഘാടനം നടത്തുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് ചികിത്സ

327(1043) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ റഫറൻസ് ലെറ്റർ ഒറ്റത്തവണയേ പരിഗണിക്കാവൂ എന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്ന പാവപ്പെട്ട കാൻസർ രോഗികൾക്ക് മലബാർ ക്യാൻസർ സെന്ററിൽ നിന്നും ചികിത്സ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ റഫറൻസ് ലെറ്റർ ഒറ്റത്തവണയേ പരിഗണിക്കാവൂ എന്ന നിബന്ധന ഇ.എസ്.ഐ. കോർപ്പറേഷൻ പുറപ്പെടുവിച്ചിട്ടില്ല. മലബാർ ക്യാൻസർ സെന്ററിൽ ഒരു റഫറൻസ് ലെറ്റർ ഉപയോഗിച്ച് ഒരു കീമോ സൈക്കിൾ പ്രകാരമുള്ള മുഴുവൻ കീമോ ഇഞ്ചക്ഷനുകളും ലഭിക്കേണ്ടതാണ്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ, മലബാർ ക്യാൻസർ സെന്ററുമായുള്ള എംപാനൽമെന്റ് 8-4-2020 വരെ പുതുക്കി നൽകിയിട്ടുണ്ട്.

## വ്യാജ സിഗരറ്റ് വിൽപ്പന

328(1044) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ സിഗരറ്റുകൾ വിൽക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവാക്കളെയും വിദ്യാർത്ഥികളെയും ഉന്നംവച്ച് വിവിധ രുചിയിലും മണത്തിലും വിപണിയിൽ എത്തുന്ന ഇത്തരം സിഗരറ്റുകളിൽ കൂടിയ അളവിൽ ലഹരിവസ്തുക്കൾ ചേർത്തിട്ടുള്ളതിനാൽ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം വ്യാജ സിഗരറ്റുകൾ കണ്ടുപിടിച്ച് നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമാനുസൃത ആരോഗ്യ മുന്നറിയിപ്പോ ചിത്രങ്ങളോ ആലേഖനം ചെയ്തിട്ടില്ലാത്ത വ്യാജസിഗരറ്റുകൾ കണ്ടെത്തി കോട്പ ആക്റ്റ് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സിഗരറ്റിലടങ്ങിയിരിക്കുന്ന നിക്കോട്ടിനും മറ്റും ക്യാൻസറിന് കാരണമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവരുമായി ചേർന്ന് റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. പുകയില ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) എക്സൈസ് ഇന്റലിജൻസ്, ഷാഡോ സംവിധാനങ്ങളുടെ സഹകരണത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു. ട്രയിനുകളിലും, റെയിൽവേ സ്റ്റേഷനുകളിലും റെയിൽവേ പോലീസ്, ആർ.പി.എഫ്. എന്നിവരുടെ സഹകരണത്തോടെ പരിശോധനകൾ നടത്തിവരുന്നു.

## എക്സൈസ് ഉദ്യോഗസ്ഥർക്ക് മാസപ്പടി

329(1045) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ എക്സൈസ് ഉദ്യോഗസ്ഥർ ബാറുടമകളിൽനിന്നും മാസപ്പടി വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള വിജിലൻസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

## വിദ്യാലയങ്ങളിലെ ലഹരി മരുന്ന് ഉപയോഗം

330(1046) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലഹരി മരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ജനപ്രതിനിധികളെയും എക്സൈസ് ഉദ്യോഗസ്ഥരെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും സ്കൂൾ, പഞ്ചായത്ത്, മണ്ഡലം അടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

സാധിക്കും. ജനപ്രതിനിധികൾ, എക്സൈസ് ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന നിയോജകമണ്ഡലതല കമ്മിറ്റികൾ നിലവിൽ എല്ലാ ജില്ലയിലും എല്ലാ മാസവും എക്സൈസ് സർക്കിൾ ഓഫീസ് തലത്തിൽ കൂടുന്നുണ്ട്. പ്രസ്തുത കമ്മിറ്റികൾ പഞ്ചായത്ത് തലത്തിൽ എക്സൈസ് റെയിഞ്ച് അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കാറുള്ളത്. സ്കൂൾ പരിസരങ്ങളിലെ ലഹരി ഉപയോഗം സംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ പരിശോധിക്കുന്നതിനും ആയത് തടയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അധികൃതരുടെ ശ്രദ്ധയിൽ കാര്യങ്ങൾ എത്തിക്കുന്നതിനും വേണ്ടി അതാത് മേഖലയിലെ സ്കൂൾ പി.റ്റി.എ. അംഗം, വാർഡ് മെമ്പർ, സ്കൂൾ ഉൾപ്പെടുന്ന റെയിഞ്ച് ഓഫീസിലെ ബന്ധപ്പെട്ട യൂണിറ്റിലെ ഉദ്യോഗസ്ഥർ, ടി മേഖലയിലെ വിമുക്തി സേനയിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി പ്രത്യേകമായി രൂപീകരിക്കുന്നതാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കമ്മിറ്റി അംഗങ്ങൾ മുഖാന്തിരം പഞ്ചായത്ത് തലത്തിലും, മണ്ഡലതലത്തിലും നിലവിൽ നടന്നു വരുന്ന കമ്മിറ്റി മുമ്പാകെ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി ആയതിന്മേൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതുമാണ്.

## വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി വസ്തുക്കളുടെ വിൽപ്പന

331(1047) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി വസ്തുക്കൾ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് 2019 ജനുവരി ഒന്ന് മുതൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) വിദ്യാലയങ്ങളിൽ ലഹരി വിമുക്തിയുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇവ ഗുണപരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നിരോധിത ലഹരി വസ്തുവായ പാൻപരാഗ് വിൽപനയുമായി ബന്ധപ്പെട്ട് 2019-ൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ജില്ല | കേസ്സുകൾ |
|---|---|---|
| 1. | തിരുവനന്തപുരം | 2024 |
| 2. | കൊല്ലം | 820 |
| 3. | ആലപ്പുഴ | 7 |
| 4. | പത്തനംതിട്ട | 45 |
| 5. | കോട്ടയം | 63 |
| 6. | ഇടുക്കി | 6 |
| 7. | എറണാകുളം | 677 |
| 8. | തൃശ്ശൂർ | 101 |
| 9. | പാലക്കാട് | 546 |
| 10. | മലപ്പുറം | 59 |
| 11. | കോഴിക്കോട് | 43 |
| 12. | വയനാട് | 4 |
| 13. | കണ്ണൂർ | 1 |
| 14. | കാസർഗോഡ് | 313 |
| | ആകെ | 4709 |

(ബി) വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

നിലവിൽ കോളേജ് തലത്തിൽ 732 ക്ലബ്ബുകളും സ്കൂൾതലത്തിൽ 4381 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥരും തങ്ങൾക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബിലെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങിയ പ്രവണതകൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുവാനും ഓരോ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2019 നവംബർ 14-ന് 23 ലക്ഷം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിക്കുകയും 2019 ഡിസംബർ 4-ന് 27 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു. സംസ്ഥാനത്തെ യൂണിവേഴ്സിറ്റി യൂണിയനുകളുടെ സഹകരണത്തോടെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ കലാലയങ്ങളിലും ബോധവത്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകളിൽ ലഹരി വിരുദ്ധ ഉപന്യാസ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം, ചിത്ര രചനാ മത്സരം എന്നിവ നടത്തിയിട്ടുള്ളതാണ്. സ്കൂളുകളിൽ നടത്തിവരുന്ന ഇത്തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുള്ളതാണ്.

(സി) ഉണ്ട്.

| ക്രമ നമ്പർ | ജില്ല | കേസ്സുകൾ |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം | 1999 |
| 2. | കൊല്ലം | 0 |
| 3. | ആലപ്പുഴ | 0 |
| 4. | പത്തനംതിട്ട | 5340 |
| 5. | കോട്ടയം | 53 |
| 6. | ഇടുക്കി | 18 |
| 7. | എറണാകുളം | 446 |

| (1) | (2) | (3) |
|---|---|---|
| 8. | തൃശ്ശൂർ | 265 |
| 9. | പാലക്കാട് | 162 |
| 10. | മലപ്പുറം | 22 |
| 11. | കോഴിക്കോട് | 437 |
| 12. | വയനാട് | 2 |
| 13. | കണ്ണൂർ | 0 |
| 14. | കാസർഗോഡ് | 2163 |
| | ആകെ | 10907 |

**പബ്ബുകളുടെ അനുമതി**

332(1048) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ബുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ പബ്ബുകൾ ഇല്ലാത്തതുമൂലം ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് വ്യാപകമായി പബ്ബുകൾ അനുവദിക്കുന്നതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്നും അങ്ങനെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിക്കുമെന്നും വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പബ്ബുകൾ ആരംഭിക്കുന്നതിന് നിലവിൽ വിദേശമദ്യ ചട്ടത്തിൽ വ്യവസ്ഥകളുണ്ട്. ഇത് വർഷങ്ങളായി നിലനിൽക്കുന്ന ചട്ടമാണ്. വിദേശമദ്യ ചട്ടം 13(13) പ്രകാരം സംസ്ഥാനത്ത് പബ്ബ് ബിയർ പാർലർ ലൈസൻസുകൾ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ഉൾപ്പെടുന്ന ജോയിന്റ് സെക്ടർ ഹോട്ടലുകൾക്കും 50,000 രൂപ ലൈസൻസ് ഫീസ് ചുമത്തി അനുവദിക്കാവുന്നതാണെന്ന് നിലവിലെ നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പബ്ബുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ഐ.ടി../വിനോദസഞ്ചാര മേഖലകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

(ഇ) നിലവിലുള്ള നിയമപ്രകാരം പബ്ബ്/ബിയർ പാർലർ ലൈസൻസ് ഫീസ് 50,000 രൂപ മാത്രമാണ്. പബ്ബ്/ബിയർ പാർലർ അനുവദിക്കുന്നതിലൂടെ വലിയ തോതിലുള്ള വരുമാനം ഉണ്ടാകില്ല.

**മദ്യ ഉപയോഗം കുറയ്ക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ**

333(1049) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറച്ചുകൊണ്ടുവരുന്ന നയത്തിന് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഡ്രൈ ഡേ പിൻവലിക്കുകവഴി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) മദ്യ ഉപയോഗം കുറയ്ക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എക്സൈസ് വകുപ്പ് നേരിട്ടും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖാന്തിരവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുവാനും ഇല്ലാതാക്കുവാനും ലക്ഷ്യമിടുന്നു. അതോടൊപ്പം എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജുതല ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന പരമ പ്രധാന ലക്ഷ്യത്തോടെയാണ് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്.

## സ്പിരിറ്റ് കലർന്ന മരുന്നുകളുടെ വിപണനം

334(1050) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി/ആയുർവേദ/ഹോമിയോ മരുന്ന് വില്പനക്കാർ സ്പിരിറ്റ് കലർന്ന മരുന്നുകൾ വിപണനം നടത്തുന്നതിന് കേരള സ്പിരിച്ചസ് പ്രിപ്പറേഷൻ കൺട്രോൾ റൂൾ പ്രകാരം എക്സൈസ് വകുപ്പിന്റെ അനുമതി വേണമെന്നിരിക്കെ ആയതുവാങ്ങാതെ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്പിരിറ്റിന്റെ അംശം കൂടുതലുള്ള ഇത്തരം മരുന്നുകൾ മദ്യത്തിനുപകരം ഡ്രഗ് ആയി ഉപയോഗിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ വിപണനം നടത്തുന്ന ഏതെല്ലാം ഇനം മരുന്നുകൾക്ക് എക്സൈസ് വകുപ്പിന്റെ അനുമതി വേണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയവ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഇ) സ്പിരിറ്റിന്റെ വിപണന നിയന്ത്രണം നടത്തേണ്ട എക്സൈസ് വകുപ്പ് മരുന്നു കമ്പനികൾക്ക് ലൈസൻസ് അനുവദിക്കാത്തതും അതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. SPVII ലൈസൻസ് ഇല്ലാതെ ആയുർവേദ കടകളിൽ അരിഷ്ടാസവങ്ങൾ സൂക്ഷിച്ചതിന് 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ആയുർവേദ വില്പനശാലകളിലും ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് അലോപ്പതി മരുന്ന് വില്പന സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) ആൽക്കഹോൾ/മയക്കുമരുന്നുകൾ എന്നിവ അടങ്ങിയ മരുന്നുകളുടെ വിപണന ആവശ്യങ്ങൾക്ക് മാത്രമാണ് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ളത്.

(ഡി) അലോപ്പതി/ആയുർവേദ/ഹോമിയോപ്പതി മരുന്നുകൾ വില്പന നടത്തിവരുന്ന സ്ഥാപനങ്ങൾക്ക് SPVI, SPVII ലൈസൻസുകൾ എടുക്കേണ്ടതാണെന്ന് സംസ്ഥാനത്തെ ചില ജില്ലകളിലെ പരിശോധനാ റിപ്പോർട്ടിൽ അക്കൗണ്ടന്റ് ജനറൽ പരാമർശിച്ച് കാണുന്നു. എന്നാൽ ആയുർവേദ മരുന്നുകൾ ലൈസൻസില്ലാതെ ചില ഏജൻസികൾ വില്പന നടത്തിയിരുന്നത് ആയുഷ് വകുപ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും SPVII ലൈസൻസ് നല്കി പരിഹരിച്ചുവരുന്നു. അലോപ്പതി മരുന്നുകൾ വിൽക്കുന്ന സ്ഥാപനങ്ങളിലും ആൽക്കഹോൾ അടങ്ങിയ മരുന്നുകൾ വിൽക്കുന്നവർക്ക് ലൈസൻസ് നൽകിവരുന്നു.

(ഇ) 2017-ൽ GST നിലവിൽ വന്നതോടെ M&TP Act പിൻവലിച്ച സാഹചര്യത്തിൽ M&TP ആക്ട് പ്രകാരം മരുന്നു നിർമ്മാണത്തിന് അനുവദിച്ച നൽകിയിരുന്ന L1, L2, L3 എന്നീ ലൈസൻസുകൾ പുതുക്കി നല്കുന്നതിനോ, പുതുതായി അനുവദിച്ചുനൽകുന്നതിനോ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി Spirituous Preparations Control Rule-ൽ ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഡ്രഗ്സ് ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടന്നുവരുന്നു. ആൽക്കഹോൾ അടങ്ങിയ മരുന്നുകൾ വിൽക്കാത്ത സ്ഥാപനങ്ങൾക്ക് SPVI, SPVII ലൈസൻസുകൾ ആവശ്യമില്ല. SPVI, SPVII ലൈസൻസ് അനുവദിക്കാത്തത് വഴിയുള്ള വരുമാന നഷ്ടം കണക്കാക്കാൻ കഴിയില്ല.

## പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം ചില്ല് കുപ്പികളിൽ മദ്യവിതരണത്തിന് നടപടി

335(1051) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-9-ലെ അബ്കാരി നയത്തിൽ ഘട്ടം ഘട്ടമായി പ്ലാസ്റ്റിക് കുപ്പികളിൽ മദ്യം നൽകുന്നത് നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(സി) പ്ലാസ്റ്റിക് കുപ്പികളിൽ മദ്യം വിതരണം ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതി എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം ചില്ല് കുപ്പികളിൽ മദ്യം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ശുചിത്വ മിഷനുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ചില്ലുകുപ്പികളുടെ ലഭ്യത കുറവും ഉത്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവും, ട്രാൻസ്പോർട്ടേഷനും മദ്യകെയ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും ബ്രേക്കേജിലുണ്ടാകാവുന്ന കൂടുതൽ നഷ്ടവും കണക്കിലെടുത്ത് ഇത് നടപ്പിലാക്കുന്നത് നീട്ടിവയ്ക്കുകയാണുണ്ടായത്.

(സി) 2008-09 വർഷത്തിലെ മദ്യനയം അനുസരിച്ച് പ്ലാസ്റ്റിക് കുപ്പികളിൽ മദ്യവിതരണം നടത്തുന്നത് ഘട്ടംഘട്ടമായി നിർത്തലാക്കുമെന്ന തീരുമാനം നടപ്പിലാക്കിയില്ലെന്ന് കാണിച്ച് കേരള ഹൈക്കോടതിയിൽ ശ്രീ. ഷാജി ആർ., ശ്രീ. രാജേഷ് എസ്. എന്നിവർ ഡബ്ല്യു.പി.സി.4860/2012 നമ്പറായും,

ശ്രീ. ബി. സതീശൻ എന്നയാൾ ഡബ്ല്യു.പി.സി.15745/2011 നമ്പറായും ഫയൽ ചെയ്ത പൊതുതാത്പര്യ ഹർജിയിലെ 9-4-2015-ലെ പൊതു വിധിന്യായത്തിൽ പ്ലാസ്റ്റിക് ബോട്ടിലിന്റെ നിരോധനം നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രായോഗിക വശങ്ങൾ കണക്കിലെടുത്ത് പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലെന്നും എന്നാൽ ഇതിന്റെ വിവിധ വശങ്ങളും വിദഗ്ധരുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ളവയും പരിഗണിച്ച് ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുള്ള വിഷാംശം ആയിട്ടുള്ള പ്ലാസ്റ്റിക്കുകളുടെ ഉപയോഗം നിരോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമെന്ന നിരീക്ഷണത്തോടെ തീർപ്പുകൽപ്പിക്കുകയാണുണ്ടായത്. ഇതിന്റെ വെളിച്ചത്തിൽ സർക്കാരിനോട് തീരുമാനമെടുക്കുവാനും കോടതി നിർദ്ദേശിക്കുകയാണുണ്ടായത്.

(ഡി) 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിച്ചു കൊണ്ടുള്ള 17-12-2019-ലെ G.O.(MS)No.7/2019/Envt. ഉത്തരവിലെ 8-ാം ഖണ്ഡികയിൽ PET/PETE-യുടെ നിരോധനം കുടിവെള്ളതിനു മാത്രമായി ആണ് നിജപ്പെടുത്തിയിരിക്കുന്നത്. 11-ാം ഖണ്ഡിക പ്രകാരം ബ്രാൻഡഡ് ഉത്പന്നങ്ങൾക്ക് ടി ഉത്തരവ് പ്രകാരമുള്ള നിരോധനം ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഉത്പാദകർ extended producers responsibility ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) കോർപ്പറേഷൻ, സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി സഹകരിച്ച് മദ്യക്കുപ്പികൾ തിരിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## ബിവറേജസ് ഔട്ട്ലെറ്റുകൾ

336(1052) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മേയ് മാസത്തിന് ശേഷം ബിവറേജസ് കോർപ്പറേഷൻ എത്ര ഔട്ട്ലെറ്റുകളിൽ പ്രീമിയം കൗണ്ടറുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ പുതിയ ഔട്ട്ലെറ്റുകളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ബി) 2016 മേയ് മാസത്തിനുശേഷം ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട്ലെറ്റുകളിൽ 72 പ്രീമിയം കൗണ്ടറുകളും 51 സെൽഫ് സർവ്വീസ് കൗണ്ടറുകളും ആരംഭിച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ

337(1053) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വില്പനകേന്ദ്രങ്ങളിൽ തിരക്ക നിയന്ത്രിക്കുവാൻ സുരക്ഷാജീവനക്കാർ ഇല്ലാത്തതിനാൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഉണ്ടോ ;

(ബി) നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകളാണുള്ളത്; അതിന്റെ എണ്ണം കൂട്ടണമെന്ന് ബിവറേജസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ മദ്യനയം പ്രഖ്യാപിക്കുമ്പോൾ ബിവറേജസ് കോർപ്പറേഷന്റെ അഭ്യർത്ഥനയ്ക്ക് അനുകൂലമായ തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പുതിയ ഔട്ട്ലെറ്റുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരക്ക് നിയന്ത്രിക്കുന്നതിനും മറ്റ് സുരക്ഷാ കാര്യങ്ങൾ പരിഗണിച്ചും സെക്യൂരിറ്റി ഏജൻസികൾ മുഖേന ആവശ്യമായ സെക്യൂരിറ്റി ഗാർഡുകളുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

(ബി&സി) കോർപ്പറേഷന് നിലവിൽ 270 ചില്ലറ മദ്യവിൽപ്പനശാലകളുണ്ട്. അടച്ചുപൂട്ടിയതും റദ്ദാക്കിയതുമായ ഷോപ്പുകൾക്കുപകരമായും ടൂറിസം കേന്ദ്രങ്ങളിൽ ചില്ലറ വില്പനശാലകളുടെ അഭാവം പരിഗണിച്ചും ചില്ലറ വില്പനശാലകളുടെ എണ്ണം കൂട്ടണമെന്ന് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചില്ലറ വിൽപ്പനശാലകളുടെ എണ്ണം കൂട്ടുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## റാന്നിയിലെ വിദേശമദ്യ ഔട്ട്‌ലെറ്റ് ഷോപ്പ്

338(1054) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ റാന്നിയിലെ വിദേശമദ്യ ഔട്ട്‌ലെറ്റ് ഷോപ്പ് ഇട്ടിയപ്പാറ ടൗണിലേക്ക് മാറ്റിയതിനുശേഷവും അതിനുമുൻപ് പ്രവർത്തിച്ചിരുന്നതുമായി താരതമ്യം ചെയ്താൽ ശരാശരി ദിവസവരുമാനം എത്രയാണ്;

(ബി) ഈ ഷോപ്പിലേക്ക് അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തിക ഇനം തിരിച്ചുവ്യക്തമാക്കാമോ; നിലവിൽ എത്ര ജീവനക്കാരാണ് ഇവിടെ ജോലിചെയ്യുന്നത് എന്ന് തസ്തിക തിരിച്ചുവ്യക്തമാക്കാമോ;

(സി) അവശേഷിക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ജീവനക്കാരുടെ അധിക ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ ഇവിടെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) റാന്നി ഔട്ട്‌ലെറ്റിൽ സെൽഫ് സർവ്വീസ് പ്രീമിയം കൗണ്ടറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കോർപ്പറേഷന്റെ കീഴിൽ റാന്നി ടൗണിൽ പ്രവർത്തിച്ചിരുന്ന എഫ്.എൽ. 1-3008 റാന്നി ഔട്ട്‌ലെറ്റ് ദൂരപരിധി സംബന്ധിച്ച സുപ്രീംകോടതിയുടെ വിധി പ്രകാരം ഉതിമൂടേയ്ക്ക് മാറ്റി സ്ഥാപിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിലെ പശ്ചാത്തല സൗകര്യകുറവുമൂലം റാന്നി ടൗണിൽ ഇട്ടിയപ്പാറയിൽ ശ്രീമാൻ തോമസ് എബ്രഹാമിന്റെ കെട്ടിടത്തിലേയ്ക്ക് 19-12-2019 മുതൽ ടി ഷോപ്പ് മാറ്റി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം മാറ്റി സ്ഥാപിച്ച 19-12-2019 മുതൽ 20-1-2020 വരെയുള്ള കാലയളവിലെ വിൽപ്പനയായ 447 ലക്ഷം രൂപ (ശരാശരി ദിവസ വിൽപ്പന 14.43 ലക്ഷം രൂപ) ഇതേ കാലയളവിൽ മുൻവർഷം ഉതിമൂട് പ്രവർത്തിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന 362 ലക്ഷം രൂപ (ശരാശരി ദിവസ വിൽപ്പന 12.06 ലക്ഷം രൂപ) വിൽപ്പനയേക്കാൾ 85 ലക്ഷം കൂടുതലാണ്.

(ബി) കെ.എസ്.ബി.സി.-യിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടില്ലാത്തതിനാൽ വില്പനയുടെ അടിസ്ഥാനത്തിൽ ആവശ്യം

കണക്കിലെടുത്താണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. നിലവിൽ എഫ്.എൽ. 01-3008 റാന്നി ഔട്ട്‌ലെറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് ഗ്രേഡ് II- 2

2. ഓഫീസ് അറ്റൻഡന്റ് - 1

3. അബ്കാരി വർക്കർ സി1- 2

4. അബ്കാരി വർക്കർ സി 3- 1

(സി&ഡി) കെ.എസ്.ബി.സി.-യിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആവശ്യമാണെന്ന് കാണുന്ന പക്ഷം ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) റാന്നി ഔട്ട്‌ലെറ്റിൽ സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായതിനാലും വിൽപ്പനസാധ്യതയും കണക്കിലെടുത്ത് ഈ ഔട്ട്‌ലെറ്റിൽ സെൽഫ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ബാർ ലൈസൻസ്**

339(1055) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ എത്ര ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസുണ്ടായിരുന്നു; വിശദമാക്കാമോ;

(ബി) നിലവിൽ എത്ര ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസ് ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ പുതിയതായി എത്ര ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) എഫ്.എൽ.3 ലൈസൻസുള്ള ബാറുകളുടെ ലൈസൻസ് ഫീ ഇനത്തിൽ ഈ സാമ്പത്തികവർഷം സർക്കാരിന് എത്ര കോടി രൂപ വരുമാനം ലഭിച്ചു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള 29 എണ്ണം.

(ബി) 594

(സി) 169 ഹോട്ടലുകൾക്ക് FL3 ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ഡി) 166,32,00,000 രൂപ.

## എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ്

340(1056) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓൺലൈൻ മയക്കുമരുന്ന് വ്യാപാരം തടയുന്നതിനായി സ്ക്വാഡ് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്; വിശദമാക്കാമോ;

(ഡി) ആദിവാസിഗോത്രമേഖലകളിലെ ലഹരിയുപയോഗം നിയന്ത്രിക്കുന്നതിനായി ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാനതലത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്തെ ആദിവാസി, ഗോത്രമേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി വിമുക്തി മിഷൻവഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ സേവനം ഉപയോഗിച്ചുകൊണ്ട് ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. അതുവഴി ഈ വിഭാഗങ്ങളിലുള്ള പഠനം പാതിവഴിയിലുപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുവാനും തദ്വാര അവർ ലഹരി ഉപയോഗത്തിലേയ്ക്കോ മറ്റ് സാമൂഹികവിരുദ്ധ നടപടികളിലേയ്ക്കോ പോകാതെ സംരക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ലഹരി മുക്ത ഗ്രാമം എന്ന പദ്ധതി പ്രകാരം ആദിവാസി ഊരുകളും ഗ്രാമങ്ങളും ദത്തെടുത്ത് തെറ്റായ പ്രവണതകളിൽ നിന്നും അകറ്റി നിർത്തുവാനും അപ്രകാരം ലഹതി മുക്ത ഗ്രാമം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിക്കുവാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടി ജനമൈത്രി സ്ക്വാഡിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ അഗളി ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പതി, പുതുർ ഗ്രാമപഞ്ചായത്തിലെ തച്ചമ്പടി, ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ഊത്തുക്കുഴി എന്നീ ഊരുകൾ ദത്തെടുത്ത് സമഗ്രമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## യുവ എഞ്ചിനീയർമാരെ എക്സൈസ് ഉദ്യോഗസ്ഥർ കഞ്ചാവ് കേസ്സിൽ കുടുക്കി എന്ന ആക്ഷേപം

341(1057) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ഇന്ധനം നിറയ്ക്കുവാൻ നിയമിച്ച മൂന്ന് യുവ എഞ്ചിനീയർമാരെ എക്സൈസ് ഉദ്യോഗസ്ഥർ കഞ്ചാവ് കേസ്സിൽ കുടുക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയോ; എഞ്ചിനീയർമാരെ കള്ളക്കേസ്സിൽ കുടുക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ അഡീഷണൽ എക്സൈസ് എൻഫോഴ്സ്മെന്റ് കമ്മീഷണർ നൽകിയ ശിപാർശകളിൽ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിന് കാരണമെന്താണ്; വിശദവിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആലുവ എക്സൈസ് സർക്കിൾ ഓഫീസിൽ 15-6-2019-ന് രജിസ്റ്റർ ചെയ്ത 28/19-mw നമ്പർ NDPS കേസ്സെടുത്തത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുവാൻ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-നെ ചുമതലപ്പെടുത്തുകയും അതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പ്രഥമ ദൃഷ്ട്യാ കുറ്റാരോപിതർ എന്ന് സൂചിപ്പിച്ച ഉദ്യോഗസ്ഥരെ ജില്ലവിട്ട് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയം സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ലഹരി മാഫിയ**

342(1058) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയുടെ ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) വിവിധ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിതരണം നടത്തുന്ന മാഫിയകളെ നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് സംയുക്ത നിരീക്ഷണ സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഹരി ഉപഭോഗം തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം

നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസ്സുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്ക് മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതുസമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

## സിനിമ ചിത്രീകരണ സ്ഥലങ്ങളിൽ ലഹരി മരുന്നിന്റെ ഉപയോഗം

343(1059) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമ ചിത്രീകരിക്കുന്ന സ്ഥലങ്ങളിൽ ലഹരി മരുന്നിന്റെ ഉപയോഗമുണ്ടെന്ന നിർമ്മാതാക്കളുടെ സംഘടനയുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് അവർ എന്തെങ്കിലും തെളിവുകൾ ഹാജരാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) സിനിമാ നിർമ്മാതാക്കളുടെ സംഘടനയുടെ ആക്ഷേപത്തിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിവരുന്നു. നിർമ്മാതാക്കളുടെ സംഘടന മേൽ വിഷയത്തിൽ തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ല.

(ബി) എക്സൈസ് ഇന്റലിജൻസ് ജോയിന്റ് എക്സൈസ് കമ്മീഷണർ ടി ആരോപണത്തിൽ അന്വേഷണം നടത്തിവരുന്നു. ആരോപണത്തിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി വിമാനത്താവളത്തിലെ കഞ്ചാവ് കേസ്സ്**

344(1060) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ മൂന്ന് എഞ്ചിനീയർമാരെ എക്സൈസ് ഉദ്യോഗസ്ഥർ കഞ്ചാവ് കേസ്സിൽ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) എഞ്ചിനീയർമാരുടെ താമസസ്ഥലത്ത് കഞ്ചാവ് ശേഖരിച്ചിട്ടുണ്ടെന്ന വിവരം എക്സൈസിന് ലഭിച്ചത് എവിടെ നിന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പരിശോധന നടത്തി എഞ്ചിനീയർമാരെ പിടികൂടി കേസ്സ് രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ;

(ഡി) ഈ സംഭവത്തിൽ സ്വർണ്ണക്കടത്ത് റാക്കറ്റിന്റെ പങ്കിനെക്കുറിച്ച് പുറത്തുവന്ന വിവരങ്ങൾ ദേശസുരക്ഷയെക്കുറിച്ചുപോലും ആശങ്കയുണ്ടാക്കുന്ന തരത്തിൽ ഗൗരവമുള്ളതാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ടി കേസ്സിന്റെ അന്വേഷണം എറണാകുളം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)നടത്തിവരുന്നു.

(ബി) ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്വമേധയാ കണ്ടുപിടിച്ച കേസാണിത്.

(സി) ആലുവ എക്സൈസ് സർക്കിൾ ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ.

(ഡി) സമഗ്രമായ അന്വേഷണത്തിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കഞ്ചാവ് കേസ്സിൽ കുടുക്കിയ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

345(1061) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ഇന്ധനം നിറയ്ക്കാൻ നിയമിച്ച മൂന്ന് യുവ എൻജിനീയർമാരെ കഞ്ചാവുമായി ബന്ധപ്പെടുത്തി വ്യാജകേസ്സിൽ കുടുക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ കുറ്റക്കാരായ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ;

(സി) ഈ സംഭവത്തിൽ ഗൂഢാലോചന നടത്തിയവർ ആരെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) മുഖാന്തിരം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്ന് സൂചിപ്പിച്ച ഉദ്യോഗസ്ഥരെ ജില്ലവിട്ട് സ്ഥലം മാറ്റിയിട്ടുണ്ട്.

(സി) ഈ കേസ്സിൽ വിശദമായ അന്വേഷണം നടത്തുന്നതിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മയക്കുമരുന്നിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗ വർദ്ധന

346(1062) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റേയും ലഹരി വസ്തുക്കളുടെയും ഉപയോഗം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2019 ൽ മയക്കുമരുന്നു പയോഗവുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകളിൽ വളരെ വേഗത്തിൽ ജാമ്യം ലഭ്യമാകുന്ന സാഹചര്യം ഒഴിവാക്കാൻ നിയമ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉപയോഗം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2019 വർഷത്തിൽ 7099 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ, മയക്കുമരുന്നുകൾ ചെറിയ അളവിൽപ്പോലും കൈവശം വയ്ക്കുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് സഹായകമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നതിനെതിരെ ശക്തമായ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ സർക്കാർ വിവിധങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം

347(1063) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ ബദിയഡുക്ക പഞ്ചായത്തിലെ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിന് എപ്പോഴാണ് തറക്കല്ലിട്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണെന്നും നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ ബദിയഡുക്ക എക്സൈസ് റേഞ്ച് ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് ബദിയഡുക്ക എക്സൈസ് റേഞ്ച് ഓഫീസ് എപ്പോൾ മാറാൻ ആകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 9-6-2018-ൽ.

(ബി-ഡി) ഒരു കോടി രൂപ. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ, ഓഫീസ് കെട്ടിടത്തിന് മഴവെള്ള സംഭരണിയും, ചുറ്റുമതിലും പൂർത്തിയാക്കുവാനുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പരും, വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല. ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്.

## പത്തനംതിട്ടയിലെ നിർദ്ദിഷ്ട എക്സൈസ് ടവർ

348(1064) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിലെ നിർദ്ദിഷ്ട എക്സൈസ് ടവർ യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ബി) എക്സൈസ് ടവറിനാവശ്യമായ സ്ഥലവും കെട്ടിടവും ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ടയിലെ എക്സൈസ് ടവർ പ്രവർത്തനത്തിനായി പത്തനംതിട്ട ജില്ലാ പോലീസ് ചീഫ് ആഫീസ് മുൻപ് പ്രവർത്തിച്ചിരുന്ന സ്വകാര്യ കെട്ടിടവും സ്ഥലവും വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പത്തനംതിട്ട എക്സൈസ് ടവർ പ്രവർത്തനത്തിന് ആവശ്യമായ വസ്തുവിന്റെ വില 8-11-2019-ലെ G.O.(Rt)No.3271/2019/RD നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ കെട്ടിടത്തിന്റെ വില രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (SLEC) പരിഗണനയ്ക്കായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

349(1065) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്ററന്മാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിരമിച്ച എക്സൈസ് ഉദ്യോഗസ്ഥർക്കും കരാർ നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുമോ;

(ഡി) ഇതിനകം എത്ര പേരെ നിയമിച്ചുവെന്നും അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അംഗീകൃത സർവ്വകലാശാലയിൽനിന്നും നേടിയ ബിരുദം അവശ്യയോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനം, സർക്കാർ മിഷനുകളിൽ/സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച മുൻ പരിചയം, ലഹരി വിരുദ്ധ പ്രവർത്തന മേഖലയിലെ മുൻകാല പ്രാവീണ്യം എന്നിവ അഭികാമ്യം എന്നാണ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിയമനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള അവശ്യ യോഗ്യത.

(സി) സാധിക്കും.

(ഡി) കൊല്ലം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലായി ഇതിനകം മൂന്ന് പേരെ നിയമിച്ചു. അവർക്ക് പ്രതിമാസം 50,000 രൂപ കൺസോളിഡേറ്റഡ് പേ നൽകുന്നുണ്ട്.

**ലഹരിവിമുക്ത കേരളം**

350(1066) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവിമുക്ത കേരളം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ലഹരിവിമുക്ത ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കോടികൾ മുടക്കുമ്പോൾ മറുഭാഗത്ത് സംസ്ഥാനത്തുടനീളം പുതിയ ബാറുകൾക്ക് അനുമതി നൽകി അവരിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ കോടികൾ ഈടാക്കുന്ന നടപടി ന്യായീകരിക്കാവുന്നതാണോ എന്ന് വ്യക്തമാക്കാമോ;

(സി) വിമുക്തി പദ്ധതിക്കായി ഇതിനകം എത്ര തുകയാണ് സർക്കാർ ചെലവഴിച്ചത്; വിശദമാക്കാമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പ് നേരിട്ടും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി പദ്ധതി മുഖാന്തരവും മദ്യ ഉപയോഗം കുറയ്ക്കുവാനും അതോടൊപ്പം എല്ലാവിധ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെയും സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശക്തമായ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനവും ഇതോടൊപ്പം നടത്തിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ മദ്യനയം മദ്യനിരോധനമല്ല. മദ്യ വർജ്ജനത്തിലൂടെ മദ്യ ഉപയോഗം കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബാറുകൾ അടച്ചുപൂട്ടുന്നതിലൂടെ സംസ്ഥാനത്തെ മദ്യ ഉപയോഗം കുറയ്ക്കാൻ കഴിയില്ലെന്ന് കഴിഞ്ഞ കാലഘട്ടങ്ങളിലെ അനുഭവത്തിൽനിന്നും വ്യക്തമായതാണ്. ബാറുകൾ പൂട്ടിയ അവസരത്തിൽ മയക്കുമരുന്നുകളടക്കമുള്ള മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചിരുന്നതായും കാണാം. ഇതുകൂടാതെ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയിലും ബാറുകൾ പൂട്ടിയത് ഗണ്യമായ ഇടിവുണ്ടാക്കിയിട്ടുണ്ട്. ബാറുകളിൽനിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ അതു പൂട്ടിയിടുമ്പോൾ സാമൂഹിക, തൊഴിൽ, വിനോദ സഞ്ചാര മേഖലകളിൽ ഉണ്ടാകുന്ന പ്രത്യാഘാതം പരിഗണിച്ചാണ് ഈ സർക്കാർ മദ്യനയത്തിന് രൂപം നൽകിയിട്ടുള്ളത്. ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വ്യാപകമായ ബോധവത്കരണ പരിപാടികൾ സർക്കാർ നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതുവഴി ലഹരി ഉപയോഗം കുറയ്ക്കുവാനും മദ്യവർജ്ജന ലക്ഷ്യം കൈവരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) സർക്കാർ വിമുക്തി പദ്ധതിക്കായി 28,95,86,119 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

**വിമുക്തി പദ്ധതി**

351(1067) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം സ്കൂൾ-കോളേജ് കാമ്പസുകളെ ലഹരി വിമുക്തമാക്കുന്നതിന് എത്രമാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈയിനത്തിൽ എത്ര തുകയാണ് കെ.എസ്.ആർ..ടി.സി.-ക്ക് നൽകിയതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലഹരിവർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കർമ്മ പദ്ധതിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'. എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് തലങ്ങളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തരവും വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. ടി ഡീ അഡിക്ഷൻ സെന്ററുകൾ മുഖാന്തരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി. വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 2019 നവംബർ 1 മുതൽ ഒരു തീവ്രയത്ന ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനും ലഹരിക്ക് അടിമപ്പെട്ടവരുടെ അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും ലക്ഷ്യമിട്ട് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ വഴിയും ടി.വി. ചാനലുകൾ, സിനിമാ തിയറ്ററുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെയും ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ യോഗങ്ങൾ, വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഗ്രന്ഥശാലാ പ്രവർത്തകരെയും യുവജനങ്ങളെയും അണിനിരത്തി

ഭവന സന്ദർശനം നടത്തിയുള്ള ബോധവത്കരണം, ലഹരിക്കെതിരെ ദീപം തെളിയിക്കൽ എന്നീ പരിപാടികളും നടന്നുവരുന്നു. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രതിജ്ഞ എടുത്തിട്ടുള്ളതും ഇതോടനുബന്ധിച്ച് ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 'വിമുക്തി സേന' എന്ന പേരിൽ ലഹരി വിരുദ്ധ പ്രവർത്തകരുടെ ചെറുയൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

ലൈബ്രറി കൗൺസിലുമായി സഹകരിച്ച് സംസ്ഥാനത്തെ 7500 ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചും സംസ്ഥാനത്തെ വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചും ട്രേഡ് യൂണിയനുകൾ, ക്ഷേമനിധി ബോർഡുകൾ, യുവജനസംഘടനകൾ, സർവ്വകലാശാലാ യൂണിയനുകൾ എന്നിവയുമായി സഹകരിച്ചും വിവിധ പരിപാടികൾ നടത്തിവരുന്നു.

യുവജനങ്ങൾക്കായി സൈക്ലത്തോൺ, വാക്കത്തോൺ, ബൈക്കത്തോൺ, റാലികൾ, കൂട്ടയോട്ടങ്ങൾ, മനുഷ്യ ചങ്ങലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഹരി വിരുദ്ധ മാരത്തോൺ സംഘടിപ്പിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് ലഹരിക്കെതിരെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. എക്സൈസ് ബോധവൽക്കരണ വിഭാഗത്തിന്റെ ബോധവൽക്കരണ മൊബൈൽ യൂണിറ്റ് വിവിധ പരിപാടികളുടെ അകമ്പടിയോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ബോധവൽക്കരണ കേരള പര്യടനം നടത്തിയിട്ടുള്ളതാണ്. ആദിവാസി ഊരുകളിൽ താമസിച്ചുവരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽവച്ച് പരിശീലനം നൽകുകയുണ്ടായി.

(ബി) വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 732 ക്ലബ്ബുകളും സ്കൂൾതലത്തിൽ 4381 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ

എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. തങ്ങൾക്ക് ചുമതലയുള്ള വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബിലെ കൺവീനർമാർ, പ്രധാന പ്രവർത്തകർ, സ്കൂൾ അധികൃതർ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങി എന്തെങ്കിലും പ്രവണത നിലനിൽക്കുന്നുവോ എന്നും ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുവാനും ഓരോ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും നിരന്തരം ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരത്തിലുള്ള നിരന്തരമായ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളെ പഠനത്തിലേക്കും മറ്റ് കായിക പ്രവർത്തനങ്ങളിലേയ്ക്കും ശ്രദ്ധ തിരിക്കുന്നതിന് സാധിക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 2019 നവംബർ 14-ന് 27 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിക്കുകയും 2019 ഡിസംബർ 4-ന് ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയും ചെയ്തു. എല്ലാ യൂണിവേഴ്സിറ്റി യൂണിയൻ പ്രതിനിധികളുടെ സഹായത്തോടെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരസ്യം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അംഗീകൃത പരസ്യ ഏജൻസിയായ ബ്രാൻഡ് ബസാർ ലൈഫ് സ്റ്റൈൽ മുഖേന 500 ബസ്സുകളിൽ മൂന്ന് കാലയളവിൽ പരസ്യം നൽകുന്നതിന് 1,01,77,500 രൂപയുടെ ധാരണാപത്രം വിമുക്തി മിഷൻ പ്രസ്തുത ഏജൻസിയുമായി ഒപ്പുവച്ചിട്ടുണ്ട്.

## വിമുക്തി പദ്ധതി

352(1068) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വിമുക്തി " പദ്ധതി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) വിമുക്തി പദ്ധതിയുടെ ഭാഗമായി വന്നു ചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ജില്ലാ ആശുപത്രികളിലും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി., പി.എച്ച്.സി.-കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനോടകം തന്നെ ജനശ്രദ്ധ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ള പദ്ധതി എന്ന നിലയിൽ പുനരധിവാസ പാക്കേജുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ജില്ലാ തലങ്ങളിലും എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വാർഡ് തലങ്ങളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തരം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും ഐ.പി. വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി കോളേജ് തലത്തിൽ 732 ക്ലബ്ബുകളും സ്കൂൾതലത്തിൽ 4381 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ ആദിവാസി തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് വിവിധ തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 77 താലൂക്കുകളിലും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന ആശുപത്രികളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

**ലഹരിമുക്ത നവകേരളം**

353(1069) ശ്രീമതി യു. പ്രതിഭ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. മുകേഷ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിമുക്തി മിഷൻ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജീവിതമാണ് ലഹരി എന്ന സന്ദേശവുമായി വിമുക്തി മിഷൻ സംസ്ഥാനമൊട്ടാകെ വാഹനപ്രചരണജാഥ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) സ്കൂളുകളിലും കോളേജുകളിലും ലഹരിമുക്ത ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലോ, മറ്റു സ്ഥാപനങ്ങളിലോ ലഹരിവസ്തുക്കൾ വിൽക്കുന്നത് തടയുന്നതിനും അപ്രകാരം കണ്ടെത്തിയാൽ കർശനശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന പരമപ്രധാനമായ ലക്ഷ്യത്തോടെ വിവിധങ്ങളായ ബോധവൽക്കരണ

പരിപാടികളാണ് 'വിമുക്തി' ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ഈ പദ്ധതി പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിനും ഏകോപനത്തിനുമായി സംസ്ഥാന ജില്ലാ ഡയറക്ടറേറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. വൈവിദ്ധ്യങ്ങളായ പദ്ധതികൾ ആസൂത്രണത്തിനും വിശദീകരണത്തിനുമായി ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളും കോളേജുകളും സർക്കാർ ഓഫീസുകളും ഗ്രാമീണ ഗ്രന്ഥശാലകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും സമൂഹത്തിന്റെ അടിസ്ഥാന മേഖലകളിലൂൾപ്പെടെ ബോധവൽക്കരണ സന്ദേശങ്ങൾ എത്തിക്കുന്നതിനായി വിദ്യാർത്ഥികൾ, ട്രേഡ് യൂണിയൻ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, കലാ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളിലും ഉൾപ്പെട്ട ജനവിഭാഗത്തെ ഉൾപ്പെടുത്തി മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ "നാളത്തെ കേരളം ലഹരി മുക്ത നവ കേരളം" എന്ന തീവ്ര ബോധവൽക്കരണ പരിപാടി സമസ്ത മേഖലകളിലും നടത്തിവരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനവും വ്യാപനവും സംബന്ധിച്ചുള്ള പ്രായോഗിക വിവര ശേഖരണം നടത്തുന്നതിനും ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുന്നതിനായി എല്ലാ വാർഡുകൾ കേന്ദ്രീകരിച്ചും അഞ്ച് മുതൽ പത്ത് വരെ അംഗങ്ങളുള്ള വിമുക്തി സേന രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വാഹന പ്രചരണജാഥ സംഘടിപ്പിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ വിമുക്തി മൊബൈൽ യൂണിറ്റ് ഉപയോഗിച്ച് ഹ്രസ്വ ചിത്ര പ്രദർശനം, തെരുവ് നാടകങ്ങൾ എന്നിവയോടുകൂടിയ വാഹന പ്രചരണ യാത്ര തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സംഘടിപ്പിച്ചു. ഈ വാഹനം 43 ദിവസംകൊണ്ട് 2768 കിലോമീറ്റർ ദൂരം സഞ്ചരിച്ച് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ആകെ 227 എണ്ണം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ലഹരി മുക്ത തീവ്രയത്ന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും

ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചുവരുന്നു. നാളിതുവരെ 4381 സ്കൂൾ ക്ലബ്ബുകളും 732 കോളേജ് ക്ലബ്ബുകളും രൂപീകരിച്ച് കഴിഞ്ഞു.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലും മറ്റ് സ്ഥാപനങ്ങളിലും ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി നിരന്തരം റെയ്ഡുകളും രഹസ്യ നിരീക്ഷണവും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കടകളുടെ/സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര ഡീ-അഡിക്ഷൻ കേന്ദ്രം**

354(1070) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന വിമുക്തി ഡി-അഡിക്ഷൻ കേന്ദ്രത്തിന് അധിക കിടക്കകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര കിടക്കകൾ ആണ് അധികം അനുവദിക്കുന്നത്;വിശദമാക്കാമോ;

(ബി) പ്രതിമാസം എത്ര പേരാണ് നെയ്യാറ്റിൻകര ഡി-അഡിക്ഷൻ കേന്ദ്രത്തിൽ ചികിത്സയ്ക്ക് എത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര ഡി-അഡിക്ഷൻ കേന്ദ്രത്തിൽ പുതിയതായി ഏതൊക്കെ തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10 കിടക്കകൾ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രതിമാസം 150-നും 180-നും ഇടയിൽ ആൾക്കാർ നെയ്യാറ്റിൻകര ഡീ-അഡിക്ഷൻ കേന്ദ്രത്തിൽ ചികിത്സയ്ക്കെത്തുന്നുണ്ട്.

(സി) നെയ്യാറ്റിൻകര ഡീ-അഡിക്ഷൻ കേന്ദ്രത്തിൽ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ റൂഫ് നിർമ്മിച്ച് യോഗ ഹാൾ, കൗൺസിലിംഗ് റൂം, റിക്രിയേഷൻ റൂം എന്നിവ അവിടേയ്ക്ക് മാറ്റി പുതുതായി 10 കിടക്കകൾ അധികമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## സിവിൽ എക്സൈസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ്

355(1071) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസറുടെ (പുരുഷൻ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കമോ;

(സി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് വർഷമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) 8-4-2019-ന്

(ബി) എക്സൈസ് വകുപ്പിൽ 14 ജില്ലകളിലുമായി 264 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിൽ 14 ഡിവിഷനുകളിലുമായി ആശ്രിത നിയമനത്തിനായും ബൈ ട്രാൻസ്ഫർ നിയമനത്തിനായും നീക്കിവച്ച ഒഴിവുകൾ ഒഴികെ ബാക്കിയുള്ള 54 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

## എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റം

356(1072) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലുള്ള ഡിപ്പാർട്ട്മെന്റൽ സീനിയോറിറ്റി പട്ടികയിലെ പിഴവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത പിഴവുകൾ പരിഹരിക്കാതെയും 8-10-2015-ലെ സർക്കാർ ഉത്തരവ് 7180/f1/13/TD യിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും കഴിഞ്ഞ

നാലുവർഷമായി നടന്നുവരുന്ന അനധികൃത സ്ഥാനക്കയറ്റങ്ങൾ റദ്ദുചെയ്യുന്നതിനും ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) OA(EKM) 1666/16-ാം നമ്പർ കേസ്സിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21-5-2018-ലെ വിധിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസ്സിലെ തുടർനടപടികളിൽ ഉദ്യോഗസ്ഥതലത്തിലെ മനഃപൂർവ്വമായ കാലതാമസം കോടതിയലക്ഷ്യമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2-1-2013-ലെ എക്സ്.ഡി.2499/2010(Vol.II) നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 1-7-2003 മുതൽ 31-12-2008 വരെയുള്ള എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ചുകൊണ്ട് ശ്രീ. എ. നിഷാദ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.(EKM)1666/16 നമ്പരായും ശ്രീ. എസ്. രാധാകൃഷ്ണനും കൂട്ടരും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.(EKM)2020/17 നമ്പരായും അന്യായം ഫയൽ ചെയ്തിട്ടുള്ളതാണ്.

(ബി) സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ്സുകളുടെ അന്തിമ വിധിക്ക് വിധേയമായിട്ടാണ് ഇതുമായി ബന്ധപ്പെട്ട സ്ഥാനക്കയറ്റ ഉത്തരവുകൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ടി കേസ്സുകളുടെ അന്തിമ വിധിക്കനുസൃതമായി മാത്രമേ പ്രസ്തുത ഉത്തരവുകളിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി&ഡി) O.A.(EKM)1666/16 നമ്പർ അന്യായത്തിന്മേൽ 21-5-2018-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ 1st Respondent (സർക്കാർ) Annexure A11 പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് ഉത്തരവിട്ടിട്ടുള്ളത്. ടി വിഷയം സർക്കാർ സമയബന്ധിതമായി പരിശോധിച്ചുവരികയാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 944 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. അടിയന്തരപ്രമേയം

ട്രഷറി നിയന്ത്രണം

മി. സ്പീക്കർ: കർശനമായ ട്രഷറി നിയന്ത്രണംമൂലം ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതിവിഹിതംപോലും ചെലവാക്കാൻ കഴിയാത്ത സ്ഥിതിവിശേഷംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ സ്തംഭിക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാനിടയായ കാരണങ്ങളെക്കുറിച്ച് ഇന്നലെ ചോദ്യോത്തരവേളയിൽ വളരെ വിശദമായി ഞാൻ മറുപടി പറഞ്ഞതാണ്. വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 5-2-2020-വരെയുള്ള ചെലവ് 42.6 ശതമാനമാണെന്ന് ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫ് എഴുതി നൽകിയിട്ടുള്ളത് വളരെ ശരിയാണ്. ഓരോ പഞ്ചായത്തിന്റെയും ചെലവ് കൃത്യം തന്നെയാണ്. തെറ്റ് എന്താണെന്ന് ചോദിച്ചാൽ; ഇത് ചരിത്രത്തിലെ തന്നെ ഏറ്റവും താഴെയുള്ളതാണെന്ന് പറയുന്നത് പൂർണ്ണമായും അബദ്ധമാണ്. ഈ ചെലവ് വിഹിതം യഥാർത്ഥത്തിൽ ഏറ്റവും ഉയർന്നതാണ്. 2014-15-ൽ ജനുവരി 31 വരെ 32 ശതമാനവും 2015-16-ൽ 31 ശതമാനവും 2016-17-ൽ 19 ശതമാനവും 2017-18-ൽ 37 ശതമാനവും 2019-20-ൽ 42 ശതമാനവുമാണ്; ഇതിൽ ഒരു വർഷം മാത്രമേ മുകളിലേയ്ക്ക് വരുന്നുള്ളൂ. അതായത് കഴിഞ്ഞ വർഷം മാത്രമാണ് 60 ശതമാനം വന്നത്. പ്രളയം വന്നപ്പോൾ അതിനുവേണ്ടി വരുന്ന ചെലവുകൾ DPC പിന്നീട് റാറ്റിഫൈ ചെയ്താൽ മതിയെന്ന് പറഞ്ഞ് പ്രത്യേകം ജി.ഒ. ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ ആ ചെലവുകൾ നേരത്തെ വന്നതുകൊണ്ടാണ് 60 ശതമാനമായത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പെൻഡിംഗ് ബില്ലുകളുണ്ട്; 52 ശതമാനമാണ് ഇപ്പോഴുള്ള ചെലവുകൾ. 10 ശതമാനത്തോളം വരുന്ന 836 കോടി രൂപയുടെ പെൻഡിംഗ് ബില്ലുകൾ കൊടുത്തിട്ടില്ല. പക്ഷേ അതിനുള്ള നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ ഇന്നലെ സൂചിപ്പിച്ചിരുന്നു. 433 കോടി രൂപയുടേത് അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ളതാണ്. അതുമുഴുവനും ഡിസ്കൗണ്ട് ചെയ്യാനുള്ള സംവിധാനം പൂർണ്ണമായും ഏർപ്പെടുത്തിക്കഴിഞ്ഞു. അതിനുള്ള സോഫ്റ്റ്‌വെയർ

തയ്യാറാക്കുന്നതിനായി ഒരു മാസത്തെ കാലതാമസം വന്നതിനാലാണ് ഇത്ര വൈകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഡി.ഡി.ഒ.-മാർക്കുമുള്ള പരിശീലനവും നൽകിക്കഴിഞ്ഞു. ഒരാഴ്ചക്കുള്ളിൽ ഏതാണ്ട് മുഴുവൻ ബില്ലുകളും കൊടുത്തുതീർക്കാനുള്ള ഏർപ്പാടായിട്ടുണ്ട്; കൂടാതെ ബാക്കി വരുന്ന 5 ലക്ഷം രൂപയിൽ താഴെവരുന്ന ബില്ലുകളുടെ ജനുവരി ഒന്ന് വരെയുള്ള പേമെന്റ് ട്രഷറിയിൽ നിന്ന് നേരിട്ട് പണമായി നൽകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്; അത് ഡിസ്ബേഴ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. 10-ാം തീയതിക്കുള്ളിൽ മുഴുവനായും കൊടുത്ത് തീരും. ബാക്കിയുള്ള 10 കോടി രൂപയും കൊടുത്ത് തീർക്കാനുള്ള ഏർപ്പാടുണ്ടാക്കാം. ഇവിടെ പറയുന്ന രീതിയിലുള്ള സ്തംഭനവും മറ്റ് കാര്യങ്ങളൊന്നുമില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വലിയ സ്തംഭനം എന്നുപറയുന്നതിന്റെ കണക്ക് ഞാൻ പറയാം. 2014-15 മാർച്ച് 31 വരെ 68 ശതമാനവും 2015-16-ൽ 73 ശതമാനവും 2016-17-ൽ 67 ശതമാനവും 2017-18-ൽ 85 ശതമാനവുമാണ് ചെലവാക്കിയത്. 2018-19-ൽ ക്യൂവിൽ നിന്ന് ബില്ലുകൊടുത്തു; ക്യൂവിൽ നിന്നുള്ള ബില്ലുകൾ ഒഴിവാക്കിയാൽ 85 ശതമാനവും അത് ഉൾപ്പെടുത്തിയാൽ 93 ശതമാനവുമാണ്. ഇതുപോലെ ഏതാണ്ട് പൂർണ്ണമായി മാറ്റിവച്ച ഫണ്ട് ചെലവാക്കപ്പെടും. സംസ്ഥാന സർക്കാരിന്റെ ഖജനാവിലെ ഞെരുക്കം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബാധിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. അവരുടെ പദ്ധതികൾക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഇല്ലാത്ത ആശങ്കകൾ പറഞ്ഞ് പരത്തരുത്. കൂടുതലായി എന്തെങ്കിലുമുണ്ടെങ്കിൽ ബജറ്റിൽ നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും യാഥാർത്ഥ്യങ്ങളുടെ ലോകത്തിലല്ല ജീവിക്കുന്നത്. അങ്ങ് പറയുന്ന കാര്യങ്ങൾ സഭയിലെ 140 മെമ്പർമാരിൽ അങ്ങ് ഒഴികെ ആർക്കും സ്വീകാര്യമായ കാര്യമല്ല. അങ്ങ് വളരെ സമർത്ഥമായി ഒഴിഞ്ഞുമാറുകയാണ്. യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങിവരണം. I am very sorry to say that, you are misleading the house and you are hiding the facts. ഇത് എന്ത് അവസ്ഥയാണ്; കഴിഞ്ഞ വർഷം മാർച്ച് 24-നാണ് ക്യൂ-ബിൽ ആരംഭിച്ചത്. ഈ വർഷം ഇപ്പോൾത്തന്നെ ക്യൂ-ബിൽ ആരംഭിച്ചുകഴിഞ്ഞു. ഇന്നേയ്ക്ക് ആയിരത്തി ഇരുപത്തിയൊന്ന് കോടി രൂപയുടെ ബിൽ പേമെന്റിനായി കാത്തുകിടക്കുകയാണ്. പ്രശ്നമൊന്നുമില്ല, ഡിസ്കൗണ്ട് ചെയ്യുമെന്നൊക്കെ ഇന്നലെ ചോദ്യോത്തരവേളയിൽ ധനമന്ത്രി പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബിൽ ഡിസ്കൗണ്ട്

ചെയ്യുന്നില്ല; പെൻഡിംഗിലുള്ള ആയിരത്തി ഇരുപത്തിയൊന്ന് കോടി രൂപ എന്നുപറഞ്ഞാൽ 33658 ബില്ലുകളാണ്. ഒന്നോ രണ്ടോ ബില്ലുകളല്ല. 2 ലക്ഷം മുതൽ 7 ലക്ഷം രൂപവരെയുള്ള ബില്ലുകളാണുള്ളത്. ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഇതെല്ലാം ക്ലിയർ ചെയ്ത് ഓർഡർ കൊടുത്തതായി പറഞ്ഞു. ഇന്നും ഞാൻ അന്വേഷിച്ചു: 50,000 രൂപയിൽ കൂടുതൽ വരുന്ന ഒരു ബില്ലും ട്രഷറിയിൽ മാറുന്നില്ല. 10-ാം തീയതിക്ക് മുമ്പായി എല്ലാ ബില്ലുകളും പേമെന്റ് നടത്തുമെന്ന് പറഞ്ഞ് ദയവായി സഭയെ തെറ്റിദ്ധരിപ്പിക്കരുത്, അപമാനിക്കരുത്. ഇപ്പോഴത്തെ അവസ്ഥ, നിങ്ങളുടെ കണക്കുപ്രകാരം ഫെബ്രുവരി 1-ാം തീയതിവരെ ഗ്രാമപഞ്ചായത്തുകളുടെ ചെലവ് 48.6 ശതമാനമാണ്. സാമ്പത്തികവർഷം അവസാനിക്കാൻ ഇനി ഒന്നേമുക്കാൽ മാസമേ ബാക്കിയുള്ളൂ. മൂന്നാമത്തെ ക്വാർട്ടറിൽ എത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തുകളുടെ ചെലവ് 47 ശതമാനവും ജില്ലാ പഞ്ചായത്തുകളുടെ ചെലവ് 32 ശതമാനവും നഗരസഭകളുടെ ചെലവ് 36 ശതമാനവും കോർപ്പറേഷനുകളുടെ ചെലവ് 29.5 ശതമാനവുമാണ്. കഴിഞ്ഞ ബജറ്റിൽ സഭ വോട്ട് ചെയ്ത് പാസ്സാക്കിയത് 7,500 കോടി രൂപയ്ക്കാണ്. ഇപ്പോഴത്തെ മൊത്തം ചെലവ് 3043 കോടി രൂപയാണ്. അതായത്, 42.44 ശതമാനം. 3043 കോടി രൂപയ്ക്കകത്ത് കഴിഞ്ഞ വർഷം ക്യൂ നിന്ന ബില്ലിന്റെ തുക 837.66 കോടി രൂപ ഉൾപ്പെടെയാണ് ചെലവ്. ആ ചെലവുകൂടി ഒഴിവാക്കിയാൽ ഇപ്പോഴത്തെ പ്ലാൻ എക്സ്പെന്റിച്ചർ 30 ശതമാനത്തിനും താഴെയാകും. ഇവിടെ യഥാർത്ഥ ചെലവ് 2,106 കോടി രൂപയാണ്. ഈ ചെലവ് എങ്ങനെയാണ് വന്നത്? ക്യൂ നിന്ന ബില്ലുകളും സ്പിൽ ഓവർ ബില്ലുകളും ചേർത്താണ് ഈ ചെലവ് ഉണ്ടായിരിക്കുന്നത്. ഈ സാമ്പത്തികവർഷം തീരാൻ ഇനി രണ്ട് മാസംപോലും ബാക്കിയില്ല, ഒന്നേമുക്കാൽ മാസം മാത്രമേയുള്ളൂ. എത്ര ചെലവ് വരും? നിയമസഭയിൽ ഇന്നലെ അങ്ങ് ഉത്തരം പറഞ്ഞത് ഞാൻ കേട്ടു: ഞാൻ വിളിച്ച് അന്വേഷിച്ചുനോക്കി; എന്റെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിൽ അൻപത് ലക്ഷം രൂപയുടെ ബിൽ പെൻഡിംഗിലാണ്. ഇതുപോലെ ഓരോ പഞ്ചായത്തിലും ഉണ്ടാകും; അതുകാരണം കോൺട്രാക്ടർമാർ വർക്ക് എടുക്കുന്നില്ല. പഞ്ചായത്ത് വർക്ക് എടുക്കുന്ന കോൺട്രാക്ടർമാർ വൻകിടക്കാരൊന്നുമല്ല, ചെറിയ കോൺട്രാക്ടർമാരാണ്. ഒരു പണിയെടുക്കും; അതിന് പേമെന്റ് വാങ്ങിക്കും; തുടർന്ന് അടുത്ത പണിയെടുക്കും അങ്ങനെയാണ് അവർ പണി ചെയ്തുകൊണ്ടിരിക്കുന്നത്. ലോക്കൽ ബോഡീസിന്റെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുന്ന എന്നതാണ് ഇന്നത്തെ അവസ്ഥ എന്ന് ഞാൻ അടിവരയിട്ടു പറയുന്നു. അങ്ങ് ആലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അന്വേഷിച്ചുനോക്കണം. അങ്ങ് യാഥാർത്ഥ്യങ്ങൾ മൂടിവയ്ക്കുകയാണ്; ബിൽ മാറിക്കൊടുക്കാത്തതുകാരണം ഒരു

പഞ്ചായത്തിലും വർക്ക് നടക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് കൊടുത്ത ബില്ലുകളെല്ലാം അവിടെ കെട്ടിക്കിടക്കുകയാണ്. ഇപ്പോൾ കുറച്ച് ബില്ലുകളുടെ പേമെന്റ് നൽകി; ബാക്കി പത്താം തീയതിക്ക് മുമ്പ് നൽകുമെന്നൊക്കെ അങ്ങ് പറഞ്ഞു. ഇത് യാഥാർത്ഥ്യമല്ല; ദയവായി അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. ഇപ്പോൾ അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ഒരു ബില്ലും മാറിക്കൊടുക്കുന്നില്ല. " You are in queue, please wait" എന്നാണ് ബിൽ കൊടുത്താൽ ലഭിക്കുന്ന ഉത്തരം. കേരളത്തിന്റെ ചരിത്രത്തിൽ ജനുവരി മാസം ഇത്രയേറെ ബില്ലുകൾ പെൻഡിംഗിൽ വന്ന കാലമുണ്ടായിട്ടില്ല. ഞങ്ങളുടെ കാലത്തെ ചെലവിന്റെ കാര്യം പറഞ്ഞല്ലോ? അന്ന് പേമെന്റ് ബാക്കിയാകില്ല, എല്ലാ പേമെന്റും നൽകും. ഇന്ന് പൂർത്തിയാക്കിയ വർക്കുകളുടെ ബില്ലുപോലും മാറിക്കൊടുക്കുന്നില്ല. അതായത്, ഈ സാമ്പത്തികവർഷം ഇനി ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കില്ല. പി.ഡബ്ല്യു.ഡി കോൺട്രാക്ടർമാരുടെ ബിൽ നൽകാത്തതു സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫിന്റെ ശ്രദ്ധ ക്ഷണിക്കലുണ്ട്. ഇവിടെ അങ്ങൊരു കപടതന്ത്രം ഉപയോഗിക്കുകയാണ്. ഇങ്ങനെ പോയാൽ ഇത്തവണ മിക്കവാറും പ്ലാൻ ഫണ്ടിലെ സേവിംഗ്സ് അൻപത് ശതമാനമായിരിക്കും; ചെലവഴിക്കേണ്ടി വരില്ല, ചെലവഴിക്കാൻ സാധിക്കില്ല. ഇടതുപക്ഷ മുന്നണി, പ്രാദേശിക സർക്കാരുകളുടെ അപ്പോസ്തലന്മാരാണെന്ന് അങ്ങ് പറയാറുണ്ടല്ലോ; അത് കണ്ടുപിടിച്ചത് നിങ്ങളാണെന്നാണല്ലോ അവകാശപ്പെടുന്നത്; പ്രാദേശിക സർക്കാരുകളെ ഞെക്കിക്കൊല്ലുന്ന ഒരു സർക്കാരും ഇതുവരെ കേരളത്തിലുണ്ടായിട്ടില്ല. അങ്ങ് ഞെക്കിക്കൊല്ലുന്നു; സ്നേഹിച്ച് കൊല്ലുന്നു. ബജറ്റ് അവതരണത്തിന് മുമ്പുതന്നെ അടിയന്തരമായി പെൻഡിംഗ് ബിൽ ക്ലിയർ ചെയ്യണമെന്നാണ് എനിക്ക് അങ്ങയോട് അപേക്ഷിക്കാനുള്ളത്. ഇപ്പോൾതന്നെ 1021 കോടി രൂപയുടെ ബിൽ പെൻഡിംഗിലാണ്. അതിന് പണം നൽകണം. ക്യൂ നിന്ന ബില്ലുകളുടെ കാര്യം പറഞ്ഞല്ലോ; കഴിഞ്ഞ കൊല്ലം മാർച്ച് 23-ാം തീയതിവരെ എല്ലാ ബില്ലിനും പേമെന്റ് നൽകിയിരുന്നു. അതിനുശേഷമുള്ള ഒരാഴ്ചക്കാലം ബിൽ ക്യൂവിൽ വച്ചു. ഇന്നിപ്പോൾ, ജനുവരി മാസം 1-ാം തീയതി മുതൽ ബിൽ ക്യൂവിലാണ്. അതുകൊണ്ട് കേരളത്തിന്റെ പ്രാദേശിക സർക്കാരുകളുടെ വികസന പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്; ഞാനിത് വെറുതെ ഭംഗിവാക്കായോ രാഷ്ട്രീയ വിമർശനമായോ പറഞ്ഞതല്ല; അക്ഷരാർത്ഥത്തിൽ കേരളത്തിലെ ലോക്കൽ ബോഡീസിന്റെ പ്രവർത്തനം ഇന്ന് സ്തംഭനാവസ്ഥയിലാണ്; അതുകൊണ്ടുതന്നെ ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ വസ്തുതകൾ മറച്ചുവയ്ക്കുകയും സഭയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു

എന്നുപറഞ്ഞ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് എനിക്കുനേരെ ശക്തമായ ആക്ഷേപമാണ് ഉന്നയിച്ചിട്ടുള്ളത്. കള്ളം പറഞ്ഞെന്ന് പറയാതെ തെറ്റായ വസ്തുത എന്നു പറഞ്ഞതിൽ എനിക്ക് നന്ദിയുണ്ട്. മറച്ചുവച്ച വസ്തുതയെന്ന് അദ്ദേഹം പറഞ്ഞു: അതിനെക്കുറിച്ച് ഞാൻ പറയാം. അദ്ദേഹം അന്വേഷിച്ചപ്പോൾ ഉദയഗിരി പഞ്ചായത്തിലായാലും മറ്റ് പഞ്ചായത്തിലായാലും ബിൽ മാറുന്നില്ല എന്നായിരിക്കും ഉത്തരം കിട്ടിയത്. ഞാൻ മറുപടി പറഞ്ഞതിൽ ബിൽ മാറിക്കൊടുത്തു എന്നല്ല പറഞ്ഞത്. 24-ാം തീയതി ബിൽ ഡിസ്കൗണ്ടിംഗിനുള്ള ഉത്തരവിറങ്ങി; അതിന്റെ ട്രെയിനിംഗ് കഴിഞ്ഞു; ഇന്നുമുതൽ കൊടുത്തുതുടങ്ങും, ഒരാഴ്ചയ്ക്കുള്ളിൽ ഈ പണം മുഴുവൻ കൊടുത്തുതീർക്കുമെന്നാണ് പറഞ്ഞത്. നിങ്ങൾ പറഞ്ഞത് ഞാൻ പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്. ഞാൻ പറഞ്ഞതിനെക്കുറിച്ച് അങ്ങ് തെറ്റിദ്ധരിച്ചതാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ലോക്കൽ ബോഡീസിന്റേത് രണ്ടുമൂന്ന് ലക്ഷം രൂപയുടെ ചെറിയ ബില്ലുകളാണ്. അതിന് ആരും ഡിസ്കൗണ്ടിംഗിന് പോകില്ല. പി.ഡബ്ല്യൂ.ഡി. ബിൽ ഡിസ്കൗണ്ടിംഗിനായി പോയെന്നിരിക്കും. ചെറിയ ബില്ലിന് ഡിസ്കൗണ്ടിംഗിന് പോകുന്നത് പ്രായോഗികമല്ല. ബില്ലിന് പേമെന്റ് കൊടുക്കുകയാണ് വേണ്ടത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒന്നോ രണ്ടോ ലക്ഷം രൂപയുടെ ബിൽ ഡിസ്കൗണ്ട് ചെയ്യാൻ പറ്റില്ല. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലാണ് ഡിസ്കൗണ്ടിംഗിന് പോകുന്നത്. ഡിസംബർ 31-ാം തീയതിവരെയുള്ള അഞ്ച് ലക്ഷം രൂപയ്ക്ക് താഴെയുള്ള ബില്ലുകൾ പേ ചെയ്യാനുള്ള ഓർഡർ നേരത്തേ ഇറങ്ങിയതിന്റെ അടിസ്ഥാനത്തിൽ പത്താം തീയതിക്കുള്ളിൽ ഇതുമുഴുവൻ കൊടുത്തുതീർത്തിരിക്കും എന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട്, ശ്രീ. കെ. സി. ജോസഫ് ഞാൻ പറയുന്ന കാര്യം മനസ്സിലാക്കണം. നിങ്ങൾ പറയുന്നത് ഒരു കാര്യം ഞാൻ പറയുന്നത് വേറൊരു കാര്യം. ഞാൻ പറഞ്ഞതിനെയെല്ലാം നിങ്ങൾ വിമർശിക്കുന്നു. അതുകൊണ്ട് സഭയിൽ ഞാൻ വീണ്ടും പറയുന്നു; പെൻഡിംഗായിട്ടുള്ള ബില്ലുകളിൽ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ളവയ്ക്ക്, ഇന്നലെ ട്രെയിനിംഗ് നടന്നുകഴിഞ്ഞു; ഇന്നുമുതൽ പേമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ, ഏറിയാൽ പത്ത് ദിവസത്തിനുള്ളിൽ മുഴുവൻ ബില്ലുകളും പേ ചെയ്ത് തീർക്കുന്നതാണ്.

അഞ്ച് ലക്ഷം രൂപയ്ക്ക് താഴെയുള്ള ബില്ലുകളുടെ കാര്യത്തിൽ നേരത്തേ തന്നെ ഉത്തരവിറങ്ങി; ജനുവരി 1-ാം തീയതി മുതലുള്ളതാണ് കൊടുക്കാനുള്ളത്. പത്താം തീയതിക്കുള്ളിൽ മുഴുവനും കൊടുത്തുതീർത്തിരിക്കും. അതിനുശേഷം അഞ്ച്

ലക്ഷം രൂപയ്ക്ക് താഴെയുള്ള ബില്ലുകൾ എത്രവന്നുവെന്ന് അന്വേഷിച്ചപ്പോൾ പത്ത് കോടി രൂപയുടെതാണെന്നറിയാൻ കഴിഞ്ഞു; അതും കൊടുക്കാനുള്ള ഏർപ്പാട് ചെയ്യാം; ഇതാണ് വസ്തുത. ഇനി രണ്ട് മാസമല്ലേയുള്ളൂ, ഇങ്ങനെ പോയാൽ അൻപത് ശതമാനം ചെലവാകില്ല എന്നൊക്കെ അങ്ങ് പറഞ്ഞു. ഈ ബിൽ കൊടുത്ത് കഴിയുമ്പോൾ അൻപത്തിരണ്ട് ശതമാനം ചെലവായിരിക്കും; ഇത് നമ്മുടെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന ചെലവാണ്. കഴിഞ്ഞ വർഷത്തെ പെൻഡിംഗ് ബില്ലുകളെല്ലാം ഈ വർഷം എടുത്തിട്ടുണ്ടെന്നാണ് പറയുന്നത്; അതുകൊണ്ടാണ് അൻപത്തിരണ്ട് ശതമാനമായിരിക്കുന്നത്. എല്ലാ പ്രാവശ്യവും ഇങ്ങനെ തന്നെയാണ് നടക്കുന്നത്. കഴിഞ്ഞ തവണ, മാർച്ച് 31-ാം തീയതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 93 ശതമാനമായിരുന്നു; ഏതാണ്ട് പൂർണ്ണമായും പണം ചെലവാക്കി. എന്നിട്ടും ഇത്രയും പെൻഡിംഗ് വന്നത് എന്താണെന്നറിയാമോ? നിങ്ങളുടെ ഭരണകാലം മുതൽ സ്പിൽ ഓവറായി മാറ്റിയിട്ടിരുന്ന കാര്യങ്ങളൊക്കെ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതെല്ലാം ഈ സഭയിൽ പലവട്ടം ചർച്ച ചെയ്തു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, .....(മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ.....ഇരിക്കൂ....

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ ഈ സെന്റൻസ് പറഞ്ഞ് തീർത്തോട്ടെ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഞാൻ വഴങ്ങാം. ഈ സഭയിൽ പലവട്ടം ചർച്ച ചെയ്തപ്പോൾ അങ്ങനെ സമർപ്പിച്ചിട്ടുള്ള എല്ലാ പെൻഡിംഗ് ബില്ലുകളും പൂർണ്ണമായും പദ്ധതി വിഹിതം കഴിഞ്ഞാലും പാസ്സാക്കുന്നതിന് അഡീഷണൽ പണം നൽകും എന്നുപറഞ്ഞിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കുകയും ചെയ്യും. പിന്നെ എവിടെയാണ് സ്തംഭനം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, ഈ ബില്ലുകൾ പെൻഡിംഗിൽ നിൽക്കുന്ന സമയത്ത് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ വരുന്നു എന്നതാണ്. ഇപ്പോൾ വർക്ക് ഏറ്റെടുക്കാൻ ആളില്ല. കാരണം, അവർ ജനങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ നിവൃത്തിയില്ലാതെ പ്രതിസന്ധിയിലായിരിക്കുകയാണ്. ആ പ്രതിസന്ധി മറികടക്കണമെങ്കിൽ സ്വാഭാവികമായും ഇതെല്ലാം ക്ലിയർ ചെയ്തേ മതിയാകൂ. അല്ലെങ്കിൽ കേരളത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെല്ലാം നിശ്ചലമായിപ്പോകും. അതാണ് ഇപ്പോഴത്തെ അവസ്ഥ.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, ദയവായി കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. കെ. ബഷീർ: സർ, പഞ്ചായത്തുകൾക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ പഞ്ചായത്തുകൾക്കും ത്രിതല പഞ്ചായത്തുകൾക്കും സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതുപ്രകാരം പദ്ധതിയും ഉണ്ടാക്കിയിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവരോട് ചോദിക്കാനുള്ളത്: നിങ്ങൾ കേരളത്തിലെ പഞ്ചായത്തുകളോടും മുനിസിപ്പാലിറ്റികളോടും അവർക്ക് നൽകിയ പദ്ധതി വിഹിതത്തിൽനിന്നും 20% തുക മാറ്റി സ്വന്തമായി ഭൂമിയില്ലാത്ത ആളുകൾക്ക് മൂന്ന് സെന്റ് ഭൂമി വാങ്ങാനായി 2 ലക്ഷം രൂപ വീതം നീക്കിവയ്ക്കാൻ പറഞ്ഞു. സംസ്ഥാനത്ത് ഇതിന് അപേക്ഷ വിളിച്ചിട്ട് ഈ നിമിഷംവരെ അതിന്റെ ആപ്പ് തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് ആർക്കും ഭൂമി വാങ്ങിക്കൊടുക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുമില്ല. അങ്ങനെവരുമ്പോൾ 858 കോടി രൂപ ആ പദ്ധതിയിൽ കിട്ടും.

ഡോ. ടി. എം. തോമസ് ഐസക്: ഈ ചർച്ച ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ല; ഈ പറഞ്ഞ കാര്യങ്ങളിലൊക്കെ ഇങ്ങനെ പല പ്രശ്നങ്ങളുമുണ്ട്; പക്ഷേ ഇതൊക്കെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടതാണോ? ഞാൻ ഒരു കാര്യം ഉറപ്പിച്ച് പറയാം: ഈ രീതിയിലാണ് ചെലവുകൾ പോകുന്നതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇവിടെ പറഞ്ഞതുകൂടാതെ 1500 കോടി രൂപ റോഡ് നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. അതും ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കോൺട്രാക്ടർമാരില്ല എന്നുപറഞ്ഞല്ലോ; എന്താണ് കാരണം; ഏറ്റെടുക്കാൻ പറ്റാത്ത വിധത്തിൽ അത്രയേറെ പണികളുണ്ട്. കഴിഞ്ഞ തവണത്തെ അത്രയുംതന്നെ ചെലവ് ഈ വർഷവുമുണ്ടാകും; അതിൽ ഒരു സംശയമോ ആശങ്കയോ വേണ്ട. ദയവുചെയ്ത് ഇല്ലാത്ത ഭയാശങ്കകൾ പറഞ്ഞുണ്ടാക്കരുത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എല്ലാത്തവണയും പറയുന്ന അതേകാര്യങ്ങൾ അദ്ദേഹം ആവർത്തിക്കുകയാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിപൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. ഒരു വർക്കും ആരും ഏറ്റെടുക്കുന്നില്ല. ഇവിടെ ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ചെറുകിടക്കാരായ കോൺട്രാക്ടർമാരാണ് പഞ്ചായത്തിൽ

വർക്ക് ഏറ്റെടുക്കുന്നത്. പണം കിട്ടാത്തതുകൊണ്ടാണ് അവർ ഒരു വർക്കും എടുക്കാത്തത്. കേരളത്തിലെ 139 എം.എൽ.എ.-മാർക്കും അഭിപ്രായ വ്യത്യാസമില്ലാത്ത ഒരു കാര്യമാണ് ഞങ്ങൾ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി എല്ലാ പ്രാവശ്യവും ചെയ്യുന്നതുപോലെ, അദ്ദേഹത്തിന്റെ വാക്‌വിലാസം കൊണ്ട് മറച്ചുവയ്ക്കാൻ കഴിയുന്നൊരു കാര്യമല്ല ഇത്. പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ കോർപ്പറേഷനുകളിലോ ഒരുവർക്കും എടുക്കാൻ ആളുകൾ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് ഗവൺമെന്റ് പരിശോധിക്കണ്ടേ? പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്ന ഈ പ്രശ്നം എന്തുകൊണ്ട് പരിഹരിക്കാൻ തയ്യാറാകുന്നില്ല? അങ്ങയുടെ വാഗ്ദാനങ്ങളെല്ലാം ജലരേഖകളായി നിൽക്കുകയാണ്. ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. അതുകൊണ്ടാണ് അവയെ Local Self Government എന്നുവിളിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ലെങ്കിൽ നാട്ടിലെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല, നാട്ടിൽ മാറ്റമുണ്ടാകില്ല. അങ്ങ് പദ്ധതി പ്രവർത്തനത്തിന്റെ ശതമാനക്കണക്ക് പ്രമേയാവതാരകനോട് ചൂണ്ടിക്കാണിച്ചു. പലപ്പോഴും ഞങ്ങൾ ഉന്നയിക്കുന്ന കാര്യമാണ്; കഴിഞ്ഞ വർഷത്തെ മാറ്റിവച്ച ഫണ്ടും ഈ വർഷം ചെലവഴിച്ചതും ക്യൂവിലുള്ളതുംകൂടി ചേർത്തുകൊണ്ടാണ് അങ്ങ് ഈ ശതമാനം ഇവിടെ പറഞ്ഞത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏറ്റവും കൂടുതൽ ദുർബ്ബലമാക്കിയ ഒരു ഗവണ്മെന്റിനെയാണ് കഴിഞ്ഞ മൂന്നര വർഷമായി നമുക്ക് കാണാൻ സാധിച്ചത്. അധികാര വികേന്ദ്രീകരണത്തിന്റെ വക്താക്കളാണ് തങ്ങൾ എന്ന് ചമഞ്ഞ് നാട്ടിലുടനീളം പ്രസംഗിച്ചയാളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. സാമ്പത്തിക ഞെരുക്കമുണ്ടെങ്കിലും അതിനകത്ത് ഒരു പ്രയോരിറ്റി വേണ്ടേ? അങ്ങയുടെ ആ പ്രയോരിറ്റിയിൽ പഞ്ചായത്തുകളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ വരുന്നില്ല. 10-ാം തീയതിക്കുള്ളിൽ അങ്ങ് തുക കൊടുക്കുമെന്നാണ് പറയുന്നത്. അങ്ങേയ്ക്ക് ഇക്കാര്യം പറയാൻ പ്രതിപക്ഷത്തിന് അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടിവന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഒന്നാമത്തെ പ്രയോരിറ്റി കൊടുക്കേണ്ടത്. കാരണം, പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. പഞ്ചായത്തുകളെല്ലാം ഇപ്പോൾ വോട്ടർപ്പട്ടികയിൽ ആളിനെ ചേർക്കുന്നതിനുള്ള തിരക്കിലാണ്. ഇനി ഫണ്ട് ചെലവഴിക്കാൻ അവർക്ക് സമയമുണ്ടാകില്ല. ഏതെങ്കിലും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പദ്ധതി ചെലവുകളുടെ കാര്യത്തിൽ ശ്രദ്ധ

കേന്ദ്രീകരിക്കാൻ സാധിക്കുമോ? ഈ അവസ്ഥ മനസ്സിലാക്കിക്കൊണ്ട്, അവരെ സഹായിക്കാൻ ചുമതലപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്ന സമീപനമാണ് കഴിഞ്ഞ മൂന്നര വർഷമായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ നിയമസഭാ സമ്മേളനങ്ങളിലും ഇത്തരത്തിലുള്ള അടിയന്തരപ്രമേയങ്ങൾ സ്ഥിരമായി അവതരിപ്പിക്കേണ്ടിവരുന്നു. എന്തുകൊണ്ട് ഇത് പരിശോധിക്കുന്നില്ല? പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. ശ്രീ. മോൻസ് ജോസഫ് പ്രസിഡന്റായിട്ടുള്ള കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഇന്ന് സമരത്തിലാണ്. കേരളത്തിൽ ഒരു വർക്കും നടക്കുന്നില്ല. ഭാരിച്ച ബാധ്യതയോടുകൂടിയാണ് കരാറുകാർ നിൽക്കുന്നത്. അതുകൊണ്ട് അവർ വർക്കെടുക്കാൻ കഴിയാതെ സമരത്തിലേയ്ക്ക് പോകുകയാണ്. 1500 കോടി രൂപ അനുവദിച്ചെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏത് റോഡിന്റെ കാര്യമാണ് ഈ പറയുന്നത്? പ്രളയം കഴിഞ്ഞപ്പോൾ പുനർനിർമ്മിക്കേണ്ട ഗ്രാമീണ റോഡുകളുടെ പേരെഴുതിക്കൊടുക്കാൻ എല്ലാവരോടും ആവശ്യപ്പെടുകയും എഴുതിക്കൊടുക്കുകയും ചെയ്തു. ഗ്രാമീണറോഡുകൾക്ക് വേണ്ടി പണമനുവദിക്കണമെന്ന് എല്ലാ നിയമസഭാംഗങ്ങളും പറഞ്ഞതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗ്രാമീണറോഡുകളുടെ വൺ ടൈം മെയിന്റനൻസിനായി 5000 കോടി രൂപ അനുവദിച്ചതാണ്. ഞങ്ങളോടൊക്കെ റോഡുകളുടെ പേരുകൾ ചോദിച്ചു: പക്ഷേ ഒരുകാര്യവും നടന്നിട്ടില്ല. എന്തിനേറെ പറയുന്നു, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾപോലും പഞ്ചായത്തുകളിൽനിന്നും കൊടുക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്.

റീ-ബിൽഡ് കേരളയുടെ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്നുണ്ടോ? അങ്ങനെ സംസ്ഥാനം വളരെ ഗുരുതരമായ വികസന സ്തംഭനത്തിലേയ്ക്ക് നീങ്ങുകയാണ്. ഓരോ നിയമസഭാ സമ്മേളനത്തിലും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയങ്ങൾ ഞങ്ങൾ അവതരിപ്പിക്കുന്നുണ്ട്. എന്തുകൊണ്ട് അവതരിപ്പിക്കേണ്ടി വരുന്നു? ഈ ഗവൺമെന്റിന്റെ least priority ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ഒരു പരിഗണനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കേന്ദ്ര ഗവൺമെന്റുതന്നെ ആവിഷ്കരിച്ച ഐ.എ.വൈ. പദ്ധതിയിൽ നിന്നും ഗഡുക്കൾ കൊടുക്കാത്ത കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഞങ്ങൾ സംസാരിച്ചിട്ടുണ്ട്; അതുപോലെ നിരവധി പദ്ധതികൾ; പണം അനുവദിക്കുന്നില്ല. എങ്ങനെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകുന്നില്ലെങ്കിൽ ആ ഭരണ സമിതികൾക്ക് എങ്ങനെ പ്രവർത്തിക്കാനാകും? എങ്ങനെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയും? അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിങ്ങൾ ചെയ്യുന്നത് ക്രൂരമായ അനീതിയാണ്. നിങ്ങൾ അവരുടെ വികസന പ്രവർത്തനങ്ങളെ മുരടിപ്പിക്കുകയായിരുന്നു; സ്തംഭിപ്പിക്കുകയായിരുന്നു. കേരളത്തിന്റെ വികസനത്തെ സ്തംഭിപ്പിച്ച് സമരത്തിലേയ്ക്കെത്തിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മറ്റ് ചെലവുകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്തവണ്ണം നാളെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ബിൽ വരികയാണ്. അത് കഴിഞ്ഞാൽ ഓരോ പഞ്ചായത്തുകൾക്കും വാർഡ് വിഭജനവും അതിന്റെ കേസ്സും മറ്റുമായി വേറെ വഴിക്ക് പോകേണ്ടിവരും. ഇനി വലിയ ചെലവഴിക്കലൊന്നും ഉണ്ടാകില്ല. ട്രഷറിയിൽ നിന്നും അഞ്ച് ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ മാറിക്കൊടുക്കുന്നില്ല. പക്ഷേ ധനകാര്യ വകുപ്പിൽനിന്നും സ്പെഷ്യൽ ഓർഡർ വാങ്ങി ട്രഷറിയിൽനിന്ന് പണം വാങ്ങുന്നവരുണ്ടെന്ന് പറയുന്നു; അക്കാര്യം പരിശോധിക്കണം. അങ്ങനെയാണെങ്കിൽ അത് വലിയ ആക്ഷേപങ്ങൾക്ക് വഴിയൊരുക്കും. മലപ്പുറത്തെ പഞ്ചായത്തുകളിൽ മാത്രമായി 20 കോടി രൂപയുടെ പെൻഡിംഗുണ്ട്. ബജറ്റിൽ പറഞ്ഞ തുക ചെലവഴിച്ചില്ലെങ്കിൽ മാർച്ച് 31 കഴിഞ്ഞാൽ പണം നഷ്ടപ്പെടുമെന്ന് പറയുന്നുണ്ട്. പണി കഴിഞ്ഞിട്ട് ബിൽ കൊടുത്തിട്ടും സർക്കാർ പണം കൊടുക്കാത്തതിന്റെ പാപഭാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലയിൽ വച്ചുകെട്ടുന്നതിൽ എന്താണ് അർത്ഥം? ഉദാഹരണത്തിന് 2020-21 സാമ്പത്തികവർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറിന് പണം നൽകില്ലെന്ന് പറഞ്ഞുകഴിഞ്ഞു. സ്പിൽ ഓവർ പ്രോജക്ടിന് ആവശ്യമായ പണം നീക്കിവച്ചിട്ട് ബാക്കിയുള്ള പണംകൊണ്ട് പുതിയ പദ്ധതി ഉണ്ടാക്കിയാൽ മതിയെന്നാണ് ഉത്തരവ്. സർക്കാർ പണം നൽകാത്തതുകൊണ്ടാണ് പണികൾ നടക്കാത്തത്. പണി നടക്കാതെ വരുമ്പോൾ സ്പിൽഓവറായി മാറുന്നതിന്റെ ഉത്തരവാദി സർക്കാരും പേരുദോഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വരുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. 10-ാം തീയതിയോടുകൂടി അഞ്ച് ലക്ഷം രൂപയ്ക്ക്

താഴെയുള്ള തുക മുഴുവൻ കൊടുത്തുതീർക്കും, അഞ്ച് ലക്ഷമുള്ളവർക്ക് ഡിസ്കൗണ്ട് ചെയ്ത് കൊടുക്കാം എന്നൊക്കെ അങ്ങ് പറയുന്നുണ്ടെങ്കിലും കഴിഞ്ഞ വർഷവും ഇതേ പല്ലവി തന്നെയാണ് പറഞ്ഞിട്ടുള്ളത്.

ഇപ്പോൾ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയോട് തനത് ഫണ്ടിൽനിന്നും കുടുംബസംഗമങ്ങൾ നടത്തുന്നതിനുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഏകദേശം 5 കോടി രൂപയോളം വിനിയോഗിക്കാൻ പറഞ്ഞിരിക്കുകയാണ്. ഈ 5 കോടി 17 ലക്ഷം രൂപയുണ്ടെങ്കിൽ എത്ര വീടുകൾ നിർമ്മിക്കാനാകും? സത്യത്തിൽ ഒരു ശാസ്ത്രീയ ചിന്തയുമില്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംഭരണ ഗവൺമെന്റുകളാണെന്ന് ഒരു ഭാഗത്ത് പറയുകയും, അല്ല അത് എന്റെ നിയന്ത്രണത്തിലാണെന്ന് ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയ്ക്ക് മാറ്റം വരുമെന്ന് ഞങ്ങൾ ഇനി പ്രതീക്ഷിക്കുന്നില്ല. അങ്ങയുടെ ഇതുപോലെയുള്ള വാഗ്ദാനങ്ങൾ കഴിഞ്ഞതവണയും ഞങ്ങൾ കേട്ടതാണ്. അതിൽ ഒന്നും സംഭവിച്ചിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ ക്യൂ സിസ്റ്റത്തിൽ വീണ്ടും ബില്ലുകൾ വന്നുകൊണ്ടിരിക്കുന്നു; കരാറുകാർ ഇനി പണിയെടുക്കില്ല എന്നുള്ള തീരുമാനത്തിലാണ്. ശ്രീ. മോൻസ് ജോസഫിന്റെ നേതൃത്വത്തിലുള്ള കോൺട്രാക്ടേഴ്സ് അസോസിയേഷൻ സമരം ആരംഭിച്ചിരിക്കുന്നു. ഇനി സ്തംഭനാവസ്ഥയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇങ്ങനെ തകർക്കാൻ പാടില്ലായിരുന്നു. അതൊന്നും ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇ. കെ. നായനാർ സർക്കാരിന്റെ കാലത്താണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ തീരുമാനിച്ചത്. ഇപ്പോൾ ട്രഷറി നിയന്ത്രണം കാരണം അവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എങ്ങനെ കാശ് ചെലവഴിക്കാതിരിക്കാമെന്നാണ് നോക്കുന്നത്. ഞാൻ പറയുന്നത് ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിച്ചാൽകൊള്ളാം: എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് വർക്കുകളുണ്ട്, ഒരു വർക്ക് ടെണ്ടർ ചെയ്യാറായപ്പോൾ പത്ത് മീറ്റർ വീതിവേണമെന്ന് കിഫ്ബി പറഞ്ഞു. ഞാൻ അങ്ങയെ കണ്ട് ഇക്കാര്യം പറഞ്ഞതാണ്. ടാർ വിഡ്ത് അഞ്ചര മീറ്റർ മതി, ഇക്കാര്യത്തിൽ അതുണ്ട്. കിഫ്ബി പത്ത് മീറ്ററിന് നടപ്പാക്കിക്കോട്ടെ. ഇപ്പോൾ ടെണ്ടർ ചെയ്താൽ

വർക്ക് നടക്കും. ഈ ഒരൊറ്റ കാരണത്തിന്റെ പേരിൽ കഴിഞ്ഞ മൂന്ന് കൊല്ലമായി അവിടെ മെയിന്റനൻസ് പോലും നടക്കുന്നില്ല. അഞ്ചര മീറ്റർ ടാർ വിഡ്ത്തുമുണ്ട്, എന്നിട്ടും എന്തുകൊണ്ട് അനുവദിക്കുന്നില്ല. കാരണം കാശ് ചെലവാക്കാൻ പാടില്ല. ഭൂമി അക്വയർ ചെയ്യുന്ന നടപടി പിന്നീട് നടത്തിയാൽ മതി. എങ്ങനെയും കാശ് ചെലവഴിക്കാതിരിക്കാനുള്ള ഒരു തന്ത്രമായി കാണുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. വികസന പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബലഹീനമാക്കരുത്; അവർക്ക് പ്രോത്സാഹനം കൊടുക്കണം. ഇക്കാര്യത്തിൽ അങ്ങ് ഫലപ്രദമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബില്ലുകൾ മാറുന്നില്ല; അതിന്റെ അടിസ്ഥാനത്തിൽ പുതിയ വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. സ്വാഭാവികമായും ഈ മേഖലയിൽ ഒരു സ്തംഭനാവസ്ഥയുണ്ടായിട്ടുണ്ട് എന്നത് വാസ്തവമാണ്. അങ്ങ് ഇവിടെ ഡിസ്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. ഡിസ്കൗണ്ടിംഗ് സംവിധാനം വന്നുകഴിയുമ്പോൾ ബാങ്കുകൾക്ക് നൽകാനുള്ള പലിശയുടെ ബാധ്യത ഈ സ്ഥാപനങ്ങളുടെ തലയിലേയ്ക്ക് വരുമോ എന്ന സംശയം നിലനിൽക്കുകയാണ്. അതിന്റെ ഒരു ഭാഗം ഗവൺമെന്റ് വഹിക്കുമെന്നാണ് പറയുന്നത്. ബാക്കി ഭാഗം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമലിലേയ്ക്കുതന്നെ വരുന്ന സാഹചര്യമുണ്ടാകും: അങ്ങനെ വന്നുകഴിഞ്ഞാൽ ഇത് കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുമെന്നുള്ള മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ ശ്രീ. പി. ജെ. ജോസഫ് സൂചിപ്പിച്ച ഒരു വിഷയം സംബന്ധിച്ച് അങ്ങയിൽനിന്നും ഒരു വ്യക്തമായ മറുപടിയുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കിഫ്ബി റോഡുകളെ സംബന്ധിച്ചുള്ളതാണ്, അത് എല്ലാ എം.എൽ.എ.-മാർക്കും താൽപ്പര്യമുള്ള ഒരു വിഷയവുമാണ്. കിഫ്ബി റോഡുകൾക്ക് 12 മീറ്റർ വീതി വേണമെന്നുള്ള നിബന്ധനയുണ്ടോ ഇല്ലയോ എന്ന

കാര്യമറിയാൻ എല്ലാ എം.എൽ.എ.-മാർക്കും താൽപ്പര്യമുണ്ട്. പല കിഫ്ബി വർക്കുകളും കേരളത്തിൽ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. 12 മീറ്റർ വീതിയുണ്ടെങ്കിലേ വർക്ക് മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നതാണ് കാരണം. എന്റെ മണ്ഡലത്തിലെ മണീട് പഞ്ചായത്തിൽ ഒരു വർക്ക് ആരംഭിച്ച് ഇരുപത് ശതമാനം കഴിഞ്ഞപ്പോഴാണ് ഈ നിബന്ധന വന്നത്. അതിന്റെ പേരിൽ കഴിഞ്ഞ മൂന്നര മാസക്കാലമായി ആ വർക്ക് നിർത്തിവച്ചിരിക്കുകയാണ്. ശ്രീ. പി. ജെ. ജോസഫിന്റെ മണ്ഡലത്തിൽ വർക്ക് തുടങ്ങിയിട്ടില്ല. പക്ഷെ എന്റെ മണ്ഡലത്തിൽ വർക്ക് നിർത്തിവച്ചിരിക്കുകയാണ്. പല വർക്കുകളും പെൻഡിംഗിലാണ്. ഇത് വളരെ ഗുരുതരമായ സാഹചര്യമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇതിനെ കൂട്ടിവായിക്കാനാണ് ഞങ്ങൾ താൽപ്പര്യപ്പെടുന്നത്. ജനങ്ങൾ അങ്ങനെ തന്നെയാണ് ചിന്തിക്കുന്നതും. സാമ്പത്തിക പ്രതിസന്ധി കാരണം എങ്ങനെ ഒരു വർക്ക് നീട്ടിക്കൊണ്ടുപോകാമെന്നതാണ് കിഫ്ബി വർക്കുകളിലും കാണുന്നത്. ഇതിൽ അങ്ങ് ഇടപെടണം. അത് വളരെ ഗൗരവമായ വിഷയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഇത് വെറുതെ പറഞ്ഞുപോകുകയല്ല. അങ്ങയുടെ പഞ്ചായത്തിലും മറ്റ് പഞ്ചായത്തുകളിലുമൊക്കെ നോക്കിക്കഴിഞ്ഞാൽ ഇതുതന്നെയാണ് സ്ഥിതി. ഇത് സംബന്ധിച്ച് ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ലോക്കൽ ബോഡീസിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ മുമ്പുതന്നെ വളരെ പതുക്കെയാണ് വർക്കുകൾ നീങ്ങിയിരുന്നത്. ഇന്നിപ്പോൾ പൂർണ്ണമായും സ്തംഭിച്ച സാഹചര്യമാണ്. ഇക്കാര്യത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) ഇക്കോ സെൻസിറ്റീവ് ഏരിയ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ അതിർത്തിയിൽനിന്ന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നുവെന്നുള്ള പത്ര വാർത്തകൾ വന്നതിനെത്തുടർന്ന് കർഷകർ ആശങ്കയിലാണ്. ചില സ്ഥലങ്ങളിൽ പ്രക്ഷോഭങ്ങളൊക്കെ നടത്തുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുമ്പ് പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങൾ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുമെന്ന് പറഞ്ഞപ്പോൾ വലിയ പ്രക്ഷോഭങ്ങൾ നടത്തിയതുമൂലം തൽക്കാലം നിർത്തിവയ്ക്കുകയാണ് ചെയ്തിരുന്നത്. ഇപ്പോൾ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലം എക്കോ സെൻസിറ്റീവ് സോണായി മാറ്റുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ വളരെ സജീവമായി നടക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇന്ത്യയിൽ ഇരുപത് ശതമാനത്തോളം ഭൂവിസ്തൃതിയിലാണ് വനമുള്ളതെങ്കിൽ കേരളത്തിൽ മുപ്പത് ശതമാനവും വയനാട് പോലുള്ള ജില്ലകളിൽ അത് നാല്പത് ശതമാനവുമാണ്. വനത്തിനോട് ചേർന്നുള്ള പ്രദേശങ്ങളെല്ലാം താരതമ്യേന ജനവാസ കേന്ദ്രങ്ങളാണ്. ഇവിടെ ചുറ്റും നിരവധി ആളുകൾ താമസിക്കുന്നുണ്ട്. കൃഷിയും കർഷകരുമുണ്ടെന്നുള്ള കാര്യങ്ങളിൽ സംശയമില്ലാത്തതുമാണ്. മാത്രമല്ല വനാവകാശനിയമം നടപ്പിലാക്കുന്നതിൽ ഏറ്റവും ഫലപ്രദമായ നടപടി സ്വീകരിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതിന്റെ ഫലമായി വനത്തിനകത്തുതന്നെ നിരവധി ആൾക്കാർ താമസിക്കുന്നുണ്ട്. ഈ സന്ദർഭത്തിലാണ് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുമെന്ന് പറയുന്നത്. വനാതിർത്തിയിൽ താമസിക്കുന്ന ആളുകൾക്ക് കൃഷി ചെയ്യുന്നതിനും അതുപോലെതന്നെ അവരുടെ താമസവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉയർന്നുവരുന്നുവെന്നുമുള്ള വാർത്തകളുടെ അടിസ്ഥാനത്തിലാണ് ഈ വിഷയം സഭയുടെ മുമ്പിൽ ഉന്നയിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നയം വ്യക്തമാക്കണം. പത്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ അനാവശ്യമാണെങ്കിൽ അത് നമുക്ക് ഒഴിവാക്കിയെടുക്കാവുന്നതുമാണ്. ഇതുസംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകണമെന്ന് ആഗ്രഹിച്ചാണ് ഈ ശ്രദ്ധ ക്ഷണിക്കൽ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, വനാതിർത്തി ഒരു കിലോമീറ്റർ ആകാശ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് ഏരിയയായിട്ട് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട് എന്നതാണ് വലിയ ആശങ്കയുണ്ടാക്കിയിട്ടുള്ള വിഷയം. വനാതിർത്തിയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളും കൃഷി സ്ഥലങ്ങളും ഇത്തരത്തിൽ പൂർണ്ണമായും ഇക്കോ സെൻസിറ്റീവ് ഏരിയയായി മാറ്റപ്പെട്ടാൽ അവിടെ വികസന പ്രവർത്തനങ്ങളൊന്നും നടക്കില്ല. കൃഷിക്കാർ ഇപ്പോൾ വലിയ ആശങ്കയിലാണെന്ന വാർത്തകൾ വരുന്നുണ്ട്. അതുകൊണ്ട് നേരത്തെ കൽപ്പറ്റ നിയമസഭാംഗം പറഞ്ഞതുപോലെ കേരളത്തിന്റെ വനവിസ്തൃതി വളരെ വലുതാണ്. കേരളത്തിന്റെ ജനസാന്ദ്രതയും കൂടുതലാണ്. അതുകൊണ്ട് ഒരു കിലോമീറ്റർ എന്നതിനുപകരം വനാതിർത്തി തന്നെ അതിന്റെ ഒരു പരിധിയായി നിശ്ചയിച്ചുകൊണ്ട് കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരമാണ് ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയിട്ടുള്ളത്. എക്കോ സെൻസിറ്റീവ് സോൺ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ 31-10-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 29/19/വനം പ്രകാരം സംസ്ഥാനത്തിന്റെ സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തത്വത്തിൽ നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്തെ 23 സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള സ്ഥലങ്ങൾ എക്കോ സെൻസിറ്റീവ് സോൺ മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 3-1-2020-ൽ സർക്കാരിൽനിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മനുഷ്യജീവനുകൾ നഷ്ടപ്പെടുന്നത് ഉൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്ന സാഹചര്യത്തിലാണ് ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം എക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. സംരക്ഷിത പ്രദേശങ്ങളുടെ സംരക്ഷണത്തിനായി അവയ്ക്ക് ചുറ്റും നിശ്ചിത ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുക എന്നത് അനിവാര്യമായ ആവശ്യമാണ്. എക്കോ

സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വാണിജ്യ ഖനനം, തടിമില്ലുകൾ സ്ഥാപിക്കുക, മലിനീകരണങ്ങളുണ്ടാക്കുന്ന വ്യവസായങ്ങൾ എന്നിവ നിയന്ത്രിക്കുന്നതോടൊപ്പം മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതിക വിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്. സാധാരണ ജനജീവിതത്തിന് യാതൊരു ഭംഗവും വരില്ലെന്നതിനാൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമൂലം പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്ന ഒരു സാഹചര്യവും നിലവിലില്ല.

ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ. ചോദിച്ചതിന് ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമായി പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർവരെയുള്ള പ്രദേശങ്ങൾ പാരിസ്ഥിതിക സംവേദക മേഖലകളായി; അതായത്, ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യാനാണ് 8-5-2013-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചത്. ആയതിൻപ്രകാരം 16 സംരക്ഷിത പ്രദേശങ്ങളെ സംബന്ധിച്ച കരട് വിജ്ഞാപനങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തിരുന്നു. സംസ്ഥാന ഗവൺമെന്റ് ഫോറസ്റ്റിന്റെ ബൗണ്ടറി നിലനിർത്തിക്കൊണ്ട് സെൻസിറ്റീവ് ഏരിയ നിശ്ചയിക്കണമെന്ന് ധാരണയുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ കേന്ദ്രത്തിന് അയച്ചുകൊടുക്കുകയും ചെയ്തു. എന്നാലത് കേന്ദ്ര വനം മന്ത്രാലയം സ്വീകരിക്കാതെ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരിച്ചയയ്ക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഫോറസ്റ്റ് ബൗണ്ടറി അടിസ്ഥാനപ്പെടുത്തി ഇക്കോ സെൻസിറ്റീവ് ഏരിയ നിശ്ചയിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചത്. ഇത് സംരക്ഷിത മേഖലയാണ്. പ്രൊട്ടക്റ്റഡ് ഏരിയ എല്ലാ വനമേഖലയുടെയും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ചുറ്റളവിൽ വരുന്നില്ല. സംരക്ഷണ കേന്ദ്രമായി പ്രത്യേകം പ്രഖ്യാപിച്ചിട്ടുള്ള ഏരിയയ്ക്ക് മാത്രമാണ് ഇത്തരത്തിൽ ഒരു ബഫർ സോൺ, ഇക്കണോമിക് സെൻസിറ്റീവ് ഏരിയ വരുന്നത്. അതുതന്നെ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ എന്നാണ് പറയുന്നത്. എന്നുപറഞ്ഞാൽ, പ്രൊട്ടക്റ്റഡ് ഏരിയയോട് ചേർന്ന് ആളുകൾ താമസിക്കുന്ന പ്രദേശങ്ങളിൽ പൂജ്യമെന്നുള്ള നിലയ്ക്കുതന്നെയാണ് നിർദ്ദേശം സ്വരൂപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എന്നാൽ ചില മേഖലകളിൽ പ്രൊട്ടക്റ്റഡ് ഏരിയ കഴിഞ്ഞ് വനമോ അതല്ലെങ്കിൽ കെ.എഫ്.ഡി.സി.(കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ)-യുടെ പ്ലാന്റേഷൻ നടത്തുന്ന

സ്ഥലങ്ങളോ ഉണ്ടാകും. അങ്ങനെയുള്ള സർക്കാർ ഭൂമി ഇതിനോട് ചേർന്ന് കിടപ്പുണ്ട്. അത്തരം പ്രദേശങ്ങളിൽ വനം കവറേജായി വരികയാണ്. അതിനാൽ ഒരു കിലോമീറ്റർ എന്നുപറയുന്നത് ഈ പറയുന്ന പ്രത്യേക മേഖലയ്ക്കുള്ളിൽ വരും. അതല്ലാതെ ജനവാസ മേഖല വരില്ല. അത്രയും വരുന്ന സെൻസിറ്റീവ് ഏരിയ എങ്കിലും ഇന്നത്തെ പ്രത്യേകമായ സാഹചര്യത്തിൽ, പാരിസ്ഥിതിക പ്രശ്നങ്ങളെല്ലാം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയും 2018-ലെയും 2019-ലെയും കെടുതികളെല്ലാംകൊണ്ട് അത്രയെങ്കിലും സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കുക അനിവാര്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശമാണ് നിലവിലിരിക്കുന്നത്. അതനുസരിച്ചാണെങ്കിൽ പത്ത് കിലോമീറ്റർ വരെ സെൻസിറ്റീവ് ഏരിയയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചത് ചട്ടവും, നിയമവുമല്ല, ഒരു മാനദണ്ഡമാണ്. സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കാത്ത സ്ഥലങ്ങളിൽ പ്രൊട്ടക്റ്റഡ് ഏരിയയുടെ അതിർത്തിയിൽനിന്നും പത്ത് കിലോമീറ്റർവരെ സെൻസിറ്റീവ് ഏരിയയായി കണക്കാക്കിക്കൊണ്ടുള്ള നിയന്ത്രണങ്ങളാണ് നിലവിലുള്ളത്. ഗവൺമെന്റ് കൈക്കൊണ്ട ഈ തീരുമാനംമൂലം ജനങ്ങൾക്ക് വലിയൊരു മോചനമാണ് ഉണ്ടായിരിക്കുന്നത്. ഇത് നമുക്ക് അംഗീകരിച്ചുകൊടുക്കാൻ കഴിയും. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അംഗീകാരവും കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അംഗീകാരവുമെല്ലാം ഇത്തരത്തിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ എന്ന് പറയുമ്പോൾ നമുക്ക് അംഗീകരിച്ചുകൊടുക്കാൻ കഴിയും. ജനങ്ങൾക്കും അവിടെയുള്ള കൃഷിക്കും പ്രശ്നമില്ല. റെഡ് ഇൻഡസ്ട്രീസും തടിമില്ലുകളും സ്ഥാപിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഒരു കിലോമീറ്ററിനുള്ളിൽ വരും; അതിനാൽ ആശങ്ക വേണ്ടെന്നാണ് ഗവൺമെന്റിനുവേണ്ടി എനിക്ക് അറിയിക്കാനുള്ളത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, പത്ത് കിലോമീറ്റർ എന്നതിനുപകരം പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ആക്കുകയെന്നുള്ളത് ആശ്വാസകരമാണെങ്കിലും ജനാധിപത്യവും സുതാര്യവുമാകുന്ന രീതിയിൽ വന്യജീവി സങ്കേതങ്ങളുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിലെ ആശങ്ക അകറ്റുന്നതിനുവേണ്ടി എം.എൽ.എ.-മാരുടെ ഒരു യോഗം ചേർന്ന് അവരുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ആശങ്ക വേണ്ട. വന്യജീവി സങ്കേതങ്ങൾക്ക് മാത്രമാണ് ഈ പറയുന്ന സെൻസിറ്റീവ് ഏരിയ നിശ്ചയിക്കുന്നത്. സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ചാണ് ചെയ്യുന്നതെങ്കിൽപ്പോലും വനം

മേഖലയിലെ അല്ലെങ്കിൽ സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിലെ ജനപ്രതിനിധികൾക്ക് കാര്യങ്ങൾ കുറച്ചുകൂടി ബോദ്ധ്യമാകുന്ന വിധത്തിൽ ഒരു യോഗം വിളിച്ചുകൂട്ടണമെന്നുള്ള നിർദ്ദേശം സ്വീകാര്യമാണ്.

## (2) ഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ആലപ്പുഴ മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയും ഡോക്ടർമാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഡോക്ടർമാരുടെ 309 തസ്തികകളിൽ 91 തസ്തികകളിൽ ഒഴിവുകളുള്ളതായാണ് കഴിഞ്ഞ ദിവസത്തെ പത്രത്തിൽ വന്ന റിപ്പോർട്ട്. ആലപ്പുഴയുടെ പ്രത്യേകമായ അവസ്ഥ പരിശോധിച്ചാൽ, ഒരു ഭാഗത്ത് തീരപ്രദേശം മറുഭാഗത്ത് കാർഷിക മേഖല. അവിടെയുള്ള ജനങ്ങൾക്ക് ആറ് മാസംപോലും കൂലിയില്ലാത്ത അല്ലെങ്കിൽ ജോലിയില്ലാത്ത അവസ്ഥയാണുള്ളത്. അതിനാൽ അവർക്ക് പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കാൻ സാധിക്കുകയില്ല. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ശസ്ത്രക്രിയകൾ നടത്തണമെങ്കിൽ രോഗികൾ മാസങ്ങളോളം കാത്തിരിക്കേണ്ടതായി വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം കുറവാണ്. പ്രത്യേകിച്ച് കാർഡിയോ തൊറാസിക് സർജറിക്ക് കാലതാമസം വരുന്നു. അനസ്തെറ്റിസ്റ്റ് ഇല്ലെന്നുള്ളത് എടുത്തുപറയേണ്ട മറ്റൊരു കാര്യമാണ്. സി.റ്റി. സ്കാനിംഗിനുവേണ്ടി ഒരു രോഗി ആശുപത്രിയെ സമീപിച്ചാൽ രണ്ട് മാസത്തിലധികം കഴിഞ്ഞാണ് ഡേറ്റ് കൊടുക്കുന്നത്. ശ്വാസകോശരോഗം ബാധിച്ച ഒരാൾക്കാണെങ്കിൽ അതിന്റെ ചികിത്സാ റിപ്പോർട്ട് ലഭിക്കാതെ ചികിത്സ ആരംഭിക്കാൻ കഴിയില്ല. സ്കാൻ ചെയ്യാനുള്ള ഡേറ്റ് കിട്ടുന്ന സമയത്തേയ്ക്കും ഒരു പക്ഷെ രോഗി മരിക്കുന്ന അവസ്ഥ വരെയുണ്ടാകും.

അതുപോലെ എൻ-95 മാസ്കിന്റെ കാര്യം, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അതിലെല്ലാം ഇടപെടുന്നതാണ്. കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനുശേഷം ഈ മാസ്ക് ലഭ്യമാണ്. ആരോഗ്യ പ്രവർത്തകർക്കും രോഗികളെ പരിചരിക്കുന്നവർക്കും അടിയന്തരമായി ലഭിക്കേണ്ട ഒന്നാണ് എൻ-95 മാസ്ക്. സാധാരണ രോഗികൾക്ക് സർജിക്കൽ മാസ്കാണ് ആവശ്യം. വകുപ്പ് മേധാവികൾ ഇക്കാര്യങ്ങളെല്ലാം വളരെ നിസ്സാരമായി കാണുന്ന സ്ഥിതിവിശേഷമാണുള്ളത്. ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞാലും മാസങ്ങളോളം നോക്കിയിരിക്കേണ്ട അവസ്ഥയാണ്. മെഡിക്കൽ കോളേജിലെ ഇൻഫെർട്ടിലിറ്റി ക്ലിനിക്കിന്റെ കാര്യത്തിലും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അരൂർ നിയോജകമണ്ഡലത്തിലെയും

ആലപ്പുഴയിലെയും ജനങ്ങൾ പൂർണ്ണമായും ആശ്രയിക്കുന്ന ആശുപത്രിയാണിത്. P.H.C.-കൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അരൂക്കുറ്റി ആശുപത്രിയിൽ ഡോക്ടർമാരില്ല. അരൂക്കുറ്റി ആശുപത്രിയുമായി ബന്ധപ്പെട്ട വാർത്തകൾ ദിനംപ്രതി പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അവിടെ നാല് ഒ.പി. കൗണ്ടറുകൾ ഉണ്ട്. എന്നാൽ ഒ.പി.-കൾ കൃത്യമായി പ്രവർത്തിക്കുന്നില്ല. ചിലപ്പോൾ അതിൽ ഒരു ഒ.പി. പ്രവർത്തിച്ചെങ്കിലായി. 250-300 ഓളം ആളുകൾ ദിനംപ്രതി ചികിത്സ തേടിയെത്തുന്ന ഒരു ആശുപത്രിയാണിത്. മരുന്നുകൾ പുറത്തുനിന്ന് വാങ്ങുന്നതിനായി എഴുതിക്കൊടുക്കാൻ പാടില്ലെന്ന് നമുക്കറിയാം. ഇന്നും അരൂക്കുറ്റി ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇല്ലെന്ന ബോർഡ് കൃത്യമായും പ്രദർശിപ്പിച്ചിട്ടുണ്ട്. തുറവൂർ ആശുപത്രിയുടെ കാര്യത്തിലും ആരോഗ്യ വകുപ്പുമന്ത്രി പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട് എന്നതിൽ സംശയമില്ല. 1000-1500 രോഗികൾവരെ നിത്യേന ചികിത്സ തേടുന്ന ആശുപത്രിയിലെ ഒ.പി. ബ്ലോക്ക്, വാർഡുകൾ, മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ തുടങ്ങിയവയുടെ പണിയെല്ലാം പൂർത്തിയായിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തണം. അരൂർ നിയോജകമണ്ഡലത്തിൽ ഒരു പ്രസവ ആശുപത്രിയില്ല. ഞാൻ ഇക്കാര്യം പ്രത്യേകമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എത്രയുംവേഗം തുറവൂർ ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കണം. അരൂർ നിയോജകമണ്ഡലത്തിൽ ഒരു പ്രസവ ആശുപത്രി എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കിത്തരണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. മാർച്ച് 31-വരെ മാത്രമേ ഹീമോഫീലിയ ബാധിച്ച രോഗികൾക്കുള്ള മരുന്ന് കാരുണ്യ ഫാർമസി വഴി ലഭ്യമാക്കുകയുള്ളൂവെന്ന ആശങ്കയിലാണ് രോഗികൾ. ഈ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ചാണ് സബ്മിഷൻ നൽകിയത്. എന്നാൽ മണ്ഡലത്തിലെ എല്ലാ ആശുപത്രികളെക്കുറിച്ചും ഇവിടെ സംസാരിച്ചു. അവ ഓരോന്നായി പിന്നീട് എടുക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ മെഡിക്കൽ കോളേജുകളും centre of excellence ആക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അതുവഴി ആലപ്പുഴ മെഡിക്കൽ കോളേജിൽ വലിയ മാറ്റം ഉണ്ടാക്കുകയും ചെയ്തു. മെഡിക്കൽ കോളേജുകളിൽ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികൾ ഹൈടെക് ആക്കുകയും രോഗീ സൗഹൃദമാക്കുകയും ചെയ്യുമ്പോൾ ഇതുവരെ സ്വകാര്യ മേഖലയിൽ ചികിത്സ തേടി പോയിരുന്ന നിരവധി ആളുകൾ ഗവൺമെന്റ്

മേഖലയിലേയ്ക്ക് തിരിച്ചുവരികയാണ് ചെയ്യുന്നത്. 2016-ൽ നമ്മുടെ സംസ്ഥാനത്തെ 67 ശതമാനം ആളുകളും ചികിത്സയ്ക്കായി സ്വകാര്യമേഖലയെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഈ മൂന്ന് വർഷക്കാലംകൊണ്ട് സ്വകാര്യ മേഖലയിൽ പോയി ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡീച്ചർ വന്ന് കുടുംബമാകെ പ്രശ്നത്തിലാകുന്ന ആളുകൾ, ഗവൺമെന്റ് ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതുവഴി തിരിച്ചുവന്നിട്ടുണ്ട്. എല്ലാ ആശുപത്രികളിലെയും, പ്രത്യേകിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ 2016 മുതൽ 2020 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ രോഗികളുടെ തിരിച്ചുവരവ് മനസ്സിലാക്കാൻ കഴിയും. തിരിച്ചുവരുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന് ഉയർന്ന പരിഗണനയാണ് നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ആവശ്യമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ വർഷവും 150 MBBS സീറ്റുകളിൽ പ്രവേശനം നടത്തുന്ന ഈ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിന് നല്ല രീതിയിലുള്ള പരിശ്രമങ്ങളാണ് നടത്തിയത്. 2016-ൽ ഫാക്കൽറ്റി ഡെഫിഷ്യൻസി വൻതോതിൽ അനുഭവപ്പെട്ടിരുന്നു. എന്നാൽ അത് കുറച്ചുകൊണ്ടുവരാൻ സാധിച്ചു. എം.സി.ഐ. (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ) പരിശോധനയിൽ ഫാക്കൽറ്റി ഉണ്ടെന്നുള്ളതുകൊണ്ടാണ് അഞ്ച് വർഷത്തേയ്ക്ക് സ്ഥിരമായ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞത്. ആദ്യമായാണ് ആലപ്പുഴ മെഡിക്കൽ കോളേജിന് ഇങ്ങനെയൊരു സ്ഥിരമായ അംഗീകാരം ലഭിക്കുന്നത്. മുമ്പ് വലിയ രീതിയിൽ ഫാക്കൽറ്റി ഡെഫിഷ്യൻസി ഉണ്ടായിരുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള അംഗീകാരം ലഭിക്കാതിരുന്നത്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായ ഡി.എം. നെഫ്രോളജി തുടങ്ങുന്നതിന് അംഗീകാരം നേടിയെടുക്കുകയും കോഴ്സ് ആരംഭിക്കുകയും ചെയ്തു. ക്യാൻസർ രോഗ ചികിത്സാരംഗത്ത് ആർ.സി.സി. മോഡൽ ചികിത്സ നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ ശക്തമാക്കുന്നതിനോടൊപ്പം ആലപ്പുഴ മെഡിക്കൽ കോളേജിൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഡോക്ടർമാരുടെയടക്കം 21 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനുവേണ്ടി 4 അദ്ധ്യാപക

തസ്തികകൾ സൃഷ്ടിച്ചു. ആശുപത്രിയിലെ നഴ്സുമാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി 51 സ്റ്റാഫ് നഴ്സിന്റെ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ആലപ്പുഴ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആന്റ് ഇമ്മ്യൂണോളജി ബ്ലഡ് ബാങ്ക് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഒരു അസോസിയേറ്റ് പ്രൊഫസറുടെ ഉൾപ്പെടെ 6 പേരുടെ തസ്തികകൾ സൃഷ്ടിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ ഭാഗമായി സ്പെഷ്യാലിറ്റി കോഴ്സുകളായ ഡി.എം. കാർഡിയോളജി, എം.ഡി. ജനറൽ മെഡിസിൻ, എം.ഡി. പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലേയ്ക്കായി 13 സീറ്റുകൾ പുതുതായി ലഭ്യമാക്കി. എം.എസ്. ഗൈനക്കോളജി, ഡി.എം. നെഫ്രോളജി എന്നീ വിഭാഗങ്ങളിലേയ്ക്കായി 7 സീറ്റുകൾ കൂടുതലായി ലഭ്യമാക്കുകയും എം.സി.ഐ.-യുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. ഇതെല്ലാം നിയമനം നടത്തിയതിന്റെ ഭാഗമായാണ് കൂടുതലായി ലഭിച്ചത്. ഇതുകൂടാതെ കൂടുതൽ പോസ്റ്റ് ക്രിയേഷൻ നടത്തി നിയമനം നടത്തിയതിന്റെ ഭാഗമായാണ് ബി.എസ്.സി. ഡയാലിസിസ് തെറാപ്പി കോഴ്സിന് 10 സീറ്റുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചത്. മെഡിക്കൽ കോളേജിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനായി തീവ്ര പരിശ്രമം നടത്തിയിട്ടുണ്ട്. പകരക്കാരെ നിയമിക്കാതെ ഇവിടെനിന്ന് ഡോക്ടർമാരെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പി.എസ്.സി. പ്രസിദ്ധീകരിച്ച നിയമന ലിസ്റ്റിൽനിന്നും ആലപ്പുഴ മെഡിക്കൽ കോളേജിലെ ഒഴിവുകൾ നികത്തുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ സ്വപ്നതുല്യമായ വികസനമാണ് നടക്കുന്നത്. കാരണം പ്രധാനപ്പെട്ട ആധുനിക ഉപകരണങ്ങളെല്ലാം ഈ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിലാണ് വാങ്ങിക്കൊടുത്തത്. എം.ആർ.ഐ. സ്കാൻ അവിടെ ഉണ്ടായിരുന്നില്ല. എം.ആർ.ഐ. സ്കാനിംഗ് മെഷീൻ, സി.റ്റി. സ്കാനിംഗ് മെഷീൻ, കൊബാൾട്ട് യൂണിറ്റ്, ഇലക്ട്രോ ഫിസിയോളജി യൂണിറ്റ്, എക്കോ മെഷീൻ, റ്റി.എം.റ്റി. മെഷീൻ, അൾട്രാസൗണ്ട് സിസ്റ്റം, കാർഡിയോളജി വിഭാഗത്തിൽ ഹൈ ഡിപ്പെൻഡൻസി യൂണിറ്റ് മുതലായ ആധുനിക സംവിധാനങ്ങൾ ഈ മൂന്ന് വർഷത്തിനിടയിലാണ് സ്ഥാപിച്ചത്. അതിന്റെയെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കൂടുതൽ ആളുകൾ വരുമ്പോൾ കുറച്ച് ക്യൂ വരും: അത് സ്വാഭാവികമാണ്. ഇത്രയൊക്കെ അല്ലാതെ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും. ഇതെല്ലാം ഇപ്പോൾ ചെയ്തതാണ്. ഇതുകൂടാതെ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി കോടികൾ ചെലവഴിച്ചാണ് ഒ.പി. നവീകരിച്ചത്. 2016-ലും 2020-ലുമുള്ള ഒ.പി. വിഭാഗത്തിന്റെ ചിത്രം പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ സാധിക്കും.

രോഗികൾക്ക് ഇരിക്കാനുള്ള സൗകര്യവും കാര്യങ്ങളുമായി വമ്പിച്ച മാറ്റം കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ഒ.പി. വിഭാഗം നവീകരിച്ചു; ട്രോമാകെയർ, അത്യാധുനികമായ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ്, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നിവയുടെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുകയാണ്. അത് ഉടൻതന്നെ പൂർത്തിയാകും. മറ്റ് കോളേജുകൾക്കൊപ്പം ആലപ്പുഴ മെഡിക്കൽ കോളേജിനെയും സെന്റർ ഓഫ് എക്സലൻസ് ആക്കുന്ന നടപടിയുടെ ഭാഗമായാണിത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസർമാരുടെ 8 തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർമാരുടെ 12 തസ്തികകളും ലക്ചററുടെ 49 തസ്തികകളും ഉൾപ്പെടെ 69 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചു. എന്നാൽ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ കാരണം ചില തസ്തികകളിൽ നിയമനം നടത്താൻ ബുദ്ധിമുട്ട് വന്നിട്ടുണ്ട്. പക്ഷെ അത് ഒഴിഞ്ഞുകിടക്കുന്നില്ല. താൽക്കാലിക നിയമനം നടത്തി ഒഴിവുകൾ നികത്തിയിട്ടാണ് വർക്ക് നടത്തുന്നത്. ഇതിൽ സ്ഥിരനിയമനം നടത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയാണ്. കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതുകൊണ്ടുള്ള പ്രയാസമാണ് വന്നിട്ടുള്ളത്. അതിന്റെ വിധിന്യായം വരുന്നതുവരെ താൽക്കാലികമായി ആളുകളെ നിയമിച്ചുകൊണ്ട് സേവനങ്ങൾക്കൊന്നും കുറവുവരുത്താതെ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. നിലവിൽ കരാർ അടിസ്ഥാനത്തിലും സീനിയർ റസിഡന്റുമാരെ ബോണ്ട് അടിസ്ഥാനത്തിലും നിയമിച്ചുകൊണ്ടും ഒഴിവുള്ള തസ്തികകളിലെ ഡോക്ടർമാരുടെ സേവനം നൽകാൻ ശ്രമിക്കുന്നുണ്ട്. മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള തസ്തികകളും മെച്ചപ്പെട്ട രോഗീപരിചരണത്തിനാവശ്യമായ തസ്തികകളുമാണ് നിലവിൽ സൃഷ്ടിച്ചുവരുന്നത്. എന്നാലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകൾ, അനുബന്ധ ആശുപത്രികൾ എന്നിവയുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കുന്നതിന് കൂടുതൽ തസ്തികകൾ ആവശ്യമാണ്. സർക്കാരിന്റെ സാമ്പത്തിക ഭദ്രത കണക്കാക്കി കൂടുതൽ തസ്തികകൾ അനുവദിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾത്തന്നെ കഴിഞ്ഞ മൂന്നരവർഷത്തിനുള്ളിൽ 5200-ലേറെ തസ്തികകളാണ് ഈ ഗവൺമെന്റ് ആരോഗ്യമേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. അത് എക്കാലത്തെയും റെക്കോർഡാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്, എല്ലാ ആശുപത്രികളുടെയും കാര്യത്തിനുവേണ്ടിയാണ്. അങ്ങനെയെങ്കിൽ നേരത്തെ നോട്ടീസ് നൽകണം. താങ്കളുടെ ഉത്കണ്ഠകൊണ്ടാണ് ഓരോ ആശുപത്രിയെക്കുറിച്ചും പറഞ്ഞത്. അരൂക്കുറ്റി ആശുപത്രിയുടെ ഒരു പ്രശ്നം ഉണ്ടായിരുന്നു. അവിടെ ഒരു ഡോക്ടറുടെ പെരുമാറ്റത്തെ സംബന്ധിച്ച് എല്ലാ പാർട്ടിക്കാരും പരാതി തരികയും അവരെ ഒഴിവാക്കുകയും

ചെയ്യേണ്ടതായി വന്നു. അതിനുപകരം ഒരു പുതിയ ഡോക്ടറെ അത്യക്കുറ്റിയിൽ നിശ്ചയിച്ചിട്ടുണ്ട്. ആ സമയത്താണ് ഈ പരാതി വന്നത്. തുറവൂരിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം തന്നെ സൂചിപ്പിച്ചു, ഏറെ ശ്രദ്ധിക്കുന്ന ആശുപത്രിയാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇതെല്ലാംതന്നെ ആലപ്പുഴ ജില്ലയിലും താങ്കളുടെ മണ്ഡലത്തിലും നടന്നിട്ടുള്ള പ്രവർത്തനങ്ങളാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു കാര്യം ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒട്ടുമിക്ക ചികിത്സാ വിഭാഗങ്ങളും ആശ്രയിക്കുന്നത് റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ ഡോക്ടർമാരെയാണ്. അവരുടെ കുറവ് ആലപ്പുഴ മെഡിക്കൽ കോളേജിനെ സാരമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. കാരണം, അവരുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമെ ഏത് സർജറിയും നടത്താൻ സാധിക്കുകയുള്ളൂ. രണ്ട് ഡോക്ടർമാർ മാത്രമാണ് അവിടെയുള്ളത്. അത് ഒന്നുകൂടി ശ്രദ്ധിക്കണം. ട്യൂമർപോലുള്ള അവസ്ഥകളിൽ നീണ്ട കാത്തിരിപ്പ് രോഗിയുടെ നില കൂടുതൽ വഷളാക്കുമെന്നതിൽ ഒരു സംശയവും വേണ്ട.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോഗ്യമേഖലയിലെ സിസ്റ്റമാകെ മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും ചെറിയ അസുഖത്തിനുപോലും മെഡിക്കൽ കോളേജുകളിലേയ്ക്ക് വരുന്നത് ഒഴിവാക്കാനാണ് അനുബന്ധ ആശുപത്രികളെല്ലാം സ്ട്രെങ്ത്തൻ ചെയ്യുന്നത്. ഒന്നുരണ്ട് വർഷംകൊണ്ട് ഇതിൽ നല്ല മാറ്റം ഉണ്ടാകും. കാരണം ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി വിഭാഗങ്ങൾ ആരംഭിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്. ഏഴ് ആശുപത്രികളിൽ കാത്ത് ലാബുകൾ ഇൻസ്റ്റാൾ ചെയ്തുകഴിഞ്ഞു. ഈ സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലേയ്ക്ക് വരുമ്പോൾ മെഡിക്കൽ കോളേജിലെ ക്യൂ ഒഴിവാക്കാൻ സാധിക്കും. കുറെയേറെ സ്പെഷ്യാലിറ്റികൾ താലൂക്ക് ഹോസ്പിറ്റലിൽ വരികയാണ്. അത് പൂർണ്ണമായും വരുമ്പോഴേക്കും മെഡിക്കൽ കോളേജുകളിലെ തിരക്ക് ഒഴിവാക്കാനും അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം കാണാനും സാധിക്കും. ആയിരക്കണക്കിന് ആളുകൾക്ക് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യം ലഭ്യമായിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഇമേജിംഗ് യൂണിറ്റിലടക്കം നേരത്തെയുള്ളതിനെക്കാൾ എത്രയോ കൂടുതൽ രോഗികൾക്ക് അതിന്റെ സൗകര്യം ലഭ്യമായിക്കഴിഞ്ഞിട്ടുണ്ട്.

# IV. സബ്മിഷൻ

## (1) കൃഷിനാശം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഹരിപ്പാട് നഗരസഭ, കരുവാറ്റ, ചെറുതന, കുമാരപുരം എന്നീ വില്ലേജുകളിൽ വ്യാപിച്ചുകിടക്കുന്ന 2700 ഹെക്ടറോളം നെൽകൃഷി ഓരുവെള്ള ഭീഷണിയിലാണ്. 2700 ഹെക്ടറോളം വരുന്ന 15 പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാറായ സാഹചര്യമാണ് നിലവിലുള്ളത്. ഈ പാടശേഖരങ്ങളിൽ 25 മുതൽ 80 ദിവസം വരെ പ്രായമുള്ള നെൽച്ചെടികളാണ് നശിക്കാൻ പോകുന്നത്. എന്റെ മണ്ഡലത്തിൽമാത്രം 7000 ഏക്കർ സ്ഥലത്ത് നെൽകൃഷി, 250 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി, എള്ള് കൃഷി എന്നിവ നടക്കുന്നുണ്ട്. ഓരുവെള്ളത്തിന്റെ ഭീഷണി വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. 'ഹരിതം ഹരിപ്പാട്' പദ്ധതി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തതാണ്. ആ പദ്ധതിക്ക് നബാർഡ് പ്രത്യേകം ഗ്രാന്റ് അനുവദിച്ചുതന്നിട്ടുള്ളതുമാണ്. കൃഷി വകുപ്പുതന്നെ മുൻകയ്യെടുത്ത് ഞാൻ കൊടുത്ത പ്രൊപ്പോസൽ അംഗീകരിച്ചതാണ്. അങ്ങനെ സമ്പൂർണ്ണമായ തരിശുരഹിത നിയോജക മണ്ഡലമാക്കി മാറ്റാനിരിക്കുന്നതിന് ഇടയിലാണ് ഇപ്പോൾ ഓരുവെള്ളം കയറി പൂർണ്ണമായി കൃഷി നശിക്കേണ്ട സാഹചര്യമുണ്ടായിരിക്കുന്നത്. ഇറിഗേഷൻ വകുപ്പിന്റെ കുറ്റകരമായ അനാസ്ഥയാണ് ഇതിന് കാരണം. ഓരുമുട്ട് നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തീകരിക്കാത്തതാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളും കെ.എൽ.ഡി.സി.-യും ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. എല്ലാവർഷവും ഡിസംബർ 15-നകം ഇവിടെ പുളിക്കീഴിൽ മുട്ട് സ്ഥാപിക്കാത്തതാണ് ഓരുവെള്ളം പാടശേഖരങ്ങളിലേയ്ക്ക് കയറാനുള്ള പ്രധാനപ്പെട്ട കാരണം. എല്ലാവർഷവും കൃത്യമായി ഞങ്ങൾ അത് ഓർമ്മിപ്പിക്കാറുള്ളതാണ്. എന്നാൽ കർഷകരോട് ആലോചിക്കാതെ തികച്ചും അശാസ്ത്രീയവും ഏകപക്ഷീയവുമായി ഓരുമുട്ട് നിർമ്മിച്ചുവെന്നും കർഷകർക്ക് പരാതിയുണ്ട്. കഴിഞ്ഞ രണ്ടരവർഷംമുമ്പ് ഈ സ്ഥിതിവിശേഷമുണ്ടായപ്പോൾ ഇക്കാര്യം അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മാത്യു ടി. തോമസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനുശേഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. എന്നാൽ വീഴ്ചകളിൽനിന്നും അനുഭവങ്ങളിൽനിന്നും പാഠം പഠിക്കാതെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ കാര്യക്ഷമതയില്ലാതെ പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടാണ് ഓരുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുന്നത്. കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകണം.

കനാലുകളിലും തോടുകളിലും കെട്ടിക്കിടക്കുന്ന ഓരുവെള്ളം ഒഴുക്കിക്കളയാനുള്ള നടപടി വേണം. പാടശേഖര പ്രതിനിധികളുടെയും കർഷകരുടെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെയും അഭിപ്രായം മാനിച്ച് അവർ പറയുന്ന സ്ഥലങ്ങളിൽ ഓരുമുട്ട് സ്ഥാപിച്ച് കൃഷി സംരക്ഷിക്കുകയാണ് വേണ്ടത്. ഇത്രയും കഷ്ടപ്പെട്ട് കർഷകർ കൃഷിയിറക്കുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം ആ കൃഷി പൂർണ്ണമായി നശിപ്പിക്കുന്ന തലത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതുകൊണ്ട് ഇറിഗേഷൻ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്: ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെമേൽ നടപടിയെടുക്കണം. ഓരുമുട്ട് ഡിസംബർ 15-നുമുമ്പ് കൃത്യമായി ചെയ്യേണ്ട കാര്യമാണ്. ചെയ്യാത്ത ഉദ്യോഗസ്ഥരുടെമേൽ നടപടിയുണ്ടാകണം. 'ഹരിതം ഹരിപ്പാട് പദ്ധതി' കൃഷി വകുപ്പുമന്ത്രി വന്ന് ഉദ്ഘാടനം ചെയ്തതാണ്. ഞങ്ങൾ വളരെയേറെ പാടുപെട്ടാണ് തരിശുരഹിത മണ്ഡലമാക്കി അതിനെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നത്. അതിനിടയിലാണ് ഇപ്പോൾ ഈ ഗുരുതര പ്രശ്നം ഉണ്ടായിരിക്കുന്നത്. ഈ കാര്യത്തിൽ ഇറിഗേഷൻ വകുപ്പുമന്ത്രി അടിയന്തര ശ്രദ്ധ പതിപ്പിക്കണം. ആവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.00 A.M.]

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ കെ. കൃഷ്ണൻകുട്ടി</u>): സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയാണ് ആദ്യം ഇക്കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ, കരുവാറ്റ, കുമാരപുരം, കാർത്തികപ്പള്ളി എന്നീ പഞ്ചായത്തുകളിലായി എല്ലാവർഷവും പതിനൊന്ന് ഓരുമുട്ടുകളാണ് സ്ഥാപിച്ചുവരുന്നത്. ഈ പ്രവൃത്തികൾക്കായി നവംബർ മാസത്തിൽ ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും പ്രതികരണമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ റീ-ടെണ്ടർ ചെയ്യുകയുണ്ടായി. ആരും പ്രവൃത്തികൾ ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കിയത്. ഇതിൽ എട്ട് ഓരുമുട്ടുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. കരുവാറ്റ, ചെറുതന പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലേയ്ക്ക് ഓരുവെള്ളം കയറുന്നത് തടയുന്നതിന് ചെമ്പുതോട്, കല്ലേലിപ്പടി ഓരുമുട്ടുകളുടെ പണി ജനുവരി 31-ന് മുമ്പുതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ പഞ്ചായത്തിലെ ത്രാച്ചേരി, പ്രാണപ്പടി കനാൽ, തോട്ടുകടവ് എന്നീ ഓരുമുട്ടുകളുടെ പണി തൊണ്ണൂറ് ശതമാനവും ഇതിനകം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ രണ്ട് ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്. കൂടാതെ മേജർ

ഇറിഗേഷന്റെ കീഴിലുള്ള ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തുകളിലെ അച്ചൻകോവിലാറിന് കുറുകെ കാവുംപാട്ട് ബണ്ടും കാർത്തികപ്പള്ളി പഞ്ചായത്തിലെ പുളിക്കീഴ് ആറിന് കുറുകെയുള്ള ബണ്ടുമാണ് മേൽപ്പറഞ്ഞ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് എല്ലാവർഷവും നിർമ്മിക്കാറുള്ളത്. ഈ വർഷവും ഈ രണ്ട് പ്രവൃത്തികളും കൃത്യസമയത്ത് പൂർത്തീകരിച്ചിട്ടുണ്ട്. എങ്കിലും ഉപ്പുവെള്ള ഭീഷണി പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഉപ്പുവെള്ളം പമ്പ് ചെയ്ത് കളഞ്ഞ് പ്രസ്തുത സ്ഥലത്ത് ശുദ്ധജലം എത്തിച്ച് കൃഷിനാശം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ യഥാസമയം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബന്ധപ്പെട്ട എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി- ഇറിഗേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (2) ശറഫുദ്ദീനും നവാസിനും നേരെയുണ്ടായ ആക്രമണം

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ യാറൂക്കാന്റെപുരയ്ക്കൽ ശറഫുദ്ദീൻ, ചെങ്ങോടത്ത് മമ്മാലിന്റെപുരയ്ക്കൽ നവാസ് എന്നിവരെ ഫെബ്രുവരി രണ്ടാം തീയതി ഞായറാഴ്ച രാത്രി 10.30-ന് വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷന് സമീപത്തുവച്ച് കാവി മുണ്ടും ട്രൗസറും ധരിച്ച നൂറോളം വരുന്ന ആർ.എസ്.എസ്.-കാരെന്ന് സംശയിക്കുന്ന ക്രിമിനലുകൾ മൃഗീയമായി മർദ്ദിക്കുകയുണ്ടായി. ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന രണ്ടുപേരെയും തടഞ്ഞുനിർത്തി പേര് ചോദിച്ച് മുസ്ലീം ആണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇരുമ്പ് പൈപ്പുകളും മറ്റ് മാരകായുധങ്ങളുംകൊണ്ട് മർദ്ദിച്ച് അവശരാക്കിയത്. അതിനുശേഷം അവരുടെ വസ്ത്രങ്ങൾ അഴിപ്പിക്കുകയും അവരുടെ പക്കലുണ്ടായിരുന്ന ഒൻപതിനായിരത്തോളം രൂപ പിടിച്ചുവാങ്ങുകയും റെയിൽവെ ചാമ്പ്രയിലേക്ക് കൊണ്ടുപോയി അവിടത്തെ തെങ്ങിൽ കെട്ടിയിട്ട് മർദ്ദിക്കുകയുമാണുണ്ടായത്. വിവരമറിഞ്ഞ് എത്തിയ പോലീസിനെ കണ്ടപ്പോൾ ഈ അക്രമികൾ സംഭവസ്ഥലത്തുനിന്നും രക്ഷപ്പെടുകയുണ്ടായി. മർദ്ദനത്തിനിരയായവരെ തെങ്ങിൽനിന്നും കെട്ടുകളഴിച്ച് മോചിപ്പിച്ചത് പോലീസാണ്. എന്നാൽ ഇക്കാര്യവുമായി ബന്ധപ്പെട്ട് ഇതുവരെ ആരെയും അറസ്റ്റ് ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. അക്രമികൾതന്നെ ഈ സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചിട്ടുണ്ട്. പോലീസിന് വളരെവേഗത്തിൽ പ്രതികളെ പിടിക്കാൻ സാധിക്കും. വധശ്രമമെന്ന നിലയിൽ ഈ സംഭവത്തെ ഗൗരവമായി കണ്ട് അതിനനുസരിച്ചുള്ള വകുപ്പുകൾ ചുമത്തി കേസ്സെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2-2-2020-ന് രാത്രി പരപ്പനങ്ങാടി വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷനടുത്ത് കള്ളൻമാരെന്ന സംശയത്തിന്റെ പേരിൽ രണ്ടുപേരെ നാട്ടുകാർ പിടികൂടി മർദ്ദിക്കുന്നുവെന്ന വിവരം പരപ്പനങ്ങാടി പോലീസ് സ്റ്റേഷനിൽ ലഭിച്ചതിനെത്തുടർന്ന് സബ് ഇൻസ്പെക്ടറും സംഘവും സ്ഥലത്തെത്തിയപ്പോൾ ശറഫുദ്ദീൻ, നവാസ് എന്നിവരെ തെങ്ങിൽ കെട്ടിയിട്ട നിലയിലും കൂടാതെ സഹദ് എന്ന ആളെയും ഈ സ്ഥലത്ത് കാണപ്പെട്ടു. മൂവരേയും ചികിത്സയ്ക്കായി പോലീസ് തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ എത്തിക്കുകയും തുടർന്ന് വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തു. പോലീസ് റിപ്പോർട്ടനുസരിച്ച് 3-2-2020-ന് മേൽപ്പറഞ്ഞവരുടെ മൊഴി രേഖപ്പെടുത്താൻ ശ്രമിച്ചെങ്കിലും ഇവർ ആശുപത്രിയിൽനിന്നും ഡിസ്ചാർജ് വാങ്ങി പോയതിനാൽ മൊഴി രേഖപ്പെടുത്താൻ കഴിഞ്ഞില്ല. പരുക്കേറ്റ ശറഫുദ്ദീന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. 4-2-2020-ന് വിജേഷ്, ശ്യാം, പ്രസാദ്, സന്ദീപ് എന്നിവരെയും കണ്ടാലറിയാവുന്ന മറ്റ് പതിനൊന്നോളം പേരെയും പ്രതികളാക്കി പരപ്പനങ്ങാടി പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നം. 40/2020 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളിൽ ബിജുലാൽ, സബീഷ്, വേണുഗോപാൽ എന്നിവരെ 4-2-2020-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. തിരൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ കോട്ടയ്ക്കൽ പോലീസ് ഇൻസ്പെക്ടർ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. ഇതാണ് ഇതുസംബന്ധിച്ച് പോലീസിൽനിന്നും കിട്ടിയ വിവരം.

ഇത് പ്രത്യേക ഉദ്ദേശ്യത്തോടുകൂടി നടത്തിയ ആക്രമണമാണെന്നും ആർ.എസ്.എസ്.-കാരായ ക്രിമിനലുകൾ ആക്രമണത്തിനിരയായവരുടെ പേരുകൾ ചോദിച്ച് മുസ്ലീം ആണെന്ന് മനസ്സിലാക്കിയതിനുശേഷം ഭീകരമായി മർദ്ദിച്ചുവെന്നും തെങ്ങിൽ പിടിച്ച് കെട്ടുന്ന അവസ്ഥയുണ്ടായി എന്നുമാണ് ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞത്. ആ കാര്യം പ്രത്യേകമായി അന്വേഷിക്കുന്നതാണ്; ഗൗരവമായി പരിഗണിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ ഗൗരവമായി സ്വീകരിക്കുകയും ചെയ്യും.

## (3) ഹാൻവീവിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ജെയിംസ് മാത്യു: സർ, കൈത്തറി വികസന കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. അവിടെ ജോലി ചെയ്യുന്ന 220-ലധികം തൊഴിലാളികൾക്കും ഒറ്റത്തറിക്കാരായ തൊഴിലാളികൾക്കും രണ്ട് മാസമായി ശമ്പളം മുടങ്ങിയിരിക്കുകയാണ്. ആ സ്ഥാപനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. ഇത്തരമൊരു സ്ഥിതിവിശേഷം എന്തുകൊണ്ട്

ഉണ്ടായിയെന്ന് സർക്കാർ പരിശോധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. സർക്കാരിന്റെ ഷെയർ പാർട്ടിസിപ്പേഷൻ എല്ലാവർഷവും ആ സ്ഥാപനത്തിന് ലഭിക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ അഞ്ചുവർഷക്കാലം ലഭിച്ചതിന്റെ പതിന്മടങ്ങ് ഗവൺമെന്റ് ഷെയർ പാർട്ടിസിപ്പേഷൻ (ജി.എസ്.പി.) അവർക്ക് ലഭിച്ചിട്ടുണ്ട്. എന്നിട്ടും സ്ഥാപനത്തെ മെച്ചപ്പെടുത്താൻ സാധിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ യൂണിഫോമായി കൈത്തറി ഉപയോഗിക്കണമെന്ന് നിർബന്ധിക്കുകയുണ്ടായി. അവിടെനിന്നും സാധനങ്ങൾ വാങ്ങാനുള്ള തീരുമാനവും സർക്കാർ എടുത്തു. അതിന്റെ ഭാഗമായി സർക്കാർ കൊടുക്കേണ്ട തുക കൊടുക്കാത്തത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്തതും ആ സ്ഥാപനത്തിന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിക്ക് ഒരു കാരണമാണ്. ഇത്ര ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി വരാൻ കാരണം എന്താണ്? സാമ്പത്തിക മാനേജ്മെന്റിന്റെ പിശകാണോ, അഡ്മിനിസ്ട്രേഷനിലെ പോരായ്മകളാണോ, കാര്യശേഷിക്കുറവാണോ ഇതൊക്കെ സർക്കാർ ഗൗരവതരമായി പരിശോധിക്കണം. അവിടെ ജോലി ചെയ്യുന്ന 220-ഓളം ജീവനക്കാരെ കൂടാതെ 1946 ഒറ്റത്തറിക്കാരായ തൊഴിലാളികളുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 920 ഒറ്റത്തറിക്കാരായ തൊഴിലാളികളാണുണ്ടായിരുന്നത്. ഒരു വീട്ടിൽ ഒരു തറി എന്ന നിലയിൽ ഈ പരമ്പരാഗത വ്യവസായവുമായി ഒരു ബന്ധവുമില്ലാത്ത കുടുംബങ്ങൾക്കുപോലും ഒരു തറി കൊടുത്ത് ഒരാളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരികയുണ്ടായി. അങ്ങനെ ചെയ്തത് വലിയ അബദ്ധമായിപ്പോയി എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ പരമ്പരാഗത വ്യവസായം സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകൃതമായ കൈത്തറി വികസന കോർപ്പറേഷനിൽ സംരക്ഷിക്കപ്പെടേണ്ടതായ 946 തൊഴിലാളികൾ ഉണ്ടായിരിക്കെ ഒരു വീട്ടിൽ ഒരു തറി എന്നുപറഞ്ഞ് വീണ്ടും ഏതാണ്ട് ആയിരത്തോളം ആളുകളെ പുതുതായി റിക്രൂട്ട് ചെയ്ത് അവർക്ക് പരിശീലനം കൊടുക്കുകയും അവർ പണിയെടുക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ അവർക്ക് കൂലി നൽകാൻ സാധിക്കുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊരു incapability ഒരു സ്ഥാപനത്തിന് ഉണ്ടാകുന്നത്? അത് പരിഹരിച്ചുപോകാൻ ആ സ്ഥാപനത്തിനും സ്ഥാപന നടത്തിപ്പുകാർക്കും കഴിയുന്നില്ലെങ്കിൽ സർക്കാരിന് സാധിക്കണം. ആ സ്ഥാപന നടത്തിപ്പുകാർ പത്രസമ്മേളനം നടത്തിയും അല്ലാതെയും സർക്കാരിനെ അധിക്ഷേപിക്കുകയാണ്. സർക്കാരിനെ അധിക്ഷേപിക്കേണ്ട കാര്യമുണ്ടെന്ന് എനിക്ക് അഭിപ്രായമില്ല. കഴിഞ്ഞ സർക്കാർ അഞ്ചുവർഷക്കാലം ആ സ്ഥാപനത്തിനുവേണ്ടി ചെയ്തതിനേക്കാൾ കൂടുതൽ

ഇക്കഴിഞ്ഞ 4 വർഷങ്ങൾകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചെയ്തിട്ടുണ്ട്. ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്തുകൊണ്ട് ഉചിതമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ രീതിയിലുള്ള പരിശോധന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബന്ധപ്പെട്ട ആളുകളെ വിളിച്ച് മന്ത്രി തന്നെ ഒരു ചർച്ചയ്ക്ക് തയ്യാറാകണം. ജീവനക്കാരും തൊഴിലാളികളുമായ ആളുകൾക്ക് പണിയെടുത്ത കൂലി നൽകാൻ ആ സ്ഥാപന നടത്തിപ്പുകാർ ബാധ്യസ്ഥരാണ്; അവർ അതിന് തയ്യാറാകണം. ഇന്നും ആ സ്ഥാപനത്തിന്റെ മുന്നിൽ തൊഴിലാളികൾ സത്യാഗ്രഹ സമരം ഇരിക്കുകയാണ്. ഈ അടിയന്തര പ്രധാന്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിയുടെ ഉന്നമനവും തൊഴിലാളികളുടെ വളർച്ചയും ലക്ഷ്യമിട്ട് പ്രവർത്തിച്ചുവരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്). 1968-ൽ ഒറ്റത്തറി നെയ്ത്തുകാർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഫിനാൻസ് കോർപ്പറേഷനായി കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ചു; 1978-ലാണ് കമ്പനി നിയമപ്രകാരം ഹാൻവീവ് രൂപീകരിക്കുന്നത്. ആറായിരത്തോളം പേർ ജോലി ചെയ്തിരുന്ന ഹാൻവീവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി നെയ്ത്തുപരിശീലനം നൽകിയ ആയിരത്തോളം നെയ്ത്തുകാർ ഉൾപ്പെടെ ഏകദേശം രണ്ടായിരത്തോളം നെയ്ത്തുകാരാണ് പ്രവർത്തിച്ചുവരുന്നത്. നിലവിൽ കോർപ്പറേഷന് 49 സ്വന്തം ഷോറൂമുകളും 4 ഏജൻസി ഷോറൂമുകളും പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ കൈത്തറി മേഖലയെ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. അതോടൊപ്പം തൊഴിൽരഹിതരായ യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ആരംഭിച്ച യുവവീവ് പദ്ധതിയും വീട്ടിലൊരു തറി പദ്ധതിയും കൈത്തറി സ്വയംതൊഴിൽ പദ്ധതിയും കൈത്തറി സുരക്ഷാ പദ്ധതിയും നടപ്പിലാക്കിവരികയാണ്. കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ, ജി.എസ്.ടി. നടപ്പാക്കൽ, മറ്റുചില കേന്ദ്ര നയങ്ങൾ എന്നിവ കാരണം കേരളത്തിലെ പരമ്പരാഗത കൈത്തറി മേഖല വലിയ പ്രതിസന്ധി

നേരിടുകയാണ്. കൂടാതെ കേരളത്തിലുണ്ടായ മഹാപ്രളയവും ഈ പ്രതിസന്ധിയുടെ ആക്കംകൂട്ടി. ഈ മേഖലയിലുണ്ടായ പ്രത്യാഘാതങ്ങൾ ഹാൻവീവിനെയും ബാധിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാരിന്റെ സമയോചിതമായ ഇടപെടലിന്റെ ഭാഗമായി ഈ പ്രതിസന്ധിക്ക് ഒട്ടേറെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. 2016-17 മുതൽ ആരംഭിച്ച 'കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' ഹാൻവീവിലും നടപ്പിലാക്കിയതിന്റെ ഭാഗമായി ഹാൻവീവിലെ നെയ്ത്തുകാർക്ക് കൂലിയായി 12.94 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. കൂലിയിനത്തിൽ നൽകാനുള്ള കുടിശ്ശികയായ ഏകദേശം 4.5 കോടി രൂപ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയിൽ കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലെ യൂണിഫോം തുണി കൈത്തറി സംഘങ്ങളിൽനിന്നും ശേഖരിച്ച് വിതരണം നടത്താൻ ഹാൻവീവിനെയാണ് ചുമതലപ്പെടുത്തിയത്. അതുപ്രകാരം 45 ലക്ഷത്തോളം മീറ്റർ തുണി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. ആ വകയിൽ 4.9 കോടി രൂപ ഹാൻവീവിന് നൽകിയിട്ടുണ്ട്. കഴിഞ്ഞ 4 വർഷംകൊണ്ട് റിബേറ്റ് കുടിശ്ശികയിൽ 12.94 കോടി രൂപ ഹാൻവീവിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിനിൽക്കുന്ന 2.18 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ പരിശീലനത്തിനും മറ്റുമായി 4.49 കോടി രൂപയും സർക്കാർ ഓഹരിയായി 8.70 കോടി രൂപയും ഹാൻവീവിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഹാൻവീവിന്റെ നിലവിലുള്ള അംഗീകൃത ഓഹരി മൂലധനം 40 കോടി രൂപയിൽനിന്നും 50 കോടി രൂപയായി വർദ്ധിപ്പിക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പക്ഷപാതപരമായ സാമ്പത്തിക നിലപാട് കാരണം കടുത്ത സാമ്പത്തിക പ്രയാസം സംസ്ഥാനം നേരിടുകയാണ്. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾക്ക് ആവശ്യമായ തുക യഥാസമയം നൽകാൻ കഴിയുന്നില്ല. കൈത്തറി സ്കൂൾ യൂണിഫോമിന്റെ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനും പദ്ധതി തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും നബാർഡുവഴി ആവശ്യമായ ഫണ്ട് സമാഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ പലിശയിൽ നബാർഡിൽനിന്നും ലഭിക്കുന്ന തുക സഹകരണ ബാങ്കുവഴി കൈത്തറി സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഹാൻവീവ് ഉൾപ്പെടെ കേരളത്തിലെ കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൈത്തറിരംഗത്ത് കൂടുതൽപേരെ ആകർഷിക്കാനും പരിശീലനം നൽകാനും തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനുംവേണ്ടിയാണ് ഹാൻവീവ് പദ്ധതിയും വീട്ടിൽ ഒരു തറി പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളത്. ഹാൻവീവ് കേരളത്തിന്റെ കൈത്തറി രംഗത്ത് നല്ല സംഭാവനയാണ് നൽകുന്നത്. സാമ്പത്തിക പ്രതിസന്ധി മാറ്റിവച്ചാൽ പൊതുവിൽ മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്നത്. കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിക്കുവാനും മാർക്കറ്റ് സൃഷ്ടിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (4) ഫുട്ബോൾ താരത്തിന്റെ ഭാര്യയ്ക്ക് ജോലി

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ കായിക പ്രേമികളെയാകെ സങ്കടത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു കേരളത്തിന്റെ പ്രിയപ്പെട്ട ഫുട്ബോളർ ആർ. ധനരാജിന്റെ മരണം. 2006, 2007, 2008 എന്നീ വർഷങ്ങളിൽ കേരളത്തിനുവേണ്ടി സന്തോഷ് ട്രോഫി കളിച്ചിട്ടുള്ള ആർ. ധനരാജ് കേരളത്തിന്റെ അഭിമാന താരമായിരുന്നു. ഈസ്റ്റ്ബംഗാളിലും മൊഹമ്മദൻ സ്പോർടിംഗിലും മോഹൻബഗാനിലും ചിരാഗ് യുണൈറ്റഡിലും നമ്മുടെ നാടിന്റെ ഫുട്ബോൾ പാരമ്പര്യം ഉയർത്തിപ്പിടിച്ച് അഭിമാനത്തോടെ പോരാടിയ ഒരു കായിക താരവുമായിരുന്നു. മരുതറോഡ് ഗ്രാമപഞ്ചായത്തിലെ കൊട്ടേക്കാട് എന്ന പ്രദേശത്തെ വളരെ സാധാരണവും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ഒരു കുടുംബത്തിൽനിന്നും കഠിനാദ്ധ്വാനം ചെയ്ത് വളർന്നുവന്ന ഒരു ഫുട്ബോളർ ആയിരുന്നു. കേരളത്തിനും ബംഗാളിനുംവേണ്ടി സന്തോഷ് ട്രോഫി കളിച്ചിട്ടുള്ള പ്രിയപ്പെട്ട ആർ. ധനരാജിന്റെ നേതൃത്വത്തിൽ ഡ്യൂറന്റ് കപ്പും ഐ.എഫ്.എ. ഷീൽഡും ഉൾപ്പെടെയുള്ള ട്രോഫികൾ പ്രധാനപ്പെട്ട ക്ലബ്ബുകൾക്ക് കരസ്ഥമാക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം ഒരു സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിൽ കളിച്ചുകൊണ്ടിരിക്കെ, 39-ാമത്തെ വയസ്സിൽ ഗ്രൗണ്ടിൽ കുഴഞ്ഞുവീണ് ആർ. ധനരാജിന് ദാരുണമായ അന്ത്യം സംഭവിച്ചു. രണ്ടര വയസ്സുള്ള ഒരു മകളും ഭാര്യയുമാണ് ആർ. ധനരാജിന് ബാക്കിയായിട്ടുള്ളത്. പിന്നെ ഒരു പിടി നല്ല ഓർമ്മകളും അദ്ദേഹത്തെ ഇഷ്ടപ്പെടുന്ന കുറേ ആളുകളും. അദ്ദേഹത്തിന്റെ വീടിന്റെ ആധാരംവരെ പണയത്തിലാണ്. ആർ. ധനരാജ് സ്പോർട്സ് ക്വാട്ട ലിസ്റ്റിൽ, ഗവൺമെന്റ് സെലക്ഷൻ കൊടുക്കാൻ വച്ചിരിക്കുന്ന ലിസ്റ്റിലെ ഒരംഗവുമായിരുന്നു. ഏതാനും മാസങ്ങൾ കാത്തിരുന്നാൽ അദ്ദേഹത്തിന് ആ ജോലി ലഭിക്കുമായിരുന്നു. ആ ജോലിയുടെ സുരക്ഷിതത്വംപോലും ഇനി ആ കുടുംബത്തിനില്ല. ധനരാജിനെ സഹായിക്കുന്നതിനുവേണ്ടി ഞങ്ങൾ ജില്ലാ ഫുട്ബോൾ അസ്സോസിയേഷന്റെ നേതൃത്വത്തിൽ പാലക്കാട് ഒരു ഫുട്ബോൾ

മത്സരം സംഘടിപ്പിച്ചു. ആ ഫുട്ബോൾ മത്സരത്തിൽ മലപ്പുറം, തൃശ്ശൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ആളുകളുടെ സഹായത്തോടുകൂടി ഏതാണ്ട് 19 ലക്ഷം രൂപ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. പക്ഷേ ആ മത്സരത്തിനിടയിൽ ഗ്യാലറി തകർന്നുവീണ് അമ്പത്തിമൂന്നോളം പേർക്ക് പരിക്കുപറ്റുന്ന സാഹചര്യവുമുണ്ടായി. പക്ഷേ അതിന്റെ ബാധ്യതകളൊന്നും ഈ കുടുംബത്തിന് നൽകാനായി സ്വരൂപിച്ച രൂപയിൽനിന്നും നൽകാൻ സംഘാടകർ ഉദ്ദേശിക്കുന്നില്ല; ആ തുക പൂർണ്ണമായും അവർക്കുതന്നെ നൽകും.

ആർ. ധനരാജിന്റെ ചാരിറ്റി ഫുട്ബോൾ ടൂർണ്ണമെന്റിൽ പങ്കെടുക്കാൻ ശ്രീ. ബൈചിംഗ് ബൂട്ടിയയും ശ്രീ. ഐ. എം. വിജയനും ഉൾപ്പെടെ അദ്ദേഹത്തിനോടൊപ്പം കളിച്ചിരുന്ന ഒരുപാട് താരങ്ങൾ പാലക്കാടെത്തി. ആർ. ധനരാജിന്റെ ഫോട്ടോയുള്ള ജഴ്സിയായിരുന്നു ശ്രീ. ഐ. എം. വിജയൻ ധരിച്ചിരുന്നത്. അപ്പയെ ചോദിക്കുന്നതുകൊണ്ട് ധനരാജിന്റെ രണ്ടര വയസ്സായ മകളെ ധനരാജിന്റെ ഫോട്ടോയും മറ്റും കാണിക്കാതെ വീട്ടുകാർ മറച്ചുവച്ചിരിക്കുകയായിരുന്നു. ഈ കുട്ടിയെ കാണാൻ ഫുട്ബോൾ താരങ്ങൾ വന്നപ്പോൾ, അമ്മയുടെ ഒക്കത്തിരുന്ന കുട്ടി അപ്പയുടെ ഫോട്ടോ കളിക്കാരുടെ ജഴ്സിയിൽ കണ്ടതുകൊണ്ട് അമ്മയെ വിളിച്ച് "അമ്മാ, അപ്പാ... അപ്പാ..." എന്നു പറഞ്ഞു ചൂണ്ടിക്കാണിക്കുന്നത് ഹൃദയം നുറുങ്ങുന്ന വേദനയോടെ അവിടെ കൂടിനിൽക്കുന്ന ആളുകൾക്ക് കണ്ടുനിൽക്കേണ്ടിവന്നു. ആ കുടുംബത്തിന്റെ സാമ്പത്തിക അവസ്ഥ വളരെ മോശമാണ്. തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊന്നും ഒരു ഭദ്രതയുമില്ല. ഒരുപാട് പ്രതിഭകളെ വാർത്തെടുത്ത ശ്രീ. ടി. കെ. ചാത്തുണ്ണി അദ്ദേഹത്തിന്റെ കോച്ചായിരുന്നു. അദ്ദേഹം പാലക്കാടുവന്ന് പറഞ്ഞത്, 'ഇത്രയും കാലത്തെ ഫുട്ബോൾ കരിയറിൽ കളിക്കളത്തിനകത്തും പുറത്തും ഇതുപോലെ മാന്യനായ, കമ്മിറ്റഡായ ഒരു കളിക്കാരനെ സൃഷ്ടിച്ചെടുക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല' എന്നാണ്. ധനരാജിന്റെ ഭാര്യ ഇൻഫർമേഷൻ ടെക്നോളജിയിൽ ബിരുദക്കാരിയാണ്. കായിക മേഖലയ്ക്കും ഫുട്ബോളിനും വലിയ സംഭാവന ചെയ്ത ആർ. ധനരാജിനോട് നമുക്ക് ചെയ്യാൻ കഴിയുന്ന പ്രധാനപ്പെട്ട നീതിയാണ് അദ്ദേഹത്തിന്റെ ഭാര്യക്കും കുഞ്ഞിനും സുരക്ഷ ഒരുക്കിക്കൊടുക്കുക എന്നത്. അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ഏതെങ്കിലുമൊന്നിൽ വിദ്യാസമ്പന്നയായ ഭാര്യയ്ക്ക് ഒരു ജോലികൊടുത്ത് ആ കുടുംബത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ അങ്ങ് ദയവായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യം ഈ വിഷയത്തിൽ വേണമെന്ന് അഭ്യർത്ഥിച്ചത്, പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു തീരുമാനം എടുക്കുന്നതിന് അങ്ങയുടെകൂടി ഇടപെടൽ

ഉണ്ടായിരിക്കുന്നത് നന്നായിരിക്കും എന്നുള്ളതുകൊണ്ടാണ്. ആ കുടുംബത്തെ സഹായിക്കുന്നത്, ഫുടബോളിനെ ഇഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് മലയാളികൾക്ക്, ഇപ്പോഴും കളിച്ചുവളരാൻ ആഗ്രഹിക്കുന്ന പ്രിയപ്പെട്ട നമ്മുടെ ഭാവിതലമുറ താരങ്ങൾക്ക്, എല്ലാവർക്കും അതൊരു പ്രചോദനവും ആത്മവിശ്വാസവും ആയിരിക്കും. സർക്കാർ ഉചിതമായൊരു തീരുമാനമെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ, എം.എൽ.എ. പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ ശരിയാണ്. ആർ. ധനരാജ് കേരളത്തിന്റെ ഫുട്ബോൾ രംഗത്തെ ഏറ്റവും മെച്ചപ്പെട്ട ഒരു കായിക താരമാണ്. ശ്രീ. ഐ. എം. വിജയനോടൊപ്പമൊക്കെ നിരവധി ദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ഒരു കായിക പ്രതിഭയാണ്. പെരിന്തൽമണ്ണയിൽ നടന്ന സെവൻസ് ഫുട്ബോൾ ടൂർണമെന്റിലാണ് ധനരാജ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബത്തെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളൊക്കെ ശരിയായിട്ടുള്ളതുതന്നെയാണ്. മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം 2010-2014 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള കായികതാരങ്ങളുടെ നിയമനത്തിനായി 15-7-2019-ൽ പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ പതിനാറാം റാങ്കുകാരനായി ഫുട്ബോൾ കളിക്കിടെ മരണപ്പെട്ട സന്തോഷ്ട്രോഫി താരം ആർ. ധനരാജ് ഉൾപ്പെട്ടിരുന്നു. സന്തോഷ് ട്രോഫിയിൽ 11 പേർ തൊഴിലില്ലാത്തവരായിരുന്നു. അവർക്കെല്ലാം ജോലി നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിരുന്നു. അതിൽ ആർ. ധനരാജും ഉൾപ്പെടും. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതിനിടയിലാണ് ആർ. ധനരാജ് 29-12-2019-ൽ ഫുട്ബോൾ മത്സരത്തിനിടെ മൈതാനത്ത് കുഴഞ്ഞുവീണ് മരിക്കുന്നത്. ഞാൻ പാലക്കാട് കൊട്ടേക്കാട്ടുള്ള ആർ. ധനരാജിന്റെ വീട്ടിൽ പോയി, കുട്ടിയേയും കുടുംബാംഗങ്ങളേയുമൊക്കെ കണ്ടിരുന്നു. അവരെ ആശ്വസിപ്പിക്കാനും ശ്രമിച്ചിരുന്നു. ശ്രീ. ഐ. എം. വിജയനോടൊപ്പം ഫുട്ബോൾ രംഗത്ത് നിറഞ്ഞ കളിക്കാരനാണ് ആർ. ധനരാജ് എന്നതുകൊണ്ട് അദ്ദേഹം മരണപ്പെട്ടപ്പോൾത്തന്നെ ശ്രീ. ഐ. എം. വിജയൻ എന്നെ വിളിക്കുകയും മരണവിവരം അറിയിക്കുകയും ചെയ്തു. അദ്ദേഹം ആദ്യമായി എന്നോട് ആവശ്യപ്പെട്ടത് ധനരാജിന്റെ ഭാര്യയ്ക്ക് ഒരു ജോലി ലഭ്യമാക്കാൻ ഗവൺമെന്റ് സഹായിക്കണമെന്നാണ്. ഇപ്പോഴത്തെ പരിഗണനാ ലിസ്റ്റിൽപ്പെട്ടിട്ടുള്ള ആളാണല്ലോ ആർ. ധനരാജ് എന്ന കാര്യം എന്നോട് സൂചിപ്പിക്കുകയുണ്ടായി.

തീർച്ചയായും ഗവൺമെന്റ് ഗൗരവമായിത്തന്നെ ഈ വിഷയം പരിഗണിക്കുമെന്ന് അപ്പോൾ ഞാൻ ശ്രീ. ഐ. എം. വിജയനെ അറിയിക്കുകയും ചെയ്തിരുന്നു. ഞാൻ വീട് സന്ദർശിച്ച അവസരത്തിൽ ധനരാജിന്റെ ഭാര്യയും അവരുടെ കുടുംബാംഗങ്ങളും, ആ കുടുംബത്തെ സംരക്ഷിക്കാൻ ഭാര്യക്ക് ഒരു സർക്കാർ ജോലി ലഭ്യമാക്കാൻ സാധിക്കുമോയെന്നും സന്തോഷ് ട്രോഫി ഫുട്ബോൾ കളിക്കാർക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ധനരാജിനുപകരം അദ്ദേഹത്തിന്റെ ഭാര്യയെ ഉൾപ്പെടുത്താൻ കഴിയുമോയെന്നും അന്വേഷിച്ചിരുന്നു. സൂപ്പർന്യൂമററി തസ്തികയനുസരിച്ച് അതിൽ നിയമനം നടത്താൻ നിയമപരമായ തടസ്സങ്ങളുണ്ട്. കുടുംബത്തിന്റെ പശ്ചാത്തലവും ധനരാജിന്റെ ഭാര്യയുടെ അപേക്ഷയുംകൂടി പരിശോധിച്ച് സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിൽ ജോലി നൽകുന്ന കാര്യം തീർച്ചയായും പരിഗണിക്കാൻ ഗവൺമെന്റ് ശ്രമിക്കുമെന്ന് ഞാൻ അന്നുതന്നെ അവരോട് പറഞ്ഞിരുന്നു. അതുതന്നെയാണ് ഇപ്പോഴും പറയാനുള്ളത്. അതനുസരിച്ചുള്ള എല്ലാ നടപടികളും തുടരും.

## (5) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 2018-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2008-ന് മുമ്പ് നികത്തപ്പെട്ട, കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കാത്ത ഭൂമി തരംമാറ്റാൻ കൃത്യമായ വ്യവസ്ഥകളുമുണ്ട്. എന്നാൽ താഴെത്തട്ടിൽ ഇതിന്റെ പ്രവർത്തനം സുഗമമല്ല. വർഷങ്ങൾക്ക് മുമ്പ് തരംമാറ്റിയതും, മുപ്പതും നാൽപ്പതും വർഷം പ്രായമായ വൃക്ഷങ്ങളും മറ്റുമുള്ളതും കാഴ്ചയിൽത്തന്നെ മനസ്സിലാക്കാൻ കഴിയുന്നതുമായ നിരവധി ഭൂമികളുടെ തരംമാറ്റത്തിന് അപേക്ഷ നൽകിയവർ കാത്തിരിപ്പ് തുടരുകയാണ്. സാറ്റലൈറ്റ് സർവ്വേ കഴിഞ്ഞിട്ടില്ലെന്നും ബന്ധപ്പെട്ട സമിതികൾ യോഗങ്ങൾ ചേരുന്നില്ലെന്നും പറയുന്നുണ്ട്. ഈയൊരു നിയമപ്രകാരം നടപടിയുണ്ടായാൽ നിർമ്മാണ പ്രവർത്തനം, വ്യവസായ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ തുടങ്ങാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് നിരവധി തൊഴിലവസരങ്ങളും ഉൽപ്പാദനങ്ങളുമുണ്ടാകും. ഇതുമൂലം സർക്കാരിലേയ്ക്ക് കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാകും. പക്ഷെ ഈ നിലപാട് കാരണം പൊതു കളിസ്ഥലം പോലെയുള്ള മറ്റ് കാര്യങ്ങളൊന്നും നമുക്ക് പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. സർക്കാർ ഒരു നിയമമുണ്ടാക്കുന്നത് ഒരുപാട് ആലോചനകൾക്കുശേഷം വളരെ അത്യാവശ്യമായ ഒരു കാര്യമെന്ന നിലയ്ക്കാണ്. പക്ഷേ ആ നിയമമുണ്ടാക്കി ഒരു വർഷമായിട്ടും അതിനുനേരെ നടപടിയൊന്നും വരുന്നില്ലെന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. ഇക്കാര്യം പരിശോധിക്കുകയും സർക്കാർ തീരുമാനിച്ച നിയമപ്രകാരമുള്ള നടപടികൾ

വേഗത്തിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ. ഉന്നയിച്ച വിഷയം 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിലെ 27 എ (1) വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി, 2008-ന് മുമ്പ് നികത്തുകിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി എന്നിവ സംബന്ധിച്ച കാര്യത്തിൽ എടുക്കേണ്ട നടപടിയാണ്. അവിടെ വീട് വയ്ക്കുന്നതിനോ വാണിജ്യാവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാനുതകുന്ന തരത്തിൽ സ്വഭാവവ്യതിയാനം വരുത്തുന്നതിനായി നിശ്ചിത പെർഫോമയിലുള്ള അപേക്ഷ, നിർണ്ണയിക്കപ്പെട്ട അപേക്ഷാ ഫീസ് സഹിതം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരമാവധി 4.04 ആർ. വിസ്തൃതിയുള്ള ഭൂമിയിൽ, 120 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു വീട് നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ പരമാവധി 2.02 ആർ. വിസ്തൃതിയുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വീതിയുള്ള ഒരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനോ ഈ വകുപ്പുപ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചശേഷം ആവശ്യമെന്ന് കരുതുന്ന ജലസംരക്ഷണ നടപടികളിലൂടെ സമീപത്തെ നെൽവയലുകൾ ഏതെങ്കിലുമുണ്ടെങ്കിൽ ആയതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടും ജലസംരക്ഷണ നടപടികൾ സ്വീകരിച്ചുകൊണ്ടും യുക്തമായതും ശരിയായതുമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും കൂടാതെ, ജലസംരക്ഷണ നടപടികൾ വ്യക്തമാക്കേണ്ട അവസരങ്ങൾ സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന പ്രദേശത്തിന്റെ ഉപഗ്രഹചിത്രങ്ങളും പരിശോധിക്കേണ്ടതുണ്ട്. മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഉപഗ്രഹ ചിത്രങ്ങളുടെ പരിശോധന, സ്ഥല പരിശോധന എന്നിവ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനും അധിക സമയം വേണ്ടിവരുന്നു. കൂടാതെ, ചില അവസരങ്ങളിൽ ന്യായവില നിശ്ചയിക്കാത്ത സ്ഥലങ്ങളിൽ സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില കണ്ടെത്തി നിശ്ചയിക്കുന്നതിന് സമയം വേണ്ടിവരുന്നുണ്ട്. മാത്രമല്ല, ഡാറ്റാ ബാങ്ക്

പ്രസിദ്ധീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരവും പ്രസ്തുത സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തപ്പോൾ പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കി നെൽവയൽ അല്ലാത്തതായ ഭൂമിയാണെന്ന് ഉറപ്പുവരുത്തി മാത്രമേ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാരണങ്ങളാലും കാലതാമസമുണ്ടാകുന്നുണ്ട്. എന്നാൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ അനിയന്ത്രിതമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 17-7-2019-ൽ നടന്ന ജില്ലാ കളക്ടർമാരുടെയും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗത്തിൽ ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകളെ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ അടിയന്തരമായി തീർപ്പുകൽപ്പിക്കാൻ സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 9-12-2019-ലെ ഉത്തരവ് നമ്പർ സർക്കുലർ പ്രകാരം ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ ഭൂമിയുടെ ന്യായവില സംബന്ധിച്ച തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കാതിരിക്കുയോ നിരസിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുമെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകളിൽ ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (6) ഡയാലിസിസ് യൂണിറ്റ്

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സർക്കാരിന്റെ ആരോഗ്യരംഗത്തെ ആദ്യ പ്രഖ്യാപനങ്ങളിൽ ഒന്നായിരുന്നു താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾ എന്നത്. 2016-17-ൽ ആലത്തൂർ താലൂക്ക് ആശുപത്രിക്ക് അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. കർഷകത്തൊഴിലാളികളും ദരിദ്രകർഷകരും മറ്റ് സാധാരണക്കാരായ മനുഷ്യരും ബഹുഭൂരിപക്ഷമുള്ള ആലത്തൂർ താലൂക്കിൽ ഡയാലിസിസിന് വിധേയരാകേണ്ടി വരുന്ന രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ പ്രാപ്തിയില്ലാത്തവരാണ്. അതുകൊണ്ടുതന്നെ അവരിൽ പലരും മരണത്തെ സ്വയംവരിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ കാര്യം മുറപോലെ എന്ന പഴയ സ്ഥിതിക്ക് മാറ്റം വരുത്താൻ തീവ്രശ്രമം നടത്തുന്ന സർക്കാരാണിതെന്ന്

എനിക്കറിയാം. എന്നാലും ചില ഉദ്യോഗസ്ഥരുടെ അലംഭാവം ഇക്കാലത്തും തുടരുകയാണ്. അതിനൊരു ഉത്തമ ഉദാഹരണമാണ് സർക്കാർ അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാതിരിക്കാൻ ബോധപൂർവ്വമായ നിസംഗത തുടരുന്നത്. ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ കെട്ടിടം പണിതു, സിവിൽ വർക്കുകളെല്ലാം നേരത്തേ പൂർത്തീകരിച്ചു. കൂടുതൽ വെള്ളം വേണമെന്ന് പറഞ്ഞപ്പോൾ പുതിയ കുഴൽക്കിണർ കുഴിച്ചു നൽകി. ജലശുദ്ധീകരണത്തി നാവശ്യമായ ആർ.ഒ പ്ലാന്റും സജ്ജമാക്കി. വൈദ്യുതീകരണവും വൈകാതെ പൂർത്തീകരിച്ചു. ടി.വി.-യും മേശയുമൊക്കെ സ്ഥാപിച്ചു. അഞ്ച് ഡയാലിസിസ് മെഷീനും ആദ്യഘട്ടത്തിനാവശ്യമായ മരുന്നും ഒന്നരവർഷം മുമ്പേ വകുപ്പുമന്ത്രി എത്തിച്ചുകൊടുത്തു. ഇതെല്ലാം നടക്കുമ്പോഴും ഡോക്ടർമാർക്ക് പരിശീലനം ലഭ്യമാക്കേണ്ടവർ അത് ചെയ്യാതെ ഈ സർക്കാരിനേയും ആലത്തൂരിലെ ജനങ്ങളേയും അവഹേളിക്കുകയാണ് ചെയ്തത്. അതപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. ആവശ്യമായ അനുബന്ധ സ്റ്റാഫിനെ ദിവസ വേതനാടിസ്ഥാനത്തിൽ എപ്പോൾ വേണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട് ഇപ്പോഴും പറയുന്നില്ല. മരുന്ന് വാങ്ങുന്നതിനാവശ്യമായ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി കാത്തിരിക്കുകയാണ്. ഇതിനിടയിൽ സർക്കാർ അനുവദിച്ചിരുന്ന മരുന്ന് മറ്റൊരു താലൂക്ക് ആശുപത്രിയിലേയ്ക്ക് കടത്തുകയും ചെയ്തു. ഇത്തരത്തിൽ തികച്ചും ധിക്കാരപരവും അപമാനകരവുമായ സമീപനം നിരന്തരം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിച്ച് ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനയോഗ്യമാകുമെന്ന ബഹുമാന്യയായ മന്ത്രിയുടെ ഉറപ്പ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഡയാലിസിസ് യൂണിറ്റ് ആദ്യം അനുവദിച്ച 44 താലൂക്കാശുപത്രികളിലൊന്നായിരുന്നു ആലത്തൂർ. ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളൊരുക്കിയാൽ വളരെ പെട്ടെന്നുതന്നെ ഡയാലിസിസ് മെഷീനുകൾ നൽകാമെന്ന നിബന്ധനയോടുകൂടിയാണ് എല്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നത്. ഇതിനോടൊപ്പം അനുവദിച്ച എല്ലാ ഡയാലിസിസ് യൂണിറ്റുകളിലും ഡയാലിസിസ് പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ ആദ്യം അഞ്ച് ഡയാലിസിസ് മെഷീനുകളടങ്ങുന്ന യൂണിറ്റ് സജ്ജീകരിക്കുന്നതിനാണ് തീരുമാനിച്ചത്. സ്ഥലസൗകര്യം ഉണ്ടെങ്കിൽ പത്ത് യൂണിറ്റുവരെ അനുവദിക്കുന്നതാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ

ഇതിനുവേണ്ടിയുള്ള ഭരണാനുമതി എല്ലാവരുടെയും കൂടെത്തന്നെയാണ് നൽകിയത്. KHRWS (Kerala Health Research and Welfare Society) വഴി അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനും KMSCL (Kerala Medical Services Corporation Ltd) വഴി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ ആശുപത്രി സന്ദർശനം നടത്തി. ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നും ഏകോപിപ്പിക്കേണ്ട ജലലഭ്യത, വൈദ്യുതി, പരിശീലനം സിദ്ധിച്ച ജീവനക്കാർ എന്നിവ സംബന്ധിച്ച് നിർദ്ദേശവും നൽകി. 2019 ജൂൺ മാസത്തിൽ 89,55,593 രൂപ ചെലവഴിച്ച് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ജലലഭ്യത ഒരു തടസ്സമായി വന്നു. ഡയാലിസിസ് യൂണിറ്റിലേക്കാവശ്യമായ ജലദൗർലഭ്യം പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിനോട് ഇടപെടാൻ ആവശ്യപ്പെടുകയും ബ്ലോക്ക് പഞ്ചായത്ത് ഒരു കുഴൽക്കിണർ നിർമ്മിച്ചു നൽകുകയുമുണ്ടായി. വൈദ്യുതീകരണത്തിന്റെ പ്രവർത്തനങ്ങളും ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ജില്ലാ ആശുപത്രിയിലെ നെഫ്രോളജിസ്റ്റ് ഡയാലിസിസ് യൂണിറ്റ് സന്ദർശിക്കുകയും ആർ.ഒ പ്ലാന്റ്; അതായത് ഭാവിയിൽ 10 മെഷീൻ ഇടുമ്പോൾ അതിനുംകൂടി സൗകര്യമായ നിലയിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടതിന്റെ ഭാഗമായി അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. ടി.വി., എ.സി. ഇവയെല്ലാം ഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. യു.പി.എസും ബാറ്ററിയും നൽകിയിട്ടുണ്ട്. ഒരു ജനറേറ്റർ നൽകുന്നതിനുള്ള ടെണ്ടർ ആയിട്ടുണ്ട്. അത് സ്ഥാപിക്കേണ്ട കാലതാമസമാണ് അവിടെയുള്ളത്. ഇതുകൂടാതെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻ, സ്റ്റാഫ് നേഴ്സ്, ഡോക്ടർ എന്നിവരെ ആശുപത്രി അധികൃതർ അവിടത്തെ തദ്ദേശഭരണ സ്ഥാപനത്തിന്റെ സഹായത്തോടുകൂടി നിയമിക്കേണ്ടതും ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അതിന് സജ്ജമായാൽ പരിശീലനം നൽകുന്നതിന് തടസ്സമില്ല. വളരെ പെട്ടെന്നുതന്നെ പരിശീലനം നൽകാൻ സാധിക്കും. സർക്കാർ കാര്യം മുറപോലെ എന്നു പറയുമ്പോഴും നമ്മൾ അതിന് മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥർ ചിലപ്പോൾ നമ്മൾ പറഞ്ഞ വേഗതയിൽ ചെയ്തുവെന്നു വരില്ല. അപ്പോൾ നിരന്തരമായി ജനപ്രതിനിധികൾ ഇടപെട്ട് മീറ്റിംഗുകൾ വിളിച്ചുചേർത്തും അവരെ പ്രോത്സാഹിപ്പിച്ചും തീരെ തയ്യാറാകാത്തവർക്കെതിരെ നടപടിയെടുത്തുമൊക്കെയാണ് ഇത്രയും വേഗതയിൽ

44 ഡയാലിസിസ് യൂണിറ്റുകളുടെയും പ്രവർത്തനം ഈ പറഞ്ഞ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നത്. അത് ഇവിടെ തുടർന്നുമുണ്ടാകണം. നിരന്തരമായി മീറ്റിംഗുകൾ വിളിച്ചുചേർത്ത് എന്താണ് പോരായ്മ എന്ന് ഞങ്ങളോടും സൂചിപ്പിച്ചുകൊണ്ട് അപ്പപ്പോൾ ഇടപെട്ടാൽ സ്വാഭാവികമായിട്ടും നമുക്കത് പൂർത്തിയാക്കാൻ സാധിക്കും. ഈ ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് പാവപ്പെട്ട രോഗികൾക്ക് ഉപകാരപ്രദമായ രീതിയിൽ ഡയാലിസിസ് നടത്തിക്കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (7) മുത്തൂറ്റ് ഫിനാൻസിലെ സമരം

ശ്രീ. എം. സ്വരാജ്: സർ, അറിയപ്പെടുന്ന നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനിയായ മുത്തൂറ്റ് ഫിനാൻസിൽ 35 ദിവസത്തിലധികമായി തൊഴിലാളികൾ പണിമുടക്ക് സമരത്തിലാണ്. കേരളത്തിന്റെ മഹാഭൂരിപക്ഷം വരുന്ന മുത്തൂറ്റ് ഫിനാൻസിന്റെ ബ്രാഞ്ചുകളും ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. ഒന്നുരണ്ടു മാസങ്ങൾക്കുമുമ്പ് ഇതേ സ്ഥാപനത്തിൽ 52 ദിവസം നീണ്ടുനിന്ന തൊഴിലാളി പണിമുടക്ക് നടക്കുകയുണ്ടായി. അത്ഭുതപ്പെടുത്തുന്നവിധം സ്റ്റാന്റിംഗ് ഓർഡറുകളില്ലാതെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്ന ഒരു സ്ഥാപനമാണ് മുത്തൂറ്റ് ഫിനാൻസ്. അതിനെതിരായിട്ടാണ് തൊഴിലാളികൾ ന്യായമായ അവകാശങ്ങൾ ഉന്നയിച്ച് 52 ദിവസം നീണ്ടുനിന്ന പണിമുടക്ക് സമരം നടത്തിയത്. ആ സമരം ഒത്തു തീർപ്പാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ മുന്നോട്ടുപോകുന്ന ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കൂടി ഇടപെട്ട് മദ്ധ്യസ്ഥനെ നിയോഗിച്ച് നടത്തിയ ചർച്ചകളെത്തുടർന്നാണ് ആ സമരം ഒത്തുതീർപ്പായത്. അന്ന് ഉന്നയിക്കപ്പെട്ട വിഷയങ്ങളെല്ലാം ഒത്തുതീർപ്പിലെത്തുകയും CITU ഭാരവാഹികളും മാനേജ്മെന്റും ഒരു എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും നല്ല അന്തരീക്ഷത്തിൽ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാൻ ധാരണയാവുകയും ചെയ്തതാണ്. എന്നാൽ ആ ഒത്തുതീർപ്പ് വ്യവസ്ഥകളെല്ലാം കാറ്റിൽപ്പറത്തി; തൊഴിൽ നിയമങ്ങളെല്ലാം ലംഘിച്ച് നീണ്ട ഒരു പണിമുടക്കിനുശേഷം ഒന്നുരണ്ടു മാസം കഴിയുമ്പോഴേയ്ക്കും ഏകപക്ഷീയമായി 166 തൊഴിലാളികളെ പിരിച്ചുവിടുകയും 43 ബ്രാഞ്ചുകൾ അടച്ചുപൂട്ടിയിരിക്കുകയുമാണ്. പണിമുടക്കിന് നേതൃത്വം കൊടുത്ത തൊഴിലാളി നേതാക്കൾ ജോലി ചെയ്യുന്ന ബ്രാഞ്ചുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്. കോടതിയുടെ സമീപനത്തെയും കേരളത്തിലെ തൊഴിൽ

നിയമങ്ങളെയും ഒത്തുതീർപ്പ് വ്യവസ്ഥയെയുമെല്ലാം ധിക്കരിച്ചുകൊണ്ടുള്ള ഒരു നടപടിയാണ് സ്വീകരിച്ചത്. ഒരു ദിവസം വൈകുന്നേരം 5.00 മണിക്ക് 166 ജീവനക്കാർക്ക് ഇ-മെയിൽ വന്നു. നാളെ മുതൽ നിങ്ങൾ ജോലിക്ക് വരേണ്ടതില്ല എന്നാണ് ഇ-മെയിലുണ്ടായിരുന്നത്. ഇതൊന്നും കേട്ടുകേൾവിയിലില്ലാത്ത കാര്യങ്ങളാണ്. അതിനെതിരെ ആ തൊഴിലാളികളെ തിരിച്ചെടുക്കണമെന്നും അന്യായമായും നിയമവിരുദ്ധമായും അടച്ചുപൂട്ടിയ ബ്രാഞ്ചുകൾ തുറക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള തൊഴിലാളികളുടെ സമരം 35 ദിവസം പിന്നിട്ടിരിക്കുകയാണ്. കേട്ടുകേൾവിയില്ലാത്ത ധാർഷ്ട്യവും അഹങ്കാരവും മനുഷ്യത്വ വിരുദ്ധതയുമാണ് മാനേജ്മെന്റ് പ്രകടിപ്പിക്കുന്നത്. ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞാലും ഞങ്ങൾ കേൾക്കില്ല എന്ന് പരസ്യമായി വാർത്താസമ്മേളനം നടത്തിപ്പറയുന്ന ബോധനിലവാരമാണ് ആ സ്ഥാപനത്തിന്റെ ചെയർമാനുള്ളത്. ഇവരുടെ കഴിഞ്ഞ വർഷത്തെ ലാഭം 2100 കോടി രൂപയാണ്. ഇത്ര ഭീമമായ ലാഭമുണ്ടാക്കുന്നത് സ്വകാര്യ മൂലധനം ഉപയോഗിച്ചിട്ടല്ല. നബാർഡ് പോലെയുള്ള ഏജൻസികളിൽ നിന്നും 7% പലിശയ്ക്ക് വായ്പയെടുക്കുന്ന പണം ഉപയോഗിച്ചാണ് ബിസിനസ്സ് ചെയ്യുന്നത്. അങ്ങനെയാണ് അവർ 2000 കോടിയിലധികം രൂപ പ്രതിവർഷം ലാഭമുണ്ടാക്കുന്നത്. അങ്ങനെ മുന്നോട്ടുപോകുന്ന ഒരു കമ്പനി ന്യായമായ വേതനം കൊടുക്കാനോ തൊഴിൽ നിയമങ്ങൾ പാലിക്കാനോ തയ്യാറാകാതെ കടുത്ത മനുഷ്യാവകാശ ലംഘനത്തിനും തൊഴിലാളി പീഡനത്തിനുമാണ് നേതൃത്വം കൊടുക്കുന്നത്. അതിനെതിരെ നടന്ന സുദീർഘമായ ഒരു സമരം ഒത്തുതീർപ്പിലെത്തി; എഗ്രിമെന്റിലെ മഷി ഉണങ്ങുന്നതിനുമുമ്പ് ഏകപക്ഷീയമായി ഈ കൂട്ടപ്പിരിച്ചുവിടൽ നടപടി സ്വീകരിച്ചിരിക്കുകയാണ്. ചർച്ചകൾക്ക് കോടതി ഒരു മീഡിയേറ്ററെ തീരുമാനിച്ചിട്ടുണ്ട്. ആ മീഡിയേറ്ററുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ചർച്ചകളിൽ മാനേജിംഗ് ഡയറക്ടറോ ചെയർമാനോ പങ്കെടുക്കാതെ തീരുമാനമെടുക്കാൻ അധികാരമില്ലാത്ത ചില ഉദ്യോഗസ്ഥരെ നിയമിച്ച് പരിഹസിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത ചർച്ചയിലും ഈ സമീപനമാണ് സ്വീകരിച്ചത്. നമ്മുടെ സാമാന്യമായ ബുദ്ധിയെപ്പോലും പരിഹസിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ചർച്ചയിൽ അവിടത്തെ തൊഴിലാളി യൂണിയന്റെ ഭാരവാഹി എന്ന നിലയിൽ ഞാൻ പങ്കെടുത്തിരുന്നു. ദീർഘമായ സമരത്തിനുശേഷം 611 ബ്രാഞ്ചുകളും ഞങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുമെന്ന് നിങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചതാണല്ലോ എന്ന് ഞാൻ ചോദിച്ചപ്പോൾ ചർച്ചയിൽ പങ്കെടുത്ത H.R. മാനേജറുടെ മറുപടി: 'ശരിയാണ്, 611 ബ്രാഞ്ചുകളും തുറന്നു പ്രവർത്തിപ്പിക്കും എന്നു ഞാൻ

പറഞ്ഞതാണ്; പക്ഷേ, അടച്ചുപൂട്ടില്ലെന്ന പറഞ്ഞിട്ടില്ലല്ലോ' എന്നാണ്. ഇതാണ് ചർച്ചകളുടെ ഒരു പൊതു സ്ഥിതി. എന്റെ സബ്മിഷനിൽ ഉന്നയിക്കുന്നത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷമുള്ള കേരളത്തിൽ, സംസ്ഥാന സർക്കാരിനെയും തൊഴിൽ വകുപ്പിനെയും തൊഴിൽ നിയമങ്ങളേയും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയേയും ധിക്കരിച്ച് പുല്ലുവില കല്പിക്കാതെ പണത്തിന്റെ ധാർഷ്ട്യത്തിലും അഹങ്കാരത്തിലും തൊഴിലാളികളെ മനുഷ്യരായിപ്പോലും കണക്കാക്കാത്ത സമീപനം സ്വീകരിച്ചുപോകുന്ന ഈ മനേജ്മെന്റിനെതിരെ കേരളത്തിലെ ഭൂരിപക്ഷം വരുന്ന തൊഴിലാളികളും സമരത്തിലാണ്. ബ്രാഞ്ചുകൾ അടഞ്ഞുകിടക്കുകയാണ്. 35 ദിവസത്തിലധികമായി സമരം മുന്നോട്ടുപോകുന്നു. അങ്ങേയറ്റം മാന്യതയില്ലാത്ത സമീപനം സ്വീകരിക്കുന്ന മാനേജ്മെന്റിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുകൊണ്ട് അവിടത്തെ സമരം ഒത്തുതീർപ്പാക്കുന്നതിനും അന്യായമായ കൂട്ട പിരിച്ചുവിടലിനെ നിയമാനുസൃതം പരിശോധിച്ച് നടപടി സ്വീകരിച്ച് ആ പ്രശ്നം പരിഹരിക്കുന്നതിനും പട്ടിണിയിലായ തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും തൊഴിൽവകുപ്പിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികളുണ്ടാകണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, മുത്തൂറ്റ് ഫിനാൻസിൽ നിലവിലുണ്ടായിരുന്ന തൊഴിൽ സമരം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ 10-10-2019-ലുണ്ടാക്കിയ കരാർ ലംഘിച്ച് ജീവനക്കാരെ പിരിച്ചുവിടാനും ബ്രാഞ്ചുകൾ അടച്ചുപൂട്ടാനും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടായി. ഇതിനെതിരെ 26-10-2019-ന് നോൺ-ബാങ്കിംഗ് ആന്റ് പ്രൈവറ്റ് ഫിനാൻസ് അസോസിയേഷൻ (സി.ഐ.ടി.യു.) നൽകിയ പരാതിയിൽ പ്രശ്ന പരിഹാരത്തിനായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ 26-11-2019-ന് മീറ്റിംഗ് ക്രമീകരിച്ചു. പ്രസ്തുത മീറ്റിംഗിൽ യൂണിയൻ പ്രതിനിധികൾ ഹാജരായെങ്കിലും മാനേജ്മെന്റ് പ്രതിനിധികൾ ഹാജരാകാതിരുന്നതിനാൽ 11-12-2019-ന് അടുത്ത മീറ്റിംഗ് ക്രമീകരിച്ചു. പ്രസ്തുത മീറ്റിംഗിനും മാനേജ്മെന്റ് പ്രതിനിധികൾ ഹാജരാകാതെ ഇ-മെയിൽ മുഖേന അസൗകര്യം അറിയിച്ചു. തുടർന്ന് 19-12-2019-നുള്ള യോഗത്തിൽ പങ്കെടുക്കാൻ യൂണിയൻ പ്രതിനിധികൾ അസൗകര്യമറിയിച്ചതിനാൽ 21-12-2019-ന് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ബ്രാഞ്ചുകൾ പൂട്ടുന്ന കാര്യത്തിലും തൊഴിലാളികളെ പിരിച്ചുവിടുന്നതിലും എടുത്ത

തീരുമാനത്തിൽനിന്ന് പിന്നോട്ടില്ലെന്ന് മാനേജ്മെന്റ് പ്രതിനിധി അറിയിച്ചതിനാൽ പ്രശ്നം ഒത്തുതീർപ്പിലെത്തിക്കാൻ കഴിഞ്ഞില്ല. 31-12-2019-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള കാര്യം യോഗം വിലയിരുത്തി. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുത്ത് പണിമുടക്ക് സമരം അവസാനിപ്പിക്കണമെന്നും കോടതി നിരീക്ഷണത്തിൽ 52 ദിവസം നീണ്ടുനിന്ന സമരത്തിൽ ഒത്തുതീർപ്പുണ്ടായ സാഹചര്യത്തിൽ അതിന് വിരുദ്ധമായി മാനേജ്മെന്റ് പ്രവർത്തിക്കുന്നത് നീതിയുക്തമല്ലെന്നും യോഗം വിലയിരുത്തി. 10-10-2019-ന് ഒപ്പുവച്ച ഒത്തുതീർപ്പ് കരാർ ലംഘിച്ച് 166 തൊഴിലാളികളെ പിരിച്ചുവിട്ടത് സംബന്ധിച്ച് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ 29-ാം വകുപ്പ് പ്രകാരം 4-1-2020-ൽ മാനേജിംഗ് ഡയറക്ടർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. മുത്തൂറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ സമരം തുടരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-1-2020-ലെ ഡബ്ല്യു.പി. (സി) നം. 602/2020 കേസ്സിലെ ഉത്തരവുപ്രകാരം 14-1-2020, 20-1-2020, 29-1-2020 എന്നീ തീയതികളിൽ ലേബർ കമ്മീഷണർ യോഗങ്ങൾ ക്രമീകരിക്കുകയുണ്ടായി. 29-1-2020-ൽ നടന്ന യോഗത്തിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശ മാനേജ്മെന്റിന്റെ ഉന്നതതല പരിഗണനയ്ക്ക് ലഭ്യമാക്കി വിവരം അറിയിക്കാമെന്ന് മാനേജ്മെന്റ് പ്രതിനിധി അറിയിച്ചു. ഈ നിർദ്ദേശം യൂണിയൻ അംഗീകരിക്കുകയും 7-2-2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത വിഷയം സംബന്ധിച്ച കേസ് പരിഗണിക്കുന്നതിനാൽ മാനേജ്മെന്റ് തീരുമാനം അറിയിക്കുന്നതിനായി 6-2-2020-ന് അടുത്ത യോഗം ക്രമീകരിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെകൂടി അടിസ്ഥാനത്തിൽ ഗവൺമെന്റുമായി ഉണ്ടാക്കിയിട്ടുള്ള കരാർ നടപ്പാക്കുന്ന തിനുപകരം പ്രസ്തുത നിർദ്ദേശങ്ങളും കരാറും നിരന്തരം ലംഘിക്കുന്ന സമീപനമാണ് മുത്തൂറ്റ് മാനേജ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. മാനേജ്മെന്റിന്റെ ഈ നിഷേധാത്മക നിലപാടാണ് പ്രശ്നപരിഹാരത്തിന് തടസ്സമായി നിൽക്കുന്നത്. മുത്തൂറ്റ് ജീവനക്കാരുടെ സമരം അനുരഞ്ജനത്തിലൂടെ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെ ബഹുമാനപ്പെട്ട ഹൈക്കോടതി അഭിനന്ദിച്ചിട്ടുള്ള വസ്തുതയും ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ഒരു കാര്യം വ്യക്തമാക്കാനുള്ളത്; മുത്തൂറ്റ്

മാനേജ്മെന്റ് നിയമം അംഗീകരിക്കാൻ തയ്യാറാകാതെ നിയമത്തെ വെല്ലുവിളിക്കുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ വീണ്ടുമൊരു അനുരഞ്ജന ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് സഹായകരമായ നിലപാട് സ്വീകരിക്കാത്തപക്ഷം നിയമം അനുവദിക്കുന്ന എല്ലാ നടപടികളും ആ മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കുകയാണ്.

## (8) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. എം. ഷാജി: സർ, കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് സ്ഥിതിചെയ്യുന്ന വ്യവസായ വകുപ്പിനുകീഴിലുള്ള അഗ്രീൻകോ ഫൈബർ ഫോം എന്ന സ്ഥാപനത്തിലെ തൊഴിലാളികൾ ശമ്പളവും മറ്റാനുകൂല്യങ്ങളും കിട്ടാത്തതിനാൽ 20-01-2020 മുതൽ അനിശ്ചിതകാല സമരത്തിലാണ്. രണ്ടര മാസമായി ശമ്പളം ലഭിക്കാത്തതിനാൽ 60-ലധികം വരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലും ആത്മഹത്യയുടെ വക്കിലുമാണ്. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത ഇ.എസ്.ഐ. വിഹിതം കോർപ്പറേഷനിൽ അടയ്ക്കാത്തത് ചികിത്സ നിഷേധിക്കപ്പെടുന്നതിന് കാരണമാകുന്നു. പി.എഫ്. വിഹിതം അടയ്ക്കാത്തതിനാൽ പെൻഷനും മറ്റാനുകൂല്യങ്ങളും കിട്ടുന്നില്ല. നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായ ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അടിയന്തരമായി സർക്കാർ ഇടപെടൽ ആവശ്യമാണ്. സാധാരണ ഇത്തരം സ്ഥാപനങ്ങളിൽ ആനുകൂല്യങ്ങൾ പുതുതായി ആവശ്യപ്പെട്ടുകൊണ്ടോ ശമ്പളം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടോ ഉള്ള സമരങ്ങളാണ് നടക്കുന്നത്. എന്നാൽ ഇവിടെ അവർ പുതിയ ഒരു ആനുകൂല്യവും ചോദിക്കുന്നില്ല. നിലവിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിച്ചാൽത്തന്നെ ആ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് വലിയൊരു ആശ്വാസമാകും. സമരത്തിലുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം. ബഹുമാനപ്പെട്ട ഇ. പി. ജയരാജന് കമ്പനിയും അവിടത്തെ തൊഴിലാളികളെയുമെല്ലാം വളരെ നന്നായി അറിയാവുന്നതാണ്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് സ്ഥിതിചെയ്യുന്ന അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഭാഗികമായി ലേ ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് മേൽ സ്ഥാപനത്തിലെ തൊഴിലാളികൾ സംയുക്തമായി നൽകിയ പരാതിയുടെ

അടിസ്ഥാനത്തിൽ 23-7-2019, 2-8-2019, 3-10-2019, 30-10-2019, 20-11-2019, 18-12-2019, 31-12-2019 തീയതികളിൽ ഇരുകക്ഷികളെയും ഉൾപ്പെടുത്തി കണ്ണൂർ ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന ചർച്ചയ്ക്ക് യോഗം വിളിച്ചുചേർത്തെങ്കിലും പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടില്ല. മേൽ സ്ഥാപനം സാമ്പത്തിക പ്രതിസന്ധി കാരണം 24-11-2018 മുതൽ ഭാഗികമായി ലേ ഓഫ് ചെയ്തിരിക്കുകയാണെന്ന് മാനേജ്മെന്റ് രേഖാമൂലം അറിയിച്ചിട്ടുണ്ട്. 2018 ജൂൺ 22-ാം തീയതി കണ്ണൂർ ജില്ലാ ലേബർ ഓഫീസർ മുമ്പാകെയുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ശമ്പളക്കുടിശ്ശിക, നിലവിൽ ലഭിക്കാനുള്ള ശമ്പളത്തിന്റെ ബാക്കി ശമ്പളം എന്നിവ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തൊഴിലാളികൾ യോഗത്തിൽ ആവശ്യപ്പെട്ടു. കമ്പനി വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നും വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നും മേൽ പ്രശ്നത്തിന് പരിഹാരം കാണുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് മാനേജ്മെന്റ് നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികളുടെ ശമ്പളക്കുടിശ്ശിക മൊത്തം വിതരണം ചെയ്യുന്നതാണെന്നും മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിനോ തൊഴിലാളികളുടെ സാമ്പത്തികപ്രശ്നം പരിഹരിക്കുന്നതിനോ ഉതകുന്ന തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളാൻ മാനേജ്മെന്റിന് സാധിച്ചിട്ടില്ല. നിലവിൽ മൂന്ന് മാസത്തെ ശമ്പളത്തിന് പുറമേ ശമ്പളക്കുടിശ്ശികകൂടി ലഭിക്കാനുണ്ടെന്നും ഈ സാഹചര്യത്തിൽ തുടർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നതെന്നും തൊഴിലാളികൾ അറിയിച്ചിട്ടുണ്ട്. 24-1-2020-ൽ നടത്തിയ തുടർചർച്ചയിൽ ജീവനക്കാർക്ക് നൽകാനുള്ള വേതനക്കുടിശ്ശിക 15-2-2020-നകം നൽകണമെന്ന് കണ്ണൂർ ജില്ലാ ലേബർ ഓഫീസർ നിർദ്ദേശിക്കുകയും മാനേജ്മെന്റ് അത് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ കുടിശ്ശിക വിതരണത്തിനുശേഷം 15-2-2020-ന് ഇരുകക്ഷികളെയും വീണ്ടും ചർച്ചയ്ക്ക് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനത്തിനനുസൃതമായി തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള ഇടപെടൽ നടത്തുന്നതാണ്.

അഗ്രീൻകോ ഫൈബർ ഫോം 2019 ആഗസ്റ്റ് മാസംവരെ 38 തൊഴിലാളികളുടെ ഇ.എസ്.ഐ. വിഹിതം അടച്ചിട്ടുണ്ട്. ആഗസ്റ്റ് 2019-നുശേഷം റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. 38 തൊഴിലാളികളിൽ 23 പേർക്കും ഈ പദ്ധതിയുടെ കീഴിലുള്ള മെഡിക്കൽ ആനുകൂല്യത്തിനും പണമായി ലഭിക്കേണ്ട

ആനുകൂല്യങ്ങൾക്കും തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കുള്ള മെഡിക്കൽ ആനുകൂല്യത്തിനും ജൂൺ 2020 വരെ അർഹതയുണ്ട്. ബാക്കിയുള്ള 15 തൊഴിലാളികൾക്കാവശ്യമായ പ്രവൃത്തി ദിവസങ്ങൾ ഇല്ലാത്തതിനാൽ 1-1-2020 മുതൽ ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

## (9) ഇ.എസ്.ഐ. ആശുപത്രി

ശ്രീ. കെ. വി. വിജയദാസ്: സർ, പറളിയിലെ ഇ.എസ്.ഐ. ഡിസ്പെൻസറി അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1964-ൽ സ്ഥാപിതമായ പറളി ഇ.എസ്.ഐ. ഡിസ്പെൻസറി അടച്ചുപൂട്ടാനോ മറ്റ് ഡിസ്പെൻസറികളുമായി ലയിപ്പിക്കാനോ ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനമെടുത്തതായി അറിയുന്നു. ഏതാണ്ട് ആയിരത്തോളം തൊഴിലാളികളുടെ ആശ്രിതരടക്കം നിരവധിപേർ ഈ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. പറളി പഞ്ചായത്തിൽ ഉൾപ്പെടുന്ന പച്ചേപ്പ ഇൻഡസ്ട്രീസ്, കർണകി മെറ്റൽസ്, രസതന്ത്ര ഫാർമസ്യൂട്ടിക്കൽസ്, എക്സൽ പാക്കേജിംഗ്സ്, ഹ്യുണ്ടായ് ഷോറൂം തുടങ്ങിയ നിരവധി ചെറുകിട വ്യവസായ സ്ഥാപനങ്ങളും പത്തിരിപ്പാല സേവാസദൻ സ്കൂൾ, ബൗൺസീന സ്കൂൾ, ബാപ്പുജി സ്കൂൾ, വ്യാസ വിദ്യാപീഠം തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ ഡിസ്പെൻസറിയുടെ പരിധിയിലുണ്ട്. ലക്കിടി, കോങ്ങാട്, മുണ്ടൂർ, മങ്കര, മണ്ണൂർ, കോട്ടായി, പെരുങ്ങോട്ടൂർ തുടങ്ങിയ പഞ്ചായത്തുകളിലെ നിരവധി സ്ഥാപനങ്ങളിലെ തൊഴിലാളികളും കഞ്ചിക്കോട് വ്യവസായ മേഖലയിൽ സ്ഥിതിചെയ്യുന്ന നിരവധി സ്ഥാപനങ്ങളിലെ തൊഴിലാളികളും അവരുടെ ആശ്രിതരും പറളി ഡിസ്പെൻസറിയെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് പറളി ഡിസ്പെൻസറി അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇ.എസ്.ഐ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിൽ നിലവിലുള്ള ഏക ഇ.എസ്.ഐ. ടൈപ്പ് ഡിസ്പെൻസറികളിൽ 21 എണ്ണത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലാളികളുടെ എണ്ണം വളരെ കുറവാണെന്ന് കണ്ടെത്തി. ഒരു സിംഗിൾ ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയിലെ ഡോക്ടർ, ഐ.പി അനുപാതം 1:3000 എന്നും ഒരു ഡോക്ടർ ഒരു ദിവസം 60-ൽ കുറയാതെ രോഗികളെ പരിശോധിച്ചിരിക്കണമെന്നുമുള്ള മാനദണ്ഡമാണ് ഇ.എസ്.ഐ കോർപ്പറേഷൻ

നിർദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ പറളിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത ഡിസ്പെൻസറിയിൽ 648 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ദിവസേന ശരാശരി 12 പേർ മാത്രമാണ് ഒ.പി.-യിൽ ചികിത്സയ്ക്കായി എത്തുന്നത്. ഇവിടെ എട്ട് ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഡിസ്പെൻസറിയുടെ വാടകയിനത്തിൽ പ്രതിമാസം 25,392 രൂപയാണ് നൽകിവരുന്നത്. ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത് വ്യാവസായികമായി മുന്നോക്കം നിൽക്കുന്ന പ്രദേശത്തല്ല. കൂടാതെ നിലവിലുണ്ടായിരുന്ന പല തൊഴിൽ യൂണിറ്റുകളും തുടരുന്നില്ല. പറളി ഇ.എസ്.ഐ ഡിസ്പെൻസറി 13 കിലോമീറ്റർ മാത്രം അകലെയുള്ള പാലക്കാട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ലയിപ്പിക്കുന്നതിനുള്ള ശിപാർശ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പാലക്കാട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആയുർവേദം ഉൾപ്പെടെ അഞ്ച് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. രജിസ്റ്റർ ചെയ്യപ്പെട്ട ഐ.പി.കളുടെ എണ്ണത്തിലുള്ള അപര്യാപ്തതയും അതിനൊപ്പം ഐ.പി.കൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനവും ലക്ഷ്യമിട്ടാണ് ഡിസ്പെൻസറിയുടെ ലയനം ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്. ഡിസ്പെൻസറിയുടെ ലയനം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. 31-12-2019-ൽ ചേർന്ന റീജിയണൽ ബോർഡ് മീറ്റിംഗിൽ ഡിസ്പെൻസറികളുടെ ലയനം സംബന്ധിച്ച കാര്യം ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷന്റെ സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച ചെയ്തതിനുശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

## (10) അദ്ധ്യാപക നിയമനങ്ങളിലെ സംവരണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനു മാത്രമായി ഒരു പുതിയ മന്ത്രി വന്നപ്പോൾ മാർക്ക് ദാനവും അദാലത്തും അതുപോലെ യൂണിവേഴ്സിറ്റികളിലെ സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകളിലെ കാലാവധിയുമൊക്കെ നിശ്ചയിച്ച് പുതിയ നിലപാടുകൾ വന്നു. അതിന്റെ ഭാഗമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡോ. അബ്ദുൾ നജീദ് 11 മാസക്കാലമായി

എവിടെയും പോസ്റ്റിംഗ് ലഭിക്കാതെ ഇന്നും അലഞ്ഞുനടക്കുന്ന അവസ്ഥാവിശേഷമാണുള്ളത്. അത് പരിഹരിക്കുന്നതിനാവശ്യമായ നിലപാട് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഗവൺമെന്റിൽ നിന്നുമുണ്ടാകണമെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 116 അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള പുതിയ നോട്ടിഫിക്കേഷൻ തീർത്തും ചട്ടവിരുദ്ധമായി, സംവരണം അട്ടിമറിക്കുന്നതിന് ഒരു മാനദണ്ഡങ്ങളു മില്ലാതെയാണ് കൊണ്ടുവന്നിട്ടുള്ളത്. നോട്ടിഫിക്കേഷൻ വരുമ്പോൾ അതിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥിക്ക് താൻ ഏതിനാണ് അപേക്ഷിക്കുന്നത്; ഏത് കാറ്റഗറിയിലാണ് അപേക്ഷിക്കുന്നതെന്ന് അറിയാനുള്ള അവകാശമുണ്ട്. ആ അവകാശംപോലും ഇതിന്റെ ഭാഗമായി ലഭിക്കുന്നില്ല. യു.ജി.സി.യുടെ നിലപാടുകളും നയങ്ങളും നടപ്പിലാക്കിക്കൊണ്ടുവേണം നോട്ടിഫിക്കേഷനും നിയമനങ്ങളും നടപ്പിലാക്കാനെന്ന് യു.ജി.സി. പറയുന്നുണ്ട്. ഹൈക്കോടതിയും സുപ്രീംകോടതിയും അത് അംഗീകരിച്ചിട്ടുമുണ്ട്. അതും ഇവിടെ പാലിക്കപ്പെടുന്നില്ല. യു.ജി.സി.യുടെ നിലപാടുകളല്ല നോട്ടിഫിക്കേഷനിലൂടെ വന്നിട്ടുള്ളത്. 2016-ലെ ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുമ്പോൾ മാത്രം സംവരണവും മറ്റ് കാര്യങ്ങളും നോക്കാമെന്ന് പറയുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു കേസ്സിന്റെ വിധി വച്ചുകൊണ്ടല്ല അങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത്; കണ്ണൂർ യൂണിവേഴ്സിറ്റിയിലും കുസാറ്റ് യൂണിവേഴ്സിറ്റിയിലും പുതുതായി ആളുകളെ നിയമിച്ചിട്ടുണ്ട്; അതിന്റെ നോട്ടിഫിക്കേഷൻ വന്നിട്ടുമുണ്ട്. അതിലെല്ലാം കൃത്യമായി മാനദണ്ഡങ്ങൾ പറഞ്ഞുകൊണ്ടാണ് നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്. എന്നാൽ ഇവിടെ നോട്ടിഫിക്കേഷനിൽ ഒരു മാനദണ്ഡവും പറയാതെ, സംവരണതത്വം അട്ടിമറിക്കുന്നതിനും ആളുകളെ ഐഡന്റിഫൈ ചെയ്യുന്നതിനുമുള്ള നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഇങ്ങനെ ഒരു നോട്ടിഫിക്കേഷൻ ഇറക്കിയത്. തീർത്തും ചട്ടവിരുദ്ധമായ, സംവരണം അട്ടിമറിക്കുന്ന, മാനദണ്ഡങ്ങളില്ലാത്ത അനുചിതമായ നിലപാട് സ്വീകരിച്ചുകൊണ്ട് സ്വന്തം ആളുകളെ നിയമിക്കുന്നതിനുള്ള നിലപാടാണ് ഈ നോട്ടിഫിക്കേഷനിലൂടെ സ്വീകരിച്ചിട്ടുള്ളത്. കാറ്റഗറിയിൽ അറബിക്കിൽ മാത്രം പോസ്റ്റിംഗ് നൽകി മറ്റുള്ളതിൽ നിന്നും ഒഴിവാക്കപ്പെടാവുന്ന പല രീതികളും ഉപയോഗിക്കപ്പെടുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തുന്നതിനുള്ള ഏർപ്പാടാണെന്ന രീതിയിലുള്ള വാർത്ത തിരുവനന്തപുരത്തുള്ള പത്രങ്ങളിൽപ്പോലും വന്നിട്ടുണ്ട്. ആ

രീതിയിൽ അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്നതിനും മാനദണ്ഡങ്ങൾ അട്ടിമറിക്കുന്നതിനുമായി ചട്ടവിരുദ്ധമായി നടപ്പിലാക്കുന്ന ഈ നോട്ടിഫിക്കേഷൻ റദ്ദാക്കി ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ സാധിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ):</u> സർ, 1975-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ടിന് 2014-ൽ കൊണ്ടുവന്ന ഭേദഗതിക്കുശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അദ്ധ്യാപക നിയമനങ്ങളിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. പ്രകാരമുള്ള റൊട്ടേഷൻ പാലിച്ചുകൊണ്ടും എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ഒരു യൂണിറ്റായി കണക്കാക്കിയുമാണ് സംവരണം പാലിക്കുന്നത്. അതുകൊണ്ടുതന്നെ നോട്ടിഫിക്കേഷൻ സമയത്ത് ഒരു പ്രത്യേക തസ്തിക പ്രത്യേക വിഭാഗത്തിനായി മാറ്റിവയ്ക്കാൻ സാധിക്കില്ല എന്നും സംവരണം നിയമന സമയത്തു മാത്രമേ പാലിക്കാൻ പാടുള്ളൂവെന്നും വിവിധ കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. ചട്ടം 14 മുതൽ 17 വരെ നിഷ്കർഷിച്ചിട്ടുള്ള സംവരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് സർവ്വകലാശാല അദ്ധ്യാപക നിയമനം നടത്തുന്നത്. 2014-ൽ സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്തപ്പോഴും 2016-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചപ്പോഴും സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ അമരത്ത് ആരൊക്കെയായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാവുന്നതാണ്. മറ്റ് സർവ്വകലാശാല കളിലൊന്നുംതന്നെ ഇത്തരത്തിലുള്ള ഒരു വിഷയം നിലനിൽക്കുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ മാത്രമാണ് ഇങ്ങനെയൊരു വിഷയം നിലനിൽക്കുന്നത്. 2016 ഫെബ്രുവരി 3-ന് കേരള ഹൈക്കോടതി ഇങ്ങനെയൊരു വിധി പ്രസ്താവിച്ചപ്പോൾ ആ വിധിക്കെതിരെ സിൻഡിക്കേറ്റ് അപ്പീൽ പോകണമായിരുന്നു. സർക്കാരല്ല, ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയാണ് അത് ചെയ്യേണ്ടത്. അവർ അന്ന് അതിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിലും പോയില്ല. അതുകൊണ്ടാണ് ആ സർവ്വകലാശാലയ്ക്ക് മാത്രമായി ഇത്തരത്തിലുള്ള ഒരു സാഹചര്യ മുണ്ടായിരിക്കുന്നത്. സംവരണതത്വം അട്ടിമറിക്കാതെ, എല്ലാ തത്വങ്ങളും പാലിച്ചു കൊണ്ട് നിയമനം നടക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് ഒരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല.

# V. മേശപ്പുറത്തുവച്ച കടലാസുകൾ

## പ്രത്യേക ലിസ്റ്റ് പ്രകാരം

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 858/2017 | ജി.ഒ.(എം.എസ്.) നമ്പർ 260/ 2017/ഹോം | 28-12-2017 | അതെ |
| 2 | 859/2017 | ജി.ഒ.(എം.എസ്.) നമ്പർ 261/2017/ഹോം | 28-12-2017 | അതെ |
| 3 | 860/2017 | ജി.ഒ.(എം.എസ്.) നമ്പർ 262/2017/ഹോം | 28-12-2017 | അതെ |
| 4 | 228/2019 | ജി.ഒ.(ആർറ്റി) നമ്പർ 821/2019/ഹോം | 14-3-2019 | അതെ |
| 5 | 389/2019 | ജി.ഒ.(എം.എസ്.) നമ്പർ 70/2019/ഹോം | 7-6-2019 | അതെ |
| 6 | 472/2019 | ജി.ഒ.(പി) നമ്പർ 17/2019/ഹോം | 9-7-2019 | അതെ |
| 7 | 671/2019 | ജി.ഒ.(എം.എസ്.) നമ്പർ 124/2019/ഹോം | 18-8-2019 | അല്ല |
| 8 | 672/2019 | ജി.ഒ.(എം.എസ്.) നമ്പർ 125/2019/ഹോം | 18-8-2019 | അല്ല |
| 9 | 753/2019 | ജി.ഒ.(പി) നമ്പർ 40/2019/ഹോം | 13-10-2019 | അല്ല |
| 10 | 776/2019 | ജി.ഒ.(എം.എസ്.) നമ്പർ 164/2019/ഹോം | 21-10-2019 | അല്ല |
| 11 | 795/2019 | ജി.ഒ.(പി) നമ്പർ 44/2019/ ഹോം | 29-10-2019 | അല്ല |
| 12 | 803/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2957/2019/ഹോം | 25-10-2019 | അല്ല |
| 13 | 804/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 2955/2019/ഹോം | 25-10-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 805/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 3055/2019/ഹോം | 2-11-2019 | അല്ല |
| 15 | 806/2019 | ജി.ഒ.(എം.എസ്.) നമ്പർ 171/2019/ഹോം | 1-11-2019 | അല്ല |
| 16 | 807/2019 | ജി.ഒ.(എം.എസ്.) നമ്പർ 147/2019/ഹോം | 2-10-2019 | അല്ല |
| 17 | 813/2019 | ജി.ഒ.(പി) നമ്പർ 50/2019/ഹോം | 5-11-2019 | അല്ല |
| 18 | 815/2019 | ജി.ഒ.(പി) നമ്പർ 51/2019/ഹോം | 5-11-2019 | അല്ല |
| 19 | 826/2019 | ജി.ഒ.(എം.എസ്.) നമ്പർ 168/ 2019/ ഹോം | 30-10-2019 | അല്ല |
| 20 | 830/2019 | ജി.ഒ.(പി) നമ്പർ 52/2019/ഹോം | 5-11-2019 | അല്ല |
| 21 | 831/2019 | ജി.ഒ.(പി) നമ്പർ 53/2019/ഹോം | 7-11-2019 | അല്ല |
| 22 | 855/2019 | ജി.ഒ.(പി) നമ്പർ 8/2019/ പി.&എ.ആർ.ഡി. | 11-11-2019 | അല്ല |
| 23 | 858/2019 | എസ്. എസ്1/ 19/ 2019/ജി.എ.ഡി. | 11-11-2019 | അല്ല |
| 24 | 859/2019 | എസ്.എസ്1/19/ 2019/ജി.എ.ഡി. | 11-11-2019 | അല്ല |
| 25 | 860/2019 | എസ്.എസ്1/ 19/2019/ജി.എ.ഡി. | 11-11-2019 | അല്ല |
| 26 | 861/2019 | എസ്എസ്1/19/2019/ജി. എഡി | 11-11-2019 | അല്ല |
| 27 | 862/2019 | എസ്.എസ്1/ 19/2019/ജി.എ.ഡി. | 11-11-2019 | അല്ല |
| 28 | 872/2019 | ജി.ഒ.(എം.എസ്.) നമ്പർ 179/2019/ഹോം | 13-11-2019 | അല്ല |
| 29 | 881/2019 | 60903/എസ്. എസ്. എ 2/2016/ ആഭ്യന്തരം | 14-11-2019 | അല്ല |
| 30 | 886/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 3184/2019/ഹോം | 12-11-2019 | അല്ല |
| 31 | 887/2019 | എസ്എസ്1/19/2019/ജി. എ.ഡി. | 16-11-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 32 | 891/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 3271/2019/ഹോം | 18-11-2019 | അല്ല |
| 33 | 907/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 3293/2019/ഹോം | 19-11-2019 | അല്ല |
| 34 | 917/2019 | ജി.ഒ.(പി) നമ്പർ 2/2019/ഇഎൻവിടി | 14-11-2019 | അല്ല |
| 35 | 919/2019 | ഹോം-എസ്.എസ്.എ 2/ 278/2019-ഹോം | 25-11-2019 | അല്ല |
| 36 | 921/2019 | ഹോം-എസ്.എസ്.എ 1/ 431/2019-ഹോം | 26-11-2019 | അല്ല |
| 37 | 923/2019 | ഹോം-എസ്.എസ്.എ 4/ 112/2019-ഹോം | 26-11-2019 | അല്ല |
| 38 | 955/2019 | ജി.ഒ.(എം.എസ്) നമ്പർ 196/2019/ ഹോം | 5-12-2019 | അല്ല |
| 39 | 972/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 3518/2019/ഹോം | 4-12-2019 | അല്ല |
| 40 | 976/2019 | സ.ഉ(കൈ) നമ്പർ 21/2019/നോർക്ക | 6-12-2019 | അല്ല |
| 41 | 986/2019 | വിജ്-സി1/482/2019-വിജ്. | 18-12-2019 | അല്ല |
| 42 | 1006/2019 | ഹോം-എസ്.എസ്.എ 2/ 268/2019-ഹോം | 24-12-2019 | അല്ല |
| 43 | 2/2020 | ജി.ഒ.(ആർ.റ്റി.) നമ്പർ 3737/2019/ഹോം | 24-12-2019 | അല്ല |
| 44 | 8/2020 | ജി.ഒ.(പി) നമ്പർ 2/2020/ഹോം | 4-1-2020 | അല്ല |
| 45 | 40/2020 | ഹോം-എസ്.എസ്.എ 3/ 250/2019-ഹോം | 16-1-2020 | അല്ല |

ii.വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | കോഴിക്കോട് സൈബർ പാർക്ക് | 2017-18 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ് മെന്റ് , കേരള | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | 2018-19 | വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 5 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 304/2018 | ജി.ഒ.(പി) നമ്പർ 4/2018/ജി.എ.ഡി. | 17-5-2018 |
| 2 | 707/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം. | 13-8-2019 |
| 3 | 708/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 4 | 709/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 5 | 710/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 6 | 711/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 712/2019 | ജി.ഒ(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 8 | 738/2019 | ജി.ഒ(എം.എസ്.) നമ്പർ 151/2019/ഹോം | 11-10-2019 |
| 9 | 746/2019 | ജി.ഒ.(പി) നമ്പർ 41/2019/ഹോം | 14-10-2019 |
| 10 | 755/2019 | ജി.ഒ(ആർറ്റി) നമ്പർ 2802/2019/ഹോം. | 15-10-2019 |
| 11 | 759/2019 | ജി.ഒ(എം.എസ്.) നമ്പർ 158/2019/ഹോം | 18-10-2019 |
| 12 | 760/2019 | ജി.ഒ(എം.എസ്.) നമ്പർ 158/2019/ഹോം | 18-10-2019 |
| 13 | 761/2019 | ജി.ഒ(എം.എസ്.) നമ്പർ 159/2019/ഹോം | 18-10-2019 |
| 14 | 762/2019 | ജി.ഒ(എം.എസ്) നമ്പർ 159/2019/ഹോം | 18-10-2019 |
| 15 | 771/2019 | ജി.ഒ.(എം.എസ്.)നം. 163/2019/ഹോം | 20-10-2019 |
| 16 | 809/2019 | ജി.ഒ.(പി) നമ്പർ 48/2019/ഹോം. | 5-11-2019 |

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 757/2019 | ജി.ഒ.(പി) നമ്പർ 19/2019/ഐഡി | 17-9-2019 | അല്ല |
| 2 | 947/2019 | ജി.ഒ.(പി) നമ്പർ 23/2019/ഇൻഡ് | 22-10-2019 | അല്ല |
| 3 | 952/2019 | ജി.ഒ.(പി) നമ്പർ 21/2019/ഐഡി | 11-10-2019 | അല്ല |
| 4 | 12/2020 | ജി.ഒ.(പി) നമ്പർ 2/2020/ഐഡി | 6-1-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ) | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | കെൽട്രോൺ ഇലക്ട്രോസെറാമിക്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അല്ല |
| 11 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |
| 12 | കേരള സിറാമിക്സ് ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അല്ല |

(iii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 734/2019 | ജി.ഒ.(പി) നമ്പർ 51/2019/ആർ.ഡി. | 24-8-2019 | അല്ല |
| 2 | 745/2019 | ജി.ഒ.(പി) നമ്പർ 62/2019/ആർ.ഡി. | 09-10-2019 | അല്ല |
| 3 | 781/2019 | ജി.ഒ.(പി) നമ്പർ 69/2019/ആർ.ഡി. | 25-10-2019 | അല്ല |
| 4 | 786/2019 | ജി.ഒ.(പി) നമ്പർ 70/2019/ആർ.ഡി. | 26-10-2019 | അല്ല |
| 5 | 810/2019 | ജി.ഒ.(പി) നമ്പർ 75/2019/ആർ.ഡി. | 05-10-2019 | അല്ല |
| 6 | 811/2019 | ജി.ഒ.(പി) നമ്പർ 74/2019/ആർ.ഡി. | 04-11-2019 | അല്ല |
| 7 | 876/2019 | ജി.ഒ.(പി) നമ്പർ 73/2019/ആർ.ഡി. | 01-11-2019 | അല്ല |
| 8 | 911/2019 | ജി.ഒ.(പി) നമ്പർ 76/2019/ആർ.ഡി. | 06-11-2019 | അല്ല |
| 9 | 913/2019 | ജി.ഒ.(പി) നമ്പർ 80/2019/ആർ.ഡി. | 19-11-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 925/2019 | ജി.ഒ.(പി) നമ്പർ 82/2019/ആർ.ഡി. | 26-11-2019 | അല്ല |
| 11 | 944/2019 | ജി.ഒ.(പി) നമ്പർ 84/2019/ആർ.ഡി. | 30-11-2019 | അല്ല |
| 12 | 945/2019 | ജി.ഒ.(പി) നമ്പർ 85/2019/ആർ.ഡി. | 30-11-2019 | അല്ല |
| 13 | 948/2019 | ജി.ഒ.(പി) നമ്പർ 86/2019/ആർ.ഡി. | 3-12-2019 | അല്ല |
| 14 | 949/2019 | ജി.ഒ.(പി) നമ്പർ 87/2019/ആർ.ഡി. | 4-12-2019 | അല്ല |
| 15 | 969/2019 | ജി.ഒ.(പി) നമ്പർ 89/2019/ ആർ.ഡി. | 9-12-2019 | അല്ല |
| 16 | 970/2019 | ജി.ഒ.(പി) നമ്പർ 90/2019/ആർ.ഡി. | 9-12-2019 | അല്ല |
| 17 | 971/2019 | ജി.ഒ.(പി) നമ്പർ 88/2019/ആർ.ഡി. | 6-12-2019 | അല്ല |
| 18 | 974/2019 | ജി.ഒ.(പി) നമ്പർ 91/2019/ആർ.ഡി. | 12-12-2019 | അല്ല |
| 19 | 999/2019 | ജി.ഒ.(പി) നമ്പർ 95/2019/ആർ.ഡി. | 23-12-2019 | അല്ല |
| 20 | 1008/2019 | ജി.ഒ.(എം.എസ്) നമ്പർ 9/2019/ എച്ച്എസ്ജി | 24-12-2019 | അല്ല |
| 21 | 1009/2019 | ജി.ഒ.(പി) നമ്പർ 93/2019/ആർ.ഡി. | 21-12-2019 | അല്ല |
| 22 | 1010/2019 | ജി.ഒ.(പി) നമ്പർ 94/2019/ആർ.ഡി. | 23-12-2019 | അല്ല |
| 23 | 1017/2019 | ജി.ഒ.(പി) നമ്പർ 98/2019/ആർ.ഡി. | 30-12-2019 | അല്ല |
| 24 | - | ജി.ഒ.(പി) നമ്പർ 83/2019/ആർ.ഡി. | 28-11-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 741/2019 | ജി.ഒ.(പി) നമ്പർ 61/2019/ ആർഡി | 9-10-2019 |

(iv) തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 683/2019 | ജി.ഒ.(പി) നമ്പർ 33/2019/ട്രാൻ. | 23-9-2019 | അല്ല |
| 2 | 875/2019 | ജി.ഒ.(പി) നമ്പർ 38/2019/ട്രാൻ. | 8-11-2019 | അല്ല |
| 3 | 879/2019 | ജി.ഒ.(പി) നമ്പർ 40/2019/ട്രാൻ. | 14-11-2019 | അല്ല |
| 4 | - | എസ്3-14027/17 | 18-11-2019 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 788/2019 | ജി.ഒ.(പി) നമ്പർ 37/2019/ട്രാൻസ് | 26-10-2019 |
| 2 | 800/2019 | ജി.ഒ.(പി) നമ്പർ 36/2019/ട്രാൻ | 17-10-2019 |

(v) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 754/2019 | ജി.ഒ.(പി) നമ്പർ 157/2019/ടാക്സസ് | 10-10-2019 | അല്ല |
| 2 | 823/2019 | ജി.ഒ.(പി) നമ്പർ 165/2019/ടാക്സസ് | 4-11-2019 | അല്ല |
| 3 | 824/2019 | ജി.ഒ.(പി) നമ്പർ 164/2019/ടാക്സസ് | 4-11-2019 | അല്ല |
| 4 | 832/2019 | ജി.ഒ.(പി) നമ്പർ 170/2019/ടാക്സസ് | 8-11-2019 | അല്ല |
| 5 | 833/2019 | ജി.ഒ.(പി) നമ്പർ 171/2019/ടാക്സസ് | 8-11-2019 | അല്ല |
| 6 | 834/2019 | ജി.ഒ.(പി) നമ്പർ 172/2019/ടാക്സസ് | 8-11-2019 | അല്ല |
| 7 | 835/2019 | ജി.ഒ.(പി) നമ്പർ 173/2019/ടാക്സസ് | 8-11-2019 | അല്ല |
| 8 | 836/2019 | ജി.ഒ.(പി) നമ്പർ 174/2019/ടാക്സസ് | 8-11-2019 | അല്ല |
| 9 | 837/2019 | ജി.ഒ.(പി) നമ്പർ 175/2019/ടാക്സസ് | 8-11-2019 | അല്ല |
| 10 | 838/2019 | ജി.ഒ.(പി) നമ്പർ 176/2019/ടാക്സസ് | 08-11-2019 | അല്ല |
| 11 | 839/2019 | ജി.ഒ.(പി) നമ്പർ 177/2019/ടാക്സസ് | 8-11-2019 | അല്ല |
| 12 | 840/2019 | ജി.ഒ.(പി) നമ്പർ 178/2019/ടാക്സസ് | 8-11-2019 | അല്ല |
| 13 | 841/2019 | ജി.ഒ.(പി) നമ്പർ 179/2019/ടാക്സസ് | 8-11-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 842/2019 | ജി.ഒ.(പി) നമ്പർ 180/2019/ടാക്സസ് | 08-11-2019 | അല്ല |
| 15 | 844/2019 | ജി.ഒ.(പി) നമ്പർ 181/2019/ടാക്സസ് | 08-11-2019 | അല്ല |
| 16 | 845/2019 | ജി.ഒ.(പി) നമ്പർ 182/2019/ടാക്സസ് | 08-11-2019 | അല്ല |
| 17 | 846/2019 | ജി.ഒ.(പി) നമ്പർ 183/2019/ടാക്സസ് | 08-11-2019 | അല്ല |
| 18 | 851/2019 | ജി.ഒ.(പി) നമ്പർ 108/2019/ഫിൻ. | 20-8-2019 | അല്ല |
| 19 | 890/2019 | ജി.ഒ.(പി) നമ്പർ 186/2019/ടാക്സസ് | 17-11-2019 | അല്ല |
| 20 | 892/2019 | ജി.ഒ.(പി) നമ്പർ 187/2019/ടാക്സസ് | 18-11-2019 | അല്ല |
| 21 | 893/2019 | ജി.ഒ.(പി) നമ്പർ 188/2019/ടാക്സസ് | 18-11-2019 | അല്ല |
| 22 | 894/2019 | ജി.ഒ.(പി) നമ്പർ 189/2019/ടാക്സസ് | 18-11-2019 | അല്ല |
| 23 | 895/2019 | ജി.ഒ.(പി) നമ്പർ 190/2019/ടാക്സസ് | 18-11-2019 | അല്ല |
| 24 | 896/2019 | ജി.ഒ.(പി) നമ്പർ 191/2019/ടാക്സസ് | 18-11-2019 | അല്ല |
| 25 | 926/2019 | ജി.ഒ.(പി) നമ്പർ 194/2019/ടാക്സസ് | 27-11-2019 | അല്ല |
| 26 | 927/2019 | ജി.ഒ.(പി) നമ്പർ 195/2019/ടാക്സസ് | 27-11-2019 | അല്ല |
| 27 | 928/2019 | ജി.ഒ.(പി) നമ്പർ 196/2019/ടാക്സസ് | 27-11-2019 | അല്ല |
| 28 | 938/2019 | ജി.ഒ.(പി) നമ്പർ 165/2019/ഫിൻ. | 27-11-2019 | അല്ല |
| 29 | 953/2019 | ജി.ഒ.(പി) നമ്പർ 167/2019/ഫിൻ. | 07-12-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 30 | 982/2019 | ജി.ഒ.(പി) നമ്പർ 202/2019/ടാക്സസ് | 17-12-2019 | അല്ല |
| 31 | 987/2019 | ജി.ഒ.(പി) നമ്പർ 204/2019/ടാക്സസ് | 19-12-2019 | അല്ല |
| 32 | 988/2019 | ജി.ഒ.(പി) നമ്പർ 205/2019/ടാക്സസ് | 19-12-2019 | അല്ല |
| 33 | 1005/2019 | ജി.ഒ.(പി) നമ്പർ 206/2019/ടാക്സസ് | 24-12-2019 | അല്ല |
| 34 | 1014/2019 | ജി.ഒ.(പി) നമ്പർ 208/2019/ടാക്സസ് | 27-12-2019 | അല്ല |
| 35 | 1015/2019 | ജി.ഒ.(പി) നമ്പർ 209/2019/ടാക്സസ് | 27-12-2019 | അല്ല |
| 36 | 1024/2019 | ജി.ഒ.(പി) നമ്പർ 211/2019/ടാക്സസ് | 31-12-2019 | അല്ല |
| 37 | 1025/2019 | ജി.ഒ.(പി) നമ്പർ 212/2019/ടാക്സസ് | 31-12-2019 | അല്ല |
| 38 | 1027/2019 | ജി.ഒ.(പി) നമ്പർ 213/2019/ടാക്സസ് | 31-12-2019 | അല്ല |
| 39 | 1029/2019 | ജി.ഒ.(പി) നമ്പർ 214/2019/ടാക്സസ് | 31-12-2019 | അല്ല |
| 40 | 1030/2019 | ജി.ഒ.(പി) നമ്പർ 215/2019/ടാക്സസ് | 31-12-2019 | അല്ല |
| 41 | 1031/2019 | ജി.ഒ.(പി) നമ്പർ 216/2019/ടാക്സസ് | 31-12-2019 | അല്ല |
| 42 | 1032/2019 | ജി.ഒ.(പി) നമ്പർ 217/2019/ടാക്സസ് | 31-12-2019 | അല്ല |
| 43 | 1033/2019 | ജി.ഒ.(പി) നമ്പർ 218/2019/ടാക്സസ് | 31-12-2019 | അല്ല |
| 44 | 1034/2019 | ജി.ഒ.(പി) നമ്പർ 219/2019/ടാക്സസ് | 31-12-2019 | അല്ല |
| 45 | 1035/2019 | ജി.ഒ.(പി) നമ്പർ 220/2019/ടാക്സസ് | 31-12-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 46 | 1036/2019 | ജി.ഒ.(പി) നമ്പർ 221/2019/ടാക്സസ് | 31-2-2019 | അല്ല |
| 47 | 1037/2019 | ജി.ഒ.(പി) നമ്പർ 222/2019/ടാക്സസ് | 31-12-2019 | അല്ല |
| 48 | 6/2020 | ജി.ഒ.(പി) നമ്പർ 1/2020/ഫിൻ. | 4-1-2020 | അല്ല |
| 49 | - | കെ എഫ് സി/ എച്ച്.ആർ/ 1025/ 2019-20 | 17-10-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2018-19 | ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2018-19 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 681/2019 | സ.ഉ.(പി) നമ്പർ 140/2019/നി.വ. | 20-9-2019 |
| 2 | 774/2019 | ജി.ഒ.(പി) നമ്പർ 25/2019/ഇൻഡ് | 24-10-2019 |
| 3 | 808/2019 | ജി.ഒ.(പി) നമ്പർ 143/2019/ഫിൻ | 23-10-2019 |

(vi) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2011-12<br>2012-13<br>2013-14 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

(vii) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 777/2019 | ജി.ഒ.(പി) നമ്പർ 23/2019/ലോ | 4-10-2019 | അല്ല |
| 2 | 849/2019 | ജി.ഒ.(പി) നമ്പർ 25/2019/ലോ | 1-11-2019 | അല്ല |
| 3 | 979/2019 | ജി.ഒ.(പി) നമ്പർ 26/2019/ലോ | 2-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ കാലതാമസ പത്രിക സഹിതമാണോയെന്ന് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2016-17 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | സെന്റർ ഫോർ റിസർച്ച് & എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST) | 2017-18 | വാർഷിക റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി | 2018-19 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 735/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 1340/2019/ലോ | 4-10-2019 |

(viii) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 625/2018 | ജി.ഒ.(പി) നമ്പർ 123/2018/എച്ച്.& എഫ്.ഡബ്ല്യൂഡി | 6-9-2018 | അതെ |
| 2 | 490/2019 | ജി.ഒ.(പി) നമ്പർ 68/2019/എച്ച്.& എഫ്.ഡബ്ല്യൂഡി | 06-7-2019 | അതെ |
| 3 | 578/2019 | ജി.ഒ.(പി) നമ്പർ 90/2019/എച്ച്.& എഫ്.ഡബ്ല്യൂഡി | 24.8-2019 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 827/2019 | ജി.ഒ.(പി) നമ്പർ 96/2019/എച്ച്.& എഫ്.ഡബ്ല്യുഡി | 29-9-2019 | അല്ല |
| 5 | 984/2019 | ജി.ഒ.(പി) നമ്പർ 106/2019/എച്ച്.& എഫ്.ഡബ്ല്യുഡി | 14-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള വനിതാ കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 387/2019 | ജി.ഒ.(പി)നമ്പർ 54/2019/എച്ച്.&എഫ്.ഡബ്ല്യുഡി | 11-6-2019 |
| 2 | 706/2019 | ജി. ഒ.(പി) നം-95/2019/ എച്ച്.&എഫ്.ഡബ്ല്യുഡി | 29-9-2019 |

(ix) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 504/2019 | ജി.ഒ.(പി) നമ്പർ 113/2019/ടി.ഡി. | 24-7-2019 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 731/2019 | ജി.ഒ.(പി) നമ്പർ 152/2019/ടാക്സസ് | 09-10-2019 | അല്ല |
| 3 | 743/2019 | ജി.ഒ.(പി) നമ്പർ 158/2019/ടി.ഡി. | 11-10-2019 | അല്ല |
| 4 | 785/2019 | ജി.ഒ.(പി) നമ്പർ 159/2019/ടി.ഡി. | 23-10-2019 | അല്ല |
| 5 | 814/2019 | ജി.ഒ.(പി) നമ്പർ 163/2019/ടിഡി | 02-11-2019 | അല്ല |
| 6 | 816/2019 | ജി.ഒ.(പി) നമ്പർ 162/2019/ടി.ഡി. | 02-11-2019 | അല്ല |
| 7 | 818/2019 | ജി.ഒ.(പി) നമ്പർ 166/2019/നി.വ. | 05-11-2019 | അല്ല |
| 8 | 912/2019 | ജി.ഒ.(പി) നമ്പർ 185/2019/ടി.ഡി. | 17-11-2019 | അല്ല |
| 9 | 929/2019 | ജി.ഒ.(പി) നമ്പർ 192/2019/ടി.ഡി. | 24-11-2019 | അല്ല |
| 10 | 930/2019 | ജി.ഒ.(പി) നമ്പർ 193/2019/ടി.ഡി. | 24-11-2019 | അല്ല |
| 11 | 967/2019 | ജി.ഒ.(പി) നമ്പർ 198/2019/ടാക്സസ് | 09-12-2019 | അല്ല |
| 12 | 980/2019 | ജി.ഒ.(പി) നമ്പർ 201/2019/ടി.ഡി. | 17-12-2019 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 625/2019 | ജി. ഒ.(പി) നമ്പർ 136/201/നി.വ. | 3-9-2019 |
| 2 | 725/2019 | ജി.ഒ.(പി) നമ്പർ 153/2019/ടാക്സസ് | 9-10-2019 |
| 3 | 732/2019 | ജി.ഒ.(പി) നമ്പർ 154/2019/റ്റിഡി | 9-10-2019 |

(x) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 954/2000 | ജി.ഒ.(എം.എസ്)നമ്പർ 95/2000/എൽ.ബി.ആർ. | 5-10-2000 | അല്ല |
| 2 | 427/2019 | ജി.ഒ.(പി) നമ്പർ 95/2019/ടി.ഡി. | 29-6-2019 | അതെ |
| 3 | 509/2019 | ജി.ഒ.(പി) നമ്പർ 56/2019/എൽ.ബി.ആർ. | 20-6-2019 | അതെ |
| 4 | 512/2019 | ജി.ഒ.(പി) നമ്പർ 65/2019/എൽ.ബി.ആർ. | 18-7-2019 | അതെ |
| 5 | 554/2019 | ജി.ഒ.(പി) നമ്പർ 71/2019/എൽ.ബി.ആർ. | 29-7-2019 | അതെ |
| 6 | 621/2019 | ജി.ഒ.(പി) നമ്പർ 74/2019/എൽ.ബി.ആർ. | 7-8-2019 | അതെ |
| 7 | 622/2019 | ജി.ഒ.(പി) നമ്പർ 74/2019/എൽ.ബി.ആർ. | 7-8-2019 | അതെ |
| 8 | 623/2019 | ജി.ഒ.(പി) നമ്പർ 74/2019/എൽ.ബി.ആർ. | 7-8-2019 | അതെ |
| 9 | 690/2019 | സ.ഉ.(അച്ചടി) നമ്പർ 84/2019/തൊഴിൽ | 14-9-2019 | അല്ല |
| 10 | 747/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽ.ബി.ആർ | 2-10-2019 | അല്ല |
| 11 | 748/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽ.ബി.ആർ. | 2-10-2019 | അല്ല |
| 12 | 749/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽ.ബി.ആർ. | 2-10-2019 | അല്ല |
| 13 | 750/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽ.ബി.ആർ. | 2-10-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 14 | 751/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽ.ബി.ആർ. | 2-10-2019 | അല്ല |
| 15 | 789/2019 | ജി.ഒ.(പി) നമ്പർ 96/2019/എൽ.ബി.ആർ. | 25-10-2019 | അല്ല |
| 16 | 793/2019 | ജി.ഒ.(പി) നമ്പർ 93/2019/എൽ.ബി.ആർ. | 19-10-2019 | അല്ല |
| 17 | 794/2019 | ജി.ഒ.(പി) നമ്പർ 99/2019/എൽ.ബി.ആർ. | 28-10-2019 | അല്ല |
| 18 | 817/2019 | ജി.ഒ.(പി) നമ്പർ 98/2019/എൽ.ബി.ആർ. | 28-10-2019 | അല്ല |
| 19 | 856/2019 | ജി.ഒ.(പി) നമ്പർ 101/2019/എൽ.ബി.ആർ. | 5-11-2019 | അല്ല |
| 20 | 864/2019 | സ.ഉ.(അച്ചടി) നമ്പർ 100/2019/തൊഴിൽ | 5-11-2019 | അല്ല |
| 21 | 882/2019 | ജി.ഒ.(പി) നമ്പർ 102/ 2019/എൽ.ബി.ആർ. | 7-11-2019 | അല്ല |
| 22 | 883/2019 | ജി.ഒ.(പി) നമ്പർ 102/ 2019/എൽ.ബി.ആർ. | 7-11-2019 | അല്ല |
| 23 | 884/2019 | ജി.ഒ.(പി) നമ്പർ 102/ 2019/എൽ.ബി.ആർ. | 7-11-2019 | അല്ല |
| 24 | 885/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 1366/ 2019/ എൽ.ബി.ആർ. | 6-11-2019 | അല്ല |
| 25 | 888/2019 | ജി.ഒ.(പി) നമ്പർ 103/2019/എൽ. ബി.ആർ. | 11-11-2019 | അല്ല |
| 26 | 889/2019 | ജി.ഒ.(പി) നമ്പർ 104/2019/എൽ. ബി.ആർ. | 11-11-2019 | അല്ല |
| 27 | 897/2019 | ജി.ഒ.(പി) നമ്പർ 105/2019/എൽ. ബി.ആർ. | 13-11-2019 | അല്ല |
| 28 | 898/2019 | ജി.ഒ.(പി) നമ്പർ 106/2019/എൽ. ബി.ആർ. | 14-11-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 29 | 899/2019 | ജി.ഒ.(പി) നമ്പർ 108/2019/എൽ. ബി.ആർ. | 16-11-2019 | അല്ല |
| 30 | 900/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽ.ബി.ആർ. | 16-11-2019 | അല്ല |
| 31 | 901/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽ.ബി.ആർ. | 16-11-2019 | അല്ല |
| 32 | 902/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽ.ബി.ആർ. | 16-11-2019 | അല്ല |
| 33 | 906/2019 | സ.ഉ.(അച്ചടി) നമ്പർ 111/2019/തൊഴിൽ | 18-11-2019 | അല്ല |
| 34 | 908/2019 | ജി.ഒ.(പി) നമ്പർ 107/2019/എൽ. ബി.ആർ. | 16-11-2019 | അല്ല |
| 35 | 914/2019 | സ.ഉ.(അച്ചടി) നമ്പർ 115/2019/തൊഴിൽ | 21-11-2019 | അല്ല |
| 36 | 922/2019 | ജി.ഒ.(പി) നമ്പർ 120/2019/എൽ. ബി.ആർ. | 25-11-2019 | അല്ല |
| 37 | 924/2019 | സ.ഉ.(അച്ചടി) നമ്പർ 118/2019/തൊഴിൽ | 25-11-2019 | അല്ല |
| 38 | 933/2019 | ജി.ഒ.(പി) നമ്പർ 113/2019/എൽ.ബി.ആർ. | 21-11-2019 | അല്ല |
| 39 | 934/2019 | ജി.ഒ.(പി) നമ്പർ 114/2019/എൽ.ബി.ആർ. | 21-11-2019 | അല്ല |
| 40 | 935/2019 | ജി.ഒ.(പി) നമ്പർ 112/2019/എൽ.ബി.ആർ. | 21-11-2019 | അല്ല |
| 41 | 939/2019 | സ.ഉ.(അച്ചടി) നമ്പർ 119/2019/തൊഴിൽ | 25-11-2019 | അല്ല |
| 42 | 940/2019 | ജി.ഒ.(പി) നമ്പർ 117/2019/എൽ.ബി.ആർ. | 25-11-2019 | അല്ല |
| 43 | 943/2019 | ജി.ഒ.(പി) നമ്പർ 122/ 2019/എൽ.ബി.ആർ. | 27-11-2019 | അല്ല |
| 44 | 950/2019 | ജി.ഒ.(പി) നമ്പർ 128/2019/എൽ. ബി.ആർ. | 3-12-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 45 | 957/2019 | ജി.ഒ.(പി) നമ്പർ 130/2019/എൽ. ബി.ആർ. | 4-12-2019 | അല്ല |
| 46 | 962/2019 | സ.ഉ.(അച്ചടി) നമ്പർ 129/2019/തൊഴിൽ | 4-12-2019 | അല്ല |
| 47 | 1001/2019 | ജി.ഒ.(പി) നമ്പർ 141/2019/എൽ.ബി.ആർ. | 24-12-2019 | അല്ല |
| 48 | 1019/2019 | ജി.ഒ.(പി) നമ്പർ 136/ 2019/എൽ.ബി.ആർ. | 21-12-2019 | അല്ല |
| 49 | 4/2020 | ജി.ഒ.(പി) നമ്പർ 138/ 2019/എൽ.ബി.ആർ. | 24-12-2019 | അല്ല |
| 50 | 15/2020 | ജി.ഒ.(പി) നമ്പർ 2/ 2020/എൽ.ബി.ആർ. | 6-1-2020 | അല്ല |
| 51 | 22/2020 | സ.ഉ.(അച്ചടി) നമ്പർ 142/2019/തൊഴിൽ | 24-12-2019 | അല്ല |
| 52 | 39/2020 | ജി.ഒ.(പി) നമ്പർ 7/2020/എൽ.ബി.ആർ. | 14-1-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള ബാർബർ & ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫയർ സ്കീം | 2010-11 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി കേരള (ചിയാക്) | 2012-13 മുതൽ 2015-16 വരെ | ഭരണ റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2015-16 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2015-16 | ഭരണ റിപ്പോർട്ട് | അതെ |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് | 2017-18 | വാർഷിക കണക്കുകൾ | അതെ |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 9 | പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അല്ല |
| 10 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അല്ല |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-19 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അല്ല |
| 12 | കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2018-19 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 470/2019 | ജി.ഒ.(പി) നമ്പർ 111/2019/റ്റിഡി | 15-7-2019 |
| 2 | 513/2019 | ജി.ഒ.(പി) നമ്പർ 66/19/എൽ.ബി.ആർ. | 20-7-2019 |
| 3 | 652/2019 | ജി.ഒ.(പി) നമ്പർ 64/2019/എൽ.ബി.ആർ. | 15-7-2019 |
| 4 | 656/2019 | ജി.ഒ.(പി) നമ്പർ 81/2019/എൽ.ബി.ആർ. | 08-9-2019 |
| 5 | 722/2019 | ജി.ഒ.(പി) നമ്പർ 83/2019/എൽ.ബി.ആർ. | 08-9-2019 |
| 6 | 723/2019 | ജി.ഒ.(പി) നമ്പർ 82/2019/എൽ.ബി.ആർ. | 08-9-2019 |
| 7 | 791/2019 | ജി.ഒ(എംഎസ്) നം. 60/2019/റ്റിഡി | 29-10-2019 |
| 8 | 819/2019 | ജി.ഒ.(പി) നമ്പർ 92/2019/എൽ.ബി.ആർ. | 18-10-2019 |

(xi) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 345/2019 | ജി.ഒ.(പി) നമ്പർ 52/2019/കോ-ഓപ്പ്. | 17-5-2019 | അതെ |
| 2 | 401/2019 | ജി.ഒ.(പി) നമ്പർ 57/2019/കോ-ഓപ്പ്. | 24-5-2019 | അതെ |
| 3 | 469/2019 | ജി.ഒ.(പി) നമ്പർ 77/2019/കോ-ഓപ്പ്. | 06-7-2019 | അതെ |
| 4 | 648/2019 | ജി.ഒ.(പി) നമ്പർ 91/2019/കോ-ഓപ്പ്. | 22-8-2019 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 673/2019 | ജി.ഒ.(പി) നമ്പർ 100/2019/കോ-ഓപ്പ്. | 23-9-2019 | അല്ല |
| 6 | 705/2019 | ജി.ഒ.(പി) നമ്പർ 73/2019/കോ-ഓപ്പ്. | 29-6-2019 | അല്ല |
| 7 | 752/2019 | ജി.ഒ.(പി) നമ്പർ 96/2019/കോ-ഓപ്പ്. | 16-9-2019 | അല്ല |
| 8 | 763/2019 | ജി.ഒ.(പി) നമ്പർ 112/2019/കോ-ഓപ്പ്. | 09-10-2019 | അല്ല |
| 9 | 768/2019 | ജി.ഒ.(പി) നമ്പർ 104/2019/കോ-ഓപ്പ്. | 28-9-2019 | അല്ല |
| 10 | 775/2019 | ജി.ഒ.(പി) നമ്പർ 98/2019/കോ-ഓപ്പ്. | 16-9-2019 | അല്ല |
| 11 | 778/2019 | ജി.ഒ.(പി) നമ്പർ 89/2019/കോ-ഓപ്പ്. | 19-8-2019 | അല്ല |
| 12 | 780/2019 | ജി.ഒ.(പി) നമ്പർ 99/2019/കോ-ഓപ്പ്. | 16-9-2019 | അല്ല |
| 13 | 782/2019 | ജി.ഒ.(പി) നമ്പർ 106/2019/കോ-ഓപ്പ്. | 03-10-2019 | അല്ല |
| 14 | 783/2019 | ജി.ഒ.(പി) നമ്പർ 74/2019/കോ-ഓപ്പ്. | 29.6-2019 | അല്ല |
| 15 | 820/2019 | ജി.ഒ.(പി) നമ്പർ 119/2019/കോ-ഓപ്പ്. | 07-11-2019 | അല്ല |
| 16 | 850/2019 | ജി.ഒ.(പി) നമ്പർ 118/2019/കോ-ഓപ്പ്. | 29-10-2019 | അല്ല |
| 17 | 880/2019 | ജി.ഒ.(പി) നമ്പർ 120/2019/കോ-ഓപ്പ്. | 08-11-2019 | അല്ല |
| 18 | 920/2019 | ജി.ഒ.(പി) നമ്പർ 121/2019/കോ-ഓപ്പ്. | 18-11-2019 | അല്ല |
| 19 | 936/2019 | ജി.ഒ.(പി) നമ്പർ 123/2019/കോ-ഓപ്പ്. | 25-11-2019 | അല്ല |
| 20 | 937/2019 | ജി.ഒ.(പി) നമ്പർ 124/2019/കോ-ഓപ്പ്. | 29-11-2019 | അല്ല |
| 21 | 959/2019 | ജി.ഒ.(പി) നമ്പർ 127/2019/കോ-ഓപ്പ്. | 09-12-2019 | അല്ല |
| 22 | 993/2019 | ജി.ഒ.(പി) നമ്പർ 129/2019/കോ-ഓപ്പ്. | 14-12-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 1000/2019 | ജി.ഒ.(പി) നമ്പർ 131/2019/കോ-ഓപ്പ്. | 17-12-2019 | അല്ല |
| 24 | 1003/2019 | ജി.ഒ.(പി) നമ്പർ 122/2019/കോ-ഓപ്പ്. | 23-11-2019 | അല്ല |
| 25 | 1004/2019 | ജി.ഒ.(പി) നമ്പർ 136/2019/കോ-ഓപ്പ്. | 23-12-2019 | അല്ല |
| 26 | 1013/2019 | ജി.ഒ.(പി) നമ്പർ 132/2019/കോ-ഓപ്പ്. | 17-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അല്ല |
| 4 | മലബാർ ദേവസ്വം ബോർഡ് | 2018-19 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |

<u>വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:</u>

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 407/2019 | ജി.ഒ.(പി) നമ്പർ 68/2019/കോ-ഓപ്പ്. | 7-6-2019 |
| 2 | 494/2019 | ജി.ഒ.(പി) നമ്പർ 80/2019/കോ-ഓപ്പ്. | 19-7-2019 |
| 3 | 582/2019 | ജി.ഒ.(പി) നമ്പർ 79/2019/കോ-ഓപ്പ്. | 11-7-2019 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 629/2019 | ജി.ഒ.(പി) നമ്പർ 90/2019/കോ-ഓപ്പ്. | 19-8-2019 |
| 5 | 643/2019 | ജി.ഒ.(പി) നമ്പർ 95/2019/കോ-ഓപ്പ്. | 6-9-2019 |
| 6 | 692/2019 | ജി.ഒ.(പി) നമ്പർ 102/2019/കോ-ഓപ്പ്. | 27-9-2019 |
| 7 | 693/2019 | ജി.ഒ.(പി) നമ്പർ 103/2019/കോ-ഓപ്പ്. | 27-9-2019 |
| 8 | 704/2019 | ജി.ഒ.(പി) നമ്പർ 101/2019/കോ-ഓപ്പ്. | 23-9-2019 |
| 9 | 728/2019 | ജി.ഒ.(പി) നമ്പർ 109/2019/കോ-ഓപ്പ്. | 9-10-2019 |
| 10 | 729/2019 | ജി.ഒ.(പി) നമ്പർ 111/2019/കോ-ഓപ്പ്. | 9-10-2019 |

(xii) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 737/2019 | ജി.ഒ.(പി) നമ്പർ 54/ 2019/എൽ. എസ്.ജി.ഡി. | 4-9-2019 | അല്ല |
| 2 | 744/2019 | ജി.ഒ.(പി) നമ്പർ 58/ 2019/എൽ. എസ്.ജി.ഡി. | 25-9-2019 | അല്ല |
| 3 | 765/2019 | ജി.ഒ.(പി) നമ്പർ 57/ 2019/എൽ. എസ്.ജി.ഡി. | 25-9-2019 | അല്ല |
| 4 | 790/2019 | ജി.ഒ.(പി) നമ്പർ 76/ 2019/എൽ. എസ്.ജി.ഡി. | 29-10-2019 | അല്ല |
| 5 | 828/2019 | ജി.ഒ.(പി) നമ്പർ 77/ 2019/എൽ. എസ്.ജി.ഡി. | 2-11-2019 | അല്ല |
| 6 | 829/2019 | ജി.ഒ.(പി) നമ്പർ 78/ 2019/എൽ.എസ്.ജി.ഡി. | 2-11-2019 | അല്ല |
| 7 | 956/2019 | ജി.ഒ.(പി) നമ്പർ 88/ 2019/എൽ.എസ്.ജി.ഡി. | 9-12-2019 | അല്ല |
| 8 | 990/2019 | സ.ഉ.(അച്ചടി) നമ്പർ 94/ 2019/തസ്വഭവ | 20-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 2010-11 മുതൽ 2014-15 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 2016-17 & 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ഇൻഫർമേഷൻ കേരള മിഷൻ | 2014-15 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 724/2019 | ജി.ഒ.(പി) നമ്പർ 65/2019/എൽ.എസ്.ജി.ഡി. | 5-10-2019 |
| 2 | 726/2019 | ജി.ഒ.(പി) നമ്പർ 66/2019/എൽ.എസ്.ജി.ഡി. | 5-10-2019 |

(xiii) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):സർ, താഴെപ്പറയുന്ന കടലാസ്സുകൾ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 343/2019 | ജി.ഒ.(പി) നമ്പർ 21/2019/എഫ്&പി | 6-5-2019 | അതെ |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ | 2016-17 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

(xiv) പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 857/2019 | ജി.ഒ.(പി) നമ്പർ 14/2019/ജി.ഇ.ഡി.എൻ. | 4-11-2019 | അല്ല |
| 2 | 863/2019 | ജി.ഒ.(പി) നമ്പർ 15/2019/ജി.ഇ.ഡി.എൻ. | 4-11-2019 | അല്ല |
| 3 | 866/2019 | ജി.ഒ.(പി) നമ്പർ 16/2019/ജി.ഇ.ഡി.എൻ. | 4-11-2019 | അല്ല |
| 4 | 867/2019 | ജി.ഒ.(പി) നമ്പർ 17/2019/ജി.ഇ.ഡി.എൻ. | 4-11-2019 | അല്ല |
| 5 | 869/2019 | ജി.ഒ.(പി) നമ്പർ 18/2019/ജി.ഇ.ഡി.എൻ. | 4-11-2019 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 433/2019 | ജി.ഒ.(പി) നമ്പർ 6/2019/ജി.ഇഡിഎൻ | 30-6-2019 |

(xv) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 915/2019 | ജി.ഒ.(പി) നമ്പർ 7/2019/വനം | 25-7-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല | 2010-11 മുതൽ 2015-16 വരെ | വാർഷിക കണക്കുകൾ | അതെ |
| 2 | മീറ്റ്സ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ഫീഡ്സ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്(മിൽമ) | 2018-19 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അല്ല |

(xvi) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | എസ് . ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 491/2019 | സ.ഉ.(അച്ചടി) നമ്പർ 6/ 2019/ പൊ.ഭ.വ. | 21-6-2019 | അതെ |
| 2 | 492/2019 | സ.ഉ.(അച്ചടി) നമ്പർ 7/2019/പൊ.ഭ.വ | 21-6-2019 | അതെ |
| 3 | 918/2019 | ജി.ഒ.(പി) നമ്പർ 32/ 2019/എച്ച്. ഇ.ഡി.എൻ. | 19-11-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2013-14 മുതൽ 2015-16 വരെ | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2016-17 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കണ്ണൂർ സർവ്വകലാശാല | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | കണ്ണൂർ സർവ്വകലാശാല | 2018 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കണ്ണൂർ സർവ്വകലാശാല | 2018-19 | വാർഷിക കണക്കുകൾ | അല്ല |

(xvii) <u>നിയമസഭാ സെക്രട്ടറി</u>: സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| (1) | (2) | (3) | (4) |
| 1 | 2019 | 8 | 2019-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് |
| 2 | 2019 | 9 | 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ആക്റ്റ് |
| 3 | 2019 | 10 | 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 2019 | 11 | 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 5 | 2019 | 12 | 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 6 | 2019 | 13 | 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്റ്റ് |
| 7 | 2019 | 14 | ദി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ആക്റ്റ്, 2019 |
| 8 | 2019 | 15 | 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് |
| 9 | 2019 | 16 | 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് |
| 10 | 2019 | 17 | 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 11 | 2019 | 18 | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്റ്റ് |
| 12 | 2019 | 19 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ്, 2019 |
| 13 | 2019 | 20 | 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് |
| 14 | 2019 | 21 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ആക്റ്റ്, 2019 |
| 15 | 2019 | 22 | 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് |
| 16 | 2019 | 23 | 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് |
| 17 | 2019 | 24 | 2019-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ് |
| 18 | 2019 | 25 | 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റ് |
| 19 | 2019 | 26 | 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് |

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VI. റിപ്പോർട്ട് സമർപ്പണം

വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം സംബന്ധിച്ച റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12. 00 Noon]

## VII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച - (തുടർച്ച)

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 1344 ദിവസം പൂർത്തീകരിച്ച പിണറായി വിജയൻ സർക്കാരിന്റെ നേട്ടങ്ങളും ഭാവി കാഴ്ചപ്പാടുകളുമാണ് ബഹുമാനപ്പെട്ട ഗവർണർ കഴിഞ്ഞ ദിവസം നിയമസഭയിൽ അവതരിപ്പിച്ച പ്രസംഗം. ആ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ മുഴുവൻ പാലിച്ചുവെന്ന സത്യം മാലോകർ അറിയുന്നതിൽ പ്രതിപക്ഷത്തിന് വല്ലാത്ത വൈക്ലബ്യമുണ്ട്. കുരങ്ങ് ചത്ത കുറവനെപ്പോലെയാണ് ഇപ്പോൾ പ്രതിപക്ഷത്തിന്റെ അവസ്ഥ. ഒന്നും മിണ്ടാൻ കഴിയുന്നില്ല, വല്ലാത്ത മാനസികാവസ്ഥയിലാണ് ഇന്ന് പ്രതിപക്ഷം അകപ്പെട്ടിട്ടുള്ളത്. **********+ ചില സീനിയർ അംഗങ്ങൾപ്പോലും ഇവിടെ ചിലതെല്ലാം പറഞ്ഞിരിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രതിപക്ഷാംഗങ്ങളെ ***** ഉപമിച്ചത് ശരിയാണോ; അത് ഓർഡറിലാണോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: കോഴിയെ കട്ടത് ആരാണെന്ന് ചോദിക്കുമ്പോൾ എന്റെ തലയിൽ പൂടയില്ല എന്ന് പറയേണ്ട വല്ല കാര്യവുമുണ്ടോ? ......(ബഹളം)......

---

\+ സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 956/ ഇ.ബി./2020/നി.സെ. തീയതി 7-2-2020-ലെ) ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങളെ ഉദ്ദേശിച്ചല്ല എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങളോട് പ്രതിബദ്ധതയോടുകൂടി ഇടപെടുകയും അർഹതപ്പെട്ടവരെ പരിപാലിക്കുകയും ചെയ്യുന്ന ഒരു സർക്കാരാണിത്. ദുർബ്ബല ജനവിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയും കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകുകയും നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയും ചെയ്യുന്നത് പ്രതിപക്ഷത്തിന് സഹിക്കുന്നില്ല. പ്രതിസന്ധികളെ തരണംചെയ്ത് ഏത് കൊടുങ്കാറ്റിലും തന്റെ കപ്പലിനെ സുരക്ഷിതമായി കരയിലെത്തിക്കുന്ന മികച്ച കപ്പിത്താനാണ് കേരളത്തിലെ മുഖ്യമന്ത്രി. നല്ല മാങ്ങയുള്ള മാവായതുകൊണ്ടാണ് പ്രതിപക്ഷം ഉന്നം തെറ്റി കല്ലെറിയുന്നത്. നിങ്ങളുടെ അടിസ്ഥാനമില്ലാത്ത ആക്ഷേപങ്ങൾ കേട്ട് പിന്നോട്ടുപോകാനല്ല ഈ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മുന്നോട്ട്, ഇനിയും മുന്നോട്ടാണ്. അതാണ് പിണറായി സർക്കാർ. വെറുതെ കല്ലിൽ കടിച്ച് പല്ല് കളയേണ്ട മക്കളേ എന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ നിങ്ങളോട് പറയാനുള്ളത്.

വികസനരംഗത്ത് മാത്രമല്ല, നാടിന്റെ സമാധാനം ഉറപ്പുവരുത്തുന്നതിനും ഇടതുപക്ഷ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഉന്മൂലന സിദ്ധാന്തത്തിന്റെ വക്താക്കൾ തോക്കും തിരയുമായി വന്ന് വെല്ലുവിളിച്ച് വെടിയുതിർക്കുമ്പോൾ അവരെ നോക്കി 'വാ മക്കളേ, കീഴടങ്ങ് മക്കളേ' എന്ന് പാട്ട് പാടണമെന്നാണോ നിങ്ങൾ പറയുന്നത്. നിങ്ങൾ അങ്ങനെയല്ലല്ലോ ചെയ്തത്? പിടിച്ചുകെട്ടി കണ്ണ് ചൂഴ്ന്നെടുത്ത്, വെടിവച്ചു കൊന്നതിന്റെ പാപക്കറ മായാത്ത കൈകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ നിങ്ങൾ ചോറുണ്ണുന്നത് എന്ന സത്യം മനസ്സിലാക്കണം. പാട്ടുപാടിയതിന് പിടിച്ചുകൊണ്ടുപോയി ഉരുട്ടിക്കൊന്ന് ജഡം പഞ്ചസാരയിൽ പൊതിഞ്ഞ് കത്തിച്ചുകളഞ്ഞ ഭൂതകാല നടുക്കത്തിൽനിന്നും നിങ്ങൾക്ക് കുതറി മാറാൻ കഴിയുമോ; എന്നിട്ടിപ്പോൾ സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ ആകുകയാണോ; നിങ്ങൾ രൂപം മാറിയവരാണ്. താക്കറെയുടെ നോവലിൽ പറയുന്നതുപോലെ രൂപമാറ്റം വന്നവരാണ്. നിങ്ങളുടെ നേതാക്കന്മാരായിരുന്ന 1984-ൽ ഡൽഹിയിൽ നിരപരാധികളായ ആയിരക്കണക്കിന് സിക്കുകാരെ ചുട്ടുകൊന്നത്. അപ്പോൾ നിങ്ങളുടെ നേതാവ് പറഞ്ഞതെന്താണ്? 'ഒരു വലിയ മരം മറിഞ്ഞുവീണാൽ ചുവട്ടിലെ മൺതരികൾ കുറേ തെറിക്കും' എന്ന്. അങ്ങനെ പറഞ്ഞ് ആ കൂട്ടക്കൊലയെ ന്യായീകരിച്ച ആളുകളാണ് ഇവിടെയിപ്പോൾ ചിലതെല്ലാം പറയുന്നത്. 1975-76 കാലത്ത് മത-ന്യൂനപക്ഷങ്ങളടക്കമുള്ളവർ തിങ്ങിപ്പാർക്കുന്ന ഡൽഹിയിലെ തുർക്ക് മാൻ

ഗേറ്റിലൂടെ ബുൾഡോസറുമായി പാഞ്ഞുചെന്ന് നിരപരാധികളെ കൊന്നൊടുക്കുമ്പോൾ നിങ്ങൾ എന്തുചെയ്യുകയായിരുന്നു? നിങ്ങളുടെ നേതാക്കന്മാർ അന്ന് അമ്മയും മകനും ഇരുപതും അഞ്ചും ചൊല്ലി പഠിപ്പിക്കുകയായിരുന്നില്ലേ; ബാംഗ്ലൂർ നഗരത്തിൽ നിന്നും അന്ന് നിങ്ങളുടെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോയ ഒരു സിനിമാ പ്രവർത്തകയുടെ പേര് അറിയാമോ? സ്നേഹലതാ റെഡ്ഡി. ആ സ്നേഹലതാ റെഡ്ഡിക്ക് എന്താണ് സംഭവിച്ചതെന്ന് നമ്മളെല്ലാം പിന്നീട് കണ്ടതല്ലേ? അധികാരത്തിന്റെ മത്ത് പിടിച്ച് അന്ന് നിങ്ങൾ നടത്തിയ ജനാധിപത്യ കശാപ്പുകളടക്കം എത്രയെത്ര സത്യങ്ങൾ ഈ നാടിന് പറയാനുണ്ടാകും. എന്നിട്ടിപ്പോൾ രാജ്യത്തിന്റെ ജനാധിപത്യവും മതനിര പേക്ഷതയും സർവ്വോപരി ഭരണഘടനയും സംരക്ഷിക്കാൻ ഒരു സേനാനായകനായി പൊരുതുന്ന, രാജ്യത്തെ മത-ന്യൂനപക്ഷങ്ങളും മതേതരവാദികളും അവരുടെ പ്രതീക്ഷകളുടെ അവതാരപുരുഷനായി കാണുന്ന മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനാണ് നിങ്ങളുടെ ശ്രമം. അദ്ദേഹത്തിന്റെ ഭരണമികവിനെയും പോരാട്ടവീര്യത്തെയും നിങ്ങൾ വല്ലാതെ ഭയപ്പെടുന്നു. നിങ്ങൾ പരസ്പരം അടക്കം പറയുന്നതെന്താണ്?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇവിടെ പ്രതിപക്ഷം കഴിഞ്ഞ ദിവസം ഒരു വിഷയത്തിൽ പ്രത്യേകമായിട്ടുണ്ടാക്കിയ പ്രശ്നത്തെ ആസ്പദമാക്കിയാണ് സംസാരിക്കുന്നത്. എസ്.ഡി.പി.ഐ. കുഴപ്പമുണ്ടാക്കുമെന്ന് പറഞ്ഞപ്പോൾ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം ഇവിടെ ബഹളമുണ്ടാക്കി. യഥാർത്ഥത്തിൽ ചാവക്കാട് എസ്.ഡി.പി.ഐ. ഗുണ്ടാസംഘം പുന്നാ നൗഷാദ് എന്നുപറയുന്ന ഒരു കോൺഗ്രസ് പ്രവർത്തകനെ നിഷ്ഠൂരമായി വധിച്ച കാര്യം കോൺഗ്രസുകാർ മറന്നു. ഈ സഭയിൽ എസ്.ഡി.പി.ഐ. എന്നുപറയുമ്പോൾ നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമുണ്ടായിരുന്നില്ല. പുന്നാ നൗഷാദിനെ അതിക്രൂരമായി വധിച്ച ആ സംഘം നമ്മുടെ നാട്ടിൽ സമാധാന ഭംഗമുണ്ടാക്കുന്നുവെന്നുപറഞ്ഞാൽ നിങ്ങൾക്ക് എന്തിന് പൊള്ളണം; നിങ്ങൾ അതിനെക്കുറിച്ച് ഒരക്ഷരം ഈ സഭയിൽ പറഞ്ഞിട്ടില്ലല്ലോ? നിങ്ങൾ പറഞ്ഞിട്ടില്ല ......(ബഹളം)......

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ഞാൻ അതിലേയ്ക്ക് വരാം. നിങ്ങൾ പരസ്പരം രഹസ്യം പറയുന്നതെന്താണ്? ശ്രീ. പിണറായി വിജയൻ കീഴടക്കാൻ കഴിയാത്ത മഹാശൈലമാണെന്നാണ് നിങ്ങൾ പറയുന്നത്. അതല്ലേ സത്യം? ആ സത്യത്തിൽ നിന്നുള്ള ഭയത്തിൽപ്പെട്ട് നിങ്ങൾ വല്ലാതെ മരവിച്ചിരിക്കുകയാണ്. കേരള ജനത നിങ്ങളെ മഹാദ്രോഹികളെന്നല്ലാതെ വേറെ എന്താണ് വിളിക്കാൻ പോകുന്നത്? പ്രളയത്തിൽ തകർന്ന ഈ നാടിന്റെ സുസ്ഥിര വളർച്ച ലക്ഷ്യമാക്കി

സംസ്ഥാനത്തെ പുനർനിർമ്മിക്കുന്നതിനായി ഈ സർക്കാർ അന്താരാഷ്ട്ര വിദഗ്ദ്ധരുടെ അഭിപ്രായം തേടി. വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ദുരന്ത പ്രതിരോധശേഷിയുള്ള ഒരു പുതിയ കേരളത്തെ കെട്ടിപ്പടുക്കാനാണ് ശ്രമം. പ്രകൃതിദുരന്തങ്ങളെ നേരിടാനുള്ള ശേഷി മാത്രമല്ല, ഹിന്ദുത്വവർഗ്ഗീയ ദുരന്തത്തെയും അതിന് ചൂട്ടുകത്തിച്ചുകൊടുക്കുന്ന യു.ഡി.എഫ്. എന്ന മഹാദുരന്തത്തെയും പ്രതിരോധിക്കുന്ന കേരളമായിരിക്കും ഞങ്ങൾ സൃഷ്ടിക്കാൻ പോകുന്നത്. ഒരു കാര്യം ഉറപ്പിച്ചുപറയുന്നു: പൊതുജനങ്ങളുടെ ഈ പ്രശ്നങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന ചില ഉദ്യോഗസ്ഥരുണ്ട്. ആ ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റം കൊണ്ടുവരണമെന്നാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. അതോടൊപ്പം കേരളത്തെ ഞെരിച്ചുകൊല്ലുന്ന ബി.ജെ.പി. സർക്കാരിന്റെ നയങ്ങളെയും നടപടികളെയുംകുറിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഇവിടെ പ്രതിപക്ഷ നേതൃനിരയിലുള്ളവർ സംസാരിച്ചു. അവരാരെങ്കിലും കേന്ദ്ര സർക്കാർ സാമ്പത്തികമായും ഭരണപരമായും കേരള സർക്കാരിനെ ഞെരിച്ചുകൊല്ലുന്ന തെറ്റായ നയങ്ങളെക്കുറിച്ചും നടപടികളെക്കുറിച്ചും ഒരക്ഷരം പറയാൻ തയ്യാറായോ; നിങ്ങളുടെ നാവ് അതിന് പൊന്തിയില്ലല്ലോ? എന്നിട്ട് എസ്.ഡി.പി.ഐ.-യുടെ കലാപ ശ്രമത്തെക്കുറിച്ച് പറയുമ്പോഴാണ് നിങ്ങൾക്ക് കലി കയറുന്നത്. നിങ്ങളുടെ വസ്ത്രത്തിനടിയിൽ ആർ.എസ്.എസ്.-ന്റെ കാക്കിനിക്കറാണെന്ന് പറഞ്ഞാൽ നിങ്ങൾക്ക് ദേഷ്യം വരും. നിങ്ങൾ ഭൂരിപക്ഷ-ന്യൂനപക്ഷ തീവ്രവാദ ശക്തികളെ ഇരുവശത്തും നിർത്തി ഈ കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയല്ലേ ചെയ്യുന്നത്; എസ്.ഡി.പി.ഐ. ന്യൂനപക്ഷ തീവ്രവാദ പ്രസ്ഥാനമെന്ന് പറയുമ്പോൾ നിങ്ങൾക്ക് എന്തിനാണ് പൊള്ളുന്നത്. നേരത്തെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചോദിച്ചല്ലോ; ഒരു കോൺഗ്രസ് പ്രവർത്തകനെ കൊന്നത് എസ്.ഡി.പി.ഐ.-കാരായിരുന്നിട്ട് അതിനെതിരെ ഒരു പ്രതിഷേധംപോലും നടത്താൻ കഴിയാത്തവണ്ണം നിങ്ങൾ തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് കീഴടങ്ങുകയല്ലേ ചെയ്തത്; ലീഗുകാരും അതുതന്നെയാണ് ചെയ്യുന്നത്. മുസ്ലീംലീഗിന്റെ പ്രവർത്തകരെ എസ്.ഡി.പി.ഐ.-കാർ കൊന്നിട്ട് അതിനെതിരായി ഒരു പ്രതിഷേധം നടത്താൻ ലീഗ് തയ്യാറായോ?

നിങ്ങൾ തക്കവും തരവുംപോലെ ഈ തീവ്രവാദ പ്രസ്ഥാനങ്ങളുടെ തോളിൽ കയ്യിട്ട് അവരുടെ സഹായം തേടുന്നവരാണ്; അത് ഞങ്ങൾക്കറിയാം. 1977-ൽ ഇടതുപക്ഷം ജനതാപാർട്ടിയുമായി തെരഞ്ഞെടുപ്പ് കൂട്ടുകെട്ട് ഉണ്ടാക്കിയതിനെ കുറിച്ച് നിങ്ങൾ വല്ലാതെ പരിഹസിക്കുന്നതുകേട്ടു. ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഫാസിസ്റ്റ് ഭരണത്തെ ഇല്ലാതാക്കാനും ജനങ്ങൾക്ക് ജനാധിപത്യ അവകാശം ഉറപ്പുകൊടുക്കാനുമാണ് അന്ന് ജനതാപാർട്ടിയുമായി

തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കിയത്. അതിൽ ഒരു തെറ്റുമില്ല, അത് ശരിയുമായിരുന്നു. എന്നാൽ 1980-ൽ കേരളത്തിൽ ആന്റണി കോൺഗ്രസ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായിരുന്നു. ആ തെരഞ്ഞെടുപ്പിൽ ജനതാപാർട്ടി ആരുടെ കൂടെയായിരുന്നു? ആ തെരഞ്ഞെടുപ്പിൽ ജനതാപാർട്ടിയും ജനസംഘവും ഉണ്ടായിരുന്നു. ആ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ഉം ജനതാ പാർട്ടിയും കൈകോർത്തല്ലേ മത്സരിച്ചത്; ജനതാസംഘത്തിന്റെ ആളുകൾക്കുവേണ്ടി വോട്ട് പിടിച്ചത് കോൺഗ്രസ്സല്ലേ? ചരിത്രം ശരിയായി പഠിക്കണം. അങ്ങനെ പഠിച്ചാൽ നിങ്ങൾ നടത്തിയിട്ടുള്ള ജനാധിപത്യ വിരുദ്ധമായ, വർഗ്ഗീയ ശക്തികളുമായിട്ടുള്ള കൂട്ടുകെട്ടിന്റെ വാർത്തകൾ നിങ്ങൾക്ക് പഠിക്കാൻ കഴിയും. ഈ രാജ്യത്തെ ബാധിച്ച തീവ്രവാദിത്വ ഹിന്ദുത്വ ഭീകര ഭരണത്തെ ചെറുക്കാൻ മതനിരപേക്ഷ ശക്തികളുമായി ചേർന്ന് ഏതറ്റംവരെയും എൽ.ഡി.എഫ്. പോരാടും. ആ പോരാട്ടത്തിന് ഒരു പ്രതിപക്ഷത്തിന്റെയും സർട്ടിഫിക്കറ്റ് വേണ്ട. നിങ്ങൾ അറച്ചുമാറി നിന്നാൽ നിങ്ങളുടെ അനുയായികൾ നിങ്ങളുടെ കൈവിട്ട് ഞങ്ങൾക്കൊപ്പം കൈകോർക്കുമെന്ന് കേരളം തെളിയിച്ചില്ലേ; കേരളത്തിൽ അതാണ് കാണുന്നത്. അത് നിങ്ങളെ വല്ലാതെ ബേജാറാക്കുന്നുണ്ട്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ബി.ജെ.പി.-യുമായി മാത്രമല്ല, ബേപ്പൂരിൽ മുമ്പ് കോ-ലീ-ബി സഖ്യം ഉണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ബേപ്പൂർ, വടകര മണ്ഡലങ്ങളിൽ കോൺഗ്രസും ബി.ജെ.പി.യും ലീഗും ചേർന്നുള്ള കൂട്ടുകെട്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ച് നാണം കെട്ട് തോറ്റ ചരിത്രവും കേരളത്തിലെ ജനങ്ങൾക്കറിയാം.

ഇന്ത്യയ്ക്കകത്ത് ബി.ജെ.പി. ഫെഡറൽ ഭരണഘടനയെ തകർക്കുകയാണ്. വിചാരധാരയിൽ ഫെഡറൽ സംവിധാനത്തെക്കുറിച്ചുള്ള സംഘപരിവാറിന്റെ കാഴ്ചപ്പാട് ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. "നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയെയും ഫെഡറൽ സ്വഭാവത്തെയുംപറ്റിയുള്ള എല്ലാ പരാമർശങ്ങളെയും കുഴിച്ചുമൂടുകയും ഭാരതമാകുന്ന ഒരു രാജ്യത്തിനകത്ത് സ്വയംഭരണാവകാശമോ അർദ്ധ സ്വയംഭരണാവകാശമോ ഉള്ള അസ്തിത്വത്തെ തന്നെ <u>ത്തു</u>ത്തുവാരി കളയുകയും ശിഥിലീകരണത്തിന്റെയും പ്രാദേശികതയുടെയും വിഭാഗീയതയുടെയും ഭാഷാ വൈവിദ്ധ്യത്തിന്റെയും അങ്ങനെ മറ്റേത് തരത്തിലുള്ളതുമായ ശക്തികളുടെ കണികകൾക്കുപോലും നമ്മുടെ ഏകാത്മക സാമ്രാജ്യത്വത്തെ തകിടം മറിക്കാൻ അവസരം കൊടുക്കാത്ത രീതിയിൽ ഒരു രാജ്യം, ഒരു നിയമസഭ, ഒരു എക്സിക്യൂട്ടീവ് എന്നത് തുറന്ന് പ്രഖ്യാപിക്കുകയാണ്. ഈ ഏക ഘടക ഭരണകൂടം സ്ഥാപിക്കുവാൻ തക്കവണ്ണം ഭരണഘടനയെ വീണ്ടും ഒന്ന് പരിശോധനാ വിധേയമാക്കി പുതുക്കി

എഴുതട്ടെ" എന്നാണ് വിചാരധാരയിൽ എഴുതിയിട്ടുള്ളത്. അത്തരത്തിൽ ഭരണഘടനയെ പുതുക്കി എഴുതുക, ഭരണഘടനയെ അട്ടിമറിക്കുക എന്നുള്ളതാണ് ബി.ജെ.പി. സർക്കാർ ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയം. ഇത് മനസ്സിലാക്കാൻ കഴിയാതെ, അതിനെ യാഥാർത്ഥ്യത്തോടെ കാണാൻ കഴിയാതെ XXXXXXXXXX+ ......(ബഹളം)...

മി. സ്പീക്കർ: അൺപാർലമെന്ററിയായ ഒരു വാക്കും രേഖയിലുണ്ടാകില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഗവർണർമാരെക്കുറിച്ച് പറയുന്നത് എന്താണ്; ഗവർണർമാർ നിങ്ങൾക്ക് ആരായിരുന്നു; അടുത്തുൺ പറ്റിയ രാഷ്ട്രീയ നേതാക്കന്മാർക്ക് ഇരിക്കാനുള്ള ലാവണമായി ഗവർണർ സ്ഥാനങ്ങളെ മാറ്റിയത് കോൺഗ്രസല്ലേ? ആ കോൺഗ്രസ് ഇന്നിപ്പോൾ ഗവർണർക്കെതിരെ തിരിയുകയാണ്. രാജ്യത്തെ ഗവർണർ സ്ഥാനത്തെക്കുറിച്ച് ഇടതുപക്ഷത്തിന് സുവ്യക്തമായ അഭിപ്രായമുണ്ട്. അതുകൊണ്ട് നിങ്ങൾ ഗവർണർക്കെതിരെ എന്തെങ്കിലും പറഞ്ഞതുകൊണ്ട് ഞങ്ങളാരും ഭയപ്പെടാൻ പോകുന്നില്ല.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ..

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നമ്മുടെ സംസ്ഥാനം, കേന്ദ്ര-സംസ്ഥാന സർക്കാരുകളെ സംബന്ധിച്ച് നല്ല ഒരു ചർച്ച നടത്തണം. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ജനാധിപത്യപരമായ ചർച്ചയുടെ വേദിയായി ഈ നിയമസഭ മാറണം, കേരളം മാറണം എന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് സഖാവ് ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. .....(ബഹളം).....

മി. സ്പീക്കർ: അൺപാർലമെന്ററിയായ ഒന്നും രേഖകളിലുണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ശ്രീ. ജോൺ ഫെർണാണ്ടസ് സംസാരിച്ചപ്പോൾ നമ്മളാരും ശല്യം ചെയ്തില്ല. ഒരു എം.എൽ.എ. സഭ്യമായ രൂപത്തിൽ ഏത് കാര്യവും സംസാരിക്കുന്നതിൽ നമുക്ക് തർക്കവുമില്ല. ഇവിടെ വന്നുവന്ന് മുറത്തിൽ കയറി കൊത്തുന്ന രൂപത്തിലാണ് നിൽക്കുന്നത്. പ്രതിപക്ഷം ഇവിടെ ********* എന്നുപറഞ്ഞാൽ, ഇവിടെ പ്രതിപക്ഷ ധർമ്മമില്ലേ; പ്രതിപക്ഷാംഗങ്ങൾക്കുള്ള പ്രൊട്ടക്ഷനില്ലേ; പ്രതിപക്ഷമില്ലാത്ത സഭയുണ്ടോ; അങ്ങനെ പ്രതിപക്ഷത്തെ മൊത്തത്തിൽ ആക്ഷേപിക്കുന്ന രൂപത്തിലാണ് ശ്രീ. ജോൺ ഫെർണാണ്ടസ്

+ സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 956/ഇ.ബി/2020/നി.സെ തീയതി ഫെബ്രുവരി 7, 2020-ലെ) ഉത്തരവിൻ പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ഇവിടെ സംസാരിച്ചത്. ഏറ്റവും ദൗർഭാഗ്യകരം, അദ്ദേഹം ഒരു നോമിനേറ്റഡ് മെമ്പറാണ്. നോമിനേറ്റഡ് മെമ്പർ, ഇലക്റ്റഡ് മെമ്പേഴ്സ് മാത്രം ഉൾക്കൊള്ളുന്ന പ്രതിപക്ഷത്തെ ആളുകളെയാകെ ആക്ഷേപിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ദയവായി സഭയിൽ അങ്ങനെ പറയരുത്. സഭയിൽ രണ്ടുതരം പൗരന്മാരില്ല. എല്ലാ സാമാജികർക്കും തുല്യ അവകാശമാണുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ഭരണഘടനാ ഭേദഗതികൊണ്ട് അദ്ദേഹം പോയി. ഇനി അവർക്ക് ആ അവകാശമില്ല. ഇനി നമുക്ക് ആലോചിക്കാം.

മി. സ്പീക്കർ: അങ്ങനെ വ്യാഖ്യാനിക്കരുത്. അങ്ങയെപ്പോലുള്ള മുതിർന്ന നേതാവ് അങ്ങനെ പറയരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടത്തെ പ്രശ്നം, **************+ ? അങ്ങനെ ഒരംഗം പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: അൺപാർലമെന്ററിയായ ഒന്നും രേഖകളിലുണ്ടാകില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം സംസാരിച്ചതിൽ ഏതാണ് അൺപാർലമെന്ററി വാക്ക് എന്ന് അങ്ങ് പറയണ്ടേ; അത് പറയണം. അത് പറയാതെ ഈ സഭയിലിരിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

മി. സ്പീക്കർ: അൺപാർലമെന്ററിയായ ഒരു വാക്കും രേഖകളിലുണ്ടാകില്ല എന്ന് പറഞ്ഞല്ലോ. അങ്ങ് ഇരിക്കു...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിൽ ഏത് വാക്കാണെന്ന് പറഞ്ഞാൽ മതി.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നോമിനേറ്റഡ് അംഗമായ ശ്രീ. ജോൺ ഫെർണാണ്ടസിനെക്കുറിച്ച് അത്തരമൊരു പരാമർശം നടത്തിയത് ദൗർഭാഗ്യകരമായിപ്പോയി. അത് രേഖയിൽ കാണരുത്. നോമിനേറ്റഡ് അംഗത്തിന്റെ പ്രസംഗത്തിന് ഒരു പരിമിതിയും സഭാ ചട്ടങ്ങളോ ഭരണഘടനയോ ഏർപ്പെടുത്തിയിട്ടില്ല.

മി. സ്പീക്കർ: സഭ്യമായ ഭാഷയിൽ പരസ്പരം വിമർശനങ്ങൾ ഉന്നയിക്കുന്നതാണ് ഉചിതം. ഈ സഭയിലിരിക്കുന്ന അംഗത്തിനെ രണ്ടാം പൗരനായി പറയുന്നത് ശരിയല്ല. അങ്ങ് അങ്ങനെ കാണരുത്. ശ്രീമതി ഷാനിമോൾ ഉസ്മാൻ സംസാരിക്കുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

+ സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 956/ഇ.ബി/2020/നി.സെ തീയതി ഫെബ്രുവരി 7, 2020-ലെ) ഉത്തരവിൻ പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ജോൺ ഫെർണാണ്ടസ് സംസാരിച്ചപ്പോൾ പുന്ന നൗഷാദ് വധക്കേസ്സിൽ കോൺഗ്രസ് ഒരു പ്രതിഷേധ സമരവും നടത്തിയിട്ടില്ല, നോക്കുകുത്തികളായിരുന്നു എന്നുപറഞ്ഞുകൊണ്ട് കോൺഗ്രസ്സിനെ അധിക്ഷേപിക്കുന്ന രീതിയിലുള്ള സംസാരം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായി. ഈ വിഷയത്തിൽ കോൺഗ്രസ് ശക്തമായ സമരം ഏറ്റെടുക്കുകയും എസ്.ഡി.പി.ഐ.-യുടെ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് പോലീസ് സ്റ്റേഷൻ മാർച്ച് നടത്തുകയും ഗോപ പ്രതാപൻ അടക്കമുള്ള മറ്റുള്ള നേതാക്കന്മാരെ പോലീസ് അതിക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വി. ഡി. സതീശനാണ് പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തത്. ഇത്തരം സംഭവങ്ങൾ നടന്നിട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള വാക്കുകൾ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. അക്കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ നിരാകരിക്കുകയാണ്. ചരിത്രത്തിൽ പലതുകൊണ്ടും സ്ഥാനംപിടിച്ച ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ ഏറ്റവും അവസാനം എന്റെ സർക്കാരെന്നുള്ള പ്രയോഗം മാറ്റി ഞാനും നിങ്ങളും എന്നായപ്പോൾപ്പോലും കയ്യടിച്ച ഇവിടത്തെ ഭരണപക്ഷത്തെ ഓർത്ത് ആദ്യംതന്നെ എന്റെ ദുഃഖം രേഖപ്പെടുത്തുകയാണ്. ലോകത്ത് ഏറ്റവും പുരോഗമനപരവും ശക്തവും സുന്ദരവുമായിട്ടുള്ള ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ആശയങ്ങൾ ഇല്ലാതാക്കുന്ന പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയ കേരള നിയമസഭയുടെ അധികാരത്തെയും അന്തസ്സിനേയുമാണ് ഗവർണർ ചോദ്യം ചെയ്തത്. ഭരണഘടനയെ ചോദ്യം ചെയ്യുന്ന കേന്ദ്രസർക്കാരിനെതിരെയുള്ള പോരാട്ടത്തിൽ അല്പമെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തെ അനുകൂലിക്കണമായിരുന്നു. എന്താണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത്? അത് എല്ലാ ഭാഷയിലുമുണ്ട്. " *हम, भारत* के *लोग,* भारत को एक संपूर्ण प्रभुत्व-संपन्न समाजवादी पंथनिरपेक्ष लोकतंत्रात्मक गणराज्य बनाने केलिए. ........" എന്നുതുടങ്ങുന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം. ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന ആശയങ്ങളെ ചവിട്ടിമെതിക്കുന്ന തീരുമാനവുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോയപ്പോൾ പ്രതിപക്ഷനേതാവ് കൊണ്ടുവന്ന പ്രമേയത്തിൽ എന്താണ് ഉൾപ്പെടുത്തിയിരുന്നത്? ഈ സർക്കാർ ആ പ്രമേയത്തെ ഏതുരീതിയിലാണ് നേരിട്ടതെന്ന് നമ്മൾ കണ്ടതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തോടും ഭരണഘടനാ രൂപീകരണത്തോടും പൊക്കിൾക്കൊടി ബന്ധമുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നന്ദിപ്രമേയ ചർച്ചയിൽ ബഹുമാന്യനായ അംഗം ഇപ്പോൾ

പറഞ്ഞത് സത്യത്തിൽ എന്നെ ദുഃഖിപ്പിക്കുകയാണുണ്ടായത്. എത്രയോ നല്ല വാക്കുകൾ മലയാള ഭാഷയിലുണ്ടായിട്ടും മൃഗങ്ങളുടെ പേരെടുത്ത് പ്രതിപക്ഷത്തെ ആക്ഷേപിക്കുമ്പോൾ അത് കേട്ടുകൊണ്ടിരിക്കുന്നത് എത്ര മോശമാണെന്ന് പറയാതിരിക്കാൻ കഴിയുന്നില്ല. അത്തരത്തിലുള്ള നിലവാരത്തിലേയ്ക്ക് പോകരുത്. ആ വാക്ക് രേഖയിലുണ്ടാകുകയില്ലെന്ന് പ്രതീക്ഷിക്കുകയാണ്.

ഗവർണറുടെ നയപ്രഖ്യാപനത്തിൽ സ്ത്രീസുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള ഏതെങ്കിലുമൊരു നടപടിയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടോ? വിട്ടുവീഴ്ചയില്ലാത്ത സ്ത്രീസുരക്ഷയെന്ന് പറഞ്ഞുകൊണ്ട് അധികാരത്തിലെത്തിയ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ നയപ്രഖ്യാപന പ്രസംഗം മുഴുവൻ വായിച്ചുനോക്കിയിട്ടും എവിടെയും എൽ.ഡി.എഫ്. സർക്കാർ സ്ത്രീ സുരക്ഷയ്ക്കുവേണ്ടി പുതുതായി എന്തെങ്കിലും ചെയ്തതായി ഞാൻ കണ്ടില്ല. ഏതെങ്കിലുമൊരു ദിവസം പോലീസ് അകമ്പടിയോടെ സ്ത്രീകളെ അർദ്ധരാത്രിയിൽ തെരുവിലൂടെ നടത്തിയിട്ട് ഇതാണ് സുരക്ഷിതത്വമെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. അതിനുപകരം വാളയാറിലെ പാവപ്പെട്ട രണ്ട് പിഞ്ചുകുഞ്ഞുങ്ങളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ രണ്ട് നരാധമൻമാരെയും കയ്യുംകെട്ടി റോഡിലൂടെ നടത്തിയിരുന്നെങ്കിൽ നിങ്ങളുടെ സ്ത്രീസുരക്ഷയെ ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുമായിരുന്നു. ഇവിടെ വിനോദസഞ്ചാരികളായ വിദേശ വനിതകൾക്കടക്കം ഉണ്ടായിട്ടുള്ള ദുർവിധിയെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. നൊബേൽ പ്രൈസ് ജേതാവിന്റെ ബോട്ട് പിടിച്ചുകെട്ടി യാത്ര മുടക്കിയത് കഴിഞ്ഞ ദിവസമാണ്. സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള കേസ്സുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2015-ൽ 2384 കേസ്സുകളായിരുന്നെങ്കിൽ 2019-ൽ അത് 4560 ആയി. 91 ശതമാനം വർദ്ധനവാണുണ്ടായിരിക്കുന്നത്. പോക്സോ കേസുകളോടുള്ള ഈ ഗവൺമെന്റിന്റെ സമീപനം മനസ്സിലാക്കാൻ കൂടുതലൊന്നും ആലോചിക്കണ്ട, വാളയാർ കേസ് മാത്രം മതി. പോലീസും പ്രോസിക്യൂട്ടറും ഒത്തുകളിച്ചുകൊണ്ട് രണ്ട് കുഞ്ഞുങ്ങളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ ആളുകളെ ഇന്നും സംരക്ഷിക്കുകയല്ലേ? യൂത്ത് കോൺഗ്രസ്സിന്റെ ചെറുപ്പക്കാരായ ഷുഹൈബ്, കൃപേഷ്, ശരത്‌ലാൽ എന്നിവരെ വെട്ടിനുറുക്കി കൊലപ്പെടുത്തിയ പ്രതികൾക്കുവേണ്ടി ഖജനാവിൽ നിന്നും കോടികൾ മുടക്കുമ്പോൾ ഈ പിഞ്ചുകുഞ്ഞുങ്ങളെ കൊലപ്പെടുത്തിയവരെ അഴിക്കുള്ളിലാക്കാൻ സർക്കാരിന് എന്താണ് പ്രയാസമെന്ന് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. കെ. ബഷീർ)

കേന്ദ്ര വനിതാ ശിശുക്ഷേമ വകുപ്പ് പുറത്തിറക്കിയ റിപ്പോർട്ട് വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയ നിർഭയ ഫണ്ട് 760 ലക്ഷം രൂപയാണ്. അതിൽ ഒരു രൂപയുടെ കണക്കുപോലും സംസ്ഥാന സർക്കാർ നൽകിയിട്ടില്ല.

സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാനായി അനുവദിച്ച 435 ലക്ഷം രൂപയുടെ കണക്ക് സർക്കാർ സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എന്താണ് പറഞ്ഞിട്ടുള്ളത്? ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്കകത്തും പുറത്തും പണമില്ലെന്നുള്ളത് സംബന്ധിച്ച് ഒളിഞ്ഞുംതെളിഞ്ഞും പറയുന്നുണ്ട്. ഇത്ര മോശമായ ഒരു ധനകാര്യ മാനേജ്മെന്റ് കേരളത്തിലുണ്ടായിട്ടുണ്ടോ; തദ്ദേശസ്ഥാപനങ്ങളുടെ 40 ശതമാനം ഫണ്ട് വെട്ടിക്കുറയ്ക്കുമ്പോഴും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അനാവശ്യ ചെലവുകൾ, ധൂർത്ത് ഇതൊന്നും കുറയ്ക്കാൻ ഈ സർക്കാരിന് കഴിയുന്നില്ല. ഹെലികോപ്റ്റർ മാസവാടകയ്ക്കെടുത്തത് ഈ ഗവൺമെന്റല്ലേ? ഇവിടെ പണത്തിന് ബുദ്ധിമുട്ടനുഭവിക്കുമ്പോഴാണ് ഹെലികോപ്റ്റർ മാസവാടകയ്ക്കെടുക്കാനുള്ള തീരുമാനമെടുത്തത്. നവോത്ഥാന സമുച്ചയത്തിനുവേണ്ടി 700 കോടി രൂപ, നവോത്ഥാന മതിൽ കെട്ടാനായി 50 ലക്ഷം രൂപ, ലോക കേരളസഭ നടത്താനായി ആർ. ശങ്കരനാരായണൻ തമ്പി ഹാൾ നവീകരിക്കുന്നതിനുവേണ്ടി 16.65 കോടി രൂപ, ഇ-നിയമസഭയ്ക്കുവേണ്ടി 52 കോടി രൂപ, ചിൽഡ്രൻസ് ലൈബ്രറി പൊളിച്ച് ഇ.എം.എസ്. പ്രതിമയുണ്ടാക്കാനായി 82.56 ലക്ഷം രൂപ, മുഖ്യമന്ത്രിക്ക് ഏഴ് പ്രത്യേക ഉപദേശകർ; മഹാപ്രളയം കഴിഞ്ഞ് ഈ കേരളം അനുഭവിക്കുന്ന ദുരന്തങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്. പ്രളയത്തിനുശേഷം വാഹനം വാങ്ങുന്നതിനായി 3.5 കോടി രൂപയാണ് ചെലവഴിച്ചത്. കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് 1000 കോടി രൂപ ബജറ്റിൽ നീക്കിവച്ചിട്ട് ഒരു രൂപ പോലും ചെലവഴിക്കാത്ത സർക്കാരാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 40 ശതമാനം ഫണ്ട് അടക്കം ഇന്ന് വെട്ടിക്കുറച്ച് മുന്നോട്ടുപോകുന്നത്. ഇതിനിടയിൽ ഫെബ്രുവരി 1-നുവന്ന കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് ഗുണകരമായ യാതൊന്നുമില്ലെന്ന് എല്ലാവർക്കുമറിയാം. പട്ടിണി ഇല്ലാതാക്കുന്നതിനുവേണ്ടി ഒരു കുടുംബത്തിൽ ഒരാൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്ന തൊഴിലുറപ്പ് പദ്ധതി യു.പി.എ. സർക്കാർ കൊണ്ടുവന്നു. ഇന്ന് ആ തൊഴിലുറപ്പ് പദ്ധതി വലിയ പ്രതിസന്ധിയിലാണ്. ബജറ്റിലെ തുക വെട്ടിക്കുറച്ചെന്നുമാത്രമല്ല അരൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലടക്കം 18 ദിവസം മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിൽ ആളുകൾക്ക് ജോലി ലഭിച്ചത്. കഴിഞ്ഞ ഓണത്തിനുശേഷം ഇതുവരെ ആ 18 ദിവസത്തെ കൂലി കൊടുക്കാനും കഴിഞ്ഞിട്ടില്ല. ഇതിന്റെ നടുവിലാണ് 'പണം തട്ടിയത് ഇടനിലക്കാർ, തിരിച്ചടയ്ക്കാൻ പഞ്ചായത്ത്' എന്ന റിപ്പോർട്ട് വന്നിരിക്കുന്നത്. പാവപ്പെട്ട ആളുകളുടെ കഞ്ഞിയിൽ പാറ്റയിടുന്ന, സി.പി.ഐ.(എം.) ഭരിക്കുന്ന പഞ്ചായത്തുകളിലാണ് തൊഴിലുറപ്പ് പദ്ധതിക്ക് കൊടുത്ത തുക

കൊള്ളയടിച്ചുവെന്ന വാർത്ത വന്നിരിക്കുന്നത്. 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് ഇടനിലക്കാരും രാഷ്ട്രീയക്കാരും തട്ടിയെടുത്ത ലക്ഷക്കണക്കിന് രൂപ പഞ്ചായത്തുകളുടെ ഫണ്ടിൽനിന്ന് തിരിച്ചടയ്ക്കാൻ സർക്കാർ ഉത്തരവ് ' എന്ന് കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഇത് ഏത് പഞ്ചായത്താണ്; ഈ പഞ്ചായത്തിന്റെ ഭരണം ആർക്കാണ്? കൃത്യമായ രേഖകളുണ്ട്. കേരളത്തിലെ എല്ലാ മുഖ്യധാരാ ദിനപ്പത്രങ്ങളിലും ഇക്കാര്യങ്ങൾ അച്ചടിച്ചുവന്നതാണ്. ഈ പദ്ധതിത്തുക നൽകേണ്ട അവസ്ഥ കേരളത്തിലെ സി.പി.ഐ.(എം.) ഭരിക്കുന്ന പഞ്ചായത്തുകളിലടക്കം ഉണ്ടെന്നുള്ളത് വളരെ ദുഃഖപൂർവ്വം ഇവിടെ ഓർമ്മിപ്പിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം ചില കാര്യങ്ങൾ പറയുകയും അതിലിടപെട്ടുകൊണ്ട് സംസാരിക്കുന്നതും കേട്ടു. കേരളത്തിൽ അഭിമന്യുവിന്റെ പേര് പറഞ്ഞ് പിരിച്ചെടുത്ത പണം തിരിച്ച് ആ കുടുംബത്തിന് കൊടുക്കാൻ സി.പി.ഐ.(എം.) എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ? ....(ബഹളം)..... കാലാകാലങ്ങളിൽ നാലും മൂന്നും ഏഴ് വോട്ടിനുവേണ്ടി എസ്.ഡി.പി.ഐ. അടക്കമുള്ള വർഗ്ഗീയ സംഘടനകളുമായി കൈകോർത്ത് നിന്നിട്ടുള്ളത് സി.പി.ഐ.(എം.) എന്ന പാർട്ടിയാണെന്നത് നമുക്കറിയാം. ....(ബഹളം)..... പുന്നാ നൗഷാദിന്റെ പേരിൽ കോൺഗ്രസ് പണം പിരിച്ചിട്ടുണ്ടെങ്കിൽ ഇവിടെയിരിക്കുന്ന ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ ആ പണം നൽകുന്നതിനുവേണ്ടി കൂടിയ യോഗത്തിൽ പ്രസംഗിക്കാനുണ്ടായിരുന്നുവെന്ന് ഇവിടെ പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ. ....(ബഹളം).....

<u>ശ്രീ. എസ്. ശർമ്മ</u>: സർ, പോയിന്റ് ഓഫ് ഓർഡർ......

<u>മി. ചെയർമാൻ</u>: പ്രസംഗം കഴിഞ്ഞിട്ട് സമയം അനുവദിക്കാം. ....(ബഹളം)..... പ്ലീസ്.....കൺക്ലൂഡ്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഇങ്ങനെയൊക്കെയാണ് ഇവിടെ നടക്കുന്ന സംഭവങ്ങൾ. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ? ....(ബഹളം)..... നയപ്രഖ്യാപന പ്രസംഗത്തിലെ 50-ാമത്തെ പേജിലെ 74-ാമത്തെ ഖണ്ഡികയിൽ പറയുന്നത്, 'സംഘടനകൾ രൂപീകരിക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിനും ജനാധിപത്യപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഈ ഗവൺമെന്റിന് കഴിയും' എന്നാണ്. ഇത് പറയുമ്പോഴും കോഴിക്കോട് രണ്ട് കുട്ടികൾക്കെതിരെ (അലനും താഹയും) യു.എ.പി.എ. ചുമത്തി എൻ.ഐ.എ. ജയിലിൽ അടയ്ക്കാൻ അവർ ചെയ്ത തെറ്റെന്താണെന്ന് ചോദിക്കുമ്പോൾ ഈ ഗവൺമെന്റിന് അത് സംബന്ധിച്ച് മറുപടി പറയാനുണ്ടോ? ....(ബഹളം).....

മി. ചെയർമാൻ: പ്ലീസ്......കൺക്ലൂഡ്. ....(ബഹളം)..... ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞു. രണ്ട് മിനിട്ട് അധികമായി. പ്ലീസ്......കൺക്ലൂഡ്. ....(ബഹളം).....

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, എസ്.എഫ്.ഐ. പ്രവർത്തകരായ അലനെയും താഹയേയും ജയിലിൽ അടച്ചപ്പോൾ എന്തുകൊണ്ടാണ് ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും നേതാക്കന്മാർ മൗനം അവലംബിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ....(ബഹളം).....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പ്ലീസ്......കൺക്ലൂഡ്. ....(ബഹളം).....

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, മാർക്ക് തട്ടിപ്പും പി.എസ്.സി. വിവാദവുമൊക്കെ ഈ നാട്ടിലെ ചെറുപ്പക്കാരുടെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ....(ബഹളം)..... ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. എസ്. ശർമ്മ, അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാന്യയായ ഷാനിമോൾ ഉസ്മാൻ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രക്തസാക്ഷി അഭിമന്യുവിനുവേണ്ടി പണം പിരിച്ചിട്ട് സി.പി.ഐ.(എം) കൊടുത്തില്ലെന്ന് പറയുകയുണ്ടായി. അത് സ്വന്തം പാർട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രതികരണമാണ്. അഭിമന്യുവിന്റെ പിതാവിന് വീടുവച്ചുകൊടുത്തു; അദ്ദേഹത്തിന്റെ മകളെ കെട്ടിച്ചയയ്ക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു; കൊച്ചി നഗരത്തിൽ അഭിമന്യുവിന് സ്മാരകം നിർമ്മിക്കുന്നതിനായി ലഭിച്ചതും ചെലവായതും ബാക്കിയുള്ളതുമായ തുകയുടെ കണക്ക് പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബാക്കി തുക എന്തുചെയ്തു?

ശ്രീ. എസ്. ശർമ്മ: സർ, ബാക്കി തുക അക്കൗണ്ടിലുണ്ട്. ....(ബഹളം)..... ബാക്കി തുകകൊണ്ട് സ്മാരകം നിർമ്മിക്കുകയാണ്. നിങ്ങൾ മലർന്ന് കിടന്ന് തുപ്പരുത്. .... (ബഹളം).....

മി. ചെയർമാൻ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണുള്ളത്?

ശ്രീ. എസ്. ശർമ്മ: സർ, രക്തസാക്ഷി അഭിമന്യുവിനുവേണ്ടി പണം പിരിച്ചിട്ട് കൊടുത്തില്ലെന്ന് ശ്രീമതി ഷാനിമോൾ ഉസ്മാൻ പറഞ്ഞ അടിസ്ഥാനരഹിതമായ കാര്യം രേഖയിലുണ്ടാകാൻ പാടില്ല.+

---

\+ സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ -955/ഇ.ബി/2020/നി.സെ. തീയതി 7-2-2020) ഉത്തരവിൻപ്രകാരം രേഖയിൽ നിലനിർത്തി.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഉപസംഹാരമടക്കം 154 ഖണ്ഡികകളിലായി ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

കേന്ദ്ര ബജറ്റ് വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വിഹിതം 5000 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുകയാണ്. പ്രളയക്കെടുതിയിൽ നമ്മെ സഹായിക്കാനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര ബജറ്റിലുണ്ടായില്ല. പ്രളയക്കെടുതിയിൽ കേരളത്തെ സഹായിക്കാൻ ഇൻഡ്യയിലും ഇൻഡ്യയ്ക്ക് പുറത്തുമുള്ള മലയാളികളല്ലാതെ ആരുംതന്നെ ഉണ്ടായിരുന്നില്ല. സഹായിക്കാനായി ചില സർക്കാരുകൾ മുന്നോട്ടുവന്നെങ്കിലും ഈ ഫെഡറൽ സംവിധാനത്തിൽ അതിനുള്ള അനുമതി കേന്ദ്രഗവൺമെന്റ് നൽകുകയും ചെയ്തില്ല. അതിനൊരു പ്രതിഷേധം രേഖപ്പെടുത്താനോ അതുമായി സഹകരിക്കാനോ കേരളത്തിൽ ഉത്തരവാദപ്പെട്ട പ്രതിപക്ഷമുണ്ടായില്ലെന്ന ദു:ഖകരമായ അവസ്ഥ ആ സാഹചര്യത്തിൽ ഉടലെടുക്കുകയും ചെയ്തു. കഴിഞ്ഞ ബജറ്റിൽ ഒരു ലക്ഷം കോടി രൂപയുടെ പൊതുമേഖലയുടെ വിറ്റഴിക്കലാണ് തീരുമാനിച്ചിരുന്നതെങ്കിൽ ഈ വർഷം രണ്ട് കോടി ഒരു ലക്ഷം രൂപയാണ് വിറ്റഴിക്കലിലൂടെ സമാഹരിക്കാൻ അവർ തീരുമാനിച്ചിട്ടുള്ളത്. ബി.പി.സി.എൽ, എയർ ഇൻഡ്യ, എൽ.ഐ.സി. ടെലികോം, ഐ.ഡി.ബി.ഐ. തുടങ്ങിയ മേഖലകളെല്ലാം വിറ്റഴിക്കാൻ തീരുമാനിക്കുന്നുവെന്നതാണ് വസ്തുത.

റബ്ബർ കർഷകരെ മറന്നുകൊണ്ടുള്ള ഒരു ബജറ്റാണ് കേന്ദ്രം അവതരിപ്പിച്ചത്. പ്രവാസ പദവിയും വ്യവസ്ഥാ മാറ്റവും അതിന്റെ തുടർച്ചയായി വന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ സർവ്വകാല റെക്കോർഡുകളെ ഭേദിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടി നമ്മുടെ രാജ്യത്തെ പൊതുമേഖലകൾ വിറ്റഴിക്കുന്നതിനുള്ള ഒരു ബജറ്റാക്കി മാറ്റുകയാണ് മോദി സർക്കാർ ചെയ്തിട്ടുള്ളത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരാൻ ഇൻഡ്യയിലാകമാനമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും നടത്തുന്ന സമരത്തോടൊപ്പം നിൽക്കാൻ കേരളത്തിലെ പ്രതിപക്ഷം മുന്നോട്ടുവരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രളയക്കെടുതിയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തെ മോചിപ്പിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് പ്രതിപക്ഷം ഒഴിഞ്ഞുമാറുകയാണുണ്ടായത്. കേരളീയ സമൂഹം അവരുടെ മുമ്പിൽ ആ ചോദ്യമുയർത്തിക്കൊണ്ട് പ്രതിഷേധമുയർത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സുസ്ഥിര വികസന ലക്ഷ്യങ്ങൾ-2030 കൈവരിക്കുന്നതിൽ നീതി ആയോഗിന്റെ റാങ്കിംഗിൽ തുടർച്ചയായി രണ്ടാം വർഷവും കേരളത്തിന് ഒന്നാം

സ്ഥാനം ലഭിച്ചിരിക്കുകയാണെന്ന് ഗവർണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു; 4 മിഷനുകൾ പ്രഖ്യാപിച്ച നേട്ടങ്ങളാണ് അതുമായി ബന്ധപ്പെട്ട് വിശദീകരിച്ചിട്ടുള്ളത്. അതിൽ പൊതുവിദ്യാഭ്യാസം എടുത്തുപറയേണ്ടതാണ്. 1957-ലെ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സഖാവ് ഇ.എം.എസ്-ന്റെ നേതൃത്വത്തിൽ അധികാരമേറിയപ്പോൾ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് തുടക്കംകുറിച്ചു. അതിനുശേഷം ഈ സംസ്ഥാന ഗവൺമെന്റാണ് കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലെയും ഗവൺമെന്റ്-എയ്ഡഡ് മേഖലകളിലെ ക്ലാസ്സ് റൂമുകൾ സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കിമാറ്റിക്കൊണ്ട് പണത്തിന്റെ, ജാതി-മതത്തിന്റെ അതിർവരമ്പുകളില്ലാതെ ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന തരത്തിൽ പുതിയ തലമുറയെ വാർത്തെടുക്കുക എന്ന രീതിയിലേയ്ക്ക് വിദ്യാഭ്യാസ മേഖലയെ മാറ്റിയിട്ടുള്ളത്. ഗവൺമെന്റ്-എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നേരിട്ട് പണം നൽകുന്ന ഒരു സാഹചര്യം വന്നത് സഖാവ് പിണറായിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലയളവിലാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതുണ്ട്. അതുപോലെ 'Community Volunteer Corps-2020' മേയ് അവസാനത്തോടെ തയ്യാറാകും. 3,40,000 കമ്മ്യൂണിറ്റി വോളണ്ടിയർമാരെയാണ് അതിനായി സജ്ജമാക്കുന്നതെന്ന് അദ്ദേഹം എടുത്തുപറയുകയുണ്ടായി. രാത്രികാല അഭയകേന്ദ്രം വ്യാപിപ്പിക്കുന്നു. സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് 961 കോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള ഗ്രാമീണ റോഡിന്റെ പുനർനിർമ്മാണ പ്രക്രിയ ആരംഭിക്കുന്നു. അതിനുള്ള ഫണ്ടുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. 'കൃഷി പാഠശാല' എന്ന പുതിയ പദ്ധതി ആവിഷ്കരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. 'ഗോസമൃദ്ധി' പദ്ധതി, അതോടൊപ്പം 'നിശാ വെറ്ററിനറി' പദ്ധതി 105 ബ്ലോക്കുകളിൽ ആരംഭിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. സമുദ്രത്തിൽ നിന്ന് പ്ലാസ്റ്റിക് നീക്കം ചെയ്ത് 'ശുചിത്വ നഗരം പദ്ധതി' ആവിഷ്കരിക്കുന്ന പുതിയ പദ്ധതിക്കും രൂപം കൊടുക്കുകയാണ്. അതോടൊപ്പം 'വിശപ്പുരഹിത കേരളം' പദ്ധതി 'ഇ-റേഷൻ കാർഡ് സംവിധാനം' തുടങ്ങിയവയൊക്കെ കൊണ്ടുവരുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. ഇപ്പോൾ കോവിഡ്-19 വൈറസിന്റെ പ്രശ്നം ഉയർന്നുവന്നിട്ടുണ്ടെങ്കിൽപ്പോലും കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് പുതിയ മാനം സൃഷ്ടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയും താലൂക്ക് ആശുപത്രികളെയും ജില്ലാ ആശുപത്രികളെയും മെഡിക്കൽ കോളേജുകളാക്കി മാറ്റിയും ചികിത്സാരംഗത്ത് ഒരു വലിയ മാറ്റം പടുത്തുയർത്തുകയാണ്. ക്യൂബയാണ് ലോകത്ത് ഏറ്റവും കൂടുതൽ ഡോക്ടർമാരുടെ സാമീപ്യമുള്ള രാജ്യം. അതിനനുയോജ്യമായ രീതിയിലേക്ക് കേരളത്തെ മാറ്റിക്കൊണ്ട് രാജ്യത്തിന്റെ വികസനം ഒരു സമൂഹത്തിന്റെ ആരോഗ്യമാണെന്ന് കണ്ടുകൊണ്ട് ആരോഗ്യം

പ്രദാനം ചെയ്യാവുന്നതരത്തിൽ ആരോഗ്യമേഖലയെ മാറ്റുന്ന നിലയിലേയ്ക്ക് നമ്മുടെ നാട് മാറുകയാണ്. നമ്മുടെ രാജ്യത്ത് ഇപ്പോൾ ഏറ്റവും കൂടുതൽ ചർച്ചയ്ക്ക് വിധേയമായത് കേന്ദ്ര ഗവൺമെന്റിന്റെ പൗരത്വഭേദഗതി ബില്ലുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള നിലപാടുകളാണ്. കേരളത്തിന്റെ മുഖ്യമന്ത്രി അതിനെതിരെ നിയമസഭയ്ക്കകത്ത് ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുന്ന നിലപാട് സ്വീകരിച്ചുവെന്ന് മാത്രമല്ല, ഒരു ജനകീയ പ്രതിരോധം ഉയർത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇവിടെ സത്യാഗ്രഹം ആരംഭിച്ചു. എല്ലാവരും അതുമായി സഹകരിച്ചു. എന്നാൽ, മണിക്കൂറുകൾ കഴിഞ്ഞപ്പോൾ യോജിച്ച സമരത്തിൽ നിന്ന് പിന്തിരിയുന്ന ഒരു സാഹചര്യമുണ്ടായി. ഇത് ഓർമ്മിപ്പിക്കുന്നത് കേരളത്തിലെ 1957-ലെ ഗവൺമെന്റിനെ താഴെയിറക്കാൻ അന്നത്തെ കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാമെടുത്ത നിലപാടുകളും ജാതിമത സംഘടനകൾ ചേർന്ന് നടത്തിയ സമരവുമാണ്. അതിന് വിമോചനസമരമെന്ന് പേരിട്ടുകൊണ്ട് ഒരു സമരം നടത്തിയിരുന്നു. ആദ്യം നടത്തിയത് മതസംഘടനകളും ജാതി സംഘടനകളുമാണെങ്കിൽ പിന്നീട് കോൺഗ്രസ്സ് അതിന്റെ നേതൃത്വം ഏറ്റെടുക്കുന്ന സ്ഥിതിവന്നു. ആ വിമോചനസമരത്തിന് സി.ഐ.എ-യുടെ പരിപൂർണ്ണ പിന്തുണയുണ്ടായിരുന്നുവെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ശ്രീ. എ. കെ. ആന്റണി തന്നെ ഒരിക്കൽ വിദേശപണം ലഭിക്കുകയുണ്ടായെന്ന് തുറന്നു സമ്മതിക്കുകയുണ്ടായി. 1957-61 കാലഘട്ടത്തിൽ ഇൻഡ്യൻ അംബാസിഡറായിരുന്ന Ellsworth Bunker നടത്തിയ അഭിമുഖത്തിലും തുടർന്ന് സി.ഐ.എ-യും കേരളത്തിലെ വിമോചനസമരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് Daniel Patrick Moynihan-ഉം ഈ സമരത്തിനൊക്കെ സി.ഐ.എ-യുടെ സഹായം ലഭിച്ചിരുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ ഒരു വലിയ യോജിച്ച സമരം പൗരത്വ ഭേദഗതിക്കെതിരെ ഉയർന്നുവരുമ്പോൾ സമരത്തിന്റെ ഐക്യനിരയെ തകർത്തുകൊണ്ട് അതിൽ നിന്ന് പിന്തിരിയുന്ന സമീപനമുണ്ടാകുമ്പോൾ ഇത് ആരെ സഹായിക്കാനാണെന്ന കാര്യം നാം ഓർക്കണം. ഇൻഡ്യയിലാകെ പൗരത്വ ഭേദഗതിക്കെതിരെയുള്ള ശക്തമായ പ്രതിഷേധം ഉയർന്നുവരുമ്പോൾ, കേരളത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിശക്തമായ സമരം ഉയർന്നുവരുമ്പോൾ അതിൽ ആദ്യം പങ്കെടുത്ത കോൺഗ്രസ്സ്, പിന്നീട് അതിൽനിന്ന് പിന്തിരിയുന്ന നിലപാടാണ് സ്വീകരിച്ചത്. എനിക്ക് അനുഭവമുണ്ട്; മുഖ്യമന്ത്രി നടത്തിയ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എന്റെ മണ്ഡലത്തിൽ നടത്തിയ സമരത്തിൽ പ്രതിപക്ഷ കക്ഷികൾ സഹകരിച്ചില്ല. നേതാക്കന്മാരെ വിളിച്ചപ്പോൾ വളരെ സന്തോഷ ത്തോടെയാണ് സ്വീകരിച്ചതെങ്കിലും പിന്നീട് അവർ അതിൽ നിന്ന് പിന്തിരിയുന്ന

സാഹചര്യമാണുണ്ടായത്. നാടിന്റെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കി യോജിച്ച സമരമല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം. ഈ പ്രക്ഷോഭത്തിന്റെ പേരിൽ മരിച്ചുവീണവർ നിരവധിയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ നാല്പതിലേറെ രക്തസാക്ഷികളുണ്ടായി. Govind Pansare, Narendra Dabholkar, M. M. Kalburgi, Gouri Lankesh തുടങ്ങിയ പ്രാമാണികരായ ആളുകളാണ് രക്തസാക്ഷികളായത്. അതിൽ Govind Pansare സി.പി.ഐ-യുടെ മഹാരാഷ്ട്രാ സംസ്ഥാന സെക്രട്ടറിയും ഒരു സാംസ്കാരിക നായകനും കൂടിയായിരുന്നു. ഇൻഡ്യയിൽ അതിൽ തുടങ്ങി ഇങ്ങോട്ട് ഈ പ്രക്ഷോഭത്തിൽ 40 പേരാണ് രക്തസാക്ഷികളായത്. ഈ പോരാട്ടം അത്ര ശക്തിയായി മുന്നോട്ട് പോകുമ്പോൾ, ഈ ഒളിച്ചോട്ടം എന്തിനാണെന്ന് അതിന് നേതൃത്വം കൊടുക്കുന്നവർ ആലോചിക്കണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽകൂടി ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ബഹുമാന്യനായ എസ്. ശർമ്മയുടെ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

എനിക്കുമുമ്പ് ഇവിടെ സംസാരിച്ച ശ്രീമതി ഷാനിമോൾ ഉസ്മാൻ പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ സാധിക്കില്ല. അതിലൊന്ന് പൗരത്വ ഭേദഗതി നിയമത്തെ സംബന്ധിച്ച് ഇടതുപക്ഷത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്തുകൊണ്ടുള്ളതാണ്. ഈ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കാൻ ആദ്യമായി മുൻകയ്യെടുത്തത് കേരളമാണ്. കോൺഗ്രസ് ഭരിക്കുന്ന മധ്യപ്രദേശിലും പോണ്ടിച്ചേരിയിലും ഇപ്പോഴും ഇതുപോലൊരു പ്രമേയം പാസ്സാക്കിയിട്ടില്ല. ആദ്യം അവിടെ പ്രമേയം പാസ്സാക്കാൻ ആവശ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരുകാര്യം, രണ്ട് മുഖ്യമന്ത്രിമാർ വർഗ്ഗീയ ശക്തികളോടെടുത്ത സമീപനത്തെക്കുറിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൗരത്വ ഭേദഗതി നിയമം പാസ്സാക്കിയപ്പോൾ അതു ഇവിടെ നടപ്പാവില്ലെന്ന് ആദ്യമായി പ്രഖ്യാപിച്ചത് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. എന്നാൽ മാറാട് കലാപമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ എ. കെ. ആന്റണിയും സഹപ്രവർത്തകനായ മന്ത്രി ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടിയും അവിടെ സന്ദർശിക്കാനെത്തിയപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മാറ്റി നിർത്തിയാൽ മാത്രമേ മുഖ്യമന്ത്രിക്ക് കലാപപ്രദേശം സന്ദർശിക്കാൻ അനുമതി നൽകുകയുള്ളൂവെന്ന് ആർ.എസ്.എസ്. നേതാക്കൾ പറഞ്ഞപ്പോൾ പഞ്ചപുച്ഛമടക്കി ആ വർഗ്ഗീയ ശക്തികൾക്ക് കീഴ്പ്പെട്ട്

സഹപ്രവർത്തകനായ മന്ത്രിയെ മാറ്റിനിർത്തിയ കാര്യം ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. ഇതാണ് ഇടതുപക്ഷത്തിന്റെയും കോൺഗ്രസ്സിന്റെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള വ്യത്യാസം. അന്ന് സി.പി.ഐ.(എം)-ന്റെ നേതാവായിരുന്ന ശ്രീ. പിണറായി വിജയൻ ആ പ്രദേശം സന്ദർശിക്കാനെത്തിയ അവസരത്തിൽ കൂടെയുള്ള സഹപ്രവർത്തകരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ 'മാറി നിൽക്കെടാ' എന്നുപറഞ്ഞ കാര്യവും ഇത്തരുണത്തിൽ പ്രത്യേകം ഓർക്കേണ്ടതാണ്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് എന്ത് ചെയ്തുവെന്ന് ചോദിക്കുകയുണ്ടായി. കേരള ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി പ്രത്യേക വകുപ്പുണ്ടാക്കിയത് ഇടതുപക്ഷ ഗവൺമെന്റാണ്. ഇന്ത്യാ ചരിത്രത്തിൽത്തന്നെ ആദ്യമായാണ് ഇങ്ങനെയൊരു പ്രത്യേക വകുപ്പുണ്ടാക്കുന്നത്. കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുമ്പോഴാണ് പോലീസിൽ സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക ബറ്റാലിയനുണ്ടാക്കിയതും ഫയർഫോഴ്സ് എക്സൈസ് വകുപ്പുകളിൽ സ്ത്രീകൾക്ക് കൂടുതൽ നിയമനം നൽകാൻ തീരുമാനിച്ചതും സ്ത്രീശാക്തീകരണത്തിനു വേണ്ടി ആദ്യമായി കുടുംബശ്രീ പ്രസ്ഥാനം കൊണ്ടുവന്നതും ആദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം റിസർവേഷൻ ഏർപ്പെടുത്തിയതും ഈ സർക്കാരാണ്. 45 വർഷം ഒറ്റയ്ക്കും 10 വർഷം മുന്നണിയായും 55 വർഷം കോൺഗ്രസ് ഇന്ത്യ ഭരിച്ചു. സ്ത്രീകൾക്ക് 50 ശതമാനം പോയിട്ട് 33 ശതമാനം റിസർവേഷനെങ്കിലും കൊണ്ടുവരാൻ കോൺഗ്രസ്സ് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്? സ്ത്രീകൾക്കുവേണ്ടി സംസാരിക്കുന്ന കോൺഗ്രസ് സംസ്ഥാനം ഭരിച്ചപ്പോഴും കേന്ദ്രം ഭരിച്ചപ്പോഴും സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവുമായി ബന്ധപ്പെട്ട് ഒരു ആത്മാർത്ഥയും കാണിച്ചിട്ടില്ലെന്ന് കാണാൻ കഴിയും. ഇവിടെ രക്തസാക്ഷിയായ അഭിമന്യുവിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി.

ശ്രീ. കെ. ബാബു: സർ, കേരളത്തിൽ 1998-ൽ രൂപീകരിച്ച് വളരെ ശക്തമായി മുന്നോട്ടുപോകുന്ന കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാൻ ജനശ്രീ രൂപീകരിച്ചതും അതിന് നേതൃത്വം കൊടുത്തതും കോൺഗ്രസ്സിന്റെ നേതാവായിരുന്ന ഹസൻജിയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?*

ശ്രീ. ബി. ഡി. ദേവസ്സി: ഇടതുപക്ഷം കൊണ്ടുവരുന്ന നല്ല കാര്യങ്ങൾക്ക് പാരവയ്ക്കുന്ന സമീപനമാണ് കോൺഗ്രസ് എല്ലാക്കാലത്തും സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. രക്തസാക്ഷി അഭിമന്യുവിന്റെ പേരിൽ ഇവിടെ മുതലക്കണ്ണീർ ഒഴുക്കുകയുണ്ടായി. അഭിമന്യുവിന്റെ കാര്യത്തിൽ മാത്രമല്ല, ഞങ്ങൾ ആഹ്വാനം

* സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 954/ഇ.ബി.2020/നി.സെ തീയതി 7-2-2020 -ലെ) ഉത്തരവിൻ പ്രകാരം സഭാരേഖയിൽ നിലനിർത്തി.

ചെയ്യുന്ന ഏത് കാര്യത്തിനുവേണ്ടിയും പിരിക്കുന്ന തുക പൂർണ്ണമായി അതിനുവേണ്ടിത്തന്നെ വിനിയോഗിക്കുന്ന പാരമ്പര്യമാണ് സി.പി.ഐ.(എം)-നുള്ളത്. എന്നാൽ കോൺഗ്രസ്സിന്റെ പാരമ്പര്യമെന്താണ്? സി. എം. സ്റ്റീഫന്റെ കാര്യം മറന്നോ; സി. എം. സ്റ്റീഫന് പ്രതിമയുണ്ടാക്കാൻവേണ്ടി പിരിച്ച തുകയുടെ കാര്യമെന്തായി; കെ.പി.സി.സി. 1000 വീടുകൾ നിർമ്മിക്കുമെന്ന് പറഞ്ഞു. എത്ര വീടുകൾ നിർമ്മിച്ചുനൽകി? വീക്ഷണം പത്രം തട്ടിപ്പുമായി ബന്ധപ്പെട്ട എത്ര കഥകളാണ് പുറത്തുവന്നത്; നിങ്ങൾ ഞങ്ങൾക്കുനേരെ ഒരു വിരൽ ചൂണ്ടുമ്പോൾ മറ്റെല്ലാ വിരലുകളും നിങ്ങൾക്ക് നേരെയാണെന്ന കാര്യം മനസ്സിലാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഗോത്രവർഗ്ഗക്കാരുടെ വംശീയ ഭക്ഷണ സംസ്കാരം സംരക്ഷിക്കുന്നതിനും പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് എന്റെ മണ്ഡലത്തിലെ അതിരപ്പിള്ളി ഉൾപ്പെടെയുള്ള ഗോത്രവർഗ്ഗ പ്രദേശങ്ങളിൽ ഒരു പ്രത്യേക പദ്ധതി രൂപീകരണം നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. നയപ്രഖ്യാപനത്തെ രണ്ട് അർത്ഥത്തിലാണ് ഞാൻ കാണുന്നത്. ഒന്ന്, കഴിഞ്ഞ നാല് വർഷക്കാലത്തെ ബദൽ പദ്ധതികളുടെ വിജയഗാഥ. രണ്ട്, ഭാവി പദ്ധതികളുടെ കാഹളം. ഇതിനുമുമ്പ് ഒരു സർക്കാരും പ്രഖ്യാപിച്ച പദ്ധതികൾ നാലുവർഷംകൊണ്ട് ഇത്രയധികം പൂർത്തീകരിച്ച് കണ്ടിട്ടില്ല. ഭവനമില്ലാത്തവർക്ക് രണ്ട് ലക്ഷം ഭവനങ്ങൾ നൽകിയത് ഏറ്റവും നല്ല ഉദാഹരണമാണ്. ഭൂമിയും വീടുമില്ലാത്തവർക്ക് രണ്ടും നൽകുന്ന മൂന്നാംഘട്ടവുംകൂടി പൂർത്തീകരിച്ചാൽ എല്ലാവർക്കും വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കപ്പെടും. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു ജനകീയ പദ്ധതി ഇതുവരെയുണ്ടായിട്ടില്ല; കാരണം അവിടെയെല്ലാം ധനികവർഗ്ഗ താൽപ്പര്യ സാമ്പത്തിക നയങ്ങളാണ് നടപ്പിലാക്കുന്നത്. സമ്പന്നരുടെ വീടുകൾ വലുതായി വരുമ്പോൾ പാവപ്പെട്ടവരുടെ കൂരകളും കൂടുകയാണ്. ഇവിടെയാണ് കേരളം വ്യത്യസ്തമാകുന്നത്; ബദലാകുന്നത്. തദ്ദേശഭരണ സ്ഥാപനം ഒരു പ്രാദേശിക സർക്കാരാണെന്ന തോന്നലുണ്ടായതും സ്വന്തമായി വീട്, മക്കൾക്ക് പഠിക്കാൻ മെച്ചപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ഭക്ഷണത്തിനായി നല്ലരീതിയിലുള്ള കൃഷി, പൊതുവിതരണം എന്നിവയും ഈ സർക്കാരിന്റെ കാലത്താണ് നടപ്പാക്കിയത്. കേന്ദ്രസർക്കാർ അധികാരം കേന്ദ്രീകരിക്കാൻ നിരന്തരം ശ്രമിക്കുമ്പോൾ കേരളം അധികാരം വികേന്ദ്രീകരിച്ച് താഴെത്തട്ടിൽ ഒരു ജനകീയ ഭരണകൂടമുണ്ടാക്കുന്നു. അതിന്റെ ആഭിമുഖ്യത്തിൽ തരിശുരഹിത ഗ്രാമങ്ങളും എല്ലാവർക്കും ഭൂമിയും വീടും ഗതാഗത-പഠന-ചികിത്സാ സൗകര്യങ്ങളും ജലസേചന-കുടിവെള്ള സാഹചര്യങ്ങളുമുണ്ടാകുന്നു. അത്ഭുതകരമായ മാറ്റമാണ്. ഒരു ഗ്രാമത്തിൽ ഇത്രയധികം നിക്ഷേപം നടന്ന കാലഘട്ടം മുമ്പുണ്ടായിട്ടുണ്ടോ? കഴിഞ്ഞ ഇരുപത് വർഷത്തെ

നിക്ഷേപങ്ങളെക്കാൾ കൂടുതലാണ് കഴിഞ്ഞ നാല് വർഷക്കാലത്തെ ഗ്രാമനിക്ഷേപം. അതാണ് അധികാര വികേന്ദ്രീകരണത്തിന്റെ വിജയം. സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ പരസ്പരപൂരകമായി നടക്കുന്ന ഗ്രാമങ്ങൾ കേരളത്തിൽ മാത്രമേ കാണാൻ കഴിയൂ. അതുകൊണ്ടുതന്നെ ഗ്രാമങ്ങളിൽ മതനിരപേക്ഷ സംസ്കാരം വളർന്നുവരുന്നു. ഈ സമയത്താണ് കേന്ദ്രം പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്ന് ഈ സൗഹൃദാന്തരീക്ഷം തകർക്കുന്നത്. അതിനുള്ള മറുപടിയാണ് നയപ്രഖ്യാപന പ്രസംഗം. മനുഷ്യനെ മനുഷ്യനായി കാണാനുള്ള സംസ്കാരവും പദ്ധതിയും പ്രതിഫലിപ്പിക്കുന്ന ഈ നയപ്രഖ്യാപനം വളരെ പ്രധാനപ്പെട്ടതാണ്. വാഗ്ദാനങ്ങൾ നിറവേറ്റി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം നിരന്തരം പാരപണിഞ്ഞ് അതിന് തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രം കേരളത്തെ അവഗണിക്കുമ്പോൾ അതിനെതിരെ ഒരക്ഷരംപോലും ഉരിയാടുന്നില്ല. സാലറി ചലഞ്ചിനെ എതിർത്തിട്ടും 834.99 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ചുവെന്നത് ഓർക്കണം. വിലക്കയറ്റമുണ്ടാകുമെന്ന് പറഞ്ഞ് ഭീതിപരത്തി പ്രളയ സെസ്സിനെതിരെ രംഗത്തുവന്നു. നിത്യോപയോഗ സാധനങ്ങളെ പ്രളയസെസ്സിൽനിന്നും ഒഴിവാക്കിയിരുന്നു. ബഹുമാന്യനായ രാഹുൽ ഗാന്ധി അഭിനന്ദിച്ചിട്ടും തിരുവനന്തപുരത്ത് നടന്ന ലോകകേരള സഭ ബഹിഷ്കരിച്ചു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ യോജിച്ച സമരം വേണമെന്ന് ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള ആളുകൾ പറഞ്ഞിട്ടും അത് കേരളത്തിൽ നടക്കില്ലെന്ന നിലപാട് സ്വീകരിച്ചു. കേന്ദ്ര അവഗണനയ്ക്കെതിരെ പ്രതിപക്ഷം ഒരക്ഷരം മിണ്ടുന്നില്ല. Ascend Kerala 2020 ആഗോള നിക്ഷേപ സംഗമത്തോട് നിരുത്തരവാദപരമായ നിലപാട് സ്വീകരിച്ചു. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ആവിഷ്കരിച്ച കിഫ്ബിയെ എതിർത്തു. ടി.പി. സെൻകുമാറിന്റെ കാര്യത്തിൽ വിലപിച്ചതുപോലെ പ്രതിപക്ഷ നേതാവിനും പ്രതിപക്ഷത്തിനും നിഷേധാത്മക നിലപാടിന്റെ ഭാഗമായി 'എന്റെ പിഴ, എന്റെ പിഴ, വലിയ പിഴ' എന്ന് ഏറ്റുപറയേണ്ടിവരും, സംശയമില്ല. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ കേന്ദ്ര ഗവൺമെന്റ് നയത്തിന്റെ ഭാഗമായി നമ്മൾ വലിയ വെല്ലുവിളികളെ നേരിടുകയാണ്. അതിനെ അതിജീവിക്കാനാവശ്യമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശക്തവും ഐശ്വര്യപൂർണ്ണവും മതനിരപേക്ഷവുമായ കേരളമെന്ന ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പിന് കൃത്യമായ ദിശാബോധം നൽകുന്നതാണ് നിയമസഭയിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം. ഓഖി ദുരന്തവും നിപാ വൈറസിന്റെ ആക്രമണവും രണ്ട് പ്രളയവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സമ്മർദ്ദവും നേരിട്ട്, ഈ സംസ്ഥാനത്തെ കൈപിടിച്ച് നടത്താൻ ശേഷിയുണ്ടെന്ന് തെളിയിച്ച സർക്കാർ നാലാം വർഷത്തേയ്ക്കടുക്കുമ്പോൾ

തിളക്കമാർന്ന ഒരു ഭാവി കേരളത്തിനുകൂടി അടിത്തറ പാകുകയാണ്. ഒരിക്കൽക്കൂടി ഈ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോയിന്റ് ഓഫ് ഓർഡർ. ജനശ്രീ കൊണ്ടുവന്നത് കുടുംബശ്രീയെ തകർക്കാനാണെന്ന് * ശ്രീ. കെ. ബാബു പരാമർശിച്ചു. കുടുംബശ്രീയെ തകർക്കാൻ വേണ്ടിയല്ല ജനശ്രീ കൊണ്ടുവന്നത്. ഗ്രാമീണമേഖലയുടെ സമ്പദ്ഘടനയെ ഉയർത്താൻ ഇന്ന് കേരളത്തിൽ ധാരാളം സ്വയം സഹായ സംഘങ്ങളുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. ഇതിൽ എന്താണ് പോയിന്റുള്ളത്?

ശ്രീ. അൻവർ സാദത്ത്: അതുപോലെയാണ് ജനശ്രീ എത്തിയത്.* കുടുംബശ്രീക്ക് ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ശ്രീ. കെ. ബാബു പറഞ്ഞകാര്യം രേഖകളിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി കേരളത്തിൽ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് 2008 ജനുവരി 12 മുതൽ 31 വരെ മുംബൈയിൽനിന്നും ഞാൻ ഒരു യാത്ര നടത്തുകയുണ്ടായി. കിട്ടാവുന്നതിൽവച്ച് എല്ലാ വിവരവും ശേഖരിച്ചാണ് ആ യാത്ര നടത്തിയത്. അന്ന് ഹൈ സ്പീഡ് റെയിൽ കോറിഡോറിന്റെ ചെലവ് കിലോ മീറ്ററിന് 200 കോടി രൂപയാണെന്നായിരുന്നു പറഞ്ഞിരുന്നത്. ഇപ്പോൾ ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി ഇവിടെ നടപ്പാക്കുമെന്നാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. 12 മണിക്കൂർ എന്നത് 4 മണിക്കൂറിൽ താഴെയായി കുറയ്ക്കുന്നതിന് സിൽവർ ലൈൻ എന്ന പേരിൽ ഒരു സെമി ഹൈ സ്പീഡ് റെയിൽ കോറിഡോർ പദ്ധതി ആരംഭിക്കുമെന്നും 56,442 കോടി രൂപ പദ്ധതി ചെലവായി കണക്കാക്കുന്നുവെന്നും അഞ്ച് വർഷംകൊണ്ട് പൂർത്തിയാക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതെവിടെ നിൽക്കുന്നു? യാഥാർത്ഥ്യബോധം വേണ്ടേ; അതിവേഗ റെയിൽപ്പാതാ പദ്ധതി നടക്കുമെന്ന പ്രതീക്ഷയില്ലെന്ന് ശ്രീ. ഇ. ശ്രീധരനും വ്യക്തമാക്കിയിട്ടുണ്ട്, ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിയിൽ സർവ്വേ നടത്താൻ മാത്രമാണ് അനുമതി നൽകിയത്. കേന്ദ്ര

---

* സഭാദ്ധ്യക്ഷന്റെ (ഫയൽ നമ്പർ 954/ഇ.ബി.2020/നി.സെ തീയതി 7-2-2020 -ലെ ) ഉത്തരവിൻ പ്രകാരം സഭാരേഖയിൽ നിലനിർത്തി.

സർക്കാർ പ്രഖ്യാപിച്ച ഹൈസ്പീഡ്, സെമി ഹൈസ്പീഡ് റെയിൽ പദ്ധതികളിൽ കേരളത്തിന്റെ പദ്ധതി ഇതുവരെ ഉൾപ്പെട്ടിട്ടില്ല; എന്നാൽ അഞ്ച് കൊല്ലംകൊണ്ട് പൂർത്തിയാക്കുമെന്ന് പറയുന്നു. വേഗ റെയിൽപ്പാതയുടെ നിർമ്മാണം അടുത്ത വർഷം തുടങ്ങുമെന്ന് 1-2-2019-ൽ പ്രഖ്യാപിച്ചതാണ്. ഇങ്ങനെ കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കേണ്ടതുണ്ടോ? ഇന്ന് ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ പണി നടക്കുന്നുണ്ട്; അത് മുംബൈ-അഹമ്മദാബാദ് പദ്ധതിയാണ്. അതിന്റെ ചെലവ് കിലോമീറ്ററിന് 200 കോടി രൂപയാണ്. ഞാൻ ആധികാരികമായി പറയുന്നു: അതിൽ 80 ശതമാനവും ജപ്പാൻ ഗവൺമെന്റിന്റെ സഹായമാണ്; ടെക്നോളജിയും അവരുടേതാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം വെറും 20 ശതമാനമാണ്; 40 കൊല്ലംകൊണ്ട് മടക്കി നൽകിയാൽ മതി. 2019 ജനുവരി 15-ാം തീയതി കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ കേരളത്തിനുവേണ്ടി ഊന്നൽ നൽകുന്നുണ്ടെന്നും മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി നടപ്പാക്കുമെന്നുമാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിനല്ലാതെ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമോ? അഞ്ച് കൊല്ലംകൊണ്ട് പൂർത്തിയാകുമെന്ന് പറഞ്ഞപ്പോൾ ആകെ നൽകിയ അനുവാദം സർവ്വേ നടപടികൾ നടത്താൻ മാത്രമാണ്. പദ്ധതി ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഇങ്ങനെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമോ? കിലോമീറ്ററിന് 200 കോടി രൂപ വച്ച്, 600 കിലോമീറ്ററിന് 1,20,000 കോടി രൂപ വേണ്ടിവരും. സംസ്ഥാന ഗവൺമെന്റിന് ഈ പദ്ധതി സാധ്യമാക്കാൻ കഴിയുമോ? 56,000 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. ഈ പദ്ധതി ഇവിടെ നടപ്പാകില്ലെന്ന് കാര്യവിവരമുള്ളവരെല്ലാം പറഞ്ഞിട്ടുണ്ട്. മുംബൈ-അഹമ്മദാബാദ് പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. ആ പദ്ധതിയുടെ 80 ശതമാനവും ജപ്പാൻ ഗവൺമെന്റിന്റെ സഹായമാണ്. അങ്ങനെയുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് സാധ്യമാക്കാൻ കഴിയുമോ? എന്തിന് ഇത്തരം പ്രസ്താവനകൾ നടത്തുന്നു? അഞ്ചുവർഷംകൊണ്ട് പൂർത്തിയാകുമെന്ന് പറഞ്ഞിരിക്കുകയാണ്. സർവ്വേ നടത്തുന്നതിന് മാത്രമാണ് അനുവാദം നൽകിയിട്ടുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഗവർണറുടെ പ്രസംഗത്തിൽനിന്നും ഈ ഭാഗം പിൻവലിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളോട് മാപ്പ് പറയണം; നടപ്പാകാത്ത ഒരു പദ്ധതിയാണ്. സർവ്വേ നടത്താൻ മാത്രം അനുവാദം നൽകിയ ഒരു പദ്ധതി അഞ്ചുകൊല്ലംകൊണ്ട് പൂർത്തിയാകുമെന്ന് പറഞ്ഞിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന് സാധിക്കും, പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി പറഞ്ഞിട്ടില്ലേ മുംബൈ-കന്യാകുമാരി വേഗ റെയിൽ പദ്ധതി നടപ്പാക്കുമെന്ന്? കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അതിനെന്താണ് സംസ്ഥാന

ഗവൺമെന്റിന് ഇത്ര മടി? ബഹുമാനപ്പെട്ട ഒ. രാജഗോപാലിനോട് പറയുകയാണ്, ആ പ്രസംഗം ഇന്ന് രാവിലെയും ഞാൻ കേട്ടു. മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽവേ നടപ്പാക്കുമെന്നത് ജനുവരി 15-ാം തീയതി അദ്ദേഹം കൊല്ലത്ത് വന്നപ്പോൾ പറഞ്ഞ കാര്യമാണ്. ആ പദ്ധതി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട അംഗം മുൻകയ്യെടുക്കണം, സംസ്ഥാന ഗവൺമെന്റും ആവശ്യപ്പെടണം. ഇത്തരത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന കാര്യം ഗവർണറെക്കൊണ്ട് പറയിപ്പിച്ചത് വലിയ തെറ്റായിപ്പോയി. കഴിഞ്ഞ വർഷം ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് അടുത്ത വർഷം നിർമ്മാണം തുടങ്ങുമെന്നാണ്; തുടങ്ങിയോ? അടുത്ത വർഷമല്ല, അടുത്തതിന്റെ അടുത്ത അഞ്ചു വർഷത്തിനുള്ളിലും തുടങ്ങാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കണം. എൺപത് ശതമാനം വായ്പയും നൽകുന്നത് ജപ്പാൻ സർക്കാരാണ്, ടെക്നോളജിയും അവരുടേതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന് മാത്രമേ കഴിയൂ. ഇത്തരത്തിലുള്ള സമീപനം തെറ്റാണ്. ഈ പരിപാടി പിൻവലിച്ച് നിങ്ങൾ ജനങ്ങളോട് മാപ്പ് പറയണം. ഒരു കാര്യംകൂടി പറയട്ടെ, നെടുങ്കണ്ടത്ത് അജയൻ എന്നൊരാൾ ആട്ടിൻകൂട്ടിൽ താമസിക്കുന്നതായി മനോരമ വിഷനിലൂടെ കാണാൻ സാധിച്ചു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടയാളാണത്. എന്തുകൊണ്ട് പണിയുന്നില്ലെന്ന് അന്വേഷിച്ചപ്പോൾ റേഷൻ കാർഡ് അതിനുശേഷമാണ് കിട്ടിയതെന്നാണ് അറിഞ്ഞത്. ഇവിടൊരു ഗവൺമെന്റ് ഇല്ലേ; ജില്ലാ കളക്ടർ ഇല്ലേ; റവന്യൂ ഡിപ്പാർട്ടുമെന്റ് ഇല്ലേ? ആട്ടിൻകൂട്ടിൽ അജയനും ഭാര്യയും രണ്ട് മക്കളുംകൂടി കഴിയുകയാണ്. വീട് മൊത്തത്തിൽ നശിച്ചുപോയി. വീടിന് അർഹതയുണ്ടായിട്ട് റേഷൻ കാർഡിന്റെ സാങ്കേതികത്വം പറഞ്ഞ് വീട് കൊടുക്കാതിരിക്കുകയാണ്. മറ്റൊന്ന്, പാലക്കാട് 20 വീടുകൾ മൃഗതുല്യമായ രീതിയിൽ നിർമ്മിക്കുന്നു, പട്ടയമില്ല. റീ ബിൽഡ് കേരള പദ്ധതിയിൽ പണമുണ്ടായിട്ടും ചെയ്യാതിരിക്കുന്നത് ഏറ്റവും ദു:ഖകരമായ കാര്യമാണ്. അതുകൊണ്ട് ഈ പരിപാടികൾ, പ്രത്യേകിച്ച് അജയൻ എന്നയാളുടെ വീട് മുഖ്യമന്ത്രിതന്നെ ഒന്ന് പരിശോധിക്കണം. പ്രളയത്തിലാണ് അദ്ദേഹത്തിന്റെ വീട് നഷ്ടപ്പെട്ടത്. റേഷൻ കാർഡില്ലെന്ന പേരിൽ വീട് നൽകുന്നില്ല. ആട്ടിൻ കൂട്ടിൽ താമസിക്കേണ്ടിവന്നതിന്റെ ചിത്രം മാധ്യമങ്ങളിൽ വന്നിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണം. നടക്കാത്ത പദ്ധതിയായ അതിവേഗ റെയിൽ പദ്ധതിയുടെ കാര്യം ഇവിടെ ആവർത്തിച്ച് പറയുന്നത് ശരിയല്ല. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കണം. ശ്രീ. ഒ. രാജഗോപാലിന്റെ സപ്പോർട്ടുമുണ്ടാകും. ഇത്രയും പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ സംബന്ധിച്ചും ഇടതുപക്ഷ ഗവൺമെന്റിന്റെ കഴിഞ്ഞ കാലങ്ങളിലെ ഭരണനേട്ടങ്ങളെ സംബന്ധിച്ചും ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള നിരവധി ആളുകൾ പ്രസംഗിച്ചു. പ്രതിപക്ഷത്തിനുപോലും ഈ കഴിഞ്ഞ നാളുകളിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണത്തെ തീവ്രമായി വിമർശിക്കാൻ സാധിച്ചിട്ടില്ല. അവരുടെ പ്രസംഗങ്ങളിൽ പലപ്പോഴും അവരുടെ ചില ഒറ്റപ്പെട്ട ആഗ്രഹങ്ങളും അഭിപ്രായ പ്രകടനങ്ങളുമൊക്കെ ഉയർന്നുവന്നെങ്കിലും: ഗവർണർ ഇവിടെ വന്നപ്പോൾ ഞങ്ങൾ ഗോ ബാക്ക് വിളിച്ചു, ഗവർണറെ പിൻവലിക്കണമെന്ന പ്രമേയം കൊണ്ടുവന്നു; അതെന്തോ മഹാകാര്യമാണ്; അതിലൂടെ ഈ രാജ്യത്ത് എന്തോ സംഭവിക്കാൻ പോകുന്നുവെന്ന തരത്തിലുള്ള ചർച്ചയാണ് പ്രതിപക്ഷാംഗങ്ങൾ ഉയർത്തിക്കൊണ്ടുവന്നത്.

1.00 P.M.]

ഇത് കേട്ടപ്പോൾ കേരളത്തിലെ പ്രതിപക്ഷം കേരള കോൺഗ്രസ് (രമേശ് ചെന്നിത്തല) വിഭാഗമാണോ അതോ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാഗമാണോ എന്ന സംശയമാണ് എനിക്കുണ്ടായത്. ഒരേ കാര്യത്തിൽ എത്ര നിലപാടാണ് ഇവർക്കുള്ളത്; ഇവർ ഭരിക്കുന്ന രാജസ്ഥാനിൽ 2020 ജനുവരി മാസം 24-ാം തീയതിയാണ് നയപ്രഖ്യാപനം നടത്തിയത്. ഉത്തർപ്രദേശ്കാരനായ, ആർ.എസ്.എസ്.-ന്റെ നേതാവും ബി.ജെ.പി.-യുടെ മുൻ കേന്ദ്ര മന്ത്രിയുമായ ശ്രീ. കമൽരാജ് മിശ്രയാണ് അവിടത്തെ ഗവർണർ. അദ്ദേഹത്തെ ആനയിച്ച് കൊണ്ടുവന്നത് ആരാണ്; കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവും അവിടത്തെ മുഖ്യമന്ത്രിയുമായ ശ്രീ. അശോക് ഗെലോട്ട്. സമയക്കുറവ് കാരണം ഞാൻ വിശദീകരിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണർമാർ ആർ.എസ്.എസ്.-കാരാണ്. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, പഞ്ചാബ് എന്നിവിടങ്ങളിലൊക്കെ ഗവർണർമാർ ബി.ജെ.പി.-യുടെ മുൻ നേതാക്കൻമാരും ആർ.എസ്.എസ്.-കാരുമാണ്. ഇന്ത്യയിലെ കോൺഗ്രസ്സിന്റെ അഭിപ്രായം ഒന്നാണെങ്കിൽ ഗവർണർക്കെതിരെ ഇവിടെ പ്രതിപക്ഷം കാണിച്ച പ്രകടനമല്ല അവർ കാട്ടിയിട്ടുള്ളത്. അവിടെയൊക്കെ അവർ ഭരണഘടന അനുശാസിക്കുന്ന തരത്തിൽ ഗവർണറെ മാനിക്കുകയാണുണ്ടായത്. ഇനി ബഹുമാനപ്പെട്ട ഗവർണർ പത്ര സമ്മേളനത്തിൽ പറഞ്ഞ വിമർശനങ്ങളാണെങ്കിൽ, അതിന് വർത്തമാനംകൊണ്ട് ഏറ്റവും നന്നായി മറുപടി കൊടുത്തത് ആരാണെന്ന് ഈ കേരളീയ സമൂഹത്തിന് അറിയാം. ഈ സഭയെ

ഏറ്റവും മോശക്കാരായി ചിത്രീകരിച്ചത് ആരാണ്; ഇവർക്ക് സഭയോട് ബഹുമാനമുണ്ടെങ്കിൽ ഇവർ തടയേണ്ടത് ബഹുമാനപ്പെട്ട ഗവർണറെ ആയിരുന്നില്ല. കെ.പി.സി.സി.-യുടെ ആസ്ഥാനത്തുപോയി കെ.പി.സി.സി. അദ്ധ്യക്ഷനെയാണ് തടയേണ്ടിയിരുന്നത്. കെ.പി.സി.സി. ആസ്ഥാനത്ത് തടഞ്ഞാൽ പോരേ? പൗരത്വ നിയമത്തിനെതിരായി നിയമസഭ പാസ്സാക്കിയ പ്രമേയം വെറുതെയാണ്, നിയമസാധുതയില്ല എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഇതൊക്കെയാണോ കേരളത്തിന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം എന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്. അദ്ദേഹത്തെ കെ.പി.സി.സി. ആസ്ഥാനത്ത് മാത്രമല്ല, കേരളത്തിന്റെ എല്ലാ തെരുവുകളിലും തടയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവരുടെ നിലയും പ്രസംഗവും കണ്ടപ്പോൾ നാട്ടുഭാഷയിൽ പറഞ്ഞാൽ, കിളിപോയ അവസ്ഥയാണ് ഇവരിൽ പലരും പ്രതിഫലിപ്പിക്കുന്നത്. കാരണം മറ്റൊന്നുമല്ല, ഇവർക്ക് പിന്നിൽ അണിനിരന്നിരുന്ന മതനിരപേക്ഷവാദികളാകെ കേരളത്തിൽ ഇവരെ കൈവിട്ടു. അത് തിരിച്ചറിഞ്ഞപ്പോഴുണ്ടായ ജാള്യത മറയ്ക്കാനാണ് ഗവർണറുടെ പ്രസംഗത്തെ അവർ ഉപയോഗിച്ചത്. ഇവിടെ എത്ര വീരവാദമാണ് മുഴക്കിയത്. ഇവരുടെ യഥാർത്ഥ മുഖം തിരിച്ചറിഞ്ഞതുകൊണ്ടല്ലേ മതനിരപേക്ഷവാദികളാകെ ഇവരെ വിട്ടുപോയത്.

മാറാട് കലാപം കേരളീയ സമൂഹം മറന്നോ; ആ കലാപമുണ്ടായപ്പോൾ പ്രവീൺ തൊഗാഡിയ എന്ന ആർ.എസ്.എസ്.-ന്റെ നേതാവ് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ നടത്തിയ വർഗ്ഗീയ പ്രസംഗം ഒരുപക്ഷേ കോൺഗ്രസ്സുകാർ മറന്നുകാണും. കേരളത്തിലെ മതനിരപേക്ഷവാദികൾ മറന്നിട്ടില്ല. എത്ര തീവ്രമായ പ്രസംഗമായിരുന്നു അത്. ആ പ്രസംഗത്തിനെതിരെ കോഴിക്കോട് കസബ പോലീസ് രജിസ്റ്റർ ചെയ്ത കേസ് പിൻവലിച്ചതാരാണ്; ശ്രീ. കുമ്മനം രാജശേഖരന്റെ അപേക്ഷ പരിഗണിച്ച് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ് കേസ് പിൻവലിച്ചത്. ശ്രീ. കുമ്മനം രാജശേഖരൻ അന്ന് കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്നോ; അദ്ദേഹം ബി.ജെ.പി.-യുടെ നേതാവാണ്, വിശ്വഹിന്ദു പരിഷത്തിന്റെ നേതാവാണ്. നിങ്ങളുടെ മതേതര മുഖം കേരളത്തിലെ ജനങ്ങൾക്കറിയാം. തീർന്നില്ല, നിരവധിയുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ആദരണീയനായ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എം.ജി. കോളേജിലെ സംഭവം മറന്നുപോയോ; 2005-ൽ എം.ജി. കോളേജിൽ അക്രമം നടക്കുന്നു; അത് തടയാൻ പോലീസെത്തുന്നു. പോലീസുകാർക്കെതിരെ എ.ബി.വി.പി.-ക്കാർ ബോംബെറിയുന്നു. കളിബോംബല്ല, നല്ല ഒന്നാന്തരം നാടൻ ബോംബ്. കൃത്യനിർവ്വഹണം നടത്താൻപോയ മോഹനൻ നായരെന്ന ഒരു

സർക്കിൾ ഇൻസ്പെക്ടർ വലതുകാൽ അതിദാരുണമായി തകരുകയും നിരവധി സബ് ഇൻസ്പെക്ടർമാരും പോലീസുകാരും അക്രമത്തിനിരയാകുകയും ചെയ്യുന്നു. ആ കേസ് പിൻവലിച്ചത് ആരാണ്; യു.ഡി.എഫ്. അല്ലേ? എന്തിനുവേണ്ടി പിൻവലിച്ചു? ആ കേസ്സിലെ 17-ാം പ്രതി ആദർശിന് കേരളാ പോലീസിൽ സെലക്ഷൻ നടത്തുന്നതിനുവേണ്ടിയാണ്. പോലീസിൽ ആർ.എസ്.എസ്.-കാർ നുഴഞ്ഞു കയറി എന്നുപറഞ്ഞുകൊണ്ട് ഇപ്പോൾ ഇവർ കരയുകയാണ്. നുഴഞ്ഞു കയറാൻ അവസരം ഒരുക്കിക്കൊടുത്തത് ആരാണ്; ശ്രീ. രമേശ് ചെന്നിത്തലയും യു.ഡി.എഫ്.-ന്റെ നേതാക്കൻമാരുമാണ്.

പൗരത്വ പ്രശ്നം സംബന്ധിച്ച് ഇവിടെ എന്തെല്ലാം ചർച്ചകൾ നടന്നു. സമയക്കുറവുമൂലം ഞാൻ അതിന്റെ എല്ലാ വശങ്ങളിലേയ്ക്കും പോകുന്നില്ല. അതുസംബന്ധിച്ച് ഉറച്ച നിലപാട് സ്വീകരിച്ച സംസ്ഥാനം കേരളമാണ്. മുട്ട് വളയ്ക്കാതെ നിവർന്നുനിന്ന് ശിരസ്സുയർത്തി പറഞ്ഞു, ഇതു ഇവിടെ നടക്കില്ല. ഇത് ഞങ്ങൾ അംഗീകരിക്കില്ല. പറയുക മാത്രമല്ല, ആദ്യമായി, രാജ്യത്തിന് മാതൃകയായി പ്രമേയവും പാസ്സാക്കി. എന്നിട്ട് പ്രമേയം അയച്ചുകൊടുത്തു. കോൺഗ്രസ്സിന്റെ നേതാക്കൻമാർ മധ്യപ്രദേശിലും മറ്റുമൊക്കെ ഇപ്പോഴുമുണ്ടല്ലോ; എന്തേ നിങ്ങൾ മിണ്ടാത്തത്; നിങ്ങൾക്ക് ഈ വിഷയത്തിൽ പ്രതികരിക്കാൻ ആത്മാർത്ഥതയുണ്ടോ; പൗരത്വ സമരങ്ങൾ നിരവധി കണ്ടു. ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വന്നു. ഇവിടെ പ്രതിഷേധം സംഘടിപ്പിക്കുകയാണ്. ഞങ്ങളോ പുലിയെ പിടിക്കാൻ പുലിമടയിലേയ്ക്കാണ് പോയത്. ഞങ്ങൾ പോയത് വാരണാസിയിലാണ്. അവിടത്തെ സമരത്തിന് നേതൃത്വം നൽകിയത് മറ്റാരുമല്ല, സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറി ശ്രീ. നന്ദലാൽ പട്ടേലാണ്. അദ്ദേഹം അവിടെ സമരം നടത്തി ജയിലിൽ പോയി. ജയിലിൽ പോകുമ്പോൾ പെറ്റി കേസെടുത്തു എന്നുപറഞ്ഞ് ഇവർ കരയുന്നതുപോലെ കരയുകയല്ല ചെയ്തത്. ജയിലിൽനിന്നും പുറത്തിറങ്ങി അദ്ദേഹം വീണ്ടും സമരങ്ങൾ നയിച്ചു.

ഞങ്ങൾ 5 പേർ തൊട്ടടുത്ത മംഗലാപുരത്തേയ്ക്ക് ഡി.വൈ.എഫ്.ഐ.-യുടെ അഖിലേന്ത്യാ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് അവിടത്തെ ആളുകളുടെ ആവശ്യപ്രകാരം പോയി. അവിടെ എത്ര ഭീകരമായാണ് പോലീസ് വേട്ടയാടുന്നത്. എന്തുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധി അവിടെ പ്രതിഷേധമുയർത്താൻ പോകാത്തത്; ഡൽഹിയിലെ ജാമിയ മിലിയ, ജെ.എൻ.യു. അടക്കമുള്ള സർവ്വകലാശാലകളാണ് പ്രതിഷേധവുമായി വരുന്നത്. അവിടെ ആരെയാണ് സംഘ്പരിവാറുകാരും ബി.ജെ.പി.-ക്കാരും ആക്രമിക്കുന്നത്; എൻ.എസ്.യു., എം.എസ്.എഫ്. വിദ്യാർത്ഥികളെയല്ല, പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനങ്ങളെയാണ് ആക്രമിക്കുന്നത്. എസ്.എഫ്.ഐ., എ.ഐ.എസ്.എഫ്.

പ്രസ്ഥാനങ്ങളുടെ നേതാക്കൻമാരെയാണ് ആക്രമിക്കുന്നത്. എസ്.എഫ്.ഐ.-യുടെ നേതാവ് കുമാരി ഐഷി ഘോഷിനെ തിരക്കിയാണ് അവിടെ ഫാസിസ്റ്റുകളും ഗുണ്ടകളുമെത്തി ആക്രമിച്ചത്. ജാമിയ മിലിയയിലെ ഹോസ്റ്റൽ അടച്ചപ്പോൾ ആ കൊട്ടുംതണുപ്പത്ത് കേരളത്തിന്റെ മുഖ്യമന്ത്രി ഡൽഹിയിലെ കേരള ഹൗസ് തുറന്നുകൊടുത്തു. രാജസ്ഥാനും മധ്യപ്രദേശിനുമൊക്കെ അവിടെ ഹൗസ് ഉണ്ടായിരുന്നുവല്ലോ? ഇവർ ഭരിക്കുന്നിടത്തുണ്ടായിരുന്നു. എന്തുചെയ്തു; കാശ്മീർ വിഷയത്തിൽ പ്രതിഷേധിച്ചതിന് ആക്രമിച്ചത് എ.ഐ.സി.സി. ആസ്ഥാനത്തെയല്ല, ശ്രീ. രാഹുൽ ഗാന്ധിയെയല്ല, അവിടെ പ്രകടനം നടത്തി ആക്രമിച്ചത് എ.കെ.ജി. സെന്ററിലാണ്. അവർ ആക്രമിച്ചത് ശ്രീ. സീതാറാം യെച്ചൂരിയെയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് മുസ്ലീം എന്ന പേരുച്ചരിക്കാൻ അവകാശമുണ്ടോ; മുത്തലാഖ് ബില്ലുപോലെ മോശപ്പെട്ട ഒരു ബിൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചു. അതിനുപോലും പ്രതിഷേധിച്ച് വോട്ട് ചെയ്യാൻ തയ്യാറാകാത്ത ഇന്ത്യൻ മുസ്ലീം ലീഗ്; നിങ്ങളുടെ പേര് മാറ്റണമെന്നാണ് ഈ നാട്ടിലെ നല്ല മുസ്ലീം ജനവിഭാഗങ്ങൾ പറയുന്നത്. അവർ പറയുന്നത്, ആ വാക്കുച്ചരിക്കാൻ നിങ്ങൾക്ക് അധികാരമില്ല എന്നാണ്; ഇന്ത്യൻ യൂണിയൻ ബിരിയാണി ലീഗ് എന്ന് നിങ്ങളുടെ പേര് മാറ്റണം.

ഒരുകാര്യം കൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. മഹാനായ സഖാവ് ഇ.എം.എസ്.-നെ ഉദ്ധരിച്ചുകൊണ്ട് ഇന്നലെ 1987-ലെ ചില പത്രങ്ങളൊക്കെ ഇവർ കൊണ്ടുവന്നു. 1987 ഒന്നും തിരക്കിപ്പോകേണ്ടതില്ല. ഇത് പത്ത് ദിവസം മുൻപുള്ള 'ജന്മഭൂമി' പത്രമാണ്. (പത്രമെടുത്ത് ഉയർത്തിക്കാണിച്ചു). 2020 ജനുവരി 20. ഈ പത്രം ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടേതുമാണ്. ഇതിന്റെ മുഖപ്രസംഗത്തിൽ " മലബാറിൽ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മഹാനായ ഇ.എം.എസ്. കാർഷിക വിപ്ലവമെന്ന് വിളിച്ച മഹത്തായ മലബാറിലെ വിപ്ലവം, സ്വാതന്ത്ര്യ സമരത്തിനുവേണ്ടി നടത്തിയ വിപ്ലവം, ആ വിപ്ലവം വർഗ്ഗീയവാദികളുടെ അഴിഞ്ഞാട്ടമാണ്" എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞിരിക്കുകയാണ്. ഇതുതന്നെയാണോ മുസ്ലീം ലീഗിന്റെ അഭിപ്രായം; ഇത് തന്നെയാണോ ഇന്ത്യയിലെ കോൺഗ്രസ്സിന്റെ അഭിപ്രായം; മറ്റ് നിരവധി കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ദയവായി പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞങ്ങൾക്ക് എം.പി.-മാർ ഇല്ലാത്തിടത്ത് ഞങ്ങൾ സമരം നയിക്കാറുണ്ട്. എന്താണ് കോൺഗ്രസ്സിനെ ആക്രമിക്കാത്തത്; ബി.ജെ.പി.-യുടെ മുഖ്യമന്ത്രിമാരായാലും ദേശീയ നേതാക്കൻമാരായാലും പാർലമെന്റ് അംഗങ്ങളായാലും എല്ലാപേരും ഇവരുടെ കൂട്ടത്തിൽനിന്നും പോയതാണ്.

'വിചാരധാര'. 1925-ൽ ആർ.എസ്.എസ്. രൂപീകരിച്ചശേഷം അവരുടെ വിശുദ്ധഗ്രന്ഥം 'വിചാരധാര' എഴുതുന്ന ഘട്ടത്തിലൊക്കെ ഇന്ത്യയിലെ പ്രമുഖ പ്രസ്ഥാനം കോൺഗ്രസ് ആയിരുന്നു. പക്ഷേ ആ കോൺഗ്രസ്സിനെ അവർ ശത്രുക്കളായി പരാമർശിച്ചിട്ടില്ല. പൊന്നുപോലെയാണ് ആർ.എസ്.എസ്. കോൺഗ്രസ്സിനെ നോക്കുന്നത്. ഫാസിസ്റ്റുകൾക്കെതിരായുള്ള പ്രതിഷേധത്തിൽ രാജ്യത്തെയും ലോകത്തെയും മതേതരവാദികളുടെ പ്രതീക്ഷ ചെങ്കൊടിയാണ്. ചെങ്കൊടിക്ക് ഫാസിസ്റ്റുകളെ തുരത്തിയ ചരിത്രമുണ്ട്, ജർമ്മൻ പാർലമെന്റിൽ ലോകം കണ്ട ഏറ്റവും വലിയ ഫാസിസ്റ്റ് ഭരണാധികാരി ഹിറ്റ്ലറെ തുരത്തിയ ചരിത്രമുണ്ട്. എനിക്ക് മുസ്ലീം ലീഗിനോടും കോൺഗ്രസ്സിനോടും പറയാനുള്ളത്: മതനിരപേക്ഷ നിലപാടിൽ നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങൾ ആ കൊടിയൊക്കെ ഉപേക്ഷിച്ച്, പാർട്ടിയാകെ പിരിച്ചുവിട്ട്, ഈ ചെങ്കൊടിയേന്തിക്കൊണ്ട് ഇന്ത്യയിൽ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ മുന്നോട്ട് വരണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നില്ല. ഇവിടെ എടുത്ത് പറയേണ്ട ഒരു കാര്യം: ബഹുമാന്യരായ ഗവർണറും മുഖ്യമന്ത്രിയും സ്പീക്കറും എല്ലാപേരും കൂടി നയപ്രഖ്യാപന ദിവസം ഈ സഭയിലേയ്ക്ക് വരുന്ന അവസരത്തിലുണ്ടായ സംഭവങ്ങളെക്കുറിച്ചാണ്. 'ഗോ ബാക്ക് ഗവർണർ' എന്നുപറഞ്ഞ് ഇവിടെ വഴി തടഞ്ഞുകൊണ്ടുണ്ടായ സംഭവങ്ങളൊക്കെ നമ്മൾ കണ്ടതാണ്. വളരെയേറെ ദുഃഖകരമായ സാഹചര്യമായിരുന്നു അത്. തീർച്ചയായും വളരെ തെറ്റായ കാര്യമാണ് അന്ന് നടന്നത്. ഇവിടെ നടന്ന ചർച്ചയിൽ പലരും പൗരത്വ ബില്ലിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണ് ഏറെ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസാരിച്ചത്. വാസ്തവത്തിൽ എന്താണ് ഈ പൗരത്വബിൽ; ബില്ലിന്റെ അന്ത:സത്ത എന്താണ്? നമ്മുടെ ഭാരതീയ പാരമ്പര്യമനുസരിച്ച് അഗതികളായിട്ടുള്ള ആൾക്കാർ അവരുടെ നാട്ടിൽ നിന്നും രക്ഷയില്ലാതെ, ജീവിക്കാൻ സാധിക്കാതെ ഇവിടെ വരുമ്പോൾ അവർക്ക് അഭയം കൊടുക്കുന്ന ഒരു രീതിയാണ്. ആ പാരമ്പര്യം നിറവേറ്റുമ്പോൾ വിമർശിക്കേണ്ട കാര്യമെന്താണ്? തെറ്റായ നിലയ്ക്കുള്ള സമീപനം, അതായത് പാർട്ടി താൽപ്പര്യങ്ങൾക്ക് മാത്രം മുൻഗണന നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സമീപനം ഒരു ഗവൺമെന്റിനും ഭൂഷണമല്ല. എല്ലാപേരും വ്യത്യസ്ത പാർട്ടിക്കാരും ചിന്താഗതിക്കാരുമാണ്. എല്ലാപേരും ഒരു കാര്യത്തിനുവേണ്ടിയാണ്

പ്രവർത്തിക്കുന്നത്. ഒരു സഹകരണ മനോഭാവം ഉണ്ടാകണം. കേന്ദ്രവും സംസ്ഥാനവും ഒരേ നാടിന്റെ ഭാഗം തന്നെയാണ്. അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയുന്നതിനുപകരം പരസ്പരം സഹകരിച്ചുകൊണ്ട് കേരളത്തിന് അർഹമായ, കിട്ടേണ്ടതായിട്ടുള്ള സഹായങ്ങൾ നമ്മൾ യോജിച്ചുനിന്നുവാങ്ങി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ള സമീപനമാണ് വേണ്ടത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, സർക്കാരിനുവേണ്ടി ഗവർണർ ഇവിടെ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

ഗവർണറുടെ നയപ്രഖ്യാപനം, ഗവർണർ നടത്തുന്ന നയപ്രഖ്യാപനമല്ല. ഈ സർക്കാരിന്റെ നയവും നിലപാടും അതിശക്തമായ ആ നയത്തിന്റെ വിജയവും തുടർച്ചയുടെ ശബ്ദവുമാണ് കേരളത്തിലെ ഗവർണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം. രാജ്യം മുഴുവൻ വലതുപക്ഷ വികസനം അരങ്ങ് തകർക്കുമ്പോൾ ചിന്തിക്കുന്ന മനുഷ്യൻ ആഗ്രഹിക്കുന്നത് ബദലുകൾക്കും ചെറുത്തു നിൽപ്പുകൾക്കും വേണ്ടിയുള്ള കാലമാണ്. വികസന ബദലുകൾക്കുവേണ്ടി മാത്രം കേരളവും ഇന്ത്യയും ആഗ്രഹിച്ചിരുന്ന ഒരു കാലത്തിൽനിന്നും വിഭിന്നമായി സാംസ്കാരിക ബദലുകൾക്കും അതുവഴി ജനകീയ പ്രതിരോധങ്ങൾക്കും ജനത ആഗ്രഹിക്കുന്ന ഒരു കാലത്ത്, പ്രതിരോധത്തിന്റെ കരുത്താവാഹിച്ച ഈ ബദലുകൾ കാണാൻ കേരളത്തിൽ വരണമെന്ന് ഗവൺമെന്റിന്റെ ഔപചാരിക നയപ്രഖ്യാപനത്തിലൂടെ ഈ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് വികസന ബദലുകളെല്ലാം പോരാട്ടങ്ങളാണെന്ന് അറിയുന്ന നമുക്ക്, നവലിബറൽ നയങ്ങൾ സൃഷ്ടിച്ച ധനമൂല്യാധിഷ്ഠിത സമ്പദ് വ്യവസ്ഥ അതിവേഗം തകരുമ്പോഴും സ്വകാര്യവൽക്കരണത്തിന്റെ പുതിയ പാതയിലേയ്ക്ക് ഇന്ത്യയെ കൊണ്ടുപോകാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തുകയെന്നത് കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റ് കണ്ടപ്പോൾ നമുക്ക് ബോധ്യപ്പെട്ടു. ഞാൻ അത് വിശദീകരിക്കുന്നില്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് കഴിഞ്ഞ വർഷത്തേക്കാൾ 9,500 കോടി രൂപയാണ് ബജറ്റ് ഇനത്തിൽ കുറയ്ക്കാൻ തീരുമാനിച്ചത്. എയർ ഇന്ത്യയും ബി.പി.സി.എൽ.-ഉം എൽ.ഐ.സി.-യും ഐ.ഡി.ബി.ഐ.-യുമെല്ലാം വിൽപ്പനയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു. റിസർവ് ബാങ്കിന്റെ പണംപോലും: അതായത്, കരുതൽ ശേഖരംപോലും പിരിച്ചെടുക്കുകയാണ്. ഭാരത് ബ്രോഡ് ബാൻഡിനായി അനുവദിച്ച 60,000 കോടി രൂപ റിലയൻസ് ഇൻഡസ്ട്രീസിനുവേണ്ടി കൊടുക്കാൻ തീരുമാനിച്ച അപകടകരമായ

കാഴ്ച നമ്മൾ കണ്ടു. കേരളത്തെ അപമാനിക്കുകയും അവഹേളിക്കുകയും മാത്രമല്ല അടിസ്ഥാന വിഭാഗത്തിന്റെ വികാര വിചാരങ്ങൾക്ക് കേൾക്കാൻപോലും കരുത്തില്ലാത്ത ഒരു വികസന പരിപ്രേക്ഷ്യം കേന്ദ്ര ഗവൺമെന്റ് അവതരിപ്പിക്കുമ്പോൾ അതിന് കേരളം കഴിഞ്ഞ മൂന്നര വർഷക്കാലമായി ഒരു ബദൽ അവതരിപ്പിക്കുകയാണ്. ഇവിടെ കർഷകന്റെ കണ്ണുനീർ ഒപ്പാൻ ഒരു ഗവൺമെന്റുണ്ട്. കേരളത്തിൽ വിള ഇൻഷ്വറൻസ്, കർഷക ക്ഷേമനിധി ബോർഡ്, ജീവനി പദ്ധതി തുടങ്ങി പ്രളയകാലത്ത് മലയാളിക്ക് കൈത്താങ്ങായ മത്സ്യത്തൊഴിലാളികളെ ഓർക്കുകയാണ് ഈ സർക്കാർ. ഹോളിവുഡിന് സ്പൈഡർമാനും ബാറ്റ്സ്മാനും അയൺമാനുമുണ്ട്. കേരളീയർ ഇതെല്ലാം ഒറ്റപ്പേരിലാണ് അറിയപ്പെടുന്നത്: ആ പേര് ഫിഷർമാൻ എന്ന് അഭിമാനത്തോടുകൂടി ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. പൊതുസംരക്ഷണ യജ്ഞത്തിലൂടെ 5 ലക്ഷം വിദ്യാർത്ഥികൾ പുതിയതായി കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്ത് വന്നിരിക്കുന്നു. നിപ മുതൽ കൊറോണവരെ ഭയക്കാതെ കേരളത്തിന്റെ ജനകീയ ആരോഗ്യ പദ്ധതികൾ അവതരിപ്പിച്ചിരിക്കുന്നു; മുടങ്ങാതെ കേരളത്തിന്റെ സാമൂഹിക ക്ഷേമ പെൻഷനുകൾ അവതരിപ്പിക്കുന്നു; ദേശീയപാതയിലെ ഹോട്ട് സ്പോട്ടുകൾ തെരഞ്ഞെടുത്തുകൊണ്ട് അപകടം നടക്കുന്ന സ്ഥലത്ത് 24 മണിക്കൂർ ആംബുലൻസ് സർവ്വീസ്. ഇന്ത്യ ആഗ്രഹിക്കുന്ന പ്രശ്നമായ എല്ലാപേർക്കും റേഷൻ കാർഡെന്ന നയം കേരളത്തിൽ നടപ്പിലാക്കുകയാണ്. വിശപ്പുരഹിത കേരളത്തിലൂടെ ഭക്ഷണം കഴിക്കാതിരിക്കുന്ന ഒരു മനുഷ്യൻ പോലുമില്ലാത്ത കാലത്തെക്കുറിച്ച് ചർച്ച ചെയ്യുകയാണ് കേരളം. പൗരത്വ മതാടിസ്ഥാനത്തിൽ വിവക്ഷിച്ച്, അപ്പനപ്പൂപ്പൻമാരായി ജനിച്ച മണ്ണിൽനിന്ന് ആട്ടിയകറ്റാൻ നിയമം കൊണ്ടുവരുമ്പോൾ ഭൂപരിഷ്കരണ നിയമം 50 വർഷം പിന്നിടുന്ന കേരളത്തിൽ ഇതാ മൂന്നര വർഷക്കാലംകൊണ്ട് ഒന്നരലക്ഷം മനുഷ്യർക്ക് പാർപ്പിടത്തിന് അവകാശം കൊടുക്കുന്ന പട്ടയം നടപ്പിലാക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരിക്കുന്നു. രണ്ട് പ്രളയങ്ങളും ഓഖി ഉൾപ്പെടെയുള്ള ദുരന്തങ്ങളും വന്നു. ഈ ദുരന്തങ്ങളെല്ലാമുണ്ടായിട്ടും മൂന്നര വർഷക്കാലത്തിനിടയിൽ കഴിഞ്ഞ ഓണത്തിന് ലൈഫ് പദ്ധതിയിലൂടെ കേരളത്തിലെ ഒന്നരലക്ഷം മനുഷ്യർ പുതിയതായി തങ്ങളുടെ വീടുകളിലിരുന്ന് ഓണമുണ്ണുന്ന കാഴ്ച കാണാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനപൂർവ്വം അവതരിപ്പിക്കേണ്ട ഒരു വസ്തുതയാണ്. ഇവിടെയാണ് അനാഥരും ആലംബഹീനരുമായ മനുഷ്യരോട് കേരളത്തിലെ ഗവൺമെന്റ് കാണിക്കുന്ന വിധേയത്വത്തിന്റെ ഏറ്റവും ഫലപ്രദമായ പ്രഖ്യാപനം ഈ നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഒട്ടേറെ പ്രശ്നങ്ങൾ അക്കാര്യത്തിൽ സൂചിപ്പിക്കാനുണ്ട്; ആ

വിഷയത്തിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ ഗവൺമെന്റ് അതിജീവനത്തിനും പ്രതിരോധത്തിനും വേണ്ടി തയ്യാറാക്കിയ ഒരു നിലപാട് കേരളത്തിലെ ഗവർണർ ഇവിടെ അവതരിപ്പിച്ചു. ആ നയപ്രഖ്യാപനം നടത്തുന്നത് കേരളത്തിലെ ഗവർണറാണെന്നുള്ളത് ഭരണഘടനയുടെ 106(1) അനുഛേദപ്രകാരം ഭരണഘടന പ്രഖ്യാപിക്കുന്നതാണ്. ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടത്തിലാണ് നമ്മൾ. ഭരണഘടന പ്രഖ്യാപിക്കാൻ പ്രതിപക്ഷനേതാവ് അവസരം തന്നാൽ ഒരു യോജിച്ച സമരത്തിനുവേണ്ടി അതും പ്രഖ്യാപിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ, ഭരണഘടന പറയുന്നത് അനുസരിക്കേണ്ടത് ഒരു ഗവൺമെന്റിന്റെ ബാധ്യതയാണ്. ആ അനുസരണ ഒരു ഗവൺമെന്റ് വിധേയത്വമല്ല, അത് ഭരണഘടനയോടുള്ള നന്ദി രേഖപ്പെടുത്തലാണ്. 1925-ൽ ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട സദ് സംഘ്, ആർ.എസ്.എസ്.-ന് ഹിന്ദുസ്ഥാൻ എന്ന രാജ്യം രൂപീകരിക്കാൻ നാഗ്പൂരിൽ കെടാവിളക്കിന്റെ മുൻപിൽ എടുത്തുവച്ചിരിക്കുന്ന നാഥുറാം വിനായക് ഗോഡ്സെയുടെ ചിതാഭസ്മത്തെ വിതരണം ചെയ്യാൻ ഒരു അവസരമൊരുക്കുന്ന ഹിന്ദുസ്ഥാനിലേയ്ക്ക് പോകുമ്പോൾ ആ വിഷയമാണോ യു.ഡി.എഫ്. ഇവിടെ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്? പൗരത്വ ബില്ലിനെക്കുറിച്ച് ഇവിടെ നടന്ന പ്രസംഗങ്ങൾ നിങ്ങൾ കേട്ടു. യു.ഡി.എഫ്.-ന്റെ ഭാഗമായി പ്രസംഗിച്ച ആരെങ്കിലും ആർ.എസ്.എസ്.-നെതിരെ, കേന്ദ്ര ഗവൺമെന്റിനെതിരെ, ഒരു അക്ഷരം പറയാൻ തയ്യാറായോ ? അവർ വിരൽ ചൂണ്ടിയത് ഇടതുപക്ഷത്തിന്റെ നെഞ്ചിലേയ്ക്കാണ്. നിങ്ങളുടെ നിലപാട് തികഞ്ഞ കാപട്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. ജോൺ ഫെർണാണ്ടസിന് നേരെ നോമിനേറ്റഡ് എന്ന വാക്കുപയോഗിച്ചത് കേട്ട് ഞാൻ അത്ഭുതപ്പെട്ടു. ആ വാക്ക് ഉപയോഗിച്ചതുകൊണ്ട് എനിക്ക് തർക്കമില്ല, പക്ഷേ അദ്ദേഹം ഒരു വാക്കുകൂടി കൂട്ടി പറഞ്ഞു, ഈ ബിൽ വന്നാൽ നിങ്ങൾ പിന്നെ ഈ നിയമസഭയിൽ കാണില്ലെന്ന്. കോൺഗ്രസ്സിന്റെ മനസ്സിലിരിപ്പ് ഈ ബില്ലിന്റെ ഭാഗമാണെന്ന് മനസ്സിലായല്ലോ? ഈ വിഷയം വന്നപ്പോൾ ഇവിടെ സി.എ.എ.-യും എൻ.ആർ.സി.-യും എൻ.പി.ആർ.-ഉം നടപ്പിലാക്കുന്ന പ്രശ്നമില്ലെന്ന് കേരളാ മുഖ്യമന്ത്രി പറഞ്ഞു. അനധികൃത കുടിയേറ്റത്തിന്റെ പേരിൽ പറഞ്ഞയയ്ക്കുന്ന ഒരാൾക്കുംവേണ്ടി കേരളം തടങ്കൽപ്പാളയം ഉണ്ടാക്കാൻ പോകുന്നില്ല. ഇന്ത്യയ്ക്ക് മാതൃകയാകാൻ കേരളം എല്ലാ ഘട്ടത്തിലുമുണ്ട്. ആ ഭരണഘടനയെ സംരക്ഷിക്കുന്നതിനുള്ള മാതൃകയ്ക്ക് വേണ്ടി എന്തെല്ലാം വിട്ടുവീഴ്ചയ്ക്ക് കേരളം തയ്യാറായി! സർവ്വകക്ഷിയോഗം ചേർന്നു; കേരളം ഒരു മനസ്സായി ഇരുന്നുകൊണ്ട് പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ മുൻപിൽ നിലപാട് വ്യക്തമാക്കി; കേരളാ ഗവൺമെന്റ് അവതരിപ്പിച്ച ചട്ടം 118 പ്രമേയം ഈ സഭ

ഒറ്റക്കെട്ടായി അംഗീകരിച്ചു. ഭരണഘടനയുടെ 139-ാം അനുഛേദം ഉപയോഗിച്ച് നീതിക്ക് വേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനിച്ചു. ആ സമരഘട്ടത്തിൽ കേരളത്തിന്റെ സർവ്വകക്ഷിയോഗം മുഖ്യമന്ത്രിയെയും പ്രതിപക്ഷനേതാവിനെയും തുടർ നടപടികൾ ആലോചിക്കാൻവേണ്ടി വിളിച്ചപ്പോൾ എന്തുകൊണ്ട് യു.ഡി.എഫ്. ഒളിച്ചോടിയെന്ന് ഇവിടെ പറയാൻ തയ്യാറാകണ്ടേ? പണ്ട് ചന്തുമേനോന്റെ കോടതിയിൽ ചെണ്ടമേളത്തിന് വിധി പറഞ്ഞതുപോലെ മതനിരപേക്ഷ ഇന്ത്യയുടെ മന:സാക്ഷിക്ക് മുൻപിൽ കൊട്ടിക്കൊട്ടി നിങ്ങൾ മറുപടി പറയേണ്ടി വരും. അപ്പോൾ നിങ്ങൾ കേൾക്കേണ്ടി വരിക: 'നിങ്ങൾ ഈ കാലത്ത് മതനിരപേക്ഷ ഇന്ത്യയുടെ ഒറ്റികൊടുപ്പുകാരായി' എന്നാണ്. ഈ നിർദ്ദേശങ്ങളൊക്കെ ഞാൻ വച്ചതാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എല്ലായിടത്തും പറയുന്നുണ്ട്. സന്തോഷം, ജനാധിപത്യത്തെ അംഗീകരിക്കുകയാണ്.

ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം, ഞങ്ങൾ കന്നി എം.എൽ.എ.-മാർ. മൂന്നര വർഷക്കാലം മുമ്പ് ഈ നിയമസഭയിലേയ്ക്ക് വന്നുകയറുമ്പോഴുണ്ടായിരുന്ന എണ്ണമല്ല ഇന്ന് യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും സഭയിലുള്ളത്. നിങ്ങൾ യു.ഡി.എഫ്., രണ്ടെണ്ണം കുറഞ്ഞു, ഞങ്ങൾ എൽ.ഡി.എഫ്. രണ്ടെണ്ണം കൂടി. ഉപതെരഞ്ഞെടുപ്പുകളിലൂടെ കൂടിയതാണ്. അങ്ങനെ കൂടിയപ്പോൾ നിങ്ങളുടെ എണ്ണം കുറഞ്ഞതുകൊണ്ട് നിങ്ങൾ പറയുന്നത് അംഗീകരിക്കില്ലെന്നല്ല ഞങ്ങൾ പറഞ്ഞത്. ആൾക്കൂട്ടമുണ്ടാക്കാൻ പറഞ്ഞ അഭിപ്രായപ്രകടനമല്ല. ജാതി-മത-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ഇന്ത്യയുടെ ഭരണഘടനയെ സംരക്ഷിക്കാനുള്ള ഒരു ഇടപെടലുണ്ടാകണമെന്നാണ് പറഞ്ഞത്. ആ യോജിച്ച പോരാട്ടത്തെക്കുറിച്ചാണ് പറഞ്ഞത്. എ.ഐ.സി.സി.-യുടെ വർക്കിംഗ് കമ്മിറ്റി അംഗം ശ്രീ. എ. കെ. ആന്റണിയുടെ വാക്കുകളെപ്പോലും നിഷേധിച്ചുകൊണ്ട് നിങ്ങൾ ഈ കേരളത്തിൽ നാടകം കളിക്കാനൊരുങ്ങി. ഇടതുപക്ഷത്തിന് പിന്തുണ കിട്ടുമെന്ന് മനസ്സിലായപ്പോൾ ഈ കാര്യത്തിൽ മാത്രമല്ല, നിങ്ങൾ നാടകം കളിച്ചത്. ഓഖി ദുരന്തമുണ്ടായപ്പോൾ നാടകം കളിച്ചു; പ്രളയമുണ്ടായപ്പോൾ നാടകം കളിച്ചു; ഇടതുപക്ഷത്തിന് പിന്തുണ ലഭിക്കുമെന്ന് മനസ്സിലാകുമ്പോൾ നാടകം കളിച്ച് പിന്നോട്ടുപോകാനാണ് ലക്ഷ്യമെങ്കിൽ ഏലസ് ജപിച്ചുകെട്ടലല്ലാതെ യു.ഡി.എഫ്.-നെ രക്ഷിക്കാൻ മറ്റൊരു വഴിയും ഞങ്ങൾ കാണുന്നില്ല. കാരണം, ഇടതുപക്ഷം നയവും നിലപാടുകളുമെടുത്ത് മുമ്പോട്ടുപോകും. കേരളം സൃഷ്ടിച്ച മനുഷ്യ മഹാശൃംഖലയിൽ 70 ലക്ഷം മനുഷ്യർ അണിനിരന്നല്ലോ; ആ മഹാശൃംഖല ഇത്രമാത്രം വിജയമായതെന്താണ്; കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷത്തെ വിശ്വസിക്കുന്നു എന്നുള്ളതുകൊണ്ടല്ലേ? ആ മഹാശൃംഖലയിൽ

അണിനിരന്നവരെയൊക്കെ പുറത്താക്കുമെന്ന് ചിലർ പറഞ്ഞു, അങ്ങനെ പുറത്താക്കിയാൽ യു.ഡി.എഫ്.-ന്റെ കാലത്ത് വിതരണം ചെയ്ത റേഷനരി പോലെയായിപ്പോകും; പാറ്റക്കാഷ്ഠം മാറ്റിയാൽപ്പിന്നെ കഞ്ഞിവയ്ക്കാൻ അരിയുണ്ടാകില്ല. ഡോ. എം. കെ. മുനീർ എന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് ബുദ്ധിയുണ്ട്. അദ്ദേഹം പറഞ്ഞു: 'അവർ പോയതിന് കുറ്റം പറഞ്ഞിട്ട് കാര്യമില്ല; കാരണം, പോകരുത് എന്നൊരു സർക്കുലർ ഞങ്ങൾ കൊടുത്തിട്ടില്ല'. ചരിത്രത്തിൽ ആദ്യമായി ഞാൻ കേൾക്കുകയാണ്, മറ്റൊരു പാർട്ടി സംഘടിപ്പിച്ച പരിപാടിക്ക് പോകരുതെന്ന് Mandate കൊടുക്കാത്തതുകൊണ്ട്, എന്റെ ഭാഷയിൽപ്പറഞ്ഞാൽ വിപ്പ് കൊടുക്കാത്തതുകൊണ്ട് അവർ പോയി എന്നുപറഞ്ഞാൽ, മതനിരപേക്ഷ കേരളം നിങ്ങളെ വിശ്വസിക്കുന്നില്ല എന്നതല്ലേ അതിന്റെ യാഥാർത്ഥ്യം. ഹിന്ദുവോട്ടിനുവേണ്ടി, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി അടച്ചിടപ്പെട്ട തർക്കഭൂമി ശിലാന്യാസത്തിനായി തുറന്നുകൊടുത്തത് രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഇന്ത്യ ഭരിച്ചതാരാണ്; നരസിംഹറാവുവും യു.പി.-യിൽ മുഖ്യമന്ത്രിയായിരുന്ന കല്യാൺ സിംഗുമാണ്. ആ പാഠം നിങ്ങൾ പഠിച്ചില്ല. ഭരണഘടനയെ സംരക്ഷിക്കാനുള്ള മഹാസമരത്തിന്റെ ഐക്യംകൂടി തകർത്തതോടെ നിങ്ങളുടെ പേരിലുള്ള എല്ലാ വിശ്വാസ്യതയും തകർന്നുപോയി എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയം. നിങ്ങൾ ഒരു പാരമ്പര്യം മറക്കുകയാണ്. തർക്കഭൂമിയിൽ നിന്നും ശില കണ്ടെടുത്തു എന്നുകേട്ടപ്പോൾ ആ ശില സരയൂ നദിയിലേയ്ക്ക് ഒഴുക്കാൻ പറഞ്ഞ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യത്തെ മറക്കുന്ന കോൺഗ്രസ് ഇന്നൊരു സോഫാ കം ബെഡ് ആയി മാറിയിരിക്കുകയാണ്. നിവർത്തിയാൽ കിടത്താം, മടക്കിയാൽ ഇരിക്കാം; വോട്ടിനുവേണ്ടി ഏത് നയവും നിലപാടുമെടുക്കാൻ നാണമില്ലാത്ത ഒരു മുന്നണിയായി കോൺഗ്രസ് മാറിയില്ലേ? ഇവിടെ ഗവർണറെ തടയാൻ പോകുന്നു; റൂൾ 130 അവതരിപ്പിക്കാൻ പോകുന്നു; ഗവർണറെ തടഞ്ഞുകൊണ്ട് നിങ്ങൾ ഒരു സമരം തീരുമാനിച്ചാൽ ഞങ്ങൾക്ക് എന്തെങ്കിലും അഭിപ്രായവ്യത്യാസം പറയാനുണ്ടാകുമോ? ഞങ്ങൾ ഒരുപാടുപേരെ തടഞ്ഞിട്ടുണ്ട്. തടയുന്നത് എന്തിനാണ്; തടയാൻ തീരുമാനിച്ചത് ഒരു നയത്തിന്റെ പേരിലാണെങ്കിൽ അവസാനംവരെ ആ നടപടി തുടരണ്ടേ? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ഞങ്ങൾ തടഞ്ഞിട്ടുണ്ട്. രാജി വയ്ക്കുംവരെ കേരളത്തിൽ ഞങ്ങൾ തടഞ്ഞിട്ടുണ്ട്. പക്ഷേ നിങ്ങളുടേത് ആ നാടകത്തോടെ അവസാനിച്ചു. രണ്ടാമത്തെ നാടകമെന്താണ്, റൂൾ 130 എന്ന പ്രമേയം അവതരിപ്പിക്കാനുള്ള ശ്രമം. ആ അവതരണത്തോടെ നിങ്ങൾക്ക് എല്ലാം കിട്ടും. മുസ്ലീം ലീഗ് കേൾക്കണം: 1989-ൽ റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൽ നിങ്ങളുടെ നേതാവ് പ്രഖ്യാപിച്ച,

“ ബഹുമാനപ്പെട്ട ഗവർണറെ സംബന്ധിച്ചിടത്തോളം ആർക്കെല്ലാം എന്തെല്ലാം അഭിപ്രായ വ്യത്യാസമുണ്ടായാലും ശരി അദ്ദേഹം ഹെഡ് ഓഫ് ദ സ്റ്റേറ്റാണ്. അദ്ദേഹത്തെ സംബന്ധിച്ച് ഈ ചർച്ചയിൽ പരാമർശിക്കുക, വിമർശിക്കുക എന്നുള്ളത് കരണീയമല്ല. അതിൽ പങ്കാളിയാകാൻ ഞങ്ങൾ ഇവിടെ ഇരിക്കുന്നത് ശരിയല്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം എന്നുപറഞ്ഞുകൊണ്ട് കെ. മൊയ്തീൻകുട്ടി ഹാജിയും ലീഗും സഭയിൽനിന്നും ഇറങ്ങിപ്പോയി. "ബഹുമാന്യനായ ലീഡർ പറഞ്ഞിരുന്ന ഈ തെറ്റായ നടപടി നാളെ നിങ്ങൾക്ക് ഒരു തീപ്പന്തമായി മാറുമെന്ന് നിങ്ങളെ അറിയിച്ചുകൊണ്ട്, ഈ ഖഡ്ഗമെടുത്ത് ഉപയോഗിക്കരുതെന്ന് ഒരിക്കൽക്കൂടി താക്കീത് നൽകിക്കൊണ്ടും ഞാനും എന്റെ കക്ഷിയും സഭയിൽ പ്രമേയ ചർച്ച ബഹിഷ്കരിക്കുന്നു.” 1969-ലേത് ഞാൻ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. റൂൾ 130 അവതരിപ്പിക്കുന്നത് ശരിയല്ലെന്ന് അന്നത്തെ എല്ലാ നേതാക്കളും പറഞ്ഞു. റൂൾ 130 അവതരിപ്പിക്കുന്നതിന്റെ ശരി തെറ്റുകളിലേയ്ക്കല്ല ഞാൻ പോകുന്നത്. ഞങ്ങൾ റൂൾ 130 വേണ്ടെന്നുപറഞ്ഞത്; അല്ലെങ്കിൽ അതിനെ തിരസ്കരിച്ചത് ഗവർണറെ പേടിച്ചാണെന്ന് നിങ്ങൾ ഞങ്ങളോട് പറയുകയാണ്. എന്തിനാണ് ഗവർണറെ പേടിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് ഞങ്ങളെ 356-ാം വകുപ്പ് ഉപയോഗിച്ച് പിരിച്ചുവിടുമെന്ന് പറഞ്ഞ് പേടിപ്പിച്ചിരുന്നു, നിങ്ങൾ ഇങ്ങനെ പറയുന്നത് ആരോടാണ്; ഇതൊക്കെ ഞങ്ങൾ എത്ര കണ്ടതാണ്; അന്ധകാരത്തിലായിരുന്ന, അനാഥരായിരുന്ന, പൗരാവകാശങ്ങൾപോലും നിഷേധിക്കപ്പെട്ട, അധഃസ്ഥിതരും അടിയാളരും ആദിവാസിയും മനുഷ്യനായി മാറാനുള്ള നടപടിയെടുത്തതിന്റെ പേരിൽ 1957-ൽ മുള്ള്- മുരട് -മൂർഖൻ പാമ്പ് മുതൽ കല്ല്-കരട്-കാഞ്ഞിരക്കുറ്റി വരെ, ജനപക്ഷമടക്കം എല്ലാവരെയും കൂട്ടി നിങ്ങൾ നടത്തിയ സമരത്തിന്റെ ഭാഗമായി 356-ാം വകുപ്പ് ഉപയോഗിച്ച്, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടതാണ്. അന്നില്ലാത്ത പേടി ഞങ്ങൾക്ക് ഇപ്പോഴുണ്ടാകുന്നതിന്റെ കാര്യമെന്താണ്? വെടിക്കെട്ടുകാരന്റെ വീട്ടിലെ കുട്ടിയെ ഉടുക്ക് കൊട്ടി പേടിപ്പിക്കാൻ യു.ഡി.എഫ്. നോക്കരുത്. അങ്ങനെയൊന്നും പേടിച്ച ചരിത്രം ഇടതുപക്ഷത്തിന്റെ ചരിത്രത്തിലില്ല.

<u>മി. ചെയർമാൻ</u>: പ്രസംഗം ചുരുക്കണം, സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. രാജൻ</u>: സർ, 7 മിനിട്ട് വരെ ഇവിടെ സമയം അധികം കൊടുത്തിട്ടുണ്ട്. രണ്ട് കാര്യങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സത്യത്തിൽ കേരളത്തിലെ യു.ഡി.എഫ്.-ന് കൊറോണ വൈറസ് ബാധിച്ചിരിക്കുകയാണ്. അതിൽ നിന്നും രക്ഷപ്പെടാൻ യു.ഡി.എഫ്. ശ്രമിച്ചില്ലെങ്കിലുള്ള പ്രശ്നം, ചൈനയിലെ വുഹാനിൽ നടക്കുന്നതുപോലെ, ജനങ്ങൾ ഇന്ദിരാ ഭവൻ മുതൽ

കോൺഗ്രസിന്റെ താഴെയുള്ള ഓഫീസുകൾ വരെ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടാകും. ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിൽ മനുഷ്യ മഹാശൃംഖലയ്ക്ക് കിട്ടിയ പിന്തുണ കണ്ട് ഒരു മനുഷ്യ ഭൂപടം കേരളത്തിൽ തീർത്തു. ഉത്തർപ്രദേശിൽ പോയാണ് പ്രതികരിച്ചതെന്ന് എന്റെ നാട്ടുകാരനായ ഒരാൾ വന്നുപറഞ്ഞു, 19 പേരെ വെടിവച്ച് കൊന്ന, ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശിലായിരിക്കുമെന്ന് ഞാൻ വിചാരിച്ചു. എന്നാൽ ആ യു.പി. അല്ല, തൃശ്ശൂരിലെ തെക്കേ ഗോപുരനടയിലുണ്ടാക്കിയ ഭൂപടത്തിൽ യു.പി.-യുടെ ഭാഗത്ത് ഒരു തോർത്തുംകെട്ടി നിന്നതുകൊണ്ട് മൂപ്പര് പറഞ്ഞതാണ്, യു.പി.-യിൽ പോയി പ്രതിഷേധിച്ചുവെന്ന്. ഉത്തർപ്രദേശിൽ പോയി പ്രതിഷേധിക്കാൻ ചങ്കുറ്റമുള്ള കോൺഗ്രസ് ഇന്ത്യാ രാജ്യത്തുണ്ടോ? ശ്രീ. രാഹുൽ ഗാന്ധി പോകുന്നത് എവിടേയ്ക്കാണ്; ആർക്കും ധൈര്യമായി പോകാൻ കഴിയുന്ന, കേരളത്തിലെ ഇടതുപക്ഷം ഭരിക്കുന്ന നഗരത്തിലേയ്ക്ക്; അവിടെ പോയാണ് നിങ്ങൾ പ്രതിഷേധിക്കുന്നത്. ഒറ്റക്കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തട്ടെ: മലയാളി ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന കവി സച്ചിദാനന്ദന്റെ 'ഭ്രഷ്ടന്റെ കൊടി' എന്നൊരു കവിതയുണ്ട്. നിങ്ങളത് വായിച്ചിരിക്കണം. അതിലെ അവസാനത്തെ നാല് വരികൾമാത്രം വായിക്കുകയാണ്.

ഭ്രഷ്ടന്റെ ഭാഷയെന്തായിരിക്കും,

എങ്ങും കടന്നുചെല്ലാവുന്ന കാറ്റിന്റെ ഭാഷ,

ഭ്രഷ്ടന്റെ പേരെന്തായിരിക്കും,

പേരില്ലാത്തവരുടെയെല്ലാം പേര്,

ഭ്രഷ്ടന്റെ മതമെന്തായിരിക്കും,

യഹൂദൻ, അഹമ്മദീയ, റോഹിംഗ്യൻ, ഷിയ, സുന്നി, ഉയ്ഗൂർ

കാക്കകളുടെയും കാഞ്ഞിരത്തിന്റെയും പേര്.

ഇവിടെ തിരസ്കരിക്കപ്പെടുന്ന മനുഷ്യന്റെ ജീവിതവ്യഥകളിലേയ്ക്ക്, അവ തിരിച്ചറിയാൻ ഒറ്റക്കെട്ടായി നാം മുന്നോട്ടുപോകണം. എത്ര ധൈര്യമായി കേരളത്തിന്റെ മുഖ്യമന്ത്രി ഇതിനെ നേരിട്ടു. നമ്മുടെ സ്കൂൾ അസംബ്ലികളിൽ ഭരണഘടനയുടെ ആമുഖം വായിക്കാൻ ഗവൺമെന്റ് തീരുമാനിക്കണം എന്നഭ്യർത്ഥിക്കുകയാണ്. ഭരണഘടനയുടെ ആമുഖം ചർച്ച ചെയ്തപ്പോൾ ആദ്യം പറഞ്ഞത് ..'In the name of God' എന്ന പേരിൽ ആരംഭിക്കണമെന്നായിരുന്നു. എന്നാൽ മഹാഭൂരിപക്ഷം വരുന്നവരും പറഞ്ഞു: ഇന്ത്യയ്ക്ക് സ്വന്തമായി ഒരു മതമില്ല, സ്വന്തമായി ഒരു ജാതിയില്ല, സ്വന്തമായി ഒരു വസ്ത്രധാരണമില്ല, സ്വന്തമായി ഒരു ഭാഷയില്ല, സ്വന്തമായി ഒരു സംസ്കാരമില്ല, സ്വന്തമായി ഒരു ശൈലിയില്ല, ബഹുസ്വരതയുടെ ഒരു കേന്ദ്രമാണ് ഇന്ത്യ. അതുകൊണ്ട് നമ്മുടെ ഭരണഘടന "We

the People of India' എന്ന് ആരംഭിക്കണം. We the People of India എന്ന ഭരണഘടനയെ നിലനിർത്താൻ ഉയിര് കൊടുക്കാൻ തയ്യാറായ ഒരു കൊടിയേ ഇന്ത്യാരാജ്യത്തുള്ളൂ, ചെറുതെങ്കിലും അത് കമ്മ്യൂണിസ്റ്റുകാരന്റെ ചെങ്കൊടിയാണെന്ന ബോധ്യപ്പെടുത്തലാണ്. കേരളം ഒരു ബദലായി ഇന്ത്യയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഈ നയപ്രഖ്യാപനത്തെ അഭിമാനത്തോടെ, ആത്മഹർഷത്തോടെ പിന്തുണയ്ക്കുന്നു, അഭിവാദ്യങ്ങൾ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഡോ. എം. കെ. മുനീർ: സർ, നിരന്തരം മാനഭംഗങ്ങൾക്ക് വിധേയമാകുന്ന ഇരകൾക്ക് കാലക്രമേണ പീഡനം നടത്തിയ ആളിനോട് തോന്നുന്ന പ്രണയത്തിന്റെ പേരാണ് സ്റ്റോക്ക് ഹോം സിൻഡ്രോം. ഇത് ബാധിച്ച എത്രയോ ആൾക്കാരാണ് പുനരധിവാസ കേന്ദ്രത്തിൽനിന്നും പീഡിപ്പിച്ചവരുടെ കൂടെ ചാടിപ്പോയെന്ന വാർത്തകൾ വന്നിട്ടുള്ളത്. കുറച്ച് നാളുകളായി നമ്മളെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഗവർണറോട് ഭരണപക്ഷത്തിന് ഇപ്പോൾ തോന്നുന്ന പ്രണയത്തിന്റെ പേരാണ് സ്റ്റോക്ക് ഹോം സിൻഡ്രോം എന്നുപറയുന്നതിൽ എനിക്ക് അങ്ങേയറ്റത്തെ ലജ്ജ തോന്നുകയാണ്. ഞങ്ങളെ വഷളാക്കാൻ സമ്മതിക്കില്ലെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. ഏതായാലും സ്വയം വഷളാകാൻ തീരുമാനിച്ചിരിക്കുന്നവരെ ഞങ്ങളായിട്ട് വഷളാക്കേണ്ട ആവശ്യമില്ല. ഇവിടെ നടന്ന നാടകങ്ങളൊക്കെ നമ്മൾ കണ്ടതല്ലേ; യഥാർത്ഥത്തിൽ ഗവർണർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഞങ്ങൾക്കുതന്നെ പ്രയാസം തോന്നി. പിന്നീട് ഗവർണറുടെ നയപ്രഖ്യാപനം മുഴുവൻ വായിച്ചപ്പോൾ അദ്ദേഹം ഇതും ഇതിനപ്പുറവും വായിക്കുമെന്ന് എനിക്ക് മനസ്സിലായി. നയപ്രഖ്യാപന പ്രസംഗത്തിന്റെ 18, 19 ഖണ്ഡികകൾ വായിച്ചുനോക്കുമ്പോൾ വലിയ സംഭവമായി നമുക്ക് തോന്നുമെങ്കിലും ഇതിനകത്ത് ഒന്നുംതന്നെയില്ല. "ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും ഫെഡറലിസത്തിന്റെ സ്തംഭങ്ങളാണ്. വിശാലമായ ദേശീയ താല്പര്യം മനസ്സിൽ വച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ യഥാർത്ഥ ആശങ്കയുടെ ശബ്ദങ്ങൾ, പ്രത്യേകിച്ചും ഭരണഘടന മൂല്യങ്ങൾ ഉൾപ്പെടുമ്പോൾ നമ്മുടെ പൗരാവലിയിലെ വലിയൊരു വിഭാഗത്തിന് വ്യാപകമായ ഉത്കണ്ഠകളും ആശങ്കകളും ഉണ്ടാകുകയും ചെയ്യുമ്പോൾ ശരിയായ അർത്ഥത്തിൽ കേന്ദ്രസർക്കാർ പരിഗണിക്കേണ്ടതുണ്ട്" എന്ന് പറഞ്ഞുകഴിഞ്ഞാൽ വായിക്കുന്ന നമുക്ക് മനസ്സിലാകില്ല. എന്തായാലും കേന്ദ്രത്തിന് ഇതിന്റെ പേരിൽ വലിയ വിഷമങ്ങളൊന്നും തോന്നാൻ സാധ്യതയില്ല, വളരെ മയപ്പെടുത്തിയിട്ടുള്ള വരികളാണ് ഇത്. അത് എന്തുകൊണ്ടാണ് അദ്ദേഹം ആദ്യം വായിക്കില്ല എന്നുപറഞ്ഞതെന്ന് ഞങ്ങൾക്കറിയില്ല. ഇതിനകത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായി പരിശോധിച്ചുകഴിഞ്ഞാൽ

ഇതുപോലെയുള്ളൊരു തമാശ പുസ്തകം ഒരിടത്തും കാണാൻ കഴിയില്ല. "കേരളത്തെ ഒരു നിക്ഷേപ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള നമ്മുടെ മുന്നേറ്റത്തെ നിയമനിർമ്മാണത്തോടുകൂടി അവസാനിപ്പിക്കാൻ അതിനൊരു സുപ്രധാന സ്ഥാനമുണ്ടെങ്കിലും എന്റെ സർക്കാർ ഉദ്ദേശിക്കുന്നില്ല............" എന്നുപറഞ്ഞ് നിക്ഷേപ ലക്ഷ്യമാണ് നമ്മുടെ സംസ്ഥാനമെന്ന് പറഞ്ഞിട്ട് ആന്തൂരും പുനലൂരും നമുക്ക് മറക്കാൻ കഴിയുന്നില്ല എന്നുള്ളതുകൂടി ചേർത്ത് വായിക്കുമ്പോൾ സത്യത്തിൽ എഴുതിവച്ചതും പ്രവൃത്തിയും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ടെന്ന് നമുക്ക് മനസ്സിലാകും. വേറൊരു തമാശ 'എന്റെ സർക്കാർ ലഹരി മുക്തി എന്നതിനോടുള്ള വാഗ്ദാനത്തിന്റെയും പ്രതിജ്ഞാബദ്ധതയുടെയും ഭാഗമായി 9 ലഹരി വിമുക്തി കേന്ദ്രങ്ങളും 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ടെന്നതാണ്. നാട് മുഴുവൻ ബാറുകളും ബിവറേജുകളും ആരംഭിച്ചിട്ട് 9 ലഹരി വിമുക്തി കേന്ദ്രങ്ങൾകൂടി തുടങ്ങിയെന്ന് പറയുന്നതിൽ എന്ത് കാര്യമാണുള്ളത്; സത്യത്തിൽ പറയുന്നതൊന്ന്; പ്രവർത്തിക്കുന്നത് മറ്റൊന്ന്. 'ക്രമസമാധാനപാലനത്തിൽ ജനങ്ങളോട് എല്ലാക്കാലത്തുമുള്ള പ്രതിബദ്ധത എന്റെ സർക്കാർ ആവർത്തിച്ചുറപ്പിക്കുന്നു' എന്നാണ് മറ്റൊരു വാചകം. ക്രമസമാധാനം എവിടെ എത്തിയെന്നുള്ളതും ഓരോ ദിവസത്തെയും പത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും.

ആറ് വയസ്സുള്ള ഒരു കുട്ടിയെ ബുദ്ധിമാന്ദ്യമുള്ള രണ്ട് കുട്ടികൾ അടിച്ച് പരിക്കേൽപ്പിച്ച് കൊലപ്പെടുത്തിയിരിക്കുകയാണ്. C.W.C.(Child Welfare Committee)-യുടെ പ്രധാന റിപ്പോർട്ട് അവഗണിച്ചതുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് പത്രത്തിൽ റിപ്പോർട്ടുകൾ വന്നിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ നമ്മൾ നൽകിയിരുന്നു. ഇപ്പോൾ അഡീഷണൽ കെയർ പ്രൊവൈഡേഴസിനെ സർക്കാർ പിൻവലിച്ചതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ കേരളത്തിന്റെ ഒരു നേർക്കാഴ്ചയായി ആറ് വയസ്സുകാരന്റെ മരണത്തെ നമുക്ക് എടുത്തുപറയാൻ സാധിക്കും. ഇങ്ങനെയാണ് ഓരോ കേന്ദ്രങ്ങളിലും നടക്കുന്നത്. വെള്ളിമാടുകുന്ന് ജുവൈനൽ കേന്ദ്രത്തിൽനിന്നും ഇത്ര പ്രായംകഴിഞ്ഞാൽ അവരെ മാറ്റി പാർപ്പിക്കണമെന്ന ശിശുക്ഷേമ സമിതിയുടെ റിപ്പോർട്ടുകളെ അവഗണിച്ചുകൊണ്ട് ഈ വകുപ്പ് പെരുമാറുന്നതിന് ഉദാഹരണമായിട്ടാണ് ഈ വിഷയം എടുത്തുപറയാൻ ആഗ്രഹിച്ചത്. നയപ്രഖ്യാപന പ്രസംഗം മുഴുവൻ വായിച്ചു നോക്കിയിട്ട് ഇതിന്റെ പേരിൽ എന്ത് നന്ദിയാണ് ആർക്കെങ്കിലും പറയാനുള്ളത് എന്നാണ് ഞാൻ ചോദിക്കുന്നത്; ശ്രീ. കെ. രാജൻ പറഞ്ഞകാര്യം പറയുകയാണ്. ഇതിൽനിന്നും ജനങ്ങൾ വഴി മാറി ചിന്തിക്കണമെന്നുള്ളതുകൊണ്ട്, എന്തെങ്കിലുമൊക്കെ പുതിയത് കാണിച്ചു കൂട്ടുക, അതിന്റെ ഭാഗമായി മാത്രമേ മനുഷ്യശൃംഖലയെ ഞങ്ങൾ കണ്ടിട്ടുള്ളൂ. മനുഷ്യശൃംഖലയിൽ പോകുന്നതോ

പോകാത്തതോ ഞങ്ങൾക്ക് പ്രശ്നമേയല്ല. കാരണം നിങ്ങൾ വനിതാ മതിൽ ഉണ്ടാക്കി; വനിതാ മതിലിൽ പങ്കെടുത്തവർപോലും നിങ്ങൾക്ക് വോട്ട് ചെയ്തില്ല; അതുകൊണ്ടാണല്ലോ 19 സീറ്റ് ഞങ്ങൾക്ക് കിട്ടിയത്. മനുഷ്യമഹാശൃംഖലയിൽ പങ്കെടുത്തവരൊക്കെ നിങ്ങളുടെകൂടെ അവസാനമുണ്ടാകില്ല എന്നുള്ള ഉറപ്പ് ഞങ്ങൾക്കുള്ളതുകൊണ്ട് വലിയ ആശങ്കയൊന്നും ഞങ്ങൾക്കില്ല. പങ്കെടുത്താലെന്താ, പങ്കെടുത്തില്ലെങ്കിലെന്താ; മനുഷ്യ മഹാശൃംഖലയിൽ എത്ര ആളുകൾ പങ്കെടുത്തെന്നാണ് നിങ്ങൾ പറഞ്ഞത്; വനിതാമതിലിൽ പങ്കെടുത്ത സ്ത്രീകളിൽ ഒരു ശതമാനം ആളുകളെങ്കിലും വോട്ട് ചെയ്തിരുന്നുവെങ്കിൽ നിങ്ങൾക്ക് 19 സീറ്റുകൾ നഷ്ടപ്പെടുമായിരുന്നോ? അതുകൊണ്ട് അതിലും വലിയ ഗൗരവമുള്ള കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ അതിനെയൊന്നും നിസ്സാരവത്കരിക്കരുത്.

ഇവിടെ എസ്.ഡി.പി.ഐ.(സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ-യുടെ കാര്യം പറയുകയുണ്ടായി. നിങ്ങൾ പറപ്പൂരിന്റെ കാര്യം ഓർക്കാത്തതെന്താണ്; പറപ്പൂരിൽ നിങ്ങൾ എസ്.ഡി.പി.ഐ.-യുമായി ചേർന്ന് ഒരു പഞ്ചായത്ത് ഭരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള ഓരോ കണക്കും ഞാൻ പറഞ്ഞുതരാം. ഒളുക്കുങ്ങൽ, പൊൻമള, എന്നിവിടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.-യ്ക്ക് 400 വോട്ട് സി.പി.ഐ.(എം.)-ന് 25 വോട്ട്. പൊൻമളയിൽ സി.പി.ഐ.(എം.)-കാരുടെ എണ്ണം 25 ആയി കുറഞ്ഞോ; ഒളുക്കുങ്ങല്ലിൽ നിങ്ങളുടെ പാർട്ടിയിൽപ്പെട്ടവർ ആകെ 23 ആൾക്കാർ മാത്രമേയുള്ളോ; ഇലക്ഷൻ കമ്മറ്റിയിൽ അതിനെക്കാളും അംഗങ്ങൾ ഉണ്ടായിരുന്നല്ലോ; 23 വോട്ടാണ് ലഭിച്ചതെങ്കിൽ നിങ്ങളുടെ വോട്ട് എങ്ങോട്ടാണ് പോകുന്നത്; എസ്.ഡി.പി.ഐ-യെ വളർത്തുന്നത് ഞങ്ങളാണെന്ന് പറയുന്നു; എസ്.ഡി.പി.ഐ.-യുമായിട്ടുള്ള ബാന്ധവം നിങ്ങൾ ഇന്നും അവസാനിപ്പിച്ചിട്ടില്ല. ഇതേ രീതി തന്നെയാണ് ആർ.എസ്.എസ്.-ന്റെ കാര്യത്തിലും ചെയ്തിട്ടുള്ളത്. ശ്രീ. എൽ. കെ. അദ്വാനി എഴുതിയ പുസ്തകത്തിൽ ഞങ്ങൾ എല്ലാ ചൊവ്വാഴ്ചയും കൂടാറുണ്ടായിരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ഇ. എം. എസ്. നമ്പൂതിരിപ്പാടിനെക്കുറിച്ച് പറഞ്ഞപ്പോൾ ദേഷ്യം കാണിച്ചല്ലോ, ആ യോഗത്തിൽ ഇ. എം. എസ്.-ഉം പങ്കെടുക്കാറുണ്ടായിരുന്നു. ഇ. എം. എസ്., ജ്യോതിബസു തുടങ്ങിയവരൊക്കെ നിരന്തരമായി യോഗങ്ങളിൽ പങ്കെടുത്ത് വാജ്പേയിയുമായി നടത്തിയിട്ടുള്ള കൂടികാഴ്ചയെക്കുറിച്ച് ശ്രീ. എൽ. കെ. അദ്വാനി എഴുതിയ പുസ്തകത്തിന് എതിരായി നിങ്ങൾ പുസ്തകമൊന്നും എഴുതിയില്ലല്ലോ; 'ഗാന്ധിയും ഗാന്ധിസവും' 'ഗാന്ധിസത്തിൽ നിന്ന് മാർക്സിസത്തിലേയ്ക്ക്' എന്നിങ്ങനെയുള്ള ഇ. എം. എസ്.-ന്റെ രണ്ട് പുസ്തകങ്ങളും ചിന്താ പബ്ലിക്കേഷൻസ് പബ്ലിഷ് ചെയ്തിട്ടുണ്ട്. അതിൽ ഗാന്ധിയെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായമെന്താണ്; ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ശ്രീ. അനന്തകുമാർ ഹെഗ്ഡെ നടത്തിയ പരമാർശത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 'സെക്കുലറിസം' എന്ന പദം

ഇന്ത്യൻ ഭരണഘടനയിൽ നിന്ന് എടുത്തുമാറ്റുമെന്ന് മന്ത്രിയായിരിക്കുമ്പോൾ പറഞ്ഞ വ്യക്തിയാണ് ശ്രീ. അനന്തകുമാർ ഹെഗ്ഡെ. അദ്ദേഹം ഇപ്പോൾ പറയുന്നത് മഹാത്മാഗാന്ധിയുടേത് നാടകമായിരുന്നുവെന്നും മതത്തെ ദുരുപയോഗം ചെയ്ത ആളാണ് മഹാത്മാഗാന്ധിയെന്നുമാണ്. ഇതിൽനിന്നും വ്യത്യസ്തമായ നിലപാടുകളല്ലേ ഇ. എം. എസ്.-ഈ രണ്ട് പുസ്തകങ്ങളിലും പറയുന്നത്. അപ്പോൾ ഗാന്ധിയെ നിന്ദിക്കാൻ വേണ്ടി വഴി ഒരുക്കിക്കൊടുത്തതാരാണെന്നുകൂടി ചർച്ച ചെയ്യേണ്ടതുണ്ട്; ദയനീയമായ അവസ്ഥ എന്താണെന്നറിയോ; ലോക്സഭയ്ക്കകത്ത് പ്രധാനമന്ത്രിയുടെ സംരക്ഷണത്തിൽ ഇരിക്കുന്ന ആളാണ് പ്രഗ്യാ സിംഗ് താക്കൂർ. ആരാണ് പ്രഗ്യാ സിംഗ്? ഗോഡ്സെയെക്കുറിച്ച് അങ്ങേയറ്റം പ്രകീർത്തിച്ച് സംസാരിച്ച ആളാണ്. അതേസമയം ഗോഡ്സെയ്ക്കെതിരെ മഹാത്മാഗാന്ധിക്ക് അനുകൂലമായി പുസ്തകം എഴുതിയ ആളാണ് രാം ചന്ദ്ര ഗുഹ. രാജ്യദ്രോഹക്കുറ്റത്തിന് 49 പേരുടെ എഫ്.ഐ.ആർ തയ്യാറാക്കിയപ്പോൾ അതിലൊരാൾ രാം ചന്ദ്ര ഗുഹ ആയിരുന്നു. മഹാത്മാഗാന്ധിക്ക് അനുകൂലമായി സംസാരിക്കുന്നവർ രാജ്യദ്രോഹികളും നാഥുറാം ഗോഡ്സെ-യ്ക്ക് അനുകൂലമായി സംസാരിക്കുന്നവർ രാജ്യസ്നേഹികളുമാകുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈ ദയനീയമായ ചിത്രമാണ് ഇവിടെ വരച്ചുകാട്ടാൻ ശ്രമിച്ചിട്ടുള്ളത്. അതിന് ഒത്താശ ചെയ്യുന്ന രീതിയിൽ ഒരു ഗവർണർ പെരുമാറുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ ഒരു റബ്ബർ സ്റ്റാമ്പായി ഗവർണർ പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ, ഈ ഗവൺമെന്റിനെ നിരന്തരം പീഡിപ്പിക്കുന്നതായി പ്രസ്സ്താവനകൾ ഇറക്കിയപ്പോൾ നിങ്ങൾക്കറിയില്ലേ ഇർഫാൻ ഹബീബിനെ? ഇർഫാൻ ഹബീബിന് ഗവർണറോടുള്ള നിലപാട് എന്താണെന്ന് ആദ്യം ചോദിക്കു; ഇർഫാൻ ഹബീബ് ഇടതുപക്ഷ സഹയാത്രികനല്ലേ; ഒരു വേദിയിൽ വച്ച് അദ്ദേഹം എന്തിനാണ് ഗവർണർക്ക് നേരെ പാഞ്ഞടുത്തത്; അദ്ദേഹത്തിനെതിരെ കേസ്സെടുക്കണമെന്ന് ഗവർണർ ശിപാർശ ചെയ്തിരിക്കുകയാണ്. സത്യത്തിൽ ഇടതുപക്ഷ ചിന്തകർക്കെതിരെ ഇതൊക്കെ സംസാരിച്ചിട്ടും ഇവിടെ ശ്രീ. കെ. രാജൻ ഉൾപ്പെടെയുള്ള ആളുകൾ പറയുന്നത് അദ്ദേഹത്തെക്കുറിച്ച് കുറ്റം പറയുന്നത് ശരിയല്ലെന്നാണ്. ഗവർണറാണ് ഭരണഘടനയെ വെല്ലുവിളിച്ചിരിക്കുന്നത്. ഭരണഘടനയുടെ ആമുഖത്തിൽ എന്താണ് പറയുന്നത്; 'Fraternity assuring the dignity of the individual....' ആ dignity തകർക്കുന്ന രീതിയിൽ ഒരു ഗവൺമെന്റ് പെരുമാറുമ്പോൾ അതിനെതിരെ ശബ്ദിച്ച സർക്കാരിനെയും നിയമസഭയെയും വെല്ലുവിളിക്കുന്ന രീതിയിലല്ലേ ഭരണഘടനയെ ചോദ്യം ചെയ്യുന്നത്. അല്ലാതെ അതിനെതിരെ 130 കൊണ്ടുവന്ന ഞങ്ങളാണോ ഭരണഘടനയെ ചോദ്യം ചെയ്തത്; ഏത് അർത്ഥത്തിലാണ് ഞങ്ങളെ അവഹേളിക്കുന്ന തരത്തിൽ സംസാരിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

പണ്ട്, ഒരു ഫയൽമാനെ മെലിഞ്ഞ് ഒട്ടിയ വയറുള്ള ഒരാൾ ഗോദയിലേയ്ക്ക് വെല്ലുവിളിച്ചു. ആദ്യം അയാൾ മൈന്റ് ചെയ്തില്ല. അവസാനം വെല്ലുവിളി ഏറ്റെടുത്ത് ഫയൽമാന്റെ ഗോദയിലേയ്ക്ക് ഇറങ്ങിയപ്പോൾ അയാൾ ഫയൽമാന്റെ തോളിൽ കയ്യിട്ട് പറഞ്ഞു, "ഇനി ഞങ്ങളെ രണ്ടാളെയുംകൂടി ആരാണ് അടിക്കുക!"

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ഡോ. എം. കെ. മുനീർ: അതുപോലെയാണ് ഇതുവരെ വെല്ലുവിളിച്ച ഗവർണറുടെ തോളിൽ കയ്യിട്ട് 'ഞങ്ങളെ രണ്ടാളെയുംകൂടി അടിക്കാൻ ഇനി ആരാണ് ഉള്ളത് എന്ന് പറയുന്നത്. ഞങ്ങൾ ഏതായാലും ഇല്ല. നിങ്ങൾ ഈ ലോഹ്യം തുടർന്നോളൂ. ഈ നിലയിൽ പോയാൽ കേരളത്തിന് വലിയ വില കൊടുക്കേണ്ടിവരും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ പ്രസംഗിച്ചപ്പോൾ, എസ്.ഡി.പി.ഐ.-യുടെ വോട്ട് തങ്ങൾക്ക് വേണ്ട എന്ന് ഇവിടെ പറയുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

ഡോ. എം. കെ. മുനീർ: സർ, ആ വോട്ട് ഞങ്ങൾക്ക് വേണ്ട എന്ന് ഇവിടെ തുറന്നുപറയുന്നു. അത് കിട്ടുന്നതിനേക്കാൾ നല്ലത് വീട്ടിൽ വെറുതെ ഇരിക്കുന്നതാണ്. പക്ഷേ, പറപ്പൂരിലുള്ള പഞ്ചായത്ത് പിരിച്ചുവിട്ടിട്ട് അങ്ങ് ഈ പ്രസംഗം നടത്തൂ.

ശ്രീ. രാജു എബ്രഹാം: സർ, ഏത് വോട്ടെന്ന് അങ്ങ് ഇപ്പോഴും പറഞ്ഞില്ല. കൊണ്ടോട്ടി തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിൽ തലയിൽ മുണ്ടിട്ട് കുറേ നേതാക്കന്മാർ അവിടെ ചർച്ച നടത്തിയത് കണ്ടതാണ്. ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ദയവുചെയ്ത് പറയരുത്. ഇവിടെ ഞങ്ങളൊക്കെ ബഹുമാനിക്കുന്ന ശ്രീ. പി. ജെ. ജോസഫ്, കേരളം കൊണ്ടുവരുന്ന വലിയൊരു പദ്ധതിയായ സെമി ഹൈസ്പീഡ് റെയിൽ കോറിഡോറിനെ സംബന്ധിച്ച് ഭയപ്പെടുത്തുന്ന വെളിപ്പെടുത്തലുകളാണ് നടത്തിയത്. കേന്ദ്ര റെയിൽവേ ബോർഡ് തത്വത്തിൽ അനുമതി നൽകിക്കഴിഞ്ഞു. ഇനിയുള്ള ആവശ്യം സർവ്വെ റിപ്പോർട്ടാണ്; അതിന് ഏരിയൽ സർവ്വെ നടത്തിക്കഴിഞ്ഞു. ഇനി വേണ്ടത് ഫീസിബിലിറ്റി സ്റ്റഡിയാണ്, അത് നടത്താൻ പോകുന്നു. 66,000 കോടി രൂപ അടങ്കലുള്ള ഇതുപോലുള്ള ഒരു വലിയ പദ്ധതിയെ എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്? അൻപത് വർഷമെങ്കിലും മുമ്പിൽ കണ്ടുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള

ഗവൺമെന്റ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ ഭയപ്പെട്ടിട്ട് കാര്യമില്ല. കാരണം, നമ്പർ വൺ എന്നാണ് കേരളത്തിന്റെ മുദ്രാവാക്യം. ആ മുദ്രാവാക്യം ഒന്നോ രണ്ടോ കാര്യങ്ങളിലല്ല. കേരളാ ബാങ്കിന്റെ കാര്യമെടുത്താൽ, ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ബാങ്കില്ല. കേരളത്തിനാണ് ആദ്യമായി ഒരു ബാങ്ക്. അത് ഒരു ചരിത്ര സംഭവമാണ്. അതേപ്പറ്റി 'നല്ലത്' എന്ന് നിങ്ങൾ ഒരു വാക്കെങ്കിലും പറയുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു, പക്ഷെ പറഞ്ഞില്ല. ലോക കേരള സഭ നിങ്ങൾ ബഹിഷ്കരിച്ചു. പക്ഷെ നിങ്ങൾ ബഹിഷ്കരിച്ചിട്ട് എന്താണ് കാര്യം? കോൺഗ്രസ്സിന്റെ ധാരാളം അംഗങ്ങൾ ലോകകേരള സഭയിൽ പങ്കെടുത്തു. നാൽപ്പത്തിനാല് രാജ്യങ്ങളിലെ നമ്മുടെ പ്രവാസികൾക്ക് അവരുടെ അഭിപ്രായം പറയാൻ കഴിയുന്ന ഏക വേദിയല്ലേ; അതിൽ പങ്കെടുക്കേണ്ടതല്ലായിരുന്നോ? എല്ലാമൊന്നും നമുക്ക് പരിഹരിക്കാൻ കഴിയില്ലെങ്കിലും അവരുടെ പ്രയാസങ്ങളും സങ്കടങ്ങളും കേൾക്കാൻ നിങ്ങൾ ശ്രമിക്കേണ്ടതായിരുന്നില്ലേ? പക്ഷെ ആ ലോകകേരള സഭ ബഹിഷ്കരിച്ചതിലൂടെ നിങ്ങൾ പ്രവാസികളുടെയും കേരളത്തിലെ ജനങ്ങളുടെയും മുമ്പിൽ ഒറ്റപ്പെട്ടുവെന്നാണ് എനിക്ക് വളരെ വിനീതമായി സൂചിപ്പിക്കാനുള്ളത്. നിരവധി കാര്യങ്ങളിൽ കേരളം നമ്പർ വൺ ആണെന്ന് ഞങ്ങൾ വെറുതെ പറയുന്നതാണോ? ഞങ്ങളല്ലല്ലോ പറഞ്ഞത്. ഇവിടെ സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ: 2019-ൽ എഴുപത് പോയിന്റോടെ കേരളം ഒന്നാമതാണ്. സുസ്ഥിര വികസനമാണ് കേരളത്തിന്റെ മുദ്രാവാക്യം. ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിൽ ആധികാരികമായി പറഞ്ഞിട്ടുള്ളതും സുസ്ഥിര വികസനമാണ്. അതുകൊണ്ടാണ് എഴുപത് പോയിന്റോടെ കേരളമാണ് നമ്പർ വൺ എന്ന് നീതി ആയോഗ് പ്രഖ്യാപിച്ചിട്ടുള്ളത്. എത്ര മാനദണ്ഡങ്ങളാണ് അവർ പരിശോധിച്ചത്? ഐക്യരാഷ്ട്രസഭ പറഞ്ഞിട്ടുള്ള പതിനാറ് മാനദണ്ഡങ്ങൾ പരിശോധിച്ചുകൊണ്ടാണ് ഇന്ത്യയിൽ കേരളമാണ് നമ്പർ വൺ എന്ന് പറഞ്ഞിട്ടുള്ളത്. അത് മാത്രമല്ല. അഴിമതി കുറഞ്ഞ സംസ്ഥാനം ഏതാണ്; അത് കേരളമാണ്. Transparency International India, Local Circles എന്നിവർ നടത്തിയ സർവ്വെയിലാണ് ഇത് പറഞ്ഞിരിക്കുന്നത്. ഇന്ത്യാ ടുഡേ നടത്തിയ സർവ്വെയിൽ വിനോദസഞ്ചാരം, പരിസ്ഥിതി, ശുചിത്വം എന്നിവയിൽ കേരളമാണ് നമ്പർ വൺ എന്ന് പറഞ്ഞിരിക്കുന്നു. പ്രളയരക്ഷാ പ്രവർത്തനം, സ്റ്റുഡന്റ്സ് പോലീസ്, HOPE പദ്ധതി (The Home Ownership Plus Education Scheme), പിങ്ക് പോലീസ്, അങ്ങനെ നാല് അവാർഡുകളാണ് കേന്ദ്ര സർക്കാർ സ്റ്റുഡന്റ് പോലീസിന് കൊടുത്തിരിക്കുന്നത്. സൈബർ ഡോം അവാർഡ്പോലെ നിരവധി അവാർഡുകളുടെ ഒരു കുത്തൊഴുക്ക് വരികയാണ്. പാസ്പോർട്ട് വെരിഫിക്കേഷൻ നാൽപ്പത്തിയെട്ട് മണിക്കൂർ മുതൽ നൂറ്റിയിരുപത് മണിക്കൂറിനുള്ളിൽ പരിഹരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു.

അതിന് ക്രിസിൽ എ റേറ്റിംഗ് ലഭിച്ചു. ഇന്ത്യാ രാജ്യത്ത് ക്രിസിൽ എ റേറ്റിംഗ് ആദ്യമായി ലഭിച്ച ഒരു സ്കീമാണിത്. UBI World Mark തുടങ്ങി നിരവധി കാര്യങ്ങളിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണെന്ന് നമ്മൾ അഭിമാനത്തോടെയാണ് ഓർക്കേണ്ടത്. കാരണം, കേരളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത് മാത്രമല്ല; പക്ഷെ കേരളത്തെ നയിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തോടൊപ്പമുള്ള മന്ത്രിമാരും ഗവൺമെന്റും ഇവിടെ അഴിമതി കുറച്ചുകൊണ്ടുവന്ന് കേരളത്തെ ഇന്ത്യാ രാജ്യത്ത് ഒന്നാമതാക്കാൻ നോക്കുകയാണ്. അതുകൊണ്ടാണ് നീതി ആയോഗായാലും കേന്ദ്ര ഗവൺമെന്റായാലും നിവൃത്തിയില്ലാതെ കേരളത്തിന് നമ്പർ വൺ സ്ഥാനം കൊടുക്കുന്നത്. ആരോഗ്യ മേഖലയിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നു. ഈ സ്ഥാനം നീതി ആയോഗാണ് കൊടുത്തിരിക്കുന്നത്. ആരോഗ്യ മേഖലയിൽ ഇരുപത്തിമൂന്ന് ഘടകങ്ങൾ പരിശോധിച്ചുകൊണ്ടാണ് നീതി ആയോഗ് കേരളത്തിന് നമ്പർ വൺ സ്ഥാനം കൊടുത്തിരിക്കുന്നത്. കഴിഞ്ഞ വർഷവും ഈ ബഹുമതി കിട്ടി; അതിന്റെ തുടർച്ചയാണിത്. ദേശീയതലത്തിൽ മികച്ച കുടുംബാരോഗ്യ കേന്ദ്രത്തിനുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ആദ്യത്തെ പന്ത്രണ്ട് എണ്ണവും കേരളത്തിലാണ്. ഇതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. നിശ്ചയദാർഢ്യ ത്തോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായി നമുക്ക് കിട്ടിയതാണിത്. ഭക്ഷ്യ സുരക്ഷാ സൂചിക ഏഴ് സംസ്ഥാനങ്ങൾക്ക് കിട്ടി. അതിൽ കേരളമുണ്ടെന്നത് നമ്മൾ വളരെ അഭിമാനത്തോടുകൂടിയാണ് ഓർക്കേണ്ടത്. ആ കേരളത്തിന്റെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിച്ചു; അതിനെ നിങ്ങൾ വിമർശിച്ചിട്ടുണ്ട്. അതിൽ യു.എ.ഇ. സന്ദർശനത്തിന്റെ റിസൾട്ട് ഞാൻ പറയാം. ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ് മേഖലയിൽ ഡി.പി. വേൾഡ് 3500 കോടി രൂപയുടെ നിക്ഷേപം നടത്താൻ കരാർ ഒപ്പിട്ടിരിക്കുന്നു. ടൂറിസം മേഖലയിൽ ആർ.പി. ഗ്രൂപ്പ് ആയിരം കോടി രൂപയുടെയും റീട്ടെയിൽ മേഖലയിൽ ലുലു ഗ്രൂപ്പ് അധികമായി 1500 കോടി രൂപയുടെയും നിക്ഷേപം നടത്താൻ തീരുമാനിച്ചു. ആരോഗ്യ മേഖലയിൽ ആസ്റ്റർ അഞ്ഞൂറ് കോടി രൂപ അധികം നിക്ഷേപിക്കാൻ തീരുമാനിച്ചിരിക്കുന്നു. ചെറുകിട മേഖലയിലെ സംരംഭകരെല്ലാംകൂടി 3500 കോടി രൂപയുടെ നിക്ഷേപം നടത്താൻ തീരുമാനിച്ചിരിക്കുന്നു. Abu Dhabi Investment Authority (ADIA), കൊച്ചി മെട്രോ ബ്ലിസ് സിറ്റി (കാക്കനാട് 1500 കോടി രൂപ), മാരിടൈം ക്ലസ്റ്റർ, ഇൻഡോ ഹെറിറ്റേജ് എയ്റോപൊളിസ് പ്രൈവറ്റ് ലിമിറ്റഡ് ഇന്റർനാഷണൽ, കിൻഫ്ര ലോജിസ്റ്റിക്സ് പാർക്ക് അങ്ങനെ പട്ടിക നീളുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിട്ടുള്ള വിദേശയാത്രകൾ, കേരളത്തിന് വലിയ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കൊറോണ വൈറസ് പരിശോധിക്കാൻ ഇനി പൂനയിലേയ്ക്ക് പോകേണ്ടതില്ല; ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കാം. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യത്തിലേയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും അമേരിക്ക സന്ദർശിച്ചപ്പോൾ, അവിടത്തെ വൈറോളജിയുമായി ബന്ധപ്പെട്ട ആളുകൾ നമുക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകാൻ തയ്യാറായി. അതിനാണ് വിദേശയാത്ര നടത്തുന്നത്. അതുമാത്രമല്ല, നെതർലന്റുമായി ഏതാണ്ട് അഞ്ച് കരാറുകളാണ് ഒപ്പിട്ടിരിക്കുന്നത്. യൂറോപ്യൻ യാത്രകളിലും മറ്റ് യാത്രകളിലുമൊക്കെ നമ്മുടെ സംസ്ഥാനത്തിനുവേണ്ടി നിരവധി പദ്ധതികൾ കൊണ്ടുവരുന്നുവെന്നുള്ള പ്രാധാന്യമാണ് ഇവിടെ നമ്മൾ കാണേണ്ടത്.

ജപ്പാൻ സന്ദർശനത്തെ പ്രതിപക്ഷനേതാവുപോലും ആദ്യം വിമർശിച്ചു. ഇലക്ട്രിക് വാഹന രംഗത്ത് തോഷിബയുമായുള്ള സഹകരണത്തിലൂടെ ലിഥിയം ടൈറ്റാനിയം ഓക്സൈഡ് ഉപയോഗിച്ചുള്ള ബാറ്ററി സാങ്കേതികവിദ്യ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറും; വലിയ നേട്ടമാണത്. അതടക്കമുള്ള അഞ്ച് കാര്യങ്ങളിലാണ് ജപ്പാൻ യാത്രകൊണ്ട് നമ്മുടെ നാടിന് ഗുണമുണ്ടായിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ, കുസാറ്റുമായി ചേർന്നുള്ള പദ്ധതികളടക്കം നിരവധി പദ്ധതികളാണ് ജപ്പാനിലെ നിരവധി സർവ്വകലാശാലകൾ മുഖ്യമന്ത്രിയുമായി ചർച്ച നടത്തി കരാറിലെത്തിയിരിക്കുന്നത്. അതുപോലെ മെഡിക്കൽ സാങ്കേതികരംഗത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. തികച്ചും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് മുഖ്യമന്ത്രിയും മന്ത്രിമാരും പ്രവർത്തിക്കുന്നത് എന്നുള്ളത് എടുത്ത് പറയേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഡീ അഡിക്ഷൻ സെന്ററിനെ കളിയാക്കി സംസാരിച്ചു. ഇന്ത്യയിൽ ഡീ അഡിക്ഷൻ സെന്റർ ആരംഭിച്ചത് കേരളത്തിൽ മാത്രമാണ്. കേരളത്തിൽ മദ്യപാനികൾ കൂടുതൽ ഉണ്ടായതുകൊണ്ടല്ല; മറിച്ച്, കേരളത്തെ ഒരു യൂറോപ്യൻ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് ഇത് ചെയ്തത്.

ബാർ അടച്ചുപൂട്ടിയതിനെപ്പറ്റി പറഞ്ഞ് നാണംകെടുന്നത് എന്തിനാണ്? ബാർ അടച്ചുപൂട്ടാൻ പണം, അടച്ചുപൂട്ടിയതിന്റെ പേരിൽ പണം, തുറക്കാൻ പണം, തുറന്നതിന്റെ പേരിൽ പണം. ഇങ്ങനെ കൊടിയ അഴിമതിയല്ലേ കേരളം കണ്ടത്; ബാറിനെപ്പറ്റി മിണ്ടാൻ നിങ്ങൾക്ക് എന്തെങ്കിലും യോഗ്യതയുണ്ടോ? ഒരു യോഗ്യതയുമില്ല. വിദ്യാഭ്യാസ മേഖലയെപ്പറ്റി ഇവിടെ പലരും പരാമർശിക്കുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ 76 പോയിന്റാണ് നമുക്ക് കിട്ടിയിരിക്കുന്നത്. ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മികച്ച സംഭാവനകൾ

നൽകിയ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നു. ബി.ജെ.പി. ഭരിക്കുന്ന യു.പി. 36.6 പോയിന്റോടുകൂടി ഏറ്റവും അവസാനമാണ്. ആ നേട്ടം എങ്ങനെ കേരളത്തിനുണ്ടായി? അതിനെ രാഷ്ട്രീയമായി നിങ്ങൾ എതിർത്തോളൂ. പക്ഷെ നമ്മുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളല്ലേ; കേരളത്തിന്റെ നന്മയ്ക്കുവേണ്ടിയല്ലേ; നാൽപ്പത്തിയാറായിരം ക്ലാസ് മുറികൾ നന്നാക്കുമ്പോൾ അവിടെ കമ്മ്യൂണിസ്റ്റുകാർ മാത്രമാണോ പഠിക്കുന്നത്; ആ മനോഭാവം നിങ്ങൾക്ക് ഉണ്ടാകണ്ടേ? നല്ല കാര്യങ്ങൾ ചെയ്താൽ അത് നല്ല കാര്യമാണെന്ന് പറയാനുള്ള മനഃസ്ഥിതി ദയവുചെയ്ത് നിങ്ങൾക്ക് ഉണ്ടാകുമെങ്കിൽ മാത്രമെ നിങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ നിൽക്കാൻ കഴിയുകയുള്ളൂ.

വിലക്കയറ്റം തടഞ്ഞുനിർത്താൻ 13 തരം സാധനങ്ങളുടെ വിലയിൽ ഒരു രൂപ പോലും കൂട്ടില്ലെന്ന് ഞങ്ങൾ ആദ്യംതന്നെ പറഞ്ഞു. മാത്രവുമല്ല, ചെറുപയറിനും ഉവരപ്പരിപ്പിനും മാവേലി സ്റ്റോറുകളിൽ വില കുറയ്ക്കുകയും ചെയ്തു. 2013-ൽ നിങ്ങൾ കൊടുക്കേണ്ടിയിരുന്ന റേഷൻ കാർഡുകൾ നിങ്ങൾ കൊടുത്തില്ല. ആരാണ് കൊടുത്തത്; ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ റേഷൻ കാർഡുകൾ മുഴുവനും വിതരണം ചെയ്തത്? ഇപ്പോൾ ഇ-റേഷൻ കാർഡ് കൊടുക്കാനുള്ള തീരുമാനം ഗവർണർ പ്രഖ്യാപിച്ചിരിക്കുന്നു. അടുത്തതായി 108 ആബുലൻസിന്റെ കാര്യം പറയാം. നിങ്ങളുടെ കേന്ദ്രമന്ത്രിമാരും അവരുടെ മക്കളും നടത്തിയ കുംഭകോണം പോലെയാണോ 108 ആംബുലൻസ് ഇവിടെ ഓടുന്നത്? പാവപ്പെട്ട ആളുകൾക്ക് സഞ്ചരിക്കാനാണ് 108 ആംബുലൻസ്. അത് ആളുകൾ രണ്ട് കൈകളും നീട്ടി സ്വീകരിക്കുകയാണ്. കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ചുകൊണ്ട് കേരള പോലീസ് പുതിയ നിയമം കേരളത്തിൽ നടപ്പാക്കി. കേരളത്തിൽ നടപ്പാക്കിയതുപോലെ കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് കത്ത് എഴുതിയിരിക്കുകയാണ്. കേരളമാണ് മാതൃക; കേരളത്തെക്കണ്ട് പഠിക്കണം. പാലാരിവട്ടംപാലം പോലെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഞങ്ങൾ കൊണ്ടുവരുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞിനെതിരെ കേസ്സെടുക്കാൻ ഗവർണർ അനുമതി കൊടുത്തിരിക്കുകയാണ്.

രണ്ട് ലക്ഷം വീടുകൾ കൊടുക്കും എന്നുപറഞ്ഞു. നിങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം എത്ര വീടുകൾ കൊടുത്തു; സംസ്ഥാന ബജറ്റ് ഉപയോഗിച്ചുകൊണ്ട് നിങ്ങൾ കേരളത്തിൽ വീട് കൊടുത്തോ? ഇ.എം.എസ്. ഭവന പദ്ധതിയെ നിങ്ങൾ ചവിട്ടിത്താഴ്ത്തി അതിനുപകരം പദ്ധതി കൊണ്ടുവരുമെന്ന് പറഞ്ഞു. നിങ്ങൾ കൊണ്ടുവന്നില്ല. നിങ്ങൾ പി.എം.എ.വൈ. പദ്ധതി പ്രകാരമുള്ള വീടുകൾ മാത്രമാണ് കൊടുത്തത്. അവിടെയാണ് ഈ ഗവൺമെന്റ് ലൈഫ് മിഷൻ മുഖേന

രണ്ട് ലക്ഷം വീടുകൾ നിർമ്മിച്ചതും വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച 16000 വീടുകൾ പുനർനിർമ്മിച്ചുകൊടുത്തതും. അതാണ് കേരളം. സി.എം.ഡി.ആർ.എഫ്. വഴി ആദ്യമായി ഒരു മുഖ്യമന്ത്രി റോഡുകൾക്ക് 1000 കോടിയിലേറെ രൂപ കൊടുക്കുകയാണ്. എവിടെയാണ് പണം എന്നല്ലേ നിങ്ങൾ ചോദിച്ചത്? അവിടെയാണ് കേരളത്തിലേയ്ക്ക് വന്നിട്ടുള്ള മാറ്റം. ആ മാറ്റത്തെ നിങ്ങൾ കാണണം. അഞ്ച് വർഷം ഭരിച്ചിട്ട് നാഷണൽ ഹൈവേയുടെ ഒരു സെന്റീമീറ്റർ നാലു വരിയാക്കിയോ നിങ്ങൾ? ഇവിടെ ഞങ്ങൾ 600 കിലോമീറ്റർ വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുപ്പിനുവേണ്ടി 5374 കോടി രൂപ നൽകിക്കഴിഞ്ഞിരിക്കുന്നു. അഞ്ച് തവണ ഒരു മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെ പോയി കാണുകയാണ്. അഞ്ചാം തവണ കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്ഗരി ദേഷ്യപ്പെട്ട് ഉദ്യോഗസ്ഥന്മാരോട് പറഞ്ഞു 'ഫയൽ കൊണ്ടുവരൂ' എന്ന്; എന്നിട്ട് ഒപ്പിട്ടു. 600 കിലോമീറ്റർ നാഷണൽ ഹൈവേയാണ് വികസിപ്പിക്കുന്നത്. അതാണ് കേരളം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. രാജു എബ്രഹാം: കേരളത്തിനുവേണ്ടി, കേരളത്തെ കാണുന്ന, കേരളത്തിലെ ജനങ്ങളെ കാണുന്ന, 50 വർഷം മുന്നിൽകണ്ടുകൊണ്ട് കേരളത്തെ മുന്നോട്ട് നയിക്കാൻ ഒരു ഗവൺമെന്റുണ്ട്. നടക്കില്ലെന്ന് കരുതിയ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാകാൻ പോകുന്നു. നിങ്ങൾ മുടക്കിയ 800 മെഗാവാട്ടിന്റെ പവർ ഹൈവേ പദ്ധതി ഉദ്ഘാടനം ചെയ്തു. അത് നന്നായി എന്ന് പറയണ്ടേ? ഇ. കെ. നായനാർ തുടങ്ങിവച്ച കണ്ണൂർ എയർപോർട്ട് ശ്രീ. പിണറായി വിജയൻ പൂർത്തിയാക്കി. അവിടെ കളിപ്പാട്ട വിമാനമല്ല ഇറക്കിയത്. മെട്രോ റെയിലിന്റെ റെയിൽ പാളത്തിന് മുകളിൽ കമ്പി വച്ച് ഉദ്ഘാടനം ചെയ്തതാണോ..... (ബഹളം).... 1996-ലാണ് കണ്ണൂർ എയർപോർട്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചത്....(ബഹളം).... നിങ്ങൾ നിയമസഭാ രേഖകൾ പരിശോധിക്കൂ.

മി. സ്പീക്കർ: പ്ലീസ് പ്ലീസ്... കൺക്ലൂഡ്.

ശ്രീ. രാജു എബ്രഹാം: ഞാൻ അവസാനിപ്പിക്കാം. കൊച്ചി വ്യവസായ ഇടനാഴി അടക്കം കേരളത്തിന്റെ സമഗ്ര മേഖലയിലും വികസനം കൊണ്ടുവന്നു. കേരളത്തിന്റെ സമഗ്രമായ മുന്നേറ്റത്തിനുവേണ്ടി ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ഒരു സർക്കാരിന്, ഗവർണർ അവതരിപ്പിച്ച ദീർഘവീക്ഷണത്തോടുകൂടിയുള്ള കാഴ്ചപ്പാടുകൾ, 50 വർഷം മുൻപിൽ കണ്ടുകൊണ്ടുള്ള കേരളത്തെ സൃഷ്ടിക്കുവാൻ, അഴിമതിയും ധൂർത്തും സോളാറുമൊക്കെയായി അഞ്ച് വർഷം അരങ്ങ് തകർത്ത നിങ്ങളുടെ നാണംകെട്ട ഭരണമല്ല; മറിച്ച് അഴിമതിയില്ലാത്ത മന്ത്രിമാരെ ഇന്ത്യാരാജ്യത്തിന് കാഴ്ചവച്ചുകൊണ്ട്, ഈ രാജ്യത്തിന് ഒരു പ്രശ്നം

നേരിട്ടാൽ മതനിരപേക്ഷതയിൽ ഉറച്ചുനിന്നുകൊണ്ട്, ഇന്ത്യാ രാജ്യത്തെ നയിക്കാൻ ഞങ്ങൾക്ക് ഒരു മുഖ്യമന്ത്രിയുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന ഒരു കേരളത്തിലാണ് നമ്മൾ ജീവിക്കുന്നത്. നിങ്ങൾ അതിനെ തകർക്കാനും തമ്മിലടിപ്പിക്കാനും നോക്കി. ഒരുമിച്ച് നിൽക്കില്ല എന്ന് പറഞ്ഞാൽ ജനങ്ങൾ നിങ്ങളെ പുറങ്കാലുകൊണ്ട് തട്ടിത്തെറിപ്പിക്കും. അത് ഓർമ്മ വേണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എല്ലാ രംഗത്തും പൂർണ്ണമായി പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. നാല് വർഷത്തെ ഭരണംകൊണ്ട് എന്തെങ്കിലുമൊരു നേട്ടം ഉയർത്തിപ്പിടിക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. അഴിമതിയിലും സ്വജനപക്ഷപാതത്തിലും കെടുകാര്യസ്ഥതയിലും മുങ്ങിത്താഴുന്ന ഒരു സർക്കാർ ഗവർണറെക്കൊണ്ട് പറയിച്ച കാര്യങ്ങളൊന്നും കഴിഞ്ഞകാലത്ത് നടപ്പായിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. വിശന്നു വലഞ്ഞ് കുട്ടികൾ മണ്ണ് വാരിത്തിന്നുന്ന ഒരു കേരളമാണിതെന്ന് ദുഃഖത്തോടുകൂടി ഓർമ്മിക്കേണ്ട അവസരമാണിത്. സി.പി.ഐ.(എം.)-കാരനായ ശിശുക്ഷേമസമിതി അദ്ധ്യക്ഷൻ ശ്രീ. ദീപക് ആ സത്യം പറഞ്ഞപ്പോൾ അയാളെ പുറത്താക്കി. അത് ന്യായീകരിച്ചയാളിന് ചീഫ് സെക്രട്ടറിയുടെ പദവി കൊടുത്തു. ഇതാണ് പുതിയ സംസ്കാരം. പുതിയ ഏതെങ്കിലും ഒരു വൻകിട വികസന പദ്ധതി കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ വൻകിട പദ്ധതികളൊക്കെ വെള്ളത്തിലാക്കുകയാണ് ചെയ്തത്. വിഴിഞ്ഞം പദ്ധതി കഴിഞ്ഞ ഡിസംബർ 4-ന് പൂർത്തിയാകേണ്ടതായിരുന്നു; ഇതുവരെ തീർന്നില്ല. ഇനി എന്ന് തീരുമെന്ന് അറിയുകയുമില്ല. പുലിമുട്ടിന്റെ നിർമ്മാണം മൂന്നിലൊന്നുപോലും കഴിഞ്ഞിട്ടില്ല. ഇവിടെ ശ്രീ. രാജു എബ്രഹാം പറഞ്ഞ നാഷണൽ ഹൈവേയുടെ പണി എന്തായെന്നാണ് ചോദിക്കുന്നത്. ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി മുടന്തി മുടന്തി മുന്നോട്ട് പോകുകയാണ്. ഈ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയും നാഷണൽ ഹൈവേ വികസനവും സമരം ചെയ്ത് മുടക്കാൻ മുൻകയ്യെടുത്ത ആളുകളാണ് ഇന്ന് അത് നടത്താൻവേണ്ടി മുന്നോട്ട് വരുന്നതെന്ന് നമ്മൾ കാണണം. തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി അട്ടിമറിച്ചു. ശ്രീ. ഇ. ശ്രീധരനെ ഓടിച്ചുവിട്ടശേഷം അത് സർക്കാർ സ്വന്തമായി നടത്തുമെന്ന് പറഞ്ഞു. ഇപ്പോൾ അതിന്റെ സ്ഥിതിയെന്തായി? വൻകിട അടിസ്ഥാന വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ 1643.30 കോടി രൂപയിൽ 66.13 കോടി രൂപ കൊച്ചി മെട്രോയ്ക്ക് നൽകി. 4.82 കോടി രൂപ കണ്ണൂർ എയർപോർട്ടിനുവേണ്ടി ചെലവഴിച്ചു. ബാക്കി 1572.35 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഇതാണ് സർക്കാരിന്റെ വികസന താൽപ്പര്യം. കഴിഞ്ഞ

മൂന്ന് വർഷങ്ങളിലെ ബജറ്റിലും നയപ്രഖ്യാപനങ്ങളിലും ഗവർണർമാരെക്കൊണ്ട് പ്രസംഗിപ്പിച്ച കാര്യങ്ങളിൽ നടപ്പാക്കാത്ത 30 കാര്യങ്ങളുടെ ലിസ്റ്റുകൾ ഞാൻ കണ്ടെത്തിയിട്ടുള്ളത് എന്റെ കയ്യിലുണ്ട്. സമയക്കുറവ് കാരണം ഞാൻ പറയുന്നില്ല. ഇത്തവണത്തെ നയപ്രഖ്യാപനത്തിലും വാഗ്ദാനങ്ങളുടെ പെരുമഴയാണുണ്ടായത്. അടുത്ത തവണ ഇത് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ നമുക്കിത് വീണ്ടും പറയേണ്ടിവരും. ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ പണ്ട് ഒരു പരസ്യമുണ്ടായിരുന്ന 'All Steel no gas' ഈ ഗവൺമെന്റ് അത് തിരിച്ച് വിട്ടിരിക്കുകയാണ് 'All gas no steel'. വെറും വാചകമടി മാത്രം. കേന്ദ്ര ബജറ്റിനേക്കാൾ കൂടുതൽ നിക്ഷേപം കേരളത്തിൽ കൊണ്ടുവന്നെന്നാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത്. എവിടെയാണ് ഇത്? നാലുപാടും നോക്കുമ്പോൾ നമുക്കത് കാണാൻ കഴിയുന്നില്ല. കേരള ജനത കഴിഞ്ഞ രണ്ട് വർഷം ദുരന്തങ്ങളിൽനിന്നും ദുരന്തങ്ങളിലേയ്ക്കായിരുന്നു പോയത്. ഓഖി ഉണ്ടായി, ആ ദുരന്തത്തിൽപ്പെട്ട് കഷ്ടപ്പെട്ട ആളുകൾക്ക് സഹായം കൊടുത്തിട്ടുണ്ടോ? രണ്ട് വർഷവും രണ്ട് മാസവും കഴിഞ്ഞു. വൻ വാഗ്ദാനങ്ങൾ ചൊരിഞ്ഞതല്ലാതെ ഒന്നും ചെയ്തില്ല. മത്സ്യത്തൊഴിലാളികൾക്ക് ജീവിതം വീണ്ടെടുത്ത് നൽകാൻ എന്തു ചെയ്തു? അവരുടെ പ്രതിനിധികൾ കഴിഞ്ഞ ദിവസമാണ് എന്നെ വന്നു കണ്ട് നിവേദനം നൽകിയത്. ഓഖിക്കുവേണ്ടി ഗവൺമെന്റ് ചെയ്ത വാഗ്ദാനങ്ങൾ ഒന്നും നടപ്പാക്കിയിട്ടില്ല. ഓഖിക്ക് ശേഷം വന്ന രണ്ട് നയപ്രഖ്യാപനങ്ങളിലും രണ്ട് ബജറ്റുകളിലും വാഗ്ദാന പെരുമഴയുണ്ടായി. 2018-19-ലെ ബജറ്റിൽ 2000 കോടി രൂപയുടെ തീരദേശ പുനരധിവാസ പാക്കേജ്, 2019-20-ൽ 1000 കോടി രൂപയുടെ തീരദേശ പാക്കേജ്; ഒന്നും ഉണ്ടായില്ല. നയപ്രഖ്യാനത്തിലും ബജറ്റിലും പറഞ്ഞ കാര്യങ്ങൾ വെള്ളത്തിലായി. ഹോളിവുഡിൽ സ്പൈഡർമാനും ബാറ്റ്സ്മാനും അയൺമാനും ഉണ്ടെങ്കിൽ മൂന്നും ചേർന്നൊരു 'മെൻ' കേരളത്തിലുണ്ട് അത് 'ഫിഷർമെൻ' ആണെന്ന് ഇത്തവണത്തെ നയപ്രഖ്യാനത്തിൽ അവരെ പ്രശംസിക്കുന്നുണ്ട്. പക്ഷെ അവർക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല. പ്രശംസ മാത്രമേയുള്ളൂ.

2.00 P.M.]

വീട് നഷ്ടപ്പെട്ടവർക്കെല്ലാം വീട് നൽകുമെന്ന് പറഞ്ഞു, കൊടുത്തില്ല. പരിക്കേറ്റവരുടെ കുട്ടികൾക്ക് ജോലി നൽകുമെന്നുപറഞ്ഞു, അതും കൊടുത്തില്ല. 46 പേർക്ക് വല നിർമ്മാണ ഫാക്ടറിയിൽ താൽക്കാലിക ജോലി കൊടുത്തുവെന്നാണ് ഇപ്പോൾ പറയുന്നത്. തീരദേശ സേനയിൽ നിയമിക്കുമെന്ന് പറഞ്ഞെങ്കിലും നടന്നില്ല. സുരക്ഷാ ജാക്കറ്റുകളും എല്ലാവർക്കും കിട്ടിയില്ല. തീരദേശത്തുനിന്നും അൻപത് മീറ്ററിനുള്ളിൽ മാറ്റി പാർപ്പിക്കുമെന്ന് പറഞ്ഞു, അതും നടന്നില്ല. ഇത്തവണ 280 കോടി രൂപയുടെ Integrated Coastal Zone Management

പദ്ധതി നടപ്പാക്കുമെന്നാണ് പ്രഖ്യാപനം. രണ്ട് പ്രളയമുണ്ടായതിൽ ആദ്യത്തേത് മനുഷ്യ നിർമ്മിതമായ പ്രളയമായിരുന്നു. പുതിയ കേരളം നിർമ്മിക്കുമെന്ന് പറഞ്ഞിട്ട് എവിടെ പോയി? നവകേരളം എവിടെ? പ്രളയത്തിനുശേഷം പുതിയൊരു കേരളമുണ്ടാകുമെന്ന് പറഞ്ഞ് നിങ്ങൾ പ്രഖ്യാപിച്ച പദ്ധതിയെന്താണെന്ന് അറിയാമോ; ആ പദ്ധതി പത്രത്തിൽ വന്നപ്പോൾ ആളുകൾ ചിരിക്കുകയാണ്, ഞാൻ അതിലേയ്ക്ക് വരാം. 2018 ആഗസ്റ്റിലെ പ്രളയം കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളെയും ബാധിച്ചെങ്കിൽ 2019-ൽ വയനാട്ടിൽ മലയിടിച്ചിലും ഉരുൾപൊട്ടലുമാണുണ്ടായത്. പ്രളയമുണ്ടായി ആറുമാസം കഴിഞ്ഞിട്ടും കവളപ്പാറയിലെ ജനങ്ങൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പിലാണ്. ആനുകൂല്യങ്ങൾ കിട്ടാത്തതിനാലും പുനരധിവാസം വൈകിപ്പി ക്കുന്നതിനാലും കവളപ്പാറയിലെ ജനങ്ങൾ ഇപ്പോൾ ഹൈക്കോടതിയിൽ ഹർജി കൊടുത്തിരിക്കുന്നു. കവളപ്പാറ കോളനി കൂട്ടായ്മയുടെ കൺവീനർ ശ്രീ. ദിലീപാണ് കോടതിയെ സമീപിച്ചത്. ഇതാണോ സർക്കാരിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള പുനരധിവാസം? 'മല എലിയെ പ്രസവിച്ചുവെന്ന് ' പറഞ്ഞതുപോലെയാണ് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നത്. പുതിയ കേരളമുണ്ടാക്കുമെന്നാണ് പറഞ്ഞത്. റോഡ് നന്നാക്കൽ, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതി പൂർത്തിയാക്കൽ, വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും ബ്രഹ്മപുരത്ത് ഒരു പാലം നിർമ്മിക്കൽ ഇതൊക്കെയാണ് റീ ബിൽഡ് കേരളയുടെ പദ്ധതി. സമഗ്രമായ ഒരു റീ ബിൽഡ് കേരളയുണ്ടാകുമെന്ന് പറഞ്ഞ് പ്രഖ്യാപിച്ച പദ്ധതികളാണ് ഞാൻ ഈ പറഞ്ഞത്. എവിടെ പുതിയ കേരളം? വാചകമടിക്കാൻ എളുപ്പമാണ്. പ്രളയത്തിനുശേഷം പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയ പണംപോലും മുഴുവൻ ചെലവഴിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. വേൾഡ് ബാങ്കിൽനിന്ന് ആദ്യ ഗഡുവായി കിട്ടിയ 1700 കോടി രൂപ ശമ്പളവും പെൻഷനും കൊടുക്കാൻവേണ്ടി വക മാറ്റി ചെലവഴിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. 4750.8 കോടി രൂപയാണ് ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയത്. ചെലവാക്കിയത് 2630 കോടി രൂപയാണ്. ഇപ്പോഴും കയ്യിൽ വച്ചിരിക്കുന്നുവെന്ന് പറഞ്ഞത് 2120 കോടി രൂപയാണ്. പകുതിപോലും ചെലവഴിച്ചില്ല. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ പ്രളയ ദുരിതാശ്വാസത്തിന് കേന്ദ്രം നൽകിയത് 1192.80 കോടി രൂപയാണ്. അതും ചെലവഴിച്ചിട്ടില്ല. മഹാപ്രളയമുണ്ടായിട്ടും കേരളത്തിന് കേന്ദ്ര സർക്കാരിൽനിന്നും അർഹമായ സഹായം ലഭിച്ചില്ലെന്നുള്ളത് വസ്തുതയാണ്. 30,000 കോടി രൂപയുടെ നഷ്ടമാണ് ഒന്നാം പ്രളയത്തിലുണ്ടായത്. കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടത് 5616 കോടി രൂപയും നൽകിയത് 2904 കോടി

രൂപയുമാണ്. അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് അടുത്ത ഗഡു കിട്ടിയിട്ടില്ല. ആരുടെ കുറ്റമാണ്. കിട്ടിയ ധനസഹായത്തിന് കേന്ദ്രത്തിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയത് 2019 ഡിസംബറിലും 2020 ജനുവരിയിലുമായിരുന്നു. ഇതുകാരണം 2019-ലെ രണ്ടാം പ്രളയത്തിന് കേന്ദ്രത്തിൽനിന്നും ഒരു പൈസപോലും ധനസഹായം കിട്ടിയിട്ടില്ല. ഇതാണ് സർക്കാരിന്റെ കാര്യക്ഷമത. റീ ബിൽഡ് കേരളയുടെ വായ്പ ധൂർത്തടിച്ചു. ഇതുപോലെ ധനകാര്യ മാനേജ്മെന്റിന്റെ പിടിപ്പുകേടും ഗവൺമെന്റിന്റെ അവധാനതയില്ലായ്മയും സംസ്ഥാന സർക്കാരിനെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. കേന്ദ്രം നമ്മെ ശിക്ഷിക്കുന്നുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ ആദ്യ റിപ്പോർട്ടിൽത്തന്നെ കേന്ദ്രം നമ്മെ അവഗണിച്ചിരിക്കുന്നു. നമ്മെ മാത്രമല്ല, കേരളമുൾപ്പെടെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾക്ക് തിരിച്ചടിയുണ്ടായിരിക്കുന്നു. ഏതായാലും ബജറ്റ് ചർച്ചയിൽ ആ കാര്യങ്ങൾ പറയാം. സംസ്ഥാനത്തെ മന്ത്രിമാരുടെ എയർ ടിക്കറ്റ് എടുത്തതിൽപോലും പണം തിരിച്ചുകൊടുക്കാൻ കഴിയാത്ത അവസ്ഥയാണ്. സ്റ്റാമ്പിന്റെ വാർത്തകൾ പുറത്തുവന്നതിനുശേഷമാണ് നമ്മൾ കൊടുക്കുന്ന കത്തുകൾ സ്റ്റാമ്പ് ഒട്ടിച്ചയയ്ക്കാൻ കഴിഞ്ഞത്. ഹാൻവീവ് അടച്ചുപൂട്ടാൻ പോകുകയാണെന്ന് സി.ഐ.ടി.യു.-വിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. സഹദേവൻ ഇന്ന് പറഞ്ഞിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവരാണ്. 1000 ബസ് കൊടുക്കുമെന്ന് പറഞ്ഞു, സ്കൂളുകളിലെ ഉച്ചക്കഞ്ഞിപോലും മുടങ്ങുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ നീർച്ചുഴിയിൽ ആണ്ടു കിടക്കുമ്പോഴും ധൂർത്തിനും അഴിമതിക്കും ഒരു കുറവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പതിമൂന്ന് വിദേശയാത്രകൾ നടത്തി. ഏറ്റവും ഒടുവിൽ നവംബറിൽ ജപ്പാനിലും ദക്ഷിണ കൊറിയയിലുമാണ് പോയത്. ഇവിടെ ശ്രീ. രാജു എബ്രഹാം കുറേ കാര്യങ്ങളൊക്കെ ഉന്നയിക്കുന്നത് കേട്ടു. അദ്ദേഹം പോയ യാത്രകൾക്കുള്ള ഒരു പ്രയോജനവും കേരളത്തിന് ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇവിടെ നാല് ക്യാബിനറ്റ് പദവികൾ ഈ സർക്കാർ സൃഷ്ടിച്ചു. ഭരണപരിഷ്കാര കമ്മീഷൻ, മുന്നോക്ക സമുദായ കമ്മീഷൻ ചെയർമാൻ, ഡൽഹിയിലെ ലെയ്സൺ ഓഫീസർ, അഡ്വക്കേറ്റ് ജനറൽ. ഞാൻ ഡൽഹിയിൽ പോയസമത്ത് ഡൽഹിയിലെ ലെയ്സൺ ഓഫീസറോട് ചോദിച്ചപ്പോൾ നാല് ദിവസമേ ഡൽഹിയിലുള്ളൂവെന്നും ബാക്കിയെല്ലാ ദിവസവും കേരളത്തിലാണെന്നുമാണ് പറഞ്ഞത്. ഭരണപരിഷ്കാര കമ്മീഷന് 6 കോടി രൂപ കൊടുത്തു. ഭരണപരിഷ്കാര കമ്മീഷൻ അഞ്ച് റിപ്പോർട്ടുകൾ കൊടുത്തെങ്കിലും ഒരു

വരിപോലും ഈ ഗവൺമെന്റ് നടപ്പാക്കിയില്ല. ആഗോള നിക്ഷേപ സംഗമം നടന്നു; ഞങ്ങളെ ആരെയും വിളിച്ചില്ല; അവസാനമാണ് ശ്രീ. ഇ. പി. ജയരാജൻ എന്നെ വിളിച്ചത്; അതുകൊണ്ട് ഞാൻ പരാതി പറയുന്നില്ല. ലോക നിക്ഷേപ സംഗമത്തിൽ പറഞ്ഞ കാര്യങ്ങൾ കേട്ടാൽ നമ്മുടെ ഈ സംസ്ഥാനത്ത് ഇത്രയും വലിയ വിദേശ നിക്ഷേപം വരുമോയെന്ന് അത്ഭുതപ്പെട്ടുപോകും. എല്ലാവരും വാരിക്കോരി നിക്ഷേപങ്ങൾ കൊണ്ടുവരുമെന്ന് പറഞ്ഞിരിക്കുകയാണ്. ഏതായാലും മൂന്നര വർഷമായി ഒരു രൂപയുടെ നിക്ഷേപവും കേരളത്തിൽ വന്നിട്ടില്ല. ഇനി വരുമെന്നുള്ളതിന് ഉറപ്പുമില്ല. ഇപ്പോൾ ലുലുഗ്രൂപ്പിന്റെ മാൾ തുടങ്ങുന്നുവെന്നാണ് പറയുന്നത്. കൊച്ചിയിലും തിരുവനന്തപുരത്തും ലുലു ഗ്രൂപ്പ് അവരുടെ മാൾ നേരത്തെ തുടങ്ങിയതാണ്. തിരുവനന്തപുരത്ത് മാളിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ആർ. പി. ഗ്രൂപ്പ് ഹോട്ടൽ തുടങ്ങാൻ നേരത്തെ പ്ലാനിട്ടതാണ്. അതൊക്കെ നിങ്ങളുടെ അക്കൗണ്ടിൽ എഴുതി വയ്ക്കേണ്ട. ശ്രീ. ആസാദ് മൂപ്പൻ തിരുവനന്തപുരത്ത് ആശുപത്രി തുടങ്ങാൻ അഞ്ചുവർഷം മുമ്പ് പ്ലാനിട്ടതാണ്. അതെല്ലാം നിങ്ങളുടെ അക്കൗണ്ടിൽ എഴുതി വച്ചിരിക്കുകയാണ്. കുഴപ്പമില്ല, നല്ല കാര്യമാണ്. കഴിഞ്ഞ ലോക മലയാളി സമ്മേളനത്തിന് 5 കോടി രൂപയാണ് ചെലവായത്. ഈ വർഷത്തെ കണക്ക് വന്നിട്ടില്ല. നവീകരിക്കാൻ 18 കോടിയെന്നാണ് പറഞ്ഞത്. ഞാൻ ഏതായാലും അങ്ങയെ അഭിനന്ദിക്കുകയാണ്. ഇത്തവണ പദ്ധതി നിർവ്വഹണത്തിന് റിക്കോർഡ് സൃഷ്ടിച്ചിരിക്കുന്നത് നിയമസഭയാണ്. വകയിരുത്തിയിരിക്കുന്നത് 110 ലക്ഷം രൂപ, ചെലവാക്കിയത് 1434 ലക്ഷം രൂപയും. 1304 ശതമാനവും അങ്ങ് ചെലവഴിച്ചു. നിയമസഭയല്ലാതെ ഒരു ഡിപ്പാർട്ടുമെന്റും ഇത്രയും കൂടുതൽ തുക ചെലവഴിച്ചിട്ടില്ല. അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

പിൻവാതിൽ നിയമനങ്ങൾ കേരളത്തിൽ വ്യാപകമായി നടക്കുന്നു. സി.പി.ഐ.(എം) ഭരിക്കുന്ന മന്ത്രിമാരുടെ വകുപ്പുകളിൽ പിൻവാതിൽ നിയമനങ്ങൾ. ലിസ്റ്റ് വേണമെങ്കിൽ ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കൊടുക്കാം. അദ്ദേഹത്തിന് അറിയുമോയെന്ന് അറിയില്ല. സി-ഡിറ്റിൽ ഡയറക്ടറായി മുൻ രാജ്യസഭാ എം.പി.-യുടെ ഭർത്താവിനെ നിയമിച്ചതിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിശദീകരണം ചോദിച്ചിരിക്കുന്നു. ഞങ്ങളാരുമല്ല പരാതി കൊടുത്തത്. ഭരണകക്ഷി യൂണിയന്റെ പ്രവർത്തകനായ സി.പി.ഐ.(എം)-ന്റെ കുണ്ടറ പെരുമ്പുഴ ബ്രാഞ്ച് സെക്രട്ടറി ശ്രീ. മോഹന ചന്ദ്രനാണ് കോടതിയെ സമീപിച്ചത്. ശ്രീ. ഇ. പി. ജയരാജൻ തുടങ്ങിവച്ചു, ഇപ്പോൾ ബന്ധു നിയമനങ്ങൾ തകൃതിയായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പിൻവാതിൽ നിയമനങ്ങൾ പി.എസ്.സി.-യെ നോക്കുകുത്തിയാക്കിക്കൊണ്ട്

നടക്കുന്നു. കൊലയാളികളെ രക്ഷിക്കാൻവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചു. അത് ഞാൻ പറയുന്നില്ല. ശാസ്ത്രീയമായി അഴിമതി നടത്തുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അഴിമതി എങ്ങനെ നടത്താമെന്നുള്ള പാഠം ഇവരിൽനിന്നാണ് പഠിക്കേണ്ടത്. കെ.എസ്.ഇ.ബി.-യുടെ ട്രാൻസ്ഗ്രിഡ് പദ്ധതി; ബഹുമാന്യനായ ഗവർണറെ കാണാൻ ഞാൻ അനുവാദം ചോദിച്ചിരിക്കുകയാണ്. ഇതുവരെ എനിക്ക് അനുവാദം നൽകിയിട്ടില്ല. ഗവർണറെ കാണുന്നതിൽ തെറ്റൊന്നുമില്ല. 450 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 710 കോടി രൂപയ്ക്ക് കരാർ നൽകി.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ തുടങ്ങിയിട്ടേയുള്ളൂ. ജനങ്ങളുടെ നികുതിപ്പണം യാതൊരു തത്വദീക്ഷയുമില്ലാതെ ഈ പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നു. ഞാൻ ആവർത്തിക്കുന്നു; കോടികളുടെ അഴിമതിയാണ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? കിഫ്ബി ധൂർത്തിന്റെയും അഴിമതിയുടെയും പര്യായമായി മാറുന്നു. കിഫ്ബിയിലും കിയാലിലും ഓഡിറ്റ് വേണ്ടേ? എന്താണ് ഓഡിറ്റ് വയ്ക്കാത്തത്. ഓഡിറ്റുണ്ടെങ്കിൽ വസ്തുതകളും അഴിമതിയും പുറത്തുവരും. കിഫ്ബിയിലെ ധൂർത്തിന്റെ കണക്കു നോക്കണം. കിഫ്ബിക്ക് വർഷംതോറും 25 കോടി രൂപയാണ് ചെലവ്. ഓഫീസ് വാടക 7 ലക്ഷം രൂപ, സ്ഥിരം സ്റ്റാഫ് 42 പേർ, കരാർ നിയമനം 117, ചീഫ് സെക്രട്ടറിയേക്കാൾ കൂടുതൽ ശമ്പളം വാങ്ങുന്ന രണ്ട് പേരാണ് സി.ഇ.ഒ.-യും പ്രോജക്ട് ഓഫീസറും. വിജിലൻസ് കേസ്സിൽ പ്രതിയായ ഒരാളിനെ കിഫ്ബിയുടെ ഓംബുഡ്സ്മാനായി കഴിഞ്ഞ ദിവസം പുതിയതായി നിയമിച്ചിരിക്കുകയാണ്. നിയമസഭയോടും അസംബ്ലിയോടും ബാദ്ധ്യതയില്ലാത്ത ഒരു സ്വതന്ത്ര സാമ്രാജ്യമായി കിഫ്ബി മാറിയിരിക്കുന്നു. ജില്ലകൾ തോറുമുള്ള പരിപാടിക്കായി എത്ര ലക്ഷം രൂപയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. മാർക്ക് ദാനം മുതൽ സംസ്ഥാനത്ത് നടന്ന പ്രവർത്തനങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. സ്വജന പക്ഷപാതത്തിനും അഴിമതിക്കും മറ്റ് തെളിവുകൾ ആവശ്യമുണ്ടോ; അദാലത്ത് നടത്തേണ്ടെന്ന് ബഹുമാന്യനായ ഗവണ്ണർ പറഞ്ഞിട്ട് അദാലത്ത് നടത്തിയത് തെറ്റല്ലേ; ഇനിയും ഞാൻ ലംഘിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം ലംഘിക്കട്ടെ, ഉന്നതവിദ്യാഭ്യാസ രംഗം കുളംതോണ്ടി. കേരളത്തിലെ സർവ്വകലാശാല പരീക്ഷകളിലും പരീക്ഷ പേപ്പറുകളുടെ പരിശോധനയിലുമെല്ലാം വൻതോതിൽ പിശകുണ്ടെന്ന വാർത്ത പുറത്തുവന്നിരിക്കുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്ക് രക്ഷയില്ലാത്ത അവസ്ഥയാണ്. പെൺകുട്ടികളെ കഴുത്തറുത്ത് കൊല്ലുകയോ വെട്ടിക്കൊല്ലുകയോ തീവച്ച് കൊല്ലുകയോ ചെയ്യുന്നത് നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. ഒരു പോലീസുകാരിയെ പോലീസുകാരൻ മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തിയ സംഭവം കേരളത്തിലാണുണ്ടായത്. നമ്മുടെ നാട്ടിൽ വ്യാപകമായ തോതിൽ അക്രമങ്ങൾ വർദ്ധിച്ചുവരുന്നു. പ്രണയം നിരസിച്ചതിന് എട്ട് കുട്ടികളെ കൊലപ്പെടുത്തി. കൊലപാതകങ്ങളും ഗുണ്ടാ അക്രമങ്ങളും മാഫിയ സംഘങ്ങളും അഴിഞ്ഞാടുകയാണ്.

ഹൈടെക് ക്ലാസ് റൂമുകളുടെ കാര്യം എന്തായി; പാമ്പുകടിയേറ്റ് പാവപ്പെട്ട കുട്ടികൾ മരിക്കുന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. രണ്ട് കമ്പ്യൂട്ടർ വച്ചാൽ ഹൈടെക് ആകുകയില്ലെന്ന കാര്യം പ്രൊഫ. സി. രവീന്ദ്രനാഥിന് അറിയാമോയെന്ന് എനിക്കറിയില്ല. രണ്ട് കമ്പ്യൂട്ടർ സ്കൂളിൽ വച്ചാൽ അതെങ്ങനെ ഹൈടെക് ആകും? മോദി ഭരണത്തിനുകീഴിൽ ഇന്ത്യയിൽ ഹാപ്പിനസ് ഇൻഡക്സ് കുറഞ്ഞു വരികയാണെന്നാണ് അന്താരാഷ്ട്ര പഠനങ്ങൾ കാണിക്കുന്നത്. പിണറായി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലും സന്തോഷമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നുള്ളത് നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് വന്ന കാര്യങ്ങൾ പരിശോധിച്ചാൽ ഇന്ത്യയിൽ ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ട് പോകുകയാണെന്നാണ് ഇന്ത്യാ ടുഡേയുടെ സർവ്വേ സൂചിപ്പിക്കുന്നത്. അങ്ങ് അത് വായിക്കണം, ഈ സർവ്വേ വായിക്കേണ്ട ഒരു കാര്യമാണ്. '...seats NDA is likely to lose owing to the 4 per cent decline in its vote share compared to the Lok Sabha results in May 2019' എന്നാണ് പറഞ്ഞിരിക്കുന്നത്. 2019 മേയ് മാസത്തിൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിനെക്കാൾ പൗരത്വ നിയമ ഭേദഗതിക്കുശേഷം എൻ.ഡി.എ. ഗവൺമെന്റിന് വോട്ടിന്റെ നാല് ശതമാനം ഷെയർ കുറഞ്ഞിരിക്കുന്നു. ഏഴ് മാസംകൊണ്ട് നാല് ശതമാനം വോട്ടിന്റെ ഷെയർ കുറയുകയും 50 സീറ്റുകൾ നഷ്ടപ്പെട്ടതായും കാണുന്നു. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും വലിയ ജനാധിപത്യ വിരുദ്ധ നടപടിയുമായി പോകുന്ന ആർ.എസ്.എസ്., ബി.ജെ.പി. സർക്കാരിനെതിരായി ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരക്കുന്ന കാഴ്ച കാണാൻ കഴിയുന്നു. ഈ സമരത്തിനുമുന്നിൽ കോൺഗ്രസ്സാണ്. ഇന്ത്യയിലെ മതേതര ശക്തികളെ ഒരുമിപ്പിച്ചുകൊണ്ട് ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും നയത്തിനെതിരായി കോൺഗ്രസ് ദേശീയതലത്തിൽ പോരാട്ടം തുടരുകയാണ്. ആ പോരാട്ടത്തിനുമുന്നിൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും അണിനിരത്തുക എന്നുള്ളതാണ് ഞങ്ങളുടെ ഉത്തരവാദിത്വം. ശ്രീമതി സോണിയ ഗാന്ധിയുടെയും

ശ്രീ. രാഹുൽ ഗാന്ധിയുടെയും നേതൃത്വത്തിൽ പോരാട്ടം തുടരുകയാണ്. ഭരണഘടനയെയും മതേതര മൂല്യങ്ങളെയും വെല്ലുവിളിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായുള്ള പേരാട്ടം ശക്തിപ്പെടുത്തുക എന്നുള്ളതാണ് നമ്മുടെ ആവശ്യം. അതിന് ദേശീയതലത്തിൽ നേതൃത്വം കൊടുക്കാൻ ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു മാത്രമാണ് കഴിയുന്നത്. അതിന് നേതൃത്വം കൊടുക്കാൻ കഴിയുന്ന രാഷ്ട്രീയ നേതാക്കൻമാർ കോൺഗ്രസ്സിലെ ശ്രീമതി സോണിയ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയുമാണ്. പോരാട്ടം ഇനിയും ശക്തിപ്പെടുത്തണം. ഝാർഖണ്ഡിലെയും ഹരിയാനയിലെയും മഹാരാഷ്ട്രയിലെയും തെരഞ്ഞെടുപ്പുവിധികൾ എന്താണ് കാണിക്കുന്നത്? ഈ രാജ്യത്ത് ബി.ജെ.പി.-ക്ക് എതിരായി അതിശക്തമായ ജനവികാരം ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. എല്ലാ മതേതര ജനാധിപത്യ കക്ഷികളെയും യോജിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാനുള്ള ചരിത്രപരമായ ദൗത്യമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിറവേറ്റുന്നത്. കേരളത്തിൽ പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട രാഷ്ട്രീയ മുതലെടുപ്പിന് ഞങ്ങൾ തയ്യാറല്ല, ഞങ്ങൾക്ക് അതിന്റെ ആവശ്യവുമില്ല. ഇതിനകത്ത് രാഷ്ട്രീയം കാണാതെ ജനങ്ങളെ ഒറ്റക്കെട്ടായി അണിനിരത്തുക എന്നുള്ളതാണ് ലക്ഷ്യം. ആ ലക്ഷ്യമാണ് ഞങ്ങൾ നിറവേറ്റിയിട്ടുള്ളത്. ആരാണ് മുമ്പേ ആരാണ് പിമ്പേ എന്നുള്ള ഓട്ട മത്സരം ഇവിടെയില്ല. ഭരണഘടനയെ വെല്ലുവിളിക്കുന്നത് ബഹുമാന്യനായ ഗവർണറാണെങ്കിലും ശ്രീ. നരേന്ദ്ര മോദിയാണെങ്കിലും അവർക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തും. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഗവർണറാണ് കേരളത്തിലുള്ളത്. നിങ്ങൾക്ക് ആ ഗവർണറെ എങ്ങനെ സ്വീകാര്യമായെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ആ ഗവർണർ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും നിങ്ങളെന്തിനാണ് ന്യായീകരിക്കുന്നത്; എന്തിനാണ് ആ ഗവർണറെ നിങ്ങൾ പിന്താങ്ങുന്നത്? ഇന്ത്യയിൽ ഗവർണർമാരെ ഉപയോഗിച്ചു കൊണ്ട് വളരെ നീചമായ തരത്തിൽ പുലർച്ചെ 4 മണിക്ക് ഒരു മുഖ്യമന്ത്രിയെ സത്യപ്രതിജ്ഞ ചെയ്യിക്കാൻ ഒരു ഗവർണർ മുന്നോട്ടുവരികയാണ്. കേട്ട് കേൾവിയുണ്ടോ; കർണ്ണാടകയിലെ ഒരു ഗവൺമെന്റിനെ താഴെയിറക്കാൻവേണ്ടി ഗവർണർ ചെയ്ത നടപടികൾ നാം കണ്ടതാണ്.

മി. സ്പീക്കർ: പ്ലീസ്...... സമയം.....പ്ലീസ്......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഫെഡറലിസത്തെ ദുർബ്ബലപ്പെടുത്തുന്ന ഏതൊരു നീക്കവും ഏത് ഗവർണറുടെ ഭാഗത്തുനിന്നുണ്ടായാലും ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും രാഷ്ട്രീയം അതിന്റെ പിന്നിലുണ്ടെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

എപ്പോഴും ഗവർണറുമായി പോരാടണമെന്ന് പറയുന്നില്ല. എന്നാൽ ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും അജണ്ട നടപ്പാക്കാൻ ഗവണ്ണർ വന്നാൽ, 'no I will oppose' എന്നു പറയാനുള്ള ധാർമ്മികബോധം കേരളത്തിലെ മുഖ്യമന്ത്രി കാണിക്കേണ്ടതായിരുന്നു. അത് കാണിക്കാത്തതിലാണ് ഞങ്ങളുടെ പ്രതിഷേധം. അത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രതിഷേധമാണ്. നാട്ടിൽ ഗവണ്ണർ ചെയ്യുന്നത് തെറ്റായ കാര്യങ്ങളാണെങ്കിൽ തെറ്റാണെന്ന് പറയും. നിങ്ങളല്ലേ വാർഡ് വിഭജനത്തിന് ഒപ്പിടരുതെന്ന് ആവശ്യപ്പെട്ടതെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. അത് ഞാൻ പറഞ്ഞതാണ്. അതിനുകാരണം, അത് കോടതി വിധിക്ക് എതിരാണ്. ബില്ലിന്റെ ചർച്ചയിൽ അത് സംബന്ധിച്ച് ഞാൻ സഭയിൽ പറയും. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുണ്ട്; മാത്രമല്ല, സെൻസസ് ബോർഡ് ഡയറക്ടറേറ്റിന്റെ തീരുമാനവുമുണ്ട്. കോൺസ്റ്റിറ്റ്യൂവൻസികൾ മരവിപ്പിച്ചിരിക്കുകയാണ്. അങ്ങനെ നിങ്ങൾ നിയമവിരുദ്ധമായി ഒരു തീരുമാനമെടുത്താൽ ബഹുമാന്യനായ ഗവണ്ണർ ഒപ്പ് വയ്ക്കരുതെന്ന് പറയാനുള്ള എല്ലാ സ്വാതന്ത്ര്യവും പ്രതിപക്ഷനേതാവെന്ന നിലയിൽ എനിക്കുണ്ട്. ഞാൻ അങ്ങനെ ചെയ്തില്ലെങ്കിൽ, Otherwise I will be failing in my duty, അത് നാളെയും ചെയ്യും. അതിന്റെ അർത്ഥം ബഹുമാന്യനായ ഗവർണറോട് എന്റെ അഭിപ്രായ വ്യത്യാസങ്ങൾ അവസാനിക്കുന്നു എന്നല്ല, 'As far as he is the Hon'ble Governor of Kerala it is my bounden duty to express my views and also pointing out the illegality of the State Government. അതെന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് നാളെയാണെങ്കിലും ഗവണ്ണർ തെറ്റ് ചെയ്താലും ഗവൺമെന്റ് തെറ്റ് ചെയ്താലും ചൂണ്ടിക്കാണിക്കും. അതിനെതിരായുള്ള പോരാട്ടം തുടരുകയും ചെയ്യും. കേരളത്തിലെ ജനങ്ങൾ വിഡ്ഢികളൊന്നുമല്ല. അവർ അത് മനസ്സിലാക്കുന്നുണ്ട്. മതേതരത്വത്തെയും മതന്യൂനപക്ഷങ്ങളെയും സംരക്ഷിക്കാൻ മറ്റ് ആരെക്കാളും കൂടുതലായി കോൺഗ്രസ് പാർട്ടിയും യു.ഡി.എഫ്.-ഉം മുന്നിലുണ്ടായിരിക്കുമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പ്രതിപക്ഷത്തുനിന്നുള്ള ചർച്ചയിൽ പങ്കെടുത്ത് സംസാരം തുടങ്ങിയ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രസംഗം അവസാനിപ്പിച്ച ബഹുമാന്യനായ പ്രതിപക്ഷ നേതാവും പ്രളയ ദുരിതാശ്വാസമെന്ന നിലയ്ക്ക് CMDRF-ൽ ലഭിച്ച തുക ചെലവഴിക്കാതിരുന്നുവെന്ന് ഉന്നയിച്ചിരുന്നു. പ്രളയ ദുരിതാശ്വാസത്തിന്റെ അടിസ്ഥാനത്തിൽ 4,509 കോടി 58 ലക്ഷം രൂപയാണ് സർക്കാരിന് ലഭിച്ചത്. അതിൽ 2,630 കോടി 69 ലക്ഷം രൂപ ഇതുവരെ അനുവദിക്കുന്ന നിലയുണ്ടായിട്ടുണ്ട്. ദുരന്തങ്ങളിൽ തകരാത്ത കേരളത്തെ നിർമ്മിച്ചെടുക്കാനുള്ള പുനർനിർമ്മാണ പദ്ധതി ലക്ഷ്യം വച്ചുകൊണ്ടാണ് ഈ തുക ചെലവഴിക്കുന്നത്.

ഇത് ഒന്നോ രണ്ടോ മാസംകൊണ്ട് പൂർത്തിയാകുന്ന പ്രക്രിയയല്ല. രണ്ടോ മൂന്നോ വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന ഒന്നാണ്. ആ ഒരു ഘട്ടത്തിൽ മാത്രമേ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയൂവെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 961 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഈ തുകയാകെ കയ്യിൽവച്ച് അങ്ങനെയിരിക്കുകയാണെന്ന നിലയിൽ ചിന്തിക്കേണ്ടതായിട്ടില്ല. മനുഷ്യ മഹാശൃംഖലയുടെ കാര്യവും മറ്റും പറഞ്ഞു. അതിനെ സംബന്ധിച്ച് പിന്നീട് സംസാരിക്കാം.

ലൈഫ് പദ്ധതിയെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ ഇവിടെ രണ്ട് ഭാഗം പറഞ്ഞു. അതിൽ ഒന്ന്, ലൈഫ് പദ്ധതിയിൽ വളരെ ചെറിയൊരു ഭാഗം മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്ന രീതിയിലാണ് പറഞ്ഞത്. ലൈഫ് പദ്ധതിയിൽ ഇപ്പോൾത്തന്നെ ഒരുലക്ഷത്തി എൺപത്തയ്യായിരം വീടുകൾ പൂർത്തിയായിക്കഴിഞ്ഞു. ഈ മാസം അവസാനിക്കുമ്പോൾ അത് രണ്ടുലക്ഷം വീടുകളായി മാറുമെന്നാണ് കണക്കാക്കുന്നത്. നേരത്തെ ബഹുമാന്യനായ ഒരംഗം സംസാരിക്കുമ്പോൾ - PMAY-യുടെ തുക കേന്ദ്രത്തിൽനിന്നും കിട്ടുന്നു, അത് കേരളത്തിന്റേതാണെന്ന് പറയുന്നു, എട്ടുകാലി മമ്മൂഞ്ഞിന്റെ വേഷം കെട്ടുകയാണ് എന്നൊക്കെ പറയുകയുണ്ടായി. PMAY പദ്ധതിപ്രകാരം കേന്ദ്രത്തിൽനിന്നും ഗ്രാമപ്രദേശങ്ങൾക്ക് കിട്ടുന്നത് 72,000 രൂപയാണ്. 4 ലക്ഷം രൂപയിൽനിന്നും 72,000 രൂപ കുറച്ചാൽ എത്ര വേണമെന്ന് അറിയാമല്ലോ; അത് മുഴുവൻ സംസ്ഥാനമാണ് കൊടുക്കുന്നത്. 3,28,000 രൂപ സംസ്ഥാനം വഹിക്കുകയാണ്. യഥാർത്ഥത്തിൽ അത് PMAY എന്നു പറയേണ്ട കാര്യമില്ല. ലൈഫ് പദ്ധതി ആരംഭിച്ചതുതന്നെ ഇത്തരം പദ്ധതികളിൽ ഏതെല്ലാം വകുപ്പുകൾ പണം ചെലവിടുന്നുണ്ടോ അതെല്ലാംകൂടി ഒന്നിച്ച് സമാഹരിച്ച് ഒരു പദ്ധതി നടപ്പാക്കുക എന്നുദ്ദേശിച്ചുകൊണ്ടാണ്. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളെല്ലാംകൂടി ഏകോപിപ്പിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്. ഓരോ വകുപ്പും നേരത്തെ നടപ്പാക്കിയിട്ടുണ്ട്. ആ സമയം കേന്ദ്രത്തോടും പറഞ്ഞു, അന്ന് പ്രധാനമന്ത്രിയെയും കണ്ട് പറഞ്ഞു, ഇങ്ങനെയൊരു പദ്ധതിയുണ്ട്, ഇതിന്റെ ഭാഗമായി അത് മാറണം. അതിൽ എന്തോ വലിയ സംഖ്യ അവിടെനിന്നും വരികയാണ് എന്നൊരു തെറ്റിദ്ധാരണ ആ കാര്യത്തിൽ ഉണ്ടാകേണ്ടതായിട്ടില്ല. രാഷ്ട്രീയമായി ഭരണപക്ഷവും പ്രതിപക്ഷവുമായിരിക്കുമ്പോൾ ഭരണപക്ഷത്തോടുള്ള വിപ്രതിപത്തി എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കും. പ്രതിപക്ഷം ഭരണപക്ഷത്തെ വിമർശിക്കുന്നതിൽ അസ്വാഭാവികതയുമില്ല. അതിന്റെ ഭാഗമായി കിഫ്ബി പോലൊരു പദ്ധതിയെ ആകെ അപഹസിക്കുന്ന, അതിനെ ആകെ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? നമ്മുടെ സംസ്ഥാനത്ത് ഇതുവരെയുള്ള കണക്കെടുത്താൽ ആദ്യം പ്രതീക്ഷിച്ചിരുന്നത്, 50,000 കോടി

രൂപയുടെ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കണമെന്നാണ്. ഇതുവരെയുള്ള കണക്കെടുത്താൽ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. അതായത്, 5 വർഷംകൊണ്ട് 50,000 കോടി രൂപ എന്നുപറഞ്ഞത് ഇപ്പോൾത്തന്നെ കടന്നിരിക്കുന്നു എന്നർത്ഥം. ഇതിൽ പൂർത്തിയായത് എന്താണെന്ന് ചോദിക്കുന്നുണ്ട്. എല്ലാ പദ്ധതിയും ഒന്നിച്ച് പൂർത്തിയാകുമോ? ഏത് പദ്ധതിയും ഘട്ടം ഘട്ടമായല്ലേ പൂർത്തിയാകുകയുള്ളൂ. ഒരു റോഡ് നിർമ്മാണം, അത് പ്രഖ്യാപിച്ച ഉടനെ പൂർത്തിയാകുമോ? നമുക്കറിയില്ലേ അതിന്റെ ഓരോ ഘട്ടവും. ഇവിടെ 32 സ്കൂളുകളുടെ നിർമ്മാണം, 39 ഡയാലിസിസ് സെന്ററുകൾ, 4 കാത്ത് ലാബുകൾ, 3 ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ, 6 കുടിവെള്ള പദ്ധതികൾ, 7 റോഡുകൾ, 8 സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ് എന്നിവയെല്ലാം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. 13,591 കോടി രൂപയുടെ 347 പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 305 പ്രോജക്ടുകളിലായി 10,855 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 4587 കോടി രൂപ ഇതുവരെ വിവിധ പദ്ധതികൾക്കായി കിഫ്ബി ചെലവഴിച്ചിട്ടുമുണ്ട്. നമ്മുടെ കൺമുന്നിലുള്ള ചില യാഥാർത്ഥ്യങ്ങളില്ലേ; കൊച്ചി പെട്രോ കെമിക്കൽ പാർക്കിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം 977.47 കോടി രൂപ എസ്.പി.വി. ആയ കിൻഫ്രയ്ക്ക് കൈമാറണമായിരുന്നു. ആ പണം കിഫ്ബിയാണ് കൈമാറിയത്. സംസ്ഥാനം വഹിക്കേണ്ട ആ ബാദ്ധ്യത കിഫ്ബിയാണ് വഹിച്ചത്. അതുപോലെതന്നെയാണ് ദേശീയപാതാ വികസനത്തിന്റെ കാര്യവും. ദേശീയപാതാ വികസനത്തിൽ അവസാനം തർക്കം തീർന്നത് ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ചെലവിൽ 25 ശതമാനം സംസ്ഥാനം വഹിക്കാമെന്ന് സമ്മതിച്ചുകൊണ്ടാണ്. ആ 25 ശതമാനം തുകയുടെ ആദ്യഗഡു, 5,374 കോടി രൂപയുടെ ആദ്യഗഡു കിഫ്ബി കൈമാറിക്കഴിഞ്ഞു. ഇതൊക്കെ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടിയുള്ളതല്ലേ; കിഫ്ബിയുടെ പ്രവർത്തനം പരിശോധിച്ചാൽ അതിന്റെ കാര്യക്ഷമതയും സുതാര്യതയും എല്ലാവരും അംഗീകരിക്കുന്നതാണല്ലോ; അഖിലേന്ത്യാ പ്രശസ്തരും അന്താരാഷ്ട്ര തലത്തിൽ പ്രശസ്തി നേടിയിട്ടുള്ളവരുമാണല്ലോ കിഫ്ബിയുടെ തലപ്പത്തിരിക്കുന്നത്. അതുതന്നെയാണല്ലോ അതിനുള്ള പ്രത്യേക അംഗീകാരത്തിനും കാരണം. നാം കാണുന്ന ഒരു യാഥാർത്ഥ്യം, ഒട്ടേറെ വിദേശ നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപിക്കാനായി താൽപ്പര്യം പ്രകടിപ്പിച്ചുവരുന്നുണ്ട്. അതിനുകാരണം ഈ വിശ്വാസ്യതയാണ്. എന്തിനാണ് ഇതൊക്കെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്; ഭരണപക്ഷത്തോടുള്ള വിപ്രതിപത്തി നമുക്ക് മനസ്സിലാക്കാം. അതിന് കിഫ്ബിക്കെതിരെ ഇത്തരത്തിലുള്ള അടിസ്ഥാന രഹിതമായ ആരോപണങ്ങളുടെ പുകമറ നിരന്തരം സൃഷ്ടിക്കാനാണോ ശ്രമിക്കേണ്ടത്; നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന വികസന പദ്ധതികളിൽ ഏതെങ്കിലും തരത്തിലുള്ള ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ; എല്ലാ നിയമസഭാ

മണ്ഡലങ്ങളിലും വികസനപദ്ധതികൾ നടക്കുകയല്ലേ; അതിനുള്ള പണം കണ്ടെത്തുന്നത് കിഫ്ബി എന്ന ധനസ്രോതസ്സിലൂടെയല്ലേ; നാളിതുവരെ ഉണ്ടാകാത്ത ഇത്തരമൊരു വികസന മുന്നേറ്റം ജനങ്ങളെ ബോദ്ധ്യപ്പെടുത്താനല്ലേ സാധാരണഗതിയിൽ തയ്യാറാകേണ്ടത്. അതിൽ പ്രതിപക്ഷത്തിനുള്ള വിഷമം നമുക്ക് മനസ്സിലാക്കാം. കാരണം, ഒരു സർക്കാരിന്റെ ഭാഗമായി ഇത്തരം നടപടികളുണ്ടാകാൻ പാടുണ്ടോയെന്ന് അവർ ചിന്തിക്കുന്നുണ്ടാകാം. അങ്ങനെയാണോ ചിന്തിക്കേണ്ടത്; നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ അത്തരമൊരു ചിന്തയാണോ നയിക്കേണ്ടത്. ഇനി എന്തെങ്കിലും എതിർപ്പ് സർക്കാരിനോട് ഉണ്ടായാൽത്തന്നെ ഇതുപോലൊരു പദ്ധതിക്കുവേണ്ടി പണം കണ്ടെത്തുന്ന ഒരു ഏജൻസിയെ ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും അതിന്റെ യശസ്സ് മുഴുവൻ കെടുത്തിക്കളയുന്ന തരത്തിലുള്ള പുകമറ സൃഷ്ടിക്കുക, അതിനെതിരെ ആരോപണങ്ങൾ ഉയർത്തുക, അതാണോ വേണ്ടത്? ഇത്തരമൊരു പ്രചരണം ഈ രീതിയിൽ നടക്കുമ്പോൾ എന്താണ് ഇതെന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾ അറിയണമല്ലോ. അതുകൊണ്ടാണ് വികസന ബോധവൽക്കരണ പരിപാടി കേരള നിർമ്മിതി എന്ന പേരിൽ എല്ലാ ജില്ലകളിലും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് എങ്ങനെയാണ് സംഘടിപ്പിക്കുന്നത്; അവിടെ ഭരണപക്ഷവും പ്രതിപക്ഷവുമൊന്നുമില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നുമില്ലാതെതന്നെ എല്ലാ മണ്ഡലങ്ങളിലെയും ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലാണ് ഓരോ പ്രവർത്തനവും വിലയിരുത്തുന്നത്. എത്രത്തോളമായി; എന്താണ് ഇനി കുറവുള്ളത്; ആ പ്രശ്നങ്ങളാണ് പരിഹരിച്ചുപോകുന്നത്. അതിന്റെ വിശദാംശങ്ങൾ സാമൂഹിക മാധ്യമങ്ങളിലടക്കം പ്രചരിപ്പിക്കുകയാണ്. ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം സംസ്ഥാനത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയാണ്. ഇത്തരമൊരു സുതാര്യ നയമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഒരു കാര്യംകൂടി വ്യക്തമാക്കുകയാണ്: ഫണ്ട് അനുവദിച്ച് പിന്നെ ഇഷ്ടംപോലെ നടന്നോട്ടെ എന്നൊരു നിലയല്ല, അത് കയ്യുംകെട്ടി നോക്കിനിൽക്കുന്ന ഒരു സമീപനമല്ല സ്വീകരിക്കുന്നത്. പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. അതിനാവശ്യമായ കർശന നടപടികളും ഇതിനോടൊപ്പംതന്നെ ഉണ്ടാകുന്നുണ്ട്. ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ഉണ്ടാകുകയാണെങ്കിൽ അത് അപ്പോൾത്തന്നെ നിർത്തിവയ്പിക്കുകയാണ്. അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അവയെ പ്രവൃത്തിപഥത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നുകൂടി സൂചിപ്പിക്കുകയാണ്.

നമ്മുടെ നാടും രാജ്യവും അന്താരാഷ്ട്ര സമൂഹവുമൊക്കെ അംഗീകരിക്കുന്ന ഇ.എം.എസ്.-നെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് കടന്ന കയ്യായിപ്പോയി. ആ തരത്തിൽ ഒരു സംസാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഒരാളുടെ ഭാഗത്തുനിന്ന് പ്രതീക്ഷിച്ചിരുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ നിയമസഭയിൽ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പറയാറില്ല. രണ്ടാം ലോക മഹായുദ്ധകാലത്ത് റഷ്യ ബ്രിട്ടനോടൊപ്പം ചേർന്നു. നമ്മുടെ രാജ്യത്ത് 'ക്വിറ്റ് ഇന്ത്യാ' സമരം നടക്കുന്ന സന്ദർഭമാണത്. ബ്രിട്ടനോടൊപ്പം ചേർന്നപ്പോൾ റഷ്യ നിലപാട് മാറ്റി. അവർ ബ്രിട്ടന്റെ പക്ഷത്തേക്ക് മാറിയപ്പോൾ ബ്രിട്ടീഷുകാർക്കെതിരെ നമ്മൾ നടത്തിക്കൊണ്ടിരുന്ന സമരങ്ങളിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള അവസാനത്തെ സമരമായ 'ക്വിറ്റ് ഇന്ത്യാ' സമരം നടന്നുകൊണ്ടിരിക്കുകയാണ്. 'ക്വിറ്റ് ഇന്ത്യാ' സമരത്തിൽ നിന്നും അന്നത്തെ പാർട്ടി പിൻവാങ്ങി. അതിന് ആ സമയത്ത് അവർക്കെന്തെങ്കിലും ന്യായീകരണങ്ങൾ ഉണ്ടാകാം. അന്തർദ്ദേശീയമായി ഉണ്ടായ പ്രശ്നങ്ങളും യുദ്ധത്തോടുള്ള സമീപനവുമായിരിക്കാം പിൻവാങ്ങാൻ കാരണം. പിൻവാങ്ങിക്കഴിഞ്ഞപ്പോൾ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും സമരരംഗത്തുനിന്ന് മാറി. ആ സന്ദർഭത്തിൽ നടത്തിയ നടപടികളെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. ആ പരാമർശത്തിന് അപ്പുറത്തേക്ക് ഞാൻ പോയിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് വേറൊരു അദ്ധ്യായമാണ്; അത് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്കിനെക്കുറിച്ചാണ്. കോൺഗ്രസ് സമ്മേളനത്തിൽ ആദ്യമായി സമ്പൂർണ്ണ സ്വാതന്ത്ര്യം അഥവാ പൂർണ്ണ സ്വരാജ് എന്ന മുദ്രാവാക്യം ഉയർത്തിയത് ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു. അന്ന് ആ നിർദ്ദേശം സമ്മേളനം അംഗീകരിച്ചിരുന്നില്ല; പിന്നീടാണ് കോൺഗ്രസ് അംഗീകരിച്ചത്. കോൺഗ്രസിന്റെ ചരിത്രമെന്നത് വെറും കോൺഗ്രസ് പാർട്ടി മാത്രമുള്ളതല്ല. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ള ഒന്നാണത്. അക്കാലം മുതൽക്കേ കമ്മ്യൂണിസ്റ്റുകാർ എല്ലാ ഘട്ടത്തിലും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നുണ്ട്, അവസാന ഘട്ടംവരെ അതിനുവേണ്ടി പോരാടിയിരുന്നു. അത് ആർക്കും നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. ഇ.എം.എസ്സിനെ ഞാൻ പറഞ്ഞ് മഹത്വവത്കരിക്കേണ്ട കാര്യമില്ല. നമ്മുടെ നാടും രാജ്യവും അന്താരാഷ്ട്ര സമൂഹവുമടക്കം കേരളത്തിൽ നിന്ന് പേരുകൾ വരുമ്പോൾ ഇ.എം.എസ്. എന്താണ്, ആരാണ് എന്നെല്ലാമുള്ളത് അംഗീകരിക്കുന്ന കാര്യമാണ്. അദ്ദേഹത്തെക്കുറിച്ച് അങ്ങനെയൊരു പരാമർശം നടത്താൻ പാടില്ലായിരുന്നുവെന്നുള്ളതാണ് എന്റെ അഭിപ്രായം.

ലോക കേരള സഭയെക്കുറിച്ച് പ്രതിപക്ഷത്തിന് വല്ലാത്ത തെറ്റിദ്ധാരണ വന്നിരിക്കുകയാണ്. പ്രതിപക്ഷത്തിനാകെ അത്തരമൊരു തെറ്റിദ്ധാരണ ഉണ്ടെന്ന് പറയാൻ കഴിയില്ല. കാരണം അതുമായി സഹകരിക്കണമെന്ന അഭിപ്രായക്കാർ പ്രതിപക്ഷത്തുണ്ടെന്നത് എല്ലാപേർക്കും അറിയാവുന്ന വസ്തുതയാണ്.

എങ്ങനെയാണ് ഇത് ധൂർത്താണെന്ന് പറയാൻ സാധിക്കുന്നത്? നമ്മൾ എല്ലാപേരും അംഗീകരിച്ചാണ് ലോക കേരള സഭ തുടങ്ങിയത്. നമ്മൾ എല്ലാപേരും പങ്കെടുത്തുകൊണ്ട് ആദ്യത്തെ ലോക കേരള സഭ നടത്തുകയും ചെയ്തു. ഇക്കാര്യത്തിൽ മാത്രമല്ല മറ്റ് പല കാര്യങ്ങളിലും രാഷ്ട്രീയമായുള്ള യോജിപ്പ് പാടില്ലെന്ന നിലപാട് പിന്നീടൊരു ഘട്ടത്തിൽ കോൺഗ്രസിനകത്ത് ഉണ്ടായപ്പോൾ അതിന്റെയെല്ലാം ഭാഗമായി ലോകകേരള സഭയിൽ നിന്ന് വിട്ടുനിൽക്കുന്ന അവസ്ഥയാണുണ്ടായത്. പ്രവാസികളെല്ലാം പ്രാഞ്ചിയേട്ടൻ മാരാണെന്ന് കാണുന്ന അവസ്ഥ നിങ്ങളുടെ കൂട്ടത്തിലെ ചിലർക്ക് ഉണ്ടാകുകയാണ്, അത് പാടില്ല. നാടിനുവേണ്ടി കഷ്ടപ്പെട്ട് പണിയെടുക്കുന്ന പ്രവാസികൾക്ക് നമ്മുടെ വികസനങ്ങളിൽ ഇടപെടുന്നതിനുള്ള ഒരു സാഹചര്യം ഒരുക്കുന്നതാണ് ലോക കേരള സഭ. കോർപ്പറേറ്റുകൾക്ക് നികുതിയിളവിനുവേണ്ടി എല്ലാക്കാലത്തും പരിശ്രമിച്ചവർക്ക് എങ്ങനെയാണ് ലോക കേരള സഭയെ ധൂർത്തെന്ന് പറയുവാൻ സാധിക്കുന്നത്. പ്രവാസികളിൽ മഹാ ഭൂരിഭാഗവും നമ്മുടെ നാട്ടിൽത്തന്നെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷേ, അവർക്ക് ജീവ സന്ധാരണാർത്ഥം രാജ്യംവിട്ട് പോകേണ്ടതായിവന്നു. അൻപത് ലക്ഷത്തിലേറെ വരുന്ന പ്രവാസികളെയാണ് നാം ചേർത്തുപിടിക്കാൻ ശ്രമിച്ചത്. ഇവരിൽ പലരും എല്ലാ കാര്യത്തിലും കേരളത്തോടൊപ്പം നിൽക്കുന്നവരാണ്. കേരളത്തെക്കുറിച്ച് നമുക്കുള്ളതിനേക്കാൾ കൂടുതൽ വികാരം പുറത്ത് നിൽക്കുന്നവർ പലപ്പോഴും പ്രകടിപ്പിക്കുന്നുവെന്നത് നമ്മുടെ അനുഭവമാണ്. അത്തരത്തിലുള്ളവരെ നമ്മൾ ചേർത്തുപിടിക്കുമ്പോൾ അത് ധൂർത്താണെന്ന് പറയാൻ സാധിക്കുമോയെന്ന് നിങ്ങൾ ആലോചിക്കണം. നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. ഭരണപക്ഷത്തോട് പ്രതിപക്ഷത്തിന് അഭിപ്രായ വ്യത്യാസം ഉണ്ടാകും. പക്ഷേ, നമ്മുടെ ഈ സഹോദരങ്ങളെ, നാടിന്റെ പച്ചപ്പിനിടയാക്കുന്ന പ്രവാസികളെ അത്തരത്തിൽ ആക്ഷേപിക്കുന്നത് ശരിയല്ല.

കഴിഞ്ഞ ലോക കേരളസഭയിലെ ചർച്ചയിൽ ചിലർ പറയുന്നത് ഞാൻ കേട്ടു, നിങ്ങളെല്ലാവരും അവിടെ വരുന്നുണ്ട്- അതായത് നമ്മളെല്ലാവരും അവരുടെ അടുത്ത് ചെല്ലുന്നുണ്ട്. ഞങ്ങൾ ഒരു വകഭേദവും കാട്ടാതെ നിങ്ങളെല്ലാവരെയും സ്വീകരിക്കുന്നുണ്ട്. നിങ്ങൾ കേരളത്തിൽ നിന്ന് വരുന്നവരെന്ന നിലയ്ക്ക് ഞങ്ങൾ സ്വീകരിക്കുന്നു. ഞങ്ങൾ കേരളത്തിലേയ്ക്കു വരുമ്പോൾ നിങ്ങൾക്ക് അത്ര സ്വീകാര്യമായി തോന്നുന്നില്ല, ഞങ്ങൾ നിങ്ങൾക്ക് അസ്പൃശ്യരായിട്ട് മാറുകയാണല്ലേയെന്ന് അവർ വേദനയോടെ ചോദിക്കുന്നത് കേട്ടു. ആ വേദന നാം കാണണം, നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. അത് പ്രവാസി സമൂഹത്തിന്റെ വേദനയാണ്. അത് നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞാൽ നല്ലതാണ്.

പ്രവാസികൾക്ക് ഒരു പൊതുവേദി ഉണ്ടാകുന്നത് തെറ്റാണെന്ന് പറയാൻ കഴിയില്ല. അവർക്ക് അഭിപ്രായം പറയാനുള്ള നയപരമായ ഒരു വേദി ഉണ്ടാകണമെന്ന് പറയുന്നത് തെറ്റാണോ? രണ്ട് വർഷത്തിലൊരിക്കൽ സഭാ സമ്മേളനം ചേരുകയാണ്. അതിൽ പങ്കെടുക്കാൻ വരുന്ന പ്രതിനിധികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നത് ധൂർത്താണെന്ന് പറയുവാൻ കഴിയുമോ? വിവിധ രാജ്യങ്ങളിൽ നിന്ന് കഴിഞ്ഞ ലോക കേരള സഭയിൽ പങ്കെടുത്തവർ, ചെലവെല്ലാം ഞങ്ങൾ വഹിച്ചുകൊള്ളാം; നിങ്ങൾ വരണം; മേഖലാ സമ്മേളനങ്ങൾ അവരുടെ രാജ്യങ്ങളിൽ വച്ച് നടത്തണമെന്ന് ആവശ്യപ്പെട്ട് ക്ഷണിക്കുന്നത് നമ്മൾ കണ്ടതാണ്. നമ്മുടെ ഒരു കൂട്ടായ്മ, അത് ശക്തിപ്പെട്ട് വരണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത് നമ്മൾ തിരിച്ചറിയണം. കേരളത്തിന്റെ ഇതുവരെയുള്ള സാമ്പത്തികനില പരിശോധിച്ചാൽ ഒരു പ്രതിസന്ധിയുമില്ലാതെ നമ്മുടെ നാടിനെ നിലനിർത്തി പോരുന്നത് ഈ സഹോദരങ്ങളാണ്. അത്തരത്തിലുള്ള ആളുകൾക്ക് ഇടപെടാനുള്ള അവസരം ഈ സഭയിലൂടെ നാം മുന്നോട്ടുവയ്ക്കുകയാണ്. ആ സഭയ്ക്ക് നയപരമായ പദവി നൽകുന്നതിനുള്ള നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഒന്നാം ലോക കേരളസഭയിൽ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് പത്ത് നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടി നമ്മൾ സ്വീകരിച്ചു. പ്രവാസി നിക്ഷേപ കമ്പനി, പ്രവാസി സഹകരണ സംഘം, പ്രവാസി നിർമ്മാണ കമ്പനി, പ്രവാസി വനിതാ സെൽ, പ്രവാസി ഫെസിലിറ്റേഷന്റെയും പ്രീ ഡിപ്പാർട്ടുമെന്റ് ഓറിയന്റേഷൻ സെന്ററിന്റെയും രൂപീകരണം, നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റി രൂപീകരണം, അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം, പ്രവാസി ആനുകാലിക പ്രസിദ്ധീകരണം ഇങ്ങനെയുള്ള നിർദ്ദേശങ്ങളെല്ലാം നമ്മൾ നടപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ നടപ്പിലാക്കുകയാണ്. ഇത്തരത്തിൽ ലോക കേരള സഭ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. രണ്ടാം ലോക കേരള സഭയും പുതിയ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അവയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാവുകയാണ്. രണ്ടാം ലോക കേരള സഭയിൽ ആകെ ഇരുന്നൂറ്റി പതിനാറോളം ശിപാർശകൾ വന്നിട്ടുണ്ട്. ഇതിൽ 21 ശിപാർശകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. എം.പി.-മാരുടെ സമ്മേളനത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ പൂർണ്ണ സഹകരണം അവർ അറിയിച്ചിട്ടുമുണ്ട്.

195 ശിപാർശകൾ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളും അനുബന്ധ സ്ഥാപനങ്ങളും പരിശോധിച്ച് നടപ്പിലാക്കേണ്ടവയാണ്. അവ യുദ്ധ കാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഞാൻ ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ; പ്രതിപക്ഷത്തിന് അവരുടെ നിലപാടിൽ തുടരാനുള്ള എല്ലാ അവകാശവുമുണ്ട്. പക്ഷേ, ഇത് പ്രവാസികളുടെ കാര്യമാണ്; അതുകൊണ്ട് പിടിവാശി ഉപേക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നേരത്തെ അഭ്യർത്ഥിച്ചതാണ്; ഇപ്പോഴും അതുതന്നെയാണ് അഭ്യർത്ഥിക്കാനുള്ളത്. ലോകമാകെയുള്ള കേരളീയരെ ഒരുമിച്ചുനിർത്തുക എന്നത് ഈ കാലഘട്ടത്തിനുതന്നെ ആവശ്യമാണ്. കാരണം, കേരളത്തിൽനിന്നുള്ള പ്രവാസം ഭാവിയിലും തുടരും. ഏത് ദൂരദേശത്തുപോയി വസിച്ചാലും കേരളീയർ കേരളീയർ തന്നെയാണ്. അതാണ് ലോക കേരള സഭയുടെ സന്ദേശം. ലോക കേരളത്തെ ഒരുമിച്ച് നിർത്താനായാൽ അത് പ്രവാസികൾക്കുമാത്രമല്ല സംസ്ഥാനത്തിനകത്തുള്ളവർക്കും വലിയ നേട്ടമാകുമെന്നാണ് ഇതേവരെയുള്ള അനുഭവം. പ്രവാസികൾ സ്നേഹംകൊണ്ടും അറിവുകൊണ്ടും നൈപുണ്യംകൊണ്ടും ലോക പരിചയംകൊണ്ടും മൂലധനംകൊണ്ടും നമ്മെ സഹായിക്കാൻ തയ്യാറാണ്. ഈ സഹായ വാഗ്ദാനങ്ങൾക്ക് മുമ്പിൽ എന്തിനാണ് നാം പുറംതിരിഞ്ഞ് നിൽക്കുന്നത്. സഹായ വാഗ്ദാനങ്ങൾ തരുന്നതുപോലെ ചില സന്ദർഭങ്ങളിൽ അവർ നമ്മുടെ സഹായവും അഭ്യർത്ഥിക്കുന്നുണ്ട്. അപ്പോഴും പ്രശ്നങ്ങളെ അഭിമുഖീകരിച്ച് പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനാണ് ലോക കേരളസഭ. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ ഇടപെടൽ ഇതോടൊപ്പം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ഇപ്പോൾ ലോക്സഭയിൽ അവതരപ്പിച്ച ധനകാര്യ ബില്ലിൽ സാധാരണ പ്രവാസികളുടെ മേൽ ആദായനികുതി അടിച്ചേൽപ്പിക്കുന്ന നടപടി സ്വീകരിച്ചപ്പോൾ സർക്കാർ ശക്തമായി ഇടപെട്ടിട്ടുണ്ട്. ഇതിനകംതന്നെ അതിന്റെ ശക്തമായ വികാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും അറിയിച്ചിട്ടുണ്ട്. ഇത് ധൂർത്താണെന്ന് പറയുന്നവർ ഓർക്കേണ്ട കാര്യം, ഒന്നാം ലോക കേരള സഭയ്ക്ക് ചെലവായത് 2 കോടി 32 ലക്ഷം രൂപയാണ്. അത്രത്തോളം ചെലവ് രണ്ടാം ലോക കേരള സഭയ്ക്ക് വരില്ലെന്നാണ് ഈ വർഷത്തെ പ്രാഥമിക കണക്കുകൾ കാണിക്കുന്നത്. ഇക്കാര്യത്തിൽ പ്രവാസികൾക്കുവേണ്ടി ചെലവാക്കുന്ന തുക ഒരുതരത്തിലും അധികമാകില്ലെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. ബാക്കി അവരുടെ വ്യാഖ്യാനത്തിന് വിട്ടുകൊടുക്കാം. ഇതാണ് വസ്തുതകൾ, ആ വസ്തുതകൾ വ്യക്തമാക്കുന്നുവെന്ന് മാത്രം.

തോട്ടപ്പള്ളി സ്പിൽവേയുടെ വീതി കൂട്ടൽ ഒരു പ്രശ്നമായി ഇവിടെ ഉന്നയിക്കുകയുണ്ടായി. സർക്കാർ അത് ഗൗരവമായി എടുത്തിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ വീതി കൂട്ടൽ ശരിയായ രീതിയിൽ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സമയബന്ധിതമായി പൂർത്തിയാക്കും. ഇന്നലത്തെ ചർച്ചയിൽ പന്തീരാംകാവിലെ യു.എ.പി.എ കേസ്സിനെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവരുമെല്ലാം ഒന്നുരണ്ട് കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. അന്വേഷണം കേരളാ പോലീസ് തന്നെ നടത്തണമെന്ന് മൊത്തത്തിൽ അഭിപ്രായപ്പെട്ടിരുന്നു. അതോടൊപ്പം തന്നെ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റ് ഒരു കത്തയയ്ക്കുന്നത് നല്ലതാണ്; അത് ശ്രീ. അമിത് ഷായ്ക്ക് തന്നെ അയയ്ക്കണമെന്ന കാര്യവും പ്രത്യേകമായി എടുത്ത് പറഞ്ഞിട്ടുണ്ട്. ആ വികാരം സർക്കാർ മാനിക്കുകയാണ്. ഈ കേസ് സംസ്ഥാന പോലീസിനെത്തന്നെ ഏൽപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു കത്ത് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. അമിത് ഷായ്ക്ക് അയച്ചിട്ടുണ്ട്.

സെമി ഹൈസ്പീഡ് റെയിലിനെപ്പറ്റി പറയുകയുണ്ടായി. അത് നല്ലതാണെന്നാണ് എല്ലാവരും പറയുന്നത്; എല്ലാവരും അതിന്റെ ആവേശത്തിലാണ്, എത്രയുംവേഗം അത് പൂർത്തിയാക്കണമെന്നാണ് എല്ലാവരും ചിന്തിക്കുന്നത്. പക്ഷേ, ബഹുമാനപ്പെട്ട ശ്രീ. പി. ജെ. ജോസഫ് വേറിട്ടൊരു കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ ആശങ്ക പങ്കുവച്ചുകൊണ്ട് പറയട്ടെ, സെമി ഹൈസ്പീഡ് റെയിൽ കേരളത്തിന്റെ വികസനത്തിന് വലിയ ഉണർവ്വാണ് സൃഷ്ടിക്കുക, ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. നാല് മണിക്കൂർകൊണ്ട് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിക്കാൻ കഴിയുക എന്ന് പറഞ്ഞാൽ അതുണ്ടാക്കുന്ന മാറ്റം ചെറുതൊന്നുമായിരിക്കുകയില്ല. എറണാകുളത്തുനിന്നും ഫ്ലൈറ്റിൽ ഇവിടെ വരുന്നവർ നെടുമ്പാശ്ശേരിയിൽപ്പോയി ഫ്ലൈറ്റിൽ വരുന്നതിനുപകരം ഇതിനകത്തു കയറിയിരുന്നാൽ ഒന്നരമണിക്കൂർ കൊണ്ട് ഇവിടെയെത്തും. വേഗത്തിൽ ഇവിടെ എത്തുമെന്നതുകൊണ്ട് സെമി ഹൈസ്പീഡ് റെയിലിനെ ആശ്രയിക്കാനാണ് എല്ലാവരും ശ്രമിക്കുക. ഇത് സംബന്ധിച്ച് നടത്തിയ ശാസ്ത്രീയ പഠനത്തിൽ ടി പദ്ധതി നടപ്പാക്കാവുന്നതാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. കേന്ദ്ര റെയിൽവേ മന്ത്രാലയം ഇതിനകം ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. പദ്ധതിക്കായി കണക്കാക്കുന്ന മതിപ്പ് ചെലവ് 66,000 കോടി രൂപയാണ്. ഇതൊരു സർക്കാർ കമ്പനി മുഖാന്തരമാണ് സംഭരിക്കുക. JICA (Japan International Co-operation Agency) അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ ഈ

പദ്ധതിക്ക് വായ്പ നൽകാനുള്ള സന്നദ്ധതയും അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുൾപ്പെടെയുള്ള നടപടികൾക്കായി ഇപ്പോൾ ഏരിയൽ സർവ്വെ പൂർത്തിയായിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ വേഗംതന്നെ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, മുംബൈ-അഹമ്മദാബാദ് മേഖലയിൽ ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. 350 കിലോമീറ്ററാണ് വേഗത. ഒരു കിലോ മീറ്ററിന് 200 കോടി രൂപയാണ് എസ്റ്റിമേറ്റ്. 80 ശതമാനത്തിന് ജപ്പാനുമായി എഗ്രിമെന്റുണ്ടാക്കി കഴിഞ്ഞു; 20 ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് വഹിക്കുന്നത്. മുംബൈയിൽനിന്നും രണ്ട് മണിക്കൂർകൊണ്ട് അവിടെയെത്തും. മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോർ എറ്റെടുക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി കൊല്ലം ജില്ലയിൽ വന്നുപറഞ്ഞു. ഞാൻ പറയുന്നത് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഇത് നടപ്പാക്കണമെന്നാണ്. അതാണ് പ്രായോഗികമാകുന്നത്. നമ്മൾ ശക്തമായി ആവശ്യപ്പെടണം, തീർച്ചയായും കേൾക്കും. പിന്നെയെന്തിനാണ് കൊല്ലത്തുവന്ന് പ്രഖ്യാപിച്ചത്. (.....ബഹളം....)

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം എല്ലാവർക്കും മനസ്സിലായെന്ന് കരുതുന്നു. അതേക്കുറിച്ച് ഞാൻ ഒന്നും പറയേണ്ട കാര്യമില്ല. അത് കേന്ദ്രത്തിന്റെ ഭാഗമായി വരുകയാണെങ്കിൽ നല്ലതെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെ വരുന്നുണ്ടെങ്കിൽ നമുക്ക് തടസ്സമില്ല. പക്ഷേ, നമുക്ക് ഈ പദ്ധതി ആവശ്യമുണ്ട്, നമ്മളിപ്പോൾ ആ പദ്ധതി നടപ്പാക്കുകയാണ്. നമ്മൾ എത്ര കാലമായി AIMS (Accounting Information Management System) ആവശ്യപ്പെടുന്നു. അതിന്റെ രീതികൾ നമുക്കറിയാമല്ലോ; നമുക്ക് അനുവദിച്ച കോച്ച് ഫാക്ടറി എവിടെയുണ്ടെന്ന് ആർക്കും നിശ്ചയമില്ല. സമീപനത്തിന്റെ കാര്യങ്ങളെക്കുറിച്ചെല്ലാം നമുക്കാറിയാവുന്നതാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ കേരള പുനർനിർമ്മാണ പദ്ധതി എന്തായി എന്ന് ചോദിക്കുകയുണ്ടായി. കേരള പുനർനിർമ്മാണ പദ്ധതി എന്നു പറഞ്ഞാൽ മുമ്പുണ്ടായിരുന്നതിനേക്കാൾ മികവുറ്റതായി കേരളത്തെ പുനർനിർമ്മിക്കുക എന്നുള്ളതാണ്. അങ്ങനെയാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയത്. പ്രളയ ദുരന്തത്തിൽ നിന്നുള്ള അതിജീവനം മാത്രമല്ല ഇതൊരു വെല്ലുവിളിയും അവസരവുമായി കണ്ടുകൊണ്ടുള്ള ഇടപെടലാണ് നാം നടത്തുന്നത്. ഭാവിയിൽ ഒരു ദുരന്തമുണ്ടായാൽ അതിനെക്കൂടി അതിജീവിക്കാനാവുക എന്ന തരത്തിലാണ് നമ്മുടെ പുനർനിർമ്മാണം ലക്ഷ്യംവയ്ക്കുന്നത്. ഇക്കാര്യത്തിൽ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂവ്യവസ്ഥകളുടെയും പുനഃസ്ഥാപനത്തിനായി വൻ മുതൽ മുടക്കും സമയവും വേണ്ടിവരും. ഇതിന്റെ ഭാഗമായി നിരവധി പദ്ധതികൾ

തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനർനാമകരണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ ഇതിലൂടെ മുന്നോട്ടു കൊണ്ടുപോകുകയാണ്. അതാണ് 'നമ്മൾ നമുക്കായി' എന്നുള്ള പദ്ധതി. അതോടൊപ്പം തന്നെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സ്വയംപര്യാപ്തമായ ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പരിപാടിയാണ് പ്രാദേശിക ദുരന്തനിവാരണ പദ്ധതി. ഇത് പൊതുജന പങ്കാളിത്തത്തോടെയാണ് രൂപം നൽകുന്നത്. അതോടൊപ്പം വിവിധ വകുപ്പുകളിലൂടെ പുനർനിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ആ വകുപ്പുകളിലൂടെ അതിനുള്ള തുക ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുമുണ്ട്. ദുരന്ത ആഘാത ശേഷിയുള്ള കേരള നിർമ്മിതിയാണ് ലക്ഷ്യംവയ്ക്കുന്നത്. ലോക ബാങ്കടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ നല്ല രീതിയിൽ ഇതിനെ സഹായിക്കാനും തയ്യാറായിട്ടുണ്ട്.

'ഓഖി' ദുരന്തവുമായി ബന്ധപ്പെട്ട് ചെലവിട്ടതിനെക്കുറിച്ച് പരാമർശം ഇവിടെ നടത്തുകയുണ്ടായി. 'ഓഖി'യിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 108 കോടി രൂപയായിരുന്നു വരവുണ്ടായത്. നമ്മൾ നടപ്പാക്കുന്ന പദ്ധതികൾ 123 കോടി രൂപയുടേതാണ്. അതിൽ ചിലത് ദീർഘകാല പദ്ധതിയാണ്, അത് ദീർഘകാലംകൊണ്ടാണ് നടപ്പാക്കപ്പെടുന്നതെന്ന വ്യത്യാസം മാത്രമേയുള്ളൂ.

പ്രതിപക്ഷം ചില പരിപാടികളിൽ പങ്കെടുക്കാത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സർക്കാർ നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും പ്രതിപക്ഷാഗങ്ങൾക്കും കഴിയാത്ത ഒരവസ്ഥ വരുന്നുണ്ട്.

'അസെന്റ് 2020'-നെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന് ആ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല; എന്നാൽ അവിടെ ഒട്ടേറെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ വ്യവസായികൾക്ക് എത്ര താൽപര്യമാണുള്ളതെന്ന് നാം കാണേണ്ടതുണ്ട്. ഇതിൽ പങ്കെടുത്തതിൽ അധികംപേരും നമ്മുടെ നാട്ടിലെ വ്യവസായികളായിരുന്നു. അവിടെവച്ച് അവർ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് നൽകിയത്. അതൊരു പ്രത്യേകത തന്നെയാണ്. എല്ലാവരും അവരവർക്ക് കഴിയുന്ന വാഗ്ദാനം നൽകുന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിനുശേഷവും അവിടെ എത്താൻ കഴിയാത്ത ചിലർ നമ്മുടെ വ്യവസായ സെക്രട്ടറിയെ ബന്ധപ്പെട്ടുകൊണ്ട് വാഗ്ദാനങ്ങൾ നൽകുന്ന നില തുടരുന്നുമുണ്ട്. അവർ നമ്മുടെ നാട്ടിൽ തന്നെയുള്ള ചില പ്രധാന വ്യവസായികളാണ്. ഇവിടെ നാം കാണേണ്ട ഒരു കാര്യം: നമ്മുടെ നാടിന് വ്യാവസായിക വികസനവും കാർഷിക വികസനവും വളരെ പ്രധാനപ്പെട്ടതാണ്. വ്യാവസായികമായും കാർഷികമായും എത്രമാത്രം വളർന്നു എന്നതാണ് ഇതിന്റെ

അളവുകോലായി കാണാൻ കഴിയുക. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനം ഇപ്പോൾ ലക്ഷ്യമിടുന്നത്, ഇന്ത്യയിലെ ഏറ്റവും നല്ല നിക്ഷേപ സൗഹൃദമുള്ള സംസ്ഥാനങ്ങളിലൊന്നായി മാറണമെന്നതാണ്. ഇപ്പോൾ നമ്മൾ 21-ാം സ്ഥാനത്താണുള്ളത്. ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി മാറണമെന്ന ഒരു നിലയിലേയ്ക്ക് എത്തണമെന്നതാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് പത്ത് കോടി രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികളെയും ആദ്യത്തെ മൂന്നുവർഷത്തേക്ക് വിവിധ നിയമങ്ങളനുസരിച്ചുള്ള ലൈസൻസ്, മറ്റ് അനുമതികൾ, പെർമിറ്റുകൾ എന്നിവയിൽ നിന്നെല്ലാം ഒഴിവാക്കുക എന്നത്. നിക്ഷേപകനും അതുമായി ബന്ധപ്പെട്ട ആർക്കിടെക്ട്, കൺസൾട്ടന്റ് തുടങ്ങിയവരും നിയമപരമായി അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ഇവർക്ക് ആ പദ്ധതി ആരംഭിക്കുകയും ചെയ്യാം. സിംഗിൾ വിൻഡോ ക്ലിയറൻസ് ഇതോടൊപ്പം നമ്മൾ യഥാർത്ഥ്യമാക്കിയിട്ടുണ്ട്. കേരളത്തിലാകെ നേരത്തെയുണ്ടായിരുന്ന നോക്കുകൂലി പൂർണ്ണമായും നിർത്തലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

250 കോടി രൂപയിൽ കൂടുതൽ നിക്ഷേപം നടത്തുന്നവർക്ക് അല്ലെങ്കിൽ ആയിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവർക്ക് ഭൂമി കൈവശം വയ്ക്കുന്നതിനുള്ള ഇളവ്, ഭൂപരിഷ്കരണ നിയമപ്രകാരം 15 ഏക്കർ വരെയാണ് ഭൂമി കൈവശം വയ്ക്കാൻ പറ്റുന്നത്, വ്യാസായിക ആവശ്യങ്ങൾക്കുവേണ്ടി അത്തരത്തിലുള്ള സംരംഭങ്ങൾക്ക് 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാം; അതിന് അനുമതി നൽകുമെന്നൊരു പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വ്യവസായം വരുന്നതിൽ നമ്മളാരും എതിരല്ല; കഴിഞ്ഞ ഗവൺമെന്റും ഇതിനുമുൻപ് ഇതുപോലെ നിക്ഷേപ സംഗമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ, ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുക എന്നത് കേരളത്തെ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. അങ്ങ് അതിനെ വളരെ ലാഘവബുദ്ധിയോടുകൂടി കാണരുത്. പലതരത്തിലും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള ഒരു കാര്യമാണ്. ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. അത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട ഒരു വിഷയമാണ്. കേരളം വളരെയേറെ ചർച്ചചെയ്ത് പാസ്സാക്കിയ ഭൂപരിഷ്കരണ നിയമമാണത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായം നല്ലതുതന്നെയാണ്. അതിൽ വ്യക്തമായ ജാഗ്രത പാലിക്കണമെന്നുള്ളത് ശരിയാണ്. നമ്മൾ ഉദ്ദേശിക്കുന്നത്, ചില ഫാക്ടറികൾ വളരെ വിസ്തൃതിയുള്ളതായിരിക്കും. പതിനഞ്ച് ഏക്കറിൽ ഒതുങ്ങാത്ത ചില

സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കേണ്ടതായി വരും. അതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതിന് ചിലപ്പോൾ വിഷമങ്ങൾ വരുന്നുണ്ട്. ആ വിഷമം പരിഹരിച്ച് കൊടുക്കുമെന്നാണ് പറഞ്ഞത്. മറ്റെല്ലാവരും 15 ഏക്കറിലധികം എടുക്കണമെന്ന് പറയുന്നതല്ല; അതിന് നമുക്ക് കൃത്യമായ വ്യവസ്ഥകൾ വയ്ക്കാവുന്നതുമാണ്. ഇപ്പോൾ പഞ്ചായത്തുകളിലും കെട്ടിടങ്ങൾ വരുന്നുണ്ടല്ലോ; 18000 ചതുരശ്രമീറ്ററിന് മുകളിലുള്ള ചില കെട്ടിടങ്ങൾക്ക് റോഡിന് 10 മീറ്റർ അകലം വേണം. സാധാരണ പഞ്ചായത്ത് റോഡുകൾക്ക് 8 മീറ്റർ വീതിയേ ഉണ്ടാകുകയുള്ളൂ. 8 മീറ്റർ വീതിയായാലും അനുമതി കൊടുക്കുക എന്നൊരു നിലപാടും സ്വീകരിച്ചിട്ടുണ്ട്.

ഇന്നത്തെ നിലയിൽ സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യാൻ പലരും അനുമതി കൊടുക്കുന്നില്ല. അത് ഈ കാലത്തിന് ചേരാത്ത സാഹചര്യമാണ്. സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യാനുള്ള അനുമതിയുണ്ടാകണം. അങ്ങനെ അനുമതി കൊടുക്കുമ്പോൾ അവരുടെ യാത്രയിലും അവിടെ താമസിക്കേണ്ടിവരുമ്പോഴുള്ള സുരക്ഷയും മറ്റ് കാര്യങ്ങളുമൊക്കെ സ്ഥാപന ഉടമ ഉറപ്പുവരുത്തണം. വ്യവസായം തുടങ്ങാനുള്ള മറ്റുകാര്യങ്ങൾ, വൈദ്യുതി കണക്ഷൻ, വെള്ളത്തിന്റെ കാര്യം ഏതെങ്കിലും വ്യവസായവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കൽ, ലെവലിംഗ്, ജിയോളജി വകുപ്പിൽനിന്നും ലഭിക്കേണ്ട അനുമതി ഇതൊക്കെ ത്വരിതപ്പെടുത്തുക, തൊഴിലാളികൾ അവിടെ താമസിക്കേണ്ട അവസ്ഥ വരികയാണെങ്കിൽ അതിനുള്ള റെസിഡൻഷ്യൽ പെർമിറ്റ് സിംഗിൾ വിൻഡോ സമ്പ്രദായത്തിലൂടെ കൊടുക്കുക തുടങ്ങിയവയാണ്. കെ.എസ്.ഐ.ഡി.സി ഇപ്പോൾ വ്യവസായത്തിന് നൽകുന്ന വായ്പ 35 കോടി രൂപയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. അത് മുൻകാലങ്ങളിലും അങ്ങനെയാണ്. ഇപ്പോൾ അത് 100 കോടി രൂപയായി ഉയർത്തുകയാണ്. മാത്രമല്ല, പുതിയ സംരംഭങ്ങൾ ഏതാണെന്ന് സർക്കാർ നിശ്ചയിക്കും. അത്തരത്തിലുള്ള സംരംഭങ്ങളിൽ പുതിയ തൊഴിൽ സാധ്യത വരുമ്പോൾ ആ തൊഴിലിനും സബ്സിഡി കൊടുക്കുകയാണ് ചെയ്യുന്നത്. അഞ്ച് വർഷത്തേയ്ക്കായിരിക്കും സബ്സിഡി നൽകുക. പുരുഷ ജീവനക്കാരെക്കാൾ 2000 രൂപ സ്ത്രീ തൊഴിലാളിക്ക് കൂടുതലുമായിരിക്കും. ഇതും അവിടെ പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. ഇവിടെ കാണേണ്ട ഒരു വസ്തുത, ഇത്തരം കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന രീതിയിലുള്ള സഹകരണം ഉണ്ടാകുന്നില്ല എന്നുള്ളതാണ്. അത് പരിഹരിക്കുന്നതുകൂടി കണ്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻപിൽ ഒരു നിർദ്ദേശം വയ്ക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അതായത് ഓരോ വർഷവും ഒരു തദ്ദേശഭരണ സ്ഥാപന അതിർത്തിയിലെ 1000 പേർക്ക് ചുരുങ്ങിയത് അഞ്ച് തൊഴിലവസരമുണ്ടാക്കണം. അങ്ങനെ വന്നാൽ നമ്മുടെ സംസ്ഥാനത്ത് 1,75,000 തൊഴിലവസരങ്ങൾ ഒരു വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതായി വരും. ഇക്കാര്യത്തിലും നല്ല നിലയിലുള്ള പ്രതികരണങ്ങളാണ് വന്നിട്ടുള്ളത്.

3.00 P.M.]

സംസ്ഥാനത്തെ കാർഷിക അഭിവൃദ്ധിക്കുവേണ്ടി പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ധാന്യങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളിലേയ്ക്ക് കടക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനായി പ്രതിവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഒരു കോടി തൈകൾ കൃഷി വകുപ്പ് വിതരണം ചെയ്യുകയുണ്ടായി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൃഷി ഉദ്യോഗസ്ഥന്മാരുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വലിയ തോതിലുള്ള ജനപങ്കാളിത്തത്തോടെ ഇത് നടപ്പാക്കാനാകും. ഒരു കോടി തൈകൾ വച്ചുപിടിപ്പിക്കുന്ന നിലപാട് സ്വീകരിക്കാമെന്നാണ് മനസ്സിലാക്കുന്നത്. അതോടൊപ്പം നമ്മുടെ നാട്ടിൽ വളർത്താൻ സാധിക്കുന്ന ഫലവൃക്ഷങ്ങളും മറ്റു തൈകളുമുണ്ട്; കൂടാതെ മറ്റു നാട്ടിലില്ലാത്ത ചില തൈകൾ നമ്മുടെ നാട്ടിൽ വളരുമെന്നാണ് കൃഷി വകുപ്പ് പറയുന്നത്. അവയും നമുക്കിവിടെ വളർത്താൻ പറ്റും. അപ്പോൾ നല്ല ആദായം ആളുകൾക്ക് കിട്ടുന്ന ഒന്നായി കൃഷി മാറും. ഒരു വർഷം നല്ല രീതിയിലുള്ള വരുമാനം ഇത്തരത്തിൽ ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ ഉല്പന്നങ്ങൾ ഇവിടെ നേരിട്ട് ഉപയോഗിക്കുകയും നമ്മുടെ ആവശ്യം കഴിഞ്ഞുള്ളത് മാർക്കറ്റിൽ കൊണ്ടുപോയി മറ്റു സ്ഥലങ്ങളിലേയ്ക്ക് കൊടുക്കുകയും ചെയ്യാം. അതിനുള്ള സംവിധാനവും കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. അതുപോലെ പച്ചക്കറികൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേരത്തെ ഉദ്ദേശിക്കുന്ന കാര്യമാണ്. നല്ല രീതിയിൽ പച്ചക്കറികൃഷി വർദ്ധിപ്പിക്കാൻ നമുക്കിപ്പോൾ കഴിഞ്ഞിട്ടുണ്ട്. ആധുനിക കൃഷി രീതികൾക്ക് ഉദ്ദേശിക്കുന്നത് പോളി ഹൗസല്ല, റെയിൻ ഷെൽട്ടറുകളാണ്. നമ്മുടെ നാട്ടിൽ നല്ല മഴയാണ്. മഴ ഷെൽട്ടറുകൾ ഉണ്ടാക്കിയാൽ അതിനകത്ത് കൃഷി ചെയ്യാൻ കഴിയും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഓരോ വർഷവും 10 സെന്റ് വീതമുള്ള 10 മഴ ഷെൽട്ടറുകൾ ഉണ്ടാക്കാൻ കഴിയണമെന്നതാണ് ഇതിനായി ഉദ്ദേശിക്കുന്നത്. അങ്ങനെ വന്നാൽ നല്ലതുപോലെ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയും. പച്ചക്കറി മാത്രമല്ല, നമ്മുടെ നാട്ടിൽ നല്ല രീതിയിൽ ധാരാളം വളർത്താൻ കഴിയുന്നതാണ് പുഷ്പങ്ങൾ. പുഷ്പങ്ങൾക്ക് നല്ല മാർക്കറ്റ് ലോകമാകെയുള്ളതിനാലും നമുക്ക് നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ളതിനാലും ഏതുഭാഗത്തേയ്ക്കും ഇവ കയറ്റി അയയ്ക്കാൻ കഴിയും. അതിനുള്ള സംവിധാനങ്ങളും ഒരുക്കേണ്ടതാണ്.

പാൽ, പാലുല്പന്നങ്ങൾ, മുട്ട, മാംസം ഇവയിലൊക്കെ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നീക്കങ്ങളും നടത്തിവരുന്നു. പാലിന്റെ കാര്യത്തിൽ അടുത്ത കാലത്തുതന്നെ സ്വയംപര്യാപ്തതയിലേയ്ക്കെത്താൻ നമുക്ക് കഴിയും. അതിനുള്ള ചില പദ്ധതികളും ഇതോടൊപ്പം പ്രഖ്യാപിച്ചിട്ടുണ്ട്. പശു, ആട് എന്നിവയെ നല്ല രീതിയിൽ വളർത്താൻ കഴിയുന്ന നിലപാട് സ്വീകരിക്കണം. മുട്ടക്കോഴി വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്. മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി നാട്ടിലുള്ള ജലാശയങ്ങളിലാകെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയാണെങ്കിൽ അവ വളരുമ്പോൾ അതിലൂടെ നല്ല വരുമാനം നാടിനുണ്ടാക്കുന്നതിനുള്ള പദ്ധതിയും ഇതോടൊപ്പം ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ വന്നാൽ ഫലവൃക്ഷ കൃഷി, പച്ചക്കറികൃഷി, പാൽ, മുട്ട, മാംസം, മത്സ്യകൃഷി എന്നിവയെല്ലാം ഓരോ വർഷവും നല്ല നിലയ്ക്ക് നടത്താനാകും. ഇതിനോടൊപ്പം ഓരോ പ്രദേശങ്ങളിലും 'മഴപ്പൊലിമ' എന്ന പദ്ധതികൂടി നടപ്പാക്കേണ്ടതായിട്ടുണ്ട്. അതിനായി കുളങ്ങൾ, കിണറുകൾ എന്നിവയിലേയ്ക്ക് ജലം റീച്ചാർജ്ജ് ചെയ്യുന്ന പരിപാടി ഇപ്പോൾത്തന്നെ നടപ്പിലാക്കിയിട്ടുള്ളതും ഹരിത കേരളം മിഷന്റെ ഭാഗമായി ഒട്ടേറെ കുളങ്ങളും കിണറുകളുമെല്ലാം നല്ല രീതിയിൽ സംരക്ഷിച്ചു നിർത്താനും നദികളിൽത്തന്നെ ചിലത് വീണ്ടെടുക്കുകയും സംരക്ഷിക്കുകയും ചെയ്യാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിയിലും പ്രതിവർഷം 50 മഴവെള്ള സംഭരണ യൂണിറ്റുകൾ സ്ഥാപിക്കാനും അങ്ങനെ ഒരു മഴപ്പൊലിമ പദ്ധതി ആരംഭിക്കാനും അത് വിപുലീകരിക്കാനും ഉദ്ദേശിക്കുന്നു.

നമ്മുടെ നാട്ടിൽ യാത്ര ചെയ്യുന്ന സ്ത്രീകൾക്കും മറ്റും ആവശ്യമായ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിലൂടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും 3000 ആളുകൾക്ക് ഒരു ജോഡി ശൗചാലയം എന്ന രീതിയിൽ നിർമ്മിക്കുക, അങ്ങനെ വരുമ്പോൾ സംസ്ഥാനത്താകെ 12000 ജോഡി ശൗചാലയങ്ങൾ വേണ്ടതായി വരും. അത്തരത്തിലൊരു പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം കൊടുത്ത് നടത്തുക എന്നുള്ളത് ഏറ്റവും പ്രധാനമാണ്. മറ്റൊരു കാര്യം, സംസ്ഥാനത്ത് വലിയ തോതിലുള്ള ഒരു സന്നദ്ധ സേവനവിഭാഗം രൂപീകരിക്കുകയെന്നുള്ളതാണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, തർക്കമില്ലാത്ത കാര്യം പറയുന്നതുകൊണ്ടാണ് ആരും ശ്രദ്ധിക്കാത്തത്. തർക്കമുള്ള കാര്യമായിരുന്നെങ്കിൽ എല്ലാവരും സജീവമാകുമായിരുന്നു.

കഴിഞ്ഞ തവണ പ്രളയദുരന്തം വന്നപ്പോൾ നാട്ടിലെ ചെറുപ്പക്കാരെല്ലാം മുന്നിട്ടിറങ്ങുകയും സഹായങ്ങൾ ചെയ്യുകയും ചെയ്തു. അവരെയെല്ലാം ഒരു Volunteer Force ആക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നൂറിന് ഒരാൾ എന്ന അനുപാതത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും ഉൾപ്പെടുത്തി ആളുകളെ എടുക്കുകയാണെങ്കിൽ മൂന്നരലക്ഷം ആളുകൾ ഇതിന്റെ ഭാഗമായി വോളന്റിയർമാരായി വരുന്ന അവസ്ഥയുണ്ടാകും. അവർക്ക് നല്ല രീതിയിലുള്ള പരിശീലനം കൊടുക്കുകയും അതിന് ഒരു ഡയറക്ടറേറ്റ് ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ പരിശീലനത്തോടുകൂടി അവർക്ക് ഇത്തരം കാര്യങ്ങളിലിടപെടാൻ സാധിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനുള്ള നടപടികളിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വളരെ നല്ല നിർദ്ദേശങ്ങളാണ് അങ്ങ് മുന്നോട്ടുവച്ചിട്ടുള്ളത്. ചരിഞ്ഞ പ്രദേശങ്ങളിൽ ഇനിയും ഒരു പ്രളയം/അതിവൃഷ്ടി വന്നാൽ സാധാരണനിലയിൽ തടുത്തുനിർത്താൻ പറ്റുന്നതാണ് വാട്ടർ ഷെഡ് മാനേജ്മെന്റ്. ഞങ്ങളുടെ കാർഷിക മേളയുടെ തീം തന്നെ അതായിരുന്നു. ശ്രീ. മുരളി ഉമ്മാരുകുടി ആ വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടാണ് ജനീവയിൽ നിന്ന് വന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും 50% ഗ്രാന്റ് കിട്ടും. രാമച്ചം പോലുള്ള ചെടികൾ വച്ചുപിടിപ്പിച്ച് ഒരു വാട്ടർ ഷെഡ് മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയാൽ മണ്ണിടിച്ചിൽ തടയാൻ ഏറ്റവും ഫലപ്രദമായിരിക്കും.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീർച്ചയായും അതും നമുക്ക് നടപ്പാക്കേണ്ട ഒരു കാര്യം തന്നെയാണ്. ഒരു തടസ്സവുമില്ലാത്ത പ്രശ്നമാണ്. ദുരന്തങ്ങളൊഴിവാക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതൊക്കെ നമുക്ക് ആലോചിക്കാവുന്നതാണ്.

മനുഷ്യ മഹാശൃംഖലയെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കേരളം മതനിരപേക്ഷത സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ അസ്വസ്ഥതകൾ ഉണ്ടാകുമ്പോൾ, നമുക്ക് അതിൽ നിന്നെല്ലാം വിമുക്തമായി തലയുയർത്തിത്തന്നെ മതനിരപേക്ഷതയുടെ ഭാഗമായി നിൽക്കാൻ കഴിയുന്നുണ്ട്. മതനിരപേക്ഷ പാരമ്പര്യത്തെ തകർക്കാനുള്ള ശ്രമങ്ങളുണ്ടായ ഘട്ടത്തിലെല്ലാം ബഹുജനങ്ങളെ അണിനിരത്തി നേരിടാനും അതിജീവിക്കാനും നാം ശ്രമിച്ചിട്ടുണ്ട്. അതുപോലെ, വർഗ്ഗീയതയെയും തീവ്രവാദ സംവിധാനങ്ങളെയും വിട്ടുവീഴ്ച കാട്ടാതെ എതിർത്ത് മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നത് തന്നെയാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത. ഈയൊരു നിലപാടിന്റെ തുടർച്ചയെന്ന

നിലയിൽ വേണം പൗരത്വ ഭേദഗതി നിയമത്തെ നാം സമീപിക്കേണ്ടത്. പൗരത്വ ഭേദഗതി നിയമം വന്നയുടനെതന്നെ നമുക്ക് ഒന്നിച്ചുനിന്ന് അതിനെ എതിർക്കാൻ കഴിഞ്ഞു. പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടന്ന പ്രതിഷേധ സത്യാഗ്രഹം, പ്രദേശം നോക്കിയാൽ അത് ചെറിയൊരു പരിപാടിയാണെങ്കിലും നമ്മുടെ രാജ്യത്ത് അതുണ്ടാക്കിയ പ്രതികരണം വളരെ വലുതായിരുന്നു. വലിയൊരു സന്ദേശമായിട്ടാണ് അത് പോയത്. കാരണം, നമുക്കെല്ലാവർക്കും ഒന്നിച്ചുനിൽക്കാൻ കഴിഞ്ഞു. യോജിച്ച് ഇതിനെ എതിർക്കുന്ന നിലപാട് സ്വീകരിക്കാൻ കഴിഞ്ഞു. അതിൽ നാം ഒരു നിലപാട് മാത്രമേ സ്വീകരിച്ചുള്ളു. തീവ്രവാദപരമായ നിലപാടുള്ളവരെയും വർഗ്ഗീയ കാഴ്ചപ്പാടുള്ളവരെയും നമ്മൾ മാറ്റിനിർത്തി. മതനിരപേക്ഷത ആഗ്രഹിക്കുന്ന ബാക്കിയെല്ലാവരെയും ഒന്നിച്ച് ചേർത്തുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് നാം നടത്തിയത്. അങ്ങനെയൊരു നിലപാടിലേയ്ക്ക് എത്താൻ നമ്മെ ഇടയാക്കിയത് എന്താണ്? ആർ.എസ്.എസ്.-ന്റെ അജണ്ടയുടെ ഭാഗമായിട്ടാണ് പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നത്. അവർക്ക് ഇന്ത്യ ഒരു മതാധിഷ്ഠിത രാഷ്ട്രമാകണമെന്നതാണ് ലക്ഷ്യം; മതനിരപേക്ഷതയല്ല അവർ കാണുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളൊന്നുമല്ല അവർക്ക് പ്രധാനം. നമ്മൾ പ്രതിസന്ധി നേരിടുന്നുണ്ട്, സാമ്പത്തികമായി വലിയ പ്രശ്നങ്ങളുണ്ട്. ആ ഘട്ടത്തിലെല്ലാം ജനങ്ങളെ എങ്ങനെ ഭിന്നിപ്പിക്കാനാകും എന്നതിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ചിലപ്പോൾ അതിൽ നിന്നെല്ലാം ശ്രദ്ധ തിരിച്ചുവിടുക എന്നതും അവർ ഉദ്ദേശിക്കുന്നുണ്ടാകാം. നമ്മുടെ രാജ്യത്ത് അത്തരം സംഗതികൾ പരിശോധിച്ചുനോക്കിയാൽ: ദരിദ്രാവസ്ഥ പെരുകുന്നു, കാർഷിക മേഖലയിൽ ആത്മഹത്യ പെരുകുന്നു, തൊഴിലാളികൾ വലിയ ആശങ്കയിൽ കഴിയുന്നു, ഗുരുതരമായ സാമ്പത്തിക സ്ഥിതി, അങ്ങനെ മതപരമായ ധ്രുവീകരണം സൃഷ്ടിക്കുക, വർഗ്ഗീയ അജണ്ട നടപ്പാക്കുക, അതിലൂടെ അവരുടേതായ കോർപ്പറേറ്റ് അജണ്ടയും സ്ഥാപിച്ചെടുക്കുക. ഇത്തരം ലക്ഷ്യങ്ങളെല്ലാം ഇതിന്റെ പിന്നിലുണ്ടായി എന്നുതന്നെയാണ് കാണേണ്ടത്. സംഘപരിവാർ ഹിന്ദുരാഷ്ട്ര വാദമാണ് ഉയർത്തുന്നത്. ഇത് മറ്റേതെങ്കിലും തരത്തിലുള്ള ഒരു മതരാഷ്ട്രവാദം കൊണ്ടല്ല നാം നേരിടുന്നത്. അത്തരത്തിലൊരു വാദഗതി ഉയർന്നാൽ ഈ പറയുന്നവർക്ക് അത് ശക്തി പകരുകയില്ല. ഒരു മതരാഷ്ട്രത്തിന് പകരം മറ്റൊരു മതരാഷ്ട്രം എന്നൊരു വാദഗതി ഏതെങ്കിലും വിഭാഗം ഉയർത്തിയാൽ അത് രണ്ടുകൂട്ടർക്കും ഗുണകരമായി വരും. രണ്ട് വർഗ്ഗീയതയും പരസ്പര പൂരകമാണെന്ന് സാധാരണ പറയാറുണ്ട്. ഇത് രണ്ടുകൂട്ടരെയും ശക്തിപ്പെടുത്താനാണ് ഉപകരിക്കുന്നത്. മതനിരപേക്ഷ ചിന്താഗതിക്കാർക്ക് മതനിരപേക്ഷതയിൽ ഊന്നിക്കൊണ്ടുള്ള നിലപാട് മാത്രമേ സ്വീകരിക്കാൻ സാധിക്കൂ. ഇതിനെ ശക്തമായി എതിർത്തുകൊണ്ടു മാത്രമേ പോകാൻ സാധിക്കൂ. ഈ ആശയം കഴിയാവുന്നത്ര ബഹുജനങ്ങളിലേയ്ക്ക് എത്തിക്കുക

എന്നതാണ് പ്രധാനം. അത് യോജിച്ച് എത്തിക്കുകയെന്നത് ഏറ്റവും പ്രധാനമാണ്. യോജിച്ച് എത്തിക്കാനുള്ള ശ്രമത്തിന്റെ ആദ്യ തടസ്സം ചില കേന്ദ്രങ്ങളിൽ നിന്നുതന്നെ ഉയർന്നുവന്നു. ഈയൊരു പരിപാടിക്ക് വലിയ അംഗീകാരവും ജനപിന്തുണയുമെല്ലാം ലഭിച്ചപ്പോൾ യഥാർത്ഥത്തിൽ ചില ചെറിയ മനസ്സുകൾക്ക് അതിനെതിരെ വല്ലാതെ പ്രതികരിക്കാൻ തോന്നി. അതിനവർ പണ്ട് പൊളിഞ്ഞുപോയ ചില വാദഗതികളാണ് ഉയർത്തിക്കൊണ്ടുവന്നത്. അത് ഭരണപക്ഷവും പ്രതിപക്ഷവുമെന്നുള്ളതല്ല, വേറെ ചില പേരാണ് ഉപയോഗിച്ചത്. അങ്ങനെ അവരുമായി യോജിക്കാൻ പറ്റില്ല എന്നുള്ള പ്രചരണങ്ങൾ ചിലർ അഴിച്ചുവിട്ടു. ഒരു കൂട്ടർ അവരുടെ സങ്കുചിത മനോഭാവം വച്ച് നടത്തുന്ന ഒരു പ്രചരണം മാത്രമാണെന്ന നിലയ്ക്കാണ് അതിനെ കണ്ടത്. പക്ഷെ മെല്ലെമെല്ലെ ആ അഭിപ്രായത്തിന് ഒരു സംഘടനാരൂപം കൈവരിക്കാൻ കഴിഞ്ഞു. ആ അഭിപ്രായക്കാരാണ് സംഘടനയുടെ നേതൃത്വത്തിലുള്ളത് എന്നതുകൊണ്ടായിരിക്കാം അവർക്ക് ആ സംഘടനയുടെ തീരുമാനമാക്കി അതിനെ മാറ്റാൻ കഴിഞ്ഞത്. അപ്പോൾ അത്തരമൊരു ഘട്ടത്തിൽ നമുക്ക് കൂടുതൽ ജനങ്ങളിലേയ്ക്ക് ഇത് എങ്ങനെ എത്തിക്കാൻ സാധിക്കുമെന്ന് ആലോചിക്കുന്നതിനായി എല്ലാ ജനാധിപത്യ കക്ഷികളുടെയും സർവ്വകക്ഷി യോഗവും അതോടൊപ്പം സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെയും മതവിഭാഗങ്ങളുമായി പ്രവർത്തിക്കുന്നവരുടെയും ഒരു യോഗം വിളിച്ചു. അത് സർക്കാർ തന്നെ വിളിച്ചതാണ്. പാളയം രക്ഷസാക്ഷി മണ്ഡപത്തിൽ നാം ഒന്നിച്ചുനടത്തിയ ആ സത്യാഗ്രഹത്തെ എല്ലാവരും ശ്ലാഘിച്ചു; ഒന്നിച്ചുള്ള പ്രക്ഷോഭമാണ് വേണ്ടതെന്നും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഒന്നിച്ചുള്ള പരിപാടികൾ തന്നെയാണ് വേണ്ടതെന്ന് സർക്കാരും സർക്കാരിനുവേണ്ടിയും അവിടെ വ്യക്തമാക്കി; എന്നാൽ നേരത്തേ ഞാൻ പറഞ്ഞ കാരണങ്ങളാൽ അന്ന് അത് അവിടെ വച്ച് തീരുമാനിക്കാൻ ചില പ്രയാസങ്ങളുണ്ടായിരുന്നു. പ്രതിപക്ഷ നേതാവുമായി ഞാൻ സംസാരിക്കുമ്പോൾതന്നെ അത് വ്യക്തമായി. യോജിച്ചുള്ള പ്രക്ഷോഭം തീരുമാനിക്കുന്നത് പിന്നീട് മാത്രമേ നടക്കുകയുള്ളൂ, ഇപ്പോൾ നടക്കില്ല, ചില പ്രയാസങ്ങളുണ്ട്. ഇപ്പോൾ വന്നവർക്ക് തീരുമാനിക്കാനാവില്ല. അടുത്തുതന്നെ തീരുമാനിക്കാമെന്ന് അന്നുതന്നെ അവിടെ പറയുകയും ചെയ്തു. അങ്ങനെ തീരുമാനിക്കുന്നതിന് പ്രതിപക്ഷ നേതാവിനെയും മുഖ്യമന്ത്രിയെയും ചുമതലപ്പെടുത്തുന്നതിന് ആ യോഗം തീരുമാനമെടുത്തു. പക്ഷെ ആ യോഗം ഞങ്ങളെ രണ്ടുപേരെയും ചുമതലപ്പെടുത്തിയെങ്കിലും, ഞങ്ങൾ തമ്മിൽ വേറെ പ്രശ്നമൊന്നുമില്ല, പക്ഷെ ഇക്കാര്യത്തിൽ ഇതുവരെ യോജിച്ച നിലപാടെടുക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. സാധിച്ചില്ലെന്ന് പറയുമ്പോൾ എനിക്ക് തടസ്സമുള്ളതുകൊണ്ടല്ല, അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ വിഷമങ്ങളുണ്ടായി. അതുകൊണ്ട് യോജിപ്പിന് തയ്യാറല്ലെന്ന് പറഞ്ഞു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി നമ്മളെ രണ്ടുപേരെയും ചുമതലപ്പെടുത്തി. അതേ തുടർന്നാണ് നിയമസഭ വിളിച്ചത്; അത് യോജിച്ചല്ലേ? യോജിച്ച പ്രമേയം പാസ്സാക്കിയത് ഒരുമിച്ചല്ലേ? കേസ് കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് അങ്ങ് കേസ് കൊടുക്കാൻ തയ്യാറായത് ഒന്നിച്ചല്ലേ? അപ്പോൾ ചില കാര്യങ്ങളിൽ യോജിച്ച് പോകും. അന്ന് നമ്മൾ സത്യാഗ്രഹമിരുന്ന ദിവസം തന്നെയാണ് എൽ.ഡി.എഫ്. യോഗംകൂടി മനുഷ്യച്ചങ്ങല പ്രഖ്യാപിച്ചത്. ഞങ്ങൾക്ക് എതിർപ്പില്ല, ഞങ്ങളും മനുഷ്യഭൂപടം പ്രഖ്യാപിച്ചു. ഒറ്റയ്ക്കും കൂട്ടായും വിവിധ പരിപാടികൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ സഭ കൂടിയതും ഒരുമിച്ച് പ്രമേയം പാസ്സാക്കിയതും ഗവൺമെന്റിനോട് കേസ് കൊടുക്കണമെന്ന് പറഞ്ഞതുമെല്ലാം ഒരുമിച്ച് തന്നെയാണ്. ഞങ്ങൾ ഗവർണറെ recall ചെയ്യണമെന്ന് പറഞ്ഞു. നിങ്ങൾക്ക് നിങ്ങളുടേതായ ബുദ്ധിമുട്ടുണ്ട്. ഞങ്ങൾക്കത് മനസ്സിലാകും. അങ്ങനെ യോജിച്ചും അല്ലാതെയും കേരളത്തിൽ ധാരാളം പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. അതുകൊണ്ട് നമ്മൾ അതിനെ ഒരു പൊളിറ്റിക്കൽ ഡിബേറ്റാക്കി മാറ്റേണ്ടതിന്റെ ആവശ്യമില്ലല്ലോ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. അതിനോടൊന്നും എനിക്ക് വിയോജിപ്പില്ല. നിയമസഭ കൂടി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അതിന് സഭാതലത്തിൽ യോജിപ്പുണ്ടായിട്ടുണ്ട്. ഞങ്ങൾ മനുഷ്യ മഹാശൃംഖല പ്രഖ്യാപിച്ചു. ആ മനുഷ്യ മഹാശൃംഖല എൽ.ഡി.എഫ്.-ന്റെ പരിപാടിയായിട്ടാണ് ആദ്യം പറഞ്ഞത്. ആ പരിപാടി ഞങ്ങൾ പ്രഖ്യാപിച്ചതുകൊണ്ട് നിങ്ങൾക്ക് അതിൽ വന്നുചേരാൻ വിഷമമുണ്ടെന്നറിയാം. കാരണം, എൽ.ഡി.എഫ്. പ്രഖ്യാപിച്ച ഒരു പരിപാടിയിൽ എങ്ങനെയാണ് വരിക എന്ന് നിങ്ങൾ ചിന്തിക്കുന്നത് സ്വാഭാവികമാണ്. അതിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത അഭിപ്രായമില്ല. നമ്മുടെ യോഗത്തിനുശേഷം ഒരു പ്രത്യക്ഷ പരിപാടി വേണ്ടേ എന്ന് നമ്മൾ തമ്മിൽ ആലോചിച്ചു. ആ പ്രത്യക്ഷ പരിപാടിക്ക് എത്താൻ നിങ്ങൾക്ക് കഴിഞ്ഞില്ലെന്ന് മാത്രമല്ല, അങ്ങനെയൊരു യോജിച്ച നിലപാടുണ്ടാകുന്നതിനെ അതിനിശിതമായി വിമർശിക്കുന്ന സ്ഥിതിയുമുണ്ടായി. ഡൽഹിയിലെ കാലാവസ്ഥകൊണ്ടായിരിക്കുമെന്ന് തോന്നുന്നു, അവിടെ വച്ച് അങ്ങും ആ കൂട്ടത്തിൽ ചേർന്ന് പറയുന്നത് കേട്ടു. ആ വാർത്ത കണ്ടപ്പോൾ ആശ്ചര്യമാണ് തോന്നിയത്. വളരെ നിർഭാഗ്യകരമായ ഒരവസ്ഥയായിപ്പോയി. എല്ലാ യോഗങ്ങളിലും ഞാൻ പരസ്യമായി അഭ്യർത്ഥിച്ചു കൊണ്ടിരുന്ന ഒരു കാര്യം, യോജിച്ച് പ്രക്ഷോഭം നടത്തേണ്ടതാണ്, യോജിച്ച നിലപാടെടുക്കേണ്ടതാണ്. യോജിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്ന നിലപാട് മാത്രമേ ഞങ്ങൾ എടുത്തിട്ടുള്ളൂ. ഇതാണ് തുടർച്ചയായി സ്വീകരിച്ചുവന്നത്.

ശ്രീ. പി. ടി. തോമസ്: സർ, മുഖ്യശത്രു ആരാണെന്നുള്ളതാണ് പ്രശ്നം.

ശ്രീ. പിണറായി വിജയൻ: അതൊരു പോയിന്റാണ്. ഞാൻ യോജിപ്പിനാണ് പ്രാധാന്യം കൊടുക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, കോൺഗ്രസ് പാർട്ടിയുടെ വിയോജിപ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 'മുഖ്യശത്രു കോൺഗ്രസ്സാണ്, കോൺഗ്രസ്സിനെ തോൽപ്പിക്കാൻ ഏത് ചെകുത്താനോടും കൂടും' എന്ന നിലപാടിന് മാറ്റമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇദ്ദേഹം രണ്ടുമൂന്നു ദശാബ്ദം മുമ്പിലുള്ള ഒരു ജീവിതമാണ് പറയുന്നത്. അന്നേ അദ്ദേഹം രാഷ്ട്രീയത്തിലുണ്ടെന്നുള്ളതു കൊണ്ട് അക്കാര്യം ഓർത്തുകൊണ്ടിരിക്കുകയാണ്. അന്ന് കൂടുതൽ ചെറുപ്പമാണല്ലോ. ആ ചെറുപ്പത്തിന്റെ ഭാഗമായി അത് തന്നെ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്ന നിലയാണ് ബഹുമാന്യനായ പി. ടി. തോമസ് എല്ലാ ഘട്ടത്തിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം കഴിഞ്ഞാണ് നമ്മൾ യോജിച്ച നിലപാടെടുത്തത്. രാജ്യത്തിന്റെ നിലനിൽപ്പാണ് ഇവിടെ അപകടത്തിൽപ്പെടുന്നത്. രാജ്യത്തിന്റെ മതനിരപേക്ഷതയാണ് അപകടത്തിൽപ്പെടുന്നത്. രാജ്യത്തിന്റെ ഭരണഘടനയെയാണ് പിച്ചിച്ചീന്താൻ നോക്കുന്നത്. ഇക്കാര്യത്തിലെല്ലാം നമ്മൾ ഒന്നിച്ചാണ് നിൽക്കുന്നത്. ഒന്നിച്ച് അഭിപ്രായമുള്ളവരാണ്. ഒന്നിച്ച് അഭിപ്രായമുള്ളവർ ഒരേ അഭിപ്രായത്തോടെ ഒന്നിച്ചുനീങ്ങിയാൽ അത് നാട്ടിലുണ്ടാക്കുന്ന ആത്മവിശ്വാസം വളരെ വലുതായിരിക്കും. പ്രത്യേകിച്ച് ഇതിന്റെ ഭാഗമായി വല്ലാതെ അങ്കലാപ്പിലായിപ്പോയ ഒരു ജനവിഭാഗമുണ്ട്. ആ ജനവിഭാഗത്തിന് അതുനൽകുന്ന ആശ്വാസം ; വളരെ വലുതായിരിക്കും. ആ യോജിപ്പ് വേണമെന്നാണ് പറഞ്ഞത്. അവിടെയാണ് ബഹുമാന്യനായ പി.ടി. തോമസിനെപ്പോലുള്ള ആളുകളുടെ വികാരം, രാഷ്ട്രീയലക്ഷ്യത്തിന്റെ ഭാഗമായി, ഒരു നിലപാടായി മാറുന്നത്. ഇതിൽ കാണേണ്ടത്, അതിൽ ശരിയായ നിലയല്ല നിങ്ങൾ സ്വീകരിച്ചത് എന്നതാണ്. സ്വയം വിമർശനം നിങ്ങൾക്ക് നടത്താൻ കഴിഞ്ഞാൽ മാത്രമേ ഭാവിയിലും നിങ്ങൾക്ക് ശരിയായ നിലപാട് സ്വീകരിക്കാനാകൂ എന്നത് കാണേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന എല്ലാ മുഖ്യമന്ത്രിമാർക്കും സംസ്ഥാന സർക്കാർ ഒരു കത്തയയ്ക്കുകയുണ്ടായി. അത് അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പ്രതിഷേധങ്ങളെ ശക്തിപ്പെടുത്താൻ വേണ്ടി തന്നെയായിരുന്നു. അതിൽ എല്ലാ കാര്യങ്ങളും പറഞ്ഞു. നിയമസഭയിൽ പ്രമേയം പാസ്സാക്കുന്നത്, ഈ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ലെന്നുള്ളത്, ജനസംഖ്യാ രജിസ്റ്റർ ഇവിടെ നടപ്പാക്കാൻ തയ്യാറാകില്ല എന്നുള്ളത്, അതിനൊക്കെ നിങ്ങൾ തയ്യാറാകണമെന്ന് പറയുകയുണ്ടായി.

ഇതിന്റെ ഭാഗമായി കാണേണ്ട മറ്റൊരു വസ്തുത; ആരാണ് ബദൽ എന്ന് ചോദിച്ചുകൊണ്ടിരിക്കുന്നതാണ്. ശക്തിയുള്ളതുകൊണ്ടുമാത്രം ബദലാവില്ല. ബദൽ രൂപപ്പെടുന്നത് എപ്പോഴും വ്യത്യസ്തമായ നയപരിപാടികൾ മുന്നോട്ടുവച്ചു കൊണ്ടാണ്. സാമ്പത്തികനയം എടുത്താൽ, ബി.ജെ.പി.-യുടെ സാമ്പത്തിക നയവും കോൺഗ്രസിന്റെ സാമ്പത്തിക നയവും സമാനമായിട്ടുള്ളതാണ്. അതെങ്ങനെയാണ് വ്യത്യസ്തമായി പോകുക. അതുകൊണ്ടുതന്നെ ഇത്തരം നയങ്ങളെ പലപ്പോഴും പിന്താങ്ങേണ്ട അവസ്ഥയാണ് കോൺഗ്രസ്സിന് വരുന്നത്. രാജ്യം അതീവ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുമ്പോൾ ഇതിൽനിന്നും വ്യത്യസ്തമായ നയസമീപനം സ്വീകരിക്കാനാകണം. അത്തരം നയസമീപനം സ്വീകരിക്കാൻ തയ്യാറാകുന്ന രാഷ്ട്രീയ പാർട്ടികൾക്കുമാത്രമേ ബദലാകാൻ കഴിയൂവെന്ന് നമ്മൾ ചിന്തിക്കണം. സാമ്പത്തിക കാര്യങ്ങളിൽ ബി.ജെ.പി.-യിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനം കോൺഗ്രസ്സിനില്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്.

ശ്രീ. രമേശ് ചെന്നിത്തല: അത് അങ്ങയുടെ അഭിപ്രായമാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതെ. എന്റെ അഭിപ്രായമാണല്ലോ ഞാൻ പറയുന്നത്. നിങ്ങൾക്കത് അംഗീകരിക്കാൻ കഴിയില്ല. നിങ്ങൾ ആ പാർട്ടിയായിരിക്കുന്നിടത്തോളം കാലം അംഗീകരിക്കാൻ കഴിയില്ല. ഇനി വർഗ്ഗീയതയുടെ കാര്യം പറഞ്ഞാൽ അവിടെ ചെറിയൊരു ചരിത്രം നമ്മൾ ആലോചിക്കുന്നത് നല്ലതാണ്. ഒരു ബദൽ നയം ശരിയായ രീതിയിൽ മുന്നോട്ടുവയ്ക്കാൻ നേരത്തെ മുതൽ കഴിയുന്നുണ്ടോ? ശ്രീ. എൽ. കെ. അദ്വാനിയുടെ രഥയാത്ര അയോധ്യയിലേയ്ക്ക് പോകുന്നത് തടഞ്ഞത് വി. പി. സിംഗ് സർക്കാരായിരുന്നല്ലോ? അന്ന് ബി.ജെ.പി.-യോടൊപ്പം ചേർന്നുകൊണ്ടല്ലേ വി. പി. സിംഗ് സർക്കാരിനെ തകർക്കുന്ന നിലപാട് സ്വീകരിച്ചത്. ബി.ജെ.പി.-യോടൊപ്പം ചേർന്നുനിന്നുകൊണ്ട് തകർക്കേണ്ട ഒരു സർക്കാരായിരുന്നോ വി. പി. സിംഗിന്റെ സർക്കാർ? ചരിത്രത്തിലെ മാപ്പർഹിക്കാത്ത ഒരു കുറ്റമല്ലേ നിങ്ങൾ അന്ന് ചെയ്തത്?

അതുപോലെ ബാബറി മസ്ജിദ് ഹിന്ദു വർഗ്ഗീയതയുടെ ആവശ്യപ്രകാരം തുറന്നുകൊടുത്തത് ചരിത്രത്തിലെ ശരിയായ നടപടിയായിരുന്നുവെന്ന് പറയാൻ സാധിക്കുമോ? അവിടെ ക്ഷേത്രത്തിന് കല്ലിടാൻ, ശിലാന്യാസം നടത്താൻ സംഘപരിവാറിന് അനുവാദം കൊടുത്തത് ചരിത്രം ശരിവയ്ക്കുന്ന ഒരു കാര്യമാണോ?

ശ്രീ. പി. ടി. തോമസ്: അതിനെ സുപ്രീംകോടതി ശരിവച്ചില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, ആ കല്ല് മണ്ഡപമായി വളരാൻ കർസേവയെ അനുവദിച്ചു. ഇതിന്റെയൊക്കെ തുടർച്ചയായിട്ടല്ലേ ബാബറി മസ്ജിദ് തകർക്കുന്ന നിലപാടുണ്ടായത്. അന്ന് പ്രധാനമന്ത്രി പി. വി. നരസിംഹറാവു മൗനം സ്വീകരിച്ചത് സുപ്രീംകോടതി ശരിവച്ചില്ലേ എന്നാണ് ശ്രീ. പി. ടി. തോമസ് അവിടെയിരുന്നുകൊണ്ട് ചോദിക്കുന്നത്. അതാണോ വസ്തുത. അത് ശരിയാണെന്ന് കാണാൻ സാധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞങ്ങൾ വി. പി. സിംഗിനെ താഴെയിറക്കിയെന്ന് അങ്ങ് പറഞ്ഞു. വി. പി. സിംഗ് ഗവൺമെന്റിന്റെ അത്താഴവിരുന്നുകളിൽ ജ്യോതിബസുവും ശ്രീ. എൽ. കെ. അദ്വാനിയും ഒന്നിച്ചുപങ്കെടുക്കുകയും ചർച്ച ചെയ്യുകയുമൊക്കെയുണ്ടായിട്ടുണ്ട്. കേരളത്തിൽ കെ. ജി. മാരാറുടെ സഹായം തേടിയത് നിങ്ങൾ തന്നെയാണ്. അത് അങ്ങ് മറന്നുപോകരുത്.

ശ്രീ. പിണറായി വിജയൻ: സർ, ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമായിട്ടുള്ള കാര്യമാണ്. ഞാൻ കണ്ട ഒരു ചിത്രമുണ്ട്. അത് ശ്രീ. കെ. സി. ജോസഫിന് പറഞ്ഞുതരാം. അടിയന്തരാവസ്ഥക്കാലത്ത് തല്ലുകൊണ്ട് അവശനായി ഞാൻ ജയിലിൽ എത്തുമ്പോൾ അവിടെ ഒരു മൂലയ്ക്ക് കഴിയുന്ന ഒരാളുണ്ടായിരുന്നു, അത് കെ. ജി. മാരാറായിരുന്നു. കെ. ജി. മാരാർ ആയിരുന്നു അന്നത്തെ ജനസംഘത്തിന്റെ നേതാവ്. ഞങ്ങൾ എത്തിയതിനുശേഷം അവരെ ആ ബ്ലോക്കിൽനിന്നും മാറ്റി താമസിപ്പിച്ചു. അടിയന്തരാവസ്ഥയുടെ ഭാഗമായി രാജ്യത്തെ ജനാധിപത്യ രീതികളാകെ തകർക്കുകയാണ്. അത് എല്ലാവർക്കും അറിയാവുന്നതാണ്. അതിനെതിരെ ഒരു വലിയ മൂവ്മെന്റ് ഉണ്ടായി. അതിന്റെ ഭാഗമായുള്ള ഒരു യോജിപ്പാണ് അന്നത്തെ യോജിച്ച പാർട്ടിയായി മാറുന്നത്. ഞങ്ങൾ അന്നും വേറിട്ട് തന്നെ നിന്നു. കാര്യങ്ങൾ മനസ്സിലാക്കണം. എന്നാൽ മറ്റ് കുറേ പാർട്ടികൾ കൂടിച്ചേർന്ന് ജനതാപാർട്ടി എന്ന രീതിയിൽ ഒരു പാർട്ടി രൂപീകൃതമാകുന്ന സ്ഥിതിയുണ്ടായി. അന്ന് ഇന്ദിരാഗാന്ധി സ്വീകരിച്ച നിലപാടുവച്ച് ഇന്ദിരാഗാന്ധിയെ ആർക്കെങ്കിലും അനുകൂലിക്കാൻ സാധിക്കുമോ?

ശ്രീ. പി. ടി. തോമസ്: സർ, അന്ന് അങ്ങേയ്ക്കെതിരെ അബ്ദുൾ ഖാദർ ആയിരുന്നു സ്ഥാനാർത്ഥി. ജനസംഘത്തിന് സ്ഥാനാർത്ഥിയില്ലായിരുന്നു. നിങ്ങൾ സഖ്യത്തിലായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അവിടെയൊന്നും അന്ന് ജനസംഘം ഇല്ല. ജനസംഘം കൂത്തുപറമ്പിൽ അത്ര വലുതല്ല. ആ കാലത്തെപ്പറ്റി നിങ്ങൾ അറിയാതെ പറയുകയാണ്. കൂത്തുപറമ്പിൽ ജനസംഘം അധികമില്ല. അന്ന് തലശ്ശേരിയിൽ തിരുവങ്ങാട് ഭാഗത്ത് ജനസംഘം കുറച്ചുണ്ടായിരുന്നു. മറ്റെവിടെയും ജനസംഘം ഇല്ല. അത് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ പ്രാവശ്യവും ഇത് പറയുന്നത് കേട്ടു. അത് വസ്തുതയല്ല.

ശ്രീ. റോജി എം. ജോൺ: സർ, അപ്പോൾ ഊരിപ്പിടിച്ച വാളോ....

ശ്രീ. പിണറായി വിജയൻ: ഊരിപ്പിടിച്ച വാൾ ആർ.എസ്.എസ്.-ന്റേതാണ്. ഊരിപ്പിടിച്ച വാൾ മാത്രമല്ല, നിങ്ങളുടെ തൊട്ടുമുമ്പിലിരിക്കുന്ന ആളോട് ചോദിച്ചാലറിയാം, നിങ്ങളുടെ വോട്ട് നടക്കുമ്പോൾ ഊരിപ്പിടിപ്പിച്ച കത്തി ആരുടെ പുറത്താണ് വച്ചതെന്ന്. അതിന്റെ ആൾക്കാർ കണ്ണൂരുണ്ട്. അത് അവരായിരുന്നില്ല. ആ കഥയിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല, അതാണ് നല്ലത്.

ഞങ്ങൾ ആഗ്രഹിച്ചത് വർഗ്ഗീയ ശക്തികളെയും തീവ്രവാദ ശക്തികളെയും മാറ്റിനിർത്തുന്നതിന് കക്ഷി രാഷ്ട്രീയത്തിനതീതമായ ഐക്യമുണ്ടാകണമെന്നതാണ്. എല്ലാവരും യോജിച്ച് നിൽക്കുക, അതിനാണ് തടസ്സം വന്നത്. ഇപ്പോൾ ഇവരുടെ സംസാരം കേൾക്കുമ്പോൾ കുറച്ച് അയവുവന്നിട്ടുണ്ടെന്നാണ് തോന്നുന്നത്. അത് ആരോഗ്യകരമായ സമീപനമാണ്. നമുക്ക് ഒന്നിച്ചുതന്നെ ഇതിനെതിരെ ശബ്ദമുയർത്താൻ കഴിയേണ്ടതായിട്ടുണ്ട്. എന്നാൽ ഇവിടെ ആശ്ചര്യകരമായ ഒരു വസ്തുതയുണ്ടായി. നിങ്ങൾ മുസ്ലീംലീഗും കോൺഗ്രസ്സും ഒരുമിച്ചാണല്ലോ; മുസ്ലീംലീഗിന്റെ അംഗത്തിന് ഒരു കോൺഗ്രസ് മുഖ്യമന്ത്രിയെയും കുറിച്ച് പറയാനില്ല. എന്നെ മോശക്കാരനാക്കാൻ പറയുന്നതാണെങ്കിലും ഒരു കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയെപ്പറ്റി പറയാമായിരുന്നല്ലോ? എന്നാൽ പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയെ താരതമ്യപ്പെടുത്തി പറയുന്നതാണ് കേട്ടത്. അതെന്തുകൊണ്ടാണ് അങ്ങോട്ട് പോയതെന്ന് അറിയില്ല.

1921-ൽ അഹമ്മദാബാദ് കോൺഗ്രസിലാണ് Hasrat Mohani എന്ന കമ്മ്യൂണിസ്റ്റുകാരൻ പൂർണ്ണസ്വാതന്ത്ര്യം വേണമെന്ന പ്രമേയം അവതരിപ്പിച്ചത്. അത് ചരിത്രരേഖയായതുകൊണ്ട് ഞാൻ ഒന്നുകൂടി ആവർത്തിച്ച് പറയുകയാണ്. നിങ്ങൾ കോൺഗ്രസ്സായി, കോൺഗ്രസ് സോഷ്യലിസ്റ്റായി...

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നന്ദിപ്രമേയ ചർച്ചയുടെ കൺക്ലൂഡിംഗ് സെഷനായതുകൊണ്ട് അങ്ങ് വളരെ നല്ലരീതിയിൽ മുഖ്യമന്ത്രിയുടെയും ഇടതുപക്ഷത്തിന്റെയും നിലപാട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഭയാനകമായ സ്ഥിതിവിശേഷവും ജനങ്ങളനുഭവിക്കുന്ന പ്രയാസങ്ങളും ആശങ്കാകുലരായ മനുഷ്യരും അവരെ രക്ഷപ്പെടുത്തുന്നതിന് നമ്മൾ ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകതയുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയാണ്, നല്ല കാര്യം. പക്ഷെ അതിനിടയിലും ഇടയ്ക്കിടയ്ക്ക് എന്തിനാണ് കോൺഗ്രസ്സിനെ ഇങ്ങനെ കുത്തുന്നത്? അതുകൊണ്ടാണല്ലോ ഈ ചോദ്യങ്ങളൊക്കെ വരുന്നത്. നേർക്കുനേരെ പോകുമ്പോൾ, അതിനിടയിൽ ഇങ്ങനെ ചരിത്രം പറയുകയാണെങ്കിൽ ധാരാളം കാര്യങ്ങൾ പറയാനുണ്ടാകില്ലേ? അതുകൊണ്ടല്ലേ ക്വിറ്റ് ഇന്ത്യാ സമരം വന്നത്; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ക്വിറ്റ് ഇന്ത്യാ

സമരത്തെക്കുറിച്ച് പറഞ്ഞത്? 1948-ലെ കാര്യങ്ങൾ തുടങ്ങി എത്രയെത്ര കാര്യങ്ങൾ പറയാനുണ്ട്. അതുകൊണ്ട് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് കുത്തി മുഖ്യമന്ത്രിതന്നെ ചോദിച്ചുവാങ്ങരുത്. കാര്യങ്ങൾ നേരെ പോകുകയായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് പറഞ്ഞതിനെക്കുറിച്ച് ഞാൻ പറയുന്നുണ്ട്. ഞാൻ പറയുമെന്നല്ലേ പറഞ്ഞത്, ഇപ്പോൾ ഞാൻ പറഞ്ഞുകഴിഞ്ഞില്ലല്ലോ. നിങ്ങൾ ഓരോരുത്തരും പറഞ്ഞ അഭിപ്രായത്തെക്കുറിച്ചുള്ള പ്രതികരണം പറയുകയല്ലേ? എന്റെ പ്രതികരണം പറഞ്ഞുതീർക്കണ്ടേ? ഇവിടത്തെ സ്വാതന്ത്ര്യ സമരവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പങ്കും കേരളത്തിന്റെ അനുഭവവും കണക്കിലെടുത്താൽ, നവോത്ഥാന പ്രസ്ഥാനങ്ങൾ ഇവിടെ ശക്തിപ്പെടുന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി തുടർച്ചയായി വരുന്നു. അതിന്റെ തുടർച്ചയായാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെയുണ്ടാകുന്നത്. നമ്മൾ അതിന്റെ കൂടെയായിപ്പോകരുത്. ഇതൊക്കെ ചരിത്രമായിത്തന്നെ കാണണം. ചരിത്രത്തെ ശരിയായ രീതിയിൽ വിലയിരുത്താൻ നമ്മൾ തയ്യാറാകേണ്ടതുണ്ട്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തെക്കുറിച്ച് പറയുമ്പോൾ അത് വിവിധ ധാരകളുടെ ഒരു സമാഹാരമായിരുന്നു. ഏതെങ്കിലുമൊരു സമരത്തിന്റെയോ സംഭവത്തിന്റെയോ പേരിലല്ല ഓരോ രാഷ്ട്രീയ പാർട്ടിയുടെയും പങ്കിനെ വിലയിരുത്തേണ്ടത്. നിസ്സഹകരണ പ്രസ്ഥാനം ശക്തമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് ചൗരി-ചൗരാ പോലീസ് സ്റ്റേഷൻ ആക്രമണമുണ്ടാകുന്നത്. ആ ഘട്ടത്തിൽ തത്കാലം സമരം നിർത്തിവയ്ക്കാൻ ഗാന്ധിജി തീരുമാനിച്ചു. അത് അന്നത്തെ ഒരു ഇടപെടലാണ്. അതിന്റെ അർത്ഥം സമരം നിർത്തുന്നുവെന്നാണോ? അന്ന് സമരം നിർത്തിവയ്ക്കാൻ തീരുമാനിച്ചു എന്നുള്ളതാണ്. വ്യത്യസ്തമായ കാഴ്ചപ്പാടോടെ ഓരോ സമരത്തിലും വിവിധ രാഷ്ട്രീയപാർട്ടികൾ പങ്കെടുത്തിരുന്നു. ഇവയെല്ലാം ചേർന്നുകൊണ്ടുള്ള മഹാപ്രവാഹമായിരുന്നു നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനം. അഭിമാനപൂർവ്വം തന്നെ പറയാം, അതിലും കമ്മ്യൂണിസ്റ്റുകാർക്ക് അതിന്റേതായ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയി എന്നതുകൊണ്ടുമാത്രം നാട് രക്ഷപ്പെട്ടുവെന്ന് കരുതാനാകില്ല; അതോടൊപ്പം ജന്മിത്തത്തെ തകർക്കണം. ജനജീവിതം ഗുണപരമായി തീരണം. ഇതൊക്കെ അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ അഭിപ്രായങ്ങളാണ്. അതുകൊണ്ടാണ് വിവിധ ജനവിഭാഗങ്ങളുടെയും കർഷകരുടെയും ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി വലിയതോതിൽ ശ്രമിക്കുന്നത്. സ്വാതന്ത്ര്യ സമരത്തിൽ ധീരമായി പങ്കെടുത്തവരെ മോശമായി ചിത്രീകരിക്കുന്ന അവസ്ഥയുണ്ടാകരുത്. അതാണ് ആവർത്തിച്ച് ഓർമ്മിപ്പിക്കാനുള്ള കാര്യം. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ദിശാബോധം നൽകാനും അവയെ ശരിയായ കാഴ്ചപ്പാടോടെ മുന്നോട്ട് നയിക്കാനും എല്ലാ കാലത്തും ഇടതുപക്ഷം ശ്രമിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇവിടെ എണ്ണത്തിന്റെ കാര്യം പറഞ്ഞു, 101 എം.എൽ.എ.-മാർ, അതുകൊണ്ട്

വർഗ്ഗീയതയ്ക്കെതിരായ സമരം മുന്നോട്ടുകൊണ്ടുപോകാൻ ഇടതുപക്ഷത്തിനാകില്ലെന്ന് പരാമർശമുണ്ടായി. എണ്ണമല്ല പ്രധാനം, ശരിയായ കാഴ്ചപ്പാടാണ് വേണ്ടതെന്നത് നമ്മൾ മറന്നുപോകരുത്.

ശ്രീ. കെ. സി. ജോസഫ്: സർ, ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി.-യെ നേരിടണമെങ്കിൽ കോൺഗ്രസ് ശക്തമാകണം. കോൺഗ്രസ് ദുർബ്ബലമായാൽ ശക്തിപ്പെടുന്നത് ബി.ജെ.പി.-യാണ്. കേരളത്തിൽ നമ്മൾ ഒന്നിച്ചുനിന്നതുകൊണ്ടോ നമ്മൾ എന്തെങ്കിലും പറഞ്ഞതുകൊണ്ടോ ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി. ഇല്ലാതാകുന്നില്ല. ബി.ജെ.പി.-യെ നേരിടണമെങ്കിൽ ഇന്ത്യയിൽ കോൺഗ്രസ് ഉണ്ടാകണം. പക്ഷെ അങ്ങ് പഴയതുപോലെ അന്ധമായ കോൺഗ്രസ് വിരോധം ഇപ്പോഴും ആവർത്തിക്കുന്നതിൽ ഞങ്ങൾക്ക് പ്രയാസമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ശരിയായ രീതിയിൽ ഇന്നത്തെ സംഭവങ്ങളെയാകെ വിലയിരുത്തിക്കൊണ്ടുള്ള സ്വയം വിമർശനപരമായ ഒരു സമീപനമാണ് ഇവിടെ വേണ്ടത്. അതിന് കോൺഗ്രസ് പാർട്ടി തയ്യാറാകുകയാണ് വേണ്ടത്. നിങ്ങൾ അംഗീകരിച്ച സാമ്പത്തിക നയത്തിന്റെ ഭാഗമായി പ്രതിസന്ധികൾ മാത്രമേയുണ്ടായിട്ടുള്ളൂ. ആഗോളവത്കരണനയം സ്വീകരിച്ച് നടപ്പാക്കിയതിന്റെ ഭാഗമായി നമ്മുടെ രാജ്യമാകെ ഇന്ന് പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവത്കരണ നയത്തിന്റെ വക്താക്കളായി നിന്നത് കോൺഗ്രസ്സാണ്. ഇപ്പോൾ ബി.ജെ.പി. വന്നപ്പോൾ അവർ അതിനെക്കാളും വലിയ വക്താക്കളായി.

മി. സ്പീക്കർ: നേതാക്കൾ വളരെ മാന്യമായി ഇടപെട്ടാണ് സംസാരിക്കുന്നത്. നിങ്ങൾ അവിടെയിരുന്ന് കമന്റ് പറയുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ: സർ, അതിന്റെ ഉദ്ദേശ്യം സംസാരത്തെ ഡൈവർട്ട് ചെയ്യുക എന്നതാണ്. സാമ്പത്തിക നയത്തിന്റെ കാര്യമെടുക്കാം, ഇപ്പോൾ ആഗോളവത്കരണ നയം അംഗീകരിച്ചു. ആ നയത്തിന്റെ പ്രധാന വക്താക്കളായി ആദ്യം നിന്നത് കോൺഗ്രസ്സാണ്. ഇപ്പോൾ ബി.ജെ.പി. അതിന്റെ തീവ്രവക്താക്കളായി മാറി. ഇതിൽ നേരത്തെ ചിലർ ശരിയല്ല, തെറ്റിപ്പോയി എന്നൊക്കെ പറഞ്ഞിട്ടുണ്ട്. പക്ഷെ അത് ഇതുവരെ നിങ്ങളുടെ പാർട്ടിക്ക് സ്വയം വിമർശനപരമായി വിലയിരുത്താൻ കഴിഞ്ഞില്ല. അങ്ങനെയൊരു നിലപാടെടുക്കാൻ നിങ്ങൾക്ക് കഴിയണ്ടേ? പറ്റിയ തെറ്റ് തുറന്ന് സമ്മതിച്ചു പോകുന്ന സ്ഥിതിയുണ്ടാകുകയെന്നുള്ളത് ഏറ്റവും പ്രധാനമാണ്. ഇന്നത്തെ ഘട്ടത്തിൽ ഇന്ത്യാരാജ്യത്ത് അധികാരത്തിലിരിക്കുന്ന ബി.ജെ.പി.-യാണ് പ്രധാന ശത്രു എന്ന കാര്യത്തിൽ ആർക്കാണ് തർക്കമുള്ളത്? പക്ഷെ നിങ്ങളുടെ നിലപാട് എന്താണ്? നിങ്ങളുമായുള്ള പ്രശ്നം വരുമ്പോൾ അവിടെ ചില പ്രശ്നം വരുന്നു. ഇതൊരു രാഷ്ട്രീയ ബന്ധത്തിന്റെ പ്രശ്നമല്ല. രാജ്യമാകെ ആപത്തിനെ

നേരിടുമ്പോൾ മറ്റ് അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും നമുക്ക് യോജിച്ച് നിൽക്കാൻ കഴിയണം. അതിന് നിങ്ങളല്ലേ തടസ്സം നിന്നത്? അതിൽനിന്ന് മാറി നിൽക്കുകയാണോ വേണ്ടത്? ഇവിടെ ഞാൻ പറയാൻ ഉദ്ദേശിച്ചത്; വ്യക്തമായ രണ്ട് സ്വരം ഇവിടെ കേട്ടു. അതിൽ യോജിച്ച സമരം സംബന്ധിച്ച് കോൺഗ്രസ്സിന്റെ ഒരു നിലപാടുണ്ട്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ ഒരു സ്വരം മുസ്ലീംലീഗിൽ നിന്നും കേൾക്കുകയുണ്ടായി. മുസ്ലീംലീഗിൽനിന്നും യോജിച്ച സമരം ആവശ്യമാണെന്ന സ്വരം ഇതേ സഭയിൽ നമ്മൾ കേട്ടു. വളരെ സ്വാഗതാർഹമായ സ്വരമാണത്. കോൺഗ്രസ്സിനെയും ആ നിലയിലേയ്ക്ക് എത്തിക്കാൻ മുസ്ലീംലീഗ് ശ്രമിക്കണമെന്നേയുള്ളൂ. ഏതായാലും ആ ശ്രമത്തിന്റെ ഭാഗമായിത്തന്നെയാണ് ആ സ്വരമെന്നാണ് ഞാൻ കാണുന്നത്. ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് സംസാരിച്ചപ്പോൾ പൗരത്വ നിയമത്തിനെതിരെ യോജിച്ച സമരത്തിന് മുൻകയ്യെടുക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. അത് ശരിയാണ്. അതിനാണ് ഇതുവരെ ശ്രമിച്ചത്, ഇനിയും ശ്രമിക്കും. നിങ്ങളുടെ കൂട്ടാളികൾ അതിനെതിരാണ് എന്നൊന്നും ഞാൻ പറയുന്നില്ല. അവരുടെ നേതൃത്വം അതിനെതിരാണ്. അതുകൊണ്ടുതന്നെ സംഘടനാപരമായി എതിർപ്പ് വന്നിരിക്കുന്നു. അവരെ അതിന് പ്രേരിപ്പിക്കാൻ നിങ്ങളും ശ്രമിക്കുക. ഞങ്ങളുടെ അഭ്യർത്ഥന ഞങ്ങൾ തുടർന്നുകൊണ്ടേയിരിക്കാം. വളരെ താത്വികമായി കാര്യങ്ങൾ സംസാരിക്കുന്ന ശ്രീ. കെ. എൻ. എ. ഖാദറും നിങ്ങളുടെ കൂട്ടത്തിലുണ്ടല്ലോ. അദ്ദേഹം പറഞ്ഞത് ഭരണഘടനാ സംരക്ഷണത്തിന് സാമൂഹിക സാംസ്കാരിക പ്രവർത്തകർ ഉൾപ്പെടെ എല്ലാവരെയും ഒരുമിപ്പിച്ച് ഒരു സഭ സംസ്ഥാനതലത്തിലുണ്ടാക്കി കീഴ്ഘടകങ്ങളുണ്ടാക്കുക; ഒരുമിച്ച് നിൽക്കാതെ സമരം വിജയിപ്പിക്കാനാവില്ല എന്നാണ്. അത് വളരെ ശരിയായ അഭിപ്രായമാണ്. ആ അഭിപ്രായത്തെ ഞാൻ പൂർണ്ണമായും ശരിവയ്ക്കുന്നു, പിന്താങ്ങുന്നു. ഒരു അഭ്യർത്ഥന മാത്രം: നിങ്ങളുടെ അടുത്തിരിക്കുന്ന സുഹൃത്തുക്കളെ അതിലേയ്ക്കെത്തിക്കാൻ പ്രേരിപ്പിക്കണം. നമ്മുടെ നാടിന്റെ ആവശ്യം കണ്ടുകൊണ്ടുള്ള നിലപാടുതന്നെയാണ് മുസ്ലീംലീഗിന്റെ ഭാഗത്തുനിന്നു ണ്ടായിട്ടുള്ളതെന്ന് പൂർണ്ണമായും കാണുകയാണ്.

ഈ സർക്കാരിന്റെ നാലാം വർഷമാണിത്. സഫലമായ നാല് വർഷങ്ങളാണ് ഞങ്ങൾ പിന്നിട്ടിട്ടുള്ളത്. അഞ്ചാം വർഷത്തിലേയ്ക്കുള്ള നയപ്രഖ്യാപന പ്രസംഗമാണ് യഥാർത്ഥത്തിൽ ഇവിടെ നടന്നിട്ടുള്ളത്. ഞങ്ങൾ പ്രകടന പത്രികയിൽ 35 ഇന പരിപാടികളാണ് അവതരിപ്പിച്ചത്. അവയെല്ലാം അഡ്രസ്സ് ചെയ്യാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നല്ലരീതിയിൽ നമ്മുടെ സംസ്ഥാനത്തെ ഒട്ടേറെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ശ്രമിച്ചിട്ടുമുണ്ട്. ഗ്യാസ് പൈപ്പ് ലൈൻ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരാമർശിക്കുകയുണ്ടായി. ഈ ഗവൺമെന്റ്

അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന ഗ്യാസ് പൈപ്പ് ലൈനിന്റെ കഥ എല്ലാവർക്കും അറിയാം. അവിടെനിന്നാണല്ലോ തുടങ്ങുന്നത്. കൊച്ചി മുതൽ മംഗലാപുരം വരെ 444 കി. മീ. ദൂരവും കാസർഗോഡ് മുതൽ മംഗലാപുരം വരെ 37 കി. മീ. ദൂരവുമാണ് പൈപ്പ് ലൈനിടേണ്ടത്. ഇതിൽ മൂന്ന് പുഴകൾക്കടിയിലൂടെയുള്ള വർക്കാണ് നടക്കുന്നത്. ബാക്കിയുള്ളതെല്ലാം നടന്നുകഴിഞ്ഞിട്ടുണ്ട്. മൂന്ന് പുഴകളുടെ അടിയിലൂടെയുള്ള വർക്കിന് നമ്മുടെ അനുമതിയുടെ ആവശ്യമില്ല. അവർ തീർക്കേണ്ടതാണ്. നമ്മുടെ താമസംകൊണ്ട് വന്നതല്ല; ദിനംപ്രതി 750 പേർ വർക്ക് ചെയ്യുന്നുണ്ട്. രണ്ട് കി.മീ. മാത്രമാണ് ഇനി ബാക്കിയുള്ളത്. 2020 മാർച്ച് 30-നകം പണി തീരുമെന്നാണ് പറയുന്നത്. കമ്മീഷനിംഗിന് ഒരു മാസമെടുക്കും. കൂറ്റനാട് വരെ ഇപ്പോൾ ഗ്യാസ് എത്തിയിട്ടുണ്ട്. മാർച്ച് മൂന്നാമത്തെ ആഴ്ച കോഴിക്കോട്ടും ഏപ്രിൽ അവസാനമാകുമ്പോൾ മംഗലാപുരത്തും ഗ്യാസ് എത്തും. ഇതാണ് ഇപ്പോൾ അവർ തന്നിട്ടുള്ള വിവരം. ഇതോടൊപ്പംതന്നെ ദേശീയ ജലപാത ഈ വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. മറ്റ് പദ്ധതികൾ ഇതിന്റെ ഭാഗമായിത്തന്നെ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഒരുതരത്തിലും പൂർത്തിയാകില്ലെന്ന് കണക്കാക്കി എഴുതിത്തള്ളിയ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. ഇതോടൊപ്പം അഴിമതിരഹിത മതനിരപേക്ഷ വികസന കേരളം എന്നതാണ് ഞങ്ങൾ വച്ച മുദ്രാവാക്യം. അത് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാക്കാൻ തന്നെയാണ് ഞങ്ങൾ ശ്രമിച്ചുവരുന്നത്. രാജ്യത്തെ ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി ബാംഗ്ലൂർ ആസ്ഥാനമായ പബ്ലിക് അഫയേഴ്സ് സെന്റർ തെരഞ്ഞെടുത്തത് കേരളത്തെയാണ്. തുടർച്ചയായ മൂന്നാം വർഷമാണ് ഈ അംഗീകാരം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നത്. ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. ദാരിദ്ര്യ നിർമ്മാർജ്ജനം, ക്രമസമാധാനപാലനം, നീതിനിർവ്വഹണം തുടങ്ങിയ മേഖലകളിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം. മികച്ച സ്റ്റാർട്ടപ് എക്കോ സിസ്റ്റമുള്ള സംസ്ഥാനം, നൂറ് ശതമാനം വൈദ്യുതീകരണം നടപ്പാക്കിയ സംസ്ഥാനം, ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം, ആദ്യ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം, വനിതാക്ഷേമത്തിനായി പ്രത്യേക വകുപ്പും ജനറൽ ബജറ്റിംഗും ഏർപ്പെടുത്തിയ സംസ്ഥാനം, സെക്ഷ്വൽ അസ്സാൾട്ട് ഫോറൻസിക് എവിഡൻസ് ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ വികസന ഫണ്ട് നൽകുന്ന ഏക സംസ്ഥാനം, മാൻഹോളുകൾ ശുദ്ധീകരിക്കാൻ യന്ത്രമനുഷ്യനെ ഉപയോഗിച്ച ആദ്യ സംസ്ഥാനം, ഇലക്ട്രിക് വെഹിക്കിൾ പോളിസി അവതരിപ്പിക്കുകയും വൈദ്യുതി വാഹനങ്ങളുടെ ഉത്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്ത സംസ്ഥാനം, ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം, നടപ്പാക്കിയ

പദ്ധതികൾ ജനങ്ങളോട് പറയുന്ന പദ്ധതി നടപ്പാക്കിയ ഉത്തരവാദിത്വ സംവിധാനമൊരുക്കിയ സംസ്ഥാനം. ഇങ്ങനെ നോക്കിയാൽ എന്തെല്ലാം ഒന്നാം സ്ഥാനങ്ങളാണെന്ന് നാം കാണേണ്ടതുണ്ട്. 2018-19, 2019-2020 വർഷങ്ങളിൽ വനിതാ ശാക്തീകരണത്തിനുവേണ്ടി നടത്തിയ പ്രവർത്തനത്തിൽ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അവാർഡ് വനിതാ വികസന കോർപ്പറേഷനാണ് ലഭിച്ചത്. മികച്ച പ്രവർത്തനം നടത്തുന്ന ധനകാര്യ ഏജൻസികൾക്ക് കേന്ദ്ര സർക്കാരിന്റെ ദേശീയ പട്ടികജാതി കോർപ്പറേഷൻ ഏർപ്പെടുത്തിയ അവാർഡും സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനാണ് ലഭിച്ചത്. ആരോഗ്യ മേഖലയിൽ ദേശീയതലത്തിൽ കേരളത്തിൽ ഒന്നാം സ്ഥാനമാണുള്ളത്. ശിശുമരണനിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. ദേശീയ തലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ആദ്യ പന്ത്രണ്ട് സ്ഥാനങ്ങളും കേരളത്തിൽ നിന്നുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ്. അതോടൊപ്പം വിദ്യാഭ്യാസ രംഗത്തും ഒന്നാം സ്ഥാനം കേരളത്തിനാണെന്നുള്ളതും ഓർക്കേണ്ടതാണ്. സ്വന്തമായി ഭൂമിയില്ലാതിരുന്ന ഒരുലക്ഷത്തിലധികം പേർക്കാണ് സർക്കാർ പട്ടയം നൽകിയത്. അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും വികസനാവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള കാലതാമസം നീക്കിയതും എടുത്തുപറയേണ്ടതാണ്. പുതിയതായി ആറ് റവന്യൂ ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്ന കാര്യം ഞാൻ നേരത്തെ പറയുകയുണ്ടായി. ഐ.ടി. പാർക്കുകളിൽ അധികമായി 50 ലക്ഷം ചതുരശ്രഅടി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് ആരംഭിച്ചതിലൂടെ ബയോ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. കടകളിലും മറ്റും സ്ത്രീകൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി. 26 മേഖലകളിൽ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചു. ലോകകേരള സഭ ആരംഭിച്ചു. മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ള ആനുകൂല്യത്തിൽ വർദ്ധനവ് വരുത്തി. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് യാഥാർത്ഥ്യമായി. ചരിത്രത്തിലാദ്യമായി പോലീസിൽ ആദിവാസികൾക്കായി പ്രത്യേക ബാച്ച് രൂപീകരിച്ചു; വനിതാ ബറ്റാലിയൻ സ്ഥാപിച്ചു; ഓഖി ദുരന്ത പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 200 പേർക്ക് തീരദേശമേഖലയിൽ ജോലി നൽകി; ഫയർ സർവ്വീസിൽ 100 ഫയർ വുമൺ തസ്തികകൾ സൃഷ്ടിച്ചു; ഉയർന്ന നിരക്കിലുള്ള ക്ഷേമ പെൻഷനുകൾ മുടക്കം കൂടാതെ നൽകി. മിക്കവാറുമുള്ള തെളിയാത്ത കേസ്സുകളെല്ലാം തന്നെ തെളിയിച്ചു. സൈബർ തട്ടിപ്പ് കേസ്സിലെ പ്രതികളെ ആഫ്രിക്കൻ നാടുകളിൽപോയി അറസ്റ്റ് ചെയ്തു. ക്രമസമാധാനപാലനം, അഴിമതി

നിർമ്മാർജ്ജനം, ആരോഗ്യപരിപാലനം തുടങ്ങിയ രംഗങ്ങളിൽ തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്താണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വരെ കേരളത്തിന്റെ പേര് മുഴങ്ങി. അന്താരാഷ്ട്രരംഗത്ത് വികസ്വര കേരളത്തിന്റെ മുഖച്ഛായ തിളങ്ങി. പ്രകൃതി ദുരന്തങ്ങൾ മുതൽ പകർച്ചവ്യാധികൾവരെ നിശ്ചയദാർഢ്യത്തോടെ മറികടന്നത് ലോകത്തിന്റെ ആദരം പിടിച്ചുപറ്റി. കേന്ദ്ര സർക്കാർ വേണ്ടപോലെ സഹായിക്കാൻ കൂട്ടാക്കാതിരുന്ന പ്രകൃതി ദുരന്തത്തെ നാം അതിജീവിച്ചു. ഒറ്റവാചകത്തിൽ പറഞ്ഞാൽ മൂന്നേമുക്കാൽ വർഷങ്ങളിലുണ്ടായ നേട്ടങ്ങൾ അഭിമാനകരമാണ്. അതുകൊണ്ടുതന്നെ ഈ നന്ദി പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 1, 2 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. നന്ദി പ്രമേയത്തിൽ "ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന വാക്കുകൾക്കുപകരം "ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം പൗരത്വഭേദഗതി നിയമം സംബന്ധിച്ച കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തെ ചോദ്യം ചെയ്യാനും, ഇപ്രകാരം പ്രമേയം പാസ്സാക്കുന്നതിന് നിയമസഭയ്ക്ക് അധികാരമില്ലെന്ന് പരസ്യമായ നിലപാട് സ്വീകരിക്കാനും തയ്യാറായ ഗവർണറുടെ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു." ഇതാണ് എന്റെ ഭേദഗതി. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. എം. സി. കമറുദ്ദീൻ
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. വി. എസ്. ശിവകുമാർ

34. ശ്രീ. സണ്ണി ജോസഫ്

35. ശ്രീ. പി. ടി. തോമസ്

36. ശ്രീ. എം. ഉമ്മർ

37. ശ്രീ. എം. വിൻസെന്റ്

38. ശ്രീ. ടി. ജെ. വിനോദ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീ. കെ. ബി. ഗണേഷ് കുമാർ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ

17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. കെ. യു. ജനീഷ് കുമാർ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. എം. എം. മണി
27. ശ്രീ. മാണി സി. കാപ്പൻ
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. വി. കെ. പ്രശാന്ത്
40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

71. ശ്രീ. പി. തിലോത്തമൻ

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

| | | |
|---|---|---|
| <u>മി.സ്പീക്കർ</u>: അനുകൂലിക്കുന്നവർ | - | 38 |
| പ്രതികൂലിക്കുന്നവർ | - | 76 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 3, 4, 5 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 6, 7, 8, 9 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 10, 11, 12 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 13, 14 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 15, 16, 17 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 18, 19, 20 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 21, 22, 23 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 24, 25, 26 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 27, 28, 29 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 30, 31, 32 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 33, 34, 35 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 36, 37, 38 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 39, 40, 41 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 42, 43, 44 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 45, 46, 47, 48 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 49, 50, 51, 52 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. അനിൽ അക്കര അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 53, 54, 55, 56 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 57, 58, 59, 60, 61, 62, 63, 64, 65, 66, 67, 68, 69, 70, 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82, 83, 84, 85, 86, 87, 88, 89, 90, 91, 92, 93, 94, 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 106, 107, 108, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140, 141, 142, 143, 144, 145, 146, 147, 148, 149, 150, 151, 152, 153, 154, 155, 156, 157, 158 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 178, 179 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീ. കെ. ബി. ഗണേഷ് കുമാർ
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യൂ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. കെ. യു. ജനീഷ് കുമാർ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാണി സി. കാപ്പൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. വി. കെ. പ്രശാന്ത്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. ജെ. ജോസഫ്
18. ശ്രീ. എം. സി. കമറുദ്ദീൻ
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീമതി ഷാനിമോൾ ഉസ്മാൻ
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. പി. ടി. തോമസ്
37. ശ്രീ. പി. ഉബൈദുള്ള
38. ശ്രീ. എം. ഉമ്മർ
39. ശ്രീ. എം. വിൻസെന്റ്
40. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി മാസം 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.54-ന് പിരിഞ്ഞു.)

## അനുബന്ധം

5-2-2020-ലെ *62-ാം നമ്പർ നക്ഷത്രചിഹ്നമിട്ട

ചോദ്യത്തിന്റെ (എ) പിരിവിന്റെ ഉത്തരത്തിന്റെ വിശദാംശം

തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ വിവിധ പദ്ധതികൾ ക്ഷേമനിധി ബോർഡുകൾ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷനുകൾ വർദ്ധിപ്പിച്ചു. നിലവിൽ 1200 രൂപ ക്ഷേമനിധി പെൻഷനായി അനുവദിക്കുന്നു. ഓരോ ക്ഷേമനിധി ബോർഡിലും വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

(എ) എക്സ്ഗ്രേഷ്യ-ചികിത്സാ ധനസഹായം 5000 രൂപ വരെ എന്നത്, 10,000 രൂപ വരെ എന്നാക്കി വർദ്ധിപ്പിച്ചു.

(ബി) വിവാഹ ധനസഹായം 3000 രൂപ എന്നത്, 5000 രൂപയാക്കി വർദ്ധിപ്പിച്ചു. ജോലിയിലിരിക്കെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായം 5000 രൂപയിൽനിന്നും 25,000 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രസവാനുകൂല്യ ഇനത്തിൽ 15,000 രൂപ വരെ നൽകുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമിക്കപ്പെട്ട നിലവിലെ ബോർഡ് വിദ്യാഭ്യാസ ധനസഹായം 66% മുതൽ 138% വരെ വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. നിലവിൽ ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെയുള്ള വിദ്യാഭ്യാസത്തിന് പ്രതിവർഷം 500 രൂപ മുതൽ 5000 രൂപ വരെ നൽകിവരുന്നു.

(ഡി) ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ബോർഡ് വഴി സാമ്പത്തികതാങ്ങൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യവും നൽകിവരുന്നു.

(ഇ) 20 വർഷങ്ങൾക്ക് മുമ്പ് നിലവിൽവന്ന കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിലെ തൊഴിലാളി, തൊഴിലുടമ അംശദായം 3 രൂപ, 5 രൂപ എന്നത് യഥാക്രമം പത്ത് രൂപ, മുപ്പത് രൂപ എന്നീ നിരക്കുകളായി കാലാനുസൃതമായി സർക്കാർ വർദ്ധിപ്പിച്ചു.

## 2. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് പെൻഷൻ വിതരണം ചെയ്യുന്നതിനായി 36,55,44,940 രൂപയും സാമ്പത്തികതാങ്ങൽ പദ്ധതിക്കായി 20,38,37,250 രൂപയും പ്രസവ ധനസഹായം പ്രതിപൂരണ ഇനത്തിൽ സർക്കാർ വിഹിതമായി 99,12,000 രൂപയും തൊഴിലാളികളിൽനിന്നുള്ള അംശദായത്തിന് ആനുപാതികമായി മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 50,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. ബോർഡിൽ അംശദായം വർദ്ധിപ്പിച്ച് ആനുകൂല്യങ്ങൾ ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## 3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗമായ സെസ്സ് പിരിക്കുന്നതിനെതിരെ ആഭരണ നിർമ്മാണ മേഖലയിലെ പ്രധാനപ്പെട്ട തൊഴിലുടമാ സംഘടനകൾ ഉൾപ്പെടെ 325 പേർ കക്ഷികളായി 94 കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും ഈ കേസ്സുകൾ സെസ്സ് പിരിക്കുന്നത് സംബന്ധിച്ച നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് 2014-ൽ ഉത്തരവായിട്ടുള്ളതുമാണ്. ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലുടമാ സംഘടനകളുമായി ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി ക്ഷേമനിധി നിയമത്തിലെ 'ക്രയവിക്രയങ്ങളുടെ' എന്നതിനുപകരം 'ഉപഭോക്താവിലേയ്ക്കുള്ള അന്തിമ വിൽപ്പനയുടെ' എന്ന ഭേദഗതി വരുത്തുകയും '0.25%' എന്നതിനുപകരം '0.1%' ആയി സെസ്സ് കുറയ്ക്കുകയും ചെയ്യുന്നപക്ഷം സെസ്സ് അടയ്ക്കാമെന്ന്, തൊഴിലുടമകൾ സമ്മതിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിയമഭേദഗതി കൊണ്ടുവരികയും ആയത് 14-11-2019-ൽ നിയമസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സെസ്സ് പിരിവ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെസ്സ് പിരിവിലൂടെ ബോർഡിന്റെ വരുമാനം വർദ്ധിക്കുന്നതുവഴി ബോർഡ് കൂടുതൽ ശക്തിപ്പെടുകയും ബോർഡിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിനും സാധിക്കും.

## 4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡ് നടപ്പിലാക്കിയ കുടുംബ പെൻഷൻ പദ്ധതി 7/2017 മുതൽ നിലവിൽ വന്നു. ഈ പദ്ധതിയിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്നു.

എ. പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ഭാര്യ/ഭർത്താവിന് കുടുംബ പെൻഷൻ നൽകുന്ന പദ്ധതി.

ബി. വിരമിച്ചശേഷം മരണപ്പെട്ട പെൻഷൻകാരുടെ വിധവകൾക്കുള്ള ധനസഹായ പദ്ധതി.

സി. മരണപ്പെടുന്ന തൊഴിലാളികളുടെ വിധവകൾക്കുള്ള 'സാന്ത്വന' പദ്ധതി. ഏറ്റവും കൂടുതൽ സർവ്വീസുള്ള ചെത്ത് തൊഴിലാളിക്ക് ജില്ലാടിസ്ഥാനത്തിൽ ഒരാൾക്ക് 50,000 രൂപ പാരിതോഷികമായി നൽകുന്നു.

ഡി. സർവ്വീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി 2,00,000 രൂപ അനുവദിക്കുന്നു.

പെൻഷൻ പദ്ധതി - സർവ്വീസ് കാലയളവിനനുസരിച്ച് 2000 രൂപ മുതൽ 5000 രൂപ വരെ പെൻഷനായി അനുവദിക്കുന്നു.

അപകട ഇൻഷ്വറൻസ് പദ്ധതി- 1-7-2013 മുതൽ തൊഴിലാളികൾക്കുവേണ്ടി ബോർഡ് നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചതുപ്രകാരം തൊഴിലാളി മരണപ്പെടുകയോ പൂർണ്ണമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ ആറ് ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. കൂടാതെ ഭാഗികമായ അംഗവൈകല്യത്തിന് മൂന്ന് ലക്ഷം രൂപയും തൊഴിലുമായി ബന്ധപ്പെട്ട അപകടങ്ങൾക്കുള്ള ആശുപത്രി ചെലവുകൾക്ക് പരമാവധി 1,00,000 രൂപയും തൊഴിലാളിക്ക് ലഭിക്കും. കൂടാതെ അപകടത്തിലൂടെ ചികിത്സ ആവശ്യമായിവരുന്നവർക്ക് ആഴ്ചതോറും (പരമാവധി 102 ആഴ്ച) അഷ്വേർഡ് തുകയ്ക്ക് തുല്യമായ തുക വീതിച്ചുനൽകും.

5. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ 1-4-2019 മുതൽ ബാങ്ക് അക്കൗണ്ട് മുഖാന്തരം വിതരണം ചെയ്തുവരുന്നു. ബോർഡിന്റെ മിനിമം പെൻഷൻ 2000 രൂപയായും പരമാവധി 5000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാങ്ക് മുഖേനയും അക്ഷയ കേന്ദ്രങ്ങൾ വഴിയും തയ്യൽ തൊഴിലാളികൾക്ക് അംശദായം ഒടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടി 2-9-2018-ലെ സ.ഉ.(അച്ചടി)നമ്പർ 73/2018/തൊഴിൽ പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ വിവാഹാനുകൂല്യം 5000 രൂപയിൽനിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവാഹ വായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ വായ്പാ ധനസഹായങ്ങൾ ബോർഡ് തീരുമാനത്തിനും സർക്കാർ അംഗീകാരത്തിനും വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കുപുറമെ റിട്ടയർമെന്റാനുകൂല്യം, കുടുംബപെൻഷൻ, അവശത പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവയും പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നു.

7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

29-10-2019 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 49/19/തൊഴിൽ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗത്വമുള്ള തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കൂടുതൽ ആകർഷകമായ ആനുകൂല്യങ്ങൾ നൽകിവരുന്നു. 2,000 രൂപ മുതൽ 5,000 രൂപ വരെ പെൻഷനായി അനുവദിക്കുന്നുണ്ട്. തൊഴിലാളി പെൻഷന്റെ 50% തുക 10 വർഷത്തേയ്ക്ക് ഫാമിലി പെൻഷനായി അനുവദിക്കുന്നു. അപകടമരണാനന്തര ധനസഹായമായി 2,00,000 രൂപയും അപകട ചികിത്സാ ധനസഹായമായി 1,00,000 രൂപയും അനുവദിക്കുന്നു.

ആനുകൂല്യ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തീരുമാനം എടുത്ത ഡി.ബി.റ്റി (Direct Benifit Transfer) മുഖേന ആനുകൂല്യ തുക ഉടൻതന്നെ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തുവരുന്നു.

8. കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

2018 ജൂൺ മാസം മുതൽ കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് ചുവടെ ചേർക്കുന്ന തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

1. പെൻഷൻ - 10,93,43,933 രൂപ
2. പൂരകവേതനം - 2,45,41,510
3. പ്രസവാനുകൂല്യം- 2,61,000 രൂപ
4. വിവിധ തൊഴിൽ പദ്ധതികൾ 20 കോടി രൂപ

9. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് പെൻഷനായി ആകെ 53.45 കോടി രൂപ ബോർഡ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളിൽ ഭൂരിഭാഗവും വർദ്ധിപ്പിച്ചിട്ടുണ്ട്. അതീവഗുരുതരവും ദീർഘകാല ചികിത്സ ആവശ്യവുമായ രോഗങ്ങൾക്ക് 2,00,000 രൂപ 3-1-2018 മുതൽ നൽകിവരുന്നു. ബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് പെൻഷനായി 19.95 കോടി രൂപ സർക്കാർ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

10. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽനിന്ന് നൽകിവരുന്ന താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്:

1. പെൻഷൻ 1200 രൂപയാക്കി വർദ്ധിപ്പിച്ചു.
2. പെൻഷണറുടെ മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 3000 രൂപയാക്കി വർദ്ധിപ്പിച്ചു.
3. അംഗത്തൊഴിലാളികളുടെ മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 4,000 രൂപയാക്കി വർദ്ധിപ്പിച്ചു.
4. കണ്ണ് ഓപ്പറേഷൻ/ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ധനസഹായം 2,000 രൂപയിൽനിന്നും 4,000 രൂപയാക്കി വർദ്ധിപ്പിച്ചു.
5. സാധാരണ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു. ആദ്യത്തെ 5 ദിവസത്തേയ്ക്ക് നൽകിവന്നിരുന്ന പ്രതിദിന തുകയായ 400 രൂപയിൽനിന്നും 800 രൂപയായും തുടർന്നുള്ള ഓരോ ദിവസത്തിനും 70 രൂപയിൽനിന്നും 150 രൂപയായും വർദ്ധിപ്പിച്ചു.
6. അപകട ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു. (അപകട ചികിത്സാ ധനസഹായത്തിന് ആദ്യത്തെ 5 ദിവസത്തേയ്ക്ക് നൽകി വന്നിരുന്ന പ്രതിദിന തുകയായ 750 രൂപയിൽനിന്നും 1500 രൂപയാക്കിയും തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 200 രൂപ വീതം പരമാവധി 20,000 രൂപ വരെ)

7. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് തുക 3,000 രൂപയാക്കി വർദ്ധിപ്പിച്ചു.

8. മരണാനന്തര ധസഹായം 25,000 രൂപയിൽനിന്നും 50,000 രൂപയാക്കി വർദ്ധിപ്പിച്ചു.

9. അപകട മരണധനസഹായം 3,00,000 രൂപയിൽനിന്നും 4,00,000 രൂപയാക്കി വർദ്ധിപ്പിച്ചു.

10. അവശതാ പെൻഷൻ 1200 രൂപയാക്കി വർദ്ധിപ്പിച്ചു.

11. സാന്ത്വന ധനസഹായം 1,200 രൂപയാക്കി വർദ്ധിപ്പിച്ചു.

ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കാലതാമസം കൂടാതെ അംഗത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അദാലത്ത്, ആനുകൂല്യ മേളകൾ എന്നിവ നടത്തിവരുന്നു.

11. <u>കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</u>

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടി 2-9-2018-ലെ സ.ഉ.(അച്ചടി)നമ്പർ 73/2018/തൊഴിൽ പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ വിവാഹാനുകൂല്യം 5000 രൂപയിൽനിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവാഹ വായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ വായ്പാധനസഹായങ്ങൾ ബോർഡ് തീരുമാനത്തിനും സർക്കാർ അംഗീകാരത്തിനും വിധേയമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കുപുറമെ റിട്ടയർമെന്റാനുകൂല്യം, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവയും പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നു. ഈ ബോർഡ് നിലവിൽ വന്നതിനുശേഷം 15.28 കോടി രൂപ പെൻഷനായി അനുവദിച്ചിട്ടുണ്ട്.

12. <u>കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ തൊഴിലാളി തൊഴിലുടമ അംശദായ തുക പ്രതിവർഷം 90/90 ആയി വർദ്ധിപ്പിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വർദ്ധനവിന് ആനുപാതികമായി ബോർഡുവഴി തൊഴിലാളികൾക്ക് അനുവദിക്കുന്ന ടൂർ സബ്സിഡി വിദ്യാഭ്യാസാനുകൂല്യങ്ങൾ, മരണാനന്തര സഹായം തുടങ്ങിയവ നിലവിൽ നൽകുന്ന തുകയിൽനിന്ന് ഇരട്ടിയാക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

13. <u>കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2007-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കേരള പ്ലാന്റേഷൻ തൊഴിലാളി നിയമത്തിന്റെയും ഫാക്ടറി നിയമത്തിന്റെയും പരിധിയിൽ വരാത്ത എന്നാൽ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിൽനിന്നും അംഗങ്ങൾക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം ചികിത്സാ ധനസഹായം, മരണാനന്തര ചെലവ്, മരണാനന്തര സഹായം, അംശദായം തിരിച്ചുനൽകൽ എന്നീ 9 ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

മൂന്ന് വർഷം അംശദായം അടച്ച അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വനിത അംഗത്തിനും നൽകിവരുന്ന വിവാഹധനസഹായം ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 5,000 രൂപയിൽനിന്നും 7,500 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. ഇതുകൂടാതെ പുരുഷ അംഗത്തിനും 5,000 രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു. ഒരു വർഷം അംശദായം അടച്ച് അംഗത്വം പൂർത്തിയാക്കിയവരുടെ മക്കൾക്ക് പ്ലസ് വൺ മുതൽ പ്രൊഫഷണൽ/പോസ്റ്റ് ഗ്രാജുവേറ്റ് വരെയുള്ള കോഴ്സുകൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് പഠന കാലയളവിൽ നൽകിവരുന്നു. 3 വർഷം അംശദായം അടച്ച അംഗത്തിനും അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് മരണാനന്തര ചെലവിനായി 1000 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ തൊഴിലാളി വിഹിതമായി അടയ്ക്കുന്ന അംശദായ തുക 60 വയസ്സ് പൂർത്തിയാകുമ്പോൾ തിരികെ നൽകുന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. പദ്ധതിയിൽ അംശദായം അടച്ചു കൊണ്ടിരിക്കുന്ന ഒരംഗം മരണാനന്തരസഹായം ലഭിക്കാൻ അർഹതയില്ലാതെ മരണപ്പെട്ടാലും അംഗം സർക്കാർ/അർദ്ധസർക്കാർ

സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു പോയാലും നിധിയിൽനിന്നും മറ്റൊരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലെങ്കിൽ 60 വയസ്സുവരെ അടച്ച തൊഴിലാളി വിഹിതം തിരിച്ചുനൽകുന്നതിനുള്ള ഭേദഗതി നടപ്പിലാക്കിയിട്ടുണ്ട്.

പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച അംഗത്തിന് സ്ഥിരമായി ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാൽ അംഗത്തിന് അവശതാപെൻഷൻ നൽകിവരുന്നു.

14. <u>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u>

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിവാഹ ധനസഹായം 1,000 രൂപയിൽനിന്നും 5,000 രൂപയായും വിദ്യാഭ്യാസ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണത്തിനും വിഷുവിനും 2,000 രൂപയും 10 കിലോ അരിയും നൽകിവരുന്നു. പെൻഷൻ വിതരണത്തിനായി ബോർഡിന് 303.84 കോടി രൂപ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. ഭരണച്ചെലവിനും പെൻഷൻ ഇതര ആനുകൂല്യ വിതരണത്തിനുമായി 7,20,00,000 രൂപ അനുവദിച്ചു. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യയും അരി വിതരണത്തിനുമായി 32.77 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

15. <u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനെ ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായി നിന്നിരുന്ന അധിവർഷാനുകൂല്യം നൽകുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അനുവദിക്കുകയുണ്ടായി. ബോർഡിന്റെ വരുമാന മാർഗ്ഗങ്ങളായ അംശദായവിഹിതം നിലവിലുള്ള 5 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിക്കുകയും ഭൂവുടമാ വിഹിതം 20 ആർ-നു മുകളിലും 40 ആർ-നു ഇടയ്ക്കുമുള്ള ഓരോ ആർ-നും 50 പൈസ നിരക്കിലും 40 ആർ-നു മുകളിൽ ഓരോ ആർ-നും 1 രൂപ നിരക്കിലും ആക്കുകയും തൊഴിലാളി അടയ്ക്കുന്ന വിഹിതത്തിന്റെ 25% മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയും ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. ഇതുവഴി ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച്, തൊഴിലാളികൾക്ക് ഗുണകരമാക്കുവാനും കഴിയും.

16. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.

കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം തോട്ട വിളകൾക്ക് മതിയായ വില ലഭിക്കാത്തത് കാരണം കേരള ചെറുകിട തോട്ടം മേഖല പ്രതിസന്ധിയിലാണ്. പല തോട്ടവിളകളും ലാഭകരമല്ലാത്ത സാഹചര്യമാണുള്ളത്. റബ്ബർ ബോർഡിന്റെ കണക്കുകൾ പ്രകാരംതന്നെ ഏകദേശം 1,50,000 ഹെക്ടർ സ്ഥലത്തെ റബ്ബർ തോട്ടങ്ങൾ ലാഭകരമല്ലാത്തതിനാൽ ടാപ്പ് ചെയ്യാതിരിക്കുന്ന അവസ്ഥയിലാണുള്ളത്. ഇതുമൂലം ചെറുകിട തോട്ടം മേഖലയിലെ റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതെവരുന്നു. തന്മൂലം ഈ തൊഴിലാളികൾ മറ്റ് തൊഴിൽ തേടി പോകുന്ന അവസ്ഥയാണ്. ഈ സാഹചര്യം തരണം ചെയ്യുന്നതിനുവേണ്ടി ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് റബ്ബർ ബോർഡുമായി സഹകരിച്ച് ഒരു പദ്ധതി ആവിഷ്കരിക്കുകയും കൂടുതൽ തൊഴിലാളികളെ ടാപ്പിംഗ് മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നു. പ്രസ്തുത പദ്ധതി തൊഴിലും നൈപുണ്യവും (ഇ) വകുപ്പിന്റെ ഇ(2)259/2019-എൽ.ബി.ആർ.ഡി നമ്പർ പ്രകാരം 24-1-2020-ന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഏലം, കാപ്പി, എന്നീ ചെറുകിട തോട്ടം മേഖലയിലെ കൂടുതൽ തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.